# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 7, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

67/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..101

**II. വ്യക്തിപരമായ വിശദീകരണം**

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും
—വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) ..428

**III. ക്രമപ്രശ്നം**

പൊതുകടം വർദ്ധിച്ചത് സംബന്ധിച്ച്
—പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..429

**IV അടിയന്തരപ്രമേയം**

ദേശീയപാത 66-ന്റെ സ്ഥലമെടുപ്പ്

(അവതരണാനുമതി നിഷേധിച്ചു) ..430

**V ശ്രദ്ധ ക്ഷണിക്കൽ**

(1) പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്
—ശ്രീ. സി. കെ. നാണു ..449

(2) സമഗ്ര വികസന പാക്കേജ്
—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ..451

**VI സബ്മിഷൻ**

(1) യൂണിവേഴ്സിറ്റി ജീവനക്കാർക്കെതിരെയുള്ള നടപടി
—പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..454

(2) സി.സി.ടി.വി. ക്യാമറകളുടെ വൈദ്യുതി ബിൽ
—ശ്രീ. വി. ജോയി ..455

പേജ്

(3) സെനറ്റ് തെരഞ്ഞെടുപ്പിലെ സംഘർഷം
—ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ..456

(4) താലൂക്കാശുപത്രിയുടെ പ്രവർത്തനം
—ശ്രീ. ടി. വി. ഇബ്രാഹിം ..457

(5) അപ്രോച്ച് റോഡിന് സ്ഥലമെടുക്കൽ
—ശ്രീ. സി. മമ്മൂട്ടി ..459

(6) തടയണ നിർമ്മാണം
—ശ്രീ. പി. ഉണ്ണി ..461

(7) കുടിവെള്ള പദ്ധതികൾ
—ശ്രീ. കെ. എസ്. ശബരീനാഥൻ ..462

(8) കലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കൽ
-ശ്രീ. പുരുഷൻ കടലുണ്ടി ..464

(9) ആദിവാസി പുനരുദ്ധാരണ പദ്ധതികൾ
—ശ്രീ. ഇ. കെ. വിജയൻ ..466

(10) തീരദേശ ഹൈവേ
—ശ്രീ. കെ. ആൻസലൻ ..468

(11) സഞ്ചയ സോഫ്റ്റ്‌വെയറിലെ പിഴവുകൾ
—ശ്രീ. കെ. എൻ. എ. ഖാദർ ..469

(12) തൊഴിൽ ചൂഷണം
—ശ്രീ. പി. കെ. ശശി ..472

(13) പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ
—ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..473

(14) കൺവെയൻസ് അലവൻസ് അനുവദിക്കൽ
—ശ്രീ. എ. എം. ആരിഫ് ..474

(15) ഫിഷിംഗ് ഹാർബർ
—ശ്രീ. എ. പ്രദീപ്കുമാർ ..475

പേജ്

**VII. റിപ്പോർട്ടുകളുടെ സമർപ്പണം** ..476

**VIII. ക്രമപ്രശ്നം**

(1) വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയിൽ വിതരണം ചെയ്യാത്തത്

—ശ്രീ. കെ. സി. ജോസഫ് ..477

(2) രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം

—ശ്രീ. എം. ഉമ്മർ ..479

**റൂളിംഗ്** ..480

**IX. ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും ..483

**അനുബന്ധം** ..573

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2019 ഫെബ്രുവരി 7, വ്യാഴം*

വാല്യം 175] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2019 ഫെബ്രുവരി മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *181.

### ചെലവ് നിയന്ത്രിക്കാനായി നടത്തുന്ന ഇടപെടലുകൾ

1 (*181) ശ്രീ. പി. കെ. ശശി :

ശ്രീ. എസ്. ശർമ്മ :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ചെലവ് വർദ്ധനവിന്റെ നിരക്ക് റവന്യൂ വർദ്ധനവിന്റെ നിരക്കിനെ അധികരിച്ചിട്ടുണ്ടോ; എങ്കിൽ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതെ സർക്കാർ ചെലവ് നിയന്ത്രിക്കാനായി നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ജി. എസ്. ടി. രജിസ്ട്രേഷൻ എടുക്കേണ്ട വിറ്റുവരവ് പരിധി 40 ലക്ഷം വരെ സംസ്ഥാനങ്ങൾക്ക് ഇഷ്ടാനുസരണം ഉയർത്താമെന്ന ജി.എസ്.ടി. കൗൺസിൽ തീരുമാനം അന്തർ സംസ്ഥാന വ്യാപാരത്തെയും ഐ.ജി.എസ്.ടി. സംസ്ഥാന വിഹിതത്തെയും എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും മൂലധന നിക്ഷേപം വർദ്ധിപ്പിച്ച് സമ്പദ് വ്യവസ്ഥയെ ഊർജ്ജസ്വലമാക്കുന്നതിന് കിഫ്ബി വഴിയുള്ള പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, (എ) 2006-2007 മുതൽ 2010-2011 വരെയുള്ള കാലയളവിൽ വരുമാനം ഗണ്യമായി ഉയർത്തി കമ്മി കുറയ്ക്കുവാൻ സാധിച്ചിരുന്നു. എന്നാൽ 2013-2014 മുതൽ സംസ്ഥാനത്തിന്റെ നികുതി വരുമാന വളർച്ച 10-12 ശതമാനമായി ഇടിഞ്ഞു. ടി അവസ്ഥയിൽ നിന്നും 2006-2007-ൽ തുടങ്ങിയ ധനദൃഢീകരണ പാതയിലേയ്ക്ക് സംസ്ഥാനത്തെ തിരിച്ച് കൊണ്ടുവരുവാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2018 നവംബർ 30 വരെയുള്ള കാലയളവിലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിലും റവന്യൂ ചെലവിലും മുൻ വർഷത്തെ അതേ കാലയളവിനെ അപേക്ഷിച്ചുള്ള വർദ്ധനവ് യഥാക്രമം 15.28, 13.73 ശതമാനമാണ്. അഴിമതിയുടെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷ പാതത്തിന്റെയും വികലമായ മദ്യനയത്തിന്റെയും ഫലമായി റവന്യൂ വരുമാനം കുത്തനെ ഇടിവ് രേഖപ്പെടുത്തിപ്പോന്നിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റത്. കൂടാതെ കേന്ദ്ര സർക്കാർ നോട്ട് നിരോധനം ഏർപ്പെടുത്തിയതും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിക്ക് കനത്ത ആഘാതമേൽപ്പിച്ചു. എന്നിട്ടും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ നൽകുവാനും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് യാതൊരു ഭംഗവും കൂടാതെ നിർവ്വഹിക്കുവാനും സാധിച്ചു. പരിമിതമായ ടി സാഹചര്യത്തിലും റവന്യൂ ചെലവിനെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിലെ ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കുവാൻ സാധിച്ചത് സർക്കാരിന്റെ ആത്മാർത്ഥതയുടെയും പ്രായോഗികമായ നിതാന്ത പരിശ്രമത്തിന്റെയും ഫലമായാണ്.

നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ്

സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതേസമയം, പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പുവർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു.

(ബി) അന്തർ സംസ്ഥാന വില്പന നടത്തുന്നവർക്ക് വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷൻ നിർബന്ധമാണ്. ആയതിനാൽ പ്രസ്തുത തീരുമാനം സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതത്തെ പ്രതികൂലമായി ബാധിക്കുകയില്ല. എന്നാൽ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികൾക്കും അന്യസംസ്ഥാനങ്ങളിൽനിന്നും ഉപഭോക്താക്കളെപ്പോലെ സാധനങ്ങൾ വാങ്ങുന്നതിന് നിയമ തടസ്സമില്ല. ചരക്കുകളുടെ വാങ്ങൽ വില അമ്പതിനായിരം രൂപയിൽ അധികരിക്കുകയാണെങ്കിൽ പ്രസ്തുത ചരക്കുകളുടെ ട്രാൻസ്പോർട്ടേഷന് ഇ-വേ ബിൽ നിർബന്ധമാണ്. കൂടാതെ, ജി.എസ്.ടി. നിയമപ്രകാരം ഏത് സംസ്ഥാനത്തിൽനിന്ന് ചരക്കുകൾ വാങ്ങിയാലും ഉപഭോഗം നടക്കുന്ന സംസ്ഥാനം കേരളമാണെങ്കിൽ പ്രസ്തുത ഐ.ജി.എസ്.ടി. ക്രെഡിറ്റ് സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. ഇക്കാരണത്താൽ സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്ന ചരക്കുകളുടെ ബില്ലിൽ വിതരണ സ്ഥലം കേരളം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇന്റലിജൻസ് പരിശോധന നടത്തി ഇതുമൂലം സംഭവിക്കാനിടയുള്ള നികുതി നഷ്ടം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബഡ്ജറ്റിന് പുറമെ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം വഴി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ മേഖലയിൽ 5 വർഷം കൊണ്ട് 54,000 കോടി രൂപയുടെ വികസനമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ കിഫ്ബി വഴിയാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 41,325.91 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് 'കിഫ്ബി' ഇതിനോടകം നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. ഈ

പദ്ധതികളുടെ പുരോഗതി നിരന്തരമായി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത വികസന ലക്ഷ്യത്തിന്റെ ഭാഗമായ പദ്ധതികളുടെ അംഗീകാരം, നിർവ്വഹണം മുതലായവ കിഫ്ബി-യും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുമായി നടത്തി വരുന്ന പ്രതിമാസ അവലോകന യോഗങ്ങൾ വഴി വിലയിരുത്തി വരുന്നു. ഇതിന്റെ തുടർച്ചയായി കിഫ്ബി ഏർപ്പെടുത്തിയിട്ടുള്ള നൂതന സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും പദ്ധതി നിർവ്വഹണം തടസ്സരഹിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും നിർവ്വഹണ ഏജൻസികൾക്ക് കിഫ്ബിവഴി നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുവാൻ പ്രത്യേക താൽക്കാലിക സ്ഥലമെടുപ്പ് യൂണിറ്റുകൾ ആരംഭിക്കുവാനുള്ള നടപടികളും പുരോഗമിക്കുന്നു. ആവശ്യമായ ഘട്ടങ്ങളിൽ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുമായി കൂടിയാലോചനകൾ നടത്തിവരുന്നുണ്ട്. ടി പ്രക്രിയയുടെ ഫലമായി കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ശശി : സർ, ജി. എസ്. ടി. നടപ്പിലാക്കുമ്പോൾ കൺസ്യൂമർ സംസ്ഥാനങ്ങൾക്ക് വലിയ ഗുണം ലഭിക്കുമെന്നായിരുന്നു പ്രചരണം. എന്നാൽ സംസ്ഥാനത്തിന് പ്രതീക്ഷിച്ച നേട്ടം ഇതുമൂലമുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ പ്രധാനപ്പെട്ട കാരണം വ്യാജ ബില്ലുപയോഗിച്ച് നികുതി വെട്ടിപ്പ് നടത്തുന്നതാണോ; നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; മിന്നൽ പരിശോധനകൾ കാര്യക്ഷമമാക്കാൻ കൂടുതൽ പരിശോധനാ സ്ക്വാഡുകളെ നിയമിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. നമ്മുടെ നികുതി വരുമാനം പ്രതീക്ഷിച്ചതുപോലെ വർദ്ധിക്കാതിരിക്കുന്നതിന് പ്രധാനപ്പെട്ട കാരണം, അന്തർ സംസ്ഥാന വ്യാപാരത്തിൽ വലിയ നികുതി ചോർച്ച നടന്നു വരുന്നതിനാലാണ്. ഇ-വേ ബിൽ വളരെ നിർബന്ധിതമാണെങ്കിലും അതുണ്ടോയെന്ന് നമ്മൾ പരിശോധിക്കുന്നില്ല. ഇ-വേ ബിൽ ഉണ്ടെങ്കിൽത്തന്നെ അതിന് അണ്ടർ വാല്യേഷൻ ഉണ്ടോയെന്ന് നോക്കുന്നതിന് സംവിധാനമില്ലാത്തതിനാൽ അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്ന്, കേരളത്തിലേയ്ക്ക് വരുന്ന എല്ലാ വാഹനങ്ങൾക്കും ഇ-വേ ബിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനാ സംവിധാനം എൻട്രി പോയിന്റുകളിലുണ്ടാകണം. രണ്ട്, താമസംവിനാ റാപ്പിഡ് നമ്പർ വായിച്ച് മോണിറ്റർ ചെയ്യുന്നതിനുള്ള നിരീക്ഷണ സംവിധാനങ്ങൾ റോഡിലുണ്ടാകും. അത്

നമ്മുടെ മോട്ടോർ വാഹന നികുതി വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യാൻ E-SAP-ന്റെ ഭാഗമായി കേരളത്തിലുടനീളം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നുണ്ട്. മൂന്ന്, കൂടുതൽ സ്ക്വാഡുകളെ നിയമിച്ച് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നാല്, ടെസ്റ്റ് പർച്ചേസ് നടത്തുന്നതിന് ബഡ്ജറ്റിൽ സീക്രട്ട് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ശശി : സർ, കഴിഞ്ഞ സെപ്റ്റംബർ മാസം പത്ര മാദ്ധ്യമങ്ങളിൽ 'കിഫ്ബി'-യുടെ ബോണ്ടുകൾ ആഗോളതലത്തിൽ ഇറക്കുവാൻ പദ്ധതികളുണ്ട് എന്നൊരു വാർത്ത വന്നിരുന്നു. പ്രത്യേകിച്ച് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളുടെ വലിയ അംഗീകാരവും 'കിഫ്ബി'-ക്ക് ലഭിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്തിന് ഇത്രയും മികച്ച അന്താരാഷ്ട്ര റേറ്റിംഗ് കിട്ടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗോളതലത്തിൽ ബോണ്ടുകൾ ഇറക്കുവാൻ എന്തെങ്കിലും ആലോചനയോ പരിശ്രമമോ നടത്തിയിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നമ്മുടെ ബോണ്ടുകൾ ആദ്യമായി ഇറക്കുന്നതിനുള്ള റോഡ് ഷോയെല്ലാം പൂർത്തിയാക്കി കഴിഞ്ഞു. ഒരു മാസത്തിനുള്ളിൽ ഇറക്കിയ മസാല ബോണ്ടുകൾ ക്ലോസ് ചെയ്യാൻ പോകുകയാണ്. അത് വിജയകരമായി സബ്സ്ക്രൈബ് ചെയ്യപ്പെട്ടു. അതുപോലെ തന്നെ 'കിഫ്ബി' ബോണ്ടുകളിൽ നിക്ഷേപിക്കുന്നതിനുവേണ്ടി 'sovereign wealth funds' പലതും അപ്രോച്ച് ചെയ്യുന്നുണ്ട്. പക്ഷെ അതിനെ ക്രമീകരിച്ച് നമ്മുടെ ആവശ്യത്തിന് വായ്പയെടുത്താൽ മതി എന്നാക്കിയിട്ടുണ്ട്. അടുത്ത വർഷം നമുക്ക് പതിനായിരം കോടി രൂപ മതിയെങ്കിൽ അതിനപ്പുറത്തേയ്ക്ക് വായ്പയെടുക്കുന്നത് അഭികാമ്യമായ കാര്യമല്ല. നമ്മുടെ ചെലവുകൾ വേണ്ട വിധത്തിൽ പുരോഗമിക്കാത്തതുകൊണ്ടാണ് സാവധാനമാക്കിയിട്ടുള്ളത്. വിദേശത്തുനിന്നും ബോണ്ടിറക്കി പണം സമാഹരിക്കുന്നതിന് പ്രയാസങ്ങൾ ഉണ്ടാകില്ലെന്ന് കരുതുന്നു.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. സജി ചെറിയാൻ : സർ, ഏതാണ്ട് 41,000 കോടി രൂപയുടെ പദ്ധതികൾക്ക് 'കിഫ്ബി' വഴി അംഗീകാരം കൊടുത്ത് അതിവിപുലമായ വികസനത്തിലേയ്ക്ക് നമ്മൾ നീങ്ങുകയാണ്. 54,000 കോടി രൂപയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഏകദേശം എത്ര വർഷം കൊണ്ട് ഇത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? നാം വാങ്ങുന്ന പണത്തിന് പലിശ കൊടുക്കേണ്ടതുണ്ടോ? മുടക്കുമുതലിന്റെ ഭാഗമായുള്ള വികസനപദ്ധതികൾ കേരളത്തിലെമ്പാടും വ്യാപകമായി വരാൻപോകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന് വലിയ

നേട്ടമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ വിപുലമായ പ്രവൃത്തികളുടെ ഓരോ റിവ്യൂവിലും സ്റ്റേറ്റിനുണ്ടാകുന്ന നേട്ടങ്ങൾ സാമ്പത്തികവും അസറ്റ് ക്രിയേഷനുംകൂടി വിശദമായ രീതിയിൽ ജനങ്ങൾക്ക് മനസ്സിലാകുന്ന രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളെപ്പറ്റി ആലോചിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതികൾ ഒരു വർഷം കൊണ്ടോ രണ്ട് വർഷം കൊണ്ടോ നടപ്പാക്കുന്നതല്ല, ചുരുങ്ങിയത് അഞ്ചോ ഏഴോ വർഷം വേണ്ടിവരും. അതുകൊണ്ടാണ് up front load ചെയ്തത്. ഈ സർക്കാരിന്റെ ആദ്യ രണ്ട് വർഷങ്ങളിലാണ് ഈ മുഴുവൻ പദ്ധതികളും പ്രഖ്യാപിച്ചത്. അതിൽ നല്ലൊരു പങ്കും ഈ സർക്കാരിന്റെ കാലത്തുതന്നെ തീർക്കാനാണ് താൽപര്യം. അടുത്ത വർഷം പതിനായിരം കോടി രൂപയുടെയും അതിനടുത്ത വർഷം ഇരുപതിനായിരം കോടി രൂപയുടെയും പദ്ധതികളും ബാക്കി പകുതിയോളം വരുന്ന തുക അതിനുശേഷമുള്ള വർഷങ്ങളിലുമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ എല്ലാ മാസവും 'കിഫ്ബി'-യുടെ പ്രധാനപ്പെട്ട പുതിയ പ്രോജക്ടുകളെക്കുറിച്ചും പുരോഗതിയെക്കുറിച്ചും ന്യൂസ്‌ലെറ്റർ ഇറങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കെല്ലാം അത് ലഭ്യമാകുന്നുണ്ടെന്ന് കരുതുന്നു. ഏതായാലും ഇവിടെ മെമ്പർ ചോദിച്ചതുപോലെ ജനങ്ങളിലേയ്ക്ക് ഈ കാര്യങ്ങൾ എത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഒരു ന്യൂസ്‌ലെറ്ററിന്റെ പതിപ്പ് മലയാളത്തിലും ഇറക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി (ശ്രീ. എ. എൻ. ഷംസീർ) : സർ, ചെലവ് നിയന്ത്രിക്കാൻ നല്ല രീതിയിലുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രഥമദൃഷ്ട്യാ നമുക്ക് ധൂർത്ത് നിയന്ത്രിക്കാൻ കഴിയും. പക്ഷെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ചില ആനുകൂല്യങ്ങൾ എടുത്തുമാറ്റുമ്പോൾ ചില പ്രയാസങ്ങൾ സൃഷ്ടിക്കപ്പെടും. ഏറ്റവും കൂടുതൽ അൺ-അക്കൗണ്ടഡ് ബിസിനസ്സും നികുതിചോർച്ചയും നടക്കുന്നത് ഗോൾഡ് സെക്ടറിലും കോഴി വ്യാപാരത്തിലുമാണ്. ഇത് കണ്ടുപിടിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കാനും നികുതി ചോർച്ച തടയുന്നതിനും ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, കോഴിയുടെമേൽ നികുതിയില്ല, അതുകൊണ്ട് കോഴിയെ നമുക്ക് ഒഴിവാക്കാം. എന്നാൽ സ്വർണ്ണത്തിന്റെ കാര്യത്തിൽ അങ്ങ് പറഞ്ഞത് ശരിയാണ്. അതിനെപ്പറ്റി സ്വർണ്ണ വ്യാപാരികളും ഇപ്പോൾ പറയുന്നുണ്ട്. കാരണം, ഒരു സമാന്തര വിൽപ്പന സമ്പ്രദായം നിലവിൽ വന്നിരിക്കുകയാണ്. അതിനുള്ള പഴുത് കൊടുത്തിരിക്കുന്നത് സ്വർണ്ണം ഒരു

സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ വേണ്ടായെന്നുള്ളതാണ്. ഒരാൾക്ക് ബംഗ്ലൂരുവിൽ ഒരു കടയുണ്ടെങ്കിൽ ആ കടയുടെ പേരിൽ കുറച്ച് സ്വർണ്ണം ബാഗിൽ ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നതിന് പ്രശ്നമൊന്നുമില്ല. അയാളെ തടഞ്ഞുനിർത്തി രേഖ എവിടെയെന്ന് ചോദിക്കുന്നതിന് നമുക്കവകാശമില്ല. കാരണം ഇ-വേ ബില്ലിന്റെ ആവശ്യമില്ല. യഥാർത്ഥത്തിൽ ഒരു സമാന്തര വിൽപ്പന സമ്പ്രദായം സ്വർണ്ണത്തിനുമേൽ കൊണ്ടുവരുന്നതിന് പഴുത് നൽകിക്കൊണ്ടുള്ള വ്യവസ്ഥയാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ കേരളം മാത്രമാണ് എതിർത്തത്. നമ്മളെ അവഗണിച്ചുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് പോയത്. നമ്മൾ ഈ പ്രശ്നം വീണ്ടും ഉന്നയിക്കും. ഇവിടത്തെ വ്യവസ്ഥാപിത സ്വർണ്ണ വ്യാപാരികളും ഇത് നിർത്തലാക്കാൻ ശക്തമായി ഇടപെടണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, അഴിമതിയും പാഴ്ച്ചെലവുകളും ഒഴിവാക്കുന്നതിനുള്ള ശക്തമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ജി.എസ്.ടി.-യുടെ രജിസ്ട്രേഷൻ പരിധി 40 ലക്ഷം രൂപയായി ഉയർത്തിയത് നല്ല കാര്യമാണ്. അതിന് താഴെയുള്ള വ്യാപാരികൾക്ക് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാന അതിർത്തിയിലുള്ള ഒരു മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളാണ് ഞാൻ. തമിഴ്നാട്ടിൽ നിന്നും മറ്റും വരുന്ന വലിയ ചരക്കുലോറികൾ പലതും പ്രധാന ചെക്ക് പോസ്റ്റ് ആയ അമരവിള വഴി വരുന്നില്ല. പലതും ഇടറോഡുകൾ വഴി വന്ന് ചെറിയ ചെറിയ ചെക്ക് പോസ്റ്റുകളിൽ കാശുകൊടുത്ത് പോകുകയാണ് ചെയ്യുന്നത്. ഇതിനെ നിയന്ത്രിക്കുന്നതിനും ഈ പ്രവർത്തനങ്ങളിൽ ശക്തമായി ഇടപെടുന്നതിനും അങ്ങ് ശ്രമിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇനിമുതൽ എക്സൈസ് ചെക്ക് പോസ്റ്റുകളിലെല്ലാം കൊമേഴ്സ്യൽ ടാക്സ് ഉദ്യോഗസ്ഥരുമുണ്ടാകുന്നതുകൊണ്ട് അവിടെ പരിശോധനയുണ്ടാകും. In principle, ജി.എസ്.ടി. നികുതിവലയം പരമാവധി ഒഴിവാക്കാൻ നികുതി നിരക്ക് കുറയ്ക്കുകയെന്നുള്ളതാണ് ശരിയായ കാര്യം. ഇതിങ്ങനെ ഉയർത്തിക്കൊണ്ടിരുന്നാൽ ജി.എസ്.ടി. ടയൽ ഉണ്ടാകില്ല. പക്ഷേ ഇതുയർത്തണമെന്നുള്ളത് വളരെ populous ആയിട്ടുള്ള ഡിമാന്റാണ്. ഇലക്ഷനൊക്കെ വരുന്നതിന്റെ പശ്ചാത്തലത്തിൽ ഇപ്പോഴത് 40 ലക്ഷമായി ഉയർത്തി. വ്യാപാരികളുടെ ഹിതത്തിനെതിരായി നീങ്ങാൻ സർക്കാരിന് ഉദ്ദേശ്യമില്ല. 40 ലക്ഷം രൂപ വരെ രജിസ്ട്രേഷൻ വേണ്ട. പക്ഷേ രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന്, രജിസ്ട്രേഷൻ ഇല്ലെങ്കിൽ നിങ്ങൾ വാങ്ങിയതിനുള്ള ഇൻപുട്ട് ക്രെഡിറ്റ് കിട്ടില്ല. പുറത്തുനിന്ന് വാങ്ങുമ്പോൾ അവിടെ കൊടുക്കുന്ന നികുതിയുടെ ക്രെഡിറ്റ്

ഇവിടെ കിട്ടില്ല. രണ്ടാമത്തേത്, നിങ്ങൾക്ക് സംഘടിത മേഖലയിൽ വിൽക്കാൻ സാധിക്കില്ല. രജിസ്ട്രേഷൻ ഇല്ലെങ്കിൽ നിങ്ങൾ കൊടുത്ത നികുതി നിങ്ങളിൽ നിന്ന് ഞാൻ വാങ്ങുമ്പോൾ നികുതിയുടെ ക്രെഡിറ്റ് എനിക്ക് കിട്ടില്ല. അതുകൊണ്ട് 40 ലക്ഷം രൂപവരെ ഒഴിവാണെന്ന് പറഞ്ഞാലും യഥാർത്ഥത്തിൽ ഇക്കാര്യം മനസ്സിലാക്കുന്നവരിൽ മഹാഭൂരിപക്ഷം പേരും രജിസ്ട്രേഷനിൽ തുടരും. അല്ലെങ്കിൽ നാളെ പ്രായോഗികമായി തിരിച്ചുവരും. ഇങ്ങനെയൊരു സ്ഥിതിവിശേഷം കൂടിയുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ അരാജകത്വവും വമ്പിച്ച തകർച്ചയുമാണുണ്ടായിരിക്കുന്നത്. പൊതുകടം 10 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. വേണ്ടത്ര നികുതി പിരിവ് നടത്താൻ കഴിഞ്ഞില്ലെന്നുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയുണ്ടായി. 24,000 കോടി രൂപയുടെ നികുതി പിരിവ് ഇപ്പോഴും നടത്താനുണ്ട്. നികുതി വരുമാന വർദ്ധനവിന് തടസ്സമായി നിന്നത് കെടുകാര്യസ്ഥതയും അഴിമതിയുമാണെന്ന് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങ് പറഞ്ഞിരുന്നു. ഇപ്പോഴും അതുകൊണ്ടുതന്നെയാണോ ഈ സ്ഥിതിയുണ്ടാകുന്നത്? ഒരു prudent economic situation നിലനിർത്താൻ പൊതുകടം കുറച്ചുകൊണ്ട് വരിക, അതോടൊപ്പംതന്നെ ചെലവ് കുറയ്ക്കുക, വരുമാനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഒരു ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അങ്ങേയ്ക്ക് ഇത് കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പറയുന്നത്. വരുമാന വർദ്ധനവിനുവേണ്ടി എടുക്കുന്ന നടപടികൾ ഫലപ്രദമാകുന്നില്ലെന്നുള്ളതാണ് കഴിഞ്ഞ നാല് ബഡ്ജറ്റിലൂടെ ചൂണ്ടിക്കാണിക്കപ്പെടുന്നത്. സംസ്ഥാനത്തിന്റെ പൊതുകടം കുറച്ചുകൊണ്ട് വരാനും സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിനുവേണ്ടി സ്വീകരിച്ച നടപടികൾ പരാജയപ്പെട്ടതിന്റെ കാരണവും എന്താണെന്ന് വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്നലെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ കണക്ക് പറഞ്ഞപ്പോൾ അപ്പോൾത്തന്നെ അത് തിരുത്തണമെന്ന് ഞാൻ വിചാരിച്ചതായിരുന്നു. So absurd the figure. അതുകൊണ്ട് ഞാൻ വിട്ടുകളഞ്ഞതാണ്. 10 ശതമാനം ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ കൂടിയെന്ന് ഇന്നലെയും കണക്കുവച്ച് പറഞ്ഞു. എന്തൊരു അസംബന്ധമാണ്. I am challenging you on the floor of the House to prove that. ഒരു ശതമാനം, രണ്ട് ശതമാനം എന്നിങ്ങനെ ആകാം. അല്ലാതെ അങ്ങ് പറഞ്ഞതുപോലെ ഇരുപത്തിയെട്ടും മുപ്പത്തിയെട്ടുമായൊക്കെ ഉയരാൻ സാധിക്കില്ല. കണക്കു പറയുന്നതിൽ അടിസ്ഥാനം വേണ്ടേ; ഇതുസംബന്ധിച്ചുള്ള വസ്തുതകളും

കണക്കും ഞാൻ സഭയിൽ ഒരു നോട്ടായി സമർപ്പിക്കാം. ആളുകളെ വിരട്ടാൻവേണ്ടി ഒരു കണക്ക് പ്രഖ്യാപിക്കുകയെന്നത് ശരിയല്ല. അങ്ങ് പറഞ്ഞതിൽ ഒരു ശരിയുണ്ട്. ഈ മൂന്നാം വർഷം കഴിയുമ്പോഴും വിചാരിച്ച ധനദൃഢീകരണ പാതയിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. കാരണം, വരുമാനം കൂടാത്തതാണ്. അതിന്റെ കാരണം ബഡ്ജറ്റ് പ്രസംഗത്തിലും അതിനുശേഷവും ഞാൻ പറഞ്ഞു. ഇനി അങ്ങ് പറഞ്ഞതുപോലുള്ള – എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അതുൾക്കൊണ്ട് നികുതിവരവ് ഊർജ്ജിതപ്പെടുത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

കടം കുറയ്ക്കാൻ ഉദ്ദേശ്യമില്ല. എന്തെന്നാൽ, സമ്പദ്ഘടന കൂടുതൽ വേഗത്തിൽ വളർത്തി കടത്തെ മറികടക്കുകയെന്നുള്ളതാണ് തന്ത്രം. You grow out of debt. അമേരിക്കയുടെ കടഭാരം ഇന്ത്യയേക്കാൾ എത്രയോ കൂടുതലാണ്. എന്നാൽ അമേരിക്ക പാപ്പരാണോ; കടം സുസ്ഥിരമാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിനും നിർണ്ണയിക്കുന്നതിനും സാമ്പത്തിക ശാസ്ത്രത്തിൽ അതിന്റേതായ പദ്ധതികളുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം ഇന്നും നമ്മുടെ പലിശ നിരക്കിനേക്കാൾ കൂടുതൽ വേഗതയിൽ വളരുന്ന സംസ്ഥാനമാണ്. അതുകൊണ്ട് കേരളത്തിന്റെ കടം ഇന്നും സുസ്ഥിരമാണ്. അതേസമയം ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ വർദ്ധിപ്പിക്കുന്നതിന് സർക്കാരിന് ആഗ്രഹമില്ല. കഴിഞ്ഞ രണ്ടുവർഷം കൂടാൻ കാരണമെന്താണ്; നമ്മുടെ ജി.ഡി.പി. ഗ്രോത്ത് റേറ്റ് കുറഞ്ഞിട്ടുണ്ട്. ആദ്യമായി അഖിലേന്ത്യാ ശരാശരിയുടെ താഴേയ്ക്ക് പോയതുകൊണ്ട് ഈ റേഷ്യോ കൂടി. നമ്മളിനി മടിച്ച് നിൽക്കുകയില്ല. കടം വാങ്ങിയിട്ടാണെങ്കിലും നിക്ഷേപം വർദ്ധിപ്പിച്ച് നമ്മുടെ സാമ്പത്തിക വളർച്ചയുടെ വേഗത കൂട്ടുക, അതിന്റെ ഫലമായി ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ കുറയ്ക്കുക, കടം സുസ്ഥിരമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അണ്ടർവാല്യു ഇൻവോയ്സിംഗ് പരിശോധിക്കണമെന്നുണ്ടെങ്കിൽ ടെസ്റ്റ് പർച്ചേസല്ലാതെ വേറെ വഴിയില്ല. അവിടെ പരിശോധന, അല്ലെങ്കിൽ മറ്റ് രീതിയിൽ നമ്പർപ്ലേറ്റ് ചെക്കിംഗ്, സ്ക്രീനിംഗ് എന്നിവയൊന്നും നടക്കുന്നില്ല. അവ നമ്മുടെ നാട്ടിലൊക്കെ നടത്തണമെങ്കിൽ വളരെ പ്രയാസമുണ്ടാകും. വരുമാനം വർദ്ധിക്കുന്നതിനനുസരിച്ചല്ല ചെലവുകൾ വർദ്ധിക്കുന്നത്. ചെലവുകൾ വളരെ വേഗതയിൽ പോകുകയും വരുമാനം കുറവായും വരുന്നതുകൊണ്ട് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന് പലപ്പോഴും കടം വാങ്ങുന്നു. അങ്ങയുടെ തീയറിതന്നെ അതാണ്. അതുകൊണ്ടുതന്നെ ശമ്പളവും ഇന്ററസ്റ്റ് റേറ്റും കൂടി കൂടിയിട്ടുണ്ടെങ്കിൽ നമ്മുടെ വരുമാനത്തിന്റെ എത്ര ശതമാനം വരും; കുറച്ചുകാലംകൂടി കഴിഞ്ഞാൽ നമ്മുടെ ചെലവ് നടത്താൻ കടം വാങ്ങേണ്ട അവസ്ഥ വരില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കഴിഞ്ഞ വർഷമാണ് ഏറ്റവും മോശമായിരുന്ന വർഷം. അതായത് കടം വാങ്ങുന്നതിന്റെ ഏതാണ്ട് 60 ശതമാനത്തോളവും ചെലവുകൾക്കുവേണ്ടി മാറ്റി വയ്ക്കേണ്ടിവരികയാണ്. പക്ഷേ ഈ വർഷത്തെ ബഡ്ജറ്റിൽ കടം വാങ്ങുന്നതിന്റെ 33 ശതമാനം മാത്രമേ ദൈനംദിന ചെലവുകൾക്കുവേണ്ടി വിനിയോഗിക്കുന്ന അവസ്ഥയുള്ളൂ. ഇതാണ് വേണ്ടത്. അപ്പോൾ വായ്പയെടുക്കുന്നതിന്റെ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗവും മൂലധന ചെലവിനുവേണ്ടിത്തന്നെ ഉപയോഗിക്കുന്ന സ്ഥിതിവിശേഷം കൊണ്ടുവരണം. പക്ഷേ ഇത് പൂജ്യമാക്കാൻ പ്രായോഗികമല്ല. കാരണം, കേരളത്തിൽ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും വലിയ നിക്ഷേപം നടത്തുകയാണ്. ഈ വിദ്യാഭ്യാസ ചെലവിനെ മൂലധന ചെലവായിട്ടാണ് ഞാൻ കാണുന്നത്. കാരണം, അതിലുള്ള നിക്ഷേപം നാളെ വരുമാനം തരും. അപ്പോൾ കണക്കെഴുതുമ്പോൾ ഇതെങ്ങനെ കണക്കാക്കണമെന്നുള്ളത് അക്കൗണ്ടിംഗ് പ്രശ്നമാണ്. എങ്കിലും അങ്ങ് പറഞ്ഞത് ഞാൻ തത്വത്തിൽ അംഗീകരിക്കുന്നു, ചെലവുകൾ കുറച്ചുകൊണ്ട് വരണം. അതിന് വരുമാനം കൂട്ടി അനാവശ്യ ചെലവുകൾ കുറയ്ക്കണം. വരുമാനം കൂട്ടുന്നതിൽ അങ്ങ് പറഞ്ഞതുപോലെ ടെസ്റ്റ് പർച്ചേസ് വളരെ പ്രധാനമാണ്. അതുകൊണ്ട് രണ്ട് കോടി രൂപ ഇപ്പോൾ സീക്രട്ട് ഫണ്ടായി കൊടുത്തിട്ടുണ്ട്. അത് പോരെങ്കിൽ കൂടുതൽ ലഭ്യമാക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് വലിയൊരു പ്രശ്നത്തെയാണ് നേരിടുന്നത്. ചെലവ് കുറയ്ക്കുക എന്നുപറയുമ്പോൾ അതൊരു വികസന സംസ്കാരത്തിന്റെയും മനോഭാവത്തിന്റെയും ഒത്തുചേരലിന്റെയും പൊതുബോധത്തിന്റെയും ഭാഗമാണ്. ഉദാഹരണമായി, കിഫ്ബിയിലൂടെ ഒരുപാട് തരത്തിലുള്ള റോഡു വികസനമുണ്ടാകുന്നു. പക്ഷേ പാർക്കിംഗ് ഏരിയ ഇല്ലെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. തിരുവനന്തപുരം പട്ടണത്തിൽ വന്നാൽ പാർക്കിംഗ് ഏരിയ ഇല്ലാത്തതുകൊണ്ട് ഗവൺമെന്റ് വാഹനമാണെങ്കിലും വ്യക്തികളുടേതാണെങ്കിലും ഇന്ധന നഷ്ടമുണ്ടാകുന്നു. അതെത്രയാണെന്ന് കണക്കൊന്നും കൃത്യമായിട്ടില്ലെങ്കിലും വലിയൊരു കണക്കാണ്. പാർക്കിംഗ് ഏരിയയുണ്ടാക്കാനുള്ള ടെക്നോളജി ലോകത്ത് പല നഗരങ്ങളിലും വികസിച്ചിട്ടുണ്ട്. പാർക്കിംഗ് ഏരിയയില്ലെങ്കിൽ വരുന്ന വാഹനങ്ങളെ ഒരു സ്ഥലത്തുവച്ച് അത്യാവശ്യം മാറ്റാനും അവിടെ പാർക്കിംഗ് ഏരിയയുണ്ടാക്കാനും പാർക്കിംഗ് ഫീസ് എടുപ്പിക്കാനും കഴിയും. അതുകഴിഞ്ഞ് ഗവൺമെന്റ് വാഹനത്തിലേയ്ക്ക് കൊണ്ടുവരാം. ഇപ്പോൾ ശബരിമലയിൽ അങ്ങനെ പരീക്ഷിച്ച് വിജയിച്ചതാണ്. നിലയ്ക്കൽ പാർക്കിംഗ് ഏരിയ ഉണ്ടായിരുന്നു, അവിടെനിന്നാണ് കൊണ്ടുപോയത്. ചില കല്യാണങ്ങൾ നടക്കുമ്പോൾ അതിനടുത്തുള്ള റോഡുകളിൽ ഒന്നര മണിക്കൂറോളം ട്രാഫിക് ബ്ലോക്ക് ഉണ്ടാകുകയാണ്. ഇതൊക്കെ നിയന്ത്രിക്കാവുന്നൊരു സംസ്കാരം വരണം. Fuel efficiency ആണെങ്കിലും ഇത്തരം ഏരിയ ഉണ്ടാക്കുന്നതാണെങ്കിലും അങ്ങനെ

ചെലവാകുന്ന, അതായത് അസൗകര്യംകൊണ്ടും മനോഭാവംകൊണ്ടും നമ്മുടെ സംസ്കാരത്തിന്റെ ചില ധാരണാ കുറവുകൊണ്ടും നഷ്ടപ്പെടുന്നത് ഇല്ലാതാക്കാനും അത് സേവ് ചെയ്യാനുമുള്ള പുതിയ അവബോധം സൃഷ്ടിക്കാനും അതിനേതെങ്കിലും നിയമം കൊണ്ടുവരാനും മുൻകയ്യെടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ റോഡുകൾ സ്വാഭാവികമായി വളർന്നു വന്നതാണ്. അതുകൊണ്ട് പാർക്കിംഗ് സ്പേസ്, സർവ്വീസ് റോഡ് അങ്ങനെയുള്ള ചിന്തകൾ വന്നിട്ടില്ല. തീരദേശ റോഡ് പണിയുന്നതിന് എം.എൽ.എ.-മാരുമായി ചർച്ച നടത്തിയപ്പോൾ പാർക്കിംഗ് വേണ്ട, റോഡ് വൈഡനിംഗ് ചെയ്യണമെന്ന് പറഞ്ഞപ്പോൾതന്നെ എന്തെല്ലാം പ്രശ്നങ്ങളാണ് നമ്മുടെ മുന്നിൽ വരുന്നത്. കേരളത്തിൽ ആളുകൾ റോഡിനോട് ചേർന്ന് രണ്ടു സൈഡിലും, ഒരറ്റം മുതൽ മറ്റേ അറ്റം വരെ താമസിക്കുകയാണ്. വീതി കൂട്ടണമെന്ന് പറഞ്ഞാൽ ഇത്തരം ആളുകളെ റീ-ഹാബിലിറ്റേറ്റ് ചെയ്യുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധിയുണ്ട്. ഇതിനുള്ള പരിഹാരം ഇപ്പോൾ നോക്കുന്നുണ്ട്; ഒന്ന്, മൾട്ടിലെയർ പാർക്കിംഗ് ലോട്ടുകൾ നഗരത്തിൽ കൊണ്ടുവരിക, അങ്ങനെ തിരുവനന്തപുരം നഗരം സ്മാർട്ട് സിറ്റിയുടെ ഭാഗമായി ആലോചിക്കുന്നുണ്ട്. രണ്ട്, നമുക്ക് കൂടുതൽ അസൂത്രണം വേണ്ടതുണ്ട്. കേരളത്തിലെ ഏറ്റവും വലിയ മാളുകൾ നിയമപരമായി പണിതിട്ടുണ്ടെങ്കിലും അവിടെ എന്തു ഗതാഗതക്കുരുക്കാണ്? പക്ഷെ മാളുകളിൽ ഇത്രയും കാറുകൾ വരുമെന്നും അതിനുള്ള സൗകര്യം അവിടെയില്ലെങ്കിൽ തൊട്ടുമുൻപുള്ള റോഡിൽ തിരിയുന്നിടത്തുതന്നെ തിരക്കായിത്തീരുമെന്നും അവിടത്തെ അനുഭവങ്ങൾ പഠിപ്പിക്കുന്നുണ്ട്. മൊബിലിറ്റി ഹബ്ബിന്റെ സങ്കൽപ്പമാണ് അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട കാര്യം. എറണാകുളത്ത് ഒരു പടികൂടി പോയി നമ്മുടെ ജലഗതാഗതമാർഗ്ഗം ഇതുമായി ബന്ധിപ്പിക്കും. എറണാകുളം പട്ടണത്തിൽ പോകുന്നതിന് ഏറ്റവും സൗകര്യം ജലഗതാഗതമാർഗ്ഗങ്ങളായിരിക്കും. അതെല്ലാം ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സംവിധാനവും അങ്ങ് പറഞ്ഞ പ്രശ്നത്തിന് ഒരുത്തരമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അന്തർ സംസ്ഥാന വ്യാപാരത്തിൽ കാര്യമായ നികുതിചോർച്ച ഉണ്ടാകുന്നതുകൊണ്ട് സ്റ്റേറ്റ് ഇത് എൻഫോഴ്സ് ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. അന്ന് അങ്ങെടുത്ത നിലപാട് സ്റ്റേറ്റിന് എൻഫോഴ്സ് ചെയ്യാനുള്ള യാതൊരു അധികാരവുമില്ലെന്നാണ്. ഈ വർഷം അങ്ങ് സ്റ്റേറ്റ് എൻഫോഴ്സ് ചെയ്യാനുള്ള തീരുമാനമെടുത്തതിൽ സന്തോഷമുണ്ട്. എൻഫോഴ്സ് ചെയ്യുകമാത്രമല്ല, ജി.എസ്.ടി. ഉള്ളതുകൊണ്ട് വിസ്തൃതമായ ചെക്ക്പോസ്റ്റുകൾ വേറൊരു തലത്തിൽ തിരിച്ചുവരികയും ചെയ്യുകയാണ്. അങ്ങ് ധനദൃഢീകരണവുമായി ബന്ധപ്പെട്ട് പറഞ്ഞത് ഗ്രോ ഔട്ട് ഓഫ് ഡെബ്റ്റ് എന്നാണ്. അങ്ങനെ കടത്തിനെ മറികടന്ന് നമുക്ക് വളരണമെങ്കിൽ ഏറ്റവും

പ്രധാനപ്പെട്ടകാര്യം ക്വാളിറ്റി എക്സ്പെൻഡിച്ചറാണ്. അതിവിടെ നടക്കുന്നുണ്ടോ എന്നതാണ് ചോദ്യം. അടുത്ത ദിവസം പത്രങ്ങളിൽ കണ്ട വാർത്ത ഈ സർക്കാർ 1000 ദിവസങ്ങൾ പൂർത്തിയാക്കുമ്പോഴുള്ള ചെലവ് 9 കോടി രൂപയും പഞ്ചായത്ത് ദിനാഘോഷത്തിനുവേണ്ടി ചെലവാക്കുന്ന പണം 4 കോടി രൂപയുമാണെന്നാണ്. ഇതാണോ ക്വാളിറ്റി എക്സ്പെൻഡിച്ചറിന്റെ രീതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ടു കാര്യങ്ങൾ പറഞ്ഞു, ആദ്യം പറഞ്ഞ കാര്യത്തിൽ ശ്രീ. വി. ഡി. സതീശന്റെ ഒരു സമീപനമാണത്. അങ്ങനെ തർക്കത്തിന് ഞാനില്ല. നമ്മൾ പിരിക്കേണ്ട കാര്യമില്ല, അങ്ങിത് പറയുന്ന സമയത്ത് ഇ-വേ ബിൽ വന്നിട്ടില്ല, പിന്നെ എങ്ങനെയാണ് സംസ്ഥാനം നോക്കുക? ഇപ്പോൾ ഇ-വേ ബിൽ വന്നു, നടപ്പിലാക്കാനുള്ള നടപടികളിലേക്ക് പോകുന്നു. അപ്പോൾ ക്വാളിറ്റി ഓഫ് എക്സ്പെൻഡിച്ചർ വളരെ പ്രധാനമാണ്, അത് നമ്മൾ ഔട്ട്-കം-ബഡ്ജറ്റിംഗിലേയ്ക്ക്, എന്താണ് ഇതുകൊണ്ട് നേടിയതെന്നുള്ള പരിശോധനയ്ക്ക് കൃത്യമായി പോകേണ്ടതുണ്ട്. പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്തിൽ നടക്കുന്നത് അനാവശ്യമെന്നാണോ; ആവശ്യമെന്നു പറയുമ്പോൾ സംസ്ഥാന-കേന്ദ്ര സർക്കാരുകൾ പ്രവർത്തിക്കുന്നതുപോലെ ബ്യൂറോക്രാറ്റിക് ചട്ടങ്ങളുടേയും ഫയലുകളുടേയും അടിസ്ഥാനത്തിൽ മാത്രമല്ല. ജനങ്ങളെ മുഴുവൻ ആവേശം കൊള്ളിച്ച്, അണിനിരത്തി, ഒരു വികാരത്തിൽ സന്നദ്ധപ്രവർത്തകരെ കൊണ്ടുപോകുകയാണ്. അതുകൊണ്ട് നമ്മൾ സാധാരണ സർക്കാർ പ്രവർത്തിക്കുന്നതിനപ്പുറത്ത് അധികാര വികേന്ദ്രീകരണം തുടങ്ങിയ കാലം മുതൽ ജനങ്ങളെ നിലനിർത്തുന്നതിന് ഇങ്ങനെയുള്ള ദിനാചരണങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് അതിനെ മുഴുവനും തള്ളിപ്പറയുന്നത് ശരിയാണോയെന്ന് അങ്ങ് ആലോചിക്കണം.

## സഹകരണ മേഖലയെ സംരക്ഷിച്ച് ജനകീയമാക്കുന്നതിന് നടപടി

2 (*182) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയെ സംരക്ഷിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) സ്ത്രീകളുടെ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് രൂപീകരിച്ചിട്ടുള്ള വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അവ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവന നിർമ്മാണ രംഗത്തെ സഹകരണ സംഘങ്ങൾ പ്രതിസന്ധി നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, (എ) 2016 നവംബർ 8-ലെ നോട്ടുനിരോധനംമൂലം സഹകരണ മേഖലയ്ക്കുണ്ടായ പ്രതിസന്ധികൾ സർക്കാർ ഇടപെടലിലൂടെ അതിജീവിക്കാനായി.

- കേരള സഹകരണ ചരിത്രത്തിൽ ആദ്യമായി സുസ്ഥിര വികസന സങ്കൽപ്പത്തിലൂന്നി സമഗ്രമായ ഒരു സഹകരണനയം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു;

- വട്ടിപ്പലിശക്കാരിൽനിന്നും കേരള ജനതയെ സംരക്ഷിക്കുന്നതിനായി 'മുറ്റത്തെ മുല്ല' എന്ന പേരിൽ ഒരു മൈക്രോഫിനാൻസ് പദ്ധതി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പാക്കി. പാലക്കാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതിയിൽ നാളിതുവരെ 14,300 ഗുണഭോക്താക്കൾക്കായി 38 കോടി രൂപ വിതരണം ചെയ്തു. 2019-20 സാമ്പത്തിക വർഷം 'മുറ്റത്തെ മുല്ല' പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കും;

- 'കർഷകന് മികച്ച വില, ഉപഭോക്താക്കൾക്ക് നല്ല അരി' എന്ന ലക്ഷ്യം മുൻനിർത്തി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് സഹകരണ മേഖലയിൽ ഒരു ആധുനിക നെല്ല് സംഭരണ സംസ്കരണകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. നെല്ലളന്ന ഉടനെ കർഷകന് പണം നൽകുന്നു. കഴിഞ്ഞ സീസണിൽ 300 കോടി രൂപയിലധികം ഈ ഇനത്തിൽ നൽകി;

- സഹകരണ വകുപ്പിന് കീഴിൽ സാഹിത്യപ്രവർത്തക സഹകരണ സംഘം 'കൃതി' എന്ന പേരിൽ പുസ്തക, സാഹിത്യ, വിജ്ഞാനോത്സവം സംഘടിപ്പിച്ചു. 'കൃതി'യുടെ രണ്ടാം എഡിഷൻ 2019 ഫെബ്രുവരി എട്ടിന് ആരംഭിച്ച് പതിനേഴിന് അവസാനിക്കും. അത് രാജ്യത്തെ പുസ്തക – സാഹിത്യോത്സവങ്ങളുടെ ഒന്നാം ശ്രേണിയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു;

• സഹകരണ പരിശീലനം, പഠന ഗവേഷണം, പ്രസിദ്ധീകരണം എന്നീ മേഖലകളിൽ മികവിന്റെ സ്ഥാപനമായി തിരുവനന്തപുരം മൺവിളയിൽ പ്രവർത്തിച്ചുവരുന്ന അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഈ സ്ഥാപനത്തെ സ്വയംഭരണാധികാര സ്ഥാപനമാക്കി;

• സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തതിന് ശേഷം മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ എന്നിവർക്കായി രൂപീകരിച്ച റിസ്ക് ഫണ്ട് പദ്ധതിക്കകീഴിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം 18086 പേർക്ക് 142.61 കോടി രൂപ സഹായധനം അനുവദിച്ചുനൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹായധനം നൽകുന്ന നിധിയാകാൻ സഹകരണ റിസ്ക് ഫണ്ടിന് കഴിഞ്ഞു;

• സഹകരണ വകുപ്പ് ആധുനികവൽക്കരണം ദ്രുതഗതിയിൽ നടന്നുവരുന്നു. 2018-19 വർഷം പുതുതായി 14 അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിച്ചു. 2019-20 വർഷം 14 പുതിയ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു;

• സഹകരണ സംഘങ്ങൾ മുഖാന്തരം 20 ലക്ഷത്തിലധികം പാവപ്പെട്ട കുടുംബങ്ങൾക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്തു. 9 ഘട്ടങ്ങളിലായി 7043 കോടി രൂപ ഈയിനത്തിൽ ജനങ്ങളിൽ എത്തിച്ചു;

• കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ഏറ്റെടുത്തു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെ 39000-ത്തിലധികം കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ നൽകിവരുന്നു;

• ഓഖി ദുരന്തത്തിൽപ്പെട്ട ജനസമൂഹത്തെ സഹായിക്കാൻ സഹകരണ ജീവനക്കാരുടെ 2 ദിവസത്തെ ശമ്പളവും സഹകരണസംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽനിന്നും പരമാവധി തുകയും ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്തു. 2018 ആഗസ്റ്റ് മാസം സംസ്ഥാനം നേരിട്ട പ്രകൃതി ദുരന്തത്തെത്തുടർന്നും സഹകരണ ജീവനക്കാരുടെ ശമ്പളവും സഹകരണസംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും പരമാവധി തുകയും സംഭാവന ചെയ്തു;

• 2018 ആഗസ്റ്റ് മാസം സംസ്ഥാനം നേരിട്ട പ്രകൃതി ദുരന്തത്തെ നേരിടുന്നതിന് ആശ്വാസവും കൈത്താങ്ങുമായി സഹകരണ മേഖല മുൻപന്തിയിൽ നിന്നു. ദുരിതബാധിതരെ സഹായിക്കുന്നതിനായി CARE Kerala (Co-operative Alliance to Rebuild Kerala)എന്ന പദ്ധതി പ്രഖ്യാപിച്ചു. പ്രളയത്തിൽ

സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ചെലവ് ചെയ്ത് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്ന CARE Home പദ്ധതി പ്രവർത്തനം സംസ്ഥാനത്തെ സഹകരണ മേഖലയിലൂടെ ത്വരിതഗതിയിൽ നടന്നുവരുന്നു. 2019 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഈ വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയും. ഒന്നാം ഘട്ടം 2000 വീടുകൾ നിർമ്മിച്ച് നൽകിയതിനുശേഷം രണ്ടാം ഘട്ടമായി 2000 വീടുകൾ കൂടെ നിർമ്മിച്ചുനൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു;

- CARE Loan പദ്ധതിക്ക് കീഴിൽ സർക്കാർ പ്രഖ്യാപിച്ച RKLS പലിശരഹിത വായ്പയായി സഹകരണ ബാങ്കുകളിലൂടെ 34936 ഗുണഭോക്താക്കൾക്ക് 388.10 കോടി രൂപ അനുവദിച്ച് നൽകി. നവകേരള നിർമ്മിതിയിൽ സഹകരണ മേഖല നിസ്തുലമായ പങ്ക് വഹിച്ചുവരുന്നു;

- CAPE കോളേജുകളിൽ സഹകരണ ജീവനക്കാരുടെ മക്കൾക്ക് സംവരണം ഏർപ്പെടുത്തി;

- പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷനിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഫെഡറേഷൻ പ്രവർത്തനലാഭം നേടി കൂടുതൽ മേഖലകളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്;

- പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ പിന്തുണയോടെ അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കിവരുന്നു;

- ഇന്ത്യയിലാദ്യമായി Transgender സഹകരണ സംഘം രൂപീകരിച്ചു;

- കൺസ്യൂമർ ഫെഡ് ഫലപ്രദമായ വിപണി ഇടപെടലുകളിലൂടെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. തുടർച്ചയായി പ്രവർത്തനലാഭം നേടിവരുന്നു;

- ഹരിതകേരളം പദ്ധതിക്ക് പിന്തുണയുമായി 'ഹരിതം സഹകരണം' പദ്ധതി നടപ്പാക്കിവരുന്നു. ജൈവകൃഷി, മഴക്കുഴി നിർമ്മാണം, വൃക്ഷത്തൈ നടീൽ, മാലിന്യസംസ്കരണം തുടങ്ങിയ മേഖലയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നു;

- സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് 'കേരള ബാങ്ക്' രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും തത്വത്തിലുള്ള അംഗീകാരം ലഭിച്ചു. നാടിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തിയായി മാറാൻ കഴിയുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള 'കേരള ബാങ്ക്' 2019-20 സാമ്പത്തിക വർഷം പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് സജ്ജമാകും;

(ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വനിതാ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും സാധ്യമാക്കുന്നതിന്, സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. സംഘങ്ങൾക്ക് പ്രധാനമായും ഓഹരി പങ്കാളിത്തം, ഗ്രാന്റുകൾ, സബ്സിഡികൾ എന്നിവ വഴി ധനസഹായം നൽകുന്നുണ്ട്. വനിതാ ഫെഡിന് (കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ), സർക്കാർ ഓഹരിയായി Rs.40,17,000 (നാൽപ്പത് ലക്ഷത്തി പതിനേഴായിരം) രൂപയും ഗ്രാന്റ് സബ്സിഡിയായി Rs. 2,06,03,500 (രണ്ട് കോടി ആറ് ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്) രൂപയും കെട്ടിടം വാങ്ങുന്നതിനുള്ള ഫണ്ട് ആയി Rs. 48,65,000 (നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരം) രൂപയും നൽകിയിട്ടുണ്ട്. ഈ തുക ചെലവഴിച്ച് വനിതാ ഫെഡ് തിരുവനന്തപുരത്ത് ഒരു ഷോർട്ട് സ്റ്റേ ഹോം തുടങ്ങിയിട്ടുണ്ട്.

(സി) ഉണ്ട്.

പൊതുവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് പ്രസ്തുത വിഭാഗങ്ങളുടെ സഹകരണ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികളുടെ അടിസ്ഥാന കാരണങ്ങളായുള്ളത്. ആവശ്യമായ ഓഹരി മൂലധനത്തിന്റെ അഭാവം, പ്രൊഫഷണൽ മികവുള്ളതും, തുടർച്ചയായിട്ടുള്ളതുമായ നേതൃത്വത്തിന്റെ (ഭരണസമിതി) അഭാവം, സ്ഥിരം പെയ്ഡ് സെക്രട്ടറിയുടെ അഭാവം, എന്നിവ പ്രസ്തുത സഹകരണ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികളാണ്.

(ഡി) പരമാവധി 15 വർഷക്കാലാവധിക്കാണ് ഭവനവായ്പകൾ അനുവദിക്കുന്നത്. വായ്പക്കാർ കൃത്യമായി തിരിച്ചടവ് നടത്താത്തതിനാൽ സംഘങ്ങളിൽ വായ്പാ കുടിശ്ശിക വർദ്ധിച്ചുവരികയാണ്. ഭവന സംഘങ്ങൾ സാധാരണയായി ഹൗസിംഗ് ലോൺ മാത്രം നൽകുന്ന പ്രവർത്തനമാണ് നടത്തുന്നത്. നാമമാത്രമായ പലിശ മാർജിനിൽ നിന്നാണ് സംഘങ്ങളുടെ തൻചെലവും മറ്റും നടത്തേണ്ടത്. വായ്പക്കാർ സംഘങ്ങളിൽ അടയ്ക്കുന്ന തുകകൾ യഥാസമയം ഹൗസിംഗ് ഫെഡറേഷനിൽ അടയ്ക്കുവാൻ പല സംഘങ്ങൾക്കും സാധിക്കാതെ വരുന്നുണ്ട്. ഏതാനും സംഘങ്ങൾ ഹൗസിംഗ് ലോണിനു പുറമേ സ്ഥിരനിക്ഷേപം, ചിട്ടി, സ്വർണ്ണപ്പണയം തുടങ്ങിയ ഇടപാടുകൾ നടത്തുന്നുണ്ട്.

സർക്കാർ പ്രഖ്യാപിക്കുന്ന കുടിശ്ശിക നിർമ്മാർജ്ജന പദ്ധതികൾക്ക് അനുസൃതമായി ഹൗസിംഗ് ഫെഡറേഷൻ പിഴപ്പലിശ, പലിശ തുകകളിൽ ഇളവ് പ്രഖ്യാപിച്ചുകൊണ്ട് അംഗസംഘങ്ങൾക്ക് കുടിശ്ശിക തുകകൾ അടച്ച് തീർക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഹൗസിംഗ് ഫെഡറേഷന്

സർക്കാർ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഓഹരി മൂലധന വിഹിതം അനുവദിച്ച് വന്നിരുന്നു. വായ്പക്കാർ സംഘങ്ങളിൽ കണക്കവസാനിപ്പിച്ചിട്ടും, ഫെഡറേഷനിൽ കണക്ക് അവസാനിപ്പിക്കാത്ത സാഹചര്യമുണ്ടായതിനാൽ കോടതികളിലും ലീഗൽ ഫോറങ്ങളിലും ധാരാളം കേസുകൾ ഫയൽ ചെയ്യപ്പെട്ടു. ആയത് പരിഹരിക്കുന്നതിനായി ഫെഡറേഷൻ സമർപ്പിച്ച പ്രോജക്ട് പരിഗണിച്ച് കേരള സർക്കാരിൽ നിന്നും 2015-2016 വർഷം പലിശ രഹിത വായ്പയായി 857 ലക്ഷം രൂപ ഫെഡറേഷൻ മുഖേന സംഘങ്ങൾക്ക് നൽകുന്നതിന് അനുവദിക്കുകയുണ്ടായി. 27 സംഘങ്ങൾക്കായി ടി സംഘങ്ങളിൽ കണക്കവസാനിപ്പിച്ച് വായ്പ കണക്കുകൾ ഫെഡറേഷനിൽ അവസാനിപ്പിക്കുന്നതിനാണ് ടി തുക അനുവദിച്ചത്.

ശ്രീ. ഇ. കെ. വിജയൻ: സർ, നോട്ട് നിരോധനംമൂലം സഹകരണമേഖല അനുഭവിച്ച കെടുതികൾ നമുക്കറിയാവുന്നതാണ്. സഹകരണമേഖലയിലെ നിക്ഷേപകർക്ക് ഒരു രൂപപോലും നഷ്ടമുണ്ടാകുകയില്ല, സർക്കാർ ഒപ്പമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. സഹകരണ സ്ഥാപനങ്ങൾ ജനങ്ങളോടൊപ്പമുണ്ടെന്ന് തെളിയിച്ച മുഹൂർത്തമാണ് അതിരൂക്ഷമായ വരൾച്ച, ഓഖി ദുരന്തം, പ്രളയം തുടങ്ങിയവ; അതിലും ഗവൺമെന്റും സഹകരണപ്രസ്ഥാനവും സ്വീകരിച്ച നിലപാട് ശ്ലാഘനീയമാണ്. കേരള സഹകരണ ചരിത്രത്തിൽ ആദ്യമായി സുസ്ഥിരവികസന സങ്കൽപ്പത്തിലൂന്നി രൂപീകരിച്ച സമഗ്രമായ സഹകരണ നയത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ വിഷയം വിശദീകരിച്ച് സംസാരിക്കേണ്ടതാണ്.

മി. സ്പീക്കർ: ചോദ്യം സ്പെസിഫിക്കായി ചോദിക്കേണ്ടതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സഹകരണ നയമെന്നത് സംസ്ഥാനത്തിന്റെതന്നെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായൊരു കാൽവയ്പ്പായിരുന്നു. അതിന്റെ പൊതുവായ സമീപനം ഞാനിവിടെ വിശദീകരിക്കാം. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുകയും തുല്യതയാർന്ന സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പാക്കി സമൂഹത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്കെത്തിക്കുന്നതിന് പ്രാപ്തമാക്കുകയും ഇതിനായി ഗവൺമെന്റുമായി ഒത്തിണങ്ങി പ്രവർത്തിക്കുകയും ചെയ്യുക എന്നുള്ള ദർശനമാണ് ഈ നയം

ഉയർത്തിപ്പിടിക്കുന്നത്. ഇതിന്റെ ദൗത്യമെന്ന് പറയുന്നത്, സാമ്പത്തിക ദുർവ്യയങ്ങളൊന്നുമില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും അംഗങ്ങളുടെയും സമൂഹത്തിന്റെയും നേട്ടത്തിനായി പ്രവർത്തിക്കാൻ കെൽപ്പുള്ള ഒരു സഹകരണപ്രസ്ഥാനം സംസ്ഥാനത്ത് കെട്ടിപ്പടുക്കുക എന്നുള്ളതാണ്. സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമാക്കി തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനായി സഹകരണ പ്രസ്ഥാനത്തെ ഉപയുക്തമാക്കുകയെന്നതാണ് ഇതിന്റെ ദൗത്യം. ആഗോള കാഴ്ചപ്പാടും ഇത് ഉയർത്തിപ്പിടിക്കുന്നുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ സഹകരണ പ്രസ്ഥാനത്തിന്റെ പൊതുവായുള്ള പ്രവർത്തനങ്ങളെ വളരെ വിശദമായി പരിശോധിച്ചുകൊണ്ട് ഇതിന്റെ ഭാവിയെ വരുന്ന നൂറുവർഷക്കാലത്തെ മുന്നിൽക്കണ്ടുകൊണ്ട് തയ്യാറാക്കിയ പുതു സമീപനമാണ് സഹകരണ നയത്തിൽ ഉൾച്ചേർത്തിട്ടുള്ളത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ വ്യാപകമായി ബ്രാഞ്ചുകൾ തുറന്ന് പൊതുജനങ്ങളിൽനിന്നും ഉയർന്ന പലിശ നൽകി നിക്ഷേപങ്ങൾ സ്വരൂപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിക്ഷേപങ്ങൾക്ക് സഹകരണ നിക്ഷേപ ഗ്യാരന്റിയുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളെന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോ യാതൊരു തരത്തിലുള്ള പിന്തുണയുമില്ലാതെ വൻതോതിൽ ആകർഷകമായ പലിശ വാഗ്ദാനം ചെയ്തുകൊണ്ട് നിരവധി സംഘങ്ങൾ പ്രവർത്തിച്ചു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വഞ്ചനയ്ക്ക് ജനങ്ങൾ വിധേയരാകുന്ന സാഹചര്യമുണ്ടാകുമെന്ന് കണ്ടുകൊണ്ട് സംസ്ഥാന സഹകരണ വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർ മുഖാന്തരം ജനങ്ങളെ വിവരമറിയിക്കാൻ ശ്രമിച്ചിട്ടുണ്ട്. കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർക്കോ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്കോ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെമേൽ ഭരണപരമായി യാതൊരു നിയന്ത്രണവുമില്ല. അതുകൊണ്ടുതന്നെ അംഗങ്ങളോ നിക്ഷേപകരോ പൊതുജനങ്ങളോ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ട സാഹചര്യമാണ് നിലനിൽക്കുന്നതെന്ന കാര്യം പ്രത്യേകിച്ച് സമൂഹത്തിന്റെ

ശ്രദ്ധയിൽ കൊണ്ടുവരാൻ സഹകരണ വകുപ്പ് ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ശാഖകളുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രവേശന കവാടത്തിൽ "മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് മാത്രം ഉത്തരവാദിത്വമുള്ള ഒരു സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നതും കൃഷിയും കാർഷികക്ഷേമവും മന്ത്രാലയം കേന്ദ്ര സഹകരണസംഘം രജിസ്ട്രാർക്ക് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിന്മേൽ ഭരണപരമായ യാതൊരു വിധത്തിലുള്ള നിയന്ത്രണവുമില്ലാത്തതും ആയതിനാൽ അംഗങ്ങൾ, നിക്ഷേപകർ, പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ടതാണെന്നും നിക്ഷേപങ്ങളുടെ മേൽ യാതൊരുവിധ ഗ്യാരന്റിയും കൃഷിയും കാർഷികക്ഷേമവും മന്ത്രാലയം കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്നതല്ല" എന്നുള്ള ഒരു പ്രത്യേക നോട്ടീസ് പതിക്കണമെന്നുള്ള നിർദ്ദേശം ആർ.സി.എസ്. (Registrar of Co-operative Societies) നൽകിയിട്ടുണ്ട്. ഇത് വലിയൊരു തട്ടിപ്പാണെന്ന് നാം കാണേണ്ടതുണ്ട്. 15% പലിശ വാഗ്ദാനം ചെയ്താണ് പാവപ്പെട്ട നിക്ഷേപകരെ ഇവർ ആകർഷിക്കുന്നത്. കിട്ടുന്ന പണം മുഴുവൻ തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ നമ്മുടെ നാട്ടിലെ പുതുതലമുറ ബാങ്കുകളിലൂടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക്, പ്രത്യേകിച്ച് ബാംഗ്ലൂർ ആസ്ഥാനമായുള്ള പ്രദേശങ്ങളിലേയ്ക്ക് പോകുന്ന കാഴ്ചയാണ് നാം കാണുന്നത്. വളരെ ഗൗരവത്തോടെതന്നെ കൈകാര്യം ചെയ്യേണ്ട വിഷയമായി ഇത് മാറിയിട്ടുണ്ട്.

Shri Chittayam Gopakumar: Not in the seat.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സർ, സഹരണമേഖല കൂടുതൽ ജനവിശ്വാസമാർജ്ജിച്ച് ശക്തിപ്പെട്ടുവരുന്ന നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെയും സഹകരണ ഡിപ്പാർട്ട്മെന്റിന്റെയും ഇരട്ട നിയന്ത്രണത്തിൽ പ്രവർത്തിക്കേണ്ടിവരുന്ന സഹകരണ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അവ പ്രത്യേകിച്ച് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളാണ്. ആ ബാങ്കുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള നിബന്ധനകൾ റിസർവ് ബാങ്ക് പുറപ്പെടുവിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, തുടക്കം മുതൽതന്നെ റിസർവ് ബാങ്കിന്റെ നിയമാവലിക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന ബാങ്കുകളാണ് അർബൻ ബാങ്കുകൾ. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതമായിട്ടുള്ള നിയന്ത്രണം അവയുടെമേൽ എപ്പോഴും ഉണ്ടെന്നുള്ളത് വാസ്തവമാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, കേരളത്തിലെ സഹകരണ മേഖല വലിയ സാദ്ധ്യതകളുള്ളതാണ്. പ്രത്യേകിച്ച് അത്രയേറെ ജനങ്ങളെ ഒരു കോമൺ ഇന്ററസ്റ്റിലേയ്ക്ക് മാറ്റാൻ കഴിയുന്നു എന്നതാണ് അതിന്റെ പ്രത്യേകത. ഐ.ടി. മേഖല, മൊബൈൽ നിർമ്മാണം, സ്മാർട്ട് വാച്ചുകളുടെ നിർമ്മാണം തുടങ്ങിയവ ഇതിന്റെ ന്യൂജെൻ സാദ്ധ്യതകളാണ്. സംഘങ്ങളുമായിച്ചേർന്നുള്ള ഇത്തരം വലിയ നിർമ്മാണങ്ങൾ, ഒരു ഫാക്ടറിയിൽത്തന്നെ വിവിധ സംഘങ്ങൾക്ക് ചെയ്യാൻ പറ്റുന്ന രീതിയിലുള്ള വ്യവസായങ്ങൾ ചൈനപോലുള്ള രാജ്യങ്ങളിൽ സജീവമാണ്. നമ്മുടെ വ്യവസായ വകുപ്പുമായിച്ചേർന്ന് അങ്ങനെയൊരു ഫാക്ടറി ആരംഭിച്ച് ഒരു കോമൺ ബ്രാൻഡിൽ ആളുകൾക്ക് പ്രത്യേകമായുള്ള ട്രെയിനിംഗ് കൊടുത്ത് ഗാഡ്ജറ്റ് (gadget) പോലുള്ള ന്യൂജൻ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി അത്തരം മേഖലകളിലേയ്ക്ക് കടക്കാൻ കഴിയുമോ; UBER, OLA പോലുള്ള ഓൺലൈൻ ടാക്സി, ഓൺലൈൻ മാർക്കറ്റിംഗ് തുടങ്ങിയവയിൽ കോർപ്പറേറ്റുകൾ വന്നിരിക്കുകയാണ്. അവയെ റീ-പ്ലേസ് ചെയ്ത്, ഷീ ടാക്സിക്ക് അത്തരത്തിലുള്ള ആപ്ലിക്കേഷൻ വച്ചുകൊണ്ടുള്ള സാദ്ധ്യതകൾ കൂടി പരിഗണിക്കാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇപ്പോൾ ഐ.ടി. മേഖലകളിലേയ്ക്ക് നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ സജീവമായി കടന്നുവന്നതുകൊണ്ട് നിശ്ചയമായും അതിനാവശ്യമായ സഹായം ഗവൺമെന്റിന് ചെയ്യാൻ സാധിക്കും. നമ്മളതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ഐ.ടി., മൊബൈൽ തുടങ്ങിയ മേഖലകളിലേയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ വരുന്ന എല്ലാ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. UBER, OLA എന്നിവപോലെ സഹകരണ മേഖലയിലും ഏർപ്പെടുത്തിയാൽ ആ രംഗത്തും മുന്നോട്ട് വരാൻ സാധിക്കും. എറണാകുളത്ത് അതിനായുള്ള പരിശ്രമം ആരംഭിച്ചിട്ടുണ്ട്. അത് വിജയകരമാകുകയാണെങ്കിൽ സംസ്ഥാനത്തുടനീളം പ്രാവർത്തികമാക്കാൻ സാധിക്കും.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ ഇപ്പോൾ സംസ്ഥാനത്ത് 15624 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ 11892 എണ്ണവും തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും വായ്പാ സഹകരണ സംഘങ്ങളും

ഉപഭോക്തൃ സംഘങ്ങളും കൂടാതെ വനിതാ സഹകരണ സംഘങ്ങളുമാണ്. ഇതുകൂടാതെ വിപണന-ആരോഗ്യ-എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളുമുണ്ട്. ഇതിൽ പകുതിയോളവും പ്രവർത്തന രഹിതമോ അല്ലെങ്കിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയോ ആണ്. ഇവയെ പ്രവർത്തന സജ്ജമാക്കാനും ലാഭത്തിലാക്കാനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിപണനരംഗത്ത് സജീവമായി പ്രവർത്തിക്കുന്നത് കൺസ്യൂമർഫെഡാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷമായി കൺസ്യൂമർഫെഡ് ലാഭത്തിൽ പ്രവർത്തിക്കുകയും യഥാക്രമം 61 കോടി രൂപയും 64 കോടി രൂപയും വീതം ലാഭത്തിലുമാണുള്ളത്. എന്നാൽ സഞ്ചിതനഷ്ടമാകെ നികത്താൻ സാധിച്ചിട്ടില്ല. കൺസ്യൂമർഫെഡിന്റെ മാനേജ്മെന്റ് സംവിധാനത്തെ നമുക്ക് പുനഃക്രമീകരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാതലത്തിലും കൺസ്യൂമർഫെഡിനെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരാനായി ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ തകർന്നുപോയിരുന്ന എസ്.സി/എസ്.ടി. ഫെഡറേഷനും ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. ലാഭകരമായി പ്രവർത്തിക്കുന്ന നിലയിലേയ്ക്ക് എസ്.സി./എസ്.ടി. ഫെഡറേഷനെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അതുപോലെ വനിതാഫെഡിന്റെ പ്രവർത്തനവും സജീവമാക്കിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. പൊതുവേ ഈ മേഖലയിലെ എല്ലാ സംഘങ്ങളെയും സജീവമാക്കിക്കൊണ്ടുവരുന്നതിനുള്ള നീക്കം നടത്താൻ സാധിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, പ്രളയവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന കെയർഹോം പദ്ധതിയുടെ ഒന്നാംഘട്ടം രണ്ടായിരം വീടുകളാണ് നൽകിയത്. ഈ പദ്ധതിക്ക് രണ്ടാംഘട്ടമുണ്ടാകാൻ സാദ്ധ്യതയുണ്ടോ; നിലവിലെ പദ്ധതി പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് പറയാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഒന്നാംഘട്ടം രണ്ടായിരം വീടുകളുടെ നിർമ്മാണപ്രവർത്തനം മാർച്ച്-ഏപ്രിൽ മാസത്തിനുമുമ്പായി പൂർത്തീകരിക്കാൻ സാധിക്കും. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഈ മാസം 26-ാം തീയതി ഏതാണ്ട് 250 വീടുകൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി താക്കോൽദാനം നിർവ്വഹിക്കുന്നുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളുടെ പിന്തുണയോടുകൂടിയാണ് കെയർഹോം പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്. 2000 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ പെട്ടെന്നുതന്നെ പൂർത്തീകരിക്കാം. അതുകഴിഞ്ഞ് 2000 വീടുകൾ നിർമ്മിച്ചുകൊടുക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ലൈഫ് പ്രോജക്ടുമായി ബന്ധപ്പെട്ട് സഹകരണമേഖലയും പ്രവർത്തിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു

സെന്റ് ഭൂമിയോ, വീടോ ഇല്ലാത്ത 2000 ആളുകൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് ഞങ്ങൾ ആവിഷ്ക്കരിക്കുന്നത്. ഗവൺമെന്റുമായി സഹകരിച്ച് ഭൂമി കിട്ടുന്ന മുറയ്ക്ക് അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ സഹകരണവകുപ്പ് തയ്യാറാകും.

ശ്രീ. സണ്ണി ജോസഫ്: സർ, നമ്മുടെ കൃഷിക്കാർക്ക് അല്പമെങ്കിലും സഹായകരമാകുന്നത് കാർഷികോല്പന്നങ്ങൾ വാങ്ങി വിൽക്കുന്ന സഹകരണ പ്രാഥമിക മാർക്കറ്റിംഗ് സൊസൈറ്റികളാണ്. കാർഷികോല്പന്നങ്ങളുടെ വില അനിശ്ചിതമായി മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് ടി സൊസൈറ്റികൾ പലതും വലിയ തകർച്ചയിലാണ്. ഈ സൊസൈറ്റികളുടെ പുനരുദ്ധാരണത്തിന് വേണ്ടി ഗവൺമെന്റ് എന്ത് പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; അതുപോലെതന്നെ പ്രളയക്കെടുതിയെത്തുടർന്ന് പ്രഖ്യാപിച്ച വായ്പാ ആനുകൂല്യങ്ങൾ, തിരിച്ചടവിലുള്ള ആനുകൂല്യങ്ങൾ, മൊറട്ടോറിയം ഉൾപ്പെടെയുള്ളവ അർഹതപ്പെട്ട പലർക്കും സഹകരണ സംഘങ്ങളിൽനിന്നും മറ്റ് ബാങ്കുകളിൽനിന്നും തീരെ ലഭിക്കുന്നില്ല. ആ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മാർക്കറ്റ് ഫെഡ്ഡാണ് ആ രംഗത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനം. പ്രൈമറി സംഘങ്ങൾ നമ്മുടെ സംസ്ഥാനത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. സംഘങ്ങളിൽ പലതും നീതിസ്റ്റോറുകളും മറ്റും ആരംഭിച്ച് വിപണനരംഗത്ത് സജീവമായി ഇടപെടുന്നുണ്ട്. മാർക്കറ്റ് ഫെഡ്ഡിലും ലാഭകരമായി എത്തിച്ചേരുന്ന നിലയിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സാമ്പത്തിക ക്രയവിക്രയങ്ങളിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ കാരണം നമ്മുടെ പട്ടികജാതി സഹകരണ സംഘങ്ങൾ പലതും അടഞ്ഞുകിടക്കുകയാണ്. പക്ഷേ മറ്റ് സഹകരണസംഘങ്ങളെ കൈകാര്യം ചെയ്യുന്ന അതേ രീതിയിൽത്തന്നെ പട്ടികജാതി സഹകരണ സംഘങ്ങളെ കൈകാര്യം ചെയ്യുന്നതിന് പ്രശ്നമുണ്ട്. അടഞ്ഞുകിടക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ തുറക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എസ്.സി./എസ്.ടി. രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങൾ പല കാരണങ്ങളാൽ തകർച്ചയെ അഭിമുഖീകരിക്കുന്നുണ്ട്. പൊതുവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ

സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് ഈ വിഭാഗങ്ങളുടെ സഹകരണ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികളുടെ അടിസ്ഥാന കാരണമായിട്ടുള്ളത്. ആവശ്യമായിട്ടുള്ള ഓഹരി മൂലധനത്തിന്റെ അഭാവം, തുടർച്ചയായ പ്രൊഫഷണൽ മികവുള്ള നേതൃത്വം/ഭരണസമിതിയുടെ അഭാവം, സ്ഥിരം പെയ്ഡ് സെക്രട്ടറിയുടെ അഭാവം എന്നിവയെല്ലാം ഈ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികളാണ്. കേരളത്തിലെ ആയിരത്തോളം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളിൽ കേവലം ആറ് സംഘങ്ങൾ മാത്രമാണ് ലാഭകരമായി പ്രവർത്തിക്കുന്നത്. അതിൽ ഒന്നാംഘട്ടമെന്ന നിലയിൽ, നമ്മൾ ശ്രമിച്ചാൽ ലാഭകരമാക്കി പ്രവർത്തിപ്പിച്ച് മുന്നോട്ടുകൊണ്ടുവരാൻ കഴിയുന്ന 300 സംഘങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേകമായിട്ടുള്ള പരിശീലന പരിപാടികളും ഗവൺമെന്റിന്റെ സഹായവുമൊക്കെ നൽകി ആ സംഘങ്ങളെ ആദ്യഘട്ടത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള വലിയൊരു പദ്ധതി ആവിഷ്കരിച്ച്, ഏതാണ്ട് ആറു മാസക്കാലമായി നടപ്പിലാക്കിവരികയാണ്. 2019-20 സാമ്പത്തികവർഷം പ്രസ്തുത 300 സംഘങ്ങളെയും പ്രവർത്തനക്ഷമമാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

മി. സ്പീക്കർ: *183-ാം നമ്പർ ചോദ്യവും *188-ാം നമ്പർ ചോദ്യവും ക്ലബ് ചെയ്യുന്നതിന് നോട്ടീസ് നൽകിയിരുന്നു. ചോദ്യങ്ങളും ഉത്തരങ്ങളും തികച്ചും വ്യത്യസ്തമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## വ്യവസായ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

3 (*183) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചുവെന്നതിന്റെയും അവയിലെല്ലാംകൂടി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നതിന്റെയും കണക്ക് ലഭ്യമാണോ;

(ബി) ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ ലക്ഷ്യവും പുരോഗതിയും അറിയിക്കുമോ;

(സി) നിലവിലുള്ള വ്യവസായ വികസനപ്രദേശം, വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന പ്ലോട്ട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2018 വരെ 36000 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതിലൂടെ ഏകദേശം 127000-ൽപ്പരം തൊഴിലവസരങ്ങൾ വ്യവസായ വകുപ്പുവഴി സൃഷ്ടിച്ചു. ഇതിനുപുറമെ കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ 17 ഇടത്തരം സ്ഥാപനങ്ങളും അതുവഴി 1395 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. വ്യവസായ പാർക്കുകളിൽ സ്ഥാപിതമായ വ്യവസായ ശാലകൾവഴി 421 പേർക്ക് തൊഴിലും കൊടുത്തിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 174 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കിക്കൊടുക്കുകയും ഭൂമി അലോട്ട് ചെയ്യുകയും ചെയ്തുതുവഴി ഏതാണ്ട് 2700-ലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ബി) കിൻഫ്രയുടെ നേതൃത്വത്തിൽ കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം കാസർഗോഡ് എന്നിവിടങ്ങളിൽ ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനത്ത് വിവിധ മേഖലകളിലുള്ള വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കി കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപങ്ങളും സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുള്ള വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ വ്യവസായ എസ്റ്റേറ്റ് എന്നിവയുടെ നവീകരണം ലക്ഷ്യമിട്ട് 28 കോടി രൂപ തനതുവർഷം വകയിരുത്തിയതിൽ 23.91 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ 13.98 കോടി രൂപ ചെലവഴിച്ച് വിവിധ വ്യവസായ ഏരിയ/പ്ലോട്ടുകളിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. എം.എസ്.ഇ.-സി.ഡി.പി. മുഖേന വികസന ഏരിയകളായ പൂവൻതുരുത്ത്, എടയാർ എന്നിവിടങ്ങളിൽ യഥാക്രമം ആയിരം ലക്ഷം, 967.69 ലക്ഷം രൂപയുടെ പദ്ധതി അനുമതി ലഭ്യമായിട്ടുണ്ട്. വ്യവസായ ഭൂമിയുടെ കുറവ് പരിഗണിച്ച് കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾപ്പെടുത്തി വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുകയാണ്; ബഹുനില ഫാക്ടറിക്കെട്ടിടങ്ങളും സമുച്ചയങ്ങളും നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ കൈവശമുള്ള പ്ലോട്ടുകളിൽ അവരുടെ കൂടി സഹകരണത്തോടെ പൊതു-സ്വകാര്യപങ്കാളിത്ത

വ്യവസായ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അതുപ്രകാരം ഇപ്പോൾ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമിയിൽ ഒരു വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി ഈ വർഷം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, വ്യവസായ വകുപ്പ് കൂടുതൽ ഊർജ്ജസ്വലതയോടുകൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 20 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപ ലാഭം നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത് തീർച്ചയായും അഭിനന്ദനാർഹമായ കാര്യമാണ്. ചവറ കെ.എം.എം.എൽ.-ൽ വർഷങ്ങളായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലാപ്പ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമരം നടക്കുകയാണ്. ഏകദേശം 500-നടുത്ത് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് ലാപ്പ തൊഴിലാളികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ കെ.എം.എം.എൽ.-ന്റെ ഏതാണ്ട് 150 ഏക്കറോളം സ്ഥലത്തെ മലിനജലംകാരണം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. എത്രയുംവേഗം ആ സ്ഥലം ഏറ്റെടുത്ത് ജനങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കെ.എം.എം.എൽ.-ലെ ലാപ്പ തൊഴിലാളികളുടേത് തൊഴിൽ പ്രശ്നമാണ്. ഏതാണ്ട് 410 തൊഴിലാളികളുടെ ഒഴിവുകളാണുള്ളത്. അവിടെയുള്ള ചില കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ വരികയും കോടതി നിരീക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ലാപ്പ തൊഴിലാളികൾ എത്രയോ വർഷക്കാലമായി അവിടെ ജോലിചെയ്ത് വരികയാണ്; അവർക്ക് പ്രത്യേകമായി ഒരു സൊസൈറ്റി രൂപീകരിച്ച് അവരെ സ്ഥാപനത്തിന് കൈമാറുകയും സ്ഥാപനത്തിൽ നിന്നും സൊസൈറ്റി അവരുടെ പേരിൽ പണം വാങ്ങുകയും അങ്ങനെ ലാപ്പ തൊഴിലാളികളെ കമ്പനിക്ക് സപ്ലൈ ചെയ്യുന്ന ഒരു സിസ്റ്റവുമാണ് ഇപ്പോഴുള്ളത്. യഥാർത്ഥത്തിൽ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ, അവരുടെ അദ്ധ്വാനത്തിന്റെ പ്രതിഫലത്തിൽനിന്നും ഒരു ഭാഗം ദുരുപയോഗപ്പെട്ടുപോകുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ.-ലെ 410 ഒഴിവുകളും നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സഭാസമ്മേളനം അവസാനിക്കുന്നതിന്റെ തൊട്ടടുത്ത ദിവസംതന്നെ 410 ലാപ്പ്

തൊഴിലാളികളെയും സ്ഥിരപ്പെടുത്തി അവർക്ക് പൂർണ്ണ സുരക്ഷിതത്വം ഈ ഗവൺമെന്റ് കൊടുക്കും. എത്രയോ വർഷക്കാലമായി അവിടെ നിലനിൽക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ഉന്നയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളും അവിടത്തെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

രണ്ടാമത് ഏതാണ്ട് നൂറ്റിയമ്പതോളം വീടുകൾ സ്ഥിതി ചെയ്യുന്ന, കെ.എം.എം.എൽ.-നോട് തൊട്ടുകിടക്കുന്ന പ്രദേശത്ത് വളരെയധികം മലിനജലവും മറ്റും കെട്ടിക്കിടക്കുകയാണ്; അവിടെ ജീവിക്കാൻ പ്രയാസമുള്ള ഒരു പ്രദേശമാണ്. ആ സ്ഥലം ഏറ്റെടുത്ത് തങ്ങൾക്ക് സംരക്ഷണം നൽകണമെന്നുള്ള അവിടത്തെ ജനങ്ങളുടെ വളരെക്കാലമായുള്ള ആവശ്യം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ ആവശ്യം തികച്ചും ന്യായമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നൂറ്റിയമ്പത് വീടുകളുൾപ്പെടെയുള്ള സ്ഥലം ഏറ്റെടുക്കാൻ വലിയ സാമ്പത്തിക ബാധ്യതയാണ് വരുന്നത്. അതെങ്ങനെ പരിഹരിക്കാൻ കഴിയും; ഭൂമി ഏറ്റെടുത്താൽ അതെന്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും തുടങ്ങിയുള്ള കാര്യങ്ങൾ ആലോചിക്കുകയാണ്. കെ.എം.എം.എൽ.-ന്റെ പ്രവർത്തനത്തിൽ നാൽപ്പത് ശതമാനം ധാതുക്കൾ മാത്രമേ ഇപ്പോൾ സംഭരിക്കാനും ഉപയോഗപ്പെടുത്താനും കഴിയുന്നുള്ളൂ. കൂടുതൽ ധാതുമണൽ ശേഖരിക്കാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനും ഉന്നത നിലവാരത്തിലുള്ളതും ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കുന്നതുമായ ഒരു സ്ഥാപനമാക്കി ഉയർത്തിക്കൊണ്ടുവരാനും കഴിയത്തക്ക നിലയിൽ കേരളത്തിൽ കെ.എം.എം.എൽ.-നെ വിപുലീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതുതന്നെ പ്രൈവറ്റ്-പബ്ലിക് പാർട്ടിസിപ്പേഷൻ എന്ന നിലയിൽക്കൂടി ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്നുള്ള കാര്യവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. അതെല്ലാം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, കഴിഞ്ഞ പ്രളയത്തിൽ ധാരാളം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കഴിഞ്ഞ കാലവർഷക്കെടുതിയിൽ ചെറുകിട വ്യവസായ സംരംഭകർക്ക് വലിയ നഷ്ടമാണുണ്ടായിട്ടുള്ളത്. പ്രളയക്കെടുതിയിൽ MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിനുവേണ്ടി വ്യവസായവകുപ്പ് ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ ചുമതലയിൽ വ്യവസായ വികസന

ഓഫീസർമാർ ഓരോ യൂണിറ്റും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള കണക്കുപ്രകാരം 492 MSME യൂണിറ്റുകൾക്ക് ഏകദേശം 1355.19 കോടി രൂപയുടെയും 14271 ഷോപ്പുകൾക്ക് 489.54 കോടി രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പ്രളയത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന' സഹായപദ്ധതി പ്രഖ്യാപിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിലൊന്ന് ടേം ലോൺ ആണ്. അതനുസരിച്ച് വായ്പയുടെ 25% അല്ലെങ്കിൽ 2 ലക്ഷം രൂപവരെ മാർജിൻ മണിയായി ബാങ്കുകൾക്ക് കൊടുക്കാൻ തീരുമാനിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടാമത്തേത്, വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ ആണ്. വായ്പയുടെ 25% അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് കൊടുക്കാൻ തീരുമാനിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇനി വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് പത്ത് ലക്ഷം രൂപ വരെ മാർജിൻ മണിക്ക് പകരമായി 9% പലിശനിരക്കിൽ താങ്ങുപലിശ സർക്കാർ ബാങ്കുകൾക്ക് നൽകും. പത്ത് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് 9% പലിശ ബാങ്കുകൾക്ക് കൊടുക്കും. യഥാർത്ഥത്തിൽ കച്ചവടക്കാർക്കും ചെറുകിട വ്യവസായികൾക്കും പത്ത് ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. പ്രളയ ബാധിതരെ സഹായിക്കുന്നതിന് ഡിസംബർ മാസത്തിലാണ് ഉത്തരവ് വന്നത്. ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായിരുന്നു പ്രളയമുണ്ടായത്. അതുകൊണ്ട് ഈ ഉത്തരവ് വരുന്നതിനുമുമ്പും നഷ്ടം സംഭവിച്ചിട്ടുള്ളതുകൊണ്ട് പ്രസ്തുത ഉത്തരവിനുശേഷം മാത്രമല്ല, അതിനുമുമ്പുള്ളവരെയും ഇതിന്റെ പരിധിക്കകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ അഭാവം, വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം തുടങ്ങിയ എല്ലാ കാര്യങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിൽ വ്യവസായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കണ്ണൂർ ജില്ലയിൽ ഇരിണാവിൽ യു.പി.എ. സർക്കാരിന്റെ കാലത്ത് കോസ്റ്റ് ഗാർഡ് അക്കാദമിക്കുവേണ്ടി സംസ്ഥാന സർക്കാർ ഭൂമി

കൈമാറുകയുണ്ടായി. എന്നാലിപ്പോൾ കേന്ദ്ര പ്രതിരോധ വകുപ്പ് ആ പദ്ധതിയിൽ നിന്ന് പിന്മാറിയിരിക്കുകയാണ്. ആ സ്ഥലം തിരിച്ചെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നുവെന്നത് നല്ല കാര്യമാണ്. അവിടെ വ്യവസായ പാർക്ക് ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുള്ള കാര്യത്തിൽ സർക്കാർ നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവിലുള്ള ഏതാണ്ട് നൂറ്റമ്പതോളം ഏക്കർ സ്ഥലം നേരത്തേ കിൻഫ്ര ഏറ്റെടുത്തിരുന്ന ഭൂമിയായിരുന്നു. കണ്ണൂർ പവർ പ്രോജക്ടിനു വേണ്ടിയായിരുന്നു അന്ന് ആ ഭൂമി ഏറ്റെടുത്തത്. പക്ഷേ, പിന്നീട് ആ പവർ പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാതെ വന്നു. ആ 150 ഏക്കർ ഭൂമിയും പിന്നീട് കോസ്റ്റ് ഗാർഡ് ആസ്ഥാനത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് വിട്ടുകൊടുക്കുകയുണ്ടായി. ബഹുമാന്യനായ എ. കെ. ആന്റണി മന്ത്രിയായിരുന്ന കാലത്ത് വലിയ ആഘോഷത്തോടുകൂടി തറക്കല്ലിട്ടതല്ലാതെ ഒരു പ്രവൃത്തിയും അവിടെ നടന്നില്ല. തറക്കല്ല് മാത്രം അവശേഷിച്ചു. ഇപ്പോൾ ശ്രീ. നരേന്ദ്രമോദി ഗവൺമെന്റ് ആ കോസ്റ്റ് ഗാർഡ് പദ്ധതി ഉപേക്ഷിച്ചിരിക്കുകയാണ്. അത്തരമൊരു ഘട്ടത്തിൽ ആ നൂറ്റിയമ്പത് ഏക്കർ ഭൂമി തിരിച്ചുവാങ്ങാനും അത് കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് ഉപയോഗപ്പെടുത്താനുമാവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. കഴിയുന്നത്ര വേഗത്തിൽ ആ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. അങ്ങനെ വന്നാൽ നല്ലൊരു വ്യവസായ പ്ലോട്ടായി അതിനെ രൂപപ്പെടുത്തിയെടുക്കാൻ കഴിയും.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. ഡി. കെ. മുരളി: സർ, പ്രളയം ബാധിച്ച് നഷ്ടം വന്ന വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനാണ് KSIDC 'പുനർജ്ജനി' എന്ന വായ്പാപദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ പ്രധാന സവിശേഷതകളും നിബന്ധനകളും വിശദമാക്കാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, പ്രളയബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ KSIDC നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് 'പുനർജ്ജനി'. ഈ പദ്ധതിപ്രകാരം പ്രളയ ബാധിത ജില്ലകളിലും വില്ലേജുകളിലും ഹ്രസ്വകാല വായ്പകൾ, പതിവുകാലാവധി വായ്പകൾ, KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്കായി അധിക പിന്തുണാപദ്ധതി, കാലാവധി വായ്പകൾക്ക് സംസ്ഥാനം മുഴവൻ ബാധകമായ പ്രത്യേക പദ്ധതി എന്നിവയാണ് ലഭ്യമാക്കുക. 9 ശതമാനം പലിശനിരക്കിൽ 3 കോടി രൂപ വരെ വായ്പയായി നൽകും.

നിലവിലുള്ള പലിശ നിരക്കിൽ നിന്ന് 2.7% വരെ ഇളവിലാകും ഈ വായ്പ നൽകുക. വായ്പ ലഭിച്ച് 9 മാസത്തിനുശേഷമാണ് തിരിച്ചടവ് തുടങ്ങുന്നത്. വൻകിട വ്യവസായ സ്ഥാപനങ്ങൾക്ക് മാത്രം ലഭിച്ചിരുന്ന വായ്പാ സൗകര്യങ്ങൾ നിബന്ധനകൾക്ക് വിധേയമായി ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും വ്യക്തികൾ നടത്തുന്ന വ്യവസായ സംരംഭങ്ങൾക്കും ലഭ്യമാക്കുമെന്നതാണ് ഈ പദ്ധതിയുടെ പ്രധാന സവിശേഷത. കുറഞ്ഞ വായ്പാ പരിധി 50 ലക്ഷത്തിൽ നിന്നും 20 ലക്ഷമായി കുറച്ചിട്ടുണ്ട്. ഹ്രസ്വകാല വായ്പാ തിരിച്ചടവ് കാലാവധി ഒരു വർഷത്തിൽനിന്ന് 3 വർഷമായി ഉയർത്തി. ജാമ്യ വ്യവസ്ഥ ഉദാരമാക്കൽ, പ്രോസസ്സിംഗ് ഫീസ് ഒഴിവാക്കൽ എന്നിവയടക്കമുള്ള ആനുകൂല്യങ്ങളോടെ 2019 മാർച്ച് 31 വരെ പദ്ധതി പ്രാബല്യത്തിലുണ്ടാകും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നിരവധി പതിറ്റാണ്ടുകളായി ഇന്ത്യ ഭരിച്ച കോൺഗ്രസ്സും ഇപ്പോൾ രാജ്യം ഭരിച്ചുമുടിച്ച ബി.ജെ.പി.-യും ഒരുപോലെ കേരളത്തോട് കാണിച്ച വഞ്ചനയാണ് പാലക്കാട് കോച്ച് ഫാക്ടറിയുടെ പ്രഖ്യാപനവും പിൻവലിക്കലും. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള കോൺഗ്രസ്-ബി.ജെ.പി. വിരുദ്ധവികാരം ഈ സർക്കാർ നടത്തുന്ന വ്യവസായ വിപ്ലവത്തിന് ഊർജ്ജമായിത്തീരുമെന്ന് അങ്ങ് കരുതുന്നുണ്ടോ; അതോടൊപ്പം കൊച്ചിയിൽ കിൻഫ്ര മുഖാന്തരം സ്ഥാപിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ പുരോഗതി വിശദമാക്കാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കേന്ദ്രം ഭരിച്ചിരുന്നവരുടെ അവഗണനയ്ക്ക് വിധേയമായ ഒരു സംസ്ഥാനമാണ് കേരളം. പണ്ട് യു.പി.എ. ഗവൺമെന്റ് ഭരിക്കുമ്പോഴും ഇതേ അവസ്ഥയാണ് ഇന്റഗ്രൽ കോച്ച് ഫാക്ടറിയുടെ കാര്യത്തിലുണ്ടായത്. ബി.ജെ.പി. ഗവൺമെന്റ് വന്നപ്പോഴും അതുതന്നെയാണ് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്റഗ്രൽ കോച്ച് ഫാക്ടറിയും ഇൻസ്ട്രുമെന്റേഷനും പൂർണ്ണമായും ഉപേക്ഷിച്ചു. ഇങ്ങനെ ഉപേക്ഷിക്കുന്ന സ്ഥലങ്ങൾ പരമാവധി ഏറ്റെടുത്ത് കേരളത്തിന്റെ സാധ്യതകൾക്കനുസരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് വ്യവസായ സമുച്ചയങ്ങൾ സൃഷ്ടിക്കാനും അതുവഴി കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ വിപുലീകരിക്കാനും നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചെടുക്കാനുമുള്ള ബൃഹത്തായ പദ്ധതികൾക്കാണ് ഗവൺമെന്റ് രൂപം നൽകിയിട്ടുള്ളത്. ഇവിടെ പുതിയ സംരംഭകർവരുന്ന അവസരത്തിൽ അവർ ലൈസൻസിനും വ്യവസായ അനുമതിക്കുംവേണ്ടി കാത്തുകിടന്ന്, ഓഫീസുകൾ കയറിയിറങ്ങി നിരാശരായി

മടങ്ങിപ്പോകുമെന്നുള്ളതായിരുന്നു നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള ഒരു പരാതി. അതിന് പരിഹാരം കാണാനായി, ഓൺലൈൻ വഴി അപേക്ഷ കൊടുത്ത് ഒരു മാസത്തിനുള്ളിൽ ലൈസൻസും ആവശ്യമുള്ള തരത്തിലുള്ള അനുവാദവും ലഭ്യമാക്കുന്ന K-SWIFT എന്ന പുതിയൊരു സോഫ്റ്റ്‌വെയർ മുഖേന വിപുലീകരിച്ച സംവിധാനങ്ങളിലൂടെ സംരംഭകർക്ക് വലിയ തരത്തിൽ സഹായം നൽകാനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. ആവശ്യപ്പെട്ടാൽ പതിനാല് വകുപ്പുകളിലും ഭേദഗതികൾ വരുത്തി ഇവിടെ പാസ്സാക്കിയെടുത്ത നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനുള്ളിൽ ലൈസൻസ് ലഭ്യമാക്കും. അപേക്ഷ കൊടുത്ത് ഒരു മാസത്തിനിടയിൽ അവർക്കാവശ്യമായ അനുവാദം ലഭിക്കുന്നില്ലെങ്കിൽ, ഏതെങ്കിലും ഡിപ്പാർട്ട്മെന്റ് കൃത്യസമയത്തുതന്നെ നിർദ്ദേശങ്ങൾ നൽകിയില്ലെങ്കിൽ അതിന്റെ ഉത്തരവാദികൾ അവരായിരിക്കും. Deemed license നൽകത്തക്ക നിലയിലുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്. അതനുസരിച്ച് ബഹുമാനപ്പെട്ട അടൂർപ്രകാശിനെപ്പോലെ ഒരാൾ ഒരു പുതിയ വ്യവസായം ആരംഭിക്കുന്നുണ്ടെങ്കിൽ അപേക്ഷ കൊടുത്ത് ഒരു മാസത്തിനകം നിങ്ങൾക്ക് ലൈസൻസും മറ്റും ലഭിച്ചിരിക്കും. അതാണ് ഇന്നത്തെ കേരളവും ഇവിടത്തെ വ്യവസായനയവും. അതാണ് ശ്രീ.പിണറായി വിജയൻ ഗവൺമെന്റിന്റെ പ്രത്യേകത. പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം സംസ്ഥാന സർക്കാർ കിൻഫ്രയ്ക്ക് നൽകി ഉത്തരവായിട്ടുണ്ട്. എറണാകുളം ജില്ലയിലെ അമ്പലമുകളിലുള്ള FACT-യുടെ 481 ഏക്കർ ഭൂമി പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പദ്ധതിക്കുവേണ്ടിയുള്ള ധനസഹായം കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴിയാണ് ലഭ്യമാക്കുന്നത്. അതിൽ 150 ഏക്കർ പെട്രോകെമിക്കൽ വ്യവസായങ്ങൾക്ക് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പാർക്കിന്റെ പദ്ധതി ചെലവ് 1864 കോടി രൂപയാണ്.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശിനെ പ്രത്യേകിച്ച് പറയാനെന്താണ് കാരണം?

ശ്രീ. ഇ. പി. ജയരാജൻ: സർ, അദ്ദേഹം നല്ലൊരു വ്യവസായിയും വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരാളുമാണെന്ന് എനിക്കറിയാം.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു).

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (I) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ പ്രസ്ഥാനവും വില നിയന്ത്രണവും

4(*184) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ പ്രധാനമായ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്താനായി സഹകരണ പ്രസ്ഥാനം നടത്തിവരുന്ന ഇടപെടൽ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് കൺസ്യൂമർഫെഡിനെ തകർച്ചയിൽ നിന്ന് കരകയറ്റുന്നതിനും ജനകീയമാക്കുന്നതിനും സഹകരണ വകുപ്പ് നടത്തിയ പ്രവർത്തനം അറിയിക്കാമോ;

(സി) പ്രതിസന്ധി നേരിട്ടിരുന്ന വിവിധ ക്രെഡിറ്റിതര സഹകരണ സംഘങ്ങളെ കരകയറ്റാനായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്താനായി കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നീതി സ്റ്റോറുകളിലൂടേയും പൊതു വിപണിയിലെ വിലയേക്കാളും കുറഞ്ഞ വിലയിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്തുവരുന്നു. സഹകരണ സംഘങ്ങൾ മുഖേന സബ്സിഡിയില്ലാത്ത ഇനങ്ങളും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ റംസാൻ വിപണി, ഓണം വിപണി, ക്രിസ്തുമസ്-പുതുവത്സര വിപണി എന്നിവയ്ക്ക്

കൺസ്യൂമർഫെഡിന് സർക്കാർ പണം അനുവദിച്ചു നൽകിയിരുന്നു. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണന മേളകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് 3466 വിപണികളിലൂടേയും ക്രിസ്തുമസ് പുതുവത്സരം പ്രമാണിച്ച് 460 വിപണികളിലൂടേയും നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയിരുന്നു. ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 100 കോടി രൂപ വകയിരുത്തിയിരുന്നു. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശമേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം ലഭ്യമാക്കിവരുന്നു. സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതിനുമുമ്പായി സ്റ്റുഡന്റ് മാർക്കറ്റുകൾ ആരംഭിക്കുന്നു. സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്ന വിപണി ഇടപെടൽ സംസ്ഥാനത്തെ വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ചു നിർത്തുന്നതിന് സഹായകരമായി വർത്തിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളിൽ അഴിമതി അവസാനിപ്പിച്ച് ജനോപകാരപ്രദമാക്കി മാറ്റുന്നതിന്റെ ഭാഗമായി 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ 25-7-2016-ൽ ഫെഡറേഷന്റെ ഭരണ നിർവ്വഹണത്തിനായി നിയമിച്ചിരുന്നു. ഈ കമ്മിറ്റി ചാർജ്ജെടുത്ത ശേഷം ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ - ടെണ്ടർ സംവിധാനം നടപ്പിലാക്കി ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി കെട്ടിക്കിടന്നിരുന്ന സാധനങ്ങൾ ലേലം ചെയ്തു. ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് പരസ്യലേലംവഴി വിറ്റഴിച്ചു. ജീവനക്കാരെ ശാസ്ത്രീയമായി തിട്ടപ്പെടുത്തി പുനർവിന്യസിച്ചു. ലാഭകരമല്ലെന്ന്

കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മസ്റ്റോറുകൾ ഒഴിവാക്കി. 2012-13 മുതൽ 2015-16 വരെയുള്ള കുടിശ്ശിക ആഡിറ്റ് പൂർത്തിയാക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 61.63 കോടി രൂപയും 2019 ഡിസംബർ വരെ ഏകദേശം 55 കോടിയോളം രൂപയും ഫെഡറേഷൻ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. സപ്ലയേഴ്സിന് നൽകുവാനുണ്ടായിരുന്ന കുടിശ്ശികയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 38.9932 കോടി രൂപ ഈ സർക്കാർ അധികാരമേറ്റശേഷം ഫെഡറേഷൻ നൽകിയിട്ടുണ്ട്. ഉത്സവ വിപണികൾക്കായി 2016-17 വർഷം 3 കോടി രൂപയും 2017-18 വർഷം 52 കോടി രൂപയും 2018-19 വർഷം ഇതുവരെ 41 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ കൺസ്യൂമർ ഫെഡിനെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനും ജനകീയമാക്കുന്നതിനും സഹായകമായിട്ടുണ്ട്. കൂടാതെ 1-11-2016 പ്രാബല്യത്തിൽ കൺസ്യൂമർഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കി. കൺസ്യൂമർ ഫെഡിൽ 24-1-2019 മുതൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നു.

(സി) ക്രെഡിറ്റിതര സഹകരണ സംഘങ്ങളെ കരകയറ്റുന്നതിനായി ഈ സർക്കാർ വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വനിത ഫെഡിനെ ശക്തിപ്പെടുത്തുന്നതിനായി നാളിതുവരെ ഓഹരി മൂലധനമായി 40,17,000 രൂപയും ഗ്രാന്റിനത്തിൽ 2,06,03,500 രൂപയും കെട്ടിടം വാങ്ങുന്നതിനായി 48,65,000 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമായി നടപ്പുസാമ്പത്തിക വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി നടപ്പു സാമ്പത്തികവർഷം 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഉപഭോക്തൃ സഹകരണ സംഘങ്ങൾ, നീതി സ്റ്റോറുകൾ, ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ, സ്കൂൾ, കോളേജ്, സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഓഹരി/സബ്സിഡി അനുവദിക്കുന്നതിനായി 3.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രായോഗികമായ വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കും ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിക്കായി 3.95 കോടി രൂപ വകയിരുത്തിയിരുന്നു.

ഇതിൽ 2.5098 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പലവക സഹകരണ സംഘങ്ങൾക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നതിൽ 7.2380 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ICDP, NCDC പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി സഹായങ്ങൾ നൽകിവരുന്നു. ഇത്തരത്തിൽ ക്രെഡിറ്റിതര സഹകരണ സംഘങ്ങളെ കരകയറ്റുന്നതിനായി ഈ സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## വൈദ്യുതി നയത്തിൽ മാറ്റങ്ങൾ

5 (*185) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്ന തരത്തിൽ വൈദ്യുതി നയത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഇതിനുള്ള സാദ്ധ്യതകൾ പഠനവിധേയമാക്കിയതിന് ശേഷമാണോ കരട് നയം രൂപീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വൈദ്യുതോൽപാദന രംഗത്ത് എന്ത് തരം മാറ്റമാണ് സ്വകാര്യ പങ്കാളിത്തം വഴി പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉത്പാദനം ഗണ്യമായി വർധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കരട് വൈദ്യുത നയം 2019-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് അതിനുള്ള സാധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനത്തിനുള്ള ശേഷി 6110 മെഗാവാട്ടാണെന്നും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷി 837 മെഗാവാട്ടാണെന്നും MNRE-യുടെ പഠന റിപ്പോർട്ടുകളിൽ നൽകിയിട്ടുണ്ട്. KSEB-യും വിവിധ ഏജൻസികളും നിരവധി സൗരോർജ്ജ പദ്ധതികളും കാറ്റിൽനിന്നുള്ള പദ്ധതികളും നടപ്പിലാക്കിയതിന്റെ അനുഭവം കൂടി കണക്കിലെടുത്താണ് നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്.

കാറ്റ്, സൗരോർജ്ജം തുടങ്ങിയ പുനരുപയോഗ ഊർജ്ജ ഉല്പാദന ചെലവിൽ വൻ തോതിലുള്ള കുറവ് ദൃശ്യമാകുന്നുണ്ട്. ഇവയിൽനിന്നുള്ള ഉത്പാദനം പരമാവധി പ്രോത്സാഹിപ്പിക്കുന്നതാണ്.

സംസ്ഥാനത്തെ ജലസംഭരണികൾ, വെസ്റ്റ് കല്ലട പോലുള്ള വെള്ളക്കെട്ടുകൾ, കായംകുളം NTPC നിലയത്തിന് സമീപമുള്ള ജലാശയങ്ങൾ തുടങ്ങി സാധ്യമായ എല്ലായിടത്തും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും. ഇത്തരം പദ്ധതികൾക്ക് തുടക്കത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതാണ്. കനാലുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിലും ഇതേ സമീപനം സ്വീകരിക്കും.

സൗരോർജ്ജ വൈദ്യുതി വികസനത്തിന് കേരളത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ അഭികാമ്യമായ രീതി വികേന്ദ്രീകൃത പുരപ്പുറ സൗരോർജ്ജ നിലയങ്ങളാണ്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. സ്ഥാപനപരമായ പുനഃസംഘടന നടത്തിയും പുതിയ ബിസിനസ് മാതൃകകൾ സൃഷ്ടിച്ചും സൗരോർജ്ജ പാനലുകളുടെ ഫലപ്രദമായ വിന്യാസം ഉറപ്പുവരുത്തുന്നതിന് KSEB ലിമിറ്റഡ് മുൻകൈ എടുക്കും.

(ബി) സുതാര്യമായ ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാവും പുനരുപയോഗ ഊർജ്ജ ഉല്പാദന രംഗത്ത് സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയെന്ന് കരട് നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ താരിഫ് റെഗുലേറ്ററി കമ്മീഷൻ ഓരോ പദ്ധതിയുടെയും സവിശേഷതകൾ കണക്കിലെടുത്ത് നിശ്ചയിക്കും. ഭാവിയിൽ താരിഫ് അധിഷ്ഠിത മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെയാകും സ്വകാര്യ പദ്ധതികളിൽനിന്നുള്ള വൈദ്യുതി വാങ്ങുക. വൈദ്യുതോൽപ്പാദന മേഖലയിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ പങ്കാളിത്തം നിലവിലുണ്ട്, അത് തുടരാനും ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ വൈദ്യുത മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വിവിധ തരത്തിലുള്ള വൈദ്യുതോൽപ്പാദന രീതികൾ സമന്വയിപ്പിച്ച് സ്വയം പര്യാപ്തതയിലെത്തുക എന്നതാണ് ലക്ഷ്യം. സ്വകാര്യ മേഖലയിൽ 47.4 മെഗാവാട്ട് കപ്പാസിറ്റിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ടടിസ്ഥാനത്തിൽ ഈ സർക്കാർ അനുവദിക്കുകയുണ്ടായി. സ്വകാര്യ പങ്കാളിത്തം വഴി ഊർജ്ജോത്പാദന മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്. ഇത്തരം പദ്ധതികൾ ബൂട്ട് കാലാവധിയായ 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് മടക്കി നൽകേണ്ടതാണ്.

## വ്യവസായ പ്രോത്സാഹന പദ്ധതികൾ

6(*186) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ഉണ്ണി :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേനയും കിൻഫ്ര വഴിയും നടപ്പിലാക്കി വരുന്ന വ്യവസായ പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒറ്റപ്പാലം ഡിഫൻസ് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക് എന്നിവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) പ്രളയബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനായി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പുനർജ്ജനി പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കെ.എസ്.ഐ.ഡി.സി. നൽകിവരുന്ന വ്യവസായ പ്രോത്സാഹന പദ്ധതികൾ താഴെപ്പറയുന്നു

(1) ചെറുകിട ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 3500 ലക്ഷം രൂപ വരെ ധനസഹായവും മറ്റ് വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു.

(2) ബാങ്ക് നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറുവാൻ ലോണുകളുടെ പലിശ നിരക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തുകയുണ്ടായി. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 9.75%-11.75% ആണ്. കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ

നിരക്കിൽ മുക്കാൽ ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു.

(3) ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ലോണുകളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്.

(4) പ്രളയക്കെടുതിയിൽനിന്ന് വ്യവസായ മേഖലയെ കൈപിടിച്ച് ഉയർത്തുന്നതിന് കെ.എസ്.ഐ.ഡി.സി. പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

(5) പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും ലോണുകളുടെ പലിശ നിരക്കിലുള്ള വർദ്ധനവ് അടുത്ത രണ്ടു വർഷത്തേയ്ക്ക് (2020 സെപ്റ്റംബർ 30 വരെ) ഒഴിവാക്കിയിരിക്കുന്നു.

(6) പുതിയ ഉൽപ്പാദന വ്യവസായങ്ങൾക്ക് കേരള ഗവൺമെന്റിന്റെ എൻട്രപ്രണർഷിപ്പ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

(7) ഇതുകൂടാതെ കേരളത്തിലെ യുവതലമുറയെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഏഞ്ചൽ ഫണ്ടിംഗ്/സീഡ് ഫണ്ടിംഗ് എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. ഇന്നോവേറ്റീവ് സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സഹായങ്ങൾ നൽകി അവർക്ക് വ്യാവസായിക വിജയവും ഉറപ്പുവരുത്തുന്നു.

കിൻഫ്രവഴി നടപ്പിലാക്കിവരുന്ന വ്യവസായ പ്രോത്സാഹന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. രണ്ടാം ഘട്ട വികസനം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.

2. കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം.

3. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്

5. കിൻഫ്ര പാർക്ക്, മട്ടന്നൂർ

6. മെഗാ ഫുഡ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

7. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

8. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.

(ബി) ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ 'പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20-12-2017 തീയതി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 489.46 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എൽ.-ന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിലുണ്ടാകാവുന്ന നിക്ഷേപ സാധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻന്റിനെ കിൻഫ്ര നിയമിക്കുകയും അവർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ട പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമ തീരുമാനം കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്.

(സി) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒറ്റപ്പാലം ഡിഫൻസ് പാർക്കിന്റെയും പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെയും നിലവിലെ സ്ഥിതി താഴെപ്പറയുന്നു:

1. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 130.94 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവ്. 50 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായമായി ലഭിക്കും. ഇതിൽ 35 കോടി രൂപ കിൻഫ്രയ്ക്ക് ലഭിച്ചുകഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, കോമൺ ഫെസിലിറ്റി സെന്റർ, വെയർ ഹൗസ്,

കോമൺ യൂട്ടിലിറ്റി സെന്റർ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മൊത്തത്തിൽ പദ്ധതിയുടെ 71% പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 31-3-2019-ഓടുകൂടി പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകും.

2. <u>മെഗാ ഫുഡ് പാർക്ക്, പാലക്കാട്</u>

കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാ ഫുഡ് പാർക്ക്. 79 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. ഈ പദ്ധതിക്ക് 50 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിക്കും. ഇതിൽ 28.81 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ധനസഹായം 6 കോടി രൂപയും നല്കിയിട്ടുണ്ട്.

ഇതിന്റെ ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങളായ ചുറ്റുമതിൽ, റോഡ്, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, വെയർ ഹൗസ്, വേബ്രിഡ്ജ്, ഗേറ്റ് ഹൗസ്, സ്പൈസസ് പ്രോസസിംഗ് സംവിധാനം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കോൾഡ് സ്റ്റോറേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 70%പൂർത്തീകരിച്ചു. 31-1-2019-ഓടുകൂടി ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പാർക്കിന്റെ 95% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 18 സംരംഭകർക്കായി 29.55 ഏക്കർ ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ അലോട്ട്മെന്റ് 2019 തുടക്കത്തിൽതന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രളയബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനായി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പുനർജ്ജനി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി* കൊടുത്തിരിക്കുന്നു.

**വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന്**
**പ്രത്യേക പാക്കേജ്**

7 (*187) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയ സെസ്സിൽനിന്നും ലഭിക്കുന്ന അധിക വരുമാനം വിനിയോഗിക്കുമ്പോൾ വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് മുൻഗണന നൽകുമോ;

(സി) പ്രളയത്തിൽ വ്യാപാരികളുടെ സർവ്വ രേഖകളും നഷ്ടപ്പെട്ട സാഹചര്യത്തിൽ ജി.എസ്.ടി. റിട്ടേണുകൾ സമർപ്പിക്കുവാൻ പ്രത്യേക മാനദണ്ഡം ഉണ്ടാക്കുമോ എന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രളയംമൂലം നാശനഷ്ടം സംഭവിച്ച വ്യാപാരികളുടെ വിശദാംശങ്ങൾ പ്രത്യേക ഫോറത്തിൽ വ്യാപാരി ക്ഷേമ ബോർഡിന്റെ 22-9-2018-ലെ ബോർഡ് യോഗതീരുമാന പ്രകാരം ശേഖരിച്ചിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായും മുങ്ങിയ പഞ്ചായത്തുകളിലെയും വാർഡുകളിലെയും വ്യാപാരികൾക്ക് അന്വേഷണം നടത്താതെ എക്സ്ഗ്രേഷ്യാ ആനുകൂല്യം പൂർണ്ണമായും നൽകുന്നതിനും പ്രളയം ബാധിച്ച മറ്റ് പ്രദേശങ്ങളിലെ വ്യാപാരികൾക്ക് 26-12-2018-ലെ ബോർഡ് യോഗ തീരുമാനപ്രകാരം രൂപീകരിച്ച സബ് കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടുപ്രകാരം എക്സ്ഗ്രേഷ്യാ ആനുകൂല്യം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ ചെറുകിട ഇടത്തരം വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റിൽ വാണിജ്യവകുപ്പിന് 15 കോടി രൂപയും വ്യാപാരി വ്യവസായ ക്ഷേമനിധിക്ക് അധികമായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രളയത്തിൽ 12,160 വ്യാപാരികൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ടെന്നാണ് വ്യാപാരി സംഘടനകളും ക്ഷേമനിധിയും സംയുക്തമായി വിലയിരുത്തിയിട്ടുള്ളത്. ഇവരിൽ ക്ഷേമനിധി അംഗങ്ങളായ 1,130 പേർക്ക് ക്ഷേമനിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. ബാക്കിയുള്ളവർക്കും ഇതേ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതരായ ഈ വ്യാപാരികൾ മാർച്ച് 31-നകം എടുക്കുന്ന വായ്പകളുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ വഹിക്കുന്നതാണ്. മേൽ നടപടികൾ വ്യാപാരികൾക്കുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ 08/2018 നമ്പർ വിജ്ഞാപന പ്രകാരവും കേരള സർക്കാർ വിജ്ഞാപനം SRO No. 679/2018 പ്രകാരവും 2018 ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെ റിട്ടേണുകൾ നൽകുവാനുള്ള സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

8(*188) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വ്യവസായ പുനഃസംഘടനാ ബോർഡ് നടത്തുന്ന അവലോകനം എത്രമാത്രം സഹായകമായി എന്ന് വിശദമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ മികവുറ്റ ഉല്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതിക വിദ്യയും നടപ്പിലാക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനുമുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ റിയാബ് മുഖാന്തരം മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള തീരുമാനം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ ഓരോ മേഖലയിലും വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുമെന്ന തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതുമൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഉണ്ടായ ഗുണകരമായ മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്യുന്ന സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന ശക്തിപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് മാസംതോറുമുള്ള റിപ്പോർട്ട് ഇന്റർനെറ്റ് സംവിധാനം മുഖേന ശേഖരിച്ചാണ് അവലോകനത്തിന് വിധേയമാക്കുന്നത്. സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് എല്ലാ മാസവും നടത്തിവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി മേഖല തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുകയും ചെയ്യുന്നു. കൂടാതെ പൊതുമേഖലാസ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്ന് നൽകുവാൻ സാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയുംകൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി, വിപണിയിൽനിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ, ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തികവർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ വൈവിദ്ധ്യവൽക്കരണ പദ്ധതികൾക്കായി

ധനസഹായം നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി അനുവദിച്ചുവരുന്നു. 2019-20-ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 2016 -ൽ റിയാബ് മുഖേന മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 13 പേരെ നിയമിച്ചിരുന്നു. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പുനഃസംഘടിപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം ബോർഡ് തലത്തിൽ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ നവീകരണ വിപുലീകരണ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും വിദഗ്ദ്ധരായ ഡയറക്ടർമാരുടെ സേവനം വളരെയധികം സഹായകരമായിട്ടുണ്ട്.

**കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടി**

9 (*189) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വാണിജ്യ ബാങ്കുകൾ സംസ്ഥാന വികസനത്തിനുതകുന്ന തരത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്

താല്പര്യമെടുക്കാതെ ഇതര സംസ്ഥാനങ്ങളിലെ ധനമൂലധനശക്തികളുടെയും കുത്തക വ്യവസായികളുടെയും താല്പര്യ സംരക്ഷണത്തിനുള്ള ധനസമാഹരണത്തിന് മുൻഗണന നൽകുന്ന സാഹചര്യത്തിൽ മൂന്നുകോടിയിൽപ്പരം സഹകാരികളുള്ള സഹകരണമേഖല സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അനുയോജ്യമായ നയപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ജനകീയത കൈമുതലായുള്ള സഹകരണ സംഘങ്ങൾ ആധുനിക ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമത ഉയർത്താനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ക്രെഡിറ്റ് മേഖലയിൽ വൻകുതിപ്പുണ്ടാക്കാൻ ഉദ്ദേശിച്ചുള്ള കേരള ബാങ്ക് രൂപീകരണം അട്ടിമറിക്കാൻ നടത്തുന്ന നീക്കം അതിജീവിച്ചുകൊണ്ട് ആയത് യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളും പ്രവാസി സമൂഹവും തനത് നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരത്തിലുള്ള നിക്ഷേപം സമസ്ത മേഖലയുടേയും വികസനത്തിന് ഉപയോഗപ്പെടുന്ന ശക്തമായ സാമ്പത്തിക അടിത്തറയുള്ളതും ആധുനിക സേവനങ്ങൾ നൽകാൻ കഴിയുന്നതുമായ ഒരു സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ചുവടെ ചേർക്കുന്ന ആധുനിക സേവനങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്:

1. മൊബൈൽ ബാങ്കിംഗ്

   മറ്റ് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിലേയ്ക്ക് ദ്രുതഗതിയിൽ സാമ്പത്തിക വിനിമയം നടത്തുവാനുള്ള സൗകര്യം. ഏതു സമയത്തും അക്കൗണ്ട് ബാലൻസും സ്റ്റേറ്റ്മെന്റും അറിയുവാനുള്ള സൗകര്യം.

2. RTGX/NEFT ഫണ്ട് ട്രാൻസ്ഫർ സൗകര്യങ്ങൾ

3. ഇന്ത്യയിലുടനീളം ഉപയോഗിക്കാവുന്ന ATM സൗകര്യം.

4. PoS മുഖേന ഏതു വ്യാപാര സ്ഥാപനങ്ങളിലേയ്ക്കും വ്യവഹാരം നടത്തുവാൻ കഴിയും.

5. ഓൺലൈൻ ഷോപ്പിംഗിനുള്ള ഇ-കോമേഴ്സ് സൗകര്യം.

6. IMPS മുഖേന മറ്റ് ബാങ്കുകളുടെ അക്കൗണ്ടിലേയ്ക്ക് എപ്പോൾ വേണമെങ്കിലും പണം അടയ്ക്കാം.

7. DBT മുഖേന ഗവൺമെന്റ് സബ്സിഡികൾ ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുവാനുള്ള സൗകര്യം.

8. CTS/NACH മുഖേന അക്കൗണ്ടുകളിലെ വ്യവഹാരത്തിനുള്ള സൗകര്യം.

9. MMS വഴി അക്കൗണ്ടുകളിലേയ്ക്ക് പണം ഒടുക്കാനുള്ള സൗകര്യം.

പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ ഉല്പന്നങ്ങൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ. ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാലുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടേയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വേനൽക്കാലത്തേയ്ക്ക് ആവശ്യമായ അധിക വൈദ്യുതി

10(*190) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വേനൽക്കാലത്തേയ്ക്ക് ആവശ്യമായി വരുന്ന അധിക വൈദ്യുതിയുടെ ആവശ്യകത നിറവേറ്റുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതി നമ്മുടെ ഉപഭോഗത്തിന് അനുസൃതമായി ഉയരാത്ത സാഹചര്യത്തിൽ ഇതിനായി കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നോ പുറത്ത് നിന്നുള്ള ജനറേറ്റിംഗ് കമ്പനികളിൽ നിന്നോ വൈദ്യുതി വാങ്ങേണ്ട സാഹചര്യമുണ്ടോ; എങ്കിൽ എന്ത് നിരക്കിലാണ് പ്രസ്തുത വൈദ്യുതി വാങ്ങുന്നത്; വെളിപ്പെടുത്താമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടാക്കിയ പവർ പർച്ചേസിംഗ് എഗ്രിമെന്റുകൾ, കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടില്ലേ എന്നറിയിക്കാമോ;

(ഡി) വൈദ്യുതി ബോർഡിന്റെ അധീനതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കഴിഞ്ഞ വർഷകാലത്ത് സംസ്ഥാനത്തെ ഡാമുകളിൽ അധികമായി എത്തിയ ജലമുപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിലൂടെ പുറത്ത് നിന്ന് വിലയ്ക്ക് വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ വർഷത്തെ വേനൽക്കാലത്തേയ്ക്ക് ആവശ്യമായി വരുന്ന അധിക വൈദ്യുതിയുടെ ആവശ്യകത നിറവേറ്റുന്നതിനായി ആഭ്യന്തര ഉൽപ്പാദനം പരമാവധി ലഭ്യമാക്കുന്നതിനുള്ള നടപടികളും SWAP അടിസ്ഥാനത്തിൽ (വൈദ്യുതി മിച്ചമുള്ള സമയങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ യൂട്ടിലിറ്റികൾക്ക് വിൽക്കുകയും വൈദ്യുതി ലഭ്യത കുറവുള്ള സമയങ്ങളിൽ വ്യവസ്ഥകൾക്ക്

അനുസൃതമായി തിരിച്ച് വാങ്ങുകയും ചെയ്യുന്ന രീതി) വൈദ്യുതി ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുറമേനിന്നും ദീർഘകാല കരാറുകൾ വഴിയും, കേന്ദ്ര വിഹിതമായും കിട്ടുന്ന വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആവശ്യമെങ്കിൽ പവർ എക്സ്ചേഞ്ചിൽനിന്ന് വാങ്ങിയും, ലോഡ് ഷെഡ്ഡിംഗ്/പവർ കട്ട് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മൊത്തം ഉപഭോഗത്തിന്റെ 20-30% മാത്രമാണ്. ആഭ്യന്തര ഉൽപ്പാദനത്തിനു പുറമേയുള്ള വൈദ്യുതി, ദീർഘകാല കരാറുകൾവഴി പുറമേനിന്ന് വാങ്ങിയും കേന്ദ്രനിലയങ്ങളിൽ നിന്നുള്ള വിഹിതവും ഉപയോഗിച്ചുമാണ് നിറവേറ്റി വരുന്നത്. ഇങ്ങനെ വാങ്ങിയ വൈദ്യുതിയുടെ ശരാശരി നിരക്കുകൾ ചുവടെ ചേർക്കുന്നു.

(നവംബർ 2018 കണക്കുകൾ പ്രകാരം)

കേന്ദ്ര നിലയങ്ങളിൽ നിന്ന് 4.03/രൂപ യൂണിറ്റ് ദീർഘകാല കരാർ അടിസ്ഥാനത്തിൽ സ്വകാര്യ ഉൽപ്പാദകരിൽനിന്ന് 4.36/യൂണിറ്റ്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് കാലാകാലങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വിവിധ വൈദ്യുതി വാങ്ങൽ കരാറുകൾ പ്രകാരം സംസ്ഥാനത്തിന്റെ പുറത്ത്നിന്ന് വൈദ്യുതി വാങ്ങുന്നുണ്ട്. ഇതിൽ കഴിഞ്ഞ സർക്കാർ കാലയളവിലുണ്ടാക്കിയ കരാറുകളും ഉൾപ്പെടുന്നു.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ വർഷകാലത്ത് ഡാമുകളിലെ ജലനിരപ്പ് കണക്കിലെടുത്ത് ജലവൈദ്യുതി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടി വന്ന സമയങ്ങളിൽ പുറത്തുനിന്നും ദീർഘകാലാടിസ്ഥാനത്തിൽ കേന്ദ്ര നിലയങ്ങളിൽനിന്നും സ്വകാര്യ ഉൽപ്പാദകരിൽ നിന്നും കരാർ ചെയ്ത വൈദ്യുതി പൂർണ്ണതോതിൽ വാങ്ങേണ്ടി വന്നിട്ടില്ല. എന്നാൽ ഇത്തരത്തിൽ വാങ്ങൽ ഒഴിവാക്കേണ്ടി വന്നത് കുറഞ്ഞ കാലത്തേയ്ക്ക് മാത്രമാണ്. മാത്രമല്ല ദീർഘകാല കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് ഈ നിലയങ്ങളുടെ സ്ഥിരചാർജ് (Fixed charge) ഈ കാലയളവിലും നൽക്കേണ്ടതുണ്ട്. ആയതിനാൽ വർഷകാലത്തെ അധിക ഉൽപാദനം വൈദ്യുതി ബോർഡ് വലിയ വരുമാന വർദ്ധനവിന് കാരണമായിട്ടില്ല.

## സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനായി നടപടി

11 (*191) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) പുതിയ സംരംഭം തുടങ്ങാനുള്ള നടപടിക്രമങ്ങൾ സത്വരമായി പൂർത്തിയാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ;

(സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമെന്ന് വിലയിരുത്തുന്ന ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ & ബി) വ്യവസായത്തിന് അനുകൂലമായ ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതുവഴി കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങൾക്കും സംസ്ഥാനത്ത് വഴിയൊരുക്കുക എന്ന ദൃഢനിശ്ചയത്തോടെ സർക്കാർ മുന്നോട്ടുപോകുകയാണ്.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക മേഖലയിൽ ബഹുദൂരം മുന്നിലാണെങ്കിലും വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷിക്കുന്നതിൽ വേണ്ടത്ര പുരോഗതിയുണ്ടായിരുന്നില്ല. ഈ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പഠനം നടത്തുകയും ആയതിൻപ്രകാരം നിലവിലുള്ള ഏഴ് നിയമങ്ങൾ ലഘൂകരിച്ചും പരിഷ്കരിച്ചുംകൊണ്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ നിലവിലുള്ള പത്ത് ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധന രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ

നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ) ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.

സംസ്ഥാനത്ത് ഒരു ഓൺലൈൻ ഏകജാലക സംവിധാനവും (KSWIFT) പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം) അതിന്റെ ഓൺലൈൻ സംവിധാനവും നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം (KSWIFT) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ (KSWIFT) പൂർണ്ണ രൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിങ് 11-2-2019-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിൻമേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി. എഫ്.സി.) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ. ഇവർക്ക് ആവശ്യമായ പരിശീലനം നൽകികഴിഞ്ഞു.

ഈ സെൽ സംരംഭകർക്കാവശ്യമായ എല്ലാവിധ സഹായങ്ങളും പിന്തുണയും ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനും ക്ലിയറൻസ്/ റിന്യൂവൽ സംബന്ധിയായ എല്ലാ കാര്യങ്ങൾക്കും ത്വരിത പരിഹാരം നൽകുന്നതിനാണ് ഈ സെൽ.

(ഡി) ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- സംരഭകത്വ സഹായ പദ്ധതി
- പശ്ചാത്തല വികസന പദ്ധതികൾ
- ഇ.ഡി. ക്ലബ്
- ഇൻകുബേഷൻ സെന്ററുകൾ
- ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
- കരകൗശല മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി (ആഷ പദ്ധതി)

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമേ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സി.യുടേയും, കെ.എസ്.ഐ.ഡി.സി. യുടെയും കിൻഫ്രയുടെയും വ്യവസായ പാർക്ക്/ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം ഊർജിത വ്യവസായവൽക്കരണ പദ്ധതി തുടങ്ങിയവും ബ്ലോക്ക്/താലൂക്ക്/മുനിസിപ്പാലിറ്റി/ജില്ലാ തലങ്ങളിൽ നടത്തിവരുന്നുണ്ട്.

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

12 (*192) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ ഗുണനിലവാരം പരിശോധിക്കുവാനും നിയമവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നവർക്ക് പിഴ ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിന് ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ & ബി) ടൂറിസം മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിയമവിരുദ്ധ നടപടികളിൽ ഏർപ്പടുത്തുന്നവർക്ക് പിഴ ഏർപ്പെടുത്തുവാനും വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

(സി) ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ടൂറിസം മേഖലയിൽ അനഭിലഷണീയമായ പ്രവണതകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക; വിനോദ സഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുക.

2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.

3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുക.

4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ ജൂഡീഷ്യൽ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക

5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്നു ഉറപ്പുവരുത്തുക.

6. ടൂറിസം രംഗത്തെ നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴ നിശ്ചയിക്കുക.

7. ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക.

## ചരക്ക് സേവന നികുതി സംവിധാനത്തിന്റെ പ്രവർത്തനം

13 (*193) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാന താല്പര്യങ്ങൾക്ക് അനുഗുണമാകുന്ന രീതിയിലാണോ ചരക്ക് സേവന നികുതി സംവിധാനമെന്ന് വ്യക്തമാക്കുമോ;

(ബി) ചരക്ക് സേവന നികുതിയിൽ രജിസ്റ്റർ ചെയ്യാനുള്ള വിറ്റുവരവ് പരിധി നാല്പത് ലക്ഷമാക്കുന്നതിന് ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; ഇതിനനുസൃതമായി സംസ്ഥാനത്ത് വിറ്റുവരവ് പരിധി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിറ്റുവരവ് പരിധി നാല്പത് ലക്ഷമാക്കുന്നത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഒന്നരകോടി രൂപവരെ വിറ്റുവരവുള്ളവർക്ക് കോംപോസിഷൻ നിരക്ക് ബാധകമാക്കണമെന്ന തീരുമാനം സംസ്ഥാനം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) സേവന മേഖലയിലെ കോംപോസിഷൻ നിരക്കും അതിന്റെ പരിധിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. ചരക്കുസേവനനികുതി നിയമവുമായി ബന്ധപ്പെട്ട റിട്ടേണുകൾ ഇതുവരെയും പൂർണ്ണമായി ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ജി.എസ്.ടി.യിൽ വിഭാവന ചെയ്ത റിട്ടേൺ ഫയലിംഗ് സംവിധാനം സങ്കീർണതകൾ കാരണം പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയും പുതിയ റിട്ടേൺ സംവിധാനം പ്രാബല്യത്തിൽ വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിർണ്ണായകമായ പരിശോധനകൾ നടത്തുവാൻ ഇപ്പോൾ തടസ്സമുണ്ട്. ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത ഉപഭോഗ നികുതിയായതിനാൽ പ്രധാനമായും ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമായി രിക്കുമെന്നായിരുന്നു തുടക്കത്തിലുള്ള വിലയിരുത്തൽ. ഈ ഗണത്തിൽ നമുക്ക് നികുതിവരുമാനം പുതുതായി ലഭിക്കുന്നുണ്ട്. എന്നാൽ, ജി.എസ്.ടി; നിലവിൽ വന്നശേഷം നികുതിനിരക്ക് കുറച്ചത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. തൻമൂലം പ്രതീക്ഷിതവളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല. ജി.എസ്.ടി. ഉറപ്പുനൽകിയ 14% നികുതി വളർച്ച കോമ്പൻസേഷൻവഴി ലഭിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഉൽപാദനവും ഉപഭോഗവും കൂടുതലായുള്ള സംസ്ഥാനങ്ങളാണ് നിലവിലെ സാഹചര്യത്തിൽ ജി.എസ്.ടി. നികുതിപരിധിയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നത്. ഇത് വ്യക്തമാക്കുന്നത് നിലവിലുള്ള അപൂർണ്ണമായ റിട്ടേണുകളുടെ പഴുതുപയോഗിച്ച് വ്യാപകമായ തോതിൽ നികുതിവെട്ടിപ്പ് നടന്നുവരുന്നു എന്നുള്ളതാണ്. 2017-18 സാമ്പത്തികവർഷത്തിലെ വാർഷികറിട്ടേൺ 2019 ജൂലൈ 1-ൽ മാത്രമേ ലഭ്യമാകുകയുള്ളൂ. ഇത് ലഭ്യമാകുന്നമുറയ്ക്ക് വിശദപരിശോധന നടത്തുമ്പോൾ നികുതിപിരിവിൽ ഗണ്യമായ വർദ്ധന വരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂല്യവർദ്ധിത നികുതി നിലവിലുണ്ടായിരുന്ന കാലത്ത് സംസ്ഥാനത്തിന്റെ മൊത്തം നികുതിപിരിവിന്റെ സിംഹഭാഗവും 14.5%

നികുതിനിരക്കുള്ള സാധനങ്ങളിൽ നിന്നായിരുന്നു. എന്നാൽ, ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം വിവിധ വ്യാപാര ഉല്പാദക സംഘടനകളുടെ നിവേദനങ്ങൾ പരിഗണിച്ച് ജി.എസ്.ടി. കൗൺസിൽ പല ആഡംബരവസ്തുക്കളുടെയും നികുതിനിരക്ക് 28% -ൽ നിന്ന് 18%, 12% എന്നീ നിരക്കുകളിലാക്കി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റിട്ടേണുകൾ പൂർണ്ണമായി ഫയൽ ചെയ്യപ്പെടുകയും അതിന്റെ വിശദമായ സ്കൂട്ടണി നടത്തുകയും ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി. നിയമം നടപ്പിലായതിനെത്തുടർന്ന് ചർക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതിനിരക്ക് നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങൾക്ക് സ്വന്തമായി നികുതിനിരക്കിൽ വ്യത്യാസം വരുത്താൻ അധികാരമില്ല. പ്രളയത്തെത്തുടർന്ന് അധിക വിഭവസമാഹരണം ആവശ്യമായ സമയത്ത് ഈ പരിമിതികൾ വളരെപ്രകടമായി. എന്നാലും ജി.എസ്.ടി. കൗൺസിൽ സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് സംസ്ഥാന ചരക്കുസേവന നികുതിക്കുപുറമേ 1% സെസ്സ് കൂടി ഏർപ്പെടുത്തുവാൻ അധികാരം നൽകുകയുണ്ടായി.

(ബി) രജിസ്റ്റർ ചെയ്യാനുള്ള വിറ്റുവരവ് പരിധി 40 ലക്ഷത്തിൽ അധികരിക്കാതെ തീരുമാനം എടുക്കുവാൻ സംസ്ഥാനങ്ങളെ അനുവദിച്ചിട്ടുണ്ട്. 2019-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തും ഇത് 40 ലക്ഷമായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. മൂല്യവർദ്ധിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ പരിധി ഉയർത്തുന്നത് നികുതി ശൃംഖല പരിശോധിക്കുന്നത് ശ്രമകരമാക്കുന്നതാണ്. എന്നാൽ, 1.5 കോടി വരെയുള്ള ചെറുകിടവ്യാപാരികൾക്ക് കോമ്പോസിഷൻ സംവിധാനം നിലവിലുള്ളതിനാൽ വിറ്റുവരവ് പരിധി ഉയർത്തുന്നതുമൂലം രജിസ്ട്രേഷൻ വേണ്ടെന്ന് വെയ്ക്കുന്ന വ്യാപാരികളുടെ എണ്ണം കുറവായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയായാൽ നികുതിവരുമാനത്തെ ഇത് കാര്യമായി ബാധിക്കുവാൻ സാധ്യതയില്ല.

(ഡി) ഉണ്ട്. ആയതിനാവശ്യമായ നിയമഭേദഗതി സംസ്ഥാന ചരക്കുസേവന നികുതിനിയമത്തിലും വരുത്തിയിട്ടുണ്ട്. ഇത് 1-2-2019 മുതൽ നടപ്പിൽ വന്നിട്ടുണ്ട്.

(ഇ) 32-ാം ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം, 50 ലക്ഷം രൂപ വരെ വിറ്റുവരവുള്ള നികുതിദാതാക്കൾക്കും കോമ്പോസിഷൻ നിരക്കിൽ നികുതി ഒടുക്കാവുന്നതാണ്. 6% ആണ് നികുതിനിരക്ക്.

## കായിക മേഖലയുടെ സുസ്ഥിര വികസനം

14 (*194) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) കായിക രംഗത്തിന്റെ സുസ്ഥിര വികസനത്തിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സർവീസസ് കമ്പനി എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളുമാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 34 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരവും 32 സ്റ്റേഡിയങ്ങൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 30 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടുകൂടി എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ അന്തർദേശീയ മത്സരങ്ങൾക്ക് കേരളം വേദിയാവുകയും ചെയ്യുന്നതാണ്.

കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കായികയുവജനകാര്യ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന വിവിധ നിർമ്മാണ നവീകരണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.

<u>പ്ലേ ഫോർ ഹെൽത്ത്</u>

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനുംവേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.

<u>സ്പ്ലാഷ് & എയ്സ്</u>

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു.

<u>കളിത്തട്ട്</u>

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനുംവേണ്ടി കായിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

ട്രിവാൻട്രം മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിന്റെ ആദ്യ പതിപ്പിൽ ദേശീയ, അന്തർദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടി എല്ലാ വർഷവും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018" നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിങ്ങിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലി രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്നരീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ

കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## ജി. വി. രാജ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിക്കുകയും ജി.വി.രാജ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## സൈമൽ പദ്ധതി

സൈമൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ" ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

## എലൈറ്റ് സ്കീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ ഫേൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സപോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്. ടി പദ്ധതിയിലൂടെ 14 മുതൽ 19 വയസ്സുവരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

അവശത അനുഭവിക്കുന്ന മുൻകാല കായികതാരങ്ങൾക്ക് പെൻഷൻ/ഫാമിലി പെൻഷൻ നൽകുന്നുണ്ട്.

(ബി & സി) ഉണ്ട്. കായിക രംഗത്തിന്റെ സുസ്ഥിര വികസനത്തിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റ് സർവ്വീസസ് കമ്പനി എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച

15 (*195) <u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള വിപണിയിൽ മത്സര ക്ഷമതയുള്ളതും മികച്ച ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ ഉണ്ടാകുന്ന തരത്തിൽ കേരളത്തിലെ ചെറുകിട വ്യവസായ മേഖലയെ കൈപിടിച്ചുയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഒരു വ്യക്തിയുടെ ആവശ്യമെന്നതിലുപരി ഒരു സമൂഹത്തിന്റെ ആവശ്യമാണ് വ്യവസായങ്ങൾ എന്ന തിരിച്ചറിവിലൂടെ ഒരു മികച്ച വ്യവസായ സംസ്കാരം ഉണ്ടാക്കിയെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) മികച്ച സംരംഭകരെ വളർത്തിയെടുക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനങ്ങളും ലോക വിപണിയിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഗവേഷണ സംവിധാനങ്ങളും ലഭ്യമാക്കുമോ; വ്യക്തമാക്കാമോ;

(ഡി) വ്യവസായ വളർച്ചയ്ക്കാവശ്യമായ മൂലധനത്തിന്റെ സുഗമമായ ലഭ്യത ഉറപ്പുവരുത്തുന്ന തരത്തിലുള്ള കാഴ്ചപ്പാട് സാമ്പത്തിക സ്ഥാപനങ്ങൾക്ക് പകർന്ന് നൽകുന്നതിന് മുൻകയ്യെടുക്കുമോ;

(ഇ) കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് ലോകവിപണിയിൽ എത്തിക്കുന്നതിൽ വ്യവസായ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വ്യവസായ മേഖലാടിസ്ഥാനത്തിൽ നടത്തിവരുന്ന സാങ്കേതിക പരിജ്ഞാന ക്ലിനിക്കുകൾ, ടെക്നോളജി മാനേജ്മെന്റ് വികസന പരിപാടികൾ, വെണ്ടേഴ്സ് മീറ്റുകൾ എന്നിവ വഴി നൂതന സാങ്കേതിക വിദ്യകളും, വിപണിയുടെ ആവശ്യകതയും മനസ്സിലാക്കാനും, അതിലൂടെ ഉത്പാദനത്തിലും, വിപണനത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിയുന്നു.

കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട മേഖലയിലെ (SME) സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേയ്ക്കായിട്ട് വെബ്ബ് പോർട്ടൽ കെ. ബിപ്പ് വഴി രൂപികരിച്ചിട്ടുണ്ട്. www.keralasme.org and www.keralasme.com എന്നീ domain name-ൽ ആരംഭിച്ച വെബ്പോർട്ടലിൽ സംരംഭകരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത വെബ്പോർട്ടലിനെക്കുറിച്ച് സംരംഭകരെ ബോധവാൻമാരാക്കാനായി ജില്ലാതലങ്ങളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംരംഭകർക്ക് ആഗോള വിപണി ലഭ്യമാക്കുന്നതോടുകൂടി ഉൽപ്പന്നങ്ങൾക്ക് ലോകോത്തര നിലവാരവും ഗുണമേന്മയും ഉണ്ടാകും.

(ബി) വ്യവസായ സംസ്കാരം ഉണ്ടാക്കിയെടുക്കാനും, സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാനും വ്യവസായ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:

- **ഇഡിക്ലബ്**-സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാനും യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇഡി ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.

- **ഇൻകുബേഷൻ സെന്ററുകൾ**-വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

- **ഇ.ഡി.പി. (സംരംഭകത്വ വികസന പരിപാടി)**-ഒരു സംരംഭം വിജയകരമായി നടപ്പിലാക്കാൻ വേണ്ട സാങ്കേതികപരവും, നേതൃത്വപരവുമായ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിന് ജില്ലാതലങ്ങളിൽ നടപ്പിലാക്കുന്ന പരിപാടി.

- **ഇ.എ.പി. (സംരംഭകത്വ ബോധവൽക്കരണ പരിപാടി)**-സംസ്ഥാനത്തെ വ്യാവസായിക സാദ്ധ്യതകളും, ലഭ്യമായ സൗകര്യങ്ങളും ബോധ്യപ്പെടുത്തി M.S.M.E. മേഖലയിൽ നവസംരംഭങ്ങൾ സൃഷ്ടിക്കുന്നതിനായി ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ നടത്തുന്ന ബോധവൽക്കരണ പരിപാടി.

- **ടെക്നോളജി ക്ലിനിക്ക്**-M.S.M.E. മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനുംവേണ്ടി ജില്ലാതലത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടി.

ഒരു മികച്ച വ്യവസായ സാഹചര്യം വാർത്തെടുക്കുന്നതിന്റെ ഭാഗമായി Kerala Single Window Interface for Fast Track & Transparent Clearance (KSWIFT) എന്ന പുതിയ ഓൺലൈൻ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി വിവിധ വകുപ്പുകളുടെകീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം നിലവിൽ വന്നു.

(സി) സംസ്ഥാനത്ത് മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിനായി ജില്ലാതലങ്ങളിൽ നടപ്പിലാക്കുന്ന ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര സംഘടനയായ ILO-യുടെ Start Your Business (SYB), Generate Your Business (GYB) തുടങ്ങിയ ILO പരിശീലനങ്ങൾ സംരംഭകർക്ക് നൽകിവരുന്നു. ഒരു ILO മാസ്റ്റർ ട്രെയ്നറുടെ കീഴിൽ വകുപ്പിലെ ILO പരിശീലകരാണ് പ്രസ്തുത പരിശീലനങ്ങൾ നടപ്പിലാക്കുന്നത്. കെ-ബിപ്പ് മുഖേന വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ഡിഫൻസ് കോൺക്ലേവ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ധനസഹായ പദ്ധതിയായ പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം) കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വ്യവസായ മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് ആവശ്യമായ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിലേയ്ക്കും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകരേയും, സാമ്പത്തിതാനുബന്ധ സ്ഥാപനങ്ങളേയും, ഏജൻസികളേയും കൂട്ടിച്ചേർത്തുകൊണ്ട് ജില്ലാതലങ്ങളിലും, താലൂക്ക് തലങ്ങളിലും നിക്ഷേപ സംഗമങ്ങൾ നടത്താറുണ്ട്. പ്രസ്തുത വർക്ക്ഷോപ്പ് വഴി നൂതന പ്രൊപ്പോസലുകൾ രൂപീകരിക്കാറുണ്ട്.

(ഇ) കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ പൊതുസമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി ജില്ലാതലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ/ കേരളത്തിന്റെ ഭക്ഷ്യ കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനും പ്രസ്തുത യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളെ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും കേരള അഗ്രോ ഫുഡ് പ്രൊ എന്ന വ്യാവസായിക പ്രദർശന വിപണന മേള എന്നിവ നടത്തിവരുന്നു.

കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും, സംസ്ഥാനത്തിലെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി 3-12-2018-ലെ സ. ഉ. (സാധാ.) നമ്പർ 1329/2018/വ്യവ. ഉത്തരവ് പ്രകാരം വാണിജ്യ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി എസ്.എം.ഇ. പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വെബ്

പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭകർക്ക് തങ്ങളുടെ വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും കുറിച്ച് പ്രചരിപ്പിക്കുന്നതിനും, വ്യാപാര ചർച്ചകൾ നടത്തുന്നതിനും, അതുവഴി ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനും സാധിക്കും.

## പവർ ഹൈവേ

16 (*196) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ വൈദ്യുതി വിതരണം സുഗമമാക്കാൻ പവർ ഹൈവേ സ്ഥാപിക്കുന്ന പദ്ധതിക്ക് കെ.എസ്.ഇ.ബി.എൽ രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ & ബി) തീരദേശത്തെ വൈദ്യുതി വിതരണം സുഗമമാക്കാൻ പവർ ഹൈവേ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല.

## ശബരിമല തീർത്ഥാടകർക്കായി ഇടത്താവളങ്ങൾ

17 (*197) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി ഇടത്താവളങ്ങൾ സ്ഥാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഇടത്താവളങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കുമോ;

(സി) ശബരിമലയിലെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് ഇടത്താവളങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

(ബി) ശബരിമല തീർത്ഥാടനത്തിനോടനുബന്ധിച്ച് സംസ്ഥാനത്തിനകത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന അയ്യപ്പ ഭക്തർക്ക് മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള ദേശീയ പാതകളിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇടത്താവള സമുച്ചയങ്ങളിൽ താമസം, ഭക്ഷണം, വാഹനം പാർക്കിംഗ്, വിശ്രമം, ശുചിമുറികൾ എന്നീ സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെയും സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

## സാമ്പത്തികാഘാതം അതിജീവിക്കാനുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ

18 (*198) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിലെ അനവധാനത, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ തുടങ്ങിയ കാരണങ്ങളാൽ രാജ്യത്തെ ഗ്രസിച്ച സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തുണ്ടാക്കിയ പ്രതിസന്ധി മറികടക്കാനുള്ള പ്രയത്നത്തിനിടയിൽ പ്രളയദുരന്തം സൃഷ്ടിച്ച സാമ്പത്തികാഘാതം അതിജീവിക്കാനായുള്ള ധനസമാഹരണമാർഗങ്ങൾ ഏതെല്ലാമാണ്;

(ബി) സമഗ്ര പുനഃസൃഷ്ടിക്കായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ജി.എസ്.ടി.യുടെമേൽ ഒരു ശതമാനം മാത്രം സെസ് ചുമത്താൻ അനുമതി ലഭിച്ചത് പ്രശ്നപരിഹാരത്തിന് തീർത്തും അപര്യാപ്തമായതിനാൽ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തോടുള്ള കേന്ദ്രസർക്കാർ തീരുമാനം അറിയിക്കാമോ;

(ഡി) സാലറിചലഞ്ച് ഉൾപ്പെടെയുള്ള ആഭ്യന്തര ധനസമാഹരണ മാർഗവും വിദേശ സാമ്പത്തിക സഹായവും രാഷ്ട്രീയ സങ്കുചിത താല്പര്യത്തോടെ അട്ടിമറിക്കാൻ നീക്കം നടത്തിയവർ തന്നെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത പോരെന്ന് ആക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രളയംമൂലം ഉണ്ടായ സാമ്പത്തികാഘാതം മറികടക്കുന്നതിനുള്ള അടിയന്തര വിഭവ സമാഹരണത്തിനും തുടർന്നുള്ള നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 -ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വായ്പ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി., കെ.എഫ്.ഡബ്ല്യൂ. തുടങ്ങിയവയുടെ പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി-യ്ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണ വിലയിന്മേൽ 1 ശതമാനം സെസ്സ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവ്, അധിക വിഭവ സമാഹരണം, ഉർജ്ജിത നികുതി പിരിവ് എന്നിവയിലൂടെ ബജറ്റിൽ വിഭാവനം ചെയ്യുന്ന വരുമാന വർദ്ധനവ് കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പോസ്റ്റുകൾ സൃഷ്ടിപ്പിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവുചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

(ബി) പി.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനഃസൃഷ്ടിക്കായി 26,985 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 -ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 -ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ഡി) സാലറി ചലഞ്ച് ഉൾപ്പെടെയുള്ള ആഭ്യന്തര വിദേശ സാമ്പത്തിക സഹായങ്ങൾ സമാഹരിക്കുന്നതിന് പല തടസ്സങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും ഇതിനെ അതിജീവിച്ചുകൊണ്ട് പ്രളയാനന്തര പുനർനിർമ്മാണത്തിനും നവകേരള സൃഷ്ടിക്കുമായുള്ള വിഭവ സമാഹരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും ഇതിനുവേണ്ടിയുള്ള നടപടികൾ 2019-20 വർഷത്തെ ബഡ്ജറ്റിൽ വിപുലമായി ആവിഷ്കരിച്ചിട്ടുള്ളതുമാണ്. ഇതിനകം ദുരിതാശ്വാസ നിധിയിൽ നിന്ന് 1732.70 കോടി രൂപ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചുകഴിഞ്ഞു. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപെട്ടവർക്കും സൂക്ഷ്മ-ചെറുകിട ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ നിലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ വഴി 994.50 കോടി രൂപ വായ്പ അനുവദിച്ചിട്ടുമുണ്ട്. വിദേശ വായ്പ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി. കെ.എഫ്.ഡബ്ല്യൂ. തുടങ്ങിയവയുടെ പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. അതുകൊണ്ടുതന്നെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത പോരാ എന്ന ആക്ഷേപത്തിന് പ്രസക്തിയില്ല.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

19 (*199) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അവാർഡ് കരസ്ഥമാക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കിയ ജനകീയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; ഫിലമെന്റ് രഹിത കേരളം പദ്ധതിയെക്കുറിച്ച് വിവരം നൽകാമോ;

(ബി) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ എഴുപത് ശതമാനം സംസ്ഥാനത്തിന് പുറത്ത് നിന്നെത്തിക്കേണ്ടതായതിനാൽ പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസരണ വിതരണ നഷ്ടം പതിമൂന്ന് ശതമാനമെന്ന റെക്കോഡ് നിലവാരത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കേരളത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എനർജി സ്റ്റഡീസ് കേരള, പുനരുപയോഗ ഊർജ്ജമേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പഴയ വൈദ്യുതി വിതരണ ലൈനുകളും ട്രാൻസ്ഫോർമറുകളും മാറ്റി വിതരണ ശൃംഖല നവീകരിക്കുകയും അതുവഴി ലോഡ് വികേന്ദ്രീകരണവും ബാലൻസിംഗും നടത്തുകയും വിവിധ മേഖലയിലുള്ള ഉപഭോക്താക്കളുടെ പ്രിമൈസസിൽ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജം പാഴാകുന്ന മേഖലകൾ കണ്ടെത്തി അത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിനാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ലഭിച്ചത്.

ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അവാർഡ് കരസ്ഥമാക്കാൻ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിയ ജനകീയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

**ഊർജ്ജ കിരൺ**

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ സർക്കാരിതര സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇ.എ.സി. ഊർജ്ജ കിരൺ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 154 എൻ.ജി.ഒ.കൾ ഭാഗമായിട്ടുണ്ട്. ഊർജ്ജ കിരൺ പദ്ധതിയുടെ ഭാഗമായി 140 നിയോജകമണ്ഡലങ്ങളിലായി 420 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ലഭ്യമായ കണക്കുകൾ പ്രകാരം 96669 ആളുകൾ പങ്കെടുത്തിട്ടുണ്ട്.

ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തിന്റെ ഭാഗമായി കേരളത്തിലുടനീളം 140 ഊർജ്ജസംരക്ഷണ റാലികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി 609 റിസോഴ്സ് പേഴ്സൺസിന് ഇ.എം.സി. പരിശീലനം കൊടുത്തിട്ടുണ്ട്.

**സ്മാർട്ട് എനർജി പ്രോഗ്രാം**

ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം ഇതിന്റെ ഭാഗമായി 4800 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 62,400 ഓളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ അധ്യാപകർക്കുള്ള സെൻസിറ്റൈസേഷൻ ക്ലാസ്സുകൾ 41 വിദ്യാഭ്യാസ ജില്ലകളിലായും 41 ഊർജ്ജോത്സവ പരിപാടിയും കൂടാതെ 14 ജില്ലാതല ഊർജ്ജോത്സവവുമായി സംഘടിപ്പിച്ചു.

493 സ്കൂളുകളെ ഊർജ്ജകാര്യക്ഷമതയുള്ള ഇലക്ട്രിക്ക് ഉപകരണങ്ങൾ നൽകി സ്വയം പര്യാപ്തതയിൽ എത്തിച്ചു. ഇതുവഴി 353484 യൂണിറ്റ് വൈദ്യുതി പ്രതിവർഷം സംരക്ഷിക്കാൻ സാധിച്ചു.

സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി അനെർട്ടുമായി ചേർന്ന് 22 സ്കൂളുകളിൽ 2 KW സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്കൂളിൽ ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

3 ലക്ഷം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ സെമിനാർ/ വർക്ക്ഷോപ്പുകൾ/പരിശീലന പരിപാടികളും സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി നടത്തി.

**എനർജി ക്ലിനിക്ക്**

വീട്ടമ്മമാരെ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക്ക് കാമ്പയിൻ സംഘടിപ്പിച്ചുവരുന്നു.

എനർജി ക്ലിനിക്കിന്റെ ഭാഗമായി 800-ഓളം സ്ത്രീകളെ മുൻനിർത്തി 14 ജില്ലകളിൽ 2500-ഓളം എനർജി ക്ലിനിക്ക് പ്രോഗ്രാമുകൾ കേരളത്തിൽ നടത്തി.

കേരളത്തിലെ ലൈബ്രറികളുമായി ചേർന്ന് വളരെ മികച്ച രീതിയിലുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും വിപുലമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ദേശീയ അടിസ്ഥാനത്തിൽ ഇ.എം.സി.ക്ക് 9 തവണ ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 2017, 2018 വർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

കൂടാതെ വിവിധ തലത്തിലുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യവസായ മേഖലകളിലും പഞ്ചായത്ത് തലത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

**ഫിലമെന്റ് രഹിത കേരളം**

ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുള്ള 5 പദ്ധതികളിൽ ഒരു പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഗാർഹിക മേഖലയിൽ നിലവിലുള്ള INCANDESCENT LAMP, CFL ഇവയ്ക്കുപകരമായി 9W LED ബൾബുകൾ ഇടുകയും, ഫ്ലൂറസെന്റ് ട്യൂബുകൾക്ക് പകരമായി 18W/20W LED ട്യൂബുകൾ ഇടുകയുംചെയ്യുക എന്നതാണ് ഫിലമെന്റ് രഹിതപദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നത് KSEB-യും EMC-യും ചേർന്നാണ്. ബൾബുകൾ വീടുകളിലെത്തിക്കുന്നതും മാറ്റി സ്ഥാപിക്കുന്നതും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാനായി പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി താഴെ പറയുന്ന ശക്തി കൂടിയ ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു:

1. 2x1000 MW ശേഷിയുള്ള കൂടംകുളം ആണവോർജ്ജ നിലയത്തിൽ നിന്നും കേരളത്തിന്റെ വിഹിതമായ 266 MW വൈദ്യുതി എത്തിക്കാനായി 175 കി.മീ നീളമുള്ള 400 കെ.വി. **ഇടമൺ-കൊച്ചി** പ്രസരണ ഇടനാഴി

2. കോറിഡോർ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2000 MW ശേഷിയുള്ള Raigarh-Madakkathara HVDC ലിങ്കിന്റെ ഭാഗമായി PGCIL നടപ്പിലാക്കുന്ന **പുഗലൂർ മാടക്കത്തറ** HVDC ലിങ്ക്

3. **ഉടുപ്പി-മൈലാട്ടി** 400 kV പ്രസരണ ശൃംഖലയുമായി അനുബന്ധമായി കാസർഗോഡ് ജില്ലയിൽ ഒരു 400 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10,000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പിലാക്കിവരുന്നു.

കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും, 5200 കോടിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021 ഓടെയും 1630 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

മലപ്പുറം-മഞ്ചേരി ലൈൻ പാക്കേജിന്റെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞു. കേന്ദ്ര ഏജൻസിയായ PSDF-വഴി ഫണ്ടിംഗുള്ള ഏറനാട് ലൈൻ പാക്കേജിന്റെയും HLTS ലൈൻ പാക്കേജിന്റെയും KIIFB ഫണ്ടിംഗുള്ള കൊച്ചി ലൈൻ പാക്കേജിന്റെയും, 2 സബ്സ്റ്റേഷൻ പാക്കേജുകളുടെയും പ്രവർത്തികൾ സുഗമമായി പുരോഗമിക്കുന്നു. 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. സ്ഥല ലഭ്യത ഉറപ്പാക്കുന്നതോടുകൂടി മറ്റ് 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡ് വർഷംതോറും പ്രസരണനഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുപരിയായി പത്തുവർഷത്തേക്കുള്ള ദീർഘകാല പ്രസരണ പദ്ധതികൾ ആസൂത്രണം ചെയ്ത് അവ നടപ്പിലാക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനാകുമെന്ന് കണക്കാക്കുന്നു.

(സി) കേരളത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എനർജി സ്റ്റഡീസ് കേരള താഴെ പറയുന്ന കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്:

1. ദേശീയ തലത്തിൽ പാരമ്പര്യേതര ഊർജ്ജ മേഖലയിൽ പരിജ്ഞാനവും അതിനുപരിയായി പ്രായോഗിക വൈദഗ്ധ്യവും മുതൽക്കൂട്ടായുള്ള ഒരു കേന്ദ്രം സ്ഥാപിക്കുക.

2. വൈദ്യുതി കമ്പനികളുടെ കാര്യശേഷിയും, കാര്യപ്രാപ്തിയും വർദ്ധിപ്പിക്കാൻ ഉതകുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക.

ഊർജ്ജ ഉല്പാദന പ്രസരണ വിതരണ മേഖലകളിൽ കൂടുതൽ സാങ്കേതികവും പ്രായോഗികവുമായ അറിവുകൾ നൽകി വൈദ്യുതി കമ്പനികൾക്ക് ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുക.

## ക്വാറികളുടെ പ്രവർത്തനം

20 (*200) <u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ക്വാറികൾ പ്രവർത്തിക്കുന്നത് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടത്തുന്ന പരിശോധനകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(സി) സുപ്രീംകോടതി ഉത്തരവ്പ്രകാരം ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ അടച്ച് പൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) 2015 ൽ പുറത്തിറക്കിയ മൈനർ മിനറൽ കൺസഷൻസ് ചട്ടപ്രകാരം സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ഖനനം നടത്തുന്ന ക്വാറികൾക്ക് ജനവാസ മേഖലയിൽ നിന്ന് 50 മീറ്റർ ദൂരപരിധി എന്നത് 100 മീറ്റർ ആയി ഉയർത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിച്ച് 2017 ൽ വിജ്ഞാപനം ചെയ്തത് എന്തടിസ്ഥാനത്തിലാണ് എന്നറിയിക്കാമോ;

(ഇ) പ്രസ്തുത വിജ്ഞാപനപ്രകാരം എത്ര പുതിയ ക്വാറികൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിൽ നിന്നും ക്വാറികളിൽ പരിശോധനകൾ നടത്തി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുസരിച്ച് സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ യെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല), കേരള മിനറൽ സ്ക്വാഡ് (ഉത്തര മേഖല), കേരള മിനറൽ സ്ക്വാഡ് (മദ്ധ്യ മേഖല) എന്നീ ഓഫീസുകളിൽനിന്നും ക്വാറികളിൽ പരിശോധന നടത്തി സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്താറുണ്ട്.

(സി) 2-12-2016-ലെ ബഹു.സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ക്വാറികൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ടി തീയതിയ്ക്കുശേഷം പാരിസ്ഥിതികാനുമതി സമ്പാദിക്കാതെ 2015-ലെ കെ.എം.എം.സി. ചട്ടപ്രകാരം ക്വാറി പ്രവർത്തനത്തിന് അനുമതി നൽകാറില്ല. സുപ്രീംകോടതി വിധിപ്രകാരം 27-2-2012-നുമുമ്പ് പ്രവർത്തിച്ചിരുന്ന ദീർഘകാല ലീസ് ക്വാറികൾക്ക് ലീസ് പുതുക്കുമ്പോൾ മാത്രം പാരിസ്ഥിതികാനുമതി സമ്പാദിച്ചാൽ മതിയാകും. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ഈ തീയതി 18-5-2012-ന് മുമ്പ് എന്നാക്കിമാറ്റി ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചതിനാൽ,

നിലവിൽ പ്രസ്തുത തീയതിക്കുശേഷം അനുവദിക്കുന്ന എല്ലാ ക്വാറികൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾക്ക് നോട്ടീസ് നൽകി നിർത്തിവയ്പ്പിച്ചിട്ടുണ്ട്.

(ഡി) 7-2-2015-ൽ പുറത്തിറക്കിയ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ഖനനം നടത്തുന്ന ക്വാറികളിൽനിന്നും ആൾ താമസമുള്ള വീട്, റോഡ്, റെയിൽവേ ലൈൻ, പാലം, റിസർവോയർ, ടാങ്കുകൾ, സ്മാരകങ്ങൾ, കനാലുകൾ, പൊതു നിർമ്മിതികൾ എന്നിവിടങ്ങളിലേക്കുള്ള ദൂരപരിധി 100 മീറ്ററായി ഉയർത്തിയിരുന്നു. 1960-ലെ കേന്ദ്ര നിയമമായ മിനറൽ കൺസഷൻ ചട്ടപ്രകാരം മേൽപ്പറഞ്ഞ ദൂരപരിധി 50 മീറ്ററായിരുന്നു. 2016-ൽ മിനറൽ കൺസഷൻ ചട്ടങ്ങൾ പുതുതായി രൂപപ്പെടുത്തിയപ്പോഴും ദൂരപരിധി 50 മീറ്ററായിതന്നെ നിലനിർത്തുകയായിരുന്നു. ഈ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന നിയമങ്ങളിൽ സമാനത കൈവരുത്തുന്നതിനാണ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത്.

(ഇ) 22-6-2017-ലെ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം 231 ക്വാറികൾക്കനുമതി നൽകിയിട്ടുണ്ട്.

## പുതിയ വൈദ്യുതി നയം

21 (*201) ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ വൈദ്യുതി നയം, ഊർജ്ജ മേഖലയെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നയത്തിന് ബദലായി ജനങ്ങൾക്ക് ആഗോള നിലവാരത്തിൽ ഗുണമേന്മയുള്ള വൈദ്യുതി കുറഞ്ഞ ചെലവിലും തടസ്സരഹിതമായും ലഭ്യമാക്കുന്നതിന് ഉൾച്ചേർത്തിട്ടുള്ള കാഴ്ചപ്പാട് വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സാമ്പത്തിക സുസ്ഥിരതയുള്ള സ്ഥാപനമായി പൊതുമേഖലയിൽ തന്നെ നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനം അറിയിക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്താൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഉല്പാദന മേഖലയിൽ എത്ര ശേഷി വർദ്ധിപ്പിച്ചു; പ്രസരണ-വിതരണ മേഖല കാര്യക്ഷമമാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഊർജ്ജ മേഖലയെ പൊതുമേഖലയിൽ സംരക്ഷിച്ച് സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി പൂർണ്ണമായ തോതിൽ ഇടതടവില്ലാതെ ലഭ്യമാക്കാനും, സേവനങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താനും പുനരുപയോഗം ഊർജ്ജ ഉല്പാദനം ദ്രുതഗതിയിൽ വർദ്ധിപ്പിക്കാനും, ന്യായമായ നിരക്കിൽ എല്ലാവർക്കും വൈദ്യുതി തുടർന്നും ലഭ്യമാക്കാനും ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് വൈദ്യുതനയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. നവകേരളത്തിന്റെ പ്രതീക്ഷകൾക്ക് അനുസൃതമായ ഈ ലക്ഷ്യങ്ങൾ കൈവരിയ്ക്കാൻ വൈദ്യുതി ശൃംഖല ആധുനീകവൽക്കരിയ്ക്കാൻ വിവിധ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുകയും സംസ്ഥാനത്തിന്റെ ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുക, പുനരുപയോഗ ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം അതിലെ ഉല്പാദന അസ്ഥിരതയെ അനുയോജ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പരിഹരിക്കുക, വൈദ്യുതിവില താങ്ങാവുന്ന നിരക്കിൽ നിലനിർത്തുക തുടങ്ങിയവയാണ് പുതിയ കരട് നയത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്.

പരിസ്ഥിതിക്ക് ദോഷകരമാവാത്ത രീതിയിൽ സംഭരണശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണം സ്തംഭനത്തിലായ പദ്ധതികൾ ത്വരിതപ്പെടുത്തുക, നിലവിലുള്ള ജല വൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷിയും സംഭരണ ശേഷിയും വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും കരട് നയത്തിലുണ്ട്. വൈദ്യുതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ചും കാലോചിതമായ മാറ്റങ്ങൾ വരുത്തിയും പൊതുമേഖലയിലൂന്നി ഈ ലക്ഷ്യങ്ങൾ കൈവരിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്തെ വൈദ്യുത മേഖലയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്താനുള്ള നിയമപരമായ ഉത്തരവാദിത്വം വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. KSEBL-ന്റെ നിയന്ത്രണത്തിലുള്ള ചെലവുകളിൽ പ്രധാനമായ വൈദ്യുതി വാങ്ങൽ ചെലവിൽ അനുയോജ്യമായ വൈദ്യുതി മിശ്രണവും ചെലവ് കുറഞ്ഞ വൈദ്യുതിയുടെ ലഭ്യതയും ഉറപ്പുവരുത്തുന്ന കരാറുകളിലാണ് ഏർപ്പെടുന്നത്. നിലവിലുള്ള ആസ്തികളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അതുവഴി താരിഫ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ

സ്വീകരിച്ചുവരികയാണ്. KSEBL.-ന്റെ വർദ്ധിച്ചുവരുന്ന കടബാധ്യത വായ്പ പുനഃക്രമീകരണവും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ശക്തമായ നടപടികളും വഴി നിയന്ത്രണ വിധേയമാക്കുകയാണ്. ലഭ്യമായ മനുഷ്യ വിഭവം യുക്തിസഹമായും ഫലപ്രദമായും വിന്യസിച്ചും, ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചും ചെലവുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വൈദ്യുതി വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ. വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിതരണ നഷ്ടം കുറക്കുന്നതിനുമുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ. വി. ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിയ്ക്കുന്നതിനും, എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ." മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള രേഖകളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ "ദ്യുതി-2021" പദ്ധതി ആസൂത്രണം ചെയ്തുനടപ്പിലാക്കി വരുന്നു. ഈ സമഗ്ര പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര ഗ്രാമവ്യത്യാസം ഇല്ലാതെ എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്ന വിധം വൈദ്യുതി വളയ സംവിധാനം രൂപപ്പെടുത്തുന്നതും, അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജിക്കുകയുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

കേരള സംസ്ഥാനത്തിൽ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനാണ് ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി

മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുമാണ് ട്രാൻസ്ഗ്രിഡ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വിവിധ ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിനായി കേരള സർക്കാർ സംരഭമായ KIIFB വഴി ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും KIIFB യിൽനിന്നും 5200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന രണ്ട് പദ്ധതികളുടെ ഫണ്ടിങ്ങിനായി കേന്ദ്ര ഏജൻസിയായ PSDF-വഴി 400 കോടി ഗ്രാന്റ് അനുവദിച്ചുകിട്ടിയിട്ടുണ്ട്.

കൂടാതെ കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനായി ഇടമൺ-കൊച്ചി 400 കെ.വി ലൈൻ, പുനലൂർ-മാടക്കത്തറ HVDC link എന്നിവയുടെ പണി പുരോഗമിച്ചുവരുന്നു. പുറമെ, ഉടുപ്പി-മൈലാട്ടി 400 കെ.വി. ലൈനിന്റെ ടെണ്ടറിങ്ങ് നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജല വൈദ്യുത പദ്ധതികൾ വഴി ആകെ 12.6 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിച്ചു. ഇക്കാലയളവിൽ പാരമ്പര്യേതര ഊർജ്ജ മേഖലയിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ സോളാർ പദ്ധതികൾ, സോളാർ പാർക്ക് തുടങ്ങിയവവഴി 65.25 മെഗാവാട്ട് വൈദ്യുതി വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും അധികമായി ഉത്പ്പാദിപ്പിച്ചു. സ്വകാര്യ സംരംഭകരുടേതുൾപ്പെടെ ആകെ 152 മെഗാവാട്ട് സ്ഥാപിതശേഷിയിൽ വർദ്ധനവ് വന്നിട്ടുണ്ട്.

കൂടാതെ വൈദ്യുതി മേഖലയിൽ വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2015 മുതൽ നിർമ്മാണം മുടങ്ങികിടന്നിരുന്ന പള്ളിവാസൽ, തോട്ടിയാർ, ചാത്തൻകോട്ടുനട ഉൾപ്പെടെ 193.5 മെഗാവാട്ട് സ്ഥാപിത ശേഷിവരുന്ന 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ പുരോഗമിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേരത്തെ ഏർപ്പെട്ടിരുന്ന വൈദ്യുതി കരാറുകൾ വഴിയുള്ള വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 1-12-2016 മുതൽ 315 മെഗാവാട്ടും 1-10-2017 മുതൽ 450 മെഗാവാട്ടും ലഭ്യമാക്കി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ജലവൈദ്യുത പദ്ധതികൾ പുനരാരംഭിച്ചു. അടുത്ത മൂന്നുവർഷം കൊണ്ട് സോളാർ പദ്ധതികൾ മുഖേന 1000 മെഗാവാട്ട് വൈദ്യുതി കൂട്ടിച്ചേർക്കുന്നത് ലക്ഷ്യമിട്ട് ഊർജ്ജ കേരള മിഷനിൽ "സൗര" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, മുൻ കാലങ്ങളിൽ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചുനൽകിയ പദ്ധതികളിൽ പാതംകയം 8MW, കാരിക്കയം രണ്ടാം ഘട്ടം 4.5MW എന്നിവ ഉദ്ഘാടനം ചെയ്ത് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 20 പദ്ധതികളിലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വോർട്ടെക്സ് ടർബൈൻ ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി. 10kW ന്റെ രണ്ട് വോർട്ടെക്സ് ടർബൈയിനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

5 kW-ന്റെ 5 കൈനറ്റിക് ടർബൈനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

4kW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ഒരു മൈക്രോ ഗ്രിഡ് കൊണ്ട് ചിന്നാർ വന്യമൃഗസങ്കേതത്തിലുള്ളിലെ തായന്നംകുടി ആദിവാസി കോളനിയിലെ ഏകദേശം 60 വീടുകൾ വൈദ്യുതീകരിക്കുകയും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.

മറയൂർ വനമേഖലയിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ 50-തിലധികം വീടുകളെ വൈദ്യുതീകരിക്കുന്ന മറ്റൊരു മൈക്രോ ഗ്രിഡ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

## മലബാർ റിവർ ക്രൂയിസ് പദ്ധതി

22 (*202) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരികൾക്ക് നിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ അനാരോഗ്യ പ്രവണതകൾ നിരോധിക്കുന്നതിനും ടൂറിസം റഗുലേറ്ററി അതോറിറ്റി കേരള രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ടൂറിസം മേഖലയിൽ അനഭിലഷണീയമായ പ്രവണതകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക; വിനോദ സഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുക.

2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.

3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ/ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.

4. ടൂറിസം രംഗത്തെ നിയമലംഘന പ്രവൃത്തികൾ ജുഡീഷ്യൽ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക

5. ടൂറിസം രംഗത്തെ സേവനദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നുവെന്നു ഉറപ്പുവരുത്തുക.

6. ടൂറിസം രംഗത്തെ നിയമവിരുദ്ധ പ്രവർത്തികൾക്ക് പിഴ നിശ്ചയിക്കുക.

7. ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക

(ബി) ഉണ്ട്. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ള 17 നിർമ്മാണ പദ്ധതികളിൽ 14 എണ്ണം കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി താഴെ പറയുന്ന പ്രകാരമാണ്:

1. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ-17 പൈലുകളുടെ നിർമ്മാണം പൂർത്തിയായി

2. പഴയങ്ങാടി ബോട്ട് ടെർമിനൽ, കണ്ണൂർ-നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

3. ചാമ്പാട് ബോട്ട് ടെർമിനൽ, കണ്ണൂർ- സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതി മാമ്പറത്തേക്ക് മാറ്റാൻ തീരുമാനിച്ചു.

4. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

5. മോന്താൽ ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

6. ധർമ്മടം ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. മുൻ നിശ്ചയിച്ച സ്ഥലത്ത് പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ചിറക്കുനി എന്ന സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കരിയാട് ബോട്ട് ടെർമിനൽ കണ്ണൂർ-സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചു.

8. പാറപ്രം ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

9. കമ്പനിമെട്ട ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. ചേരിക്കലിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. കക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.

11. ന്യൂമാഹി ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.

12. പാത്തിക്കൽ ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.

13. മുക്കുവച്ചേരി ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

14. പുന്നക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

കാസർഗോഡ്

1. കോട്ടപ്പുറം- സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.

2. മാവിലാക്കടപ്പുറം-സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.

3. മാടക്കൽ- സാങ്കേതിക അനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി 8037.38 ലക്ഷം രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. താഴെ പറയുന്ന ഘടകങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്:

1. മാൻഗ്രോവ് ക്രൂയിസ്-1760.36 ലക്ഷം രൂപ

2. തെയ്യം ക്രൂയിസ്-1798.76 ലക്ഷം രൂപ

3. മുത്തപ്പൻ &മലബാറി ക്യൂസിൻ ക്രൂയിസ്-4095.53 ലക്ഷം രൂപ

4. ആർക്കിടെക്ചറൽ കൺസൾട്ടൻസി ചാർജ് (2%)-153.093 ലക്ഷം രൂപ

5. കണ്ടിൻജൻസി ചാർജ് (3%)-229.64 ലക്ഷം രൂപ

ആകെ - 8037.38 ലക്ഷം രൂപ

## ഇടമൺ-കൊച്ചി വൈദ്യുതി

23 (*203) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രതിസന്ധിയിലായിരുന്ന ഇടമൺ-കൊച്ചി വൈദ്യുതി ലൈനിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൂടുതൽ വൈദ്യുതി എത്തിക്കുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് അറിയിക്കാമോ;

(സി) വൈദ്യുതി മേഖലയിലെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഈ പദ്ധതി എങ്ങനെ സഹായകരമാകുമെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ 36 ശതമാനം ടവർ ഫൗണ്ടേഷനുകളും 20 ശതമാനം ടവർ ഇറക്ഷൻ വർക്കുകളും 7 ശതമാനം ലൈൻ വലിക്കുന്ന പ്രവൃത്തികളും മാത്രമേ പൂർത്തിയായിരുന്നുള്ളൂ. ഇപ്പോൾ ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഈ ലൈനിന്റെ 98% ഫൗണ്ടേഷൻ ജോലികളും 95% ടവർ നിർമ്മാണവും 65% ലൈൻ വലിക്കുന്ന ജോലിയും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2000 മെഗാവാട്ട് കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും കേരളത്തിന്റെ വൈദ്യുതി വിഹിതമായ 266 മെഗാവാട്ട് പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്ത് എത്തിക്കുന്നതിന് വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പ്രസരണ ശൃംഖലയാണ് ഇടമൺ-കൊച്ചി ലൈൻ. ഈ പദ്ധതിയുടെ മറ്റുനേട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി വർദ്ധിക്കും;

2. കേന്ദ്ര വിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്താൻ സാധിക്കും;

3. കേരളത്തിൽ 400 കെ.വി. പവർ ഹൈവേ വരികയും, ലൈൻ ലഭ്യത ഉറപ്പാവുകയും അതോടൊപ്പം വടക്കൻ മേഖലയിൽ അറ്റകുറ്റപ്പണി നടക്കുമ്പോഴും മറ്റു കാരണങ്ങളാലും ലൈൻ ലഭ്യമല്ലാതാവുമ്പോൾ ഈ ലൈൻ പ്രയോജനപ്പെടുത്തി വൈദ്യുതി എത്തിക്കാൻ സാധിക്കും;

4. കേരള-തമിഴ്നാട് മേഖലയിലെ ലൈനുകളിലുള്ള പവർതിരക്ക് (congestion)കുറയ്ക്കാൻ സാധിക്കും;

5. നിലവിലുള്ള പ്രസരണ നഷ്ടം വളരെയധികം കുറയുകയും ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യത ഉറപ്പാവുകയും ചെയ്യും.

(സി) നിലവിൽ കൂടംകുളത്ത്നിന്ന് ലഭിക്കുന്ന 266 മെഗാവാട്ട് വൈദ്യുതി ഉദുമൽപ്പെട്ട്-മാടക്കത്തറ വഴി കൊച്ചിയിലേയ്ക്ക് എത്തുമ്പോൾ ദീർഘദൂരം പ്രസരണം ചെയ്യുന്നത് മൂലം 20 മെഗാവാട്ട് (വർഷം 102 ദശലക്ഷം യൂണിറ്റ്) പ്രസരണ നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇടമൺ-കൊച്ചി ലൈൻ പൂർത്തിയായാൽ ഈ പ്രസരണ നഷ്ടം പകുതിയോളമായി കുറയ്ക്കാൻ സാധിക്കും.

## കെയർ ഹോം പദ്ധതി

24 (*204) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വി. അൻവർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ഭവന നിർമ്മാണ മേഖലയിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(ബി) പ്രളയബാധിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രളയ ദുരന്തത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് 'കെയർഹോം'. കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി 2000 വീടുകളാണ് ഒന്നാം ഘട്ടമായി സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ച് നൽകുന്നത്. വീട്ടിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചാണ് നിർമ്മാണം പൂർത്തിയാക്കുന്നത്. ഓരോ ഗുണഭോക്താവിനും അവരുടെ വിഹിതം വീട്ടു നിർമ്മാണത്തിനായി നൽകുന്ന തുകയ്ക്ക് പുറമെ ഉപയോഗിക്കാവുന്നതാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീട് നിർമ്മാണത്തിന് അനുവദിക്കുന്നത്.

ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കെയർഹോം പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കെയർഹോം പദ്ധതിയുടെകീഴിൽ വീടുകൾ നിർമ്മിച്ച് നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, വീടിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുത്ത സഹകരണ സംഘം, ഗുണഭോക്താവ് എന്നിവർ ചേർന്ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി കളക്ടർ

(ഡിസാസ്റ്റർ മാനേജ്മെന്റ്) എന്നിവരെ സാക്ഷികളാക്കി നിർമ്മാണ ധാരണാപത്രം (MoU) ഒപ്പ് വയ്ക്കേണ്ടതാണ്. പ്രസ്തുത ധാരണാപത്രത്തിൽ ജില്ലാ കളക്ടർമാർ, നിർവ്വഹണ ഏജൻസി, ഗുണഭോക്താവ് എന്നിവരുടെ ഉത്തരവാദിത്വം വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ കരട് സർക്കാർ പ്രത്യേകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കെയർഹോം പദ്ധതി അടിയന്തരമായി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കെയർഹോം പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ നിർമ്മിക്കുന്ന 2000 വീടുകളിൽ 1800 ഗുണഭോക്താക്കളുടെ പട്ടിക റവന്യൂ വകുപ്പിൽ നിന്ന് നാളിതുവരെ ലഭ്യമായിട്ടുണ്ട്. നിലവിൽ 1555 ഗുണഭോക്താക്കൾ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും അവരിൽ 1447 പേർ തറക്കല്ലിടീൽ നടത്തുകയും ചെയ്തിട്ടുണ്ട്. 1374 ഗുണഭോക്താക്കൾക്ക് വീടുകളുടെ പ്ലാനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 1307 ഗുണഭോക്താക്കൾ അടിസ്ഥാന നിർമ്മാണം പൂർത്തീകരിക്കുകയും അവരിൽ 343 പേർ ലിൻഡൽ ലെവൽ വരെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 172 പേർ വീടുകളുടെ കോൺക്രീറ്റ് (വാർക്ക) നടത്തിക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

സഹകരണ സംഘങ്ങൾ അവയുടെ നിയമാവലിക്കും ഉപനിബന്ധനകൾക്കും വിധേയമായി ഭവന നിർമ്മാണത്തിനും ഭവനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നു. കൂടാതെ വീട് പുതുക്കലിനും അറ്റകുറ്റപ്പണികൾക്കും വായ്പ നൽകിവരുന്നു. ഹൗസിംഗ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, ഹൗസ് ഫെഡ് എന്നിവിടങ്ങളിൽ നിന്നും അംഗങ്ങൾക്ക് ഭവനവായ്പ അനുവദിക്കുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ ഒരാൾക്ക് 10 മുതൽ 15 വരെ വർഷകാലാവധിയിൽ പരമാവധി 25 ലക്ഷം രൂപയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ 15 വർഷ കാലാവധിയിൽ 20 ലക്ഷം രൂപയും വീട് പുതുക്കി പണിയുന്നതിന് 7 വർഷ കാലാവധിക്ക് 5 ലക്ഷം രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽ 15 വർഷ കാലാവധിക്ക് പരമാവധി 25 ലക്ഷം രൂപയും സംസ്ഥാന സഹകരണ ബാങ്ക് 15 വർഷ കാലാവധിക്ക് 40 ലക്ഷം രൂപയും ഭവന വായ്പ നൽകിവരുന്നു. വായ്പാക്കാരന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും മദ്ധ്യ വരുമാന വിഭാഗങ്ങളിലുള്ളവർക്കും യഥാക്രമം 12%, 12.5% പലിശ നിരക്കിൽ പുതിയ വീട് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്കായി പരമാവധി 7.5 ലക്ഷം രൂപയും ഹൗസിംഗ് ഫെഡറേഷൻ ഭവന വായ്പയായി നൽകി വരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇ.എം.എസ്. ഭവന വായ്പാ പദ്ധതിയിലും ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഭവനശ്രീ പദ്ധതിയിലും സഹകരണ സംഘങ്ങൾ വായ്പ നൽകി പങ്കാളിത്വം വഹിക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണ വകുപ്പ് നടപ്പിലാക്കുന്ന കെയർഹോം പദ്ധതി റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ നയരൂപീകരണം നടത്തുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും പദ്ധതി വിശകലനം ചെയ്യുന്നതിനുമായി സഹകരണ വകുപ്പ് സെക്രട്ടറി കൺവീനറായി, സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയിൽ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ഒരംഗമാണ്. പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് സംസ്ഥാനതല പദ്ധതി നിർവ്വഹണ യൂണിറ്റാണ്.

പദ്ധതി നടപ്പാക്കുന്നതിന്റെ നേരിട്ടുള്ള മേൽനോട്ടം വഹിക്കുന്നത് ജില്ലാ കളക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പ്രാഥമിക സംഘങ്ങളുടെ 2 പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജില്ലാതല നിർവ്വഹണ സമിതിയാണ്.

സംസ്ഥാനതല പദ്ധതി നിർവ്വഹണ യൂണിറ്റ് അംഗീകരിച്ചുനൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നത്. നിർമ്മാണത്തിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ഒരു ഭരണസമിതി അംഗം, ഗുണഭോക്താവ്, ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതിനിധി, ജില്ലാ കളക്ടറുടെ പ്രതിനിധി എന്നിവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്.

ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ സ്വരൂപിക്കുന്നതിന് അധികമായി വേണ്ടുന്ന തുക സമാഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും സഹകരണവും സേവനങ്ങളും ഗുണഭോക്തൃ സമിതിക്ക് ലഭിക്കുന്നുണ്ട്.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ സ്വീകരിച്ച നടപടികൾ

25 (*205) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം വരെ നടത്തിയിട്ടും ഇതുവരെ ഓൺലൈൻ ഏകജാലക സംവിധാനം പോലും ഫലവത്തായിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനം എന്നത്തേയ്ക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നൂറ് കോടിയിലേറെ മുടക്കുള്ളതും കെ.എസ്.ഐ.ഡി.സി. ഓഹരിയോടുകൂടി നടപ്പാക്കിയതുമായ എത്ര വ്യവസായ പദ്ധതികൾ ഉണ്ട്; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ & ബി) വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക, സാമൂഹിക മേഖലകളിൽ കേരളം അതിവേഗം പുരോഗമിച്ചുവെങ്കിലും വ്യവസായ സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സംസ്ഥാനത്ത് അധികം മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. വ്യാവസായിക പുരോഗതിക്കാവശ്യമായ ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ രാജ്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും അനായാസം വ്യവസായം നടത്തുന്നതിന് സർക്കാർ വകുപ്പുകൾ/ഏജൻസികളിൽനിന്നും അനുമതികളും, ക്ലിയറൻസുകളും അതിവേഗം ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുകയുണ്ടായി. അപ്രകാരം വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽവന്നു. കൂടാതെ നിലവിലുള്ള 10 ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്. സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.

മുകളിൽ പറഞ്ഞതുകൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ഒരു ഓൺലൈൻ ഏകജാലക സംവിധാനവും (K-SWIFT) പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം) ഏർപ്പെടുത്തുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്. ഏകീകൃത അപേക്ഷ ഫോറവും അതിന്റെ ഓൺലൈൻ സംവിധാനവും നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം കാലതാമസം ഇല്ലാതെ ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11-2-2019-ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.

(സി) ഈ കാലയളവിൽ ഈ തരത്തിലുള്ള പദ്ധതികൾ കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

## കായികമേഖലയുടെ ഉന്നമനം

26(*206) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികമേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കായികാഭിരുചി ഉള്ളവർക്ക് മികച്ച കായിക പരിശീലനം നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കായികരംഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കായിക ഭവൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ കായിക രംഗത്തിന് ഗുണകരമാകുന്ന വിധം മാതൃകാപരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 34 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരവും 32 സ്റ്റേഡിയങ്ങൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 30 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

9 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ അന്തർദേശീയ മത്സരങ്ങൾക്ക് കേരളം വേദിയാവുകയും ചെയ്യുന്നതാണ്.

കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടിരൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

കായികയുവജനകാര്യ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന നിർമ്മാണ/നവീകരണ പ്രവർത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.

<u>പ്ലേ ഫോർ ഹെൽത്ത്</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

സ്പ്ലാഷ് & എയ്സ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കളിത്തട്ട്

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

ട്രിവാൻഡ്രം മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ

ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായികപ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018" നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ

ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ജി. വി. രാജാ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിക്കുകയും ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സ്വൈമൽ പദ്ധതി

സ്വൈമൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ്

സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ" ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായികയിനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് സ്കീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സുവരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

(ബി) 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ടിൽ പഞ്ചായത്ത്/മുൻസിപ്പൽ/നഗരസഭ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ സ്പോർട്സ് സംഘടനകളുടെയും ക്ലബുകളുടെയും രജിസ്ട്രേഷൻ നടത്തി പ്രവർത്തനം ഏകോപിപ്പിക്കുക, (ഭേദഗതി) കായിക മേളകളും മത്സരങ്ങളും ടൂർണമെന്റുകളും സംഘടിപ്പിക്കുക, ജില്ലാ സ്പോർട്സ് കൗൺസിലുകൾ നൽകുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക എന്നിവയാണ് ഗ്രാമസ്പോർട്സ് കൗൺസിലുകളുടെ പ്രധാന ചുമതലകൾ.

2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷം ഗ്രാമ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കായികയുവജന കാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കായിക ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കായിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കായിക രംഗത്തിന് ഗുണകരമാക്കുന്നതിനും വേണ്ടി 2018-ലെ കേരള സ്പോർട്സ് ആക്ടിൽ വിവിധ വകുപ്പുകൾ ചേർക്കപ്പെട്ടിട്ടുണ്ട്. ഒരു സംഘടനയുടെ അംഗീകാരം റദ്ദാക്കപ്പെട്ടാൽപോലും ബന്ധപ്പെട്ട കായിക ഇനത്തിൽ ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾ അങ്ങനെയുള്ള സംഘടനയുടെ കേന്ദ്ര ഫെഡറേഷനുമായി കൂടിയാലോചിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സംഘടിപ്പിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അംഗീകൃത സ്പോർട്സ് സംഘടനയല്ലാത്ത യാതൊരു സ്പോർട്സ് സംഘടനയും അവർ പ്രതിനിധാനം ചെയ്യുന്ന കായിക ഇനത്തിൽ താൽക്കാലികമായി ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നേടിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## നികുതിയേതര വരുമാന മാർഗ്ഗങ്ങൾ

27 (*207) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരസ്യത്തിനായി കോടികൾ ചെലവഴിച്ചിട്ടും പ്രവാസി ചിട്ടി വൻ പരാജയമാകാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രവാസി ചിട്ടിപോലുള്ള നികുതിയേതര വരുമാനമാർഗ്ഗങ്ങൾ പരീക്ഷിക്കുന്നതിന് മുൻപായി പഠനങ്ങൾ നടത്തിയിരുന്നോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കോടികൾ ചെലവഴിച്ചത് ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും നികുതിയേതര വരുമാന മാർഗ്ഗങ്ങൾ പരീക്ഷിക്കാൻ ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2018 നവംബർ 23-ന് ആരംഭിച്ച പ്രവാസിച്ചിട്ടിപോലെ അതിവിപുലമായ ഒരു പദ്ധതി സംബന്ധിച്ച് ഇപ്പോൾ നിഗമനങ്ങളിൽ എടുത്തുചാടുന്നത് യുക്തമായിരിക്കുകയില്ല; മറിച്ച് നിക്ഷേപം തുടങ്ങിയ 2018 നവംബർ മാസം 22 മുതൽ 2019 ജനുവരി വരെയുള്ള ചുരുങ്ങിയ കാലയളവിൽ തന്നെ പ്രവാസി ചിട്ടിവഴി കെ.എസ്.എഫ്.ഇ. സ്വരൂപിച്ച തുകയിൽ നിന്ന് 4,13,60,000 രൂപ കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാൻ സാധിച്ചുവെന്നത് വളരെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. മേൽപ്പറഞ്ഞ തുക ഇതുവരെ തുടങ്ങിയ ചിട്ടികളുടെ സെക്യൂരിറ്റി തുക മാത്രമാണ്. ഇത് കൂടാതെ ചിട്ടി ഡിപ്പോസിറ്റ്, ഫ്ലോട്ട് എന്നീ രീതിയിലും കെ.എസ്.എഫ്.ഇ.-യ്ക്ക് കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാൻ കഴിയും. ഈ വിധത്തിൽ നോക്കുമ്പോൾ ഏകദേശം 154 കോടി രൂപയുടെ ടേൺ ഓവർ ഉറപ്പാക്കാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രവാസി ചിട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. ആദ്യ ഘട്ടമായി യു.എ.ഇ.-യിൽ മാത്രമാണ് പ്രവാസി ചിട്ടി ആരംഭിച്ചത്. പ്രവാസി ചിട്ടി മറ്റു രാജ്യങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതോടെ ഏകദേശം 10,000 കോടി രൂപ ഇതുവഴി സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു വിപുലമായ പദ്ധതിയുടെ തുടക്കച്ചെലവുകൾ സംബന്ധിച്ച് ഇത്തരം വിലയിരുത്തലുകൾ അയുക്തികമാണ്.

(ബി & സി) വിശദമായ വിശകലനങ്ങൾക്കുശേഷമാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചത്. വളരെ സങ്കീർണ്ണമായ ചിട്ടിയുടെ നടപടിക്രമങ്ങൾ ഒരു ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ടുവരിക യെന്നുള്ളത് വളരെ ശ്രമകരമായിരുന്നു. ഇതിന്റെ ഭാഗമായി ചിറ്റ് ആക്ടിലെയും ഐ.റ്റി. ആക്ടിലെയും നിയമങ്ങൾക്ക് വിധേയമായാണ് പ്രവാസി ചിട്ടി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ വിപണി സാധ്യതാപഠനം സോഫ്റ്റ്‌വെയർ ലോഞ്ച് ചെയ്യുന്നതിന് മുന്നേ തന്നെ നടത്തിയിരുന്നു. ഏത് ജീവിത സാഹചര്യത്തിൽ കഴിയുന്ന പ്രവാസിക്കും തന്റെ വേതനത്തിനനുസരിച്ച് ചിട്ടിയിൽ വരിക്കാരനാകുവാൻ സാധിക്കണം എന്ന ദീർഘവീക്ഷണത്തോടെയാണ് പ്രവാസി ചിട്ടി വികസിപ്പിച്ചെടുത്തത്. ഇങ്ങനെ പ്രവാസികൾക്ക് വിശ്വസ്തമായൊരു നിക്ഷേപോപാധി ഒരുക്കിക്കൊടുക്കുന്നതിലൂടെ ജനിച്ച നാടിന്റെ വികസനത്തിൽ അവരെ ഒരു ഭാഗഭാക്കാക്കാനും സാധിച്ചുവെന്നുള്ളത് പ്രവാസി ചിട്ടിയെ വേറിട്ട് നിർത്തുന്നു. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതിയുടെ മാർക്കറ്റിംഗിനും സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിനുമായി ചെലവഴിച്ച തുകയാണ് ഈ പദ്ധതിയെ സംബന്ധിച്ച് കിഫ്ബിയ്ക്കുണ്ടായിട്ടുള്ള ചെലവുകൾ. ഇവയെല്ലാംതന്നെ അതാത് വിഷയം സംബന്ധിച്ച ടെക്നിക്കൽ കമ്മിറ്റികൾ നിർദ്ദേശിച്ചതും കെ.എസ്.എഫ്.ഇ.-യുടെയും കിഫ്ബിയുടെയും ബോർഡുകൾ അംഗീകരിച്ചതുമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## കേരള ബാങ്ക് രൂപീകരണത്തോടനുബന്ധിച്ച പുനർവിന്യാസം

28 (*208) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തോടനുബന്ധിച്ച് ജീവനക്കാരെ പുനർവിന്യസിക്കുന്നതിനായി വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് പ്രകാരം ഏതൊക്കെ തസ്തികകളാണ് കേരള ബാങ്കിന് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ജീവനക്കാരിലെ നിശ്ചിത ശതമാനത്തിന് സ്ഥാനക്കയറ്റം നൽകുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിലെ മുഴുവൻ ജീവനക്കാരെയും അതിൽ ഉൾപ്പെടുത്തുമെന്നും ശേഷിക്കുന്ന തസ്തികകൾ മാത്രമേ പതിനാല് ജില്ലാ ബാങ്കുകൾക്കുംകൂടി ലഭിക്കുവെന്നതും വസ്തുതയാണോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ ജില്ലാബാങ്ക് ജീവനക്കാരുടെ ആശങ്ക ദൂരീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ & ബി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുമ്പോൾ ജീവനക്കാരുടെ തസ്തിക ഏകീകരണം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രമായ പദ്ധതി സർക്കാർ തയ്യാറാക്കുന്നതാണ്.

(സി) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നത് വഴി ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് സ്ഥാനക്കയറ്റം സംബന്ധിച്ച ആശങ്കകൾ മേൽ പദ്ധതി നിലവിൽ വരുന്നതോടെ ദൂരീകരിക്കപ്പെടുമെന്നാണ് കരുതുന്നത്. ജില്ലാ സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ സംഘടനകളുടെ സംയുക്തയോഗം സഹകരണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും കേഡർ സംയോജനം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അവരുടെകൂടെ അഭിപ്രായം രേഖാമൂലം ആവശ്യപ്പെടുകയും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മുൻപ് അവരുടെ വസ്തുതാപരമായ അഭിപ്രായങ്ങൾ പരിഗണിക്കുകയും ചെയ്യുന്നതാണ്. മാത്രമല്ല, ജില്ലാ സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരെ മേഖലാ അടിസ്ഥാനത്തിൽ വിളിച്ചുചേർത്ത് അവരുടെ ആശങ്കകളും/സംശയങ്ങളും ദൂരീകരിക്കുന്ന കാര്യവും ആലോചിച്ചിട്ടുണ്ട്.

## ആലപ്പാട്ടെ സമരം ഒത്തുതീർപ്പാക്കുവാൻ നടപടി

29 (*209) ശ്രീ.സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് പ്രദേശത്ത് ഖനനം തുടരുന്നത് പ്രസ്തുത മണ്ണിൽ ജനിച്ചവർക്ക് ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുകയാണെന്നത് വസ്തുതയല്ലേ എന്ന് അറിയിക്കാമോ;

(ബി) ഖനനം നിർത്തിവയ്ക്കുന്നത് ഐ.ആർ.ഇ.യിലെയും കെ.എം.എം.എൽ. ലെയും ജീവനക്കാരെ സാരമായി ബാധിക്കുമെന്നതിനാൽ ഖനനം നിർത്തുവാൻ സാധ്യമല്ലായെന്ന നിലപാട് സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സമരം ചെയ്യുന്നവരുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുവാനാണ് തത്വത്തിൽ തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) സമരം അനിശ്ചിതമായി തുടരുന്ന സാഹചര്യത്തിൽ നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കി ആലപ്പാട്ടെ സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വസ്തുതയല്ല. ആലപ്പാട് തീരപ്രദേശത്ത് 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും സുനാമിയുംമൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിടയായിട്ടുണ്ട്. ഖനന പ്രവർത്തനംമൂലം മാത്രമാണ് തീരശോഷണം ഉണ്ടായിട്ടുള്ളത് എന്നത് വസ്തുതയല്ല.

(ബി) കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കാണപ്പെടുന്ന കരിമണൽ ധാതു സമ്പന്നമായതിനാൽ ആയതുവേണ്ടവിധം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനി വരാത്ത രീതിയിൽ ശാസ്ത്രീയമായി മാത്രം കരിമണൽ ഖനനം നടത്തുന്നത് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(സി) 16-1-2019-ന ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കൈക്കൊണ്ട ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുവാനാണ് സമരം ചെയ്യുന്നവരുമായി 17-1-2019-ന് മന്ത്രിതലത്തിൽ നടത്തിയ ചർച്ചയിൽ തീരുമാനിച്ചത്.

i. ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലമുണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS-നെ ചുമതലപ്പെടുത്തി. പ്രാഥമിക റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നടത്തുവാൻ പാടില്ല. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും. ഇനി മുതൽ മഴക്കാലത്ത് സീ വാഷിംഗ് നിർത്തിവയ്ക്കേണ്ടതാണ്.

ii. ഖനന പ്രവൃത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഐ.ആർ.ഇ.എൽ.-ഉം കെ.എം.എം.എൽ.-ഉം മുൻകൈ എടുക്കേണ്ടതാണ്.

iii. കരിമണൽ ഖനനം നടക്കുന്ന മേഖലകളിലെ പ്രദേശവാസികൾക്ക് തൊഴിൽ നൽകുന്ന വിഷയത്തിൽ സുതാര്യമായ നടപടിക്രമം ഐ.ആർ.ഇ.എൽ. പിന്തുടരേണ്ടതാണ്.

iv. ഐ.ആർ.ഇ.എല്ലിന്റെ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടെ ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകണം. അപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതി, ഖനനം സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം.

v. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം.

vi. ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനത്തിനെതിരെ സമരം ചെയ്യുന്ന സമരസമിതി പ്രതിനിധികളുമായി ബഹു.വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തണം.

കൂടാതെ, സമര സമിതിയുമായി 17-1-2019-ന് വ്യവസായ വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്.

1. കരിമണൽ ഖനനം നടക്കുന്ന ആലപ്പാട് പ്രദേശം ബഹു.വ്യവസായ വകുപ്പുമന്ത്രി സന്ദർശിക്കും;

2. ആലപ്പാട് പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ ക്ഷേമകാര്യങ്ങളിൽ ഐ.ആർ.ഇ. കാര്യക്ഷമമായി ഇടപെടണം;

3. സമരസമിതി നേതാക്കളുമായി ചർച്ച ആവശ്യമുണ്ടെങ്കിൽ ഇനിയും ചർച്ച തുടരാൻ സർക്കാർ സന്നദ്ധമാണ്.

(ഡി) നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി ആലപ്പാട്ടെ സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്നു ശിപാർശകളാണുണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകി. വ്യവസ്ഥകൾ പാലിച്ച് ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക, സീ വാഷിംഗിന് ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2, 3, 4, 10, 11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16-1-2019-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ആലപ്പാട് പ്രദേശത്ത് ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS-നെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡങ്ങൾ പാലിച്ചുഖനന പ്രവർത്തനം നടത്തുക, ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2, 5, 6, 7, 8 എന്നീ ശിപാർശകൾ നടപ്പാക്കുവാൻ സർക്കാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 16-1-2019-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനന പ്രവർത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് മുഖേന നടത്തുന്ന ഒരു പുലിമുട്ടിന്റെ

നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാകുമെന്നുമാണ് ഐ.ആർ.ഇ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായുണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണമെന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചു വരുന്നതായാണ് ഐ.ആർ.ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിലും, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുംവേണ്ട നടപടികൾ കൈക്കൊള്ളാമെന്നും (ശിപാർശ 7) ഐ.ആർ.ഇ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദേശം നടപ്പാക്കിയിട്ടുണ്ട്. ജില്ലാ മിനറൽ ഫൗണ്ടേഷനിലേക്കു റോയൽറ്റിയുടെ 30% പ്രതിവർഷം ഐ.ആർ.ഇ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന് ഐ.ആർ.ഇ.എൽ-ഉം കെ.എം.എം.എൽ.-ഉം വിഹിതം നൽകുന്നുമുണ്ട്. കൂടാതെ, സമരസമിതിയുമായി 17-1-2019-ൽ വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിട്ടുമുണ്ട്.

## ഉത്തരവാദിത്വ ടൂറിസം മിഷൻ

30 (*210) ശ്രീ. കെ. ആൻസലൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തദ്ദേശ ഗ്രാമവികസനം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീ ശാക്തീകരണം

എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് പ്രസ്തുത മേഖലകളുടെ വികസനത്തിന് പ്രധാന ഉപാധിയായി വിനോദ സഞ്ചാര പ്രവർത്തനങ്ങളെ മാറ്റുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന് ഇതിനകം കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായ യൂണിറ്റുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ, അവയുടെ ഘടന എന്നിവ വ്യക്തമാക്കുമോ;

(ഡി) ഇത്തരം യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിച്ചതുമൂലം ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. തദ്ദേശീയരായ ആളുകളെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അതിലൂടെ അവർക്ക് തൊഴിലും അധിക വരുമാനവും ലഭ്യമാക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ. കൃത്യമായ ഇടവേളകളിൽ സർക്കാർ തലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നു.

(ബി) ഉണ്ട്. വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് വരുമാനമുണ്ടാക്കാനുതകുന്ന തരത്തിലുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം മുതലായവയിലുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ 3220-ഓളം ആളുകൾക്ക് ഇതിനോടകം പരിശീലനം നൽകി. പ്രസ്തുത പരിശീലനങ്ങൾ ലഭിച്ചവരിൽ 60 ശതമാനത്തോളവും സ്ത്രീകളാണ്. ടൂറിസം മേഖലയുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടുന്ന 13547 വ്യത്യസ്തങ്ങളായ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. മിഷന്റെ 3 പ്ലാറ്റ്ഫോമുകളിലൂടെ ടൂറിസം വ്യവസായികൾക്കും വിനോദസഞ്ചാരികൾക്കും ഉൾപ്പെടെ ആർക്കും ഉത്തരവാദിത്വ ടൂറിസം മിഷൻ യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെടാവുന്നതും ആവശ്യമായ സേവനങ്ങളും

ഉൽപ്പന്നങ്ങളും ലഭ്യമാക്കാവുന്നതുമാണ്. കൂടാതെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തി പ്രാദേശിക പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള 'പെപ്പർ' (People's Participation for Participatory Planning and Empowerment through Responsible Tourism) പ്രോജക്റ്റ് പോലുള്ള വിവിധ പദ്ധതികളും മിഷൻ നടത്തിവരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ തദ്ദേശ ഗ്രാമവികസനം, ദാരിദ്ര ലഘൂകരണം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളുടെ വികസനത്തിന് ആർ.ടി.മിഷന് കഴിഞ്ഞിട്ടുണ്ട്.

(സി) കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവപച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷോഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, വിവിധ വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലുകൾ ചെയ്യുന്നവർ, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടുകിടക്കുന്ന വ്യത്യസ്തങ്ങളായ യൂണിറ്റുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ വിശദീകരിച്ച് ആർ.ടി.മിഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള 13547 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

(ഡി) ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിലുടനീളം ഉത്തരവാദിത്വ ടൂറിസം എന്ന ആശയം പ്രചരിപ്പിക്കാൻ കഴിഞ്ഞതും അതിന്റെ ഭാഗമായി പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിലുണ്ടായ പങ്കാളിത്തവും ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രധാനപ്പെട്ട നേട്ടമാണ്. പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽനിന്നും നിയമ വിധേയമാർഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വത്തിന്റെ പ്രഥമ ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിനായുള്ള പ്രവർത്തനങ്ങൾ 2008 മുതൽ 2017 വരെയുള്ള കാലയളവിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിവഴി ലഭിച്ചതായ പ്രാദേശിക വരുമാനം ഏതാണ്ട് 12 കോടി രൂപയാണ്. ആർ.ടി. മിഷൻ നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ച 2017 ആഗസ്റ്റ് മുതൽ 2019 ജനുവരി 31 വരെ ആകെ ലഭ്യമായ പ്രാദേശിക വരുമാനം 6,69,03,783 രൂപയാണ്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## സാമ്പത്തിക വളർച്ച

1 (2252) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം ഏറെ പിന്നിലാണ് എന്ന് ക്രിസിൽ ഏജൻസി നടത്തിയ പഠനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാകാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(സി) കാലാകാലങ്ങളിൽ മാനവ വികസന സൂചികയിൽ ഏറെ മുന്നിലുള്ള സംസ്ഥാനത്തെ സാമ്പത്തിക വളർച്ച നിരക്ക് കുറഞ്ഞു വരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 2016-17-ൽ 6.22 ശതമാനം (സ്ഥിരവിലയിൽ, അടിസ്ഥാന വർഷം 2011-12) വളർച്ചാ നിരക്കായിരുന്നത് 2017-18-ലെ സാമ്പത്തിക വർഷത്തിൽ 7.18 ശതമാനമായി (സ്ഥിരവിലയിൽ, അടിസ്ഥാന വർഷം 2011-12) വർദ്ധിച്ചിട്ടുണ്ട്.

(സി) കൃഷി, വ്യവസായം, വിവരസാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഗണ്യമായ വിഹിതം 2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനോടൊപ്പം സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും മുൻഗണന നൽകുന്നതിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാകും എന്നു കരുതുന്നു. കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലും ഓരോ വാർഷിക ബഡ്ജറ്റിലും സംസ്ഥാന സർക്കാർ ഗണ്യമായ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിനുപുറത്ത് KIIFB മുഖാന്തരം പശ്ചാത്തല സൗകര്യസൃഷ്ടിക്കായി നടത്തുന്ന മുതൽമുടക്ക് സമ്പദ്ഘടനയുടെ ഉത്തേജനത്തിനും വളർച്ചയ്ക്കും വലിയ തോതിൽ സഹായകരമാണ്.

## തദ്ദേശസ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയുടെ വിനിയോഗം

2(2253) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ വാർഷിക പദ്ധതിയിൽ നടപ്പ്സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സാമ്പത്തികവർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചെലവിനായി സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിനടുത്ത് എത്തിയോ എന്നും വ്യക്തമാക്കുമോ;

(സി) വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ തിരക്കിട്ട് ചെലവാക്കുന്ന രീതി പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

### ഉത്തരം

(എ) പുതുക്കിയ വാർഷിക പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം പുതുക്കിയ ഉപധനാഭ്യർത്ഥനയും ചേർത്ത് പ്രാദേശിക സർക്കാരുകൾക്ക് 7245.16 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

(ബി) വിവിധ പ്രാദേശിക സർക്കാർ തലത്തിലുള്ള 2-2-2019 വരെയുള്ള ചെലവിന്റെ പട്ടിക ചുവടെ ചേർക്കുന്നു:

| തദ്ദേശസ്ഥാപനം | ചെലവ് ശതമാനം |
|---|---|
| ജില്ലാ പഞ്ചായത്ത് | 55.48% |
| ഗ്രാമപഞ്ചായത്ത് | 66.62% |
| കോർപ്പറേഷൻ | 43.86% |
| മുനിസിപ്പാലിറ്റി | 53.73% |
| ബ്ലോക്ക് പഞ്ചായത്ത് | 67.24% |

സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പ് 100 ശതമാനം തുകയും ചെലവഴിക്കാനാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ചെലവ് ശതമാനം സർക്കാർ നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യത്തിനടുത്തെത്തിയിട്ടുണ്ട്.

(സി) വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ തിരക്കിട്ട് ചെലവാക്കുന്ന രീതി ഒഴിവാക്കുന്നതിനായി പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് വാർഷിക പദ്ധതിക്ക് അംഗീകാരം വാങ്ങണമെന്ന നിർദ്ദേശം പ്രാദേശിക സർക്കാരുകൾക്ക് നൽകുകയും ഏപ്രിൽ 1-ന് തന്നെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിക്കും.

## ധനകാര്യ സ്ക്വാഡിലെ ഉദ്യോഗസ്ഥർക്കെതിരെ പരാതി

3 (2254) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ സാമ്പത്തിക തിരിമറി, മറ്റ് ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് കോഴിക്കോട് ജില്ല ധനകാര്യ സ്ക്വാഡ് കോഴിക്കോട് കളക്ടറേറ്റിൽ 2018 ഒക്ടോബർ മാസം നൽകിയ അന്വേഷണ കുറിപ്പുകൾ, അതിന് കളക്ടറേറ്റിൽ നിന്ന് നൽകിയ മറുപടികൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോഴിക്കോട് കളക്ടറേറ്റിലെ ഏതെങ്കിലും ജീവനക്കാർ കോഴിക്കോട് ധനകാര്യ സ്ക്വാഡിലെ ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*

(ബി) ഇല്ല.

(സി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

4 (2255) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി മുതൽ നാളിതുവരെയായി ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ വകുപ്പുകളും ഓഫീസുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ക്രമക്കേടുകൾ പരിഹരിക്കുവാൻ ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയത്; ഇത്തരത്തിൽ തിരിമറി നടത്തിയ തുക എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് മേൽനടപടികളാണ് ശിപാർശ ചെയ്യപ്പെട്ടത്; പ്രസ്തുത ശിപാർശയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെയുള്ള കാലയളവിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ വിവിധ വകുപ്പുകളിലായി 103 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. (ആയതിന്റെ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.)*

അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ. ഉ.(പി.) നമ്പർ 506/92/ധന. തീയതി 20-8-1992, സ. ഉ. (പി.) നമ്പർ 2981/98/ധന. തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന. തീയതി 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ഭരണവകുപ്പുകളാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്.

(ബി & സി) 2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെയുള്ള കാലയളവിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ 48 ഓഫീസുകളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ മേൽനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് വിഭവസമാഹരണം

5 (2256) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ബി) ഇത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ വിഭവസമാഹരണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(സി) ടി ആവശ്യത്തിനായുള്ള വിഭവസമാഹരണത്തിന്റേയും വിതരണ ത്തിന്റേയും മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പി.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരം പുനഃസൃഷ്ടിക്കായി 26985 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 -ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

വായ്പയിനത്തിൽ ലോകബാങ്ക്/എ.ഡി.ബി./കെ.എഫ്.ഡബ്ല്യു. എന്നിവയിൽ നിന്നും 7200 കോടി രൂപയും, RIDF-ൽനിന്നും 400 കോടി രൂപയും, NIDA-യിൽനിന്നും 2500 കോടി രൂപയും, HUDCO-യിൽനിന്നും 1300 കോടി രൂപയും, സ്വരൂപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങളുടെ വിതരണ വിലയിന്മേൽ രണ്ടു വർഷത്തേയ്ക്ക് 1 ശതമാനം സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിൽ ലോകബാങ്ക് സഹായപദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെവരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് 'നോ ഒബ്ജക്ഷൻ' ശിപാർശ ചെയ്തിട്ടുണ്ട്.

കൂടാതെ ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾ, ദേശീയ ദുരന്തനിവാരണ പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായം എന്നിവ വഴിയുള്ള ധനസമാഹരണവും ഉദ്ദേശിക്കുന്നു.

(സി) 12-10-2018-ലുള്ള സർക്കാർ ഉത്തരവ് ജി. ഒ. (പി.) നമ്പർ 161/2018/ധനം പ്രകാരം പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവ സമാഹരണവും വിതരണവും സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി സംസ്ഥാന ആസൂത്രണ ബോർഡ് ജീവനോപാധി വികസന പാക്കേജ് റിപ്പോർട്ടും ക്രെഡിറ്റ് പ്ലാനും തയ്യാറാക്കി വരുന്നുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

6 (2257) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഏത് ഇൻഷ്വറൻസ് കമ്പനിയെ ആണ് തെരഞ്ഞെടുത്തതെന്നും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളെ എം.പാനൽ ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അത് പ്രാവർത്തികമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ - ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ. ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request for Proposals)-ഉം തയ്യാറാക്കി ധനകാര്യവകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019-FIN-258705-1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## വിശപ്പുരഹിത കേരളം പദ്ധതിക്ക് വകയിരുത്തിയ തുക

7(2258) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) എത്ര കോടി രൂപയാണ് നാളിതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നടപ്പുസാമ്പത്തികവർഷം 'വിശപ്പുരഹിത കേരളം' പദ്ധതിക്കായി 14 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് കൂടാതെ 2018-19-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 6 കോടി രൂപയും കൂടി വകയിരുത്തിയിട്ടുണ്ട്. ട്രഷറി സോഫ്റ്റ് വെയറിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് 20 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**ബാലസാന്ത്വനം പദ്ധതി**

8 (2259) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ബാലസാന്ത്വനം പദ്ധതിക്ക് എന്ത് തുകയാണ് ഇതുവരെ സംഭാവനയായി ലഭിച്ചത്;

(ബി) ഇതിനകം എന്ത് തുക ഈ പദ്ധതിയിൻകീഴിൽ ചെലവഴിച്ചു; ബാലസാന്ത്വനം പദ്ധതിയിൽ ശേഷിക്കുന്ന തുക എപ്രകാരം ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ബാലസാന്ത്വനം പദ്ധതിക്ക് 1,63,39,133 രൂപ (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തിമുപ്പത്തി ഒൻപതിനായിരത്തി നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിക്ക് 30-1-2019 വരെ 41,00,000 രൂപ (നാൽപത്തി ഒന്ന് ലക്ഷം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ലഭ്യമായ ബാക്കിയുള്ള തുക പതിനെട്ട് വയസ്സിന് താഴെയുള്ള ക്യാൻസർ ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് ആശ്വാസ ധനസഹായമായി നൽകുന്നതിലേയ്ക്ക് തുടർന്നും വിനിയോഗിക്കുന്നതാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക**

9 (2260) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണ്; ഈയിനത്തിൽ 2018 ഡിസംബർ 31 വരെ എന്ത് തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു; വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതുമൂലം കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഈ സർക്കാർ വന്നതിന് ശേഷം ഈയിനത്തിൽ എന്ത് തുക നഷ്ടമായി; വിശദമാക്കാമോ;

(സി) കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നഷ്ടപ്പെട്ട സാഹചര്യം ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 8097.99 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം 2019 ജനുവരി 31 വരെ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതമായി 3344.16 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസ് ആയോ ആണ്. റീ-ഇംബേഴ്സ്മെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ച് തീരാത്ത സാഹചര്യം ഉണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

(സി) 2016-17 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതി ചെലവ് സംബന്ധിച്ച അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയതിൽ, ആരോഗ്യ കുടുംബക്ഷേമ വകപ്പിലെ ചില കേന്ദ്രാവിഷ്കൃത പദ്ധതികളിൽ, ശമ്പളവും വേതനവുമായി ബന്ധപ്പെട്ട പദ്ധതി ഘടകങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളിലുള്ള അവ്യക്തത കാരണം, ഇത്തരത്തിൽ ചെലവാക്കിയ തുകയ്ക്ക് അക്കൗണ്ടന്റ് ജനറൽ

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി പ്രസ്തുത തുകയ്ക്ക് അക്കൗണ്ടന്റ് ജനറലിൽനിന്നും ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനും ഹെൽത്ത് സർവ്വീസസ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടപടികൾ അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കുന്ന മുറയ്ക്കേ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

## സ്ത്രീകൾക്കായുള്ള പദ്ധതികളുടെ അടങ്കൽ തുക

10 (2261) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സ്ത്രീകൾക്കായുള്ള പദ്ധതികളുടെ അടങ്കൽ തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും ഇതിലെത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; പൂർണ്ണമായും തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ പ്രോജക്ടുകൾക്കാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷമാണ് ജൻഡർ ബഡ്ജറ്റ് ആരംഭിച്ചത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സ്ത്രീകൾക്കായുള്ള പദ്ധതികളുടെ അടങ്കൽ തുക യഥാക്രമം 2315.82, 3240.33 കോടി രൂപയാണ്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## റവന്യൂ വരുമാനം

11 (2262) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ റവന്യൂ വരുമാനം എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്ക് ശമ്പളവും ആനുകൂല്യങ്ങൾക്കുമായി നൽകിയ തുക എത്രയാണ്;

(സി) ഈ കാലയളവിൽ ജീവനക്കാരുടെ പെൻഷൻ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്;

(ഡി) വിവിധ വായ്പകളുടെ പലിശയിനത്തിൽ ഈ രണ്ടു വർഷവും എത്ര തുക കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-2018 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 83,020.14 കോടി രൂപയും, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018 ഡിസംബർ 31 വരെയുള്ള സംസ്ഥാത്തിന്റെ റവന്യൂ വരുമാനം 64,227.23 കോടി രൂപയുമാണ്.

(ബി - ഡി) (തുക കോടിയിൽ)

| സാമ്പത്തിക വർഷം | ശമ്പളം | പെൻഷൻ | പലിശ |
|---|---|---|---|
| | | | |
| 2017-18 | 31,905.92 | 19,938.41 | 15,119.93 |
| 2018-2019 (അക്കൗണ്ടന്റ് ജനറലിന്റെ 2018 ഡിസംബർ 31 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം) | 24,364.16 | 15,385.68 | 10,977.32 |

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി**

12 (2263) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പ്രകാരം ഇതിനകം എത്രപേർക്ക് ആനുകൂല്യം നൽകി എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ ബാങ്കുകൾ പദ്ധതി അട്ടിമറിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷ അംഗീകരിച്ചതായി ഒരു വർഷം മുമ്പ് അറിയിപ്പ് ലഭിച്ച പലരുടെയും അപേക്ഷ ഇപ്പോൾ നിരസിച്ചതായി വെബ് സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മെരിറ്റ് സീറ്റിൽ പഠിച്ചവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടോ;

(ഇ) ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് സർക്കാർ ഉത്തരവിൽ വ്യക്തത വരുത്തി വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 2018 ഡിസംബർ 12-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 16,174 അപേക്ഷകളിലെ സർക്കാർ വിഹിതമായ 156.73 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) വ്യക്തമായ മാനദണ്ഡങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ പദ്ധതിയിൽ പങ്കെടുക്കുന്ന ബാങ്കുകൾക്ക് പദ്ധതിയിൻകീഴിൽ ലഭിച്ച അപേക്ഷകൾ പരിശോധിക്കാനും നിരസിക്കാനും കഴിയുകയുള്ളൂ. ബാങ്കുകളുടെ തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ധനകാര്യ (പ്ലാനിംഗ്) വകുപ്പ് അഡീഷണൽ സെക്രട്ടറി, എസ്.എൽ.ബി.സി. കൺവീനർ, ബാങ്ക് പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റിക്ക് പരാതി നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബാങ്ക് ബ്രാഞ്ചുകൾ, ബാങ്ക് നോഡൽ ഓഫീസർ, സംസ്ഥാനതല ബാങ്കിംഗ് സമിതി, സർക്കാർ എന്നീ തലങ്ങളിലെ പരിശോധനകൾക്കുശേഷമാണ് ധനസഹായം അനുവദിക്കപ്പെടുന്നത്. അപേക്ഷകളുടെ യോഗ്യത സംബന്ധിച്ച് ഏതെങ്കിലും തലത്തിൽ എടുക്കുന്ന തെറ്റായ തീരുമാനം റിവ്യൂ ചെയ്യുന്നതിന് ഉയർന്ന തലത്തിലെ അധികാരികൾക്ക് അധികാരമുണ്ട്. ഇപ്രകാരം ആദ്യഘട്ട പരിശോധനകളിൽ തെറ്റായി സ്വീകരിക്കപ്പെടുന്ന അപേക്ഷകൾ പിന്നീട് നിരസിക്കപ്പെടുന്ന പക്ഷം ആയത് വെബ്സൈറ്റിൽ രേഖപ്പെടുത്തപ്പെടുന്നതാണ്.

(ഡി & ഇ) 16-5-2017-ലെ സ. ഉ. (പി.) നമ്പർ 65/2017, 7-6-2018 തീയതിയിലെ സ. ഉ. (പി.) നമ്പർ 85/2018 എന്നീ ഉത്തരവുകളിൽ നിർവ്വചിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം മെറിറ്റ് എന്ന നിർവ്വചനത്തിൽപ്പെടുന്ന അപേക്ഷകൾക്കെല്ലാംതന്നെ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

**ശബരിമല യുവതീ പ്രവേശനവിധിയും നികുതി വരുമാനത്തിലെ കുറവും**

13 (2264) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശനവിധി വന്നതിനെത്തുടർന്ന് സൃഷ്ടിക്കപ്പെട്ട സംഘർഷാവസ്ഥമൂലം സംസ്ഥാനത്ത് ഉണ്ടായ പൊതുമുതൽ നശീകരണം സ്വകാര്യമുതൽ നശീകരണം തുടങ്ങിയവയുടെ കണക്കെടുപ്പും വിലയിരുത്തലും നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘർഷാവസ്ഥ വ്യാപാര മേഖലയിൽ ഉണ്ടാക്കിയ മാന്ദ്യം നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത കോടതിവിധിയെത്തുടർന്നുളവായ സ്ഥിതിവിശേഷം ഒരു വിഭാഗം ജനങ്ങളുടെ ഉപജീവനത്തിനും വാണിജ്യ വ്യാപാര സാധ്യതകൾക്കും കോട്ടം തട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ മറ്റേതെങ്കിലും തരത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 220 കേസ്സുകളും സ്വകാര്യ മുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 347 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ മൂല്യം 96,39,346 രൂപ എന്നും നശിപ്പിക്കപ്പെട്ട സ്വകാര്യ മുതലിന്റെ മൂല്യം 2,05,78,955 രൂപ എന്നും കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സംഘർഷാവസ്ഥ നിമിത്തം നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ എന്നതിന്റെ ആധികാരിക വിവരങ്ങൾ ലഭ്യമല്ല.

(സി) ഒരു വിഭാഗം ആളുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നിയമലംഘന പ്രവൃത്തികൾമൂലം സംഭവിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങൾ നിമിത്തം ജനങ്ങളുടെ ഉപജീവനത്തിനും വാണിജ്യ വ്യാപാര സാധ്യതകൾക്കും സ്വാഭാവികമായ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്.

(ഡി) സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള പ്രതികൂല സംഭവവികാസങ്ങൾ നികുതി വരുമാനത്തിന്റെ വളർച്ചയെ ബാധിച്ചിട്ടുണ്ട്.

**നികുതി-നികുതിയേതര വരുമാനം**

14(2265) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2017-18 വരെയുള്ള നികുതി, നികുതിയേതര വരുമാനം പട്ടികതിരിച്ച് ലഭ്യമാക്കുമോ;

(ബി) നികുതി വരുമാനവും നികുതിയേതര വരുമാനവും ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ)

| വർഷം | തനത് നികുതി വരുമാനം | തനത് നികുതിയേതര വരുമാനം |
|---|---|---|
| 2016-17 | 42176.38 കോടി രൂപ | 9699.98 കോടി |
| 2017-18 | 46459.61 കോടി രൂപ | 11199.61 കോടി |

(ബി) ഉണ്ട്. എല്ലാ വകുപ്പുകളിൽനിന്നും നികുതി-നികുതിയേതര വരുമാനം സംബന്ധിച്ച പ്രതിമാസ പത്രിക ശേഖരിച്ച് വിലയിരുത്തുകയും പ്രധാന വകുപ്പുകളുടെ അവലോകന യോഗം മാസംതോറും നടത്തിവരികയും ചെയ്യുന്നു.

## പെട്രോൾ, ഡീസൽ നികുതിയിനത്തിലെ നഷ്ടം

15(2266) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ, ഡീസൽ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതിയിൽ നിന്നും ഒരു രൂപാ കിഴിവ് വരുത്തിയതുമൂലം നാളിതുവരെ ഈയിനത്തിൽ എത്ര രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പെട്രോൾ, ഡീസൽ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതിയിനത്തിൽനിന്നും ഒരു രൂപാ കിഴിവ് വരുത്തിയതുമൂലം 31-1-2019 വരെ ഈയിനത്തിൽ 321.63 കോടി രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് വന്നിട്ടുണ്ട്.

## കാർഷികാദായ നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം

16 (2267) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് കാർഷികാദായ നികുതി ഈടാക്കുന്നത് അഞ്ച് വർഷത്തേക്ക് മരവിപ്പിക്കുന്നതിന് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ശിപാർശ പരിഗണിച്ച് കാർഷികാദായ നികുതി മരവിപ്പിക്കുന്നതിന് പകരം പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കാർഷികാദായ നികുതിയിനത്തിൽ തോട്ടം മേഖലയിൽ നിന്നും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(ഡി) നികുതി ഒഴിവാക്കിയപ്പോൾ മുൻകാല നികുതി ബാധ്യത കൂടി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ തോട്ടം ഉടമകളിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം അഞ്ച് വർഷത്തേയ്ക്ക് മരവിപ്പിക്കുകയോ ചെയ്യണം എന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) 15-10-2018-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 67/2018/തൊഴിൽ പ്രകാരം കാർഷികാദായ നികുതി മരവിപ്പിക്കുന്നതിന് പകരം പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. കേരള കാർഷികാദായ നികുതി നിയമപ്രകാരം നികുതി മരവിപ്പിക്കുക എന്ന വ്യവസ്ഥ നിലവിലില്ലാത്തതിനാൽ ഭാവിയിലുണ്ടായേക്കാവുന്ന നിയമപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് അപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) 2016-17 - 1.44 കോടി രൂപ

2017-18 - 2.18 കോടി രൂപ

(ഡി) മുൻകാല നികുതി ബാധ്യത ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടില്ല.

## പെട്രോൾ-ഡീസൽ വിറ്റുവരവിൽനിന്നുള്ള നികുതിവരുമാനം

17 (2268) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ-ഡീസൽ വിറ്റുവരവിലെ നികുതിയിനത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലും 2018-19 സാമ്പത്തിക വർഷം നാളിതുവരെയും എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

പെട്രോൾ, ഡീസൽ വിറ്റുവരവിലെ നികുതിയിനത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലും 2018-19 സാമ്പത്തിക വർഷം 31-12-2018 വരെയും ലഭിച്ച തുകയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | പെട്രോളിൽനിന്ന് ലഭിച്ച തുക | ഡീസലിൽനിന്ന് ലഭിച്ച തുക |
|---|---|---|
| | (തുക കോടിയിൽ) | |
| 2016-17 | 2872.90 | 3530.42 |
| 2017-18 | 3226.99 | 3823.30 |
| 2018-19 (31-1-2019 വരെ) | 2767.97 | 3090.06 |

## പൊതുമരാമത്ത് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ്

18(2269) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് ടാക്സ് നൽകണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ ചുവടുപിടിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണ കരാറുകാരിൽ നിന്ന് 1-4-2015 മുതലുള്ള സർവ്വീസ് ടാക്സ് ഈടാക്കാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഏത് തീയതി മുതലാണ് പൊതുമരാമത്ത് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് എന്നറിയിക്കാമോ;

(സി) 1-4-2015 മുതൽ 29-2-2016 വരെയുള്ള കാലയളവിൽ എസ്റ്റിമേറ്റിൽ സർവ്വീസ് ടാക്സ് ഉൾപ്പെടുത്താതെയിരുന്നിട്ടും പൊതുമരാമത്ത് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ് പ്രസ്തുത കാലയളവിലേയ്ക്കും ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ലഭിച്ച പരാതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) എസ്റ്റിമേറ്റിൽ സർവ്വീസ് ടാക്സ് ഉൾപ്പെടുത്താത്ത 1-4-2015 മുതൽ 29-2-2016 വരെയുള്ള കാലയളവിലെ സർവ്വീസ് ടാക്സ് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 5-7-2017-ലെ G.O. (P.) No. 87/2017/Fin. പ്രകാരം സർവ്വീസ് ടാക്സ് കരാറുകാരൻ അടയ്ക്കേണ്ടതും എഞ്ചിനീയർ ഇൻചാർജ് ടാക്സ് റിട്ടേൺ വിശദമായി പരിശോധിച്ച് ആയതിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടതിനുശേഷം ടി സർവ്വീസ് ടാക്സ് തുക റീഇംബേഴ്സ് ചെയ്തു കൊടുക്കാവുന്നതാണെന്നും പരാമർശിക്കുന്നുണ്ട്. 1-4-2015 മുതൽ ഉള്ള സർവ്വീസ് ടാക്സ് ഈടാക്കാൻ പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) 29-2-2016-ലെ G.O.(P.)No. 30/2016/Fin. പ്രകാരമാണ് പൊതുമരാമത്ത് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ് ഉൾപ്പെടുത്താൻ തീരുമാനിച്ചത്.

(സി) ഉണ്ട്.

(ഡി) കെട്ടിട വിഭാഗത്തിൽ ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

(a) പാലക്കാട് മെഡിക്കൽ കോളേജ് മെയിൻ ബ്ലോക്ക് നിർമ്മാണം (ശ്രീ. എം. മുഹമ്മദലി നിർമ്മാൺ കൺസ്ട്രക്ഷൻ, മഞ്ചേരി, മലപ്പുറം)

(b) മലപ്പുറം ജില്ലാ ഡി.പി.സി. സെക്രട്ടേറിയറ്റ് കെട്ടിട നിർമ്മാണം.

(c) പെരിന്തൽമണ്ണ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിലെ മാതൃ-ശിശു വിഭാഗത്തിന്റെ അധിക പ്രവൃത്തി.

(ഇ) ഈ കാലയളവിലെ സർവ്വീസ് ടാക്സ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്നതും സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കി വരുന്നതുമായ വിഷയമാണ്. സെൻട്രൽ എക്സൈസ് കമ്മീഷണറുടെ 20-6-2012-ലെ 25/2012 നമ്പർ മെഗാ എക്സംപ്ഷൻ നോട്ടിഫിക്കേഷൻ പ്രകാരം, 1994 ഫിനാൻസ് ആക്ടിലെ സെക്ഷൻ 66 B-യിലുള്ള ചുവടെ പറയുന്ന സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഒഴിവാക്കുകയുണ്ടായി:

1. വാണിജ്യം, വ്യവസായം മറ്റ് വ്യാവസായിക പ്രവർത്തനങ്ങൾ എന്നിവയൊഴികെയുള്ള സിവിൽ വർക്കുകൾ.

2. വിദ്യാഭ്യാസം/ക്ലിനിക്കൽ/സാംസ്കാരികം/കല എന്നീ ആവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണ പ്രവൃത്തികൾ

3. 1994 ഫിനാൻസ് ആക്ടിലെ സെക്ഷൻ 66B-യിലെ Clause 44-ലെ വിശദീകരണം 1-ൽ പരാമർശിച്ചിട്ടുള്ള സ്വകാര്യ ആവശ്യം/ജീവനക്കാരുടെ ആവശ്യത്തിനുള്ള വാസയോഗ്യമായ സമുച്ചയങ്ങൾ.

പ്രസ്തുത ഇളവ് 1-3-2015-ലെ നോട്ടിഫിക്കേഷൻ നമ്പർ 6/2015 പ്രകാരം പിൻവലിച്ചു. തുടർന്ന് 1-3-2016-ലെ നോട്ടിഫിക്കേഷൻ നമ്പർ 09/2016-ST പ്രകാരം, 1-3-2015-ന് മുമ്പ് നിലവിൽ വന്ന കരാറുകളും ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടി ടി തീയതിക്കുമുമ്പ് ഒടുക്കിയിട്ടുള്ളതുമായ കരാറുകൾക്ക് ടി ഇളവ് ബാധകമാണെന്ന് ഉത്തരവായിട്ടുണ്ട്.

## നികുതിയടയ്ക്കാതെയുള്ള അനധികൃത സ്വർണ്ണ കച്ചവടം നിയന്ത്രിക്കാൻ നടപടി

19 (2270) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയടയ്ക്കാതെ അനധികൃതമായി സ്വർണ്ണ കച്ചവടം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനധികൃത കച്ചവടം നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സ്വർണ്ണാഭരണ വില്പന രംഗത്ത് നികുതി നൽകിയുള്ള വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനധികൃത സ്വർണ്ണ വ്യാപാരത്തെക്കുറിച്ചുള്ള പരാതികൾ ലഭിക്കുന്നുണ്ട്. ചരക്ക് സേവന നികുതി നിയമപ്രകാരം പ്രതിവർഷം 20 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്കുമാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിന് നിയമപരമായ ബാധ്യതയുള്ളൂ. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ ക്രയവിക്രയങ്ങളെ സംബന്ധിച്ച വിവരങ്ങൾ റിട്ടേൺ മുഖേന സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പരിശോധന നടത്തി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വ്യാപാരികൾ വില്പന ഘട്ടത്തിൽ ബിൽ കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും യാത്രാ വാഹനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം കാര്യക്ഷമമായ പരിശോധന കളിലൂടെ നികുതിവെട്ടിപ്പിന്റെ പഴുതുകൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു.

(ബി) വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് ബിൽ നൽകുന്നതിന് വ്യാപാരികൾ നിയമപരമായി ബാധ്യസ്ഥരാണ്. വ്യാപാരികൾ വില്പനഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾ ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വാർത്താമാധ്യമങ്ങളിലൂടെ ആവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തിന്റെ പൊതുകടം

20 (2271) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്നതിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം പൊതുവിപണിയിൽ നിന്നും എത്ര കോടി സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിൽ പരിമിതപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 15-ാം ധനകാര്യ കമ്മീഷന്റെ ഔദ്യോഗിക പ്രതികരണങ്ങളൊന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പൊതുവിപണിയിൽ നിന്നും 21233.96 കോടി രൂപ (തനി) സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ 2018 നവംബർ വരെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) 45494.76 കോടി രൂപയാണ്.

(ഡി) റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

## പൊതുവിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ ധനസഹായത്തോടെ കെട്ടിടങ്ങൾ

21(2272) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ ധനസഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിനുള്ള മാസ്റ്റർ പ്ലാൻ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; വിശദീകരിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കിഫ്ബിക്ക് സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(സി) ക്ലാസ് നടത്തുന്നതിന് ഫിറ്റ്നെസ് ഉള്ള കെട്ടിടങ്ങൾ ഉൾപ്പെടെ നീക്കംചെയ്ത ശേഷം നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾമൂലം പല വിദ്യാലയങ്ങൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വേഗത്തിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങൾക്ക് കിഫ്ബി സഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ ഏജൻസിയായി Kerala Infrastructure & Technology for Education (KITE) എന്ന സ്ഥാപനത്തെയും വിശദമായി പദ്ധതി രേഖ തയ്യാറാക്കുന്നതിനായി KITCO എന്ന സ്ഥാപനത്തെയും പ്രോജക്ട് മോണിറ്ററിംഗ് സെൽ ആയി WAPCOS എന്ന സ്ഥാപനത്തെയും ആണ് സർക്കാർ നിയമിച്ചിട്ടുള്ളത്.

(ബി) കിഫ്ബി പദ്ധതികളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗം പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പദ്ധതി പ്രദേശം സന്ദർശിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം അവയുടെ ഗുണനിലവാരം പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പരിശോധനകൾക്കായി കിഫ്ബി വിവിധ നൂതന സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം സാമ്പിൾ പരിശോധനകൾക്ക് അംഗീകൃത സ്ഥാപനങ്ങളുടെ സേവനങ്ങളും പ്രയോജനപ്പെടുത്തിവരുന്നു. കണ്ടെത്തുന്ന പോരായ്മകളെ അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് ഒബ്സർവേഷൻ മെമ്മോകൾ നൽകുകയും പ്രസ്തുത മെമ്മോകൾക്ക് നൽകുന്ന മറുപടി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുമ്പോൾ ഒരു മാനദണ്ഡമായി പരിഗണിക്കുന്നുമുണ്ട്.

(സി & ഡി) ഫിറ്റ്നസ് ഉള്ള ബിൽഡിംഗ് ആണെങ്കിലും മാസ്റ്റർപ്ലാനിന് ഉതകുംവിധം പൊളിക്കേണ്ടി വന്നിട്ടുള്ള സ്ഥലങ്ങൾ ഉണ്ട്. ആയത് ബന്ധപ്പെട്ടവരുടെ അനുമതി പ്രകാരവും അറിവോടുകൂടിയുമാണ് പൊളിച്ചുമാറ്റിയത്. പൊതുവിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ (9 മാസക്കാലയളവിനുള്ളിൽ) പൂർത്തീകരിക്കാനായി

ബന്ധപ്പെട്ട കോൺട്രാക്ടർമാരുമായി എസി.പി.വി. എഗ്രിമെന്റ് വച്ചിട്ടുണ്ട്. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത അദ്ധ്യയനവർഷം തുടങ്ങുന്നതിനുമുമ്പേ തീർക്കാനായി കൃത്യമായ ഇടവേളകളിൽ പണികളുടെ പുരോഗതി വിവിധതലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## കിഫ്ബി

22(2273) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര കോടി രൂപയുടെ പദ്ധതി കിഫ്ബി വഴി വിവിധ വകുപ്പുകൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കിഫ്ബി വഴി ഇതുവരെ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചുവെന്നും എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ആരംഭം കുറിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കിഫ്ബി വഴി നാളിതുവരെ 41325.91 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ പദ്ധതികൾ/ഉപപദ്ധതികളിൽ ഉൾപ്പെടുന്ന 43 പ്രവൃത്തികൾ കിഫ്ബി വഴി നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി 1196.87 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. 7450.54 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

## കിഫ്ബി ഫണ്ട്

23(2274) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിലേക്ക് 31-12-2018 വരെ സ്വരൂപിച്ച തുക എത്രയാണ്; ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് ഈ തുക ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി ചിട്ടിയിൽ നിന്നും കിഫ്ബിക്ക് എന്ത് തുക ലഭ്യമായി; അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബി 31-12-2018 വരെ അംഗീകരിച്ച പദ്ധതികൾക്ക് വേണ്ടിവരുന്ന തുക എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) ഇതുവരെ കിഫ്ബി ഫണ്ടിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തുക എത്രയാണ്; പദ്ധതികളുടെ വിശദാംശം സഹിതം നൽകുമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടിലേയ്ക്ക് 31-12-2018 വരെ വിവിധ സ്രോതസ്സുകളിലൂടെ ലഭ്യമായ തുകകളുടെ വിവരം താഴെ പറയുന്നു:

| ക്രമ നമ്പർ | സ്രോതസ് | തുക (കോടിയിൽ) |
|---|---|---|
| 1 | മോട്ടോർ വാഹന നികുതിയുടെ വിഹിതം | 2001.74 |
| 2 | പെട്രോൾ/ഡീസൽ സെസ്സിനത്തിലെ വിഹിതം | 1371.11 |
| 3 | നബാർഡ് ലോൺ | 100.8 |
| 4 | കെ.എസ്.എഫ്.ഇ.-ക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ബോണ്ട് | 3.326 |
| 5 | സീഡ് ക്യാപിറ്റൽ (സർക്കാർ) | 2498.42 |
| | ആകെ | 5975.396 |

(ബി) ആദ്യഘട്ടമായി യു.എ.ഇ.-യിൽ മാത്രമാണ് പ്രവാസി ചിട്ടി ആരംഭിച്ചത്. നിക്ഷേപം തുടങ്ങിയ 2018 നവംബർ മാസം പകുതി മുതൽ നാളിതുവരെ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കെ.എസ്.എഫ്.ഇ.ക്ക് പ്രവാസി ചിട്ടി വഴി ലഭിച്ച തുകയിൽനിന്ന് 4,29,80,000 രൂപ കെ.എസ്.എഫ്.ഇ. കിഫ്ബി ബോണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 31-12-2018 വരെ കിഫ്ബി അംഗീകരിച്ച പദ്ധതികൾക്കുവേണ്ടി നിലവിലെ കണക്കുകൾ പ്രകാരം 39714.41 കോടി രൂപ വേണ്ടിവരും.

(ഡി) പദ്ധതികൾക്കുള്ള പേയ്മെന്റ് കോൺട്രാക്ടർമാരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് നൽകുന്നത്. നാളിതവരെ 731,45,29,997 രൂപ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ടിൽനിന്നും പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ റിട്ടൻഷൻ, ആദായ നികുതി മറ്റ് നിയമാനുസൃത കിഴിവുകൾ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഈ ഇനത്തിൽ ആകെ 465.42 കോടി രൂപ നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതികൾ

24 (2275) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഇതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ കൂടാതെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് നിലവിൽ നടപടികൾ പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം അറിയിക്കാമോ?

ഉത്തരം

(എ) കിഫ്ബി മുഖേന ഇതുവരെ അംഗീകാരം നൽകിയ പദ്ധതികൾ കൂടാതെ പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിച്ച 8083.60 കോടി രൂപയുടെ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണ്.

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലുമായി ആകെ 51164 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ ആകെ തുക നിർണ്ണയിച്ചിട്ടില്ല.

(സി) പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കകം തന്നെ, പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു.

## കിഫ്ബി അംഗീകരിച്ച പ്രവൃത്തികൾ തടസ്സമില്ലാതെ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി

25 (2276) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം നൽകിയ വലിയ പ്രവൃത്തികളിൽ ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ്ങ്, വാട്ടർ പൈപ്പ് ലൈൻ ഷിഫ്റ്റിങ്ങ് എന്നിവമൂലം പദ്ധതികളുടെ നിർമ്മാണ വേഗത കുറയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) ബന്ധപ്പെട്ട വകുപ്പുകളുടെ എസ്റ്റിമേറ്റ് പ്രകാരം സർവ്വീസ് ചാർജ്ജ് നൽകി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുതന്നെ ഇലട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ്ങ്, പൈപ്പ് ലൈൻ ഷിഫ്റ്റിങ്ങ് എന്നിവ ഏൽപ്പിച്ച് പ്രവൃത്തി തടസ്സമില്ലാതെ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി ഉണ്ടാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കിഫ്ബി അംഗീകാരം നൽകിയ വലിയ പ്രവൃത്തികളിൽ ഇലക്ട്രിക് പോസ്റ്റ്, വാട്ടർ പൈപ്പ് ലൈൻ തുടങ്ങിയവ മാറ്റി സ്ഥാപിക്കേണ്ടിവരുമ്പോൾ നിലവിലുള്ള നടപടിക്രമങ്ങൾ പ്രകാരം പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയും, ആയത് പരിഹരിക്കുന്നതിലേയ്ക്കായി ഇതുസംബന്ധിച്ച് നിലവിലെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് സ. ഉ. (എംഎസ്.) നമ്പർ 444/2018/ധന. തീയതി 26-11-2018 എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം, ഇലക്ട്രിക് പോസ്റ്റ്, വാട്ടർ പൈപ്പ് ലൈൻ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) കൾക്ക് ആയിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ടി പ്രവൃത്തി പദ്ധതി ഏറ്റെടുത്ത കരാറുകാരന് നൽകുന്നത് സംബന്ധിച്ച് തീരുമാനിക്കേണ്ടതും പദ്ധതി നിർവ്വഹണ ഏജൻസിയാണ്.

## കിഫ്ബി പദ്ധതികളുടെ കാലതാമസം

26(2277) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബജറ്റുകളിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രഖ്യാപിച്ച പല പദ്ധതികളും സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും അതിനുശേഷം പദ്ധതി നടപ്പിലാക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വിശദമായ റിപ്പോർട്ട്

സമർപ്പിക്കുന്നമുറയ്ക്ക് വിശദമായ പരിശോധനയ്ക്കുശേഷം തൃപ്തികരമാണെങ്കിൽ കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ബോർഡ് യോഗം അംഗീകരിച്ച് ധനാനുമതി നൽകിവരുന്നു. പദ്ധതികൾ പൂർത്തിയാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സമർപ്പിക്കുന്ന വിശദമായ പദ്ധതിരേഖയിൽ പദ്ധതികൾ പൂർത്തിയാക്കേണ്ട കാലാവധി നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ പദ്ധതിയുടേയും സ്വഭാവമനുസരിച്ച് പൂർത്തീകരിക്കേണ്ട കാലയളവ് വ്യത്യസ്തമായിരിക്കും. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗങ്ങൾ ആവശ്യാനുസരണം നടത്തിവരുന്നു.

(ബി) ഉണ്ട്. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഭൂമി ഏറ്റെടുക്കൽ ജോലികൾ വേഗത്തിലും സമയബന്ധിതമായും നടത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ നാലു മേഖലകളിലായി പ്രത്യേക എൽ.എ. യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ ഒൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിക്കുകയും പ്രസ്തുത എൽ.എ. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശയിന്മേൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബിയുടെ ഓൺലൈൻ സംവിധാനം വഴി ലഭ്യമായ വിവരങ്ങളുടെ വിലയിരുത്തലിനുപുറമേ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗങ്ങൾ ആവശ്യാനുസരണം നടത്തിവരുന്നു.

## സെന്റേജ് ചാർജ് ഒഴിവാക്കി നൽകാൻ നടപടി

27 (2278) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തിയിൽ റോഡുകൾക്ക് വീതി കൂട്ടുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.എൽ സമർപ്പിക്കുന്ന എസ്റ്റിമേറ്റിൽ നിന്നും സെന്റേജ് ചാർജ് ഒഴിവാക്കി നൽകണമെന്ന തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഈ തീരുമാനം കെ.എസ്.ഇ.ബി.എൽ. അംഗീകരിക്കേണ്ടതുണ്ടോ; പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തിയിൽ റോഡുകൾക്ക് വീതി കൂട്ടുമ്പോൾ ആവശ്യമായി വരുന്ന യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾക്ക് പ്രത്യേകം സെന്റേജ് ചാർജ്ജ് നൽകുന്നതല്ല എന്ന് 26-11-2018 തീയതിയിലെ സ. ഉ. (കൈ.) നം. 444/2018/ധന. ഉത്തരവുപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സമയബന്ധിതമായ നടത്തിപ്പിനായി കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട് 26-11-2018-ലെ സ. ഉ. (കൈ) നമ്പർ 444/2018/ധന. ഉത്തരവ് പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കുന്ന ബില്ലുകൾ മാത്രമേ കിഫ്ബി നിലവിൽ പരിഗണിക്കുന്നുള്ളൂ.

## കിഫ്ബി മുഖാന്തരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

28 (2279) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലും 2018-19 സാമ്പത്തിക വർഷത്തിൽ നാളിതുവരെയും കിഫ്ബി വഴി തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കിഫ്ബി മുഖാന്തരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലും 2018-19 സാമ്പത്തിക വർഷത്തിൽ നാളിതുവരെയുമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള ആകെ 522.93 കോടി രൂപയുടെ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

29 (2280) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തിക അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തിക അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

30(2281) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി അംഗീകാരം ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികൾക്കും വേഗത്തിൽ അനുമതി ലഭ്യമാക്കി സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ബി & സി) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ഡി) വിവിധ ബഡ്ജററുകളിലായി സർക്കാർ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചതിനുശേഷം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സമർപ്പിക്കുന്ന വിശദമായ റിപ്പോർട്ട് വളരെ വേഗത്തിൽ തന്നെ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് കിഫ്ബി ധനാനുമതി നൽകുന്നു. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരമുള്ള പദ്ധതികൾ

31 (2282) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം 2275.17 കോടി രൂപയുടെ 56 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

## എൽ.എ.സി.-എ.ഡി.എസ്. പോർട്ടൽ സംവിധാനം

32 (2283) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് നിയമസഭാ സാമാജികർ സമർപ്പിച്ചിട്ടുള്ള ആസ്തി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്കമാക്കാമോ;

(ബി) മുൻസാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ എൽ.എ.സി.-എ.ഡി.എസ്. പോർട്ടൽ സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) 2018 -19 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.മാർ നൽകിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി പോർട്ടൽ സംവിധാനം സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ - സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ഓൺലൈൻ സംവിധാനം എന്ന നിലയ്ക്കാണ് എൽ.എ.സി.-എ.ഡി.എസ്. പോർട്ടൽ വികസിപ്പിച്ചത്. ധനകാര്യ വകുപ്പിലും വിവിധ കളക്ടറേറ്റുകളിലും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ സുഗമമായി കൈകാര്യം ചെയ്യുന്നതിന് പോർട്ടൽ സഹായകരമാണ്. എം.എൽ.എ.-മാർ പ്രവൃത്തികൾ ശിപാർശ ചെയ്ത് ഭരണാനുമതി നൽകുന്നതുവരെയുള്ള കാര്യങ്ങളാണ് പോർട്ടൽ ഉപയോഗിച്ച് ചെയ്തുവരുന്നത്. ഭരണാനുമതിക്കുശേഷം പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെൻഡർ, നിർവ്വഹണം എന്നിവ വിവിധ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളും അക്രഡിറ്റഡ് ഏജൻസികളുമാണ് ചെയ്തുവരുന്നത്. സാങ്കേതികാനുമതി, ടെൻഡർ, നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം പോർട്ടലിലൂടെ ലഭ്യമാകുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളേയും അക്രഡിറ്റഡ് ഏജൻസികളേയും പോർട്ടലിന്റെ ഭാഗമാക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ആസ്തി വികസന ഫണ്ട്**

33(2284) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുകയുടെ ഭരണാനുമതി 2019 ജനുവരി 15 നകം നൽകിയിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ;

(ബി) 2019 മാർച്ച് 31-ന് മുമ്പ് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.മാർ നിർദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓരോ സാമ്പത്തികവർഷവും ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്കുള്ള ഭരണാനുമതി ഇതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത സമയപരിധിക്കകം

വാങ്ങേണ്ടതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2016-17-നു കീഴിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ഇതിനോടകം അവസാനിച്ചു. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-നുകീഴിൽ സമർപ്പിച്ചിട്ടുള്ള ശിപാർശകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31-3-2019 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-നുകീഴിൽ സമർപ്പിച്ചിട്ടുള്ള ശിപാർശകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധിയും 31-3-2019 ആണ്. നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ലാത്ത ശിപാർശകൾ ഭരണാനുമതിക്കായി പരിഗണിക്കുന്നതല്ല.

(സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്ക് കീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി അവ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ സ. ഉ. (അ.) നം. 119/2018/ധന. തീയതി 4-8-2018-ന്റെ അനുബന്ധം 3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**ആസ്തി വികസന പദ്ധതി**

34(2285) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ, അരൂർ എം.എൽ.എ. നിർദ്ദേശിച്ച് ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

2017-18 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ, അരൂർ എം.എൽ.എ. നിർദ്ദേശിച്ച 18 പ്രവൃത്തികൾക്കും ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ടി പ്രവൃത്തികളുടെ ടെൻഡർ എക്സസ്/ടെൻഡർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈക്കം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

35(2286) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15,2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ വൈക്കം നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) 2007-08, 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിൽ വൈക്കം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ;

(സി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്, ആംബുലൻസ് തുടങ്ങിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ?

### ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി നൽകിയിരിക്കുന്നത് തീയതി 9-12-2016-ലെ സ. ഉ. (അച്ചടി) നമ്പർ 178/2016/ധന. പ്രകാരമാണ്. കാലാകാലങ്ങളിൽ വാഹനങ്ങൾ വാങ്ങുന്നതിനായി സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളും നടപടിക്രമങ്ങളുമാണ് ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കേണ്ടത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ആംബുലൻസ് വാങ്ങുന്നതിന് നിലവിൽ അനുമതിയില്ല.

## പ്രാദേശിക വികസന ഫണ്ട്

36(2287) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ മങ്കട നിയോജകമണ്ഡലത്തിലെ എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിനായി നൽകിയ ശിപാർശകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ശിപാർശ നൽകിയ പ്രവർത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ. ആകെ 43 പ്രവൃത്തികൾക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അതിൽ 20 പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ നൽകിയിട്ടുള്ള എല്ലാ പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുവാൻ അതത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി

37 (2288) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലത്തിനായി ശിപാർശ ചെയ്ത ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര എണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലത്തിനായി ശിപാർശ ചെയ്ത ആസ്തി വികസന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ് *.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 7 പ്രവൃത്തികൾക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭരണാനുമതി നൽകുവാൻ ബാക്കിയുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. അടിയന്തരമായി നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും വാങ്ങി ഭരണാനുമതി നൽകുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## മാവേലിക്കര നിയമസഭാമണ്ഡലം ആസ്തി വികസന പദ്ധതികൾ

38 (2289) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതൽ 2017-18 വരെയും 2018-19 ൽ നാളിതുവരെയും മാവേലിക്കര നിയമസഭാമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ എതൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയായി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ – ഡി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

39 (2290) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി 2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.* ടി പ്രവർത്തികളിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 17 പ്രവൃത്തികൾ നിർദ്ദേശിച്ചിരുന്നു. ടി പ്രവൃത്തികളിൽ 12 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നിർദ്ദേശിച്ചിരുന്ന 21 പ്രവൃത്തികളിൽ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

## നിയോജകമണ്ഡല ആസ്തിവികസന നിധി

40 (2291) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുക മുൻകൂറായി ഗുണഭോക്തൃ വകുപ്പുകളിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് നൽകിയതിന് ശേഷം മാത്രമേ ടെൻഡർ നടപടികൾ ആരംഭിക്കുകയുള്ളൂ എന്നതിനാൽ ടെൻഡർ നടപടികളിൽ ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട്

41 (2292) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രവൃത്തികളുടെ നടത്തിപ്പിന്റെ ഭാഗമായി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവക്ക് ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ;

(ബി) മൊബിലൈസേഷൻ അഡ്വാൻസ് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) 2018-19-ൽ എം.എൽ.എ. ആസ്തിവികസന ഫണ്ടിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ നൽകാമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് 30-7-2014-ലെ സ. ഉ. (അച്ചടി) നം. 311/2014/ധന. മാനദണ്ഡങ്ങൾക്ക് വിധേയമായി 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് വരുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി

42(2293) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എൽ.എ.എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും റീഡിങ്ങ് റൂം നിർമ്മിക്കുന്നതിനും മുൻകാലങ്ങളിൽ അനുമതി നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ധനകാര്യ വകുപ്പിന്റെ എൻ.സി.ബി.1/2018/ധന. (926055) നമ്പർ കത്ത് പ്രകാരം സർക്കാർ/ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലല്ലാത്ത ലൈബ്രറികൾക്ക് എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് നല്കാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള നാട്ടിൻപുറങ്ങളിലെ ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ എസ്.ഡി.എഫ്-ൽ നിന്ന് തുക അനുവദിക്കുന്നതിന് ഈ നിർദ്ദേശം തടസ്സമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്കും എസ്.ഡി.എഫ്.-ൽ നിന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ 29-12-2017-ലെ സ. ഉ. (അ.) നമ്പർ 161/2017/ധന. ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം 'പൊതുവായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നിർമ്മാണം' എന്ന പ്രവർത്തിയാണ് അനുവദനീയമായിട്ടുള്ളത്. പൊതുവായനശാല/ഗ്രന്ഥശാല എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള ലൈബ്രറികൾ മാത്രമാണ് എന്ന വ്യാഖ്യാനം ചില തടസ്സങ്ങൾ സൃഷ്ടിക്കുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് 27-5-2017-ലെ സ.ഉ.(അ) നമ്പർ 60/2019/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

43 (2294) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക ഏറ്റവും പുതിയ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| വകുപ്പ് | കാലയളവ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|---|
| പൊതുമരാമത്ത് (നിരത്ത് പാലം) വകുപ്പ് | 1-5-2018 മുതൽ 31-8-2018 വരെ | 468.96 |
| പൊതുമരാമത്ത് (കെട്ടിടം വകുപ്പ്) | 1-5-2018 മുതൽ 31-8-2018 വരെ | 189.16 |
| ജലവിഭവ വകുപ്പ് | 1-5-2018 മുതൽ 31-8-2018 വരെ | 63.73 |

(ബി) കരാറുകാരുടെ കുടിശ്ശിക തുക ഘട്ടംഘട്ടമായി കൊടുത്തുതീർക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം), ജലവിഭവ വകുപ്പുകളിലെ കരാറുകാരുടെ മെയ് മാസത്തെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് 25-2-2019-ലും ജൂൺ മാസത്തെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് 18-3-2019-ലും ജൂലൈ മാസത്തെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് 22-4-2019-ലും പുറപ്പെടുവിക്കുന്നതാണ്.

## പ്രളയത്തിൽ നാശനഷ്ടമുണ്ടായ റോഡുകൾ പുനരുദ്ധരിക്കാൻ നബാർഡിന്റെ സഹായം

44 (2295) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടമുണ്ടായ സംസ്ഥാനത്തെ റോഡുകൾ പുനരുദ്ധരിക്കാൻ നബാർഡിന്റെ സഹായം സർക്കാർ തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് അഭ്യർത്ഥിച്ചതെന്നും എത്ര രൂപയാണ് ഓരോ നിയോജകമണ്ഡലത്തിനും/ജില്ലയ്ക്കും ലഭിക്കാനായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദവിവരം അറിയിക്കുമോ;

(സി) പ്രസ്തുത നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 20-8-2018-ലെ അർദ്ധ ഔദ്യോഗിക കത്ത് നം. 2784253/ഫണ്ട്സ്-1/2018/ധന. പ്രകാരം നബാർഡിന്റെ സഹായം തേടിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയാനന്തരം തകർന്ന ഗ്രാമീണ റോഡുകളുടേയും പാലങ്ങളുടേയും പുനർനിർമ്മാണത്തിനായി 2000 കോടി രൂപയുടെ സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

നബാർഡ് സഹായം അനുവദിക്കുന്നത് നിയോജകമണ്ഡല/ജില്ലാ അടിസ്ഥാനത്തിൽ അല്ല.

(സി) പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസലുകൾ നബാർഡിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

## ശമ്പള പരിഷ്കരണ കമ്മീഷൻ

45 (2296) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അധ്യാപർക്കും 2019 ജൂലായ് 1 മുതൽ പ്രാബല്യത്തിൽ വരേണ്ട പതിനൊന്നാം ശമ്പള പരിഷ്ക്കരണത്തിനായി കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനെ നിയമിക്കുന്ന കാര്യത്തിൽ നിയമപരമായോ സാങ്കേതികപരമായോ നയപരമായോ എന്തെങ്കിലും പ്രതിബന്ധങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) കുടിശ്ശികയായ ക്ഷാമബത്ത നൽകുന്ന കാര്യത്തിൽ സർക്കാർ പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശികയായിട്ടുള്ള 2 ഗഡു ക്ഷാമബത്ത ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം പണമായി നൽകുന്നതാണെന്നും 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിക്കുവാൻ നടപടി

46 (2297) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്പാർക്കുമായി ബന്ധിപ്പിച്ചുള്ള പഞ്ചിംഗ് സംവിധാനം സംസ്ഥാനം ഒട്ടാകെയുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ശമ്പളവും ഗ്രാന്റും വാങ്ങുന്ന എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം, 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 31-നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ 18-5-2018-ലെ സ. ഉ. (കൈ.) നം. 108/2018/പൊ.ഭ.വ. പ്രകാരം പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

47 (2298) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്ന പരമാവധി കാലയളവ് എത്രയാണ്;

(സി) കമ്മീഷന്റെ ശിപാർശകൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിക്ക് അനുകൂലമായാൽ പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.); പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ. ഉ. (പി.) നമ്പർ 172/2018/ധന.

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരികയാണ്. 6 മാസത്തിനകം സമിതി പുന:പരിശോധന സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് മുൻപാകെ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

48(2299) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ ഏതെങ്കിലും മേഖലകളിൽ പുതുതായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാരുടെ വിഹിതമായി ഈ പദ്ധതിയിൽ ഇതുവരെ എത്ര തുക നിക്ഷേപിച്ചുവെന്നും സർക്കാർ വിഹിതമായി ഈ പദ്ധതിയിലേക്ക് അടയ്ക്കേണ്ട മാസവിഹിതം എത്രയാണെന്നും അറിയിക്കുമോ; പദ്ധതി ആരംഭിച്ച 2013-ൽ പ്രതിമാസം അടയ്ക്കേണ്ടിയിരുന്ന സർക്കാർ വിഹിതം എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ കേന്ദ്ര സർക്കാരും മറ്റിതര സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; അവയിൽ ഏതെല്ലാമാണ് പങ്കാളിത്ത പെൻഷൻ വാങ്ങുന്ന സംസ്ഥാന ജീവനക്കാർക്ക് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കേന്ദ്ര സർക്കാരും മറ്റിതര സംസ്ഥാന സർക്കാരുകളും നൽകുന്ന രീതിയിൽ ഡി.സി.ആർ.ജി. അടക്കമുള്ള മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷൻ വാങ്ങുന്ന സംസ്ഥാന ജീവനക്കാർക്ക് കൂടി അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട.ഐ.എ.എസ്.), പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ. ഉ. (പി.) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി 5 സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ
3. കണ്ണൂർ സർവ്വകലാശാല
4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി
5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

(ഡി) എൻ.എസ്.ഡി.എൽ. ലഭ്യമാക്കിയ ഏറ്റവും പുതിയ കണക്കനുസരിച്ച് 2018 ഡിസംബർ 31 വരെ ജീവനക്കാരുടെ വിഹിതമായി 643.86 കോടി രൂപയും തത്തുല്യ സർക്കാർ വിഹിതമായ 643.86 കോടി രൂപയും ഉൾപ്പെടെ ആകെ 1287.72 കോടി രൂപയുമാണ് പദ്ധതി പ്രകാരം അടവാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് 1-4-2013 മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും വിഹിതം അടയ്ക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങളെല്ലാം പരിഹരിച്ച് 2014 ഫെബ്രുവരി മുതലാണ് പ്രതിമാസ വിഹിതം അടവാക്കി തുടങ്ങിയത്. ആയത് പ്രകാരം 2014 ഫെബ്രുവരിയിൽ 1.22 ലക്ഷം രൂപയാണ് പദ്ധതിയിലേയ്ക്ക് അടവാക്കിയിരിക്കുന്നത്. 2013 ഏപ്രിൽ മുതൽ 2014 ഫെബ്രുവരി വരെയുള്ള വിഹിതം പിന്നീട് തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യവും ജീവനക്കാർക്ക് ലഭ്യമാക്കിയിരുന്നു.

(ഇ & എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് കുടുംബ പെൻഷനും, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവർക്ക് ഡി.സി.ആർ.ജി.-യും അനുവദിച്ച് കേന്ദ്ര സർക്കാരും ഇതര സംസ്ഥാന സർക്കാരുകളും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ

പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനത്തിന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ചു കൊണ്ട് ഇതിനോടകം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട് എന്നതിനാൽ ആയതിലേയ്ക്കായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ. ഉ. (പി.) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിഷയങ്ങളിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സർക്കാർ ജീവനക്കാരുടെ ഭവന വായ്പ

49 (2300) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന വായ്പ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

5-7-2018-ലെ ജി. ഒ. (പി.) നം. 105/2018/ധന., 11-9-2018-ലെ ജി. ഒ. (പി) നമ്പർ 143/2018/ധന. ഉത്തരവുകൾപ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, LIC, HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവയിൽനിന്ന് സർക്കാർ ജീവനക്കാർക്ക് ഭവന വായ്പ എടുക്കുവാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷം ഭവന വായ്പയെടുക്കുന്നതിന് 18-1-2019-ലെ 06/2019/ധന. സർക്കുലർ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ

50 (2301) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രതിമാസം എത്ര രൂപ വീതമാണ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്നത്; ഇതിന് പ്രത്യേക സ്ലാബ് ഉണ്ടോ; എത്ര രൂപ വരെയാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ചികിത്സാ ആനുകൂല്യമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ജീവനക്കാരുടെ ആശ്രിതർ എന്ന നിലയിൽ ആർക്കൊക്കെയാണ് ചികിത്സാ ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുക; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ - സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ. ഉ. (അച്ചടി) നം. 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തി. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals)-ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

**സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

51(2302) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ. ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals)-ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### സർക്കാർ ജീവനക്കാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക

52 (2303) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് അവസാനം ക്ഷാമബത്ത നൽകിയത് എന്നാണ്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഒരു വർഷം കഴിഞ്ഞിട്ടും ക്ഷാമബത്ത നൽകാതെ നീട്ടികൊണ്ടു പോകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തരമായി ക്ഷാമബത്ത കുടിശ്ശിക നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 7-6-2018-ലെ സ. ഉ. (അച്ചടി) നം. 84/2018/ധന. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 1-7-2017 പ്രാബല്യത്തിലുള്ള 1 ശതമാനം ക്ഷാമബത്ത.

(ബി & സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശികയായിട്ടുണ്ടായിരുന്ന 2 ഗഡു ക്ഷാമബത്ത ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം അനുവദിച്ചു നൽകുന്നതാണെന്ന് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

## ഡെപ്യൂട്ടേഷൻ നിയമനവ്യവസ്ഥയിൽ ഇളവ്

53(2304) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി നിയമനത്തിന് ആവശ്യമായ ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ ഉയർന്ന ശമ്പള സ്കെയിലിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ 28-11-2013-ലെ 580/2013/ധന. നമ്പർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം ഇളവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പ്രസ്തുത വിഷയം പരിശോധിക്കുകയോ അതുസംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

54 (2305) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം ഇതേവരെ എത്ര പേർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട പലർക്കും ബാങ്കിൽ നിന്നും വായ്പാത്തുക തിരിച്ചടയ്ക്കണമെന്നും ഇല്ലെങ്കിൽ ജപ്തി ചെയ്യുമെന്നും അറിയിച്ചുക്കൊണ്ടുള്ള കത്തുകൾ ലഭിക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ ബാങ്കുകൾ യഥാസമയം സർക്കാരിനെ അറിയിക്കാതിരുന്നതുമൂലം ആനുകൂല്യം ലഭിക്കാതിരുന്ന ആളുകൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ അറിയിപ്പ് ഗുണഭോക്താക്കൾക്ക് നൽകുന്നതിൽ ബാങ്കുകൾ വരുത്തിയ വീഴ്ചമൂലം പദ്ധതിയിൽ അപേക്ഷ നൽകാതിരുന്നവർക്കായി പുതുതായി അപേക്ഷ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 2018 ഡിസംബർ 12-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 16,174 അപേക്ഷകളിലെ സർക്കാർ വിഹിതമായ 156.73 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*.

(ബി) 16-5-2017-ലെ സ. ഉ. (പി) നമ്പർ 65/2017/ധനം ഉത്തരവ് ഖണ്ഡിക 10(d) പ്രകാരം അപേക്ഷ സ്വീകരിക്കപ്പെട്ടു കഴിഞ്ഞാൽ ബാങ്ക് റവന്യൂ റിക്കവറി, കോടതി ഉത്തരവ് നടപ്പാക്കൽ എന്നിവ നിർത്തിവയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വീകരിക്കപ്പെടുന്ന അപേക്ഷകളുമായി ബന്ധപ്പെട്ട വായ്പകൾക്കുമേലുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്ന തരത്തിൽ RR Portal-ൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തിയിരുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ബാങ്കുകൾ സ്വീകരിക്കുന്ന നടപടിയെക്കുറിച്ച് പരാതി ലഭിക്കുന്നപക്ഷം ആയത് എസ്.എൽ.ബി.സി.-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി & ഡി) elrs.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽവഴി യോഗ്യരായിട്ടുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും നേരിട്ട് അപേക്ഷ സമർപ്പിക്കാനാകുന്ന വിധത്തിലാണ് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി മുഖേന ധനസഹായം ലഭിച്ചവർ**

55 (2306) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി മുഖേന ഈ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിനുവേണ്ടി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 2018 ഡിസംബർ 12-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 16,174 അപേക്ഷകളിലെ സർക്കാർ വിഹിതമായ 156.73 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

**പദ്ധതി അടങ്കൽ തുക**

56 (2307) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -19 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വാർഷിക പദ്ധതി എത്ര ശതമാനം വീതമാണ് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വാർഷിക പദ്ധതിച്ചെലവ് നാളിതുവരെ എത്രയാണെന്ന വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ തുക 29,150 കോടി രൂപയാണ്.

(ബി) പ്രളയക്കെടുതി കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവിൽ 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വകുപ്പ് തിരിച്ചുള്ള സംസ്ഥാന പദ്ധതിച്ചെലവ് സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

## ടാക്സ് കോർണറുകൾ

57 (2308) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 -ലെ പുതുക്കിയ ബഡ്ജറ്റിൽ നികുതി ഭരണത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ല ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തും ടാക്സ് കോർണറുകൾ ആരംഭിക്കുവാൻ വേണ്ടി 2.5 കോടി രൂപ വകയിരുത്തിയിരുന്നോ;

(ബി) എങ്കിൽ ഇപ്രകാരം പ്രസ്തുത ടാക്സ് കോർണറുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17 ബഡ്ജറ്റിൽ സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പിൽ നികുതിയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ അറിയിക്കുന്നതിന് വേണ്ടി ഇ-ന്യൂസ് ലെറ്റർ, നികുതി ഭരണത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തും ടാക്സ് കോർണറുകൾ, ടാക്സ് അഡ്വൈസറി യൂണിറ്റ്, പരാതി പരിഹാരത്തിനുവേണ്ടിയുള്ള ടോൾ ഫ്രീ സംവിധാനം, മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ നൂതനമായ നടപടികൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി 2.50 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) 2017-18 കാലഘട്ടത്തിൽ ടാക്സ് കോർണറുകൾ സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരത്തും, ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. മറ്റ് ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാർഷിക പദ്ധതി ചെലവ് കൂട്ടാൻ പ്രത്യേക ഉത്തരവ്

58(2309) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം വാർഷിക പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവെച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതിയിൽ നാളിതുവരെ എത്ര കോടി രൂപ ഓരോ വകുപ്പുകളും ചെലവഴിച്ചെന്ന് വിശദമാക്കുമോ;

(സി) വാർഷിക പദ്ധതിയിൽ 2019 മാർച്ച് 31-നകം എത്ര തുക ചെലവിടണമെന്നാണ് നിഷ്കർഷിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാർഷിക പദ്ധതിയുടെ ചെലവ് കൂട്ടാൻ എന്തെങ്കിലും പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം വാർഷിക പദ്ധതിക്കായി 37247.99 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. (കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള 8097.99 കോടി വിഹിതം ഉൾപ്പെടെ).

(ബി) വാർഷിക പദ്ധതിയിൽ 31-1-2019 വരെ ചെലവഴിച്ചിട്ടുള്ള വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വാർഷിക പദ്ധതിയിൽ 2019 മാർച്ച് 31-നകം 100 ശതമാനം തുകയും ചെലവിടണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

(ഡി) വാർഷിക പദ്ധതിയുടെ ചെലവ് കൂട്ടാൻ പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടില്ല.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ പദ്ധതികൾ

59 (2310) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18, 2018-19 വാർഷിക ബജറ്റുകളിൽ നിന്നും വാമനപുരം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ സഹിതം വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തിയായെന്നും മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ & ബി) 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റുകളിൽ അനുവദിച്ച എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിവഴിയുള്ള പദ്ധതികളുടെ വിവരം അനുബന്ധം ആയും* നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ അനുബന്ധം ആയും* വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയും* മറ്റ് പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയും.* ഉൾപ്പെടുത്തുന്നു. കിഫ്ബി വഴിയുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയും ചേർക്കുന്നു.*

## കോതമംഗലം മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ

60 (2311) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിലെ ബഡ്ജറ്റ് പ്രൊപ്പോസലുകളിൽ കോതമംഗലം മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും പ്രവൃത്തി ഇനിയും ആരംഭിക്കുവാൻ ഉണ്ടെങ്കിൽ വേഗത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ നടന്നുവരുന്ന ബഡ്ജറ്റ് പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം ആയി ചേർക്കുന്നു. 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

(1) 2016-17 വർഷത്തിലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ കോതമംഗലം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളില്ല.

(2) 2017-18 വർഷത്തിൽ ചേലാട് ഗവ. പോളിടെക്നിക് കോളേജിന്റെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(3) 2018-19 വർഷത്തിൽ ചുവടെ പറയുന്ന പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്:

(a) ഗവ. യു.പി. സ്കൂൾ, പുളിന്താനം പുതിയ ബ്ലോക്കിന്റെ നിർമ്മാണം

(b) ഗവ. യു.പി. സ്കൂൾ തട്ടേക്കാട്, പുതിയ ബ്ലോക്കിന്റെ നിർമ്മാണം

(c) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ്, നേര്യമംഗലം ഒന്നാം നില, രണ്ടാം നില ഇവയുടെ നിർമ്മാണം- ബാലൻസ് വർക്ക്

(സി) കോതമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിലും കെട്ടിട വിഭാഗത്തിന് കീഴിലും ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ ഇനിയും ആരംഭിക്കുവാനുള്ള പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കോതമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

കോതമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ 2020 മാർച്ചിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

61 (2312) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-2016 മുതൽ 2018-2019 വർഷം നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെയും ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

2015-16 മുതൽ 2018-19 വരെയുള്ള കാലയളവിൽ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ കീഴിൽ 69 പദ്ധതികൾക്കും നിയോജകമണ്ഡലം ആസ്തി വികസന സ്കീമിന് കീഴിൽ 33 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധം ആയും മറ്റ് പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയും കൊടുത്തിരിക്കുന്നു*. കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

## 2018-19-ലെ പ്ലാൻ ഫണ്ട്

62(2313) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ലെ പ്ലാൻ ഫണ്ടിൽനിന്നും പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനായി ഇരുപത് ശതമാനം കുറവ് വരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഈയിനത്തിൽ ലഭിച്ച തുക ഉപയോഗപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയെന്നതിന്റെ വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പ്രളയക്കെടുതി കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവിൽ 20% കുറവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം 1681.96 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്.

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നിലവിലെ പദ്ധതികളുടെ മുൻഗണനാക്രമം പുന:ക്രമീകരിച്ചുകൊണ്ട് പ്രളയാനന്തര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്.

## 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

63 (2314) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബഡ്ജറ്റിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമായിരുന്നു; ഇതിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്ര എന്ന് പറയാമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

64(2315) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ശമ്പള പരിഷ്കരണ അപാകതയുടെ അടിസ്ഥാനത്തിലുള്ള റീ-ഓപ്ഷൻ

65 (2316) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004, 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന്റെ അപാകതയുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ നൽകിയ ഉദ്യോഗസ്ഥർക്ക് ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വരുന്ന സാഹചര്യത്തിൽ റീ ഓപ്ഷൻ അവസരം നൽകി ഉത്തരവായിട്ടുണ്ടോ;

(ബി) ഓഡിറ്റ് തടസ്സവാദം എഴുതി ലഭിച്ചാൽ റീ ഓപ്ഷന് അനുമതി ലഭിക്കുമെന്ന് മനസ്സിലാക്കി സംഘടനാപരമായി സ്വാധീനമുപയോഗിച്ച് വകുപ്പ് തല ഓഡിറ്റ് ടീമിനെ സ്വാധീനിച്ച് ഉദ്യോഗസ്ഥർ ഓഡിറ്റ് തടസ്സവാദം എഴുതി വാങ്ങി റീ ഓപ്ഷൻ അർഹത നേടി എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഒരു ജീവനക്കാരന് ഓഡിറ്റ് തടസ്സവാദം ഉണ്ടെന്ന കാരണത്താൽ റീ ഓപ്ഷന് അനുമതി നൽകുന്നതും അതേ തടസ്സവാദമുള്ളതും റീ ഓപ്ഷന് അർഹതയുള്ളതുമായ മറ്റൊരു ജീവനക്കാരന്റെ കാര്യം ഓഡിറ്റ് പരിശോധിച്ചില്ലായെന്ന കാരണത്താൽ റീ ഓപ്ഷന് അനുമതി നിഷേധിക്കുന്നുവെന്നതും അനീതിയായി കരുതുന്നുണ്ടോ;

(ഡി) എങ്കിൽ അർഹരായ എല്ലാ ജീവനക്കാർക്കും 2004, 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന്റെ അപാകതകളുടെ അടിസ്ഥാനത്തിൽ റീ ഓപ്ഷന് അനുമതി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 22-6-2018-ലെ സ. ഉ. (പി.) നം. 96/2018/ധന. സർക്കാർ ഉത്തരവ്.

(ബി) ഇല്ല.

(സി) ഏതൊരു ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോഴും ആയതിന്റെ വ്യവസ്ഥകൾ മനസ്സിലാക്കി കൂടുതൽ ഫലപ്രദമായ രീതിയിൽ യുക്തിപൂർവ്വമായ ഒരു ഓപ്ഷൻ സമർപ്പിച്ച് ആനുകൂല്യം ലഭ്യമാക്കിയെടുക്കേണ്ടത് ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വമാണ്.

(ഡി) 2004, 2009 കാലഘട്ടങ്ങളിലെ ശമ്പള പരിഷ്കരണങ്ങൾക്ക് വിവിധ കാലഘട്ടത്തിൽ റീ-ഓപ്ഷൻ നൽകുവാനുള്ള അവസരം ജീവനക്കാർക്ക് നൽകിയിട്ടുണ്ടായിരുന്നു. ആയത് ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താത്ത സാഹചര്യത്തിൽ ഇനി അത് നൽകുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ല.

**കെട്ടിട നികുതി വർദ്ധനവ് സംബന്ധിച്ച നിവേദനം**

66 (2317) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികേതര കെട്ടിടങ്ങൾക്ക് ചുമത്തുന്ന കെട്ടിട നികുതി ഇരട്ടിയിലധികം വർദ്ധിപ്പിച്ച് ആറ് വർഷത്തെ കുടിശ്ശിക സഹിതം നികുതി ഒടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഡിമാന്റ് നോട്ടീസ് നൽകുന്നതുമൂലം ഉടമകൾക്കുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നികുതി വർദ്ധനവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് കേരള ബിൽഡിംഗ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ബഹു.ധനകാര്യ വകുപ്പുമന്ത്രിക്ക് നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

**ധനകാര്യ വകുപ്പിൽ എം.എൽ.എ.-മാരുടെ കത്തുകൾ പരിഗണിക്കുന്നതിലെ അപാകതകൾ**

67 (2318) ശ്രീ. അട്ടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർ തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ചെയ്യുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിശദീകരണങ്ങളോ പ്രത്യേക അനുമതികളോ ആവശ്യമുള്ള സാഹചര്യത്തിൽ ആയതിനെ സംബന്ധിച്ചുള്ള കത്തുകൾ ബന്ധപ്പെട്ട സെക്ഷനിൽ നൽകാൻ പാടില്ല എന്നും ആയത് ബഹു. ധനകാര്യ വകുപ്പുമന്ത്രിക്ക് തന്നെ നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ബഹു. മന്ത്രിക്ക് കത്തുകൾ നൽകി ആയതിന്റെ മിനിറ്റ്സ് തയ്യാറാക്കി സെക്ഷനിൽ ആവശ്യമായ തുടർ നടപടികൾ നടത്തി മന്ത്രിക്ക് സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ, ബന്ധപ്പെട്ട സെക്ഷനുകളിൽ എം.എൽ.എ.-മാരുടെ കത്തുകൾ വാങ്ങി പ്രോസസിംഗ് നടത്തി ബന്ധപ്പെട്ടവർക്ക് നൽകുവാൻ നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ വകുപ്പിൽ പല സെക്ഷനുകളിലും എം.എൽ.എ.-മാർ നൽകുന്ന കത്തുകൾ സ്വീകരിക്കുന്നില്ല എന്നും പകരം മന്ത്രിക്ക് നൽകുവാൻ നിർദ്ദേശിക്കുന്നുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ധനകാര്യ വകുപ്പിൽ തീരുമാനമെടുക്കേണ്ട ചെറിയ കാര്യങ്ങൾക്കും മറ്റും എം.എൽ.എ.മാരുടെ കത്തുകൾ സെക്രട്ടറിമാരെ അഭിസംബോധന ചെയ്ത് നൽകുമ്പോൾ, ആയത് ബന്ധപ്പെട്ട സെക്ഷനിൽ വാങ്ങി തുടർനടപടികൾ പൂർത്തീകരിച്ച്, മന്ത്രി കാണേണ്ടതാണെങ്കിൽ മാത്രം വകുപ്പ് സെക്രട്ടറി മുഖാന്തിരം മന്ത്രിക്ക് അയക്കുവാൻ നിർദ്ദേശം നൽകി ഉത്തരവാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) വകുപ്പുമന്ത്രി കാണേണ്ടതില്ലാത്ത കത്തുകൾ മന്ത്രിയുടെ ഓഫീസിൽ നൽകുവാൻ ബന്ധപ്പെട്ട സെക്ഷനുകളിൽനിന്നും ആവശ്യപ്പെടരുതെന്ന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ.-മാർ തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ചെയ്യുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിശദീകരണങ്ങളോ പ്രത്യേക അനുമതികളോ ആവശ്യമുള്ള സാഹചര്യത്തിൽ ആയതിനെ സംബന്ധിച്ചുള്ള കത്തുകൾ ബന്ധപ്പെട്ട സെക്ഷനിൽ നൽകാൻ പാടില്ലെന്നും ആയത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് തന്നെ നൽകണമെന്നും ധനകാര്യ (ഭരണം-സി) വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ബഹുമാനപ്പെട്ട മന്ത്രിയുടെ മിനിട്ട്സ് സഹിതം ഈ വകുപ്പിൽ ലഭിക്കുന്ന എം.എൽ.എ.-മാരുടെ കത്തുകളിൽ താമസം കൂടാതെ നടപടി പൂർത്തിയാക്കാറുണ്ട്.

(സി) എം.എൽ.എ.-മാർ നൽകുന്ന കത്തുകൾ സെക്ഷനിൽ സ്വീകരിക്കാതെ പകരം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുവാൻ നിർദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സെക്രട്ടറിമാരെ അഭിസംബോധന ചെയ്ത് നൽകുന്ന ധനകാര്യ വകുപ്പിൽ തീരുമാനമെടുക്കേണ്ട എം.എൽ.എ.-മാരുടെ കത്തുകൾ ബന്ധപ്പെട്ട സെക്ഷനിൽ തുടർനടപടികൾ പൂർത്തീകരിച്ച് വകുപ്പുമന്ത്രി കാണേണ്ടതാണെങ്കിൽ മാത്രമേ നിലവിൽ വകുപ്പ് സെക്രട്ടറി മുഖാന്തിരം വകുപ്പുമന്ത്രിക്ക് അയയ്ക്കാറുള്ളൂ.

(ഇ) നിലവിൽ വകുപ്പുമന്ത്രി കാണേണ്ടതില്ലാത്ത കത്തുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽനിന്നും മന്ത്രിയുടെ ഓഫീസിൽ നൽകുവാൻ ആവശ്യപ്പെടാറില്ല.

## കുടുംബശ്രീ വഴിയല്ലാതെ പ്രളയബാധിതർക്ക് വായ്പാ പദ്ധതി

68 (2319) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ പ്രളയബാധിതർക്ക് വീട്ടുപകരണങ്ങൾ വാങ്ങുന്നതിനായി നല്കിവരുന്ന വായ്പ, കുടുംബശ്രീ വായ്പ കുടിശ്ശികയുടെ പേരിൽ, ബാങ്കുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിഷേധിക്കാതിരിക്കാൻ ധനകാര്യവകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കുടുംബശ്രീവഴി അല്ലാതെ മറ്റേതെങ്കിലും പദ്ധതിവഴി പ്രളയബാധിതർക്ക് വായ്പ ലഭ്യമാക്കാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കാമോ?

ഉത്തരം

(എ) റിസർജന്റ് കേരള ലോൺ സ്കീമിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വായ്പകൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എസ്.എൽ.ബി.സി.-യുമായും വിവിധ ബാങ്കുകളുമായും ധനകാര്യ വകുപ്പ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ വഴി വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയത്.

(ബി) പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## പ്രോവിഡന്റ് ഫണ്ട് പെൻഷനേഴ്സ് അസോസിയേഷന്റെ നിവേദനം

69 (2320) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്രോവിഡന്റ് ഫണ്ട് പെൻഷണേഴ്സ് അസോസിയേഷൻ 23-1-2019-ന് ധനകാര്യ വകുപ്പുമന്ത്രിക്ക് ഇ.പി.എഫ്. പെൻഷൻകാരുടെ വിവിധ പ്രശ്നങ്ങളടങ്ങിയ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

## കോട്ടയ്ക്കൽ ട്രഷറിക്ക് ഭൂമി അനുവദിക്കാൻ നടപടി

70 (2321) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ട്രഷറിക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദ വിവരം അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കോട്ടയ്ക്കൽ സബ്ട്രഷറിക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ (TIDP) ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലും റവന്യൂവിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള കോട്ടയ്ക്കൽ സബ്‌രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്തിനോട് ചേർന്നുള്ള അധിക ഭൂമി അനുവദിക്കുന്നതിനായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ സമീപിച്ചിട്ടുള്ളതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

## ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അക്രെഡിറ്റഡ് ഏജൻസികൾ

71 (2322) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അക്രെഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഏജൻസികൾക്ക് ഏതൊക്കെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അംഗീകാരമാണ് നൽകിയിട്ടുള്ളതെന്നും ഇവർക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ അക്രെഡിറ്റഡ് ഏജൻസികളുടെ അംഗീകാരം റദ്ദ് ചെയ്തിട്ടുണ്ടെന്നും പുതുതായി ഏതെല്ലാം സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

25-7-2017-ലെ സ. ഉ. (പി.) നം. 95/2017/ധന., 18-9-2017-യിലെ സ. ഉ. (പി) നമ്പർ 122/2017/ധന., 9-11-2017 തീയതിയിലെ സ. ഉ. (പി.) നമ്പർ 142/2017/ധന., 28-2-2018-ലെ സ. ഉ. (പി.) നമ്പർ 29/2018/ധന., 29-3-2018-ലെ സ. ഉ. (പി.) നമ്പർ 52/2018/ധന., 3-8-2018-യിലെ സ. ഉ. (പി.) നമ്പർ 118/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം ടി അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം Kerala Transport Development Finance Corporation Ltd (KTDFC Ltd), Hindusthan Prefab Ltd എന്നീ ഏജൻസികളുടെ അംഗീകാരം റദ്ദ് ചെയ്യുകയും Kerala Health Research and Welfare Society (KHRWS), KELTRON, Kerala Agro Industries Corporation Ltd (KAICO), HLL InfraTech Services Ltd (HITES), WAPCOS, Pinarayi Industrial Co-operative Society (PICOS), Thrissur District Labour Contract Co-operative Society Ltd (TDLCCS Ltd), SIDCO എന്നീ ഏജൻസികളെ അക്രഡിറ്റഡ് ഏജൻസികളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## പെൻഷൻകാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് സ്കീം

72 (2323) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻകാർക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് സ്കീമിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പെൻഷൻകാർക്ക് താല്പര്യം ഉണ്ടെങ്കിൽ മാത്രം (ഓപ്ഷണൽ) പങ്കാളികൾ ആയാൽ മതിയോ എന്ന് വ്യക്തമാക്കാമോ;

(സി) കിടത്തി ചികിത്സയ്ക്ക് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുകയുള്ളുവോ എന്ന് വ്യക്തമാക്കാമോ;

(ഡി) ജീവിതശൈലീ രോഗങ്ങൾമൂലം പെൻഷൻകാർക്ക് പ്രതിമാസം ചെലവാകുന്ന മരുന്നുകളുടെ തുക മടക്കി ലഭിക്കാൻ പദ്ധതിയിൽ അവസരമുണ്ടോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ. ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals)-ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി പ്രാബല്യ തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

(ബി) 24-4-2017-ലെ സ. ഉ. (അച്ചടി) നമ്പർ 54/2017/ധന. ഉത്തരവുപ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ Request for Proposal (RFP) പ്രകാരം സംസ്ഥാന കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻകാർക്കും നിർബന്ധിതാംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(സി) അതെ.

(ഡി) ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് പരിധി, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## വാറ്റ് കുടിശ്ശിക

73 (2324) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് കുടിശ്ശിക കേസിൽ സർക്കാരിന് അനുകൂലമായ കേരള ഹൈക്കോടതി വിധിമൂലം എത്ര കോടി രൂപയുടെ വാറ്റ് കുടിശ്ശികയാണ് സർക്കാരിന് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ധന വില കുറഞ്ഞതുകാരണം സർക്കാരിന് ഇന്ധന നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ 2018-ൽ ഇപ്രകാരമുള്ള നഷ്ടമെത്രയാണെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) കൃത്യമായ തുക തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഇന്ധനവില കുറഞ്ഞത് കാരണം സർക്കാരിന് ഇന്ധന നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ ഇടിവുണ്ടായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 31-1-2019 വരെ 321.63 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

74 (2325) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിൽ നശിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി റവന്യൂ വകുപ്പ് മുഖേന ഫ്ലഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ കൺവീനർ വർക്കുകളായി, ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്നവയിൽ, ജി.എസ്.ടി അടയ്ക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. രജിസ്ട്രേഷൻ സൗകര്യമില്ലാത്ത ഗുണഭോക്തൃ കൺവീനർമാർ നേതൃത്വം കൊടുത്ത് നടത്തുന്ന പ്രവൃത്തികൾ ഇതുമൂലം നടപ്പാക്കാൻ കഴിയാതെവന്നിരിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചരക്കുസേവന നികുതി നിയമപ്രകാരം 20 ലക്ഷം രൂപ വാർഷിക വിറ്റുവരവിൽ കൂടുതലുള്ളവർക്ക് മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിനും നികുതി അടയ്ക്കുന്നതിനും ബാധ്യതയുള്ളൂ. ഇത് 40 ലക്ഷം രൂപയാക്കി

ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 50 ലക്ഷം രൂപവരെ വിറ്റുവരവുള്ളവർക്ക് 6% നികുതി നിരക്കിൽ കോമ്പോസിഷൻ പദ്ധതി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ 20 ലക്ഷം രൂപ വാർഷിക വിറ്റുവരവിന് മുകളിൽ കരാർ നടത്തുകയാണെങ്കിൽ മാത്രമേ ഗുണഭോക്തൃ കമ്മിറ്റികളോ മറ്റ് കരാറുകാരോ ചരക്കുസേവന നികുതി നിയമമനുസരിച്ച് ചരക്കുസേവന നികുതി രജിസ്ട്രേഷൻ എടുക്കുകയും നികുതി ഒടുക്കുകയും ചെയ്യേണ്ടതുള്ളൂ. ഈ വിഷയം സംബന്ധിച്ച് നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല.

**ജി.എസ്.ടി.**

75 (2326) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഓരോവർഷവും കണ്ടെത്തിയ ജി.എസ്.ടി. വെട്ടിപ്പ് എത്രയെന്നും എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ ഓരോ വർഷവും വെട്ടിപ്പ് നടത്തിയെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം വെട്ടിപ്പ് നടത്തിയ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഓരോ വർഷവും പിടിച്ചെടുത്ത തുക എത്രയെന്നറിയിക്കാമോ;

(ഡി) രജിസ്ട്രേഷനെടുത്തശേഷം റിട്ടേൺ ഫയൽ ചെയ്യാതെയും റിട്ടേണുകളിൽ വ്യത്യാസം വരുത്തിയും വെട്ടിപ്പു നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഇത്തരത്തിൽ കണ്ടെത്തിയ വെട്ടിപ്പ് തുക എത്ര; എത്ര സ്ഥാപനങ്ങളാണ് ഇത്തരത്തിൽ വെട്ടിപ്പ് നടത്തിയത്; ഇവരിൽ നിന്നും എന്ത് തുക ഈടാക്കി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) നികുതി വെട്ടിപ്പ് പിടികൂടുന്നതിനായി ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽപേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിരിക്കുന്നു. കടകളിൽ നേരിട്ടുചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാംതന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സംസ്ഥാനാതിർത്തികളിൽ കൂടുതൽ സർവൈലൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.

വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പുവരുത്തുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. റിട്ടേണുകളുടെ വിശദപരിശോധന വാർഷിക റിട്ടേൺ സമർപ്പിച്ചതിനുശേഷം ആരംഭിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## ജി.എസ്.ടി. വരുമാന നഷ്ടം പരിഹരിക്കാൻ നടപടി

76 (2327) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ജി.എസ്.ടി കൗൺസിലിൽ ജി.എസ്.ടി യിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വാർഷിക വിറ്റുവരവ് 40 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തിന് എത്ര തുകയുടെ നികുതി നഷ്ടം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ വരുമാന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 32-ാം ജി.എസ്.ടി. കൗൺസിലിൽ ജി.എസ്.ടി.-യിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വാർഷിക വിറ്റുവരവ് പരിധി 40 ലക്ഷം രൂപയാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി & സി) വിറ്റുവരവ് പരിധി ഉയർത്തുന്നതുമൂലമുള്ള വരുമാനനഷ്ടം മുൻകൂട്ടി കണക്കാക്കുക സാധ്യമല്ല. ജി.എസ്.ടി. നിയമപ്രകാരം ഫയൽ ചെയ്യേണ്ട 2017-18 സാമ്പത്തിക വർഷത്തിലെ റിട്ടേണുകളുടെപോലും പൂർണ്ണവിവരം ഇതുവരെയും ലഭ്യമായിട്ടില്ല. ആ വർഷത്തെ വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ട അവസാന തീയതി 2019 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. കൂടാതെ, 2018-19 വാർഷിക റിട്ടേൺ 2019 ഡിസംബറിനുശേഷം മാത്രമേ സ്കൂട്ടിണിക്ക് വിധേയമാക്കാനാവൂ. ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതുവഴി അന്തർസംസ്ഥാന ക്രയവിക്രയങ്ങളുടെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നനതിന് സാധിക്കും. കൂടാതെ, ANPR സംവിധാനംവഴി ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതുമാണ്. ഇക്കാര്യങ്ങൾവഴി നികുതി ചോർച്ച തടയുന്നതിനും വരുമാനനഷ്ടം ഉണ്ടാകാതിരിക്കാനും സാധിക്കും.

## ജി.എസ്.ടി. സെസ്‌മൂലം വില വർദ്ധന

77 (2328) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതം കൃത്യമായി നിഷ്കർഷിച്ചിട്ടുള്ള ജി.എസ്.ടി.യുടെ മറവിലും സംസ്ഥാനത്ത് അമിത വില ഈടാക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി.ക്കുമേൽ സെസ് കൂടി ഏർപ്പെടുത്തുന്നത് വിപണിയിൽ കടുത്ത വിലവർദ്ധനവിന് കാരണമാകുമോ;

(ബി) സെസ് ഏർപ്പെടുത്തുന്നതിലൂടെ രണ്ട് വർഷം കൊണ്ട് എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്;

(സി) സെസിന് പകരം നികുതി വർദ്ധിപ്പിക്കാൻ കേരളം ആവശ്യപ്പെടാത്തതിന്റെ സാഹചര്യമെന്ത്;

(ഡി) എല്ലാ സ്ലാബിലും സെസ് ബാധകമാകുമോ; എങ്കിൽ ഇപ്പോൾ ഏർപ്പെടുത്തുന്ന സെസ് നികുതി വെട്ടിപ്പിനു വഴിയൊരുക്കുമോ; എങ്കിൽ അതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5% സ്ലാബിൽ വരുന്ന നിത്യോപയോഗ വസ്തുക്കൾക്ക് സെസ്സ് ഒഴിവാക്കിയിട്ടുണ്ട്. 1.5 കോടി രൂപവരെ വിറ്റുവരവുള്ള കോമ്പോസിഷൻ വ്യാപാരികളെയും ഒഴിവാക്കിയിട്ടുണ്ട്. വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന തീയതി മുതലാണ് സെസ്സ് പ്രാബല്യത്തിൽ വരുന്നത്. സെസ്സ് ഏർപ്പെടുത്തിയാൽ കടുത്ത വിലവർദ്ധനവ് വരുമെന്ന് സർക്കാർ കരുതുന്നില്ല.

(ബി) സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ രണ്ടുവർഷംകൊണ്ട് 1200 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

(സി) ഒരു പ്രത്യേക ആവശ്യത്തിനുള്ള ഹ്രസ്വകാല ധനസമാഹരണമായതിനാലാണ് നികുതി വർദ്ധിപ്പിക്കാൻ കേരളം ആവശ്യപ്പെടാതിരുന്നത്.

(ഡി) താഴെ പറയുന്ന സ്ലാബിലുള്ള ചരക്കുകൾക്കും സേവനങ്ങൾക്കുമാണ് സെസ്സ് ബാധകമായിരിക്കുന്നത്:

1. കോമ്പോസിഷൻ നികുതി സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരികളെ സെസ്സ് ചുമത്തുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും, ജി.എസ്.ടി. നികുതി നിരക്ക് 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നീ പട്ടികയിൽ വരുന്ന ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന് വിതരണ വിലയിന്മേൽ ഒരു ശതമാനം സെസ്സ് ചുമത്തുന്നതാണ്.

## ജി.എസ്.ടി. രജിസ്ട്രേഷൻ

78 (2329) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യാപാരികൾ എത്ര പേരുണ്ടെന്നും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്ന കച്ചവടക്കാർ എത്ര പേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും ഇവരെയും ജി.എസ്.ടി പരിധിയിൽ കൊണ്ടുവരാൻ എന്തു നടപടി സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) നികുതി, വിറ്റുവരവ് പരിധി എന്നിവ താഴ്ത്തുന്നതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. കൗൺസിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു എന്നും ഇത് സംസ്ഥാന നികുതി മേഖലയിലുണ്ടാക്കുന്ന ഗുണകരവും ദോഷകരവുമായ മാറ്റങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ലോട്ടറി നികുതി എത്ര എന്നും മറ്റു സംസ്ഥാനങ്ങളിൽ എത്ര വീതമെന്നും പറയാമോ;

(ഡി) കേന്ദ്രസർക്കാരിന്റെ ലോട്ടറി നികുതി ഏകീകരിക്കൽ നയം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നും ജി.എസ്.ടി കൗൺസിലിൽ പ്രസ്തുത നികുതി വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തു തീരുമാനം കൈക്കൊണ്ടു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷനുള്ള 3,52,738 പേരുണ്ട്. ഇതിൽ വ്യാപാരികളും സേവനദാതാക്കളും ഉൾപ്പെടുന്നു. ജി.എസ്.ടി. രജിസ്ട്രേഷൻ വിറ്റുവരവ് പരിധി, ചരക്കുകൾ വിതരണം ചെയ്യുന്നവർക്ക് മാത്രമായി നിലവിലുള്ള 20 ലക്ഷം രൂപയിൽനിന്ന് 40 ലക്ഷമായി ഉയർത്താൻ 32-ാം ജി.എസ്.ടി. കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ എടുക്കാതെ ചരക്കുസേവനങ്ങൾ വിതരണം ചെയ്യുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഇന്റലിജന്റ്സ് വിഭാഗം സ്വീകരിച്ചുവരുന്നു. രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികളുടെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല.

(ബി) 32-ാം ജി.എസ്.ടി. കൗൺസിൽ ചരക്കുകൾ വിതരണം ചെയ്യുന്ന വ്യാപാരികളെ സംബന്ധിച്ച് നിലവിലുള്ള 20 ലക്ഷം രൂപയിൽനിന്ന് 40 ലക്ഷം രൂപയായി ഉയർത്താൻ ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് സംസ്ഥാന ജി.എസ്.ടി.-യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു.

(സി) കേരള ലോട്ടറി സംസ്ഥാനം നേരിട്ട് നടത്തുന്നതിനാൽ അതിന് 12 ശതമാനമാണ് നികുതി നിരക്ക്. എന്നാൽ അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിറ്റാൽ അതിന്റെ നികുതി നിരക്ക് 28% ആണ്. അതുപോലെ കേരള ലോട്ടറി പ്രൊമോട്ടർവഴി അന്യസംസ്ഥാനങ്ങളിൽ വിറ്റാൽ 28 ശതമാനമാണ് ജി.എസ്.ടി. നിരക്ക്.

(ഡി) ലോട്ടറി നികുതി ഏകീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ ചർച്ചയ്ക്ക് വന്നിരുന്നു. ഇതിന്റെ വിശദാംശങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി ജി.എസ്.ടി. കൗൺസിലിൽ സമർപ്പിക്കുന്നതിനായി വിവിധ സംസ്ഥാനതല മന്ത്രിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിൽ കേരളവും അംഗമാണ്. ഈ മന്ത്രിതലസമിതി റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

## ജി.എസ്.ടി. രജിസ്ട്രേഷനുള്ള വിറ്റുവരവ് പരിധി

79 (2330) ശ്രീ. കെ. സി. ജോസഫ്
ശ്രീ. അനിൽ അക്കര
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. രജിസ്ട്രേഷനുള്ള വിറ്റുവരവ് പരിധി 40 ലക്ഷം രൂപയായി വർദ്ധിപ്പിച്ച ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാത്തത് ചെറുകിട വ്യാപാരികളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ പുനർചിന്തനം നടത്തുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2019 ബഡ്ജറ്റ് പ്രസംഗത്തിൽ രജിസ്ട്രേഷനുള്ള വിറ്റുവരവ് പരിധി 40 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

## ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി

80 (2331) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കേന്ദ്രം പറഞ്ഞിരുന്നതിനേക്കാൾ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നികുതി വരുമാനത്തിൽ ഉണ്ടായ കുറവ് നികത്തുന്നതിന് സംസ്ഥാനത്തിന് ലഭ്യമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയ 2017-18-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 13 ശതമാനത്തിന്റെ കുറവ് വന്നിരുന്നു. അതേസമയം കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള കൈമാറ്റം ഉൾപ്പെടെയുള്ള ആകെ റവന്യൂ വരുമാനത്തിൽ 10,565 കോടി രൂപയുടെ ഇടിവുണ്ടായി. തൽഫലമായി റവന്യൂ കമ്മിയും ധനകമ്മിയും ഉദ്ദേശിച്ച ലക്ഷ്യത്തിൽ നിലനിർത്തുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായി.

നടപ്പുസാമ്പത്തികവർഷത്തിൽ 2018 നവംബർ 30 വരെയുള്ള കാലയളവിൽ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 13.37 ശതമാനവും ആകെ റവന്യൂ വരുമാനത്തിൽ 15.28 ശതമാനവും വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ആകെ ചെലവിൽ 14.02 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) 1-7-2017 മുതലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. അതിനുശേഷം 2017-18 മാർച്ച് 31 വരെ 25,755.48 കോടി രൂപ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ നികുതി ഇനത്തിൽ സമാഹരിക്കുകയുണ്ടായി. ഈ ഇനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 7 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. 2018-19 സാമ്പത്തിക വർഷം 31-12-2018 വരെ ഈ ഇനത്തിൽ 11 ശതമാനം വർദ്ധനവ് കൈവരിച്ച് 29,271.42 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2015-16-ലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് കണക്കാക്കി കുറവുള്ള തുക കോമ്പൻസേഷനായി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്.

(സി) 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി കുറവുണ്ടായ തുക നികത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ 2017-18 സാമ്പത്തിക വർഷം 2,102 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 31-12-2018 വരെ 2,075 കോടി രൂപയും കോമ്പൻസേഷൻ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

**കേരള മൂല്യവർദ്ധിത നികുതി**

81 (2332) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം 2011-12 വർഷം മുതൽ സർക്കാരിലേക്ക് ലഭിക്കേണ്ട കുടിശ്ശികയും പിഴയും പിരിച്ചെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന നിയമതടസ്സം മാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുകയെത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 2011-12 വർഷം മുതൽ 2016-17 വർഷം വരെയുള്ള നികുതി നിർണ്ണയം നടത്തുന്നതിനെതിരായി ഫയൽ ചെയ്തിരുന്ന നിരവധി റിട്ട് പെറ്റീഷനുകൾ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരമുള്ള 2011-12 വർഷം മുതലുള്ള നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിനും അതുവഴിയുള്ള നികുതിയും പിഴയും പിരിച്ചെടുക്കുന്നതിനായുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രീ-അസ്സെസ്മെന്റ് നോട്ടീസുകൾക്കുൾപ്പെടെ ഏകദേശം 3250 കേസ്സുകളിൽ സ്റ്റേ നിലവിലുണ്ട്. ഈയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക നികുതി നിർണ്ണയം പൂർത്തീകരിച്ചതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(സി) കേരള പൊതുവിൽപ്പന നികുതി, കേരള മൂല്യവർദ്ധിത നികുതി, കാർഷികാദായ നികുതി, ആഡംബര നികുതി, കേന്ദ്ര വിൽപ്പന നികുതി എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുവേണ്ടി സമഗ്രമായ മാപ്പാക്കൽ പദ്ധതി അഥവാ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (Amnesty Scheme) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പിഴയിലും പലിശയിലും ആകർഷകമായ ഇളവുകൾ നൽകുന്ന ഈ പദ്ധതി വ്യാപാരി സമൂഹം സ്വാഗതം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ചില പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഫാസ്റ്റ് ട്രാക്ക് അസ്സെസ്മെന്റിലൂടെയും നികുതി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്.

## നികുതി നിരക്ക് കുറയ്ക്കാനുള്ള ജി.എസ്.ടി.കൗൺസിലിന്റെ തീരുമാനം

82 (2333) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 1 മുതൽ വിവിധ ഇനങ്ങളുടെ നികുതി നിരക്ക് കുറയ്ക്കാനുള്ള ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം സംസ്ഥാന വരുമാനത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വരുമാനത്തിൽ എത്രത്തോളം കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇതിന് അനുസൃതമായ നഷ്ടപരിഹാരം നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ - സി) ഉണ്ട്. 2015-16 അടിസ്ഥാന വർഷമായി നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനാൽ സംസ്ഥാന വരുമാനത്തെ ഉടനടി ബാധിക്കുന്നതല്ല.

## നികുതി ചോർച്ച തടയുന്നതിനായി നടപടി

83 (2334) ശ്രീ. എ. എം. ആരിഫ്:
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നികുതി പിരിവിലെ കാര്യക്ഷമത കൂടുമെന്ന പ്രതീക്ഷക്കു വിപരീതമായി സംസ്ഥാനത്ത് ഉദ്ദേശം 4000 കോടി രൂപയുടെ നികുതി വെട്ടിപ്പ് നടക്കുന്നതായി അനുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നികുതി ചോർച്ച തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) കമ്പ്യൂട്ടർ അധിഷ്ഠിത ജി.എസ്.ടി. ഭരണ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇ-വേ ബിൽ പരിശോധനയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഉപഭോക്തൃ ഉല്പന്നങ്ങളിൽ സിംഹഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതാണെന്നതിന്റെയും ഓൺലൈൻ വ്യാപാരം വർദ്ധിച്ചുവരുന്നതിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതം ആനുപാതികമായി വർദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്രയെന്ന് അറിയിക്കാമോ; ഇത് പ്രതീക്ഷിത നിലയിലേക്ക് വളർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിറ്റഴിക്കുന്ന സാധനങ്ങളുടെ 65 ശതമാനവും അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ജി.എസ്.ടി. നടപ്പിലായപ്പോൾ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതുകൊണ്ട് അന്തർസംസ്ഥാന ചരക്കുനീക്കത്തിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം വ്യാപകമായ അനധികൃത ചരക്കുനീക്കത്തിനും അതിനെത്തുടർന്നുള്ള നികുതിവെട്ടിപ്പിനും കാരണമായിട്ടുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ. ജി.എസ്.ടി. റിട്ടേണുകൾ പൂർണ്ണമായ വിശദാംശങ്ങളോടുകൂടി ഇതുവരെയും ലഭ്യമാകാത്ത സാഹചര്യത്തിൽ

റിട്ടേണിന്റെയും കേന്ദ്രം നൽകുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെയും ആധികാരികത ഉറപ്പുവരുത്താൻ സാധ്യമല്ലാത്ത സാഹചര്യമുണ്ട്. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതിയായിട്ടും ഉൽപ്പാദക സംസ്ഥാനങ്ങളുടെ അത്രപോലും നികുതിപിരിവ് വർദ്ധനവ് കൈവരിക്കാൻ കഴിയാത്തത് നികുതിവെട്ടിപ്പിന്റെയും തെറ്റായ റിട്ടേൺ ഫയൽ ചെയ്തതിന്റെയും കാരണമായിട്ടാണെന്നാണ് പ്രാഥമിക വിലയിരുത്തൽ. 2018 ഏപ്രിൽ മുതൽ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലായിട്ടുണ്ട്. ഇത്തരം ഇ-വേ ബില്ലുകളുടെ പരിശോധന ഇന്റലിജൻസ് വിഭാഗം വ്യാപകമായി നടത്തിവരുന്നു. ഇതിനെത്തുടർന്ന് അന്തർസംസ്ഥാന ചരക്കുനീക്കവുമായി ബന്ധപ്പെട്ട വിവരങ്ങൾ വകുപ്പിന് ലഭ്യമാണ്. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതി 2019 ജൂൺ 30 ആണ്. ഇതിന്റെ വിശദമായ സ്ക്രൂട്ടിണി നടത്തുന്നതിലൂടെ നികുതി പിരിവിൽ കാര്യമായ വർദ്ധനവ് കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ 2019 ഡിസംബർ മാസം 31 -ഓടുകൂടി ലഭ്യമാകും. അതിന്റെ വിശദപരിശോധന ആയതിനുശേഷം മാത്രമേ നടത്താനാവൂ. ഇത്തരം പ്രവർത്തനങ്ങൾ നികുതി ചോർച്ച കണ്ടെത്താനും നികുതി പിരിവിൽ കാര്യമായ വർദ്ധനവുണ്ടാക്കാനും സഹായിക്കും.

(ബി) ജി.എസ്.ടി.എൻ.-ന്റെ സാങ്കേതിക പരിമിതികൾ കാരണം റിട്ടേണുകളുടെ പൂർണ്ണവിവരങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ല. ജി.എസ്.ടി.എൻ.-ൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ബാക്ക് എൻഡ് മോഡ്യൂൾ വികസനം പുരോഗിച്ചുവരുന്നു. പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ അധിഷ്ഠിത റിട്ടേൺ സ്ക്രൂട്ടിനി നടപ്പിലാകുന്നതിന് ഇതിനാൽ കുറച്ചുകൂടി കാലതാമസമുണ്ടാകും. നിലവിലുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഈ പരിമിതികൾക്കുള്ളിൽനിന്ന് റിട്ടേൺ സ്ക്രൂട്ടിണി മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെത്തുടർന്ന് കാര്യക്ഷമതയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റ് ശരിയാണോയെന്ന് പരിശോധിക്കുന്നതിന് റിട്ടേണിന്റെ പൂർണ്ണമായ വിശദാംശങ്ങൾ ആവശ്യമാണ്. നിലവിൽ ഫയൽ ചെയ്യുന്ന റിട്ടേണിൽ ഇത്തരം വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമല്ല. 2019 ഏപ്രിലോടുകൂടി പുതിയ ലളിതമായ റിട്ടേൺ ഫോം നിലവിൽവരും. അതോടുകൂടി

ഇപ്പോഴുള്ള ന്യൂനത പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇ-വേ ബിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ട ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് പൂർണ്ണമായും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ ഒരു പരിധിവരെ കഴിയും.

(ഡി) 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി 2018-19-ൽ 2077 കോടി രൂപയാണ് ഒരു മാസത്തെ പ്രൊട്ടക്റ്റഡ് റവന്യൂ ആയി കണക്കാക്കിയിരിക്കുന്നത്. 2018 ഏപ്രിൽ മുതൽ 2018 ഡിസംബർ വരെ പ്രൊട്ടക്റ്റഡ് റവന്യൂ 18,693 കോടിയാണ്. എസ്.ജി.എസ്.ടി. ആയി 5,938.50 കോടിയും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് വഴി 7,614.09 കോടിയും കോമ്പൻസേഷൻവഴി 2,075 കോടിയും അഡ്ഹോക്ക് സെറ്റിൽമെന്റ് വഴി 2,313.67 കോടിയും വാറ്റിൽനിന്ന് 218 കോടിയും ലഭിച്ചു. കോമ്പൻസേഷൻ ദ്വൈമാസ തവണകളായാണ് ലഭിക്കുന്നത്. നവംബർ വരെയുള്ള കോമ്പൻസേഷൻ ലഭ്യമായിട്ടുണ്ട്. ഡിസംബർ-ജനുവരി മാസങ്ങളിലെ കോമ്പൻസേഷൻ 2019 ഫെബ്രുവരി അവസാനത്തോടെ ലഭ്യമാകും.

## വയനാട് ജില്ലയിൽ ചരക്ക് സേവന നികുതി വകുപ്പിലെ ജീവനക്കാർ

84 (2335) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ വകുപ്പിന് കീഴിൽ എത്ര വാഹനങ്ങളുണ്ട്;

(സി) എത്ര ഡ്രൈവർമാരാണ് വകുപ്പിന് കീഴിൽ ജില്ലയിൽ ജോലി ചെയ്യുന്നതെന്നും പ്രസ്തുത ഓരോ ഡ്രൈവർമാരുടെയും നിയമന രീതിയും വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച ഡ്രൈവർമാർ പ്രസ്തുത ജില്ലയിൽ ജോലി ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ ചരക്ക് സേവന നികുതി വകുപ്പിനുകീഴിൽ 163 ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്.

(ബി) ജില്ലയിൽ വകുപ്പിനുകീഴിൽ 13 വാഹനങ്ങളുണ്ട്.

(സി) ജില്ലയിൽ ആകെ 13 ഡ്രൈവർമാരാണ് ജോലി ചെയ്യുന്നത്.

സ്ഥിരനിയമനം - 4

കോൺട്രാക്ട് വ്യവസ്ഥ – 2

ദിവസ വേതനം - 7

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച ഡ്രൈവർമാർ പ്രസ്തുത ജില്ലയിൽ ജോലി ചെയ്യുന്നില്ല.

## ജി.എസ്.ടി. ട്രഷറിയിൽ നേരിട്ടോ ഓൺലൈനായോ സ്വീകരിക്കുവാനുള്ള സൗകര്യം

85 (2336) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രഷറികളിൽ നിന്നും വില്പന നടത്തുന്ന വെണ്ടർ നാൾവഴി ബുക്കിന് വേണ്ടി ജി.എസ്.ടി കൊടുക്കാൻ വെണ്ടർമാരെ നിർബന്ധിക്കുന്നതിനാൽ വെണ്ടർമാർക്ക് മുദ്രപത്രം വില്പന നടത്താൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. ട്രഷറിയിൽ നേരിട്ട് സ്വീകരിക്കാനോ ഓൺലൈനായി സ്വീകരിക്കാനോ ഉള്ള സൗകര്യം ഏർപ്പെടുത്തുന്നത് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാകുമോ; എങ്കിൽ ഇതിനായുള്ള നടപടി സത്വരം സ്വീകരിക്കുമോയെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെണ്ടർ നാൾവഴി രജിസ്റ്ററിന്റെ പ്രിന്റിംഗ് ചാർജ്ജിനത്തിലുള്ള ജി.എസ്.ടി. ഇനത്തിൽ ഒടുക്കേണ്ട തുക ട്രഷറികളിൽ നേരിട്ട് സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജി.എസ്.ടി.എൻ. രജിസ്ട്രേഷൻ എടുക്കുന്നതിനും ജി.എസ്.ടി.എൻ. പോർട്ടൽ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി.എൻ. പോർട്ടൽ മുഖേന ജി.എസ്.ടി. ഒടുക്കിയ ചെലാൻ ഹാജരാക്കുന്ന വെണ്ടർമാർക്ക് നാൾവഴി രജിസ്റ്റർ താമസംവിനാ ലഭ്യമാക്കുന്നുണ്ട്.

## വെണ്ടർ നാൾവഴി ബുക്കിനുള്ള ജി.എസ്.ടി.

86 (2337) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ നിന്നും വിൽപ്പന നടത്തുന്ന വെണ്ടർ നാൾവഴി ബുക്കിന് ജി.എസ്.ടി. ഒടുക്കാനുള്ള നിർദ്ദേശം നൽകിയിരിക്കുന്നതിനാൽ വെണ്ടർമാർക്ക് മുദ്രപ്പത്രം വിതരണം ചെയ്യാൻ സാധിക്കാതെ വന്നിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. ട്രഷറിയിൽ സ്വീകരിക്കാനോ ജി.എസ്.ടി. വകുപ്പിൽ ഓൺലൈനായി സ്വീകരിക്കാനോ ഉള്ള സൗകര്യം ഏർപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെണ്ടർ നാൾവഴി രജിസ്റ്ററിന്റെ പ്രിന്റിംഗ് ചാർജ്ജിനത്തിലുള്ള ജി.എസ്.ടി. ഇനത്തിൽ ഒടുക്കേണ്ട തുക ട്രഷറികളിൽ നേരിട്ട് സ്വീകരിക്കുവാൻ സാധിക്കാത്തതിനാലാണ് മുദ്രപ്പത്രം വിതരണം ചെയ്യാൻ സാധിക്കാതെ വന്നിരിക്കുന്നത്. ജി.എസ്.ടി.എൻ. പോർട്ടൽ മുഖേന ജി.എസ്.ടി. ഒടുക്കിയ ചെലാൻ ഹാജരാക്കുന്ന വെണ്ടർമാർക്ക് നാൾവഴി രജിസ്റ്റർ താമസംവിനാ ലഭ്യമാക്കുന്നുണ്ട്.

(ബി) ജി.എസ്.ടി.എൻ. രജിസ്ട്രേഷൻ എടുക്കുന്നതിനും ജി.എസ്.ടി.എൻ. പോർട്ടൽ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയസെസ്സ്

87(2338) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന് പ്രളയസെസ് ഈടാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നുള്ള മാധ്യമ വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ കൗൺസിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ;

(സി) എത്ര കാലത്തേയ്ക്കാണ് ഈ സെസ് ഈടാക്കുവാൻ ധാരണയായിട്ടുള്ളത്; ഇതിലൂടെ എത്ര കോടി രൂപയുടെ സമാഹരണമാണ് സർക്കാർ ലക്ഷ്യമിടുന്നത് എന്നിവയുടെ വിശദ വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ - സി) 2019 ജനുവരി 10-ാം തീയതി നടന്ന 32-ാം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ രണ്ടുവർഷത്തേയ്ക്കായി കേരളത്തിനകത്തെ സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് 1% സെസ്സ് ചുമത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ശിപാർശ അംഗീകരിക്കുകയുണ്ടായി. രണ്ടുവർഷത്തേയ്ക്ക് ഇതിലൂടെ 1200 കോടി രൂപയുടെ സമാഹരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് ജി.എസ്.ടി.**

88 (2339) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർ മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജി.എസ്. ടി ബാധകമാക്കിയതുമൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കൺവീനർമാർക്ക് ജി.എസ്.ടി രജിസ്ട്രേഷനില്ലാത്തതിനാൽ ടാക്സ് അടയ്ക്കാൻ സാധിക്കാത്ത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചരക്കുസേവന നികുതി നിയമപ്രകാരം 20 ലക്ഷം രൂപ വാർഷിക വിറ്റുവരവിൽ കൂടുതലുള്ളവർക്ക് (ഇപ്പോൾ 40 ലക്ഷമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്) മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിനും നികുതി അടയ്ക്കുന്നതിനും ബാധ്യതയുള്ളൂ. എന്നാൽ 50 ലക്ഷം രൂപവരെ വിറ്റുവരവുള്ളവർക്ക് 6% നികുതി നിരക്കിൽ കോമ്പോസിഷൻ പദ്ധതി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ 20 ലക്ഷം രൂപ വാർഷിക വിറ്റുവരവിന് മുകളിൽ കരാർ നടത്തുകയാണെങ്കിൽ മാത്രമേ ഗുണഭോക്തൃ കമ്മിറ്റികളോ മറ്റ് കരാറുകാരോ ചരക്കുസേവന നികുതി രജിസ്ട്രേഷൻ എടുക്കുകയും നികുതി ഒടുക്കുകയും ചെയ്യേണ്ടതുള്ളൂ.

ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് നിഷ്കർഷിച്ചിട്ടില്ല. പ്രസ്തുത കരാർ പൂർത്തീകരിച്ചതിനുശേഷം ടി രജിസ്ട്രേഷൻ ആവശ്യമില്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്.

## പ്രളയാനന്തര പുനർനിർമ്മിതി സെസ്സ്

89 (2340) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മിതിക്കായി, ജി.എസ്.ടി കൗൺസിൽ അനുമതി നൽകിയതിൻപ്രകാരം, ജി.എസ്.ടി.ക്കുമേൽ സെസ് ചുമത്തുന്നതിലൂടെ എന്ത് തുക സമാഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) സെസ് ഏർപ്പെടുത്തുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(സി) സെസ്സ് ചുമത്തുന്നതിന്റെ മറവിൽ വില കൂട്ടുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ആലോചനയുണ്ടോ?

ഉത്തരം

(എ) പ്രളയാനന്തര പുനർനിർമ്മിതിക്കായി ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയതിൻപ്രകാരം ജി.എസ്.ടി.-ക്കുമേൽ സെസ്സ് ചുമത്തുന്നതിലൂടെ 1200 കോടി രൂപ രണ്ടുവർഷംകൊണ്ട് സമാഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി & സി) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് 28%, 18%, 12% എന്നീ നിരക്കുകളിൽപ്പെടുന്ന പല ചരക്കുകളുടെയും നികുതി നിരക്ക് കുറച്ചിട്ടുണ്ട്. ഇത്തരം നികുതി കുറവ് പരിഗണിച്ച് വിലയിൽ ആനുപാതിക കുറവ് ജനങ്ങൾക്ക് ഇതുവരെയും ലഭ്യമായിട്ടില്ല. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന 1% സെസ്സ് ഇതിൽ തട്ടിക്കഴിക്കാവുന്നതേയുള്ളൂ. എന്നതിനാൽ കാര്യമായ വിലവർദ്ധനവ് പ്രതീക്ഷിക്കുന്നില്ല. കൂടാതെ, സെസ്സ് അവസാന ഉപഭോക്തൃ വിൽപ്പനയിൽ മാത്രമേ ബാധകമായിട്ടുള്ളൂ. വ്യാപാരികൾ സെസ്സിന്റെ മറവിൽ അനധികൃതലാഭം ഉണ്ടാക്കുകയാണെങ്കിൽ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി മുഖേന ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## ദുരന്തനിവാരണ സെസ്സ്

90 (2341) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന് ദുരന്തനിവാരണ സെസ്സ് ഏർപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം; സെസ്സ് സംബന്ധിച്ച മറ്റ് വിശദാംശം നൽകാമോ;

(ബി) ദുരന്തനിവാരണ സെസ്സ് ഏർപ്പെടുത്തുന്നത് വിലക്കയറ്റം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രളയബാധിതരെ ഇത് ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോമ്പോസിഷൻ നികുതി സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരികളെ സെസ്സ് ചുമത്തുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ തുടങ്ങിയ ചരക്കുകൾക്ക് 0.25%-വും ജി.എസ്.ടി. നികുതി നിരക്ക് 12%, 18%, 28% എന്നീ പട്ടികയിൽവരുന്ന ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന് വിതരണ വിലയിന്മേൽ ഒരു ശതമാനം പ്രളയസെസ്സ് രണ്ടുവർഷക്കാലയളവിലേയ്ക്ക് വിജ്ഞാപനം ചെയ്യപ്പെടുന്ന തീയതി മുതൽ ഈടാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി & സി) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് 28%, 18%, 12% എന്നീ നിരക്കുകളിൽപ്പെടുന്ന പല ചരക്കുകളുടെയും നികുതി നിരക്ക് കുറച്ചിട്ടുണ്ട്. ഇത്തരം നികുതി കുറവ് പരിഗണിച്ച് വിലയിൽ ആനുപാതിക കുറവ് ജനങ്ങൾക്ക് ഇതുവരെയും ലഭ്യമായിട്ടില്ല. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന 1% സെസ്സ് ഇതിൽ തട്ടിക്കഴിക്കാവുന്നതേയുള്ളൂ. എന്നതിനാൽ കാര്യമായ വില വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല. കൂടാതെ സെസ്സ് അവസാന ഉപഭോക്തൃ വിൽപ്പനയിൽ മാത്രമേ ബാധകമായിട്ടുള്ളൂ. കോമ്പോസിഷൻ നികുതി സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരികളെ സെസ്സ് ചുമത്തുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**വയനാട്ടിലെ ചരക്ക് സേവന നികുതി വകുപ്പ് ഉദ്യോഗസ്ഥർ**

91 (2342) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വകുപ്പ് വയനാട് ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷകാലയളവിൽ നടത്തിയ നിയമനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ചരക്ക് സേവന നികുതി വകുപ്പിൽ വയനാട് ജില്ലയിൽ നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഓരോ ഉദ്യോഗസ്ഥരും പ്രസ്തുത തസ്തികയിൽ എത്ര നാളായി ജോലി ചെയ്തു വരുന്നു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ചരക്ക് സേവന നികുതി വകുപ്പിൻ കീഴിൽ വയനാട് ജില്ലയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ആളുകളുടെയും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017 വർഷത്തിൽ 8 നിയമനം (OA-2, Clerk-3, Typist-3). 2018 വർഷത്തിൽ നിയമനം ഇല്ല.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*.

(സി) വയനാട് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്) കാര്യാലയത്തിൽ ഡ്രൈവർ തസ്തികയിൽ 7 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

## ചരക്ക് സേവന നികുതി ആനുകൂല്യം ഉപഭോക്താവിന് ലഭ്യമാകുന്നില്ലെന്ന പരാതി

92 (2343) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാകുമെന്നുമുള്ള വിലയിരുത്തൽ യാഥാർത്ഥ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ വിലയിരുത്തൽ തെറ്റാനുണ്ടായ സാഹചര്യമെന്താണ്;

(ബി) ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ;

(സി) വിതരണം ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള ഇടപെടലാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻപ് നിലവിലുണ്ടായിരുന്ന ബഹുവിധ നികുതികളും ഏകീകരിച്ചുകൊണ്ട് നടപ്പിലാക്കിയ ജി.എസ്.ടി. നികുതി സമ്പ്രദായം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൽപ്പന്നങ്ങളുടെ നികുതി നിരക്കുകൾ കുറയുന്നതിനും അതിലൂടെ വിലകളിൽ ഗണ്യമായ കുറവുണ്ടാകും എന്നുമായിരുന്നു പ്രതീക്ഷിച്ചത്. എന്നാൽ നികുതിയിലുണ്ടായ കുറവിന്റെ ആനുകൂല്യം പൂർണ്ണമായ തോതിൽ വിലയിൽ പ്രതിഫലിച്ചതായി കാണാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ പുതിയ നികുതി പരിഷ്കരണംമൂലം വന്നിട്ടുള്ള കുറവ് ഉപഭോക്താക്കാൾക്ക് നൽകാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ആന്റി പ്രോഫിറ്റീയറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ചരക്കുസേവന നികുതി സമ്പ്രദായം പൊതുവേ ഗുണകരമാണെന്നാണ് വിലയിരുത്തപ്പെടുന്നത്. കാരണം മുൻപുണ്ടായിരുന്ന നികുതി സമ്പ്രദായത്തിൽനിന്നും വ്യത്യസ്തമായി അന്തിമ ഉപഭോക്താവിന്റെ സംസ്ഥാനത്തിനാണ് നികുതിയുടെ ആനുകൂല്യം ലഭിക്കുക. ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തുനിന്നും വാങ്ങുന്ന സാധനത്തിനും ഉപഭോക്താവിന്റെ ബില്ലിൽ കാണിക്കുന്ന മേൽവിലാസം കേരളത്തിലേതാണെങ്കിൽ അതിനുള്ള നികുതി കേരളത്തിനുതന്നെ ലഭിക്കുന്നുവെന്നതാണ് ഇതിന്റെ മേന്മ. അതുപോലെ വ്യാപാരികളുടെ അന്തർസംസ്ഥാന വാങ്ങലുകളുടെ നികുതിയും നമ്മുടെ സംസ്ഥാനത്തിനുതന്നെ ലഭിക്കും. കൂടാതെ മുൻപ് കേന്ദ്ര സർക്കാർ മാത്രം പിരിച്ചിരുന്ന സേവന നികുതിയും അതാത് സംസ്ഥാനത്തിനുതന്നെ ലഭിക്കുമെന്ന ഗുണം കൂടിയുണ്ട്.

എന്നാൽ ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നികുതി നിരക്കിൽ വരുത്തിയ കുറവ് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തെ കാര്യമായ രീതിയിൽ ബാധിക്കുകയുണ്ടായി. ഇത് പ്രതീക്ഷിത വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചു. ജി.എസ്.ടി. നടപ്പിൽവന്നതോടുകൂടി നികുതി ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയത് കേരളത്തിലേയ്ക്കുള്ള ചരക്കുനീക്കം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും ബില്ലുകളിലെ കൃത്രിമം കണ്ടെത്തുന്നതിനും വിഘാതമായിത്തീർന്നിരിക്കുന്നു. IGST ബില്ലുകൾക്ക് പകരം CGST/SGST ബില്ലുകൾ നൽകുന്നതും ബില്ലുകളിലെ അളവിലും തുകയിലും കൃത്രിമം കാട്ടിയും നികുതി വെട്ടിപ്പിനുള്ള ശ്രമങ്ങൾ നടക്കുന്നതായിക്കണ്ടിട്ടുണ്ട്. ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനും ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ ഇ-വേ ബിൽ സമ്പ്രദായവും നടപ്പിൽവരുത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി.-യിലൂടെ നികുതി നിരക്കുകളിൽ വന്ന കുറവിന്റെയും തങ്ങൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉൽപ്പാദകരും വ്യാപാരികളും ഉപഭോക്താക്കൾക്ക് പൂർണ്ണമായും കൈമാറിയിട്ടില്ല എന്നാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ജി.എസ്.ടി. നിയമപ്രകാരംതന്നെ ഒരു അമിതലാഭ നിരോധന അതോറിറ്റി രൂപീകരിച്ചിട്ടുള്ളതും ഈ അതോറിറ്റി മുമ്പാകെ ഇത്തരം കേസ്സുകൾ തുടർനടപടികൾക്കായി നൽകിയിട്ടുമുണ്ട്.

## ചരക്ക് സേവന നികുതി നടപ്പിലാക്കിയശേഷം വ്യാപക നികുതി വെട്ടിപ്പ്

93 (2344) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയശേഷം വ്യാപക നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇതിലൂടെ സംസ്ഥാനത്തിന് എന്ത് നഷ്ടം വന്നുവെന്നാണ് കണക്കാക്കുന്നത്;

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് കൂടുതൽ പ്രയോജനകരമാകുമെന്ന് കരുതിയ നികുതി സംവിധാനം കേരളത്തിന് ദോഷകരമായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ-വേ ബിൽ ഇല്ലാതെ സാധനങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃത്യമായ നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് കൂടുതൽ പ്രയോജനകരമാകുമെന്ന് കരുതിയ നികുതി സംവിധാനം കേരളത്തിന് ദോഷകരമായ സാഹചര്യം ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി

വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർസംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല.

2. ജി.എസ്.ടി-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ ആന്വൽ റിട്ടേൺ ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സൂക്ഷ്മ നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാവുന്നതാണ്. ആന്വൽ റിട്ടേൺ ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നു.

3. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തികത്തേയും ചരക്കുനീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഇതിനുണ്ടായ കാലതാമസംമൂലം വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഇ-വേ ബില്ലിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തുനോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

4. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതി നിരക്ക് 23-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം 28 ശതമാനത്തിൽനിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു.

5. 2018 ഡിസംബർ 22-ന് നടന്ന 31-ാം ജി.എസ്.ടി. കൗൺസിൽ യോഗ തീരുമാനപ്രകാരം റവന്യൂവിനെ സംബന്ധിച്ച് പ്രധാന ചരക്ക് സേവനങ്ങളായ താഴെപ്പറയുന്ന പ്രധാന ഇനങ്ങളെ നികുതി നിരക്ക് കുറയ്ക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചു.

1. സിനിമാ ടിക്കറ്റുകൾ
2. ടെലിവിഷൻ
3. ഡിജിറ്റൽ ക്യാമറ, വീഡിയോ, ക്യാമറ റിക്കോഡേഴ്സ്
4. വീഡിയോ ഗെയിം
5. ചരക്ക് വാഹനങ്ങളുടെ തേർഡ്പാർട്ടി ഇൻഷ്വറൻസ് പ്രീമിയം.

ഇവയുടെ നികുതി കുറവ് ജി.എസ്.ടി. വരുമാനത്തെ പ്രതികൂലമായി ബാധിക്കും.

(ഡി) ഇ-വേ ബിൽ ഇല്ലാതെ സാധനങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിന് ഇന്റലിജൻസ് പരിശോധന ശക്തമാക്കുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് സംസ്ഥാന അതിർത്തികളിൽ വിന്യസിച്ചിട്ടുണ്ട്.

## ട്രഷറി ഇടപാടുകൾ ഡിജിറ്റലാക്കാൻ നടപടി

94 (2345) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഇടപാടുകൾ ഡിജിറ്റലാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ട്രഷറി ഇടപാടുകൾ എന്ന് മുതൽ പൂർണമായും ഡിജിറ്റലായി മാറുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS- Integrated Financial Management System) ഏർപ്പെടുത്തിക്കഴിഞ്ഞു.

സർക്കാരിൽനിന്നുള്ള എല്ലാ പേമെന്റുകളും ഇലക്ട്രോണിക് ട്രാൻസാക്ഷൻ വഴിയാണ് ഇപ്പോൾ നടക്കുന്നത്. വരവുകളെ (Receipts) സംബന്ധിച്ച് കറൻസിരഹിത ഇടപാടുകൾ നടത്തുന്നതിനായി ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ.(UPI) എന്നീ സൗകര്യങ്ങൾ ഉപയോഗിച്ചുള്ള പണമിടപാടുകൾ നിലവിൽ സാധ്യമാണ്. പരമാവധി ഇടപാടുകൾ കടലാസുരഹിതമാക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാസുരഹിതമാകുമ്പോൾ പാലിക്കേണ്ട നടപടികളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലുമായി ചർച്ച നടത്തുകയും ആയതിനനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ്വെയറിൽ വരുത്തിയിട്ടുമുണ്ട്. അടുത്ത ധനകാര്യ വർഷം മുതൽ ട്രഷറികൾ പൂർണ്ണമായും കടലാസുരഹിത സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

95 (2346) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം സമ്പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ട്രഷറി നവീകരണം പൂർണ്ണമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ട്രഷറി നവീകരണത്തിനായി നീക്കി വച്ച തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എല്ലാ ട്രഷറികളിലും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻപ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷം 20 ട്രഷറികളുടെ നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകിയതിൽ സാങ്കേതികാനുമതി ലഭിച്ച 8 ട്രഷറികളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികളിൽ ട്രഷറി ഡയറക്ടറേറ്റ് കെട്ടിടം ഉൾപ്പെടെയുള്ള 8 പ്രവൃത്തികൾക്ക് സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാ ട്രഷറികൾക്കും ഇടപാട് സൗഹൃദ സമീപനത്തോടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുകയെന്ന ലക്ഷ്യത്തോടെ എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുകയെന്ന പദ്ധതിയാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

നടപ്പുസാമ്പത്തികവർഷം ട്രഷറി നവീകരണത്തിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും താഴെ പട്ടികയിൽ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| നം. | ഇനം | അനുവദിച്ച തുക | കുറവ് ചെയ്യപ്പെട്ട പദ്ധതി തുക | നെറ്റ് തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർവൽക്കരണം | 540 | 0 | 540 | 533.11 |
| 2 | അടിസ്ഥാന സൗകര്യ വികസനം | 1700 | 430 | 1270 | 479.96 |
| 3 | പരിശീലന പരിപാടി | 60 | 30 | 30 | 18.29 |
| **ആകെ** | | **2300** | **460** | **1840** | **1031.36** |

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 2300 ലക്ഷത്തിൽ 460 ലക്ഷം രൂപ 21-1-2019-ലെ സ. ഉ. (അച്ചടി) 5/2019/ധന. പ്രകാരം പദ്ധതി വിഹിതത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

## സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം

96 (2347) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക ക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ ട്രഷറികൾ നടപ്പിലാക്കിയ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിൽ എത്ര സ്കൂളുകൾ സംയുക്ത ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത അക്കൗണ്ടുകളിൽ എത്ര രൂപയാണ് ട്രഷറി നിക്ഷേപമായി നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക ക്ഷമത ഉറപ്പാക്കുന്നതിനും ട്രഷറികളിൽ നടപ്പിലാക്കിയ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിൽ നാളിതുവരെ 237 സ്കൂളുകൾ സംയുക്ത ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പ്രസ്തുത അക്കൗണ്ടുകളിൽ 3 കോടി 26 ലക്ഷം രൂപയാണ് നിക്ഷേപമായി നിലവിലുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റാനുള്ള നടപടികൾ

97 (2348) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളെ പൊതുമേഖലാ ബാങ്കുകളുമായി ബന്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(സി) ജീവനക്കാരുടെ ശമ്പളം ട്രഷറി വഴിയാക്കുമ്പോൾ പണം പിൻവലിക്കാനായി ട്രഷറി എ.ടി.എം. സർവ്വീസുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി വകുപ്പ് ഇ-റ്റി.എസ്.ബി. അഥവാ എംപ്ലോയ്സ് റ്റി.എസ്.ബി. എന്ന പുതിയ ക്ലാസ് ഓഫ് അക്കൗണ്ട്സ് തുടങ്ങിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം പൂർണ്ണമായും ഈ അക്കൗണ്ട് മുഖേന നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ട്രഷറി അക്കൗണ്ടുടമകൾക്ക് ഇപ്പോൾ നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി പൂർത്തിയായിക്കഴിഞ്ഞു. സുരക്ഷ മുൻനിർത്തി ഈ സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെയും ട്രഷറി വകുപ്പിലെയും ട്രഷറി അക്കൗണ്ട് ഉടമകളായ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പ്രതിദിന ഇടപാട് പരിധിയായ 10,000 രൂപയിൽ നിന്നുകൊണ്ട് ഇവർക്ക് അവരുടെ അക്കൗണ്ടിലെ പണം മറ്റ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ട്രഷറി അക്കൗണ്ടുകളിലേയ്ക്കോ യഥേഷ്ടം മാറ്റാവുന്നതാണ്. ഒരു നിശ്ചിത കാലം ഈ ഇടപാടുകൾ നിരീക്ഷിച്ച ശേഷവും ആവശ്യമായ മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായശേഷവും ഈ സൗകര്യം എല്ലാ ട്രഷറി അക്കൗണ്ട് ഇടപാടുകാർക്കും ലഭ്യമാക്കുന്നതാണ്.

(സി) ബാങ്കുകൾ മുഖേന ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ.-യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു.

## ട്രഷറികളിൽ എ.ടി.എം. സംവിധാനം

98 (2349) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്?

ഉത്തരം

ബാങ്കുകൾ മുഖേന ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ.-യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു.

## വെണ്ടർമാർക്ക് മുദ്രപ്പത്രം വിതരണം ചെയ്യാൻ സാധിക്കാതെ വരുന്ന സാഹചര്യം

99 (2350) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ നിന്നും വിൽപ്പന നടത്തുന്ന വെണ്ടർ നാൾവഴി ബുക്കിനുള്ള ജി.എസ്.ടി. ഒടുക്കാൻ വെണ്ടർമാരെ നിർബന്ധിക്കുന്നതിനാൽ വെണ്ടർമാർക്ക് മുദ്രപ്പത്രം വിതരണം ചെയ്യാൻ സാധിക്കാതെ വന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. ട്രഷറിയിലോ ഓൺലൈനായോ സ്വീകരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെണ്ടർ നാൾവഴി രജിസ്റ്ററിന്റെ പ്രിന്റിംഗ് ചാർജ്ജിനത്തിലുള്ള ജി.എസ്.ടി. ഇനത്തിൽ ഒടുക്കേണ്ട തുക ട്രഷറികളിൽ നേരിട്ട് സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജി.എസ്.ടി.എൻ. രജിസ്ട്രേഷൻ എടുക്കുന്നതിനും ജി.എസ്.ടി.എൻ. പോർട്ടൽ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി.എൻ. പോർട്ടൽ മുഖേന ജി.എസ്.ടി. ഒടുക്കിയ ചെലാൻ ഹാജരാക്കുന്ന വെണ്ടർമാർക്ക് നാൾവഴി രജിസ്റ്റർ താമസംവിനാ ലഭ്യമാക്കുന്നുണ്ട്.

**ട്രഷറികളിൽ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം**

100 (2351) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എല്ലാ ട്രഷറികളെയും ഇത്തരത്തിൽ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ട്രഷറികളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടത്താത്തതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ട്രഷറികളിൽ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വിവിധ തരത്തിലുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടുവരുന്നത്. വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സംവിധാനത്തിലൂടെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റും പൗരന്മാരുടെ സാമ്പത്തിക ഇടപാടുകളും നിർവ്വഹിക്കാൻ പര്യാപ്തമായ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ലഭ്യമായ ട്രഷറികൾക്ക് ഇതിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും ഇടപാട് സൗഹൃദ അന്തരീക്ഷവും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് ട്രഷറികളുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറികൾക്കും അടിസ്ഥാന സൗകര്യ അപര്യാപ്തതയുള്ള ട്രഷറികൾക്കും ആധുനിക സൗകര്യങ്ങളോടെയുള്ള സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു. ഈ പുതിയ കെട്ടിടങ്ങളിലെല്ലാം ഇടപാട് സൗഹൃദമായ എല്ലാവിധ ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്.

വിവിധ തരത്തിലുള്ള ഫോമുകളുടെ വിതരണത്തിനും പാസ്സ് ബുക്ക് പതിക്കുന്നതിനും മറ്റ് സേവനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനും ഫ്രണ്ട് ഓഫീസ് കൗണ്ടറുകൾ എല്ലാ ട്രഷറികളിലും സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 58 ട്രഷറികളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കസ്റ്റമർ ലോഞ്ച് നിലവിലുണ്ടെങ്കിലും 98 ട്രഷറികളിൽ ആയത് അപര്യാപ്തമാണെന്ന് വകുപ്പ്

കണ്ടെത്തിയിട്ടുണ്ട്. ഇടപാടുകാർക്ക് ആവശ്യമായ ഇരിപ്പിട സൗകര്യം, കുടിവെള്ള സൗകര്യം, ഫാനുകൾ, ടോയ്‌ലെറ്റുകൾ, ടെലിവിഷൻ സെറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ വയോജന സൗഹൃദമായ രീതിയിൽ ട്രഷറികൾ മാറ്റുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. പ്രായാധിക്യംമൂലം ബുദ്ധിമുട്ടുന്ന ഇടപാടുകാർക്കും പ്രത്യേകിച്ച് പെൻഷൻകാർക്ക് പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ട്രഷറി അടിസ്ഥാന വികസന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഇൻകെൽ എന്ന കമ്പനിയെയാണ് അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന് പുറമെ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖേനയും ട്രഷറി കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനും പ്രോജക്ട് അംഗീകരിച്ച് നിർവ്വഹിച്ചുവരുന്നുണ്ട്.

(ബി) മാന്വൽ രീതിയിലുള്ള ബിൽ സമർപ്പണം, ചെലാൻ സ്വീകരിക്കൽ, ബില്ലുകൾ പാസ്സാക്കി പണം നേരിട്ട് ഇടപാടുകാർക്ക് നൽകുന്ന രീതി എന്നിവ അനുവർത്തിച്ചിരുന്ന കാലത്താണ് ട്രഷറികളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് സംഘടിപ്പിച്ചത്. 2008 ജനുവരി 15-നാണ് സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും തുടർന്ന് 2008 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയുമുണ്ടായി.

## സ്ത്രീശക്തി ഭാഗ്യക്കുറി

101 (2352) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശക്തി ഭാഗ്യക്കുറി ആരംഭിച്ചത് എന്നാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത ലോട്ടറിയിൽ നിന്നും 31-12-2018 വരെ എന്ത് തുക ലാഭം കിട്ടിയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ലാഭം ഉപയോഗിച്ച് ഇതിനകം നടത്തിയ സ്ത്രീ ശാക്തീകരണ ക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയാണ്; അറിയിക്കാമോ;

(ഡി) ഇതിൽ ഓരോ പദ്ധതിക്കും എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 19-4-2016-ന് വിൽപ്പന ആരംഭിച്ച് 3-5-2016-ന് (SS-1) നറുക്കെടുപ്പ് നടത്തി പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) സ്ത്രീശക്തി ഭാഗ്യക്കുറിയിൽനിന്നും 31-12-2018 വരെ ലഭിച്ച ഏകദേശ ലാഭം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **ലാഭം (Approximate)** |
|---|---|
| 2016-17 | 169.22 കോടി |
| 2017-18 | 194.77 കോടി |
| 2018-19 (31-12-2018 വരെ) | 138.89 കോടി |

(സി & ഡി) ലോട്ടറി വകുപ്പ് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല. ലോട്ടറി വിറ്റുകിട്ടുന്ന ലാഭം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് അടയ്ക്കുന്നത്. ഈ തുക ബഡ്ജറ്റിലുൾപ്പെടുത്തി ബഡ്ജറ്റിൽ വകയിരുത്തുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയാണ് ചെയ്യുന്നത്.

## കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ പ്രൈവറ്റ് ആശുപത്രികളിൽ ചികിത്സ

102 (2353) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാരുണ്യ ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി ഹൃദ്രോഗം, ക്യാൻസർ, വൃക്കരോഗം എന്നിവയ്ക്കായി ഏതെല്ലാം പ്രൈവറ്റ് ആശുപത്രികളിൽ ചികിത്സ തേടാമെന്നും ഓരോ രോഗത്തിനും ഏതെല്ലാം ആശുപത്രികളെ സമീപിക്കാമെന്നും രോഗം, ആശുപത്രികൾ എന്ന ക്രമത്തിൽ പട്ടികയായി വിവരങ്ങൾ നൽകാമോ;

(ബി) പ്രൈവറ്റ് ആശുപത്രിയിൽ മേൽപ്പറഞ്ഞ അസുഖങ്ങൾക്കായി ചികിത്സ തേടുന്നതിന് മുമ്പായി സർക്കാർ ആശുപത്രിയിൽ നിന്നും റഫർ ചെയ്യേണ്ടതിന്റെ ആവശ്യകത ഈ ചികിത്സാ സഹായം ലഭിക്കാൻ വേണ്ടതുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രൈവറ്റ് ആശുപത്രിയിൽ ചികിത്സ ആരംഭിച്ച് എത്ര ദിവസത്തിനുള്ളിൽ ചികിത്സാ സഹായത്തിനായി അപേക്ഷ നൽകേണ്ടതുണ്ട്; വിശദമാക്കാമോ?

## ഉത്തരം

(എ) ഹൃദ്രോഗം, കാൻസർ, വൃക്കരോഗം എന്നിവയുടെ ചികിത്സകൾക്കായി പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധം (എ) ആയി ചേർക്കുന്നു.+

(ബി) പ്രൈവറ്റ് ആശുപത്രിയിൽ ചികിത്സ തേടുന്നതിന് മുമ്പായി സർക്കാർ ആശുപത്രിയിൽനിന്നും റഫർ ചെയ്യണമെന്ന വ്യവസ്ഥയില്ല.

(സി) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ചികിത്സ തുടങ്ങുന്നതിന് മുമ്പുതന്നെ അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ അപേക്ഷ സമർപ്പിച്ച് മുൻകൂർ അനുമതിപത്രം വാങ്ങേണ്ടതാണ്. അനുമതിപത്രം ലഭിച്ചശേഷം മാത്രമേ പദ്ധതി പ്രകാരമുള്ള ചികിത്സ തുടങ്ങാനാകുകയുള്ളൂ.

## കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാച്ചെലവ്

103 (2354) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ; പദ്ധതിയിലുൾപ്പെട്ട ഏതൊക്കെ ചികിത്സകളാണ് ഈ ആശുപത്രികൾ വഴി നടത്തുന്നത്;

(ബി) ചികിത്സ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആശുപത്രികൾക്ക് പണം നൽകാൻ അവശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആശുപത്രിയുടെ പേരും തുകയും ലഭ്യമാക്കാമോ; തുക നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ലിസ്റ്റിൽ ഉൾപ്പെട്ട പല ആശുപത്രികളും ഇത് മറച്ചുവച്ച് പാവപ്പെട്ട രോഗികളോട് ചികിത്സാച്ചെലവ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ആശുപത്രികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ ആശുപത്രികളുടെ പേരും ഒഴിവാക്കാനുണ്ടായ കാരണവും വ്യക്തമാക്കാമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ചികിത്സാ സൗജന്യം നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും ടി ആശുപത്രികളിൽ അംഗീകരിച്ചിട്ടുള്ള ചികിത്സകളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടെയും ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു*.

(ബി) കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ചികിത്സ നടത്തിയതിന് സ്വകാര്യ ആശുപത്രികൾക്ക് 1-2-2019-ലെ സ്ഥിതി അനുസരിച്ച് 9,32,83,463 രൂപ നൽകാനുണ്ട്. ഇതിന്റെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു*.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിലെ അവ്യക്തത തീർക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ആശുപത്രികൾക്ക് കത്ത് നൽകുകയും ഈ കത്തുകൾക്ക് മറുപടി ലഭിക്കുന്നതിലുണ്ടായ കാലതാമസം ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതിൽ സംഭവിച്ചിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കുന്നതിന് ദ്രുതഗതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി - ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലിസ്റ്റിൽനിന്നും ആശുപത്രികളെ ഒഴിവാക്കിയിട്ടില്ല.

## കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും ധനസഹായം

104 (2355) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിലൂടെ ലഭിച്ച ആകെ വിറ്റുവരവ് എത്രയെന്നും അതിന്റെ അറ്റാദായം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ലഭിച്ച അറ്റാദായത്തിൽ നിന്നും 15-1-2019 വരെ എത്ര തുക പാവപ്പെട്ട രോഗികൾക്ക് വേണ്ടി കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായമായി നൽകി;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് പദ്ധതി 15-1-2019 മുതൽ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന അറ്റാദായം എപ്രകാരം വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിലൂടെ സമാഹരിച്ച തുക, ഏകദേശ അറ്റാദായം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | കാരുണ്യ ഭാഗ്യക്കുറി | വിറ്റുവരവ് (കോടിയിൽ) | അറ്റാദായം (കോടിയിൽ) (Approximate) |
|---|---|---|---|
| 2016-17 | KR 235 to KR 286 | 886.65 | 192.77 |
| 2017-18 | KR 287 to KR 339 | 1249.67 | 207.97 |
| 2018-19 | KR 340 to 380 (2019 ജനുവരി വരെ) | 1049.66 | 166.03 |
| വർഷം | കാരുണ്യ പ്ലസ് ഭാഗ്യക്കുറി | വിറ്റുവരവ് (കോടിയിൽ) | അറ്റാദായം (കോടിയിൽ) (Approximate) |
| 2016-17 | KN 104 to KN 154 | 865.51 | 177.49 |
| 2017-18 | KN 155 to KN 206 | 1237.38 | 204.02 |
| 2018-19 | KN 207 to KN 249 (2019 ജനുവരി വരെ) | 1054.58 | 165.37 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15-1-2019 വരെ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 766,54,79,422 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് പദ്ധതി 15-1-2019 മുതൽ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ പുതിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ലയിപ്പിക്കുമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നുള്ള 29-5-2018-ലെ G. O. (Rt.) No. 1739/18/H&FWD പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ആരോഗ്യ സുരക്ഷാ പദ്ധതി 1-4-2019 മുതൽ നടപ്പിലാക്കുമെന്ന് 11-1-2019-ലെ G. O. (Rt.) No. 63/2019/H&FWD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

## പ്രവാസി ചിട്ടി

105 (2356) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിക്ക് വേണ്ടി കെ.എസ്.എഫ്.ഇ. ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; എത്ര രൂപ വീതം ഏതെല്ലാം ഇനങ്ങളിലായാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രവാസി ചിട്ടിയിൽ യു.എ.ഇ.യിൽ നിന്നും എത്ര പേർ കെ.വൈ.സി. പൂർത്തിയാക്കിയെന്നും ഇതിൽ എത്ര പേർ ചിട്ടിയിൽ ചേർന്നു എന്നും വ്യക്തമാക്കാമോ;

(സി) പ്രവാസി ചിട്ടിക്ക് ആവശ്യമായ സോഫ്റ്റ് വെയർ നിർമ്മിക്കുന്നത് ഏതൊക്കെ ഏജൻസികൾ ആണ്; ഇതിന് വേണ്ടി കെ.എസ്.എഫ്.ഇ. എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിക്ക് വേണ്ടി സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട നെറ്റ് വർക്ക് ജോലികളും സെർവർ സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള കരാർ ഏറ്റെടുത്ത കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു; വിശദമാക്കാമോ?

### ഉത്തരം

(എ) (1) 8.96 കോടി

| | | |
|---|---|---|
| (2) | (എ) പരസ്യം, ഹാൾ വാടക, സൽക്കാരം, യാത്ര | 5.05 |
| | (ബി) വിദേശയാത്ര നടത്തിയവർക്ക് ഡി.എ. നൽകിയ വകയിൽ | 0.02 |
| | (സി) സ്റ്റാഫ് കോസ്റ്റ് | 0.61 |
| | (ഡി) സോഫ്റ്റ് വെയർ | 2.54 |
| | (ഇ) ഓഫീസ് ഫർണിഷിങ് | 0.74 |
| | | 8.96 |

(ബി) നാളിതുവരെ യു.എ.ഇ.-യിൽ നിന്നും 10551 പേർ കെ.വൈ.സി. പൂർത്തിയാക്കി. അതിൽ 2565 പേർ ചിട്ടികളിൽ ചേർന്നിട്ടുണ്ട്.

(സി) പ്രവാസി ചിട്ടിയുടെ കോർ സോഫ്റ്റ്‌വെയർ നിർമ്മിച്ചിരിക്കുന്നത് NIC ആണ്. കൂടാതെ C-Dit ഇതുമായി സഹകരിക്കുന്നു. ഈ ഇനത്തിൽ KIIFB-യിൽ നിന്നും 40.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) നെറ്റ്‌വർക്കും സെർവർ സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള കരാർ C-Dit-നാണ് നൽകിയിരിക്കുന്നത്. ഈ ഇനത്തിൽ C-Dit ന് 2.18 കോടി രൂപ KIIFB-യിൽ നിന്നും നൽകിയിട്ടുണ്ട്.

## പ്രവാസി ചിട്ടി

106 (2357) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന വികസന പദ്ധതികൾക്കായി ആരംഭിച്ച പ്രവാസി ചിട്ടി പ്രകാരം കേരളത്തിൽ എത്ര ചിട്ടികളാണ് ചെലവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി ചിട്ടി വഴി വിദേശങ്ങളിൽ എത്ര ചിട്ടികൾ വിറ്റഴിച്ചിട്ടുണ്ടെന്നും ഈ പദ്ധതി വഴി എത്ര കോടി രൂപയുടെ വർദ്ധനവാണ് കെ.എസ്.എഫ്.ഇ.യുടെ വ്യാപാരത്തിൽ ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നാളിതുവരെ 101 ചിട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവഴി കെ.എസ്.എഫ്.ഇ.-യുടെ പ്രതിമാസ ചിട്ടി സലയിൽ 4,16,80,000 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

## പ്രവാസി ചിട്ടി മെസ്സേജുകൾ

107 (2358) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി തുടങ്ങുന്നതിന് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ഇത് നടത്തിയത്;

(ബി) പ്രവാസി ചിട്ടിയിൽ ചേരുന്ന ഓരോ രാജ്യത്തെയും ഇടപാടുകാർക്ക് മെസ്സേജുകൾ അയയ്ക്കുന്നതിന് അതാത് രാജ്യങ്ങളിലെ സർവ്വീസ് പ്രൊവൈഡർമാരുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ മെസ്സേജുകൾ കിട്ടാതെയിരിക്കുന്ന രാജ്യങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രവാസി ചിട്ടിയിൽ ചേരുന്ന ഇടപാടുകാർക്ക് നെറ്റ് ബാങ്കിംഗ് വഴി പണമടക്കാൻ ശ്രമിക്കുമ്പോൾ പരാജയപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവാസി ചിട്ടിക്ക് വേണ്ടി സി-ഡിറ്റിന് കെ.എസ്.എഫ്.ഇ. ഇതുവരെ എത്ര കോടി രൂപ നൽകി; ഏതൊക്കെ ഇനങ്ങളിലാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2017-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 24-1-2018-ലെ സ. ഉ. (എംഎസ്.) നം. 6/2018/നി.വ. പ്രകാരം പ്രവാസി ചിട്ടി തുടങ്ങുന്നതിന് കെ.എസ്.എഫ്.ഇ.-ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരളത്തിന്റെ പശ്ചാത്തല വികസനത്തിനായി രൂപവൽക്കരിച്ച കിഫ്ബിയുമായി ചേർന്നാണ് പ്രവാസി ചിട്ടികൾ നടപ്പിലാക്കുന്നത്. പ്രവാസി ചിട്ടിയുടെ കോർ സോഫ്റ്റ്‌വെയർ നിർമ്മിച്ചിരിക്കുന്നത് NIC ആണ്. നെറ്റ്‌വർക്ക്, സെർവർ സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനുള്ള കരാർ C-Dit നാണ് നൽകിയിരിക്കുന്നത്. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രചാരണത്തിന്റെ ഭാഗമായി വിവിധ മാർഗ്ഗങ്ങളിൽ കൂടി ശേഖരിച്ച പ്രവാസി മലയാളികളുടെ ഫോൺ നമ്പറുകളിലേക്ക് സന്ദേശങ്ങൾ അയ്ക്കുന്നതിനുള്ള പ്രവൃത്തിയിൽ സാങ്കേതിക സഹായം നൽകുന്നതിനു സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് സി-ഡിറ്റിന്, സംസ്ഥാന ഐ.ടി. മിഷൻ എസ്.എം.എസ്. സേവന ദാതാവായി അംഗീകരിച്ചിട്ടുള്ള ഏജൻസിയായ വാല്യൂ ഫസ്റ്റ് ഡിജിറ്റൽ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ബന്ധപ്പെടുകയും കെ.എസ്.എഫ്.ഇ.യുടെ പേരിൽ തന്നെ അക്കൗണ്ട് ആരംഭിച്ച്, ഏജൻസി മുഖേന ആവശ്യമുള്ള ഫോൺ നമ്പരുകളിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്ന ജോലി ഏകോപിപ്പിക്കുകയും ചെയ്തു വരുന്നു. എല്ലാ ഗൾഫ് രാജ്യങ്ങളിലേയും (GCC) ആൾക്കാർക്ക് ഈ രീതിയിൽ സന്ദേശം അയയ്ക്കുന്നുണ്ട്.

(സി) ചുരുക്കം ചില ഇടപാടുകാർ നെറ്റ് ബാങ്കിംഗ് വഴി ചില സമയങ്ങളിൽ പണമടയ്ക്കാൻ ബുദ്ധിമുട്ട് നേരിടുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യം നെറ്റ് ബാങ്കിംഗ് സൗകര്യം ലഭ്യമാക്കുന്ന ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) 8.50 കോടി രൂപ പ്രവാസി ചിട്ടിക്കുവേണ്ടി സി-ഡിറ്റിൽ കെ.എസ്.എഫ്.ഇ. നൽകിയിട്ടുണ്ട്.

| ഇനം | തുക (കോടിയിൽ) |
|---|---|
| കോൺടാക്ട് സെന്റർ (സോഫ്റ്റ് വെയർ, ഹാർഡ് വെയർ & സ്റ്റാഫ്) | 1.49 |
| ഡി.ഡി.എം.എസ്. സോഫ്റ്റ് വെയർ | 1.1 |
| പ്രോജക്ട് സ്റ്റാഫ് കോസ്റ്റ് | 0.22 |
| മൊബൈൽ ആപ്പ് | 0.05 |
| കോൺടാക്ട് സെന്റർ സിവിൽ | 1.34 |
| മീഡിയ പ്ലാൻ | 4.3 |
| ആകെ | 8.5 |

## കെ.എസ്.എഫ്.ഇ.-യിലെ ബി.പി.ആർ.ഇ.-യുടെ റിപ്പോർട്ട്

108 (2359) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ ബി.പി.ആർ.ഇ.റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിയമനം നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ബി.പി.ആർ.ഇ. ചെയർമാന് ഒരു മാസം എത്ര രൂപയാണ് ശമ്പളമെന്ന് അറിയിക്കാമോ; മറ്റ് എന്തൊക്കെ ആനുകൂല്യങ്ങൾ ചെയർമാന് നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബി.പി.ആർ.ഇ.ചെയർമാന്റെ നിയമന കാലയളവ് എത്രയാണ്; എന്നത്തേക്ക് റിപ്പോർട്ട് ലഭ്യമാക്കുമെന്ന് അറിയിക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ.യുടെ ബോർഡ് മെമ്പർ ആയിരിക്കുന്ന വ്യക്തിയ്ക്ക് ബി.പി.ആർ.ഇ. ചെയർമാൻ സ്ഥാനം വഹിക്കാൻ കഴിയുമോ; ബോർഡ് മെമ്പർ എന്ന നിലയിലുള്ള ആനുകൂല്യവും ഇയാൾ വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കെ.എസ്.എഫ്.ഇ.-യിൽ ബി.പി.ആർ.ഇ. നടപ്പാക്കാൻ ഒരു കമ്മിറ്റിയേയും അതിന്റെ ചെയർമാനായി കെ.എസ്.എഫ്.ഇ. ഡയറക്ടർ ആയ ശ്രീ. വി. സി. പിള്ളയേയും നിയമിച്ചിട്ടുണ്ട്. 12-6-2018 -ൽ പുറത്തിറക്കിയ G. O. (Rt.) No. 414/2018/TAXES പ്രകാരമാണ് ആ നിയമനം നടത്തിയത്.

(ബി) മേൽ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ പ്രതിമാസ ശമ്പളവും ബാധകമായ മറ്റു അലവൻസുകളും ഉൾപ്പെടെ 1.40 ലക്ഷം രൂപ ബി.പി.ആർ.ഇ. ചെയർമാന് പ്രതിമാസം നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓഫീസ് ആവശ്യത്തിനായി കാറും നൽകിയിട്ടുണ്ട്.

(സി) രണ്ട് വർഷത്തേക്കാണ് നിയമനം. ബിസിനസ്സ് പ്രക്രിയകൾ നവീകരിക്കുന്ന ചുമതലയാണ് ബി.പി.ആർ.-നുള്ളത്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വർഷവും നടപ്പിലാക്കുന്നതിന് ഒരു വർഷവും എന്ന ഔപചാരിക ലക്ഷ്യമാണ് കമ്മറ്റിക്കുള്ളത്.

(ഡി) കെ.എസ്.എഫ്.ഇ-യുടെ ബോർഡ് മെമ്പർ ആയിരിക്കുന്ന വ്യക്തിക്ക് ബി.പി.ആർ.ഇ. ചെയർമാൻ സ്ഥാനം വഹിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. ബോർഡ് മെമ്പർ എന്ന നിലയ്ക്ക് അർഹതപ്പെട്ട സിറ്റിംഗ് ഫീസും യാത്രപ്പടിയും അദ്ദേഹത്തിന് നൽകുന്നുണ്ട്.

## ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

109 (2360) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഏത് മാസം മുതൽ ഇത് നടപ്പിൽ വരുത്താമെന്നാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രാവർത്തികമാക്കുന്നതിൽ ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ട് എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ. ഉ. (അച്ചടി) നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടേയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയതനുസരിച്ചുള്ള RFP (Request For Proposals)-ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019-FIN-258705-1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി പ്രാബല്യത്തിൽ വരികയുള്ളൂ.

## കയർ വ്യവസായത്തിന്റെ പുനരുദ്ധാരണം

110 (2361) ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചകിരി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ആയിരം ചകിരി മില്ലുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) കയർ സഹകരണ സംഘങ്ങളെ ശാക്തീകരിക്കാനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും മാർക്കറ്റിംഗ് വിപുലീകരണത്തിനും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്താനുള്ള 2-ാം പുന:സംഘടന വിജയപ്രദമായി നടപ്പിലാക്കിവരുന്നു.

നവീന സാങ്കേതിക വിദ്യയിലൂടെ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം സാദ്ധ്യമാക്കുന്നതിനാണ് കയർ രണ്ടാം പുന:സംഘടന നടപ്പിൽ വരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞ് സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ കയർ മേഖലയുടെ ആധുനികവൽക്കരണമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ടു ചകിരിയാക്കുന്നതിനു കഴിയുന്ന 50 യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഡി.എഫ്. മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90 ശതമാനം, സ്വകാര്യ സംരംഭകർക്ക് 50 ശതമാനം എന്ന തരത്തിൽ പ്രവർത്തന മൂലധനം ഒഴികെയുള്ള മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായുള്ള 100-ാമത് ചകിരിമില്ല് ഫെബ്രുവരി അവസാനം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യപ്പെടും.

മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ച് എടുക്കുന്നു. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. മുൻകാലങ്ങളിൽ സ്ഥാപിച്ച യന്ത്ര സാമഗ്രികളുടെ ഗുണനിലവാരക്കുറവും, മെയിന്റനൻസ് സൗകര്യങ്ങൾ ഇല്ലാതെ പോയതും യന്ത്രവൽക്കരണത്തിന് വെല്ലുവിളി ഉയർത്തിയെങ്കിലും മുൻകാല അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ടാണ് രണ്ടാം പുന:സംഘടന ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) കയർ മേഖലയുടെ നവീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളീകേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതും രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാളീകേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം

സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്, ഇത് നടപ്പിലാക്കി കഴിഞ്ഞു.

സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ്. ലി. നം. 721-ൽ 10 ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളേയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകികൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ ശേഖരിച്ചുകൊണ്ട് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്താൻ കഴിയുന്നു.

ഇത്തരം ഉല്പന്നങ്ങൾ സമയബന്ധിതമായി കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. പ്രത്യേക വിപണന ക്യാമ്പയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്യുവേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ്&മാറ്റിംഗ്സ് സംഘങ്ങൾക്കും

ചെറുകിട ഉല്പാദകർക്കും വില്പന നടത്തുകയും, അതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനും കയർഫെഡിന് കഴിയുന്നു. കൂടാതെ കയർ മേഖലയിലെ ഉല്പന്നങ്ങൾ പുതിയ വിപണികൾ കണ്ടെത്താനായി ഒരു മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

111 (2362) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാനുണ്ടായിരുന്ന കുടിശ്ശിക ഈ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് തീർപ്പാക്കാത്ത പെൻഷൻ അപേക്ഷകൾ തീർപ്പാക്കി പെൻഷൻ അനുവദിച്ച് നൽകാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ കയർ തൊഴിലാളികളുടെ ഏതെല്ലാം ആനുകൂല്യങ്ങളുടെ തുകയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നൽകിയിട്ടുണ്ട്. മാച്ചിംഗ് ഗ്രാന്റിനത്തിൽ 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിലെ 7.77 കോടി രൂപയും 36200 കയർ തൊഴിലാളികൾക്ക് 1-10-1997 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 19.96 കോടി രൂപയും ഈ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് തീർപ്പാക്കാത്ത പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ച് അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിച്ച് വിതരണം ചെയ്തു. ഇപ്രകാരം 4530 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പെൻഷൻ തുക 600 രൂപയിൽനിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചു. ഇത് 100 രൂപ വീതം വർദ്ധിപ്പിക്കുമെന്ന് 2019-20 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്.

2. കുടുംബ പെൻഷൻ തുക 100 രൂപയിൽനിന്നും 1,000 രൂപയായി വർദ്ധിപ്പിച്ചു.

3. പ്രസവ ധനസഹായ തുക 1,000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു.

**കയർ മേഖലയിലെ പ്രതിസന്ധി**

112 (2363) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ കയർ മേഖല ഗുരുതരമായ പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) ചകിരിയുടെ വിലയിലുണ്ടായ വൻ വർദ്ധന കയർമേഖലയെ എപ്രകാരമാണ് ബാധിച്ചത്;

(സി) ഇത് ഈ മേഖലയിലെ തൊഴിലില്ലായ്മ രൂക്ഷമാക്കിയിട്ടും സംസ്ഥാന സർക്കാർ നിസംഗത പുലർത്തുന്ന സാഹചര്യമുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കയർപിരി തൊഴിലാളികൾക്കുള്ള കൂലിയുറപ്പ് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്;

(ഇ) കയർ തൊഴിലാളികളുടെ കുറഞ്ഞ കൂലി 600 രൂപയായി നിശ്ചയിക്കുന്നതിനും കയർ ഉൽപന്നങ്ങൾക്ക് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചകിരിയുടെ ക്ഷാമമാണ് കയർപിരി മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചുവരുന്നുണ്ട്. ചകിരി ക്ഷാമം

പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ചകിരി വിലയിലുണ്ടായ വർദ്ധനവ് കയർ മേഖലയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായി വരുന്ന ചകിരിയുടെ സിംഹഭാഗവും തമിഴ്നാട് ഉൾപ്പെടെയുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാക്കുന്നത്. അതുകൊണ്ടുതന്നെ ചകിരിയുടെ വില നിശ്ചയിക്കുന്നതിൽ കേരളത്തിന് കാര്യമായ പങ്കില്ല. ചകിരി വില കൂടുന്നതിന് ആനുപാതികമായി കയർ വില വർദ്ധിക്കാത്തതിനാൽ സംഘങ്ങളുടേയും സ്വകാര്യ യൂണിറ്റുകളുടേയും പ്രവർത്തന മൂലധനത്തിന് ശോഷണം ഉണ്ടാകുന്നു. ഇത് തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും നേരിട്ട് ബാധിക്കുന്നു.

ഈ പ്രതിസന്ധി ഒരു പരിധിവരെ മറികടക്കുന്നതിനായി കയർഫെഡ് വഴി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ സൊസൈറ്റികൾക്ക് നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചു. 2017-18 സാമ്പത്തിക വർഷം നവംബർ മുതൽ മാർച്ച് വരെ 21291.40 ക്വിന്റൽ ചകിരി ഇപ്രകാരം സംഘങ്ങൾക്ക് നൽകുകയുണ്ടായി. തുടർന്ന് 2018-19 ഏപ്രിൽ-ഡിസംബർ വരെ (ടെൻഡേറ്റീവ്) 42682.94 ക്വിന്റൽ ചകിരി വിതരണം ചെയ്തിട്ടുണ്ട്. കയർ ഉല്പാദനം ഉയർന്ന അളവിൽ നടക്കുന്ന ഈ സാമ്പത്തിക വർഷത്തെ അവസാന പാദത്തിലെ മൂന്ന് മാസങ്ങളിൽ ഉല്പാദനം കുറയാതിരിക്കാനായി പരമാവധി ചകിരി കയർഫെഡ് വഴി അനുവദിച്ച് വിതരണം ചെയ്തു വരുന്നു.

കേരളത്തിൽ കയർ മേഖലയിൽ ചകിരിവില പിടിച്ചുനിർത്തണമെങ്കിൽ ചകിരി ഉല്പാദനത്തിൽ കേരളം സ്വയം പര്യാപ്തത കൈവരിക്കണം. ഈ ലക്ഷ്യം മുൻനിർത്തി 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 500 ചകിരി മില്ലുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ട് തല്ലാവുന്ന 50 യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90 ശതമാനം, സ്വകാര്യ സംരംഭകർക്ക് 50 ശതമാനം എന്ന തരത്തിൽ പ്രവർത്തന മൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു കഴിഞ്ഞു.

(സി) സർക്കാർ ഇക്കാര്യത്തിൽ നിസ്സംഗത പാലിച്ചിട്ടില്ല.

<u>കയർഫെഡ് സംഭരിച്ച കയറിന്റെ കണക്ക്</u>

| | 2016-17(ഏപ്രിൽ-മാർച്ച്) | 2017-18(ഏപ്രിൽ-മാർച്ച്) | മുൻവർഷത്തെ അപേക്ഷിച്ചിട്ടുള്ള വളർച്ച (%) |
|---|---|---|---|
| ക്വിന്റൽ/ കി.ഗ്രാം | 99793.85 | 124961.13 | 25.22 |
| വില (രൂപ) | 50,09,34,036 | 66,16,96,976 | 32.09 |

കയർ ഉല്പാദനത്തിൽ പിന്നിട്ട രണ്ട് സാമ്പത്തിക വർഷവും മുൻ വർഷത്തേക്കാൾ വർദ്ധിച്ച തോതിലുള്ള വർദ്ധനവിന്റെ ശതമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

| | 2017-18 (ഏപ്രിൽ-ഡിസംബർ) | 2018-19 (ഏപ്രിൽ-ഡിസംബർ) | മുൻവർഷത്തെ അപേക്ഷിച്ചിട്ടുള്ള വളർച്ച (%) |
|---|---|---|---|
| ക്വിന്റൽ/ കി.ഗ്രാം | 80460.48 | 101099.05 | 25.65 |
| വില (രൂപ) | 42,63,60,820 | 53,61,91,413 | 25.76 |

2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മുൻ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ, വൈക്കം, വടക്കൻ പറവൂർ എന്നീ പ്രോജക്ടുകളിൽ പ്രളയംമൂലം തൊഴിൽ നഷ്ടം ഉണ്ടായിട്ടും ഡിസംബർ വരെയുള്ള ഉല്പാദനത്തിൽ മുൻവർഷത്തേക്കാൾ 25 ശതമാനം അധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞതായി ഇതിൽ നിന്നും മനസ്സിലാക്കാം. 2018-19 വർഷത്തിൽ 14.77 കോടി രൂപ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലിയിലെ സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്. ഇത് കയർ മേഖലയിൽ സർക്കാർ സ്വീകരിക്കുന്ന ഇടപെടലുകളുടെ ഗുണപരമായ പ്രതിഫലനമാണ്.

(ഡി) കയർപിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം നിർത്തിവച്ചിട്ടില്ല. പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾ അനുസരിച്ച് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ തൊഴിൽവകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ

പദ്ധതി. കയർ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300 രൂപയുടെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മാത്രമായി മിനിമം കൂലി ഉറപ്പാക്കുന്നതിനായി 16-6-2018-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 690/18/ഐ.ഡി. പ്രകാരം Defibering, Automatic Spinning എന്നീ ഉയർന്ന വേതനം ലഭിക്കുന്ന മേഖലകളെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പരമ്പരാഗത കയർ പിരി മേഖലയിലേയും, ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2018-19 വർഷത്തിൽ ഐ.എസ്.എസ്. പ്രകാരം, 23.17 കോടി രൂപ അനുവദിച്ചതിൽ, നാളിതുവരെ 14.57 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം, നൽകിവന്നിരുന്ന കുറഞ്ഞ കൂലിയായ 210 രൂപ 31-1-2014 മുതൽ 300 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ജി. ഒ. (ആർറ്റി.) നമ്പർ 1401/18/വ്യവ. 29-12-2018 പ്രകാരം, പരമ്പരാഗത കയർ പിരി മേഖലയിലേയും, ഇ-റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികൾക്ക് നൽകിവരുന്ന ഐ.എസ്.എസ്. വിഹിതം പ്രതിവർഷം വർദ്ധിച്ചിട്ടുണ്ട്.

| | |
|---|---|
| 2016-17 | 1244 ലക്ഷം |
| 2017-18 | 1507 ലക്ഷം |
| 2018-19 (ജനുവരി 31 വരെ) | 1457 ലക്ഷം |

ഈ കണക്കുകൾ കാണിക്കുന്നത് തൊഴിലും കൂലിയും വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് തന്നെയാണ്.

### കയർ വ്യവസായം സംരക്ഷിക്കാൻ നടപടി

113 (2364) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ പിരിക്കാൻ ആവശ്യമായ ചകിരി കിട്ടാതെ കയർ വ്യവസായം പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് തന്നെ ആവശ്യമായ ചകിരി ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കയർ മേഖലയിൽ രണ്ടാം പുനഃസംഘടന സ്കീം നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ കഴിഞ്ഞിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാളീകേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സീഡിയോടെയും ഡി.എഫ്.മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടു വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്ന പ്രോജക്ടിൽ 1 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പ്രോജക്ടിന്റെ പരിധിയിലുള്ള ചക്കിട്ടപ്പാറയിൽ പേരാമ്പ്ര നാളീകേര ഉൽപ്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ ഒരു ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. വൈക്കം പ്രോജക്ടിനു കീഴിൽ 8000 തൊണ്ടു വീതം ചകിരിയാക്കാൻ ശേഷിയുള്ള 8 ഡി.എഫ്. മില്ലുകളും തൃശ്ശൂർ, കോഴിക്കോട് എന്നീ പ്രോജക്ടുകളിൽ 10 മില്ലുകൾ വീതം പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് മൊത്തം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 100-ാം മത് ഡി.എഫ്. മിൽ ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെടും. കയർപിരി മേഖലയിൽ എ.എസ്.എം. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സംസ്ഥാനത്ത് കയർ പിരിക്കാൻ ആവശ്യമായ ചകിരി കിട്ടാതെ കയർ വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ചകിരി ദൗർലഭ്യം രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കയർഫെഡ് മുഖാന്തരം ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ സംസ്ഥാനത്ത് വിതരണം ചെയ്ത് ചകരി ക്ഷാമം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാളീകേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങൾക്ക് പുറമേ, ചകിരി ഉല്പാദിപ്പിക്കുന്നതിന് പുതുതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾക്ക് നിലവിൽ ജി. ഒ. (ആർറ്റി.) നമ്പർ 1000/04/ഐ.ഡി. ഉത്തരവ് പ്രകാരം 50 ശതമാനം ഇൻവെസ്റ്റ് സബ്സിഡി നൽകിവരുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളീകേര ഉല്പാദക കമ്പനികൾ എന്നിവയ്ക്ക് 90 ശതമാനം സബ്സിഡിയോടെയും, സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി മുഖാന്തിരം തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും, പൂർണ്ണമായ യന്ത്രവൽക്കരണം വഴി പരമാവധി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുന്നതിനെപ്പറ്റിയുള്ള നടപടികൾ ആലോചിച്ചു വരുന്നു.

## കുറഞ്ഞ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുവാൻ നടപടി

114 (2365) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന് ഉയർന്ന വില നൽകേണ്ട സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിമന്റ് വിപണിയിൽ ഇടപെടുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ലൈഫ് മിഷൻ വഴിയും പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടും ആയിരക്കണക്കിന് വീടുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ സംസ്ഥാനത്ത് നടക്കുന്നത് കണക്കിലെടുത്ത് സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉൽപ്പാദനം കുറവായതാണ് കേരളത്തിൽ സിമന്റിന്റെ വില കൂടുതലായി നിലനിൽക്കുന്ന സാഹചര്യമുണ്ടാക്കുന്നത്. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റിന്റെ വില വർദ്ധനവിന് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ് റെയിൽ/റോഡ് മുഖേന എത്തിക്കേണ്ടി വരുന്നത് കേരളത്തിൽ സിമന്റിന്റെ വില വർദ്ധനവിന് കാരണമാകാറുണ്ട്. കേരളത്തിൽ മലബാർ സിമന്റിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 10 ശതമാനത്തിൽ താഴെയാണ്.

കേരളത്തിലെ സിമന്റ് വിപണിയുടെ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉൽപ്പാദകരാണ്. അതുകൊണ്ടുതന്നെ സിമന്റ് വില നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെ ഇടപെടൽ പരിമിതമാണ്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടേയും സിമന്റ് വ്യാപാരികളുടേയും യോഗം 29-7-2016-നും 10-5-2017-നും വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാകത്തക്ക രീതിയിലാണ് മലബാർ സിമന്റിന്റെ വില നിശ്ചയിച്ചു വരുന്നത്. "ലൈഫ് മിഷൻ" പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13-9-2017-ന് യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**ഉജ്ജീവന സഹായ പദ്ധതി**

115 (2366) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയബാധിതർക്കായി രൂപം നൽകിയ ഉജ്ജീവന സഹായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

17-12-2018-ലെ സ. ഉ. (കൈ.) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിലേക്കായി ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനം പുനരാരംഭിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

ടേം ലോണിന് വായ്പയുടെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായും പ്രവർത്തന മൂലധന വായ്പയ്ക്ക്, വായ്പയുടെ 25 ശതമാനം പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായും സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. പ്രവർത്തന മൂലധന വായ്പ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് ഇറങ്ങുന്നതിനു മുൻപും പ്രളയത്തിൽ സർവ്വവും നഷ്ടം സംഭവിച്ച് വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

## പ്രളയദുരിത ബാധിതർക്ക് ആശ്വാസം നൽകുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി

116 (2367) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ ദുരിത ബാധിതർക്ക് ആശ്വാസം നൽകുന്നതിന് ഉജ്ജീവന വായ്പ പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

### ഉത്തരം

17-12-2018-ലെ സ. ഉ. (കൈ.)27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിലേക്കായി ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനം പുനരാരംഭിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രസ്തുത പദ്ധതി പ്രകാരം ടേം ലോണിന് വായ്പയുടെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായും പ്രവർത്തന മൂലധന വായ്പയ്ക്ക്, വായ്പയുടെ 25 ശതമാനം പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായും സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. പ്രവർത്തന മൂലധന വായ്പ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് ഇറങ്ങുന്നതിനു മുൻപും പ്രളയത്തിൽ സർവ്വവും നഷ്ടം സംഭവിച്ച് വായ്പ എടുത്തിട്ടുള്ളതും മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

## സിമന്റ് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

117 (2368) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമന്റ് വില അനിയന്ത്രിതമായി കുതിച്ചുയരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) പ്രതിമാസം ഏതാണ്ട് ആറ് ലക്ഷം ടൺ സിമന്റ് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ടോ; എങ്കിൽ ഇതിന്റെ എത്ര ശതമാനമാണ് മലബാർ സിമന്റ്സ് ഉൽപാദിപ്പിക്കുന്നത്;

(സി) സംസ്ഥാനത്ത് നിർമ്മാണ മേഖലയിലുണ്ടായ വളർച്ചയും സിമന്റ് ഉൽപ്പാദന രംഗത്തെ കുറവും വൻകിട സിമന്റ് കമ്പനിക്കാരുടെ കൊള്ളലാഭത്തിന് വഴിയൊരുക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(ഡി) എങ്കിൽ സംസ്ഥാനത്തെ സിമന്റ് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി വിലക്കയറ്റവും വൻകിട കമ്പനികളെയും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് സിമന്റ് വില വർദ്ധിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടേയും സിമന്റ് വ്യാപാരികളുടേയും (dealers) ഒരു യോഗം സർക്കാർ തലത്തിൽ 10-05-2017 ന് വിളിച്ചു ചേർക്കുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ ഏകദേശം 6 ശതമാനമാണ് മലബാർ സിമന്റ്സ് ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്നത്.

(സി & ഡി) കേരളത്തിൽ സിമന്റ് ഉൽപ്പാദകരായി മലബാർ സിമന്റ്സ് ലിമിറ്റഡ് മാത്രമേ ഉള്ളൂ. കേരളത്തിൽ ആവശ്യമായ സിമന്റിന്റെ ഏകദേശം 6 ശതമാനം മാത്രമാണ് മലബാർ സിമന്റ്സ് ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്നത്. ആയതുകൊണ്ട് സിമന്റ് വിപണിയിലെ സ്വകാര്യ സിമന്റുകളുടെ വില വർദ്ധനവ് തടയാൻ സർക്കാരിന് സാധ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. ആയതിനാൽ സിമന്റ് ഉല്പാദന രംഗത്തുള്ള കുറവ് മറ്റു വൻകിട സിമന്റ് കമ്പനിക്കാരുടെ കൊള്ള ലാഭത്തിന് വഴിയൊരുക്കുന്നു. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളായ Modernization of Coal Mill for

Grinding petcoke & kiln Firing system, Setting up the First Phase of a Bulk Cement Terminal & Logistic Hub project at Cochin port എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത നവീകരണ വിപുലീകരണ പദ്ധതികളിലൂടെ സിമന്റ് ഉല്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് അതുവഴി വിലക്കയറ്റവും വൻകിട കമ്പനികളെയും നിയന്ത്രിക്കുന്ന രീതിയിൽ സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## മാലിന്യ സംസ്കരണത്തിനായുള്ള ഉപകരണങ്ങളുടെ വ്യാവസായിക നിർമ്മാണം

118 (2369) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന നഗര മാലിന്യങ്ങളുടെ 25 % മാത്രം ശേഖരിക്കാനുള്ളശേഷി മാത്രമെ കേരളത്തിനുള്ളൂ എന്ന പഠനറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി ചെറിയ പ്ലാന്റുകളും മറ്റുപകരണങ്ങളും വ്യാവസായികമായി നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതികൾ വ്യവസായ വകുപ്പ് തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള ശ്രമങ്ങൾ നടത്തുമോ;

(ബി) അശാസ്ത്രീയമായ രീതിയിൽ ഖരമാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മറ്റു രാജ്യങ്ങളിലെ മാതൃകകൾ പരിശോധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് നിലവാരമുള്ള ഇൻസിനറേറ്ററുകൾ തദ്ദേശീയമായ രീതിയിൽ നിർമ്മിച്ചെടുക്കാൻ വ്യവസായവകുപ്പ് മുൻകൈയെടുക്കുമോ?

ഉത്തരം

(എ) 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ

തിരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ഏജൻസിയ്ക്ക് സ്ഥലം പാട്ട വ്യവസ്ഥയിൽ ലഭ്യമാക്കി പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

(ബി) ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കേരളത്തെ ഉല്പാദക സംസ്ഥാനമാക്കി മാറ്റാൻ നടപടി**

119 (2370) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായി എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വ്യവസായം തുടങ്ങുന്നതിന് അനുമതി കിട്ടുന്നതിനുള്ള കാലതാമസം, നിയമാനുസൃതം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി വ്യവസായ വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പു മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

- വ്യവസായ മേഖലയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങളും ബഹുനില വ്യവസായ എസ്റ്റേറ്റുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിൽ നിലവിലുള്ള ഡവലപ്മെന്റ് ഏര്യ/ഡെവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങളായ ആന്തരിക റോഡുകൾ, വൈദ്യുതി വിതരണം, ജല വിതരണം തുടങ്ങിയവയ്ക്കായി ഭരണാനുമതിയും ആവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന വികസനത്തിനായും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

• ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി 70:30 എന്ന അനുപാതത്തിലും, അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, പൊതു കോൺഫറൻസ് ഹാൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യത്തിനായി 50:50 അനുപാതത്തിലും യഥാക്രമം സർക്കാർ വിഹിതവും ഉപഭോക്തൃ വിഹിതവും വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി നിലവിലുണ്ട്.

• കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി നിക്ഷേപ സാദ്ധ്യതകൾ ഉള്ള പുതിയ വ്യവസായ മേഖലകൾ പരിചയപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലീനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, മലബാർ ക്രാഫ്റ്റ് മേള, ദേശീയ അന്തർദേശീയ മേളകളിൽ വ്യവസായികൾക്ക് പങ്കെടുക്കുന്നതിനുള്ള പദ്ധതി തുടങ്ങിയ പരിപാടികളും നടത്തിവരുന്നു.

(ബി) വ്യവസായം തുടങ്ങുന്നതിന് അനുമതി കിട്ടുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനായി KSWIFT (കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാ തലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്. ടി പോർട്ടൽ വഴി 14 വകുപ്പുകൾ/ഏജൻസികളിൽ നിന്നുള്ള 29 സേവനങ്ങൾ ഓൺലൈൻ ആയി നേടുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലേക്കും ഒരു ഓൺലൈൻ ഫ്ലാറ്റ്ഫോം വഴി ഒരു അപേക്ഷാ ഫോം (CAF) ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. എല്ലാ വകുപ്പുകളിൽ നിന്നുമുള്ള ലൈസൻസുകൾ അടങ്ങുന്ന 5 വർഷത്തെ പ്രാബല്യമുള്ള ഡിജിറ്റൽ ലൈസൻസ് ലഭ്യമാക്കുന്നതായിരിക്കും. ലൈസൻസ് അനുവദിക്കുന്നതിന് വകുപ്പുതല തീരുമാനം 30 ദിവസത്തിലധികരിച്ചാൽ ഈ പദ്ധതി പ്രകാരം ഡീംഡ് ലൈസൻസ് ലഭ്യമാക്കുന്നതായിരിക്കും.

## നിർമ്മാണ സാമഗ്രികളുടെ അഭാവം

120 (2371) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽ, മെറ്റൽ എന്നീ സാമഗ്രികളുടെ അഭാവം പരിഹരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നതിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) കരിങ്കല്ലും അതിന്റെ ഉല്പന്നങ്ങളും സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്വാറി ഉല്പന്നങ്ങളായ മെറ്റൽ, ധാതുമണൽ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിലേയ്ക്ക് ക്വാറി പ്രവർത്തനം സാധ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു:

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള സ്ഥലത്തേക്ക് പരിസ്ഥിതി ക്ലിയറൻസ് അനുവദിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ തല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യും ജില്ലാ തല അപഗ്രഥന സമിതി (DEAC) യും രൂപീകരിച്ചിരുന്നു. നിലവിലെ ജില്ലാ തല വിദഗ്ദ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ 11-12-2018-ൽ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ആയതിനാൽ നിലവിൽ ഈ സമിതികൾ പ്രവർത്തിക്കുന്നില്ല)

2. ക്വാറി സ്ഥലത്തേക്ക് റോഡ്, വീട്, ആരാധനാലയങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്നും 50 മീറ്ററായി കുറയ്ക്കുകയുണ്ടായി.

3. ചെറുകിട ക്വാറികളുടെ പ്രവർത്തനത്തിനായി ലഘൂകരിച്ച മൈനിംഗ് പ്ലാൻ സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

4. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയിൽ നിന്നും ക്വാറിയിലേക്കുള്ള ദൂരപരിധി 1 കി.മീ. ആയി നിജപ്പെടുത്തി മറ്റുള്ള സ്ഥലങ്ങളിൽ വനാതിർത്തിയിൽ നിന്നും ക്വാറിയിലേയ്ക്കുള്ള ദൂരപരിധി നിശ്ചയിച്ചിരുന്നത് ഒഴിവാക്കി.

5. അന്യ സംസ്ഥാനത്തുനിന്നും ക്വാറി ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൂടാതെ വിദേശങ്ങളിൽ നിന്നും ക്വാറി ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും നിലവിൽ തടസ്സമില്ല.

6. ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

21-11-2018 -ൽ ബഹു. വ്യവസായ മന്ത്രി ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിച്ച ചേർക്കുകയും അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

7. 2015-ലെ കെ.എം.എം.സി ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 277 ക്വാറിയിംഗ് ലീസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും 1 വർഷ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റുകളും അനുവദിച്ചു വരുന്നുണ്ട്.

മണൽ ക്ഷാമം പരിഹരിക്കുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

തെരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(ബി) അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, ആയതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുമായി പുറപ്പെടുവിച്ചിട്ടുള്ള 20-2-2018-ലെ 57/എ 3/2018/ ഐ.ഡി. നമ്പരായ സർക്കുലറിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഡീലേഴ്സ് ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത മണൽ കേരളത്തിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

(സി) നിലവിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

## അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

121 (2372) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാർ അടച്ചുപൂട്ടിയ എത്ര വ്യവസായ സ്ഥാപനങ്ങളാണ് ഈ സർക്കാർ തുറന്ന് പ്രവർത്തിപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽനിന്നുള്ള ഫണ്ട്

122 (2373) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നുള്ള സാങ്ഷൻ ഓർഡർ പ്രകാരം സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിനായി ലഭിച്ച ആദ്യ ഗഡുവും പിന്നീട് ലഭിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സാങ്ഷൻ ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പുതിയതായി ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്; തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോന്നിലും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഈ കാലയളവിൽ ഓരോ വർഷവും നൽകിയിട്ടുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷാവസാനം കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നുള്ള സാംഗ്ഷൻ ഓർഡർ പ്രകാരം കരകൗശല വികസന കോർപ്പറേഷന് രണ്ടു ഗഡുക്കളായി 9.09 കോടി രൂപ ലഭ്യമായി. സാംഗ്ഷൻ ഓർഡറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) 2016-17, 2018-19 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും പുതിയ പദ്ധതികൾക്ക് ഫണ്ട് ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ IDPH പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും 4.055 കോടി രൂപയുടെ അനുമതി കരകൗശല വികസന കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. സാംഗ്ഷൻ ഓർഡറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശം താഴെപ്പറയുന്നു:

| | |
|---|---|
| 2016-17 | 1,33,61,224 |
| 2017-18 | 1,11,32,993 |
| 2018-19 | 3,01,09,829 |

ധനവിനിയോഗ സർട്ടിഫക്കറ്റ് സമർപ്പിച്ചു വരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതി പൂർത്തീകരണത്തിനുള്ള കാലാവധി 2020 മാർച്ച് വരെയായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡി.എ.**

123 (2374) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ ശമ്പള പരിഷ്കരണത്തിൽ സൂപ്പർവൈസർ/ ഓഫീസർ തസ്തികയിൽപ്പെട്ടവർക്ക് സ്റ്റേറ്റ് ഡി.എ. അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ വ്യവസായ വകുപ്പിന് കീഴിലുള്ള മറ്റൊരു പൊതുമേഖല സ്ഥാപനമായ കെൽട്രോണിൽ സൂപ്പർവൈസർ/ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഇൻഡസ്ട്രിയൽ ഡി.എ. ആണ് നടപ്പിലാക്കിയിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശമ്പളപരിഷ്കരണം നടപ്പിലാക്കിയപ്പോൾ ഒരേ വകുപ്പിന് കീഴിലുള്ള രണ്ട് സ്ഥാപനങ്ങൾക്ക് രണ്ട് തരം ഡി.എ. നടപ്പിലാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കെൽട്രോണിലെ മേൽ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളത്തിൽ കുറവ് വന്നതിനാൽ കെൽട്രോണിലും സ്റ്റേറ്റ് ഡി.എ. അനുവദിക്കുന്നതിന് തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) തടസ്സം ഇല്ല എങ്കിൽ എത്ര നാളുകൾക്കുള്ളിൽ കെൽട്രോണിലെ ജീവനക്കാർക്ക് പുതിയ ശമ്പളം നല്കാൻ സാധിക്കും എന്നറിയിക്കാമോ;

(എഫ്) ജീവനക്കാർക്ക് സ്റ്റേറ്റ് ഡി.എ. പ്രകാരം ശമ്പളം ലഭിക്കുന്ന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി - ഇ) കെൽട്രോണിലെ ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(എഫ്) സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ കരാർ നിയമനം**

124 (2375) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും രണ്ടാംനിര എക്സിക്യൂട്ടീവ് തസ്തികകളിൽ നിന്ന് വിരമിച്ചവർക്ക് അതേ തസ്തികയിൽ തന്നെ കരാർ നിയമനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിയമനം നൽകിയിട്ടുള്ളത്; ഏതെല്ലാം തസ്തികകളിൽ ആർക്കെല്ലാമാണ് നിയമനം നൽകിയിട്ടുള്ളത് എന്നതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(സി) ഇപ്രകാരം നിയമനം നൽകുന്നത് കീഴ്ജീവനക്കാരുടെ ഉദ്യോഗക്കയറ്റത്തെ ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

125 (2376) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിൽ ആക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) 31-12-2018-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കി തീർക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടേയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിവരുന്നു. 2019-20-ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നു ഉൽപ്പാദന വിപുലീകരണം സാധ്യമാക്കിയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം

എല്ലാ മാസവും വിശദമായ അവലോകനത്തിന് വിധേയമാക്കിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയ മാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. കൂടാതെ മാസംതോറം നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകാൻ സഹായകമായിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചും ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) 2011-2016 കാലയളവിൽ എല്ലാ വർഷങ്ങളിലും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) 2017-18 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന 14 സ്ഥാപനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ മാർച്ച് 2019-നുശേഷമേ ലഭ്യമാവുകയുള്ളൂ. ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2015-16-ൽ) നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

| Sl. No. | Name of the Company |
|---|---|
| 1 | Travancore-Cochin Chemicals Ltd |
| 2 | Travancore Titanium Products Ltd |
| 3 | Steel and Industrial Forgings Ltd |
| 4 | Kerala State Industrial Enterprises Ltd |
| 5 | Transformers and Electricals Kerala Ltd |
| 6 | The Kerala Minerals and Metals Ltd |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

126 (2377) ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം തീവ്രമാക്കിയിരിക്കുന്ന അവസരത്തിൽ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കിത്തീർക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലാഭത്തിലാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) കെൽട്രോണിനെ നവീകരിച്ച് പുനരുദ്ധരിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹന നയത്തിന്റെ പശ്ചാത്തലത്തിൽ കേരള ഓട്ടോമൊബൈൽസിനെ പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കി തീർക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടേയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം എല്ലാ മാസവും വിശദമായ അവലോകനത്തിന് വിധേയമാക്കിവരുന്നു. വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ

മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചും ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ചെലവ് ചുരുക്കിയതും, സാമ്പത്തിക അച്ചടക്കം പാലിച്ചതും, ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചതും, ഉല്പന്നങ്ങൾക്ക് നല്ല വിലയിൽ വിപണന സാദ്ധ്യത കണ്ടെത്തിയും, കമ്പനിയ്ക്ക് ഓപ്പൺ ആക്സസ് വഴി വൈദ്യുതി ലഭ്യമാക്കിയതുംമൂലമാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് കമ്പനിയ്ക്ക് ലാഭം നേടിയെടുക്കാൻ കഴിഞ്ഞത്. കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 60 റ്റി.പി.ഡി. എച്ച്.സി.എൽ. സിന്തസിസ് യൂണിറ്റ്, കാസ്റ്റിക്ക് സോഡാ ഉൽപ്പാദനം നിലവിലെ 175 റ്റി.പി.ഡി.യിൽ നിന്നും 250 റ്റി.പി.ഡി.യായി ഉയർത്തുന്ന പദ്ധതി, 100 റ്റി.പി.ഡി. കാസ്റ്റിക് കോൺസെൻട്രേഷൻ പദ്ധതി എന്നിവയ്ക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. പ്രധാന അസംസ്കൃത വസ്തുവായ വൈദ്യുതി കൂടുതൽ ലാഭകരമായി 'ഓപ്പൺ അക്സസ്' സംവിധാനത്തിൽ ലഭ്യമാക്കാൻ സാധിച്ചതിനാൽ കമ്പനി സ്ഥായിയായ ലാഭം കൈവരിക്കുകയും, വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തമാകുകയും ചെയ്തു.

(സി) വിവിധ ഉൽപ്പാദന യൂണിറ്റുകളിലെ സൗകര്യങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി മൺവിള യൂണിറ്റിന്റേയും, കരകുളത്തെ സ്പേസ് ഇലക്ട്രോണിക്സിന്റേയും ആധുനികവൽക്കരണം, ശ്രവണസഹായിയുടെ ഉൽപ്പാദനം കൂട്ടുന്നതിനുള്ള പുതിയ മെഷിനറികൾ എന്നീ നവീകരണ വിപുലീകരണ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ലാപ് ടോപ്പ് കമ്പ്യൂട്ടറുകളുടേയും, സെർവ്വറുകളുടേയും നിർമ്മാണത്തിന്റെ ഭാഗമായി പി.പി.പി ഘടനയിലുള്ള ഒരു സംവിധാനം കെൽട്രോണിന്റെ കൂടി പങ്കാളിത്തത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സോളാർ പാനൽ, സ്മാർട്ട് മീറ്ററുകൾ, എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് വിവിധ ശ്രേണിയിലുള്ള കപ്പാസിറ്റർ ഉൽപ്പാദന സംവിധാനത്തിന്റെ ആധുനികവൽക്കരണവും ഉൽപ്പാദനശേഷിയുടെ വർദ്ധനവിനുള്ള 10 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി നടപടികൾ പുരോഗമിച്ചുവരുന്നു. കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന ശ്രീ. കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം കെ.പി.പി. നമ്പ്യാർ ഇലക്ട്രോണിക്സ് റിസർച്ച് & ഡെവലപ്മെന്റ് സെന്റർ എന്ന പേരിൽ ഒരു ഇലക്ട്രോണിക്സ് ഗവേഷണ കേന്ദ്രത്തിന് 31-12-2018-ൽ തലക്കല്ലിട്ടു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ട്രാൻസ്ഡ്യൂസർ എന്ന ഒരു ഉൽപ്പന്നം മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ട്രാൻസ്ഡ്യൂസറിന്റെ മറ്റുമേഖലകളിലുള്ള ഉപയോഗംകൂടി പരിഗണിച്ച് വാണിജ്യപരമായ കൂടുതൽ സാധ്യതകൾ കണ്ടെത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉൽപ്പാദന ചിലവു കുറയ്ക്കുന്നതിനുള്ള നടപടികളും പുതിയ ഉൽപ്പന്നങ്ങളുടെ സാദ്ധ്യതകളും പരിശോധിച്ചുവരുന്നു.

(ഡി) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം ഇലക്ട്രിക്കൽ വാഹനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇ-ആട്ടോ വിപണിയിലിറക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

127 (2378) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു; വിശദവിവരം നൽകുമോ;

(സി) നിലവിലെ സർക്കാർ കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങൾ ലാഭ വിഹിതയിനത്തിൽ എത്ര തുക സർക്കാരിന് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2011-2016 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2017-2018 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന 14 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ ലാഭവിഹിതം നൽകിയ കമ്പനികളുടെ വിവരം ചുവടെ ചേർക്കുന്നു:

| Sl. No. | Company | Divident Paid for the year | Amount in lakh |
|---|---|---|---|
| 1 | Travancore-Cochin Chemicals Ltd | 2017-18 | 84.56 |
| 2 | Kerala State Industrial Development Corporation Ltd | 2016-17 | 175.00 |

**കെൽട്രോണിലെ നിയമനങ്ങൾ**

128 (2379) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൽ നിന്ന് വിരമിച്ച എത്ര പേർക്ക് താല്ക്കാലികം/കരാർ അടിസ്ഥാനത്തിൽ കെൽട്രോണിൽ ത്തന്നെ നിയമനം നൽകിയിട്ടുണ്ട്; തസ്തികതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കെൽട്രോണിൽ പുതിയതായി എത്ര പേർക്ക് താത്കാലികം/കരാർ അടിസ്ഥാനത്തിൽ ജോലി നൽകി; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) നിലവിൽ കെൽട്രോണിൽ കരാർ/താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ഏത് ചട്ടപ്രകാരമാണ്; പ്രസ്തുത റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ; കെൽട്രോണിലെ താത്കാലിക/കരാർ നിയമനങ്ങൾക്ക് സംവരണം ബാധകമാണോ;

(ഡി) കരകുളം കെൽട്രോണിൽ പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള നേവിയുടെ ജോലിക്കായി കെ.എസ്.ഇ.ഡി.സി/14/ആർ/0083 എന്ന നോട്ടിഫിക്കേഷൻ പ്രകാരം മാനേജ്മെന്റ് എത്ര പേർക്ക് നിയമന ഉത്തരവ് നൽകി; നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഐ.എസ്.ആർ.ഒ. ഓപ്പറേറ്റർ തസ്തികയിലേക്ക് നടത്തിയ കെഎസ്ഇഡിസി/14/ആർ/0085 നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് താൽക്കാലികം/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൽ 299 പേർക്ക് താൽക്കാലികം/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) 17-10-2012-ലെ 27252/ഡി3/12/വ്യവ. നമ്പർ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 23-06-2012-ലെ സ. ഉ. (സാധാ.) നം. 942/2012/വ്യവ., 23-06-2012-ലെ സ. ഉ. (സാധാ.) നം. 1228/2012/വ്യവ., എന്നീ ഉത്തരവുകൾക്കനുസൃതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണം പാലിച്ചാണ് കെൽട്രോണിൽ കരാർ ജീവനക്കാരെ നിയമിക്കുന്നത്. സർക്കാർ നിർദ്ദേശത്തിന്റേയും ഉത്തരവുകളുടേയും പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) കെ.എസ്.ഇ.ഡി.സി/14/ആർ/00836 നോട്ടിഫിക്കേഷൻ പ്രകാരം 3 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിയമന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(ഇ) കെ.എസ്.ഇ.ഡി.സി/14/ആർ/0085 നോട്ടിഫിക്കേഷൻ പ്രകാരം നിയമനം നൽകിയവരുടെ നിയമന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

129(2380) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പൊതുമേഖല സ്ഥാപനം പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾമൂലം ഉണ്ടാകുന്ന പാരിസ്ഥിതികാഘാതം പഠിക്കുന്നതിന് എന്തെങ്കിലും നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നില്ല.

പാരിസ്ഥിതികാഘാതം ഉണ്ടാകുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾ കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ എല്ലാ മാസവും ഒരു അംഗീകൃത സ്ഥാപനം മുഖേന ഖര, ജല, വാതക സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് മലിനീകരണ നിയന്ത്രണ സംബന്ധമായ കാര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ കൃത്യമായ ഇടവേളകളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥർ കമ്പനിയിൽ പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുന്നുണ്ട്. ആയതിനാൽ പരിസ്ഥിതിക്ക് ആഘാതം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

മലബാർ സിമന്റ് ലിമിറ്റഡിൽ ചുണ്ണാമ്പുകല്ല് ഖനനം, സിമന്റ് നിർമ്മാണം, എന്നിവയെല്ലാം നിയമവിധേയമായും നിയമപരമായ മാർഗ്ഗങ്ങളിലൂടേയും ശാസ്ത്രീയമായി ഉത്തരവാദിത്തപ്പെട്ട ഏജൻസികളുടെ നിർദ്ദേശപ്രകാരവും മേൽനോട്ടത്തിലും വിദഗ്ധരായ ഉദ്യോഗസ്ഥരാണ് നടത്തുന്നത്. പാരിസ്ഥിതികാഘാതം ഇല്ലാത്ത ശാസ്ത്രീയമാർഗ്ഗങ്ങളിലൂന്നിയ പ്രവർത്തനങ്ങൾ മാത്രമേ നിർമ്മാണ പ്രക്രിയയിൽ ഉപയോഗിക്കുന്നുള്ളൂ.

## കെ -സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏക ജാലക സംവിധാനം

130 (2381) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ആധുനിക കാലത്തിന് അനുയോജ്യമായ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കെ-സ്വിഫ്റ്റ് (സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പെരന്റ് ക്ലിയറൻസ്) എന്ന ഓൺലൈൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ കെ-സ്വിഫ്റ്റ് വഴി ഏതെല്ലാം വകുപ്പുകളുടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി പത്രം കാലതാമസം കൂടാതെ നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ സംരംഭകങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval, എന്നിവയും നിലവിൽ വന്നിട്ടുണ്ട്.

14 വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form- CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) മുഖേന ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സംരഭകത്വ സഹായ പദ്ധതി
- പശ്ചാത്തല വികസന പദ്ധതികൾ
- ഇ.ഡി. ക്ലബ്
- ഇൻകുബേഷൻ സെന്ററുകൾ

- ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭകങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ആഷ പദ്ധതി)

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സി.-യുടേയും, കെ.എസ്.ഐ.ഡി.സി.-യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക്/ഏര്യയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും 'Investors meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

നിക്ഷേപകരുടെ മേളകൾ MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി തുടങ്ങിയവയും ബ്ലോക്ക്/താലൂക്ക്/മുനിസിപ്പാലിറ്റി/ ജില്ലാ തലങ്ങളിൽ നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്. വ്യവസായം തുടങ്ങുന്നതിന് സംരംഭകർക്ക് അപേക്ഷകൾ സമർപ്പിക്കുവാൻ ഓൺലൈൻ ഏകജാലക സംവിധാനം ' കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പരന്റ് ക്ലിയറൻസ് സംവിധാനവും' (K-SWIFT) സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11-02-2019 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

(സി) കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ സംവിധാനത്തിലൂടെ താഴെപറയുന്ന 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്;

1. നഗരവികസന ഡയറക്ടറേറ്റ്

2. പഞ്ചായത്ത് ഡയറക്ടറേറ്റ്

3. നഗര ആസൂത്രണ വകുപ്പ്

4. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

5. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

6. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

7. വനം വന്യജീവി വകുപ്പ്

8. ലേബർ വകുപ്പ്

9. അഗ്നിശമന സേവന വകുപ്പ്

10. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

11. സംസ്ഥാന എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി

12. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്

13. കേരള വാട്ടർ അതോറിറ്റി

14. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്.

(ഡി) പുതിയ വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതിപത്രം കാലതാമസം കൂടാതെ നൽകുന്നതിന് ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ, കല്പിത അനുമതികൾ, കോമ്പോസിറ്റ് ലൈസൻസുകൾ എന്നീ സൗകര്യങ്ങളാണ് കേരള സിംഗിൾ വിൻഡോ ഇന്റർഫേയ്സ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പെരന്റ് ക്ലിയറൻസ് (K-SWIFT) വഴി ഏർപ്പെടുത്തിയിട്ടുള്ളത്.

## വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക സംവിധാനം

131 (2382) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഐ.ഡി.സി.ക്ക് കീഴിൽ ആരംഭിച്ച കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പേരന്റ് ക്ലിയറൻസ് സംവിധാനം വഴി വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക അപേക്ഷാ രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്ത് അനായാസമായി വ്യവസായം തുടങ്ങുന്നതിന് സംരംഭകർക്ക് അപേക്ഷകൾ സമർപ്പിക്കുവാൻ ഓൺലൈൻ ഏകജാലക

സംവിധാനം ' കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പരന്റ് ക്ലിയറൻസ് സംവിധാനവും' (K-SWIFT) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലകം സംവിധാനം (K-SWIFT) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ, കല്പിത അനുമതികൾ, കോമ്പോസിറ്റ് ലൈസൻസുകൾ എന്നീ സൗകര്യങ്ങളാണ് കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പരന്റ് ക്ലിയറൻസ് (K-SWIFT) ന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11-02-2019-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

**നിക്ഷേപ സൗഹൃദ സംസ്ഥാനം**

132 (2383) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നിക്ഷേപ സംഗമം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പദ്ധതികൾക്ക് വേഗത്തിൽ ക്ലീയറൻസ് നൽകുന്നതിനായി വിവിധ വകുപ്പുകളും ഏജൻസികളുമായി കെ.സ്വിഫ്റ്റ് ബന്ധിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംരംഭകങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗത്തിലും അനായസമായും ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴു നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018' നിലവിൽവന്നു. കൂടാതെ വിവിധ

വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval, എന്നിവയും നിലവിലുണ്ട്.

14 വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form- CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) മുഖേന ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- സംരഭകത്വ സഹായ പദ്ധതി
- വ്യവസായികൾക്കുള്ള ഇൻഷുറൻസ് പദ്ധതി
- ഇ.ഡി. ക്ലബ്
- ഇൻകുബേഷൻ സെന്ററുകൾ
- ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
- വ്യവസായ സ്ഥാപനങ്ങളും ഗവേഷണ/സർവ്വകലാശാലകളും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമേ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സി.-യുടേയും, കെ.എസ്.ഐ.ഡി.സി.-യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക്/ഏര്യയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും 'Investors meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

നിക്ഷേപകരുടെ മേളകൾ MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി തുടങ്ങിയവയും ബ്ലോക്ക്/താലൂക്ക്/മുനിസിപ്പാലിറ്റി/ജില്ലാ തലങ്ങളിൽ നടത്തിവരുന്നുണ്ട്. കൂടാതെ വ്യവസായ സംരംഭകരുടെ അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പു കല്പിക്കുന്നതിനായി എല്ലാ ജില്ലകളിലും വ്യവസായ വകുപ്പുമന്ത്രി പങ്കെടുത്ത് അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ അദാലത്ത് നടന്നു കഴിഞ്ഞു.

(ബി) സംസ്ഥാനത്തെ വ്യവസായ മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് ആവശ്യമായ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിലേയ്ക്കും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകരേയും, നവ സംരംഭകരേയും, സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളേയും ഏജൻസികളേയും കൂട്ടിച്ചേർത്തുകൊണ്ട് ജില്ലാ തലങ്ങളിലും, താലൂക്ക് തലങ്ങളിലും നിക്ഷേപ സംഗമങ്ങൾ നടത്താറുണ്ട്.

(സി) വ്യവസായ സംരഭകർക്ക് വേഗത്തിൽ ക്ലിയറൻസ് നൽകുന്നതിനായി വിവിധ വകുപ്പുകളും ഏജൻസികളുമായി ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11-2-2019-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

## പ്രളയം ചെറുകിട, മൈക്രോ വ്യവസായ മേഖലകളിൽ ഉണ്ടാക്കിയ നഷ്ടം

133 (2384) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം ചെറുകിട, മൈക്രോ വ്യവസായ മേഖലകളിൽ ഉണ്ടാക്കിയ നഷ്ടം സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പലവ്യഞ്ജന കടകൾ, ബാർബർ ഷോപ്പ്, കൈത്തറി, കയർ എന്നീ അടിസ്ഥാന വാണിജ്യ യൂണിറ്റുകളുടെ നഷ്ടം എപ്രകാരമാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഈ കണക്കെടുപ്പിൽ തൊഴിൽദിനം സംബന്ധിച്ച നഷ്ടം കൂടി വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളെ കരകയറ്റുന്നതിന് എന്തൊക്കെ സഹായമാണ് ഇതിനകം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവർക്ക് വായ്പാ പലിശയിളവ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, പ്രളയത്തിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ മുഖാന്തരം വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. 31.12.2018-ലെ കണക്ക് പ്രകാരം 4992 എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ഏകദേശം 1355.19 കോടി രൂപയുടേയും, 14271 ഷോപ്പുകൾക്ക് 489.54 കോടി രൂപയുടേയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി & സി) യൂണിറ്റ് ഉടമ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ, കൈത്തറി, കയർ വകുപ്പുകളും, തൊഴിൽ ദിനങ്ങളുടെ നഷ്ടവും തന്മൂലമുള്ള വേതന നഷ്ടവും കണക്കിലെടുത്ത് തൊഴിൽ വകുപ്പും അടിസ്ഥാന വാണിജ്യ യൂണിറ്റുകളുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. (അനുബന്ധമായി* ചേർത്തിരിക്കുന്നു.)

(ഡി & ഇ) 17-12-2018-ലെ സ. ഉ. (കൈ.) നം. 27/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ "ഉജ്ജീവന സഹായ പദ്ധതി" പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. അതിൻപ്രകാരം ടേം ലോൺ വായ്പയുടെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ, വർക്കിംഗ് ക്യാപിറ്റൽ ലോൺ വായ്പയുടെ 25 ശതമാനം പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങുപലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിനു മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. ഈ പദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ ബാങ്കുകളിലാണ് സമർപ്പിക്കേണ്ടതും, ബാങ്കുകളാണ് തുക അനുവദിക്കുന്നതും. കൈത്തറി മേഖലയിലെ അറ്റകുറ്റപ്പണികൾ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് വേഗത്തിൽ നടത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യവസായമിത്ര പദ്ധതി

134 (2385) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി പരമ്പരാഗത സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ചയെ നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാൻ വ്യവസായ മിത്ര എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ച നേരിടുന്നുവെന്ന പൊതു അവസ്ഥ സംജാതമായിട്ടില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കിയ ജിയോ ടാഗിംഗ് മുഖേന നടത്തിയ പരിശോധനയിൽ ധനദൗർലഭ്യം, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്/വർധിച്ച വില എന്നിവയാൽ 3489 സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ചയെ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി - ഡി) തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി 15-5-2018-ലെ സ. ഉ. (കൈ.) നം. 38/2018/വ്യവ. ഉത്തരവ് പ്രകാരം "ദി കേരള സ്റ്റ്രെസ്സ്ഡ് എം.എസ്.എം.ഇ. റിവൈവൽ ആന്റ് റീഹാബിലിറ്റേഷൻ സ്കീം" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിനായുള്ള ഒരു കമ്മിറ്റിയാണ് വ്യവസായ മിത്ര.

താഴെപ്പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതിമൂലം നൽകുവാനുദ്ദേശിക്കുന്നത്:

- നിലവിലുള്ള വായ്പ അക്കൗണ്ട് പുനഃക്രമീകരണം ചെയ്യുക.
- പുനരുദ്ധീകരിക്കാനാകുന്ന യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.
- നിയമപരമായി അടക്കേണ്ടുന്ന ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.

• പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ പരമാവധി 10,000 രൂപ.

മേൽ പദ്ധതി ആനുകൂല്യത്തിനായി അപേക്ഷകർക്ക് വേണ്ട അർഹത ചുവടെ ചേർക്കുന്നു:

• സംസ്ഥാനത്തിനകത്തുള്ള ഉൽപ്പാദന മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾ ആയിരിക്കണം.

• നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാൻ പാടില്ല.

• ഇ.എം. പാർട്ട്-2 ഉദ്യോഗ് ആധാർ എന്നിവയിൽ ഏതെങ്കിലും ഫയൽ ചെയ്തിട്ടുണ്ടായിരിക്കണം.

• സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽപ്പെട്ട യൂണിറ്റായിരിക്കണം.

• റിവൈവൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പുനരുദ്ധാരണയോഗ്യമായ യൂണിറ്റായിരിക്കണം.

• സ്വതന്ത്ര അസ്തിത്വം ഉള്ള യൂണിറ്റായിരിക്കണം.

## ചെറുകിട വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടം കണക്കാക്കൽ

135 (2386) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായ നഷ്ടം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അതിൻപ്രകാരം ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും എന്നുമുതൽ തുക നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രളയത്തിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ മുഖാന്തരം വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. 31-12-2018-ലെ കണക്ക് പ്രകാരം 4992 എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ഏകദേശം 1355.19 കോടി രൂപയുടേയും, 14271 ഷോപ്പുകൾക്ക് 489.54 കോടി രൂപയുടേയും കൂടി ആകെ 1844.73 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

പ്രളയത്തിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ 17-12-2018-ലെ സ. ഉ. (കൈ.) നം. 27/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ "ഉജ്ജീവന സഹായ പദ്ധതി" പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം അപേക്ഷകൾ അതാത് ബാങ്കുകളിലാണ് സമർപ്പിക്കേണ്ടത്, ബാങ്കുകളാണ് വായ്പ അനുവദിക്കുന്നത്.

അർഹത:-

1. ടേം ലോൺ വായ്പയുടെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ, മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

2. വർക്കിംഗ് ക്യാപിറ്റൽ ലോൺ വായ്പയുടെ 25 ശതമാനം പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

3. വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങുപലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

ഈ സർക്കാർ ഉത്തരവിനു മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

**ആറന്മുള മണ്ഡലത്തിൽ ചെറുകിട വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടം**

136 (2387) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മഹാപ്രളയത്തിൽ ആറന്മുള മണ്ഡലത്തിൽ ചെറുകിട വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രളയത്തിൽ ആറന്മുളക്കണ്ണാടിയുടെ നിർമ്മാണ മേഖലയിലുണ്ടായ നഷ്ടം എത്രയാണെന്ന് അറിയിക്കുമോ;

(സി) പുതുതായി വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;നിലവിൽ ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഉണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആറന്മുള മണ്ഡലത്തിൽ ചെറുകിട വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടം 1195.02 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്.

(ബി) ആറന്മുള കണ്ണാടിയുടെ നിർമ്മാണ മേഖലയിലുണ്ടായ നഷ്ടം 98.17 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്.

(സി) ആറന്മുള മണ്ഡലത്തിൽ വ്യവസായ പാർക്കുകൾ അരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

**മാർജിൻ മണി ലോൺ**

137 (2388) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭകർക്ക് നൽകിവന്നിരുന്ന മാർജിൻ മണി ലോൺ സമ്പ്രദായം നിർത്തലാക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത വായ്പയുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചെറുകിട സംരംഭകരെ സാമ്പത്തികമായി സഹായിക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 28-12-2012-ലെ ജി. ഒ. (എംഎസ്.) നം. 156/12/ഐഡി. ഉത്തരവ് പ്രകാരം അന്ന് നിലവിലുണ്ടായിരുന്ന മൂലധന നിക്ഷേപ സബ്സിഡി തുടങ്ങിയ ഏതാനും പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് സംരംഭ സഹായ പദ്ധതി 1-4-2012 മുതൽ നിലവിൽ വന്നതോടുകൂടി, മാർജിൻ മണി വായ്പ പദ്ധതി നിർത്തലാക്കി.

ഉണ്ട്. നിലവിൽ 24-3-2017-ലെ ജി. ഒ. (ആർറ്റി.) നം. 459/2017/ (ബി) ഐഡി. പ്രകാരം 2 കാറ്റഗറികളിലായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത ഉത്തരവിലെ കാറ്റഗറി 1 പ്രകാരം വായ്പക്കാരൻ/ വായ്പക്കാരി മരിച്ചു പോകുകയും യൂണിറ്റ് പ്രവർത്തനരഹിതമാകുകയും വ്യവസായ ആസ്തികൾ നിലവിൽ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശ്ശിക തുക പൂർണ്ണമായും എഴുതിത്തള്ളുന്നു. കാറ്റഗറി 2 പ്രകാരം റവന്യൂറിക്കവറി നടപടികൾക്ക് വിട്ട കേസുകൾ യൂണിറ്റ് നിലവിലില്ലാത്തവ, മാർജിൻ മണി വായ്പ ഉപയോഗിച്ച്

വാങ്ങിയ ആസ്തികൾ കൈമാറിയിട്ടുള്ളവ/നിലവിലില്ലാത്തവ, ഉൾപ്പെടെയുള്ളവയിൽ മുതൽ തുകയും വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ തീയതി വരെയുള്ള കാലയളവിലേക്ക് 6 ശതമാനം നിരക്കിൽ കണക്കാക്കുന്ന പലിശയും ഉൾപ്പെടെയുള്ള തുക 3 ഗഡുക്കളായി 1 വർഷത്തിനകം (ഒ.റ്റി.എസ്. അപേക്ഷാ തീയതി മുതൽ) അടച്ചുതീർക്കാൻ വായ്പ കുടിശ്ശികക്കാർക്ക് അവസരം .നൽകിയിട്ടുണ്ട്

(സി) 2012 മുതൽ നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, 2017-18 മുതൽ നടപ്പിലാക്കി വരുന്ന നാനോ ഗാർഹിക പലിശ സബ്സിഡി പദ്ധതി എന്നിവ കൂടാതെ കേരള സ്റ്റെസ്സ്ഡ് എം.എസ്.എം.ഇ റിവൈവൽ ആന്റ് റീഹാബിലിറ്റേഷൻ പദ്ധതി, സ്കീം ഫോർ പ്രൊവൈഡിംഗ് സ്റ്റാർട്ട് അപ്പ് സബ്സിഡി ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റീസ്, ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ മുഖേന ചെറുകിട സംരംഭകർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

**കരകൗശല മേഖലയുടെ ഉന്നമനം**

138 (2389) ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കരകൗശല ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും അവ ന്യായമായ വിലയ്ക്ക് വാങ്ങി വിപണനം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(സി) കരകൗശല മേഖലയുടെ ഉന്നമനത്തിനായി കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കരകൗശല ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനായി ഈ മേഖലയിലെ അപെക്സ് സ്ഥാപനമായ സുരഭിയുടെ പ്രദർശന-വില്പന മേളകൾ എത്രത്തോളം പ്രയോജനപ്രദമാകുന്നു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ട്രെയിനിംഗ് പ്രോഗ്രാമുകൾ, ക്ലസ്റ്റർ പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. ട്രെയിനിംഗ് പദ്ധതി പ്രകാരം കരകൗശല ശിൽപ്പികൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എംപോറിയങ്ങൾ വഴിയും എക്സിബിഷൻ വഴിയും വിപണനം നടത്തുന്നു. പ്രകൃതി ദത്തമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വികസനത്തിനായി ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ കരകൗശല തൊഴിലാളികളിൽ നിന്നും കൂടുതലായി ഉൽപ്പന്നങ്ങൾ സംഭരിച്ച് പുതിയ ക്രാഫ്റ്റുകളിൽ പുതിയ സുവനീർ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി സർക്കാർ അനുവദിച്ച പദ്ധതി പ്രകാരം കരകൗശല കോർപ്പറേഷൻ പുതിയ ഡിസൈനുകൾ വിപണിയിലെത്തിച്ചു. പുതിയ സുവനീറുകളുടെ പ്രകാശനം 31-01-2019-ൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് നടത്തുകയുണ്ടായി. കൂടാതെ 2018 ജനുവരി 14 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് മലബാർ ക്രാഫ്റ്റ്മേള സംഘടിപ്പിച്ചു. ഈ വർഷം ഫെബ്രുവരി മസം കണ്ണൂരിൽ വച്ച് ക്രാഫ്റ്റ് മേള നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തി വിപണനം വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി 38 എക്സിബിഷനുകൾ, 9 ക്രാഫ്റ്റ് ബസാറുകൾ എന്നിവ കാഡ്കോ സംഘടിപ്പിച്ചു. 3000 ത്തോളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചു. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവെയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി 25 ക്രാഫ്റ്റ് അവെയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

ഓൺലൈൻ വ്യാപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശലവികസന കോർപ്പറേഷൻ KAIRALI HANDICRAFTS എന്നപേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ-കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കിക്കൊണ്ട് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വൻകിട ഹോട്ടലുകളിലും ഡിസ് പ്ലേ കിയോസ്കുകൾ/ഷോറൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഇരുമ്പ് പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതു സേവന കേന്ദ്രങ്ങൾ കാഡ്കോ സ്ഥാപിച്ചുവരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി തറികളുടെ നിർമ്മാണം, റിപ്പയർ എന്നിവ കാഡ്കോ ഏറ്റെടുത്ത് നടത്തുന്നു. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ കരകൗശലക്കാരുടെ നൈപുണ്യ വികസനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ മിഷൻ നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, വിപണന മേളകൾ സംഘടിപ്പിക്കുക തുടങ്ങിയവ നടത്തിവരുന്നുണ്ട്.

(സി) ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് വർഷാവർഷം ബജറ്റ് വിഹിതം അനുവദിക്കുന്നു. ഇപ്രകാരം നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശല ത്തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ചു നൽകുക, പരിശീലനം നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ചു വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനങ്ങൾ നടത്തിവരുന്നു. മേൽപ്പറഞ്ഞ രീതിയിൽ സംസ്ഥാന സ്ഥാപനങ്ങൾ വഴി മേഖലയെ പരിപോഷിപ്പിക്കുന്നതിനും കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആഷ എന്ന പേരിൽ ഒരു പദ്ധതി നടന്നുവരുന്നു. അതുപ്രകാരം പുതുതായി ആരംഭിക്കുന്ന കരകൗശല സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40 ശതമാനം തുക ഗ്രാന്റായി നൽകുന്നു.

കരകൗശല മേഖലയിൽ പണിയെടുക്കുന്ന 10000 കരകൗശല തൊഴിലാളികൾക്ക് 10000 രൂപയുടെ ടൂൾ കിറ്റുകൾ സൗജന്യമായി നൽകുന്ന പദ്ധതി പുരോഗമിക്കുകയാണ്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 20 ഡിസൈൻ ആന്റ് ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തിവരുന്നു. ഈ പരിപാടിയിലൂടെ 270-ഓളം ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 110-ഓളം പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു.

(ഡി) കരകൗശല ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനായി സുരഭി കേരളത്തിനകത്തും പുറത്തും സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ എക്സിബിഷനുകൾ സംഘടിപ്പിക്കാറുണ്ട്. ഗാന്ധി

ശിൽപ്പ ബസാർ, ക്രാഫ്റ്റ് ബസാർ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് സുരഭിക്ക് ഡെവലപ്മെന്റ് കമ്മീഷണർ ഹാന്റിക്രാഫ്റ്റ് ഗ്രാന്റ് അനുവദിക്കുകയും ആയത് പ്രകാരമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സുരഭിയുടെ പ്രദർശന വില്പന മേളകൾ വഴി സുരഭിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൈമറി സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നല്ലൊരു മേഖല തുറന്നു കിട്ടുകയും അതുവഴി കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

## കരകൗശല ശിൽപ്പികൾക്ക് സൗജന്യമായി പണിയായുധങ്ങൾ

139 (2390) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷത്തിൽ പതിനായിരം കരകൗശല ശിൽപികൾക്ക് സൗജന്യമായി പണിയായുധങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് അനുവദിച്ച 10 കോടി രൂപയിൽ നിന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ എത്ര തുക വീതം പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കരകൗശല തൊഴിലാളികൾക്ക് പ്രസ്തുത വർഷങ്ങളിൽ സൗജന്യമായി പണിയായുധങ്ങൾ നൽകി; സൗജന്യമായി പണിയായുധങ്ങൾ നല്കിയില്ല എങ്കിൽ ഇതുവരെ നൽകാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) സാംഗ്ഷൻ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ട കാലയളവിനുള്ളിൽത്തന്നെ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് നൽകിയില്ല എന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ആവശ്യത്തിനായി സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും വിനിയോഗിച്ച തുകയുടെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കരകൗശലവികസന കമ്മീഷണറേറ്റിൽ നിന്നും കരകൗശല വികസന കോർപ്പറേഷന് IDPH പദ്ധതിപ്രകാരം അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വികസനം, വിപണനമേഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്കെല്ലാമായി

2015-16 സാമ്പത്തിക വർഷം 9.09 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയിൻകീഴിലുള്ള ഒരു ഘടകമാണ് വിവിധ ക്രാഫ്റ്റുകളിൽ പണിയെടുക്കുന്ന കരകൗശലതൊഴിലാളികൾക്ക് റ്റൂൾകിറ്റ് നൽകുന്നത്. ഇതിലേയ്ക്കാവശ്യമായ പണിയായുധങ്ങൾ കണ്ടെത്തുക, അർഹരായ തൊഴിലാളികളെ കണ്ടെത്തുക എന്നീ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിനോടകം വിവിധ ക്രാഫ്റ്റുകളിൽ പണിയെടുക്കുന്ന 1300 കരകൗശലതൊഴിലാളികൾക്ക് റ്റൂൾകിറ്റ് വിതരണ നടപടികൾ പൂർത്തീകരിച്ചു. റ്റൂൾകിറ്റ് പദ്ധതിക്കായി ഇതുവരെ 72,50,000 രൂപ കരകൗശല കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ തുകയിൽ 5.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതുവരെ 1300 കരകൗശല തൊഴിലാളികൾക്ക് ടൂൾകിറ്റുകൾ വിതരണ നടപടി പൂർത്തീകരിച്ചു. ബാക്കിയുള്ളവർക്ക് നൽകുന്നതിലേക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ലഭിച്ച അപേക്ഷകളിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ച അപേക്ഷകർക്ക് ടൂൾകിറ്റ് വിതരണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതാണ്.

(സി) പ്രസ്തുത സ്കീമിന്റെ കാലാവധി 2020 മാർച്ചുവരെയാണ്. അതിനുള്ളിൽ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് IDPH പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും 4.055 കോടി രൂപയുടെ അനുമതി കരകൗശല വികസന കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്.

## പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

140 (2391) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനായുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഖാദി, കൈത്തറി വ്യവസായങ്ങളുടെ വികസനത്തിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) കരകൗശല മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വികസനം, വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി നടപ്പാക്കിവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) തനതായ ഉല്പന്നങ്ങളുടെ അന്താരാഷ്ട്ര വിപണി നേടുന്നതിനായി പുതുതായി രൂപീകരിച്ച വാണിജ്യമിഷൻ, കരകൗശല,പരമ്പരാഗത ഉല്പന്നങ്ങളുടെ കൂടി വിപണന സാധ്യത വർദ്ധിപ്പിക്കാൻ പ്രയോജനപ്രദമായ തരത്തിലാണോ പ്രവർത്തനം ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി ബഹുമുഖ പ്രവർത്തനങ്ങളാണ് കേരള സർക്കാർ നടപ്പിലാക്കിവരുന്നത്. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ (കെൽപാം) എന്നീ സ്ഥാപനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലും സാമ്പത്തിക സഹായത്തിലും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് വർഷാവർഷം ബജറ്റ് വിഹിതം അനുവദിക്കുന്നു. ഇപ്രകാരം നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശലത്തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ചു നൽകുക, പരിശീലനം നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ചു വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനങ്ങൾ നടത്തിവരുന്നു.

(ബി) പരമ്പരാഗത കൈത്തറി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി വ്യവസായങ്ങളുടെ വികസനത്തിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഏകദേശം 4800 ഓളം നെയ്ത്ത് തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭഘട്ടത്തിൽ തറി റിപ്പയറിംഗിനും മറ്റു ചെലവുകൾക്കുമായി ഓരോ തറികൾക്കും 4000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 87 കോടിയിലധികം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത്

തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് യുവ വീവ് പദ്ധതി. 18 നും 40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇതുവരെ കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലായി 15 ബാച്ചുകളിലായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-2019 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2017-2018 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും 43 കൈത്തറി നെയ്ത്ത് സംഘങ്ങളിലെ നെയ്ത്തുകാർക്കുമായി ആകെ 322 പുതിയ തറികൾ വാങ്ങാൻ 108.66608 ലക്ഷം രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ഹാന്റക്സ് കൈത്തറി സുരക്ഷാ പദ്ധതി.

കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം 120 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (Production Incentive) പ്രകാരം 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും, 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകി.

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40 ശതമാനം പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30 ശതമാനം പരമാവധി 150000 രൂപയും സർക്കാർ ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200-ലധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗത മേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രവർത്തന മികവ് അവലോകനം ചെയ്തുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുക വഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്. 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാനതല ത്തിൽ അവാർഡ് തുക 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50000 രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി.

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-18-ൽ നടപ്പിലാക്കിയ പദ്ധതിയാണ് Weaver's Fest.

ഖാദി മേഖലയിൽ എന്റെ ഗ്രാമം പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 25 ശതമാനം, 30 ശതമാനം, 40 ശതമാനം മാർജിൻ മണി ഗ്രാന്റ് നൽകുന്നു. ഇത് കൂടാതെ ഖാദി വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി മേഖലയിൽ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയായി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് നൽകുന്നത്, റെഡിമേഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടത്തിവരുന്നു.

(സി) പരമ്പരാഗത വ്യവസായങ്ങളെ കാലാനുസൃതമായി നവീകരിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും സംഭരിച്ച് വിപണനം നടത്തുന്നതിനും പലവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കേരളത്തിലെ കരകൗശല മേഖലയെ നവീകരിക്കുന്നതിനായി പ്രധാന ഉൽപ്പന്നങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന മേഖലകളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കലാമേന്മയുള്ള കരകൗശല ഉൽപ്പന്നങ്ങളെ സുവനീറുകളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കിവരുന്നു.

കരകൗശല മേഖലയിൽ പൊതു സേവന കേന്ദ്രങ്ങൾ (CFC) സ്ഥാപിക്കുക, ദേശീയ വർക്ക്ഷോപ്, എക്സിബിഷനുകൾ, ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി വർഷം മുഴുവനും റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ്, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചാരണം കൂടാതെ ഉത്സവ കാലങ്ങളിൽ പ്രത്യേക മേളകൾ, സമ്മാന പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു. മുള മേഖലയിലെ കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ബാംബു മിഷനും കേരള സംസ്ഥാന ബാംബു കോർപ്പറേഷനുമായി ചേർന്ന് ഒരു ബാംബു സപ്ലൈ ചെയിൻ രൂപീകരിച്ചു വരുന്നു. കൂടാതെ തനതായ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നില നില്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ് 2018 ജനുവരി 16 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ചു. ഈ വർഷം ഫെബ്രുവരി മാസം കണ്ണൂരിൽ വെച്ച് ക്രാഫ്റ്റ് മേള നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇരുമ്പ് പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതു സേവന കേന്ദ്രങ്ങൾ കാഡ്കോ സ്ഥാപിച്ചുവരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി തറികളുടെ നിർമ്മാണം റിപ്പയർ എന്നിവ കാഡ്കോ ഏറ്റെടുത്ത് നടത്തുന്നു. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ കരകൗശലക്കാരുടെ നൈപുണ്യ വികസനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനുമായി കേരള സംസ്ഥാന ബാംബു മിഷൻ നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, വിപണന മേളകൾ സംഘടിപ്പിക്കുക തുടങ്ങിയവ നടത്തിവരുന്നു.

ഓൺലൈൻ വ്യാപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശലവികസന കോർപ്പറേഷൻ KAIRALI HANDICRAFTS എന്നപേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ-കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കിക്കൊണ്ട് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വൻകിട ഹോട്ടലുകളിലും ഡിസ് പ്ലേ കിയോസ്കുകൾ/ഷോറൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ഡി) തനതായ ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര വിപണി നേടുന്നതിനായി പുതുതായി രൂപീകരിച്ച വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക, ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്ത് നിന്നും സംരഭകത്വ പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

3. കേരളത്തിലെ നിക്ഷേപകർക്ക്/സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.

4. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

8. മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകാനുള്ള നടപടി സ്വീകരിക്കുക.

9. വാണിജ്യമേഖലയുടെ വളർച്ചയ്ക്കായി ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുക.

### വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

141 (2392) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സിഡ്കോയുടെ നിയന്ത്രണത്തിലുള്ള എസ്റ്റേറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി കണ്ടെത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് ചെറുകിട വ്യവസായികൾക്ക് നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പ്രാവർത്തികമാക്കിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വികസന എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് "നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും പദ്ധതി നിലവിലുണ്ട്."

2016-17 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 25 കോടി രൂപ അനുവദിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂർ, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ എന്നിവിടങ്ങളിൽ വ്യവസായ വികസന പ്ലോട്ടുകളുടെ വികസനത്തിനായി യഥാക്രമം 3.32 കോടി രൂപയും, 4.05 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 11 വികസന ഏരിയ/വികസന പ്ലോട്ടുകളിലെ ആന്തരിക റോഡുകളുടെ പുനർ നിർമ്മാണത്തിനായി 17.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ 25 കോടി രൂപ വകയിരുത്തി കഞ്ചിക്കോട്, വേളി, അങ്കമാലി, മുണ്ടയ്ക്കൽ, ആലുവ, വാഴക്കുളം, അനന്തപുരം, ഇടയാർ, ഷൊർണ്ണൂർ എന്നീ വ്യവസായ പ്ലോട്ടുകളുടെ/ഏരിയകളുടെ നവീകരണ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു.

പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുള്ള വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന എസ്റ്റേറ്റ് എന്നിവയുടെ നവീകരണം ലക്ഷ്യമിടുകയും ഇതിനായി 28 കോടി രൂപ തനത് വർഷം വകയിരുത്തിയതിൽ 23.91 കോടി രൂപയ്ക്ക് വിവിധ പദ്ധതികൾക്കായി ഭരണാനുമതി നൽകി. പ്രസ്തുത പ്രവർത്തനങ്ങൾക്കായി നാളിതുവരെ 13.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വ്യവസായ പ്ലോട്ടുകളിൽ സർവ്വേ നടത്തി അവയുടെ അതിർത്തി പുനർ നിർണ്ണയിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതികളായ MSE-CDP മുഖേന വികസന ഏരിയകളായ പൂവൻ തുരുത്ത്, എടയാർ എന്നിവിടങ്ങളിൽ യഥാക്രമം 1000 ലക്ഷവും 967.69 ലക്ഷവും രൂപയുള്ള പദ്ധതിയ്ക്ക് അനുമതി ലഭിച്ചു കഴിഞ്ഞു. 60:40 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് സംസ്ഥാന വിഹിതമായി യഥാക്രമം 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ മിനി വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തനത് സാമ്പത്തിക വർഷം 7 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു.

(ബി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, അമരവിളയിൽ സിഡ്കോയുടെ അധീനതയിലുള്ള 1 ഏക്കർ സ്ഥലത്ത് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നുണ്ട്.

**വ്യവസായ ഇടനാഴി**

142 (2393) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നശേഷം വ്യവസായ പുരോഗതി കൈവരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി എന്നിവയ്ക്കായി കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച ഏകജാലക ഓൺലൈൻ സംവിധാനത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ നിയമമാക്കിയ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്ന ശേഷം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പരൻസി) എന്ന പേരിൽ ഒരു പോർട്ടൽ സർക്കാർ വികസിപ്പിച്ചിട്ടുണ്ട്.

ടി പോർട്ടൽ വഴി ഓരോ നവസംരംഭകർക്കും ഓൺലൈൻ ആയി തന്റെ സംരംഭത്തിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി ആവശ്യമായ ലൈസൻസ്/നിരാക്ഷേപ പത്രങ്ങൾ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയാവുന്നതാണ്. തുടർന്ന് ഓൺലൈൻ ആയിത്തന്നെ വിവിധ വകുപ്പുകളിലേയ്ക്ക് അപേക്ഷയും സമർപ്പിക്കാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് ലഭിക്കാത്തപക്ഷം ഡീംഡ് ലൈസൻസ് അനുവദിച്ചു കിട്ടുന്നതിനുള്ള സംവിധാനവും K-SWIFT പോർട്ടലിലുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാ തലത്തിൽ ഒരുകോർ ടീം രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.സി.-യുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ടി പോർട്ടലിന്റെ പ്രാരംഭ രൂപം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. പോർട്ടൽ 11-2-2019-ൽ ബഹു. മുഖ്യമന്ത്രി ഔദ്യോഗികമായി ലോഞ്ച് ചെയ്യുന്നതോടുകൂടി പൂർണ്ണരൂപത്തിൽ പ്രവർത്തന സജ്ജമാകും.

(ബി) കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.ടി.)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് സമർപ്പിക്കുകയും ഇതേ തുടർന്ന് കൊച്ചി-ബാഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദോപദേശക ഏജൻസിയെ കെ.എസ്.ഐ.ഡി.സി. നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് സമർപ്പിച്ചിട്ടുണ്ട്.

(സി) 10-4-2018-ലെ ജി. ഒ. (ആർറ്റി.) നം. 431/18/ഐ.ഡി. നമ്പർ പ്രകാരം K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പരൻസി) എന്ന പേരിൽ ഒരു പോർട്ടൽ കെ.എസ്.ഐ.ഡി.സി. വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരുകോർ ടീം രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.സി.-യുടെ സേവനം ഇതിനായി

ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ടി പോർട്ടലിന്റെ പ്രാരംഭ രൂപം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. പോർട്ടൽ 11-2-2019 ൽ ബഹു. മുഖ്യമന്ത്രി ഔദ്യോഗികമായി ലോഞ്ച് ചെയ്യുന്നതോടുകൂടി പൂർണ്ണ രൂപത്തിൽ പ്രവർത്തന സജ്ജമാകും.

**ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്**

143 (2394) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിന് സ്ഥലമേറ്റെടുക്കുന്നതിലേയ്ക്കായി അനുവദിച്ച മുഴുവൻ തുകയും ഈ സാമ്പത്തിക വർഷത്തിന് മുൻപ് ഭൂവുടമകൾക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

നാല്പത്തിരണ്ട് കോടി രൂപയുടെ ഫണ്ട് ലഭ്യമായ സാഹചര്യത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പേരിലേയ്ക്ക് സ്ഥലം ആധാരം ചെയ്യേണ്ടതുണ്ട്. സ്ഥലം ഉടമകൾ Record of Right, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു.

പ്രസ്തുത തുക 63 സ്ഥലമുടമകൾക്ക് 31-3-2019-നകം വിതരണം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

**റബ്കോയുടെ കണക്കുകൾ**

144 (2395) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോ എന്നാണ് ആരംഭിച്ചതെന്നും അവിടെ എത്ര ജീവനക്കാരുണ്ടെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) റബ്കോയ്ക്ക് ഇതുവരെ എത്ര രൂപയുടെ ബാദ്ധ്യതയുണ്ട്; വിശദാംശം നൽകുമോ;

(സി) റബ്കോ ഏതുവർഷം വരെയുള്ള ആഡിറ്റാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ റബ്കോ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചുവരുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) റബ്കോ 13-7-1997 ലാണ് പ്രവർത്തനം ആരംഭിച്ചത് റബ്കോയിൽ 128 ജീവനക്കാരാണ് ഉള്ളത്. തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) 31-3-2018-ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം റബ്കോയ്ക്ക് 852.53 കോടി രൂപയുടെ ബാധ്യതയുണ്ട്.

| | | |
|---|---|---|
| ഓഹരി | - | 69.33 കോടി |
| സ്ഥിര നിക്ഷേപം | - | 215.19 കോടി |
| വായ്പകൾ | - | 250.15 കോടി |
| കൊടുക്കാനുള്ള പലിശ | - | 317.86 കോടി |
| ആകെ | - | 852.53 കോടി |

(സി) റബ്കോയുടെ 2017-18 വർഷം വരെയുള്ള ഓഡിറ്റാണ് പൂർത്തിയാക്കിയിട്ടുള്ളത്.

(ഡി) നിലവിൽ റബ്കോ 744.07 കോടി രൂപ അറ്റ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

## സിഡ്കോയിൽ സാമ്പത്തിക തട്ടിപ്പ് കണ്ടെത്തിയതായ റിപ്പോർട്ട്

145 (2396) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിടവ്യവസായ വികസന കോർപ്പറേഷനിൽ (സിഡ്കോ) കോടികളുടെ സാമ്പത്തിക തട്ടിപ്പ് കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷന് കിട്ടാനുണ്ടായിരുന്ന കോടികളുടെ കുടിശ്ശിക ചില സിഡ്കോ ഉദ്യോഗസ്ഥരും ഇടനിലക്കാരും ചേർന്ന് വ്യാജരേഖകൾ ചമച്ച് തട്ടിയെടുത്തതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് ഏജൻസിക്കാണ് അന്വേഷണ ചുമതല; അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിരുന്നു.

(ബി) ഉണ്ട്.

(സി - ഇ) അക്കൗണ്ടന്റ് ജനറൽ (കേരള), 2012-2015 കാലയളവിൽ സിഡ്കോയുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കി പരിശോധിച്ചതിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവാകുകയും ചെയ്തു. ടി കാലയളവിൽ സിഡ്കോ ഏറ്റെടുത്ത് നടത്തിയ പല പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ ത്വരിതാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ VC2/2014/SIU-II-TVPM, VC5/2018/SIU-I-TVPM, VC1/2015/PKD എന്നീ നമ്പർ വിജിലൻസ് കേസുകൾ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. സജി ബഷീർ, സിഡ്കോയിലെ ചില ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും അന്വേഷണം നടന്നുവരുന്നു. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ സിഡ്കോയുടെ പ്രൊഡക്ഷൻ, മാർക്കെറ്റിംഗ് എന്നീ ഡിവിഷനുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് സിഡ്കോ മാനേജ്മെന്റ് പ്രാഥമിക അന്വേഷണം നടത്തുകയും പ്രൊഡക്ഷൻ ഡിവിഷന്റെ കീഴിലുള്ള ഒല്ലൂർ സർവീസ് വർക്ക് ഷോപ്പിൽ സാമ്പത്തിക തിരിമറി കണ്ടെത്തുകയും ചെയ്തതിനെത്തുടർന്ന് വിശദമായ അന്വേഷണത്തിന് പോലീസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് രണ്ട് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറോട് 26-12-2018-ൽ സിഡ്കോ മാനേജ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഒളവണ്ണ ടൂൾ-റൂം-കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

146 (2397) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ടൂൾ-റൂം-കം-ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് 2015 വരെ സിഡ്കോയിൽനിന്നും സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സിഡ്കോ മാനേജ്മെന്റ് തടഞ്ഞുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ജീവനക്കാർക്ക് നിലവിൽ തടഞ്ഞുവെക്കപ്പെട്ട വാർഷിക ഇൻക്രിമെന്റ്, ആർജിതാവധി ഉൾപ്പെടെയുള്ള മുഴുവൻ സർവ്വീസ് ആനുകൂല്യങ്ങളും ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിഡ്കോ മാനേജ്മെന്റിനുതന്നെ അനുവദിച്ച് നൽകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സിഡ്കോ ജീവനക്കാർക്ക് പെയ്ഡ് ലീവ്

147(2398) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയിൽ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് പെയ്ഡ് ലീവ് അനുവദിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രൊഡക്ഷൻ യൂണിറ്റുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ഹെഡ് ഓഫീസ് അടക്കമുള്ള ഓഫീസുകളിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പെയ്ഡ് ലീവ് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2015-ൽ സർക്കാർ നിയമിച്ച വർക്കർ തസ്തികയിലെ ജീവനക്കാരിൽ മേൽ പ്രകാരം മാറ്റി നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് മാത്രം പെയ്ഡ് ലീവ് അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പെയ്ഡ് ലീവ് ലഭിക്കാത്ത ഇത്തരം ജീവനക്കാർക്ക്, സ്റ്റാഫ് കാറ്റഗറിയിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതുപോലെ 20 കാഷ്വൽ ലീവും ലീവ് സറണ്ടറും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 14:1 എന്ന അനുപാതത്തിൽ പെയ്ഡ് ലീവ് അനുവദിക്കാറുണ്ട്.

(ബി) ഉണ്ട്. തൊഴിലാളികൾക്ക് പെയ്ഡ് ലീവ് അനുവദിക്കുന്നതിന് സിഡ്കോയിൽ പ്രത്യേകമായി ഉത്തരവ് ഇറക്കാറില്ല.

(സി & ഡി) ഉണ്ട്. 2015-ൽ സിഡ്കോ നിയമിച്ച അൺസ്കിൽഡ് വർക്കർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ വിഷയത്തിൽ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്. ഇക്കാരണത്താൽ പ്രസ്തുത നിയമനം ക്രമീകരിക്കുവാനോ നിരീക്ഷണകാലം വിജയകരമായി പൂർത്തിയായതായി പ്രഖ്യാപിക്കുവാനോ കഴിയാത്തതിനാൽ ഇവർക്ക് പെയ്ഡ് ലീവ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. പെയ്ഡ് ലീവ് ലഭിക്കാത്ത ജീവനക്കാർക്ക് 12 ആകസ്മികാവധി മാത്രമാണ് നിലവിലുള്ളത്.

## കൊരട്ടി വൈഗൈ ത്രഡ്സിന്റെ സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ

148 (2399) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ, സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലം തിരിച്ചെടുക്കുന്നതിനും മറ്റ് വികസന ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ - സി) കൊരട്ടി വൈഗൈ ത്രഡ്സ് പ്രോസസ്സേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്ക് സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85 ½ ഏക്കർ ഭൂമിയിൽ 7.85 ½ ഏക്കർ ഭൂമി എൻ.എച്ച് വിപുലീകരണത്തിനും 1 ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിന് ശേഷം ബാക്കി നിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി. വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു. കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം ചെയ്ത് ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു. ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല.

ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയിൽ പ്രവേശിക്കുവാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

## എറണാകുളം ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകൾ

149 (2400) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ എസ്റ്റേറ്റുകളിൽ എത്ര പ്ലോട്ടുകൾ ഉണ്ടെന്നും ഇതെല്ലാം ആരുടെയെല്ലാം പേരിലാണെന്നും അവിടെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിനുകീഴിൽ എറണാകുളം ജില്ലയിൽ ഇടയാർ, അങ്കമാലി, ആലുവ, വാഴക്കുളം എന്നിവിടങ്ങളിൽ വ്യവസായ വികസന ഏരിയയും അങ്കമാലി, കളമശ്ശേരി എന്നിവിടങ്ങളിൽ വ്യവസായ വികസന പ്ലോട്ടുകളും ഉണ്ട്.

(ബി) എറണാകുളം ജില്ലയിൽ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിലെ പ്ലോട്ടുകൾ, സംരംഭകർ, ഉത്പന്നങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പട്ടാമ്പി ഫയർ സ്റ്റേഷന് വ്യവസായ വകുപ്പിന്റെ സ്ഥലം**

150 (2401) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട ഒറ്റപ്പാലം താലൂക്കിലെ കൊപ്പം പഞ്ചായത്തിൽപ്പെട്ട ആമയൂരിൽ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വ്യവസായ വകുപ്പിനു കീഴിൽ ഉപയോഗരഹിതമായി കിടക്കുന്ന ഭൂമി അനുവദിക്കണമെന്നുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു.

എന്നാൽ പട്ടാമ്പി നിയമസഭാ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ളതും കൊപ്പം വ്യവസായ വികസന പ്ലോട്ടായി പ്രഖ്യാപിച്ചതുമായ 9.53 ഏക്കർ വ്യവസായ ഭൂമിയിൽ 6.53 ഏക്കർ ഭൂമി തദ്ദേശവാസികൾ കയ്യേറിയിരിക്കുകയാണ്. വ്യവസായ സംരംഭകർ ആവശ്യക്കാരായി ഉണ്ടെങ്കിലും, ഇതുമൂലം അവർക്ക് പോലും ഭൂമി അനുവദിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബാക്കിയുള്ള 3 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് തിരിച്ചെടുത്ത് വിവിധ സംരംഭകർക്ക് അനുവദിച്ചുകഴിഞ്ഞു.

6.53 ഏക്കർ ഭൂമിയിൽ അനധികൃതമായി 68 കുടുംബങ്ങൾ പാർക്കുന്നുണ്ട്. ഇവരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ജില്ലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭരണകൂടവുമായി സഹകരിച്ച് 12-12-2018-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാവേലിക്കര നിയമസഭാമണ്ഡലത്തിൽ വ്യവസായ പാർക്ക്

151 (2402) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) മാവേലിക്കരയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥലം നിലവിൽ ഏതെങ്കിലും വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പുതല ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ - ഡി) മാവേലിക്കര, കൊല്ലക്കടവ് വ്യവസായ വികസന ഏരിയയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ 16.22 ഏക്കർ വ്യവസായ ഭൂമിയുണ്ട്. ഇതിൽ 14.39 ഏക്കർ സ്ഥലം വിവിധ സംരംഭകർക്ക് അനുവദിച്ചു നൽകികഴിഞ്ഞു. 1.83 ഏക്കർ സ്ഥലം പൊതു അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്നു. മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന പക്ഷം പരിശോധിക്കാവുന്നതാണ്.

## ഇടക്കൊച്ചി സുസ്ഥിര വികസനമേഖല

152 (2403) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010-ൽ ഇൻകെൽ തയ്യാറാക്കിയിട്ടുള്ളതും കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും സംയുക്ത പഠനം പൂർത്തീകരിച്ചിട്ടുള്ളതുമായ എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിരവികസന മേഖലയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

ഇടക്കൊച്ചി സുസ്ഥിര വികസന മേഖല ആക്കുന്നതിനുവേണ്ടി ഇൻകെൽ (Inkel) സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൽ 51 ഏക്കർ ഭൂമി ആവാസത്തിനും വാണിജ്യകാര്യങ്ങൾക്കായി വികസിപ്പിക്കുന്നതിനുള്ള രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയും ഇതിനോട് ചേർന്ന് കിടക്കുന്ന സെന്റ് ഡൊമിനിക് കോൺവെന്റ്, അവഷരിചേരിൽ ജോ, വിക്ടാലിസ് കുടുംബം എന്നിവരുടെ കൈവശമുള്ള വസ്തുക്കളും ചേർന്നുള്ള പ്രദേശത്താണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് വേണ്ടി ഒരു പ്രത്യേകം കമ്പനി രൂപീകരിച്ച് അതിലേയ്ക്ക് സ്ഥലം ഉടമകൾ സ്ഥലം നൽകി പദ്ധതിക്ക് തുടക്കം കുറിക്കാനാണ് റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു. പദ്ധതിയുടെ ആകെ അടങ്കൽ തുക 1500 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണെന്ന് സംബന്ധിച്ച് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്തിയാലെ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാം എന്നത് സംബന്ധിച്ച് വീണ്ടും ഒരു വിശദമായ സാങ്കേതിക സാമ്പത്തികപഠനം നടത്തേണ്ടതുണ്ട്.

**മഴുവന്നൂർ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ**

153 (2404) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഴുവന്നൂർ പഞ്ചായത്തിലെ കിൻഫ്രാപാർക്ക്, റബ്ബർ പാർക്ക് എന്നീ വ്യവസായ സംരംഭങ്ങളിലായി എത്ര സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒരു വർഷം പ്രസ്തുത ജീവനക്കാർ എത്ര രൂപ തൊഴിൽക്കരം ഒടുക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരിൽനിന്നും കുടിശ്ശികയായ തൊഴിൽകരം പിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കിൻഫ്രാ പാർക്കിൽ 73 സ്ഥാപനങ്ങളും റബ്ബർ പാർക്കിൽ 38 സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നു.

(ബി) കിൻഫ്ര പാർക്കിൽ 1332 ജീവനക്കാരും റബ്ബർ പാർക്കിൽ 1158 ജീവനക്കാരുമുണ്ട്.

(സി) കിൻഫ്ര പാർക്ക് ജീവനക്കാർ 186070/- രൂപയും റബ്ബർ പാർക്ക് ജീവനക്കാർ 230240 രൂപയും ഒരു വർഷം തൊഴിൽക്കരമായി ഒടുക്കുന്നു.

(ഡി) കരം പിരിക്കുന്നത് സംബന്ധിച്ച് സംരംഭകരും പഞ്ചായത്തും തമ്മിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. (WPC No. 13760/2018) കേസ് തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

**സംസ്ഥാന വാണിജ്യ മിഷൻ**

154(2405) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനതായ വ്യാവസായിക ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് മിഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്;

(ഡി) വാണിജ്യമേഖലയിൽ നിലനിൽക്കുന്ന വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെ ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വാണിജ്യ മിഷൻ മുഖേന സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - ഡി) ഉണ്ട്. കേരളത്തിന്റെ വാണിജ്യ സാധ്യതകൾ നിർണ്ണയിക്കുന്നതിനും, ഇതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നതിനും കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസർ ശ്രീ. സുശീൽ ഖന്നയെ ചെയർമാനാക്കിക്കൊണ്ട് 3-12-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 1329/2018/വ്യവ.-യുടെ അടിസ്ഥാനത്തിൽ സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വാണിജ്യമിഷന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

3. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക, ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.

4. ദേശീയ-അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി, ഫർണിച്ചർ, ബാംബൂ ഉൽപന്നങ്ങൾ, കേരള സോപ്പ് തുടങ്ങിയവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപകർക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാരിനും ഇടയിലുള്ള ഒരു ഉപദേശക സമിതിയായി വാണിജ്യമിഷൻ പ്രവർത്തിക്കുവാനും വാണിജ്യ മിഷൻ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും സംബന്ധിച്ച് റോഡ് മാപ്പ് തയ്യാറാക്കുന്നതിന് FICCI-യേയും CIIA-യേയും ചുമതലപ്പെടുത്തുവാനും കേരളത്തിലെ വിവിധ മേഖലകളിലെ ഉത്പന്നങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടാനും മിഷന്റെ ആദ്യ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

**ചെറുകിട കച്ചവടക്കാരുടെ തൊഴിലും ഉപജീവനവും**

155 (T2406) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006-ലെ സുപ്രീംകോടതി നിർദ്ദേശം (68089 SC of India 2066/R/D) പരിഗണിച്ച് സൂക്ഷ്മ, ഇടത്തരം, ചെറുകിട കച്ചവടക്കാരുടെ തൊഴിലും ഉപജീവനവും സംരക്ഷിക്കാൻ ഓർഡിനൻസ് ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഇത്തരത്തിലൊരു ശിപാർശ സർക്കാരിന് ലഭിച്ചിട്ടില്ല.

**ഉത്തരവാദിത്ത ഖനന രീതി നടപ്പിലാക്കുവാൻ നടപടി**

156 (2407) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനത്തിലെ അശാസ്ത്രീയതകൾ പരിഹരിക്കുവാനും ഖനന പ്രദേശത്തെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കും ആശങ്കകൾക്കും പരിഹാരം കാണുന്നതിനും ഉത്തരവാദിത്ത ഖനന രീതി (Responsible Mining) നടപ്പിലാക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ ആലപ്പാട്ട് നിവാസികൾക്ക് ഖനനംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അറ്റോമിക് മിനറൽ ഡയറക്ടറേറ്റ് അംഗീകരിച്ച മൈനിംഗ് പ്ലാൻ അനുസരിച്ചാണ് കരിമണൽ ഖനനം നടത്തേണ്ടത്. കരിമണൽ ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി, ജനപ്രതിനിധികളുടെയും, ഉന്നത ഉദ്യോഗസ്ഥ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉടെയും, കമ്പനി അധികൃതരുടേയും ഒരു യോഗം 16-1-2019-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS-നെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ. സീ-വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം മാത്രമേ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കാനാകുമെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ദ്ധർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം.

(ബി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്ന് 16-1-2019-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.ആർ.ഇ.-യോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഐ.ആർ.ഇ. കമ്പനി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ഖനനം നടക്കുന്ന സ്ഥലത്ത് കടൽത്തീരത്തിന് സമാന്തരമായി കടൽഭിത്തി നിർമ്മിച്ച് വന്നിട്ടുള്ളതാണ്. ആയതിന്റെ അറ്റകുറ്റപണികൾ ഖനനം നടത്തുന്ന കമ്പനികളുടെ സഹായത്തോടെ വർഷാവർഷം ചെയ്തുവരുന്നുണ്ട്. കൂടാതെ കടൽത്തീര വർദ്ധനവിനും തീരത്ത് അടിയുന്ന ധാതുക്കൾ ശേഖരിക്കുന്നതിനും കടൽത്തീരത്തിനു ലംബമായി പുലിമുട്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്.

## വീട് നിർമ്മാണത്തിനുള്ള മണ്ണ്

157 (2408) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനും മറ്റ് സ്വകാര്യ ആവശ്യത്തിനും മണ്ണ് കൊണ്ടുവരുന്നതിന് അനാവശ്യമായി പിഴ ചുമത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആവശ്യങ്ങൾക്ക് മണ്ണ് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് പാലിക്കേണ്ടത് എന്ന് വിശദമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ചട്ടപ്രകാരമുള്ള നിയമനടപടികൾ മാത്രമാണ് സ്വീകരിക്കുന്നത്.

(ബി) മണ്ണ് ഖനനം ചെയ്തുകൊണ്ടുപോകുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസ്സുകൾ സമ്പാദിച്ച വ്യക്തികളിൽ നിന്നുമാത്രം മണ്ണ് വാങ്ങി വാഹനങ്ങളിൽ കയറ്റിക്കൊണ്ട് പോകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(സി) മണ്ണ് ഖനനവും കടത്തുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടികൾ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(2), ടി ചട്ടത്തിന്റെ 22-6-2017-ലെ ഭേദഗതി എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ആലപ്പാട്ടെ കരിമണൽ ഖനനം

158(2409) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് കരിമണൽ ഖനനത്തെ സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുവാൻ സർക്കാർ ഇതുവരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഖനനത്തെ വിലയിരുത്തുവാൻ ഭൂജല വകുപ്പിന്റെ കീഴിൽ മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) ഖനനം കഴിഞ്ഞ ഇടങ്ങൾ പൂർവ്വസ്ഥിതിയിലാക്കി ഉടമകൾക്ക് കൈമാറിയിട്ടുണ്ടോ;

(ഡി) ആലപ്പാടിന്റെ പുനരുദ്ധാരണത്തിന് സമഗ്രമാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ?

ഉത്തരം

(എ) നിയമസഭാ പരിസ്ഥിതി സമിതി(2016-19)-യുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്ന് ശിപാർശകളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകി. വ്യവസ്ഥകൾ പാലിച്ചു ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക, സീ വാഷിംഗിന് ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2, 3, 4, 10, 11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16-1-2019-ന ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്ത് ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറക്കുന്നതിന് NCESS-നെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് പ്രകാരം 22-1-2019 മുതൽ സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ചുവരുത്താതെ ഖനന പ്രവർത്തനം നടത്തുക, ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2, 5, 6, 7, 8 എന്നീ ശിപാർശകൾ നടപ്പാക്കുവാൻ സർക്കാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 16-1-2019-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനന പ്രവർത്തികൾ നടക്കുന്ന

പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് മുഖേന നടത്തുന്ന ഒരു പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാകുമെന്നുമാണ് ഐ.ആർ.ഇ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയുംവേഗം ആയത് നൽകുകയും ചെയ്യണമെന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചുവരുന്നതായാണ് ഐ.ആർ.ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൈകൊള്ളാമെന്നും (ശിപാർശ 7) ഐ.ആർ.ഇ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ട്. ജില്ലാ മിനറൽ ഫൗണ്ടേഷനിലേയ്ക്ക് റോയൽറ്റിയുടെ 30% പ്രതിവർഷം ഐ.ആർ.ഇ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന് ഐ.ആർ.ഇ.എൽ.-ഉം കെ.എം.എം.എൽ.-ഉം വിഹിതം നൽകുന്നുമുണ്ട്.

(ബി) ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം.

(സി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണമെന്ന് ഐ.ആർ.ഇ.-യോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഐ.ആർ.ഇ. കമ്പനി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തയ്യാറായിട്ടില്ല.

## അയണിവേലിക്കുളങ്ങര വില്ലേജിലെ ഖനനം

159 (2410) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ അയണിവേലിക്കുളങ്ങര വില്ലേജിൽ ഖനനത്തിനായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവിടത്തെ ഭൂവുടമകളിൽ നിന്ന് സ്ഥലം കൈമാറുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കുമോ;

(സി) ഖനനത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തെ താമസക്കാർക്ക് പുനരധിവാസത്തിനായി ഏതെങ്കിലും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഇവിടെ നിന്ന് ശേഖരിക്കുന്ന കരിമണലിൽ നിന്ന് ധാതുക്കൾ വേർതിരിച്ച ശേഷം വേസ്റ്റ് മണ്ണ് തിരികെ നിക്ഷേപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ &ബി) കരുനാഗപ്പള്ളി താലൂക്കിലെ പന്മന, അയണിവേലിക്കുളങ്ങര, ആലപ്പാട് വില്ലേജുകളിലായി 180 ഹെക്ടർ സ്ഥലത്ത് കരിമണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതിയാണ് സർക്കാർ ഐ.ആർ.ഇ.-ക്ക് നൽകിയിട്ടുള്ളത്. ഇതിൽ അയണിവേലിക്കുളങ്ങര വില്ലേജിൽപ്പെട്ട സ്ഥലങ്ങളിൽ ഇപ്പോൾ ഖനനം നടക്കുന്നില്ല. ഭാവിയിൽ സ്ഥലമുടമകളുടെ അനുമതി ലഭ്യമായ ശേഷം മാത്രമേ ഖനനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവൂ.

(സി & ഡി) ഖനനം നടക്കാത്തതിനാൽ ബാധകമല്ല.

## കൈത്തറി മേഖല സംരക്ഷിക്കുന്നതിന് പദ്ധതി

160 (2411) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ സ്കൂളുകളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ഈ മേഖലയ്ക്ക് നൽകിയ ഉത്തേജനം എന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുണി ഉല്പാദിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; അല്ലെങ്കിൽ ഇതിനായി കൂടുതൽ തറികൾ ആരംഭിക്കുന്നതിന് സഹായം നൽകുമോ;

(ഡി) ഈ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ശരാശരി എത്ര ദിവസം തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്;

(ഇ) ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനായി കൈത്തറി സഹകരണ സംഘങ്ങൾക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) അനുബന്ധം ആയി ചേർക്കുന്നു*.

(സി) 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലേയും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെയും കുട്ടികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം വിതരണത്തിനായി ആകെ 42.8 ലക്ഷം മീറ്റർ തുണി ആവശ്യമാണ്. ആയത് ഉൽപാദിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. ഇതിനു പുറമേ കൂടുതൽ തറികൾ വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നുണ്ട്.

(ഡി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ശരാശരി 200 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ കൂടുതലായി നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ഇ) ഏറെ ജനപ്രിയ ഉൽപന്നങ്ങളായ റോയൽ വേഷ്ടികൾ, ഒറ്റമുണ്ടുകൾ, കാവികൾ, കളർ സാരികൾ, ഫർണ്ണീഷിംഗ് & ഷർട്ടിംഗ്സ് മുതലായവയുടെ വില ന്യായമായ കൂലിയുടെ അടിസ്ഥാനത്തിൽ ഉറപ്പാക്കി, ഉൽപാദനം, സംഭരണം, വിപണനം എന്നിവ നടപ്പിലാക്കുന്നതിനായി ഹാന്റക്സ്/ഹാൻവീവ് എന്നീ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, ധനസഹായം എന്നിവ നൽകുന്നു. ഉൽപന്നങ്ങളുടെ നവീകരണം (മൂല്യവർദ്ധന) ലക്ഷ്യമാക്കി കലാപരമായ കൈത്തറി പ്രോത്സാഹന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതു പ്രകാരം മികച്ച കലാമൂല്യമുള്ള ഉൽപന്നങ്ങൾ നെയ്തെടുക്കാൻ നെയ്ത്തുകാരെ പരിശീലനം നൽകി പ്രാപ്തരാക്കി അവർ നെയ്യുന്ന ഉൽപന്നങ്ങളിൽ ഏറ്റവും മികച്ചതിന് അവാർഡ് നൽകി പ്രോത്സാഹിപ്പിച്ച് വരുന്നു. കൂടാതെ, സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും ഏറ്റവും മികച്ച കൈത്തറി സഹകരണ സംഘങ്ങൾക്കും അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുന്നു.

### കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള കുടിശ്ശിക

161 (2412) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം വിതരണം ചെയ്ത ഇനത്തിൽ കണ്ണൂർ ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ട്;

(ബി) പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും തൊഴിലാളികൾക്കും കൂടി കൂലി ഇനത്തിൽ 18-11-2018 മുതൽ 26-1-2019 വരെ 2,56,26,955 രൂപ കുടിശ്ശിക ആയി നൽകാൻ ബാക്കിയുണ്ട്.

(ബി) സ്കൂൾ യൂണിഫോം വിതരണം ചെയ്ത ഇനത്തിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകുവാനുള്ള കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കാസർഗോഡ് സ്പിന്നിംഗ് മിൽ

162 (2413) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സ്പിന്നിംഗ് മിൽ എപ്പോഴാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം ഇടയ്ക്ക് മുടങ്ങിയിരുന്നോ; എങ്കിൽ കാരണമെന്തായിരുന്നുവെന്നും എത്ര വർഷക്കാലം പ്രവർത്തനരഹിതമായിരുന്നു വെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ മൂലധനം എത്രയാണെന്നും ഇതുവരെയുള്ള ലാഭ-നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; കുറേക്കാലം പ്രവർത്തനരഹിതമായിരുന്ന ശേഷം വീണ്ടും പ്രവർത്തനം തുടങ്ങിയത് എപ്പോഴാണെന്നും അതിനുള്ള ഫണ്ട് ലഭ്യമായത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സ്പിന്നിംഗ് മില്ലിൽ ഉൽപ്പാദിപ്പിക്കുന്നവ എന്തൊക്കെയാണെന്നും ഇവയുടെ മാർക്കറ്റിംഗ് സംവിധാനം എങ്ങനെയാണെന്നും വെളിപ്പെടുത്താമോ;

(ഇ) ഇവിടെ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും സ്ഥാപനം ലാഭകരമാണോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2010-11-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വന്ന പ്രോജക്ടാണ് കാസർഗോഡുള്ള ഉദുമ ടെക്സ്റ്റൈൽ മിൽ. പ്രസ്തുത മില്ലിന്റെ ഉദ്ഘാടനം 2011 ജനുവരി 28-നാണ് നടന്നത്.

(ബി) 2011-ലെ റിക്രൂട്ട്മെന്റ് കഴിഞ്ഞ സർക്കാർ റദ്ദ് ചെയ്തതും കോസ്റ്റ് ഓവർ റൺ മൂലമുണ്ടായ അധിക പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം ഫെബ്രുവരി 2018 വരെ മുടങ്ങിയിരുന്നു.

(സി) ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ മൂലധനം 29.64 കോടി രൂപയാണ്. പ്രസ്തുത മില്ലിന്റെ പ്രവർത്തനമാരംഭിച്ചത് 29-10-2018 മുതലാണ്. ട്രയൽ പ്രൊഡക്ഷനാണ് ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ലാഭനഷ്ടം കണക്കാക്കിയിട്ടില്ല.

18-11-2017-ലെ ജി. ഒ. (ആർറ്റി.) നം. 1579/2017/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി ഉദുമ ടെക്സ്റ്റൈൽ മില്ലിന് 942.92 ലക്ഷം രൂപ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ വഴി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉദുമ ടെക്സ്റ്റൈൽ മില്ലിൽ 40 കൗണ്ട് നൂലാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിന് പുറത്ത് ഓപ്പൺ യാൺ മാർക്കറ്റിലാണ് ഈ മില്ലിന്റെ നൂൽ ഇപ്പോൾ വിൽക്കുന്നത്.

(ഇ) ഉദുമ ടെക്സ്റ്റൈൽ മില്ലിൽ ഇപ്പോൾ 87 ജീവനക്കാരാണുള്ളത്. മില്ലിൽ ട്രയൽ പ്രൊഡക്ഷനാണ് ആരംഭിച്ചിട്ടുള്ളത്. കൊമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിച്ചുകഴിഞ്ഞാൽ പ്രസ്തുത മിൽ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും.

## ടെക്സ്റ്റൈൽ മില്ലുകളിലെ സേവന - വേതന കരാർ

163 (2414) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ മില്ലുകളിലെയും കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ മില്ലുകളിലെയും സേവന-വേതന കരാർ കാലാവധി അവസാനിച്ചിട്ടുണ്ടോ; എന്നാണ് അവസാനമായി പ്രസ്തുത കരാർ പുതുക്കിയത്; വിശദാംശം നൽകുമോ;

(ബി) കരാർ കാലാവധി തീർന്നിട്ടുണ്ടെങ്കിൽ അത് പുതുക്കി നിശ്ചയിക്കുന്നതിനും ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സൂപ്പർവൈസർ മുതൽ മാനേജിംഗ് ഡയറക്ടർ വരെയുള്ളവർക്ക് എന്നാണ് അവസാനമായി ഡി.എ. വർദ്ധിപ്പിച്ചതെന്ന് അറിയിക്കുമോ;

(ഡി) പുതുക്കിയ ഡി.എ. എന്നുമുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്;

(ഇ) സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ വേരിയബിൾ ഡി.എ. അടിസ്ഥാനവർഷം 1998-99-ൽ നിന്നും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; അവസാനമായി എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) കേരളത്തിലെ സഹകരണ മില്ലുകളിലെ സേവന-വേതന കരാർ കാലാവധി 30-11-2015-ൽ അവസാനിച്ചിട്ടുണ്ട്. പ്രസ്തുത മില്ലുകളിൽ ടി കരാർ അവസാനമായി പുതുക്കിയത് 10-8-2010-നാണ്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകളിലെ സേവന വേതന കരാറുകളുടെ (ദീർഘകാല കരാർ) കാലാവധി 2015 ഡിസംബർ മാസം 31-ാം തീയതി അവസാനിച്ചു. അവസാനമായി ദീർഘകാല കരാർ പുതുക്കിയത് 2010 ഡിസംബർ മാസത്തിലാണ്.

(ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലും ടെക്സ്ഫെഡ് മില്ലുകളിലും ദീർഘകാല കരാർ രൂപപ്പെടുത്തുന്നതും ഒപ്പുവയ്ക്കുന്നതും അതാതു മില്ലുകളിലെ ഉൽപ്പാദനക്ഷമത അടിസ്ഥാനപ്പെടുത്തിയാണ്. ഇതിനു മുമ്പായി സംസ്ഥാനതലത്തിൽ ടെക്സ്റ്റൈൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി (ഐ.ആർ.സി. ടെക്സ്റ്റൈൽസ്) പുതിയ ദീർഘകാല കരാറിനായുള്ള ഒരു ശമ്പളപാക്കേജ് ചർച്ച ചെയ്ത് രൂപപ്പെടുത്തുന്ന രീതിയുണ്ട്. ഇതു സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.)

ചെയർമാനായി ഐ.ആർ.സി. അംഗങ്ങളിൽനിന്നും ഒരു സബ്കമ്മിറ്റിയെ 2-2-2018-ൽ ലേബർ കമ്മീഷണർ ചുമതലപ്പെടുത്തുകയുണ്ടായി. ടി കമ്മിറ്റി കൂടുതൽ ചർച്ചകൾ നടത്തിവരികയാണ്. ഐ.ആർ.സി. തീരുമാനത്തെ തുടർന്ന് ഓരോ മില്ലുകളിലും യൂണിറ്റ് തലത്തിൽ ചർച്ച ചെയ്ത് ദീർഘകാല കരാർ ഒപ്പു വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ സൂപ്പർവൈസർ ആന്റ് മാനേജേരിയൽ വിഭാഗത്തിൽ 15-12-2017-ലാണ് അവസാനമായി രണ്ട് ഗഡു ഡി.എ. വർദ്ധിപ്പിച്ചത്. അതിൽ ഒരു ഗഡു ഡി.എ. 1-7-2015-മുതലും രണ്ടാമത്തേത് 1-1-2016-മുതലും പുതുക്കി നൽകിയിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർക്ക് ഈ വർദ്ധനവ് ബാധകമാക്കിയിട്ടില്ല.

ടെക്സ്ഫെഡിലും സഹകരണ സ്പിന്നിംഗ് മില്ലുകളിലും വേരിയബിൾ ഡി.എ. ആണ് നിലവിലുള്ളത്. ഈ സ്ഥാപനങ്ങളിൽ പുതുക്കിയ ഡി.എ. ജനുവരി 2016-മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്നും ഡെപ്യൂട്ടേഷനിൽ മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറും ടെക്സ് ഫെഡിന്റെ അധിക ചുമതലയും വഹിക്കുന്ന ടെക്സ്ഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അവസാനമായി ഡി.എ. വർദ്ധിപ്പിച്ചത് ഫെബ്രുവരി 2018-ൽ ആണ്.

(ഡി) ജനുവരി 2016 മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(ഇ) വേരിയബിൾ ഡി.എ. കണക്കാക്കുന്നതിനുള്ള അടിസ്ഥാന വർഷം 2015 ഏപ്രിൽ മാസം മുതൽ 1998-99-ൽ നിന്നും 2011-12 ആയി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും ടെക്സ് ഫെഡിന്റെയും കീഴിലുള്ള മില്ലുകളിൽ 10-8-2010-ലെ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഉണ്ടാക്കിയ ഐ.ആർ.സി. സെറ്റിൽമെന്റ് അനുസരിച്ച് ക്ഷാമബത്ത 400-ൽ അധികരിച്ച പോയിന്റിന് 5.31% വർദ്ധിപ്പിച്ച് 3.39 രൂപയിൽ നിന്നും 3.57 രൂപയാക്കി വർദ്ധിപ്പിച്ചു.

**കായികതാരങ്ങൾക്കും പരിശീലകർക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി**

164 (2415) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ ഒളിമ്പിക്സിൽ കേരള താരങ്ങൾക്ക് മെഡൽ നേടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിന് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും ഏതൊക്കെ കായിക ഇനങ്ങളിലാണ് പ്രത്യേക പരിശീലനം നൽകുന്നതെന്നും അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ കായിക താരങ്ങൾക്കും പരിശീലകർക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏത് കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും ഇൻഷ്വറൻസ് പരിരക്ഷ എത്ര ലക്ഷം രൂപയുടേതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2020-2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റെസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തേയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ടി പദ്ധതിയിലെ കായിക ഇനങ്ങൾക്ക് നൽകിവരുന്നുണ്ട്. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയിലെ പരിശീലനം ആരംഭിച്ചിട്ടില്ല.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു.

(ബി & സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങൾ, കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾ, കൗൺസിൽ ജീവനക്കാർ, പരിശീലകർ, ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലുമുൾപ്പെടുന്ന കായികതാരങ്ങൾ എന്നിവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് (Accident Insurance ഉൾപ്പെടെ) സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയതിന്റെ ഭാഗമായി 6 കമ്പനികളിൽ നിന്നും Expression of Interest ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കായികരംഗത്തിന് പുതിയ ദിശാബോധം നൽകുന്ന രൂപരേഖ**

165 (2416) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം സ്പോർട്സ് സൗകര്യങ്ങൾ പരിഗണിച്ചു കൊണ്ടുള്ളതും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു രൂപരേഖ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഒരു രൂപരേഖയില്ലാത്തതാണ് ഈ രംഗത്തെ അടിസ്ഥാന സൗകര്യ നിക്ഷേപത്തിന് ലക്ഷ്യബോധമില്ലാതിരിക്കുന്നതിന് കാരണമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ കായികരംഗത്തിന് പുതിയ ദിശാബോധം നൽകുന്ന തരത്തിൽ ഒരു രൂപരേഖ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ - സി) സംസ്ഥാനത്തെ മൊത്തം സ്പോർട്സ് സൗകര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ളതും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു രൂപരേഖ (വിഷൻ ഡോക്യുമെന്റ് 2018) തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018 മുതൽ 2033 വരെയുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ക്രമീകരിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി.

**നീന്തൽ പരിശീലനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ**

166 (2417) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അഭിമുഖീകരിച്ച മഹാപ്രളയത്തിന്റെ കൂടി പശ്ചാത്തലത്തിൽ നീന്തൽ പരിശീലനത്തിന് കൂടുതൽ സൗകര്യമേർപ്പെടുത്താൻ കായിക വകുപ്പ് പ്രത്യേക പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും നീന്തൽ പരിശീലനം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് കൂടുതൽ നീന്തൽ കുളങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കായിക വകുപ്പ് പുതിയതായി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളോടനുബന്ധിച്ച് നീന്തൽ കുളം കൂടി ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) നീന്തൽ പരിശീലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജലാശയ അപകടങ്ങളിൽനിന്ന് കുട്ടികൾക്ക് സ്വയം രക്ഷപ്പെടുന്നതിനാവശ്യമായ നീന്തൽ പരിശീലനം ഉറപ്പു വരുത്തുന്നതിനായി സപ്ലാഷ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. കൂടാതെ വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നീന്തൽ അറിയാമെന്ന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകർ സാക്ഷ്യപ്പെടുത്തുന്ന കുട്ടികൾക്ക് പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന അനുവദിച്ചുവരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കിഫ്ബി പദ്ധതി പ്രകാരം നടപ്പാക്കുന്ന സ്റ്റേഡിയങ്ങളിൽ നീന്തൽക്കുളം ഉൾപ്പെട്ടിട്ടുള്ള സ്റ്റേഡിയങ്ങളുടെ വിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ഡി) 12 വയസ്സുമുതൽ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നതിനുള്ള സപ്ലാഷ് എന്ന പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## യുവ സ്പോർട്സ് താരങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

167 (2418) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പോർട്സ് താരങ്ങൾക്ക് സർക്കാർ ജോലി നൽകി എന്നറിയിക്കാമോ;

(ബി) യുവതാരങ്ങളെ കായികരംഗത്ത് തന്നെ നിലനിർത്തുന്നതിന് സഹായകരമായ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വെളിപ്പെടുത്താമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് യുവതാരങ്ങളെ കായികരംഗത്ത് തന്നെ നിലനിർത്തുന്നതിന് കായിക പരിശീലനത്തിനായി കായിക യുവജന കാര്യാലയം മുഖാന്തിരം സ്വിമ്മിംഗ്, ആസ്ത്ര (ASTRA), ജിം എന്നീ കായിക വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ എന്നിവിടങ്ങളിൽ വിവിധ കായികയിനങ്ങളിൽ വിദഗ്ധ പരിശീലനം നൽകിവരുന്നു.

കൂടാതെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

(1) ഫുട്ബോൾ പരിശീലന പദ്ധതി(കിക്കോഫ്)

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

(2) <u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റെസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ് ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടിയ വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ല<u>ത്തും</u> ബാഡ്മിന്റൺ എറണാകുള<u>ത്തും</u> ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. കൂടാതെ ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ അന്തർദേശീയ പരിശീലനം നൽകുന്ന ഒരു പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(3) <u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായി ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എലൈറ്റ് സ്കീമിലെ കായിക താരങ്ങൾക്ക് പ്രതിദിനം 450 രൂപയും സ്പോർട്സ് കിറ്റും കായിക ഉപകരണങ്ങളും സപ്ലിമെന്ററി ഫുഡും ചികിത്സാ ചെലവും നൽകുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാദമികൾ, 54 കോളേജ് സ്പോർട്സ് അക്കാദമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാദമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചു ദിവസവും നൽകുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിലെ

കായികതാരങ്ങൾക്ക് പ്രതിദിനം 200 രൂപ നിരക്കിൽ ഡി.എയും പ്രതിമാസം 200 രൂപ നിരക്കിൽ വാഷിംഗ് അലവൻസും നൽകിവരുന്നുണ്ട്. കൂടാതെ സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവയും അനുവദിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെകീഴിൽ വിവിധ കായിക ഇനങ്ങളിലായി 13 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സെന്ററുകൾക്ക് പ്രതിവർഷം 1,00,000 രൂപ നൽകി വരുന്നുണ്ട്.

കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് അർഹമായ പാരിതോഷികം നൽകി വരുന്നുണ്ട്. വിദേശ മത്സരങ്ങളിലും പരിശീലനങ്ങളിലും പങ്കെടുക്കുന്നതിനും മത്സരങ്ങളെ തുടർന്നുണ്ടാവുന്ന പരിക്കുകളുടെ തുടർ ചികിത്സയ്ക്കുമായി കായിക വികസന നിധിയിൽ നിന്നും അർഹമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായികയിനങ്ങളിൽ നിന്നും 14 മുതൽ 19 വയസ്സു വരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ പ്രതിമാസം 10,000 രൂപയും സ്പോർട്സ് കിറ്റും അനുവദിച്ചുവരുന്നുണ്ട്.

**കിക്കോഫ് പദ്ധതി**

168 (2419) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പ് സ്കൂൾതലത്തിൽ നടപ്പിലാക്കുന്ന കിക്കോഫ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്നതാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതിയുടെ ലക്ഷ്യം. ഇതു നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി

ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കു പുറമേ പ്രസ്തുത സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി Zig Zag, 2 Vs 2, Speed Test എന്നീ മൂന്ന് ടെസ്റ്റുകൾ നടത്തി 50 കുട്ടികളെ തെരഞ്ഞെടുക്കുകയും അവർക്ക് 4 ദിവസം ഓരോ മണിക്കൂർ വീതമുള്ള പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് വീണ്ടും മത്സരം നടത്തി അതിൽ മികവ് തെളിയിക്കുന്ന 25 കുട്ടികൾക്ക് ഓരോ ആഴ്ചയിലും രണ്ടു ദിവസം ഒന്നര മണിക്കൂർ വീതം പരിശീലനം നൽകുന്നു. അതിനുശേഷം സ്കൂൾ തലത്തിലും ജില്ലാ തലത്തിലും ഈ കുട്ടികൾക്കായി മത്സരം സംഘടിപ്പിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

**അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ പരിശീലനം**

169 (2420) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.വി. രാജ സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇംഗ്ലണ്ടിലെ ചെൽസി ക്ലബ്ബ് കേരളത്തിൽ ഫുട്ബോൾ പരിശീലനം ലഭ്യമാക്കാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജി.വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ നിലവിൽ ഫുട്ബോൾ പരിശീലനം നൽകിവരുന്നുണ്ട്. ജി.വി രാജ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ് പദ്ധതി അനുസരിച്ച് രണ്ട് പുതിയ പരിശീലകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 4.33 കോടി രൂപ ചെലവഴിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇംഗ്ലണ്ടിലെ ചെൽസി ക്ലബിൽനിന്നും ഫുട്ബോൾ രംഗത്ത് പരിശീലനത്തിൽ സഹകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ നടന്നുവരുന്നു.

## സ്പോർട്സ് കൗൺസിലിലെ പരിശീലകർ

170 (2421) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിലെ പരിശീലകർക്ക് ആധുനിക പരിശീലന രീതികൾ പരിചയപ്പെടുന്നതിനും പഠിക്കുന്നതിനും സഹായകരമായ പദ്ധതികൾ നിലവിലുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അത്തരം പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സ്പോർട്സ് കൗൺസിലിലെ പരിശീലകർക്ക് ആധുനിക പരിശീലന രീതികൾ പരിചയപ്പെടുത്തുന്നതിനും പഠിക്കുന്നതിനും റിഫ്രഷർ കോഴ്സുകൾ നടത്താറുണ്ട്.

## തൃശ്ശൂർ ജില്ലയിലെ സ്റ്റേഡിയം നിർമ്മാണങ്ങൾ_

171 (2422) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ എളവള്ളി പഞ്ചായത്തിലെ എളവള്ളി, കണ്ടാണശ്ശേരി പഞ്ചായത്തിലെ നമ്പഴിക്കാട് എന്നീ സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

## ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടികൾ

172 (2423) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയമസഭാനിയോജക മണ്ഡലത്തിൽ ഒരു പൊതു കളിസ്ഥലം ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടെ നൂറ്റിപ്പത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ഒറ്റപ്പാലം മണ്ഡലത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

**സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള നടപടികൾ**

173 (2424) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് സ്പോർട്സ് മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിരിക്കണം; വിശദമാക്കാമോ;

(ബി) ഓരോ വർഷവും മികച്ച അൻപത് കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകുന്ന പദ്ധതി കാര്യക്ഷമമാക്കാനും പൊതുമേഖലാസ്ഥാപനങ്ങളിൽ ഉൾപ്പെടെ ജോലി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് പരിഗണിക്കുന്ന നേട്ടങ്ങളുടെ മുൻഗണനാക്രമം ചുവടെ ചേർക്കുന്നു:

(1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

(2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

(3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

(4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന മാറ്റങ്ങൾ/ കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ സഹിതം പരാമർശിക്കുന്ന വിജ്ഞാപനം വഴിയാണ് സ്പോർട്സ് ക്വാട്ട നിയമന അപേക്ഷ ക്ഷണിക്കുന്നത്. ഇതു കൂടാതെ ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായിക താരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകിവരുന്നു.

(ബി) വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

## ചടയമംഗലം കോട്ടുക്കലിൽ സ്പോർട്സ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം

174 (2425) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കോട്ടുക്കലിൽ സ്പോർട്സ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കായിക പരിശീലനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

ചടയമംഗലം കോട്ടുക്കലിൽ സ്പോർട്സ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഒരു വനിതാ കായിക അക്കാഡമി ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

## ചാലക്കുടി മണ്ഡലത്തിൽ ഖേലോ ഇന്ത്യ, കിക്കോഫ് പദ്ധതികൾ

175 (2426) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ സേക്രഡ് ഹേർട്ട് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി സ്റ്റേഡിയം നിർമ്മിക്കുന്നതിനും കൊടകര ജി.എൻ.ബി.എച്ച്.എസിൽ കിക്കോഫ് പദ്ധതി അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ സേക്രട്ട് ഹാർട്ട് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കൊടകര ജി.എൻ.ബി.എച്ച്.എസ്.-ൽ കിക്കോഫ് പദ്ധതി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കേരളോത്സവം

176 (2427) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 വർഷത്തിൽ പഞ്ചായത്ത്/ബ്ലോക്ക് /ജില്ല/സംസ്ഥാന തലത്തിൽ കേരളോത്സവം സംഘടിപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രളയംമൂലം 2018-ൽ കേരളോത്സവം ഉപേക്ഷിച്ചിരുന്നോ; ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) പഞ്ചായത്ത്/ബ്ലോക്ക്/മുൻസിപ്പൽ/ജില്ല തലത്തിൽ കേരളോത്സവം നടത്തുന്നതിന് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കാമോ; കേരളോത്സവം നടത്തിപ്പിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്ന് എത്ര രൂപവരെ ചെലവഴിക്കാം; വിശദവിവരങ്ങൾ നൽകാമോ;

(ഡി) 2018-ൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്തിയ മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളുടെ പട്ടിക നൽകാമോ?

ഉത്തരം

(എ) സംഘടിപ്പിച്ചിരുന്നില്ല.

(ബി) പ്രളയംമൂലം കേരളോത്സവം 2018 ഉപേക്ഷിച്ചിരുന്നു. കേരളത്തിലെ പ്രളയദുരിത സാഹചര്യം കണക്കിലെടുത്ത് "കേരളോത്സവം 2018" നടത്തേണ്ടതില്ലെന്ന തീരുമാനം കത്ത് മുഖേന ബോർഡിനെ അറിയിച്ചിരുന്നു.

(സി) 2018 കേരളോത്സവത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ നിശ്ചയിച്ചിരുന്ന ഗ്രാന്റ് തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ഗ്രാന്റ് തുക (രൂപയിൽ) |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 20,000 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 50,000 |
| 3 | മുനിസിപ്പാലിറ്റി | 35,000 |
| 4 | കോർപ്പറേഷൻ | 35,000 |
| 5 | ജില്ലാ പഞ്ചായത്ത് | 2,50,000 |

കേരളോത്സവത്തിന്റെ സംഘാടനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ അനുമതി നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ഗ്രാന്റ് തുക (രൂപയിൽ) |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 60,000 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 1,20,000 |
| 3 | മുനിസിപ്പാലിറ്റി | 1,20,000 |
| 4 | കോർപ്പറേഷൻ | 1,45,000 |
| 5 | ജില്ലാ പഞ്ചായത്ത് | 2,40,000 |

(ഡി) കേരളത്തിലെ പ്രളയദുരിത സാഹചര്യം കണക്കിലെടുത്ത് കേരളോത്സവം 2018 നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. ആയതിനാൽ 2018-ലെ കേരളോത്സവം നടത്തിപ്പ് സംബന്ധിച്ച മാർഗരേഖകൾ അംഗീകരിക്കുകയോ പഞ്ചായത്തുകൾക്ക് നൽകുകയോ ഉണ്ടായിട്ടില്ല.

## എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം

177 (2428) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് നിലവിൽ അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുള്ളത്;

(ബി) വിവിധ സ്ഥാപനങ്ങളിലും വ്യവസായ ശാലകളിലും വാണിജ്യ സമുച്ചയങ്ങളിലും ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ പ്രസ്തുത ഏജൻസി എത്രമാത്രം വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) അതിന്റെ പ്രവർത്തനത്തിലൂടെ 2018-ൽ എന്തുമാത്രം ഊർജ്ജം ലാഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഊർജ്ജക്ഷമതയില്ലാത്ത ഫാനുകളും, ഗാർഹിക ഉപകരണങ്ങളും, പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഊർജ്ജ വകുപ്പ് എന്നിവിടങ്ങളിൽ വിലയിരുത്താറുണ്ട്.

ഊർജ്ജ സംരക്ഷണ നിയമം 2001 നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയാണ് (State Designated Agency) എനർജി മാനേജ്മെന്റ് സെന്റർ.

2017, 2018 എന്നീ വർഷങ്ങളിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മികച്ച സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ ഒന്നാം സ്ഥാനം എനർജി മാനേജമെന്റ് സെന്ററാണ് കരസ്ഥമാക്കിയത്.

നീതി ആയോഗ് തയ്യാറാക്കിയ Energy Efficiency Preparedness Index-ൽ ഏറ്റവും ഊർജ്ജ കാര്യക്ഷമതയുള്ള സംസ്ഥാനം കേരളമാണ്.

എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന മേഖലകളിലാണ് നിലവിൽ അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുള്ളത്:

<u>നിയുക്ത ഉപഭോക്താക്കൾ</u>

കേന്ദ്ര സർക്കാർ പാസ്സാക്കിയ ഊർജ്ജസംരക്ഷണ നിയമം 2001 (Energy Conservation Act 2001) പ്രകാരം 12 തരങ്ങളിൽപ്പെട്ട വൻകിട വ്യവസായശാലകളെ നിയുക്ത ഉപഭോക്താക്കളായി (Designated Consumers) പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം 9 വ്യവസായശാലകളാണ് കേരളത്തിലുള്ളത്. ഇത്തരം സ്ഥാപനങ്ങളിൽ ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഊർജ്ജ ഓഡിറ്റ് നിർബന്ധമായും നടത്തേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം.

<u>വൻകിട ഊർജ്ജ ഉപഭോക്താക്കൾ</u>

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും (HT/EHT) ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

<u>ചെറുകിട വ്യവസായ മേഖലകൾ</u>

ചെറുകിട വൈദ്യുതി ഉപഭോക്താക്കൾക്ക് (ഗാർഹിക ഉപഭോക്താക്കൾ ഒഴികെ) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നിലവിലുണ്ട്.

ഗ്രാമപഞ്ചായത്തുകൾ

ഗ്രാമപഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ ഊർജ്ജ കാര്യക്ഷമതാ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകൾക്കും ഫാനുകൾക്കും പകരം ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ബൾബ്, എൽ.ഇ.ഡി ട്യൂബ്, ഫൈവ് സ്റ്റാർ ഫാൻ എന്നിവ സൗജന്യമായി നൽകാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

തെരുവുവിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തെരുവുവിളക്കുകൾക്ക് പകരമായി 18 വാട്ട്സിന്റെയും 35 വാട്ട്സിന്റെയും 100 വീതം എൽ.ഇ.ഡി തെരുവുവിളക്കുകൾ സൗജന്യമായി നൽകി.

സർക്കാർ കെട്ടിടങ്ങൾ

സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും സംസ്ഥാനത്തെ 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയായി.

ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ നിന്നും ഒരു കോടി രൂപ ചെലവഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല നിധിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷനുകളിൽ ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

സ്മാർട്ട് എനർജി പ്രോഗ്രാം

ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 4800 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 62,400-ഓളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി.

ഊർജ്ജ കിരൺ

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ സർക്കാരിതര സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇ.എ.സി. ഊർജ്ജ കിരൺ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 154 എൻ.ജി.ഒ.-കൾ ഭാഗമായിട്ടുണ്ട്. ഊർജ്ജ കിരൺ പദ്ധതിയുടെ ഭാഗമായി 140 നിയോജകമണ്ഡലങ്ങളിലായി 420 ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ലഭ്യമായ കണക്കുകൾ പ്രകാരം 96669 ആളുകൾ പങ്കെടുത്തിട്ടുണ്ട്.

എനർജി ക്ലിനിക്ക്

വീട്ടമ്മമാരെ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻവേണ്ടി തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക്ക് കാമ്പയിൻ സംഘടിപ്പിച്ചുവരുന്നു.

എനർജി ക്ലിനിക്കിന്റെ ഭാഗമായി 800-ഓളം സ്ത്രീകളെ മുൻനിർത്തി 14 ജില്ലകളിൽ 2500-ഓളം എനർജി ക്ലിനിക്ക് പ്രോഗ്രാമുകൾ കേരളത്തിൽ നടത്തി.

കേരളത്തിലെ ലൈബ്രറികളുമായി ചേർന്ന് വളരെ മികച്ച രീതിയിലുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഫിലമെന്റ് രഹിത കേരളം

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി ബഹു. മുഖ്യമന്ത്രി 2018 ഏപ്രിൽ 12-ന് പ്രഖ്യാപിച്ചു. ഇ.എം.സി.-യും പീലിക്കോട് ഗ്രാമപഞ്ചായത്തും ചേർന്ന് നടത്തിയ പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പിലാക്കിയത്. ഇ.എം.സി.-യിൽ നിന്നും 50 രൂപ നിരക്കിൽ 16500 എൽ.ഇ.ഡി. ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയിരുന്നു.

കൂടാതെ കെ.എസ്.ഇ.ബി.എൽ 2000 ബൾബുകളും വിതരണം ചെയ്തിട്ടുണ്ട്. കേരളം ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന പദ്ധതി (ഊർജ്ജ കേരള മിഷൻ) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കേരളത്തിലെ വിവിധ സ്ഥാപനങ്ങളിലെ വൈദ്യുതി പാഴാക്കൽ തടയുന്നതിനായും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായും നിരവധി പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും (HT/EHT) ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുപ്പതിലധികം സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജ കാര്യക്ഷമതാ കെട്ടിടങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്ഥാപനമായ ബി.ഇ.ഇ.-യുടെ സാമ്പത്തിക സഹായത്തോടെ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽപ്പെടുന്ന വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി ചെലവാകുന്ന തുകയുടെ 50 ശതമാനം (50,000 രൂപ വരെ) എനർജി ഓഡിറ്റ് സബ്സിഡി സ്കീം പ്രകാരം ഇ.എം.സി.-യിൽ നിന്നും നൽകിവരുന്നു.

ചെറുകിട വൈദ്യുതി ഉപഭോക്താക്കളിൽ (ഗാർഹിക ഉപഭോക്താക്കൾ ഒഴികെ) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം 30 കിലോവാട്ടിൽ അധികം കണക്റ്റഡ് ലോഡ് വരുന്ന കെട്ടിടങ്ങളിലും 50 കിലോവാട്ടിൽ അധികം വരുന്ന ചെറുകിട വ്യാവസായിക ഉപഭോക്താക്കൾക്കും പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ഈ പദ്ധതി പ്രകാരം ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിന് 10,000 രൂപ നൽകിവരുന്നു. 3 kW മുതൽ 9 kW വരെ കണക്റ്റഡ് ലോഡുള്ള ചെറുകിട വൈദ്യുത ഉപഭോക്താക്കൾക്ക് 3000 രൂപയും 10 kW മുതൽ 19 kW വരെ 5000 രൂപയും 20 kW മുതൽ 29 kW വരെ 7500 രൂപയുമാണ് ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിന് പ്രാഥമിക ഊർജ്ജ ഓഡിറ്റ് സ്കീം പ്രകാരം നൽകിവരുന്നത്.

വാണിജ്യ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണം ഉറപ്പ് വരുത്തുന്നതിന് 3 kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കി. ഇതിന്റെ ഭാഗമായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് വിഷയമാക്കി 30 പരിശീലന പരിപാടികൾ പൊതുമരാമത്ത്, നഗരാസൂത്രണം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ലൈസൻസ്ഡ് എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, ബിൽഡർമാർ, കോർപ്പറേഷനുകൾ എന്നിവയുമായി സഹകരിച്ച് നടത്തുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ 250 എഞ്ചിനീയർമാർക്ക് വിശദമായ പഠന ക്ലാസ്സുകൾ നടത്തുകയുണ്ടായി.

(സി) 2018-ലെ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡിൽ പങ്കെടുത്ത 53 സ്ഥാപനങ്ങളിൽ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 33.754 MU വൈദ്യുതിയും 88305 കിലോലിറ്റർ ഓയിലും ലാഭിക്കാൻ സാധിച്ചിട്ടുണ്ട്. ഈ വ്യവസായശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തിയാണ് വാർഷിക ഊർജ്ജ ഉപഭോഗവും ഊർജ്ജ ലാഭവും കണക്കാക്കിയിട്ടുള്ളത്.

(ഡി) കേരളത്തിലെ കാർഷിക ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് വിശദമായ പഠനം നടത്തി Detailed Project Report (DPR)-ന്റെ കരട് രൂപരേഖ ഇ.എം.സി. തയ്യാറാക്കിയിട്ടുണ്ട്.

കാര്യക്ഷമത കൂടിയ 5 സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി ട്യൂബ് ലൈറ്റുകളും മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുവാനുള്ള പരിപാടിയും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## വൈദ്യുതി ബോർഡിൽ സാങ്കേതിക വിദ്യയുടെ ക്രിയാത്മകമായ ഉപയോഗം

178 (2429) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നിലവിലുള്ള ജീവനക്കാരുടെ പ്രവർത്തനശേഷി ക്രിയാത്മകമായും ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയും വിനിയോഗിക്കണമെന്ന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അതിലൂടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിക്കുന്നുണ്ടോ;

(സി) കെ.എസ്.ഇ.ബി.യിൽ ഡ്രൈവർ, ഇപ്പുകാർ എന്നീ തസ്തികകളിലെ നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിൽ ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങളിൽ മേഖല അടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകണമെന്ന കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിലെ ശിപാർശ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 17-4-2017-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ രീതിയിൽ മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പുറമെ, കോഴിക്കോട് ഐ.ഐ.എം.-ന്റെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരുന്നു. ഐ.ഐ.എം. നിർദ്ദേശങ്ങൾ പഠിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന സേവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ഐ.ടി. വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമ നെറ്റ് സോഫ്റ്റ്‌വെയറിലൂടെ മികച്ച ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തി കഴിഞ്ഞു. കൂടാതെ

1. പുതിയ വൈദ്യുതി കണക്ഷനായി ഓൺലൈനിലൂടെ അപേക്ഷിക്കുവാനുള്ള സൗകര്യം

2. വൈദ്യുതി ബില്ലുകൾ ഓൺലൈനിലൂടെ അടയ്ക്കുവാനുള്ള സൗകര്യം

3. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ് . മുഖേന എത്തിക്കുന്ന ഊർജ്ജ-ദൂത് പദ്ധതി

4. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾഫ്രീ സംവിധാനം

5. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി

6. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി' എന്ന മൊബൈൽ ആപ്ലിക്കേഷൻ

7. വൈദ്യുതി ബിൽതുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യി.-ലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി)

8. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം

9. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം

10. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

11. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

12. വാട്ട്സ് ആപ്പ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

13. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

14 ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ആവശ്യമായ ഫീസ് അടയ്ക്കുന്നതിനും കാലതാമസമില്ലാതെ കണക്ഷൻ ലഭിക്കുന്നതിനായുള്ള ഗ്രീൻ ചാനൽ സംവിധാനം.

15. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്‌വെയർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് വികസിപ്പിച്ച സ്മാർട്ട് എന്ന സോഫ്റ്റ്‌വെയർ, സ്ഥാപനത്തിലെ ജോലി സുരക്ഷയും വൈദ്യുതി അപകടങ്ങളും സംബന്ധിച്ച് കാര്യങ്ങളെ നിരീക്ഷിച്ച് മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സഹായിക്കും. വൈദ്യുതി അപകടങ്ങൾ ഈ സോഫ്റ്റ്‌വെയർ വഴി റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൂടാതെ വിതരണ മേഖലയിലെ ഓഫീസുകളിൽ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതാത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്താനും തുടർനടപടി കൈക്കൊള്ളാനും ഈ സോഫ്റ്റ്‌വെയർ സഹായിക്കും.

ഉടൻതന്നെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന സംവിധാനങ്ങൾ:

1. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള ബി.പി.എസ്. സംവിധാനം.

2. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായിത്തന്നെ ഏത് സ്ഥലത്തുനിന്നും അപേക്ഷിക്കുവാനുള്ള സംവിധാനം.

കൂടാതെ വിവരസാങ്കേതികവിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ കൂടി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചുവരികയാണ്:

(a) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ് കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. സ്കാഡ് പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(b) തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(c) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഇ.ആർ.പി. (എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്) എന്ന സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) ഇല്ല.

(ഡി) ഇത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. ചില ശിപാർശകൾ നൽകിയിട്ടുണ്ടെങ്കിലും ഈ സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് ബോർഡ് ഒരു തീരുമാനവും ഇതുവരെ എടുത്തിട്ടില്ല. വൈദ്യുതി വിതരണ മേഖലയിലേതുൾപ്പെടെ വരുത്തേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ചും, മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾക്കായി ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത്, സർക്കാരിന്റെ അനുമതിയോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രളയംമൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം

179 (2430) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പ്രളയം കനത്ത ആഘാതം ഏല്പിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയം ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിരമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. ഇതിന് പുറമേ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം

നടത്തി വിലയിരുത്തുന്നതിനായി, ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ 193.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും.

(സി) പദ്ധതി പ്രദേശത്തുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലുംമൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇതുമൂലം പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമായി വരും.

**കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ള തുക**

180 (2431) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച് 31-ലെ കണക്ക് പ്രകാരം വൻകിട സ്വകാര്യ കമ്പനികളിൽ നിന്ന് മാത്രമായി കുടിശ്ശിക ഇനത്തിൽ 533 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാനുണ്ടോ എന്നറിയിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇനത്തിലും കോടതി വ്യവഹാരങ്ങളിലുമായി 2400 കോടി രൂപ ലഭിക്കാനുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതി ബോർഡ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 35 കോടി രൂപ നൽകുകയുണ്ടായോ;

(ഡി) 2016-17-ൽ പുറമേ നിന്ന് വാങ്ങിയ വൈദ്യുതിയുടെ ശരാശരി വില 3.58 രൂപയായിരുന്നത് 2018-19-ൽ 3.18 രൂപയായി കുറഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) ഈ വർഷം കനത്ത മഴയിലൂടെ 200 കോടി യൂണിറ്റ് വൈദ്യുതിക്കുള്ള ജലം അധികം ലഭിച്ചുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള കെ.എസ്.ഇ.ബി.യുടെ തീരുമാനത്തിന്റെ ന്യായീകരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 മാർച്ച് 31-ലെ കണക്കുപ്രകാരം വൻകിട സ്വകാര്യ കമ്പനികളിൽ (എച്ച്.റ്റി.) നിന്നും കുടിശ്ശിക ഇനത്തിൽ 448.56 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ളത്.

(ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ കേന്ദ്ര പൊതുമേഖലയിൽ നിന്നും 34.44 കോടിയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 69.96 കോടി രൂപയും ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 104.40 കോടി രൂപയാണ് 30-9-2018-ലെ കണക്കുപ്രകാരം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടുവാനുള്ളത്.

എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ ഇതര ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും 881.47 കോടി രൂപയാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പിരിഞ്ഞുകിട്ടുവാനുള്ളത്. മേല്പറഞ്ഞ തുകയിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ ആകെ 56.37 കോടി (50.85 + 2.89+ 2.63) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് പിരിഞ്ഞുകിട്ടുവാനുണ്ട്. ഇതു സംബന്ധിച്ച് കാറ്റഗറി തിരിച്ചുള്ള രേഖകൾ [30-9-2018-ലെ കണക്കുകളുടെ അടിസ്ഥാനത്തിൽ] അനുബന്ധമായി ചേർക്കുന്നു.*.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 36.20 കോടി രൂപ വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ പ്രസരണ ചാർജ്ജ് ഉൾപ്പെടെയുള്ള കേരള പെരി-ഫെറിയിലുള്ള ശരാശരി വില 3.76 രൂപയായിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ നവംബർ 2018 വരെയുള്ള യഥാർത്ഥ കണക്കെടുത്താൽ ഇത് 4.01 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ഇ) ജൂൺ മുതൽ ഡിസംബർ 2018 വരെയുള്ള കണക്കുകൾ പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ 5053 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഒഴുകിയെത്തിയിരുന്നു. എന്നിരുന്നാലും ഡാമുകൾ നിറഞ്ഞ് സ്പിൽവേയിലൂടെ ഈ കാലയളവിൽ 5652 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഒഴുക്കിക്കളയേണ്ടതായും വന്നു.

(എഫ്) കേരളത്തിൽ, പ്രതിവർഷം, ആവശ്യമായ വൈദ്യുതിയുടെ ഏകദേശം 25-30 ശതമാനം മാത്രമാണ് വൈദ്യുതി ബോർഡിന്റെ സ്വന്തം നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. ബാക്കി ആവശ്യകത, കേന്ദ്രനിലയങ്ങളിൽ നിന്നും, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്വകാര്യ ഉല്പാദകരിൽ നിന്നും വാങ്ങിയാണ് നിറവേറ്റുന്നത്. ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന് മൊത്തം ചെലവിന്റെ 56-60 ശതമാനം തുക വേണ്ടിവരുന്നു. അധികമഴയുടെ ലഭ്യതകൊണ്ട് വൈദ്യുതി വാങ്ങൽ ചെലവ് പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്ക് പുതുക്കുന്നത് വൈദ്യുതിയുടെ ഉല്പാദന വാങ്ങൽച്ചെലവുകൾക്കു പുറമേ പ്രവർത്തന പരിപാലന ചെലവുകൾ, സാമ്പത്തിക പലിശ ചെലവുകൾ, മൂലധന ഓഹരിയുടെ മടക്ക വിഹിതം തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം പരിഗണിച്ചുകൊണ്ടാണ്. അപ്രകാരം കണക്കാക്കുമ്പോൾ ഈ സാമ്പത്തികവർഷം തൊട്ട് നാല് വർഷത്തേയ്ക്ക് യഥാക്രമം 1100.70 കോടി, 1399.05 കോടി, 2065.28 കോടി, 2518.92 കോടി വീതം രൂപ വരുമാന കമ്മി ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ മുൻവർഷങ്ങളിൽ താരിഫ് വർദ്ധനവ് ഒഴിവാക്കി വർദ്ധനവ് മിതമാക്കുന്നതിനായി നീക്കിവച്ചിരുന്ന തുക ഉദ്ദേശം 5645 കോടി രൂപയായിരുന്നു. ഈ റഗുലേറ്ററി അസറ്റിന്റെ ഒരു വിഹിതവുംകൂടി കണക്കിലെടുത്താണ് മേൽപ്പറഞ്ഞ വരുമാനക്കമ്മി കണക്കാക്കിയിരിക്കുന്നത്. ഈ സാമ്പത്തിക വിടവുകൾ ഭാഗികമായെങ്കിലും നികത്തേണ്ടുന്നത് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അതിനാലാണ് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് നിരക്ക് വർദ്ധനവിനുവേണ്ടി കമ്മീഷനെ സമീപിച്ചത്.

## മണലൂർ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ

181 (2432) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ നെൽകൃഷി മേഖലയിൽ ഇരുപ്പൂകൃഷി ഇറക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും പല പാടശേഖരങ്ങളിലും ഉയർന്ന ശേഷിയുള്ള മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലഭിക്കാത്ത സാഹചര്യം നിലവിലുള്ളത് അറിയാമോ;

(ബി) എങ്കിൽ പാടശേഖരങ്ങളുടെ സമീപത്ത് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനോ അല്ലെങ്കിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി ശേഷി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്ന പരിഹാരത്തിനായി ഇലക്ട്രിക്കൽ സെക്ഷൻ പറപ്പൂരിന്റെ പരിധിയിൽ 5,75,779 രൂപയ്ക്ക് 80 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് ഒരു 160 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക എലവത്തൂർ കിഴക്കേ കോൾപ്പടവ് സമിതി അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി ചെയ്തുതീർക്കുന്നതാണ്.

## പ്രത്യേക നിർമ്മാണ കമ്പനി രൂപീകരണം

182 (2433) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വൈദ്യുത പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ വൈദ്യുത ബോർഡിലെ സിവിൽ എൻജിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി പ്രത്യേക നിർമ്മാണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ബോർഡിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ കമ്പനി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ എതെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഇതിനായി ഒരു സബ്സിഡിയറി കമ്പനി രൂപവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനിയുടെ ഘടനയിൽ മറ്റ് മാറ്റങ്ങൾ ഒന്നും ഉണ്ടാകുകയില്ല.

(സി) അടുത്ത രണ്ട് വർഷത്തേയ്ക്ക് കൺസൾട്ടൻസി വഴി നടപ്പിലാക്കാൻ അനുമതി ലഭിച്ച 714 കോടിയുടെ ആരോഗ്യ വകുപ്പിന്റേതുൾപ്പെടെ സർക്കാരിലും പൊതുമേഖലയിലുമുള്ള നിരവധി വിവിധോദ്ദേശങ്ങളായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ കൺസൾട്ടൻസി സേവനമാണ് പ്രത്യേക സബ്സിഡിയറി കമ്പനി മുഖേന ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

## വൈദ്യുതി ഉല്പാദന രംഗത്ത് പുതിയ പദ്ധതികൾ

183 (2434) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളെല്ലാംതന്നെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതാകയാൽ ഏതൊക്കെ വൻകിട പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജലവൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപയാണ് സർക്കാരിന് ചെലവ് വരുന്നത് എന്ന് അറിയിക്കാമോ; സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ ഇപ്രകാരമുള്ള ചെലവ് എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ വർദ്ധിപ്പിക്കുമെന്നതിനാൽ വൈദ്യുതി ഉല്പാദനരംഗത്ത് മറ്റെന്തെല്ലാം വഴികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളും വൻകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്.

കെ.എസ്.ഇ.ബി.എൽ -ന്റെ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന വൻകിട പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്)
2. തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്)

കൂടാതെ താഴെപ്പറയുന്ന വൻകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലാണ്:

| | |
|---|---|
| 1. മാങ്കുളം (40 മെഗാവാട്ട്) | പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു |
| 2. വൈത്തിരി (60 മെഗാവാട്ട്) | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 3. അപ്പർ ചാലിയാർ (105 മെഗാവാട്ട്) | |
| 4. ഇടുക്കി എക്സ്റ്റൻഷൻ സ്കീം (780 മെഗാവാട്ട്) | പ്രാഥമിക പഠനം പൂർത്തിയായി |

ഇതിനുപുറമെ 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ പ്രാരംഭനടപടികൾ ഈ സർക്കാരിന്റെ കാലത്ത് നടത്തിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് എതിരെ ചില സംഘടകളും രാഷ്ട്രീയ പാർട്ടിയും ആശങ്കകൾ ഉയർത്തിയതിനാൽ സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 2017-18 ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി 1.24 രൂപ ചെലവ് വരും.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് വാങ്ങുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് 2019-20 സാമ്പത്തികവർഷം നൽകേണ്ടി വരുന്ന തുക താഴെ കൊടുത്തിരിക്കുന്നു:

| | | |
|---|---|---|
| അള്ളുങ്കൽ | - | 2.44 Rs/Unit |
| ഇരുട്ടുക്കാനം I & II | - | 2.7 Rs/Unit |
| കാരിക്കയം | - | 4.16 Rs/Unit |
| മീൻവല്ലം | - | 4.88 Rs/Unit |
| പതങ്കയം (താൽക്കാലികമായി നിശ്ചയിച്ചിട്ടുള്ളത്) | - | 3.49 Rs/Unit |
| കല്ലാർ | - | 4.88 Rs/Unit |
| പാമ്പുങ്കയം | - | 4.88 Rs/Unit |

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾക്കൊന്നും സർക്കാരിൽ നിന്ന് ചെലവ് വരുന്നില്ല.

(സി) പാരിസ്ഥിതിക പ്രശ്നങ്ങൾ താരതമ്യേന തുലോം കുറവായിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണ് സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം മുന്തിയ പരിഗണന നൽകിയിട്ടുള്ളത്.

പുനരുപയോഗ സ്രോതസ്സായ സൗരോർജ്ജത്തിൽനിന്നും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി ഊർജ്ജ കേരളമിഷനിൽ പ്രഖ്യാപിച്ച "സൗര" എന്ന പദ്ധതിയാണ്. ഇതിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾവഴി 500 മെഗാവാട്ട് ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേയ്ക്ക് വാങ്ങുന്നതിന് മത്സര ടെണ്ടർ ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് സോളാർ പാർക്കിൽ നിന്നും നിലവിലുള്ള 50 മെഗാവാട്ടിനുപുറമേ മറ്റൊരു 50 മെഗാവാട്ട് കൂടി വാങ്ങുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ THDCIL-മായി വൈദ്യുതവാങ്ങൽ കരാറിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. കായംകുളത്ത് NTPC-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കുവാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. NHPC മുഖേന വെസ്റ്റ് കല്ലടയിലെ 50 മെഗാവാട്ട് ഫ്ലോട്ടിംഗ്

സോളാർ പദ്ധതിയുടെ ആദ്യഘട്ടമായ 10 മെഗാവാട്ടിന് വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ജലസംഭരണികളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഖരമാലിന്യത്തിൽനിന്നും KSIDC മുഖേന വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 7 ജില്ലകളിൽ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ടിന്റെയും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി 0.2 മെഗാവാട്ടിന്റെയും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഊർജ്ജോല്പാദനരംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനായി നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതിയും കാറ്റിൽ നിന്നും 59.725 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

## വൻകിട ജലവൈദ്യുത പദ്ധതികൾ

184 (2435) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, തൊട്ടിയാർ, ചാത്തൻകോട്ടുനട 2 എന്നീ ജലവൈദ്യുത പദ്ധതികളുടെ നിലവിലെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഏതെങ്കിലും വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യത്തിൽ വൻകിട ജലവൈദ്യുത പദ്ധതികളെക്കാൾ നല്ലത് ചെറുകിട ജലവൈദ്യുത പദ്ധതികളാണോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, തൊട്ടിയാർ, ചാത്തൻകോട്ടുനട എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിച്ചു. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം 75.8% പണികൾ പൂർത്തിയായി. തൊട്ടിയാറിന്റെ 36% പണികളും ചാത്തൻകോട്ടുനട-2 ന്റെ 37.35% പണികളും പൂർത്തിയായി.

(ബി) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിൽ നിന്നും 60 മെഗാവാട്ടും തോട്ടിയാർ പദ്ധതിയിൽനിന്നും 40 മെഗാവാട്ടും ചാത്തൻകോട്ടുനട 2 പദ്ധതിയിൽ നിന്നും 6 മെഗാവാട്ടുമുൾപ്പെടെ ആകെ 106 മെഗാവാട്ട് ആണ് ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. നിലവിലുള്ള ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ട് (780 മെഗാവാട്ട്) തയ്യാറാക്കിയിട്ടുണ്ട്.

ഇതിനുപുറമെ 40 മെഗാവാട്ടിന്റെ മാങ്കുളം ജലവൈദ്യുത പദ്ധതിയുടെ സ്ഥലമെടുപ്പുൾപ്പെടെയുള്ള പ്രാഥമിക പ്രവൃത്തികൾ നടന്നുവരുന്നു.

താഴെപ്പറയുന്ന വൻകിട ജലവൈദ്യുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കലും/സാധ്യതാപഠനം എന്നിവയും പുരോഗമിക്കുന്നു.

1. വൈത്തിരി (60 മെഗാവാട്ട്)

2. അപ്പർ ചാലിയാർ (105 മെഗാവാട്ട്)

3. ഇടമലയാർ, ശബരിഗിരി നിലവിലുള്ള പവർഹൗസുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ സാധ്യതാ പഠനം നടന്നുവരുന്നു.

കൂടാതെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്നതിന് എതിരെ ചില സംഘടനകളും രാഷ്ട്രീയ പാർട്ടികളും ആശങ്കകൾ ഉയർത്തിയതിനാൽ സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) വൻകിട ജലവൈദ്യുത പദ്ധതികളും ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളും വൻകിട ജലവൈദ്യുത പദ്ധതികളും ആവശ്യമാണ്.

## എൽ.ഇ.ഡി. ബൾബുകൾ

185 (2436) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ഗാർഹിക ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ.ഇ.ഡി ബൾബുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

Domestic Efficient Lighting Programme (DELP) പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നരക്കോടി (1.5 കോടി) എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 2018 ഡിസംബർ വരെ 13433438 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ബൾബുകളുടെ വിതരണം പുരോഗമിക്കുന്നു.

ഫിലമെന്റ് രഹിത കേരളം

കേരളം മുഴുവനായി ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന പദ്ധതി (ഊർജ്ജ കേരള മിഷൻ) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണ ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി. ബൾബുകൾ മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ ബൾബുകൾ വിതരണം ചെയ്യുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. LED ടെണ്ടർ മുഖാന്തരം വാങ്ങുന്നതിനുള്ള നടപടികൾ KSEBL നിർവ്വഹിക്കും. ഉപഭോക്താക്കൾക്ക് അവരുടെ പ്രതിമാസ വൈദ്യുതി ബില്ലിന്റെ കൂടെ തവണകളായി ബൾബുകളുടെ വില അടയ്ക്കുന്നതിന് സൗകര്യം ഒരുക്കും.

ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ 14 ഗ്രാമപഞ്ചായത്തുകളിൽ "മാതൃകാ ഊർജ്ജ കാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് പദ്ധതി"യുടെ ഭാഗമായി 112800 എൽ.ഇ.ഡി ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു. ഒരു ബൾബിന് 50 രൂപ നിരക്കിൽ ഒരു ഉപഭോക്താവിന് 2 ബൾബുകൾ വീതമാണ് വിതരണം ചെയ്തത്.

## ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന

186 (2437) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കിയുള്ള കേന്ദ്രസർക്കാർ പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം സംസ്ഥാനത്ത് എത്രപേർക്ക് പ്രയോജനം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

### ഉത്തരം

ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 111041 BPL ഭവനങ്ങൾക്ക് പ്രയോജനം ലഭിച്ചു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു.

| നമ്പർ | ജില്ല | വൈദ്യുതീകരിച്ച ബി.പി.എൽ. ഭവനങ്ങളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 4426 |
| 2 | എറണാകുളം | 3272 |
| 3 | ഇടുക്കി | 5858 |
| 4 | കണ്ണൂർ | 3621 |
| 5 | കാസർഗോഡ് | 2884 |
| 6 | കൊല്ലം | 8828 |
| 7 | കോട്ടയം | 5114 |
| 8 | കോഴിക്കോട് | 9550 |
| 9 | മലപ്പുറം | 10557 |
| 10 | പാലക്കാട് | 15210 |
| 11 | പത്തനംതിട്ട | 6849 |
| 12 | തിരുവനന്തപുരം | 15261 |
| 13 | തൃശ്ശൂർ | 4744 |
| 14 | വയനാട് | 14867 |
| | **ആകെ** | **111041** |

## ദ്യുതി 2021 പദ്ധതി

187 (2438) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഊർജ്ജ കേരള മിഷന്റെ 'ദ്യുതി 2021' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഊർജ്ജ കേരള മിഷന്റെ 'ദ്യുതി 2021' പദ്ധതി 2021'-ഓടുകൂടി വൈദ്യുതി വിതരണ ശൃംഖലയുടെ നവീകരണവും കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പു വരുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ളതാണ്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സമഗ്ര പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര-ഗ്രാമ വ്യത്യാസം ഇല്ലാതെ എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്ന വിധം 'വൈദ്യുതി വളയ സംവിധാനം' രൂപപ്പെടുത്താനും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോള തലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജ്ജിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി എച്ച്.റ്റി. ലൈനുകൾ പുതിയതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, എച്ച്.റ്റി. - എൽ.റ്റി. ശൃംഖലകളിൽ ബാക് ഫീഡിംഗ് സംവിധാനം ഉറപ്പു വരുത്തുക, എ.ബി.സി., ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്കു കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഇടമൺ-കൊച്ചി വൈദ്യുതി ലൈനിന്റെ നിർമ്മാണം

188 (2439) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമൺ-കൊച്ചി വൈദ്യുതി ലൈനിന്റെ നിർമ്മാണം ആരംഭിച്ചത് എന്നുമുതൽ എന്നും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട 326 മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടമില്ലാതെ സംസ്ഥാനത്തെത്തിക്കേണ്ട ഇടമണൽ-കൊച്ചി 400 കെ.വി.ലൈൻ കമ്മീഷൻ ചെയ്യുവാനുള്ള നടപടികൾ എപ്പോൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ പ്രവൃത്തികൾ നിലവിലെ സർക്കാർ വരുന്നതുവരെ എത്ര ശതമാനം പണികൾ നടന്നു എന്നും ശേഷം നാളിതുവരെ എത്ര ശതമാനം പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ഡി) നിലവിൽ സംസ്ഥാനത്തുള്ള സ്ഥാപിത പ്രസരണ ശേഷി എത്രയെന്നും ഇടമൺ-കൊച്ചി ലൈൻ പ്രവർത്തനക്ഷമമായാൽ ആയത് എത്രയാക്കി വർദ്ധിപ്പിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ നിർമ്മാണം കരാർ പ്രകാരം നൽകിയത് 2008 മാർച്ചിൽ തുടങ്ങി 2010 മാർച്ചിൽ പൂർത്തിയാക്കാനായിരുന്നു. നാല് ജില്ലകളിലും പണികൾ ആരംഭിച്ചെങ്കിലും സ്ഥലമുടമകളുടെ ശക്തമായ എതിർപ്പുമൂലം കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. അന്നുവരെ 36% ടവർ ഫൗണ്ടേഷനുകളും 20% ടവർ ഇറക്ഷൻ ജോലികളും 7% ലൈൻ വലിക്കലും പൂർത്തിയായിരുന്നു. തുടർന്ന് 2015-ൽ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും നിരന്തര ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി 9-3-2017-ൽ നിർമ്മാണം പുനരാരംഭിച്ചു. ഇപ്പോൾ ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ ലൈനിന്റെ 98% ഫൗണ്ടേഷൻ ജോലികളും 96% ടവർ നിർമ്മാണവും 69% ലൈൻ വലിക്കുന്ന ജോലിയും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കൂടംകുളം ആണവവൈദ്യുത നിലയത്തിൽ നിന്നും കേരളത്തിന്റെ വൈദ്യുതി വിഹിതമായ 266 മെഗാവാട്ട് പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്ത് എത്തിക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന ഇടമൺ-കൊച്ചി ലൈൻ പദ്ധതി 2019 മാർച്ച് 31-ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ 36% ടവർ ഫൗണ്ടേഷനുകളും 20% ടവർ ഇറക്ഷൻ ജോലികളും 7% ലൈൻ വലിക്കലും പൂർത്തിയായിരുന്നു. ഇപ്പോൾ 98% ഫൗണ്ടേഷൻ ജോലികളും 96% ടവർ നിർമ്മാണവും 69% ലൈൻ വലിക്കുന്ന ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്തിലേയ്ക്ക് വൈദ്യുതി ഇറക്കുമതി ചെയ്യുവാനുപയോഗിക്കുന്ന ലൈനുകളുടെ സ്ഥാപിതശേഷി ഏകദേശം 4000 മെഗാവാട്ട് (unconstrained) ആകുന്നു. ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ പൂർത്തിയാകുന്നതോടെ ഈ ശേഷി ഏകദേശം 2000 മെഗാവാട്ട് കൂടി വർദ്ധിക്കുന്നതാണ്.

## വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

189 (2440) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കാലപ്പഴക്കം വന്നവയും അപകടകരവും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതുമായ വൈദ്യുതി വിതരണ ലൈനുകൾ കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) റോഡുകൾക്കും സ്ഥാപനങ്ങൾക്കും വീടുകൾക്കും കുറുകെയുള്ള പരമാവധി വൈദ്യുത ലൈനുകൾ പുനഃക്രമീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധ പ്രസ്ഥാനങ്ങൾ, വ്യാവസായിക വാണിജ്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ വൈദ്യുതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രസ്തുത പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിതരണനഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി. ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ." മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡ് വർഷംതോറും പ്രസരണനഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുപരിയായി പത്ത് വർഷത്തേയ്ക്കുള്ള ദീർഘകാല പ്രസരണ പദ്ധതികൾ ആസൂത്രണം ചെയ്ത് അവ നടപ്പിലാക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10,000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ സംരംഭമായ KIIFB-വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും 5200 കോടിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021-ഓടെയും 1630 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനാകുമെന്ന് കണക്കാക്കുന്നു.

(ബി & സി) 'ദ്യുതി-2021' പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനും കാലപ്പഴക്കം വന്നവയും അപകടകരവും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതുമായ വൈദ്യുത വിതരണ ലൈനുകൾ കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിനുമുള്ള ക്രോസ് കൺട്രി ലൈനുകൾ പരമാവധി പൊതുനിരത്തുകളിലൂടെ മാറ്റി സ്ഥാപിക്കുവാനുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

(ഡി) സെക്ഷൻ അടിസ്ഥാനത്തിൽ ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആഭ്യന്തര വൈദ്യുതോല്പാദനം

190(2441) <u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വൈദ്യുതിയിൽ എഴുപത് ശതമാനവും പുറമേ നിന്നും വാങ്ങേണ്ടി വരുന്ന സാഹചര്യത്തിൽ ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഊർജ്ജ ക്ഷാമം പരിഹരിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നതെന്നും ഇവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ആഭ്യന്തര വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുകീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ജലവൈദ്യുത പദ്ധതികൾ (ആകെ 193.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ പുതിയതായി 12 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി 119 മെഗാവാട്ട് അധിക സ്ഥാപിത ശേഷി കൂടി ലക്ഷ്യമിട്ടിട്ടുണ്ട്.

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരളം പദ്ധതിയിൽ സോളാർ വൈദ്യുതി ഉത്പ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട്

എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. 'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

എനർജി മാനേജ്മെന്റ് സെന്റർ വഴി ചെറുകിട ജലവൈദ്യുതോല്പാദന രംഗത്ത് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'ബൂട്ട്' അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നടപ്പാക്കുന്നുണ്ട്. ഇത് ഈ രംഗത്ത് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ചെറിയ ഉയര വ്യത്യാസം കിട്ടാവുന്ന ചെറുതോടുകൾ, പുഴകൾ, കനാലുകൾ ഇവയിൽ നവീന രീതിയിലുള്ള വോർട്ടെക്സ് ടർബയിനുകൾ (കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന രീതി), വെള്ളത്തിന്റെ ഒഴുക്ക് (Velocity) ഉപയോഗപ്പെടുത്തി കറക്കുന്ന കൈനറ്റിക് ടർബയിൻ സാങ്കേതികവിദ്യ എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള 10 kw-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു.

5kw-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കൾവഴി 1 kw മുതൽ 5 kw-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114-ഓളം എണ്ണം നടപ്പിലാക്കികഴിഞ്ഞു. ഇതിനോടുകൂടിത്തന്നെ ചിന്നാർ വന്യമൃഗസങ്കേതത്തിനകത്തെ തായന്നൻ കുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

അനെർട്ട് താഴെപ്പറയുന്ന പദ്ധതികൾ ചെയ്യുന്നു:

(1) <u>സൗര-ഊർജ്ജ കേരള മിഷൻ</u>

ഊർജ്ജ കേരള മിഷൻ പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിന്-കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡിയോടുകൂടി ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്. ആകെ 10 MW പദ്ധതികൾക്കാണ് ഇപ്പോൾ സബ്സിഡി ലഭ്യമാക്കിയിട്ടുള്ളത്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(3) <u>സംസ്ഥാന സർക്കാർ പദ്ധതികൾ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് 14/02/2018 ലെ സ. ഉ. (കൈ) നം. 22/2018/ത.സ്വ.വ. പ്രകാരം ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(4) <u>സർക്കാർ കെട്ടിടങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കുന്നു</u>

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

ജില്ലാ ഭരണകേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(5) വിൻഡ് എനർജി

ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് സ്ഥാപിക്കുന്ന 3 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് കഞ്ചിക്കോട്ട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

(സി) നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുകീഴിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബൂട്ട് (Build, Own, Operate & Transfer) അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് മത്സരദർഘാസിലൂടെ സർക്കാർ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു:

(1) 8MW ആനക്കാംപോയിൽ (കോഴിക്കോട് ജില്ല) മേയ് 2019 നകം കമ്മീഷൻ ചെയ്യാവുന്ന വിധത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(2) 4.5 MW-ന്റെ അരിപ്പാറ പദ്ധതി(കോഴിക്കോട് ജില്ല)യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മെയ് 2020-ഓടുകൂടി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വിചാരിക്കുന്നു.

(3) 'വോർട്ടക്സ്' സാങ്കേതികവിദ്യയിൽ ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പിലാക്കുന്ന ഉയരവ്യത്യാസം അധികമില്ലാത്ത സ്ഥലങ്ങളിൽ (കൃത്രിമമമായി ചുഴി സൃഷ്ടിച്ച് ടർബയിൻ ഓടിക്കുന്ന രീതി) 20KW-ന്റെ ഡെമോൺട്രേഷൻ പദ്ധതി തിരുവനന്തപുരം നഗരസഭാതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കിള്ളിയാറിൽ നടന്നുവരുന്നു. ഇതിൽ പണികൾ പൂർത്തിയായി എൽ.റ്റി. ഗ്രിഡിലോട്ട് സിംക്രണൈസ് ചെയ്ത് ട്രയൽ റൺ നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തൽ

191 (2442) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) വൈദ്യുതി ശൃംഖലയുടെ മൊത്തത്തിലുള്ള സ്ഥിരതയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഊർജ്ജ ലഭ്യത കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി എത്രത്തോളം പ്രയോജനപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയിൽപ്പെടുത്തി നിർമ്മാണം ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്;

(ഡി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കി വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400/220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗലൂർ-മാടക്കത്തറ 2000 MW HVDC ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും CEA-യുടെ Planning നിലവാരമനുസരിച്ചുള്ള പ്രസരണ ശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുമായി കെ. എസ്. ഇ. ബി. ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 10,000 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള സർക്കാർ സംരംഭമായ

KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും 5200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4,745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021-ലും 1630 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024-ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഒന്നാം ഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിൽ രണ്ട് പദ്ധതികൾക്ക് - ഏറനാട് ലൈൻ പാക്കേജിനും HLTS ലൈൻ പാക്കേജിനും കേന്ദ്ര ഏജൻസിയായ PSDF വഴിയാണ് ഫണ്ടിംഗ്. PSDF-ൽ നിന്നും ഈ രണ്ട് പദ്ധതികൾക്കായി ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. മലപ്പുറം-മഞ്ചേരി ലൈൻ പാക്കേജിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. കേന്ദ്ര ഏജൻസിയായ PSDF വഴി ഫണ്ടിംഗുള്ള ഏറനാട് ലൈൻ പാക്കേജിന്റെയും HLTS ലൈൻ പാക്കേജിന്റെയും KIIFB ഫണ്ടിംഗുള്ള കൊച്ചി ലൈൻ പാക്കേജിന്റെയും 2 സബ്സ്റ്റേഷൻ പാക്കേജുകളുടെയും പ്രവൃത്തികൾ സുഗമമായി പുരോഗമിക്കുന്നു. 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. സ്ഥലലഭ്യത ഉറപ്പാക്കുന്നതോടുകൂടി മറ്റ് 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാടക്കത്തറ-അരീക്കോട് 400/220 കെ.വി. ലൈൻ യാഥാർത്ഥ്യമാകുന്നതോടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കൂടുതൽ വൈദ്യുതി സംസ്ഥാനത്ത് എത്തിക്കാനാകും. കൂടാതെ തൃശ്ശൂർ ജില്ലയിൽ PGCIL-ന്റെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന 2,000 മെഗാവാട്ട് HDVC Station-ൽ നിന്നുള്ള വൈദ്യുതി വടക്കൻ ജില്ലകളിലേയ്ക്കും എത്തിക്കാനാകും. ഇതുവഴി വടക്കൻ ജില്ലകളിലെ വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും ഇല്ലാതാകും. സംസ്ഥാനത്ത് പ്രധാന സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും അനുബന്ധ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക വഴി വൈദ്യുതി പ്രസരണ നഷ്ടത്തിൽ ഏകദേശം 130 മെഗാവാട്ടിന്റെ കുറവ് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക വഴി തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി വിതരണം ചെയ്യാൻ കഴിയും.

(സി)

ടേബിൾ - 1 ലൈൻ പാക്കേജ് - ഒന്നാം ഘട്ടം

| ക്രമ നമ്പർ | പദ്ധതിയുടെ വിശദാംശങ്ങൾ | പുരോഗതി |
|---|---|---|
| 1 | 2 | 3 |
| 1 | നിലവിലുള്ള 66 കെ.വി. സിംഗിൾ സർക്യൂട്ട് മലപ്പുറം മഞ്ചേരി ലൈൻ മോണോപോൾ ഉപയോഗിച്ച് ഉയർന്ന വൈദ്യുതി വാഹക ശേഷിയുള്ള HLTS Conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി 10.71 km. | പൂർത്തീകരിച്ചു (5-1-2018) |
| 2 (a) | തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ മുതൽ മലപ്പുറം ജില്ലയിലെ അരീക്കോട് വരെ നിലവിലുള്ള 220 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 400/200 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി | ഒന്നാം ഘട്ടമായി മാടക്കത്തറ മുതൽ മലാപ്പറമ്പ് വരെയുള്ള 47.006 km ഭാഗം പുതിയ ടവറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു. ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു |
| 2 (b) | മലപ്പുറം ജില്ലയിലെ കിഴിശ്ശേരി മുതൽ കോഴിക്കോട് ജില്ലയിലെ നല്ലളം വരെ നിലവിലുള്ള 110 കെ.വി. ലൈൻ 220/110 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി 24.128 km. | ഒന്നാം ഘട്ടമായി കിഴിശ്ശേരി മുതൽ ചേളാരി വരെയുള്ള 12 കി. മീ. ലൈനിന്റെ ടവർ സ്ഥാപിക്കൽ പൂർത്തിയായി. ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു |
| 3 (a) | കക്കയം മുതൽ നല്ലളം വരെയുള്ള 45 കി. മീ. 110 കെ.വി. ലൈൻ ഉയർന്ന വൈദ്യുതി വാഹകശേഷിയിലും ഉയർന്ന താപനിലയിലും പ്രവർത്തിക്കുന്ന HLTS Conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി | 26.481 കി. മീ. പൂർത്തീകരിച്ചു |
| 3 (b) | നല്ലളം, കൊയിലാണ്ടി, ചേവായൂർ, വെസ്റ്റ് ഹിൽ മാങ്കാവ് വരെയുള്ള സിംഗിൾ സർക്യൂട്ട് 110 കെ.വി. ലൈൻ ഉയർന്ന വൈദ്യുതി വാഹക ശേഷിയിലും ഉയർന്ന താപനിലയിലും പ്രവർത്തിക്കുന്ന HTLC Conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഡബിൾ സർക്യൂട്ട് ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി 32 km. | ടവർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു |

| 1 | 2 | 3 |
|---|---|---|
| 4 | ചിത്തിരപുരം, ആലുവ, കോതമംഗലം, കലൂർ എന്നീ 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. ലൈൻ 220 കെ.വി. ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി | കോതമംഗലം മുതൽ കറുകടം വരെയുള്ള ഭാഗം പൂർത്തിയായി |
| 5 | കലൂർ സബ്സ്റ്റേഷനിൽ നിന്ന് തുതിയൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള 220 കെ.വി. ഭൂഗർഭ കേബിൾ | നിർമ്മാണം പുരോഗമിക്കുന്നു |

ടേബിൾ - 2 സബ്സ്റ്റേഷൻ പാക്കേജ് - ഒന്നാം ഘട്ടം

| | | |
|---|---|---|
| 1 | മഞ്ചേരി, ചാലക്കുടി, കോതമംഗലം, ചിത്തിരപുരം 220 കെ.വി. AIS സബ്സ്റ്റേഷൻ | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 2 | കുന്നമംഗലം-കലൂർ, ആലുവ 220 കെ.വി. GIS സബ്സ്റ്റേഷൻ | |

(ഡി) ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നടത്തിപ്പിനായി ഷൊർണ്ണൂർ ആസ്ഥാനമായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ട്രാൻസ്ഗ്രിഡ് ചീഫ് എഞ്ചിനീയറുടെ ഓഫീസും ട്രാൻസ്മിഷൻ ഡയറക്ടറുടെ കീഴിൽ യഥാക്രമം കളമശ്ശേരിയിലും ഷൊർണ്ണൂരിലും ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസും പ്രവൃത്തിച്ചുവരുന്നു.

ഒന്നാം ഘട്ട പദ്ധതി 2021-ഓടെയും രണ്ടാം ഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## വൈദ്യുതോല്പാദനം

192 (2443) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദവിവരം അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് സ്വയം ഉല്പാദിപ്പിക്കാൻ കഴിയുന്നത്; ബാക്കി എപ്രകാരമാണ് കണ്ടെത്തുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഊർജ്ജോല്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി വൈദ്യുതി വകുപ്പ് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 152 മെഗാവാട്ട് സ്ഥാപിത ശേഷിയിൽ വർദ്ധനവ് വന്നിട്ടുണ്ട്. പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു. *

(ബി) 1-2-2019-ലെ കണക്കുപ്രകാരം ആവശ്യമായ വൈദ്യുതി 70.12 ദശലക്ഷം യൂണിറ്റ് ആയിരുന്നു. ഇതിൽ 17.29 ദശലക്ഷം യൂണിറ്റാണ് സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങൾ വഴി ഉൽപ്പാദിപ്പിച്ചത്. ബാക്കിയുള്ളവ സംസ്ഥാനത്തിനുപുറമേ നിന്ന് ലഭ്യമാക്കിയതാണ്. മൊത്തം ആവശ്യകതയുടെ 25% മാത്രമാണ് ഇവിടെ ഉൽപ്പാദിപ്പിച്ചത്.

| | |
|---|---|
| അഭ്യന്തര ഉൽപ്പാദന നിലയങ്ങൾ വഴി | 17.29 ദശലക്ഷം യൂണിറ്റ് |
| കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭ്യമായത് | 31.2586 ദശലക്ഷം യൂണിറ്റ് |
| ദീർഘകാല കരാറുകൾ വഴി ലഭ്യമാക്കിയത് | 20.29 ദശലക്ഷം യൂണിറ്റ് |
| മറ്റുള്ളവ | 1.28 ദശലക്ഷം യൂണിറ്റ് |
| **ആകെ** | **70.12 ദശലക്ഷം യൂണിറ്റ്** |

(സി) പുനരുപയോഗ സ്രോതസ്സുകളിൽ നിന്ന് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള 'സൗര' പദ്ധതി വഴി 1000 മെഗാവാട്ട് സോളാർ വൈദ്യുതി കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേയ്ക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് സോളാർ പാർക്കിൽ നിന്നും നിലവിലുള്ള 50 മെഗാവാട്ടിന് പുറമേ മറ്റൊരു 50 മെഗാവാട്ടുകൂടി വാങ്ങുവാൻ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെടുത്തിയിട്ടുണ്ട്. കായംകുളത്ത് എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചർച്ചകൾ നടന്നുവരുന്നു. ഇടുക്കി, വയനാട് ജില്ലകളിൽ കെ. എസ്. ഇ. ബി.-യുടെ ജലസംഭരണികളിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു.

ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി 7 ജില്ല കളിൽ KSIDC മുഖേന 5 മെഗാവാട്ട് ശേഷിയുള്ള സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. പെരിങ്ങമ്മല (തിരുവനന്തപുരം), ലാലൂർ (തൃശ്ശൂർ), കഞ്ചിക്കോട് (പാലക്കാട്), ഞെളിയൻപറമ്പ് (കോഴിക്കോട്), ചെലോര (കണ്ണൂർ), കുരീപ്പുഴ (കൊല്ലം), പാണക്കാട് (മലപ്പുറം) എന്നീ സ്ഥലങ്ങളിലാണ് മാലിന്യപ്ലാന്റുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുപുറമേ കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ടിന്റെയും സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി 0.2 മെഗാവാട്ടിന്റെയും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഊർജ്ജ വകുപ്പിനുകീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'ബൂട്ട് ' അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'ബൂട്ട്' അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നടപ്പാക്കുന്നുണ്ട്. ഇത് ഈ രംഗത്ത് വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ചെറിയ ഉയര വ്യത്യാസം കിട്ടാവുന്ന ചെറുതോടുകൾ, പുഴകൾ, കനാലുകൾ ഇവയിൽ നവീന രീതിയിലുള്ള വോർട്ടെക്സ് ടർബയിനുകൾ (കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന രീതി), വെള്ളത്തിന്റെ ഒഴുക്ക് (velocity) ഉപയോഗപ്പെടുത്തി കറക്കുന്ന കൈനറ്റിക്ക് ടർബയിൽ സാങ്കേതികവിദ്യ എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള 10 KW-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു.

5 KW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കൾവഴി 1 KW മുതൽ 5 kW-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114-ഓളം എണ്ണം നടപ്പാിലാക്കിക്കഴിഞ്ഞു. ഇതിനോട്ടുകൂടിത്തന്നെ ചിന്നാർ വന്യമൃഗസങ്കേതത്തിനകത്തെ തായന്നൻകുടി കേളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഊർജ്ജാൽപ്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി കെ. എസ്. ഇ. ബി. എൽ. ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് അനുപൂരകമായി അനെർട്ട് താഴെപ്പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ട്.

(1) <u>സൗര - ഊർജ്ജ കേരള മിഷൻ</u>

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും കെ. എസ്. ഇ. ബി. എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) <u>ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്</u>

ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡിയോടുകൂടി ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്. അകെ 10 MW പദ്ധതികൾക്കാണ് ഇപ്പോൾ സബ്സിഡി ലഭ്യമായിട്ടുള്ളത്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(3) <u>സംസ്ഥാന സർക്കാർ പദ്ധതികൾ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് 14-02-2018-ലെ സ. ഉ. (കൈ.) നം. 22/2018/ത.സ്വ.വ. പ്രകാരം ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(4) <u>സർക്കാർ കെട്ടിടങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കുന്നു</u>

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ അകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ. എസ്. ഇ. ബി. എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(5) <u>വിന്റ് എനർജി</u>

ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് സ്ഥാപിക്കുന്ന 3 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായി 1 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ട് വിന്റ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

## പുതിയ വൈദ്യുതി കണക്ഷൻ

193 (2444) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനു വേണ്ടി വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ട തുക പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ;

(ബി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി ഗാർഹിക ഉപഭോക്താക്കൾ ആശ്രയിക്കുന്നതിനും,വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അണ്. കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള cost data അനുസരിച്ചാണ് പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള തുക നിശ്ചയിക്കുന്നത്. പ്രസ്തുത cost data കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി അപേക്ഷകന്റെ kVA/kWA ലോഡ് അടിസ്ഥാനപ്പെടുത്തി ലളിതമായ നിരക്കുകൾ നടപ്പിലാക്കുകയും അപേക്ഷ സമർപ്പിക്കുമ്പോൾത്തന്നെ മുൻകൂറായി പ്രസ്തുത നിരക്കുകൾ ഒടുക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കേരള വൈദ്യുതി നയം - 2019-ന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള BPL ഉപഭോക്താക്കൾക്ക്, ദ്യുതി-2021 പദ്ധതിയിൽ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമെന്ന പദവി നിലനിർത്തുന്നതിനായി വകയിരുത്തിയിട്ടുള്ള 50 കോടി രൂപ ഉപയോഗപ്പെടുത്തിക്കൊണ്ട് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരളം പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. സോളാർ പാർക്ക് - 150 മെഗാവാർക്ക്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ. എസ്. ഇ. ബി. എൽ. നേരിട്ട് നടപ്പിലാക്കുന്നു. 'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

'സൗര'യ്ക്കുപുറമേ കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങൾ ഉപയോഗപ്പെടുത്തി വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഇതുപ്രകാരം ഉപഭോക്താക്കളുടെ ഫിലമെന്റ് ബൾബുകളും ട്യൂബുകളും മാറ്റി എൽ. ഇ. ഡി. ബൾബുകളും ട്യൂബുകളുമാക്കാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ ഊർജ്ജ കാര്യക്ഷമത ഉയർത്തി പരമാവധി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ (സൗരോർജ്ജം) ഉപയോഗിച്ച് ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

## വൈദ്യുതി കുടിശ്ശികയും ചാർജ്ജ് വർദ്ധനവും

194 (2445) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൻകിട കമ്പനികളിൽ നിന്നും ഭീമമായ തുക വൈദ്യുതിചാർജ്ജ് കുടിശ്ശിക നിലനിൽക്കെ വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ അനിവാര്യത നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Accounting System) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അനുവർത്തിച്ചുവരുന്നത്. അതിനാൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയൊന്നുംതന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കില്ല. പക്ഷേ മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന കമ്മിയുടെ ഒരു ഭാഗം മാത്രമേ അന്ന് താരിഫ് പരിഷ്കരണത്തിലൂടെ അനുവദിച്ചിരുന്നുള്ളൂ. അമിതമായ തോതിൽ താരിഫ് വർദ്ധനവുണ്ടാകാതിരിക്കാൻ, ബാക്കി തുക പിൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കപ്പെട്ടു. ആ തുക (Regulatory Asset) 2018 മാർച്ച് ആയപ്പോഴേയ്ക്കും 5645 കോടി രൂപയായി ഉയർന്നു. അത് വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത അമിതമായി വർദ്ധിക്കുവാൻ ഇടയാക്കി. 2016-ലെ ദേശീയ വൈദ്യുതി നയത്തിൽ പഴയ റവന്യൂ കമ്മി, ഏഴുവർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ, വരുംവർഷങ്ങളിൽ, (2018-2022) വരവും ചെലവും തമ്മിലുള്ള അന്തരം യഥാക്രമം 1100.70 കോടി, 1399.05 കോടി, 2065.28 കോടി, 2518.92 കോടി എന്നിങ്ങനെ വർദ്ധിച്ചുവരുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് പഴയ കമ്മിയുടെ ഏഴിലൊന്നും പ്രതീക്ഷിത കമ്മിയും നികത്താനായിട്ടാണ് താരിഫ് പരിഷ്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

## വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ

195 (2446) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ ഉണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഗാർഹിക വൈദ്യുതി കണക്ഷനു വേണ്ടി ലഭിച്ച അപേക്ഷകളിന്മേൽ മൂന്നുമാസം കഴിഞ്ഞിട്ടും തീർപ്പു കല്പിക്കാനോ വൈദ്യുതി കണക്ഷൻ നൽകാനോ കഴിയാത്ത എത്ര അപേക്ഷകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) ദീർഘകാലമായി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത 8 വീടുകൾ ഉണ്ട്.

പെരിങ്ങമ്മല പഞ്ചായത്ത് - 2 എണ്ണം

നന്ദിയോട് പഞ്ചായത്ത് - 6 എണ്ണം

(സി) 8 ഗാർഹിക വൈദ്യുതി കണക്ഷനുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ നൽകാൻ സാധിച്ചിട്ടില്ല.

## കുറിഞ്ഞാംകുന്ന് നിവാസികൾ നൽകിയ നിവേദനം

196 (2447) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ കുറിഞ്ഞാംകുന്ന് നിവാസികൾ നൽകിയ നിവേദനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുറിഞ്ഞാംകുന്ന് നിവാസികൾ കുടിവെള്ളത്തിനുവേണ്ടി ആശ്രയിക്കുന്ന പൊതുടാപ്പ് ഉപയോഗിച്ചതിന്റെ വൈദ്യുതി ചാർജ്ജ് ആയ 25,000 രൂപ അടയ്ക്കണമെന്ന് കാണിച്ച് വൈദ്യുതി ബോർഡ് നൽകിയ നോട്ടീസിന്മേൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; അറിയിക്കാമോ;

(സി) കുറിഞ്ഞാംകുന്ന് നിവാസികളുടെ ആവശ്യം പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പരിശോധിച്ചിട്ടുണ്ട്.

പ്രസ്തുത കണക്ഷന്റെ മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാത്തതിനാൽ ഉപഭോക്താവിന് നോട്ടീസ് നൽകുകയും തുടർന്ന് മീറ്റർ സ്ഥാപിച്ചിരുന്ന മുറി തുറന്നുകിട്ടിയശേഷം റീഡിംഗ് എടുക്കുകയുമാണുണ്ടായത്. 30-3-2015 മുതൽ 23-8-2017 വരെയുള്ള കാലയളവിൽ ഉപയോഗിച്ച 2981 യൂണിറ്റിന്റെ ബിൽ തുക അടയ്ക്കാതിരുന്നതിനാൽ 24-11-2017-ന് വൈദ്യുതി വിച്ഛേദിക്കുകയുണ്ടായി. തിരൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓർഡർ പ്രകാരം 4 ഗഡുക്കളായി തുക അടയ്ക്കുവാൻ സാധിക്കുമെന്നും അതിന്റെ ആദ്യ ഗഡു അടച്ചാൽ കണക്ഷൻ പുനഃസ്ഥാപിക്കാൻ കഴിയുമെന്നും ഉപഭോക്താവിനെ അറിയിച്ചിരുന്നു.

പ്രസ്തുത ബിൽ ഡോർലോക്ക് റിവിഷൻ പ്രകാരം 12,139 രൂപയായി പുനഃക്രമീകരിക്കുകയും 29-11-2018-ലെ കത്ത് പ്രകാരം 7 ദിവസത്തിനകം സർചാർജ്ജ് ഉൾപ്പെടെ 15,473 രൂപ അടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തെങ്കിലും പ്രസ്തുത കാലയളവിനുള്ളിൽ പണം അടയ്ക്കാതിരുന്നതിനാൽ 15-12-2018-ന് കണക്ഷൻ അഴിച്ചെടുക്കുകയുണ്ടായി.

തുടർന്ന് വൈദ്യുതി ചാർജ്ജ്, പലിശ എന്നിവ സഹിതം 15,473 രൂപ അടയ്ക്കാനുണ്ടെന്ന് കാണിച്ച് വീണ്ടും ഫൈനൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ, 29-12-2018-ൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേൽ കുടിശ്ശിക അടച്ചിട്ടുണ്ട്.

(സി) അഴിച്ചെടുത്ത പ്രസ്തുത കണക്ഷൻ പുനഃസ്ഥാപിക്കാൻ നിലവിൽ നിയമം ഇല്ലാത്തതിനാൽ കുറിഞ്ഞാംകുന്ന് നിവാസികൾ പുതിയ അപേക്ഷ നൽകി അവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് പുതിയ കണക്ഷൻ നൽകുന്നതാണ്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി ഗുണഭോക്താക്കൾ**

197 (2448) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെ കണ്ടെത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികൾ താഴെപ്പറയുന്ന രീതികളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്:

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല.

**വീട്ടുകളിലും സർക്കാർ ഓഫീസുകളിലും സോളാർ പാനൽ**

198 (2449) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി ഏതൊക്കെ ഓഫീസുകളിൽ നടപ്പാക്കി; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി നബാർഡിന്റെ ഗ്രീൻ ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ, എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ. എസ്. ഇ. ബി. എൽ. നേരിട്ട് നടപ്പിലാക്കുന്നു.

'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

(ബി) സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(സി) ഇല്ല.

**സൗരോർജ്ജ പദ്ധതികൾ**

199 (2450) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്;

(ബി) നിലവിൽ ഗാർഹിക ഉപഭോക്താക്കൾ സോളാർ വൈദ്യുതി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ഉണ്ട്; ഇതിന് സബ്സിഡി ഉണ്ടോ; വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.എൽ.-ന് സോളാർ പാനൽ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ;

(ഡി) ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങുമോ?

ഉത്തരം

(എ - സി) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ താഴെപ്പറയുന്ന രീതിയിൽ 500 മെഗാവാട്ട് പുരപ്പുറ സോളാർ പദ്ധതി നടപ്പിലാക്കുന്നു.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

സോളാർ പാർക്ക് - 150 മെഗാവാട്ട്,

ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്,

കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്,

സുതാര്യ റിവേഴ്സ് ലേലംവഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു.

അക്ഷയ ഊർജ്ജ രംഗത്ത് സംസ്ഥാനത്ത് വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 2018 വർഷം മുതൽ അനെർട്ട് 'അക്ഷയ ഊർജ്ജ അവാർഡ് ' നൽകിവരുന്നു. വ്യവസായ യൂണിറ്റുകൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്കാണ് അവാർഡ് നൽകുന്നത്. സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി അനെർട്ട് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരികയും ചെയ്യുന്നു. അനെർട്ടും 'മലയാള മനോരമ' പത്രവുമായി ചേർന്ന് 14 ജില്ലകളിൽ സെമിനാറുകൾ നടത്തുകയും അതിന്റെ വാർത്ത പ്രാധാന്യത്തോടെ നൽകുകയും ചെയ്തിട്ടുണ്ട്.. കൂടാതെ മാതൃഭൂമി പത്രവുമായി ചേർന്ന് കേരളം മുഴുവൻ പ്രത്യേക സപ്ലിമെന്റ് ഇറക്കുകയും ചെയ്തിട്ടുണ്ട്.

അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ലഭ്യമാകുന്നുണ്ട്. എം. എൻ. ആർ. ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആകെ 10 MW പദ്ധതികൾക്കാണ് ഇപ്പോൾ സബ്സിഡി ലഭ്യമായിട്ടുള്ളത്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

'സൗര' പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ. എസ്. ഇ. ബി. ലിമിറ്റഡ് വഴി സബ്സിഡി നൽകുന്നില്ല.

(ഡി) അധിക വൈദ്യുതി കെ. എസ്. ഇ. ബി. ലിമിറ്റഡ് വാങ്ങും.

**വീടുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി**

200 (2451) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം നടത്തുന്നതിന് സഹായകരമായ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പാനലുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുമോ;വെളിപ്പെടുത്താമോ;

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

താഴെപ്പറയുന്ന 3 വ്യത്യസ്ത മോഡലുകളിൽ ഒന്ന് ഉപഭോക്താവിന് തെരഞ്ഞെടുക്കാം. ഇതിന്റെ കാലാവധിയും മറ്റ് നിരക്കുകളും തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. ആദ്യ രണ്ട് മോഡലുകളിൽ സ്വന്തം നിലയിലും മൂന്നാമത്തെ മോഡലിൽ ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷവും നിലയങ്ങളുടെ പരിപാലനം ഏടെടുക്കാനാണ് കെ. എസ്. ഇ. ബി. ഉദ്ദേശിക്കുന്നത്.

**മോഡൽ-1:-** ഉപഭോക്താവിന്റെ മേൽക്കൂരയിലോ നൽകുന്ന സ്ഥലത്തോ കെ. എസ്. ഇ. ബി.എൽ-ഉം അനെർട്ടും ചേർന്ന് സോളാർപ്ലാന്റ് സൗജന്യമായി നിർമ്മിച്ചുനൽകുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം ഉപഭോക്താവിന് വൈദ്യുതിയായോ പണമായോ നൽകുന്നു.

**മോഡൽ-2:-** ഉപഭോക്താവിന്റെ മേൽക്കൂരയിലോ നൽകുന്ന സ്ഥലത്തോ കെ. എസ്. ഇ. ബി.എൽ-ഉം അനെർട്ടും ചേർന്ന് സോളാർപ്ലാന്റ് സൗജന്യമായി നിർമ്മിച്ചുനൽകുന്നു. പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഒരു നിശ്ചിത നിരക്കിൽ നിശ്ചിത കാലയളവിൽ ഉപഭോക്താവിന് നൽകുന്നു.

**മോഡൽ-3:-** ഉപഭോക്താവിന്റെ മുതൽ മുടക്കിൽ, മേൽക്കൂരയിൽ കെ. എസ്. ഇ. ബി.എൽ-ഉം അനർട്ടും ചേർന്ന് സോളാർപ്ലാന്റ് നിർമ്മിച്ചുനൽകുന്നു. ഉപഭോക്താവിന്റെ ആവശ്യത്തിനുശേഷം മിച്ചം വരുന്ന വൈദ്യുതി നിശ്ചിത തുകയ്ക്ക് കെ. എസ്. ഇ. ബി. എൽ. വാങ്ങുന്നു.

(ബി) 'സൗര' പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ. എസ്. ഇ. ബി. ലിമിറ്റഡ് വഴി സബ്സിഡി നൽകുന്നില്ല.

അനെർട്ട് വഴി നടത്തുന്ന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം. എൻ. ആർ. ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആകെ 10 MW ശേഷിക്കുള്ള സബ്സിഡിയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അധിക പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അനുവദിക്കുന്ന മുറയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്.

(സി) 31-1-2019-നകം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ മുഴുവൻ ഉപഭോക്താക്കൾക്കും 'സൗര' പദ്ധതിയിൽ പങ്കാളികളാകാം. രജിസ്റ്റർ ചെയ്തവരുടെ കെട്ടിടങ്ങളിൽ നടത്തുന്ന പരിശോധനയിൽ സാങ്കേതികമായി സാധ്യമാകുന്ന മുഴുവൻ സ്ഥലങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം

201 (2452) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിലവിലുള്ള വൈദ്യുതി ഉല്പാദനം എത്ര മെഗാവാട്ടാണെന്നും ഇതിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സൗരോർജ്ജ പദ്ധതികളുടെതെന്നും വ്യക്തമാക്കാമോ;

(ബി) 50 മെഗാവാട്ട് ശേഷിയുള്ള കാസർഗോഡ് സോളാർ പാർക്കിൽ നിന്നും ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉല്പാദിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ നിലവിലുള്ള വൈദ്യുത ഉൽപ്പാദന നിലയങ്ങളുടെ സ്ഥാപിത ശേഷി 2866 മെഗാവാട്ട് ആണ്. ഇതിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകളുടെ ആകെ ശേഷി 123.97 മെഗാവാട്ട് ആണ്. സൗരോർജ്ജ പ്ലാന്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| KSEBL | 15.874 മെഗാവാട്ട് |
| Hindalco | 1 മെഗാവാട്ട് |
| CIAL | 30 മെഗാവാട്ട് |
| SECI (Solar Park) | 50 മെഗാവാട്ട് |
| ANERT | 2 മെഗാവാട്ട് |
| LT/HT ഉപഭോക്താക്കളുടെ സോളാർ പ്ലാന്റുകൾ ഗ്രിഡ് ബന്ധിതമാക്കിയിട്ടുള്ളത് | 25.099 മെഗാവാട്ട് |
| ആകെ | 123.97 മെഗാവാട്ട് |

(ബി) 2019 ജനുവരി മാസത്തെ കണക്കനുസരിച്ച് കാസർഗോഡ് സോളാർ പാർക്കിൽനിന്നും പ്രതിദിനം ശരാശരി 38 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് സൗര വൈദ്യുതി ഉൽപ്പാദനം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകരുടേതുൾപ്പെടെ 152 മെഗാവാട്ട് സ്ഥാപിത ശേഷിയിൽ വർദ്ധനവ് വന്നിട്ടുണ്ട്. പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു.*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വീടുകളുടെയും സ്ഥാപനങ്ങളുടെയും ടെറസിൽ സോളാർ പാനൽ

202 (2453) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകളുടേയും സ്ഥാപനങ്ങളുടേയും ടെറസിൽ സൗജന്യമായി കെ.എസ്.ഇ.ബി. സോളാർ പാനൽ സ്ഥാപിച്ചുകൊടുക്കുന്ന പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ; ഉത്പാദനത്തിന്റെ എത്ര ശതമാനമാണ് ഗുണഭോക്താവിന് നൽകുന്നത്; എത്ര വർഷമാണ് കാലാവധി; ഇതിന്റെ മെയിന്റനൻസ് ആരാണ് നടത്തുന്നത്?

ഉത്തരം

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

താഴെപ്പറയുന്ന 3 വ്യത്യസ്ത മോഡലുകളിൽ ഒന്ന് ഉപഭോക്താവിന് തെരഞ്ഞെടുക്കാം. ഇതിന്റെ കാലാവധിയും മറ്റ് നിരക്കുകളും തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. ആദ്യ രണ്ട് മോഡലുകളിൽ സ്വന്തം നിലയിലും മൂന്നാമത്തെ മോഡലിൽ ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷവും നിലയങ്ങളുടെ പരിപാലനം ഏറ്റെടുക്കാനാണ് കെ. എസ്. ഇ. ബി.എൽ ഉദ്ദേശിക്കുന്നത്.

**മോഡൽ-1:-** ഉപഭോക്താവിന്റെ മേൽക്കൂരയിലോ നൽകുന്ന സ്ഥലത്തോ കെ. എസ്. ഇ. ബി.എൽ.-ഉം അനെർട്ടും ചേർന്ന് സോളാർപ്ലാന്റ് സൗജന്യമായി നിർമ്മിച്ചുനൽകുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം ഉപഭോക്താവിന് വൈദ്യുതിയായോ പണമായോ നൽകുന്നു.

**മോഡൽ-2:-** ഉപഭോക്താവിന്റെ മേൽക്കൂരയിലോ നൽകുന്ന സ്ഥലത്തോ കെ. എസ്. ഇ. ബി.എൽ.-ഉം അനെർട്ടും ചേർന്ന് സോളാർപ്ലാന്റ് സൗജന്യമായി നിർമ്മിച്ചുനൽകുന്നു. പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഒരു നിശ്ചിത നിരക്കിൽ നിശ്ചിത കാലയളവിൽ ഉപഭോക്താവിന് നൽകുന്നു.

**മോഡൽ-3:-** ഉപഭോക്താവിന്റെ മുതൽ മുടക്കിൽ, മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ-ഉം അനെർട്ടും ചേർന്ന് സോളാർപ്ലാന്റ് നിർമ്മിച്ചുനൽകുന്നു. ഉപഭോക്താവിന്റെ ആവശ്യത്തിനുശേഷം മിച്ചം വരുന്ന വൈദ്യുതി നിശ്ചിത തുകയ്ക്ക് കെ.എസ്.ഇ.ബി.എൽ വാങ്ങുന്നു.

### കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി

203 (2454) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) സ്വകാര്യ കെട്ടിടങ്ങളിൽ വൈദ്യുതി വകുപ്പ് സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ ;

(സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി വൈദ്യുതി വകുപ്പ് നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

ഉത്തരം

(എ) വൈദ്യുതി വകുപ്പിനുകീഴിലുള്ള കെട്ടിടങ്ങളുടെ മുകളിൽ നാളിതുവരെ 2.185 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ഊർജ്ജ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അനെർട്ടിന്റെ ആസ്ഥാന മന്ദിരത്തിനുമുകളിൽ 15 കിലോവാട്ട് ശേഷിയുള്ള സൗര നിലയം സ്ഥാപിച്ചിട്ടുണ്ട്.

(ബി - ഡി) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ. എസ്. ഇ. ബി. എൽ. നേരിട്ട് നടപ്പിലാക്കുന്നു. കെ. എസ്. ഇ. ബി. എൽ.-ഉം അനെർട്ടും സംയുക്തമായി താഴെപ്പറയുന്ന രീതിയിൽ പുരപ്പുറ സോളാർ പദ്ധതികൾ നടപ്പിലാക്കുന്നു:

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ -250 മെഗാവാട്ട്

**എനർജി മാനേജ്മെന്റ് സെന്റർ**

204 (2455) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; ഇവർ ഓരോരുത്തരും സർവ്വീസിൽ പ്രവേശിച്ച രീതി; എന്ന് സ്ഥിരപ്പെടുത്തി; സ്ഥിരപ്പെടുത്തിയ ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ബി) എത്ര ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഇതിന്റെ ഇ.സി.നോട്ടിന്റെ പകർപ്പും പ്രൊമോഷൻ നൽകിയ ഉത്തരവിന്റെ പകർപ്പും ഇവ സർക്കാർ അംഗീകരിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) എത്ര ജീവനക്കാർ പി.എച്ച്.ഡി. നേടിയിട്ടുണ്ട്; നേടിയത് ഏത് വിഷയത്തിലാണെന്നും ഈ സർട്ടിഫിക്കറ്റുകൾ എനർജി മാനേജ്മെന്റ് സെന്റർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) ഇ.എം.സി. ഡയറക്ടർക്ക് വേണ്ട യോഗ്യത എന്തൊക്കെയാണ്; ഡയറക്ടറുടെ യോഗ്യത സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; നിലവിലെ ഡയറക്ടർ ആരാണ്; ഇദ്ദേഹത്തിന്റെ യോഗ്യത എന്താണ്; വിരമിക്കുന്നതെന്നാണ്; അറിയിക്കാമോ;

(ഇ) സ്ഥിരപ്പെട്ട ജീവനക്കാരുടെ നിയമനം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ അംഗീകരിച്ച തസ്തികകളിൽ സെന്ററിന്റെ നടപടിക്രമം പാലിച്ച് സ്ഥിരം നിയമനമാണ് നൽകുന്നത്. 4 പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ സർക്കാർ ഉത്തരവ് 27-9-2013 -ലെ G. O. (Ms.) 43/2013/ PD പ്രകാരം ഫുൾടൈം ജീവനക്കാരാക്കി ക്ലാസ്സ് IV തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

(ബി)

1. ഇ. എം. സി.-യിൽ ഇതുവരെ 11 (പതിനൊന്ന്) ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

2. സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികകളിൽ സെന്ററിന്റെ നടപടിക്രമം പാലിച്ച് നിയമനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയാണ് നടത്തുന്നത്.

3. ഇ. സി. നോട്ടിന്റെ പകർപ്പും പ്രൊമോഷൻ നൽകിയ ഉത്തരവിന്റെ പകർപ്പും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) ഇ. എം. സി.-യിലെ ഒരു ജീവനക്കാരൻ പി. എച്ച്. ഡി. നേടിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് ഇൻ സ്മാൾ & മീഡിയം എന്റർപ്രൈസസ്-എ കേസ് ഓഫ് ടൈൽ ഇൻഡസ്ട്രി ഇൻ തൃശ്ശൂർ ഡിസ്ട്രിക്ട്, കേരള എന്ന വിഷയത്തിലാണ് പി. എച്ച്. ഡി. നേടിയിട്ടുള്ളത്. സർട്ടിഫിക്കറ്റ് ഇ. എം. സി. പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ഡി) ഇ. എം. സി. ഡയറക്ടർക്കുവേണ്ട യോഗ്യത താഴെപ്പറയുന്നു:

യോഗ്യത - Eminent Energy Expert.

പരിചയം - Serving or retired with a national standing in the field.

സർക്കാർ അംഗീകരിച്ച തസ്തികയിൽ ഗവേണിംഗ് ബോഡി അംഗീകരിച്ച യോഗ്യത സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

നിലവിലെ ഡയറക്ടർ : കെ. എം. ധരേശൻ ഉണ്ണിത്താൻ

അദ്ദേഹത്തിന്റെ യോഗ്യത : B.Sc (Electrical Engineering), MBA (Kerala University)

23 വർഷത്തെ സേവന പരിചയം.

30-4-2020-ലാണ് സർവ്വീസിൽ നിന്നും വിരമിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) എനർജി മാനേജ്മെന്റ് സെന്റർ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമാണ്. സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികകളിൽ സെന്ററിന്റെ നടപടിക്രമം പാലിച്ച് നിയമനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയാണ് നടത്തുന്നത്. നിലവിൽ ഇ.എം.സി.-യുടെ സ്പെഷ്യൽ റൂളുകളും റിക്രൂട്ട്മെന്റ് റൂളുകളും ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## അനെർട്ട് പുനർരൂപീകരണം

205 (2456) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് പുനർരൂപീകരണത്തിനായി ശാസ്ത്രീമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയമിച്ച ഡോഃ രവി പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എത്രകാലം പഠനം നടത്തി; എന്ത് തുക ഇതിലേക്കായി ചെലവായി; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ തള്ളുകയും അനെർട്ട് ഡയറക്ടറോട് മറ്റൊരു റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അനെർട്ട് പുനഃസംഘടനാ റിപ്പോർട്ട് തയ്യാറാക്കാൻ അനെർട്ട് ഡയറക്ടർ സി.എം.ഡി. എന്ന സ്ഥാപനത്തിന് പുതുതായി കൺസൾട്ടൻസി ജോലി ഏൽപ്പിച്ചത് എങ്ങനെ എന്ന് വിശദീകരിക്കാമോ; അനെർട്ട് ഡയറക്ടറുടെ ഈ നടപടി നിയമാനുസൃതമാണോ; എന്ത് തുക ഇതിനായി സി.എം.ഡി.യ്ക്ക് അനെർട്ട് നൽകി; വ്യക്തമാക്കാമോ;

(ഡി) അനെർട്ടിൽ നിന്നും ഇപ്രകാരം ലഭിച്ച കൺസൾട്ടൻസി ഉദ്യമത്തിൽ പ്രവർത്തിക്കാനായി അനെർട്ടിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ മകന് സി.എം.ഡി.-യിൽ നിയമനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) അനെർട്ടിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ഉദ്യോഗസ്ഥർ വിരമിക്കുമ്പോൾ പ്രസ്തുത തസ്തിക ഓഫീസ് അസിസ്റ്റന്റ് തസ്തികയായി മാറുന്ന ഉത്തരവിന്റെ പ്രസക്തഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) അനെർട്ട് പുനർരൂപീകരണത്തിനായി ശാസ്ത്രീയമായി പഠനം നടത്തി റിപ്പോർട്ട് 2012-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 7-10-2011 മുതൽ 6-11-2012 വരെ പഠനം നടത്തി. ഇതിലേയ്ക്കായി 11,35,206 രൂപ ശമ്പളമായി ഡോ. രവിക്ക് നൽകിയിട്ടുണ്ട്.

(ബി) ഡോ. രവി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ തള്ളിയിട്ടില്ല. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകളിന്മേൽ സ്വതന്ത്രമായ പഠനം നടത്തുന്നതിനും നിർദ്ദേശം നൽകുന്നതിനും 2-1-2013-ലെ സ. ഉ. (സാ.) നം. 1/2013/ഉ.വ. പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) അനർട്ട് പുനഃസംഘടന റിപ്പോർട്ട് തയ്യാറാക്കാൻ സി. എം. ഡി.-യെ ചുമതല ഏൽപ്പിച്ചത് 9-11-2017-ലെ ജി. ഒ. (ആർറ്റി.) നമ്പർ 382/2017/പി.ഡി. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ഈ ഭരണാനുമതിയിൽ സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റ് മുഖേന അനെർട്ടിന്റെ ഓർഗനൈസേഷൻ സ്റ്റഡി നടത്തുന്നതിന് 14.75 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയത്. ഇതുവരെ ഈ ഇനത്തിൽ അനെർട്ട് 7,37,500 രൂപ സി. എം. ഡി.-ക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) 18-9-2009-ലെ ജി. ഒ. (പി.) നം. 9/2009/പി.ഡി. ഉത്തരവിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**നിർമ്മാണ മേഖലകൾക്കുള്ള സബ്സിഡികൾ**

206 (2457) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് പ്ലാന്റുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ എന്നീ നിർമ്മാണ മേഖലകൾക്കുള്ള സബ്സിഡികൾ കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തന്മൂലം ഈ മേഖലകളിൽ പ്രവർത്തിച്ചിരുന്ന നിരവധി സ്ഥാപനങ്ങളും വ്യക്തികളും പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രംഗത്തെ പ്രവർത്തനത്തെ സഹായിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പ് എന്നിവ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബസിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (14-2-2018-ലെ സ. ഉ. (കൈ.) നം.22/2018/ത.സ്വ.വ.).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പുമുഖേന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി ലഭ്യമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജ ഉല്പാദനം**

207 (2458) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉല്പാദനം കൂട്ടുവാൻ കേന്ദ്ര നയങ്ങളിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ നയങ്ങളിലാണ് മാറ്റം വരുത്തേണ്ടതെന്നും ഇക്കാര്യം രേഖാമൂലം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) സോളാർ പാനലുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 18 ശതമാനം ജി.എസ്.ടി. സംസ്ഥാനത്തെ സൗരോർജ്ജ പദ്ധതികൾക്ക് തിരിച്ചടിയായിട്ടുണ്ടോ; പ്രസ്തുത നികുതി കുറയ്ക്കുവാൻ ജി.എസ്.ടി. കൗൺസിൽ മുമ്പാകെ നിർദ്ദേശം വെച്ചിട്ടുണ്ടോ;

(ഡി) പാരമ്പര്യേതര ഊർജ്ജം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ പുരപ്പുറം സൗരോർജ്ജ പദ്ധതി കൂടുതൽ പേരിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ ഒന്നായ ചെറുകിട ജല വൈദ്യുത പദ്ധതിക്ക് കൂടുതൽ സാമ്പത്തിക സഹായം (MNRE, Central Financial Assistance) നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജി. എസ്. ടി. കൗൺസിൽ തീരുമാനിച്ചതനുസരിച്ച്, ഭാരത സർക്കാരിന്റെ ധനകാര്യ വിഭാഗം, 31-12-2018-ലെ നോട്ടിഫിക്കേഷൻ നമ്പർ 27/2018-Central Tax (Rate) പ്രകാരം സോളാർ പാനലുകൾക്കും അവയുടെ നിർമ്മാണത്തിനാവശ്യമായ അനുബന്ധ ഭാഗങ്ങൾക്കും 5 ശതമാനം ചരക്കുസേവന നികുതിയും പ്രസ്തുത പാനലുകൾ സ്ഥാപിക്കുന്നതിന് വേണ്ട അനുബന്ധ സേവനങ്ങൾക്ക് 18 ശതമാനം ചരക്കുസേവന നികുതിയും ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി

ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ -150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ-250 മെഗാവാട്ട്

## അനെർട്ടിന്റെ പ്രവർത്തനങ്ങൾ

208(2459) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി അനെർട്ട് കഴിഞ്ഞ 5 വർഷമായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി ഓരോ വർഷവും ചെലവാക്കിയ തുക എത്ര; എത്ര വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ചു; എത്ര തുക കേന്ദ്ര സഹായമായി ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിനായി സംസ്ഥാനം നല്കിയ തുക എത്ര; സബ്സിഡി ഇനത്തിൽ ഉപഭോക്താക്കൾക്കു നല്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ അനെർട്ട് നേരിട്ടാണോ നടത്തിയത് എന്നും ഇതിനായി മറ്റു സ്വകാര്യ ഏജൻസികൾ ഉണ്ടായിരുന്നുവോ എന്നും ഉണ്ടെങ്കിൽ അവർ ആരെല്ലാം എന്നും വ്യക്തമാക്കാമോ ;

(ഇ) സ്വകാര്യ ഏജൻസികൾക്ക് നല്കിയതും,നൽകാനുള്ളതുമായ തുക എത്ര എന്നും ഇവർ ഓരോരുത്തരും നടത്തിയ പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2012-13 വർഷം മുതൽ സോളാർ ഓഫ്ഗ്രിഡ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ലഭ്യമാക്കിയിരുന്നു. 2014-15 മുതൽ ശൃംഖലാബന്ധിത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക സോളാർ പദ്ധതിക്ക് ഒന്നിച്ച് അംഗീകാരം എടുത്ത് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി സൗര നിലയം സ്ഥാപിക്കുന്ന പദ്ധതിയാണ് ഇതുവഴി ചെയ്യുന്നത്.

2017-18 വർഷം മുതൽ ഇത്തരം പദ്ധതികൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി www.buymysun.com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസിന് രൂപം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഗുണഭോക്താക്കൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്ത് അംഗീകൃത കമ്പനികളെ തെരഞ്ഞെടുത്ത് ഓൺലൈനായി തുക അടയ്ക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഗുണഭോക്താവ് അപേക്ഷിക്കുന്നത് മുതൽ നിർമ്മാണം പൂർത്തിയാക്കി പരിശോധന നടത്തി സബ്സിഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു ഏകജാലക സംവിധാനമാണിത്.

(ബി) വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി അനെർട്ട് ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* 13,713 വീടുകളിൽ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു. ഇതിലേയ്ക്കായി 7767.65 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

(സി) 48,59,78,199 രൂപ സംസ്ഥാന വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. ഇതുമുഴുവൻ സബ്സിഡി തുകയായി ഗുണഭോക്താക്കൾക്ക് നൽകിയതാണ്.

(ഡി) അനെർട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് എംപാനൽ ചെയ്യുന്ന ഏജൻസികളാണ് പ്രവൃത്തി നടത്തിയത്. ഇവരെ തെരഞ്ഞെടുത്തത് കേന്ദ്ര സർക്കാരിന്റെ (എം.എൻ.ആർ.ഇ.-യുടെ) അംഗീകൃത ലിസ്റ്റിൽ നിന്നുമാണ്. പിന്നീട് എം. എൻ. ആർ. ഇ. അംഗീകൃത ലിസ്റ്റ് നിർത്തലാക്കിയപ്പോൾ അനെർട്ട് എംപാനൽ ചെയ്ത് ഏജൻസികളുടെ ലിസ്റ്റ് തയ്യാറാക്കി. നിലവിലെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) കേന്ദ്ര വിഹിതമായി 70,94,47,027 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 48,59,78,199/- രൂപയും ഇതുവരെ ചെലവാക്കിയിട്ടുണ്ട്. ഇതുമുഴുവൻ ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകിയതാണ്. കേന്ദ്ര വിഹിതമായ 15 കോടി രൂപ എം. എൻ. ആർ. ഇ.-യുടെ ഫൈനൽ സെറ്റിൽമെന്റിനുശേഷം ഇനി ഏജൻസികൾക്ക് ലഭ്യമാകാനുണ്ട്. ഈ തുക ഏജൻസികൾ മുൻകൂർ സബ്സിഡി വിഹിതമായി ഗുണഭോക്താക്കൾക്ക് നൽകിയതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജത്തിൽ പഠനം നടത്താൻ അക്കാദമി

209(2460) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജത്തിൽ പഠനവും ഗവേഷണവും നടത്തുന്നതിനായി അക്കാദമി ആരംഭിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ സ്ഥാപനം എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശ്യലക്ഷ്യങ്ങൾ.

(1) ഊർജ്ജ മേഖലയിലെ, പ്രത്യേകിച്ച് പുനരുപയോഗ മേഖലയിലെ സമകാലിക, സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നതിനായി ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക.

(2) ഊർജ്ജ മേഖലയിലെ പ്രശ്നങ്ങൾക്ക് പ്രതിവിധികൾ നിർദ്ദേശിക്കാനും നൂതന സംരംഭങ്ങൾ പ്രാവർത്തികമാക്കാനുമുള്ള പ്രായോഗിക സഹായങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുക.

(3) ഊർജ്ജ മേഖലയിലെ ജീവനക്കാർക്ക് അക്കാദമിക രംഗങ്ങളിൽ അവസരം ഉണ്ടാക്കുവാനും അതുവഴി തൊഴിൽപരമായ നേട്ടങ്ങൾ ഉണ്ടാക്കുവാനും സാധിക്കുക.

(4) പുനരുപയോഗ ഊർജ്ജ മേഖലയ്ക്ക് ഊന്നൽ നൽകി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും അതുവഴി ഊർജ്ജ ഉപഭോഗ കാര്യശേഷി കൂട്ടുകയും ചെയ്യുക.

(5) ഈ മേഖലയിൽ സുരക്ഷാപരമായും ഗുണപരമായും വേണ്ട നടപടിക്രമങ്ങൾ നിലനിർത്തുവാൻ കഴിയുക.

(സി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കണ്ണൂരിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സ്ഥലം ലഭ്യമായാൽ ഉദ്ദേശ്യം 32.68 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

## അനെർട്ടിന്റെ ആർ. ഇ. ടി. അടുപ്പ്

210 (2461) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഊർജ്ജ വകുപ്പിനു കീഴിൽ ഇന്ധനക്ഷമത കൂടുതലുള്ള മെച്ചപ്പെട്ട വിറകടുപ്പ് നിർമ്മിക്കുന്നതിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ സബ്സിഡി നിർത്തിയതിനുള്ള കാരണം അറിയിക്കാമോ;

(ബി) മെച്ചപ്പെട്ട വിറകടുപ്പ് നിർമ്മിക്കാത്ത ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അടുപ്പ് വെയ്ക്കാതെ തന്നെ അടുപ്പിന്റെ ഫണ്ട് കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രവണത അവസാനിപ്പിക്കുമോ;

(സി) ഭവന പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് അനർട്ട് നിഷ്കർഷിക്കുന്ന, അനർട്ടിന്റെ ആർ. ഇ. ടി മാർ (റിന്യൂവബിൾ എനർജി ടെക്നീഷ്യൻസ്) നിർമ്മിക്കുന്ന അടുപ്പ് നിർബന്ധമാക്കുമോ;

(ഡി) ബയോഗ്യാസ് പ്ലാന്റ് എല്ലാ വീടുകളിലും നിർബന്ധമാക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇന്ധനക്ഷമത കൂടുതലുള്ള മെച്ചപ്പെട്ട വിറകടുപ്പ് നിർമ്മിക്കുന്നതിന് അനെർട്ട് വഴി സബ്സിഡി നൽകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന മെച്ചപ്പെട്ട വിറകടുപ്പുകളും മറ്റ് അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്കും ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ലൈൻ വലിച്ച് വഴിവിളക്കിടുന്ന പ്രവൃത്തി

211 (2462) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് മുതൽ വാടാട്ടുപാറ വരെ ലൈൻ വലിച്ച് വഴിവിളക്കിടുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടാനകളടക്കമുള്ള നിരവധി വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ പ്രസ്തുത പ്രദേശത്ത് ഈ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്കുവേണ്ടുന്ന പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(ബി&സി) 2019 ഫെബ്രുവരി മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (എസ്.എൽ.എൻ.പി.)

212 (2463) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് മാസത്തോടെ രാജ്യത്തെ 1.34 കോടി തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. അധിഷ്ഠിതമാക്കി മാറ്റുന്നതിലേക്കായി ഭാരതസർക്കാർ തുടക്കം കുറിച്ച സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ സർക്കാർ ഇതിനോടകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേരളത്തിൽ ഈ പദ്ധതിയുടെ പൂർത്തീകരണം എന്നത്തേയ്ക്ക് നടപ്പാകും; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിനായി ചുമതലപ്പെടുത്തിയ നോഡൽ ഏജൻസി ഏതെന്നും ഈ ഇനത്തിൽ ഇതുവരെ ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം പദ്ധതി നടപ്പിലാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. ഊർജ്ജ കേരള മിഷന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റുകൾ എൽ. ഇ. ഡി. അധിഷ്ഠിതമാക്കുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ട്.

സ്ട്രീറ്റ് ലൈറ്റുകൾ എൽ. ഇ. ഡി. ആക്കുന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ എനർജി സർവ്വീസ് കമ്പനി (ESCO) മാതൃകയിൽ നിലവിലുള്ള ഊർജ്ജകാര്യക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ. ഇ. ഡി. അധിഷ്ഠിത തെരുവുവിളക്കുകൾ സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

ESCO മാതൃകയുടെ നേട്ടങ്ങൾ

- ESCO മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

- നിലവിൽ വൈദ്യുതി ചാർജ്ജായി നൽകുന്ന തുകയും അറ്റകുറ്റപ്പണികൾക്കായി ചെലവാക്കുന്ന തുകയും മാസ തവണകളായി (EMI) ESCO കമ്പനിക്ക് നൽകേണ്ടതാണ്. ഇതിന്റെ ഒരു ലാഭവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭിക്കുന്നതാണ്.

- ഈ പദ്ധതി നടപ്പിലാക്കുന്ന കാലയളവിലെ പരിപാലനവും അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുത ബില്ല് എിവ ESCO കമ്പനി വഹിക്കുന്നതാണ്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ESCO മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ എൽ. ഇ. ഡി. അധിഷ്ഠിത തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി 75 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്.

(ബി) കേരളത്തിൽ ഈ പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ തീയതി നിശ്ചയിച്ചിട്ടില്ല.

(സി) എനർജി മാനേജ്മെന്റ് സെന്ററിനെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. സ്ലീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം പദ്ധതിക്കായി സർക്കാർ പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല.

എന്നാൽ മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ 70 വാട്ട്സിന്റെ 50 തെരുവുവിളക്കുകളും 35 വാട്ട്സിന്റെ 1520 തെരുവുവിളക്കുകളും 18 വാട്ട്സിന്റെ 1850 തെരുവുവിളക്കുകളും കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായത്തോടുകൂടി വിതരണം ചെയ്തിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ 76,22,701 രൂപ ചെലവാക്കിയിട്ടുണ്ട്.

**കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസ്**

213 (2464) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കാടാമ്പുഴ കെ.എസ്.ഇ.ബി.എൽ. ഓഫീസിന്,പൊതു ആവശ്യങ്ങൾക്കു മാറ്റി വെച്ച ഭൂമിയിൽ നിന്നും ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ഊർജ്ജ വകുപ്പും കെ.എസ്.ഇ.ബി.എൽ തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഓഫീസും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡ് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ കെ.എസ്.ഇ.ബി.എൽ ഓഫീസ് നിർമ്മിക്കുന്നതിനനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. മാറാക്കര പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമി സെക്ഷനോഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നതിന് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെടുന്നതാണ്.

(ബി) ഇല്ല.

## കാസർഗോഡ് വൈദ്യുതി ഭവൻ

214 (2465) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ തറക്കല്ലിടൽ നിർവ്വഹിച്ചിട്ട് മാസങ്ങളായിട്ടും നിർമ്മാണം തുടങ്ങാൻ പറ്റാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് വൈദ്യുതി ഭവന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് വൈദ്യുതി ഭവനത്തിന്റെ നിർമ്മാണത്തിനുള്ള പുതുക്കിയ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രീ-ഫാബ് (Pre-Fab) സാങ്കേതികവിദ്യ മുഖേന കാസർഗോഡ് വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിരുന്നു. എന്നാൽ ടെണ്ടറിൽ പങ്കെടുത്തവർ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതലായതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. ഇപ്പോൾ ബോർഡ് പ്രീ-ഫാബ് സാങ്കേതികവിദ്യയ്ക്ക് പകരം പരമ്പരാഗത രീതിയിൽ (RCC framed structure) കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ മൂന്ന് നില കെട്ടിടം നിർമ്മിക്കുവാൻ കെ. എസ്. ഇ. ബോർഡ് ലിമിറ്റഡ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഉടനെ ടെണ്ടർ ക്ഷണിക്കുന്നതാണ്.

## നെല്ലിക്കുഴി കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസിന്റെ വാടക

215 (2466) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പുതുതായി ആരംഭിച്ച കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസിന്റെ വാടക നിലവിൽ പഞ്ചായത്താണ് നല്കിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത ഓഫീസിന്റെ വാടക, ബോർഡ് തന്നെ വഹിക്കണം എന്നാവശ്യപ്പെട്ട് പഞ്ചായത്ത് നല്കിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സെക്ഷൻ ഓഫീസിന്റെ വാടക, ബോർഡ് വഹിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

24-2-2016-ലെ ബോർഡ് ഉത്തരവനുസരിച്ചാണ് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത ബോർഡ് ഉത്തരവുപ്രകാരം ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം തുടങ്ങാനായിരുന്നു ബോർഡിന്റെ തീരുമാനം.

വാടകരഹിത കെട്ടിടം പഞ്ചായത്ത് ലഭ്യമാക്കുമെന്ന വ്യവസ്ഥയിലാണ് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് പ്രവർത്തനം തുടങ്ങിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതും. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് നെല്ലിക്കുഴി സെക്ഷൻ ഓഫീസിന്റെ വാടക ബോർഡ് വഹിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മൂവാറ്റുപുഴ ആറിലെ ജലനിരപ്പ്

216 (2467) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം ടെയിൽ റേസിൽ നിന്നുമുള്ള വെള്ളമാണ് മൂവാറ്റുപുഴ ആറിലേക്ക് വരുന്നതെന്നും നിലവിൽ മൂവാറ്റുപുഴ ആറിലെ ജലനിരപ്പ് വളരെ താഴ്ന്ന നിലയിലാണെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുകാരണം തൃപ്പൂണിത്തുറ നഗരസഭയിലേയും 5 പഞ്ചായത്തുകളിലെയും കുടിവെള്ള വിതരണം തടസ്സപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിലേക്കായി മൂലമറ്റത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിച്ച് ജലം പുറന്തള്ളുന്നത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഇ) മൂവാറ്റുപുഴ ആറിലെ ജലനിരപ്പ് കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സ്ഥിരമായി നിലനിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. മൂവാറ്റുപുഴ ആറിലെ ജലനിരപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ, എറണാകുളത്തിന്റെയും ചീഫ് എഞ്ചിനീയർ പ്രോജക്ട് II, വാട്ടർ അതോറിറ്റിയുടെയും പരാതികൾ വന്നിരുന്നു.

മൂവാറ്റുപുഴ ആറിലേയും മലങ്കര ഡാമിലേയും ജലനിരപ്പ്, ഇടുക്കി ജനറേഷനുമായി ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. ഇറിഗേഷനുമായി ബന്ധപ്പെട്ട് അവിടത്തെ മൊത്തത്തിലുള്ള വെള്ളത്തിന്റെ ആവശ്യകത 4.5 mcm to 5 mcm ആണ്. അതിനനുസരിച്ച് ഇടുക്കിയിലെ ഉൽപ്പാദനവും അവിടെനിന്നും പുറത്തുവിടേണ്ട ജലത്തിന്റെ അളവും ഗണ്യമായി കൂട്ടേണ്ടതുണ്ട്.

(സി & ഡി) ഉണ്ട്. മൂലമറ്റത്ത് നിന്നുള്ള വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച്, മലങ്കര പവർഹൗസിൽ നിന്നും കൂടുതൽ ജനറേഷൻ ഉറപ്പാക്കുന്നുണ്ട്. നിലവിൽ മൂലമറ്റത്തുനിന്നുള്ള വൈദ്യുതി ഉൽപ്പാദനം ഉയർന്ന നിലയിലാണ്.

എന്നാൽ ഈ പ്രാവശ്യം നവംബർ, ഡിസംബർ മാസങ്ങളിലെ മൺസൂൺ കുറവായിരുന്നതിനാൽ ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് കഴിഞ്ഞ 10 വർഷ ആവറേജിനേക്കാൾ 70% കുറവാണ്. ആയതിനാൽ ഡാമുകളിൽ മൊത്തത്തിൽ ഇപ്പോഴുള്ള ജലം കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. കൂടാതെ ഈ വർഷം അതിഭയങ്കര വരൾച്ച പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ മാർച്ച് മുതൽ മെയ് വരെ കൂടുതൽ വെള്ളം, വൈദ്യുതിക്കും കുടിവെള്ളത്തിനും കൃഷിക്കുമായി ആവശ്യവുമാണ്. ആയതിനാൽ നിയന്ത്രിതമായ രീതിയിൽ മാത്രമേ ജലം ഇപ്പോൾ പുറത്തേയ്ക്ക് വിടുന്നതിന് സാധ്യമാകുകയുള്ളൂ. കൂടാതെ വാട്ടർ അതോറിറ്റിക്ക് ജലം സംഭരിക്കുന്നതിനായ തടയണകൾ ഇല്ലാത്തതിനാലാണ് ഇപ്രകാരം വലിയ തോതിൽ ജലം പുറത്തേയ്ക്ക് കളയേണ്ടിവരുന്നത്.

എന്നിരുന്നാലും കൃഷി ആവശ്യങ്ങളുടെയും കുടിവെള്ളത്തിന്റെയും ആവശ്യകത മനസ്സിലാക്കി, ജനുവരി 5-ാം തീയതി കെ. എസ്. ഇ. ബി. എൽ. അടിയന്തര ചർച്ചകൾ നടത്തുകയും അതിൽ നടന്ന തീരുമാനപ്രകാരം 3 to 3.5 mu/day എന്ന് ഷെഡ്യൂൾ ചെയ്തിരുന്ന ഇടുക്കി ജനറേഷൻ 5 mu/day (ആവറേജ്)യിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. കൂടാതെ വരുംമാസങ്ങളിൽ കൂടുതൽ ഉൽപ്പാദനം നടത്തുവാനും കൂടുതൽ ജലം പുറത്തുവിടുവാനും തീരുമാനമായിട്ടുണ്ട്.

(ഇ) മൂവാറ്റുപുഴ ആറിലേയും മലങ്കര ഡാമിലേയും ജലനിരപ്പ് ഇടുക്കി ജനറേഷനുമായി ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. അവിടുത്തെ മൊത്തത്തിലുള്ള വെള്ളത്തിന്റെ ആവശ്യകത 4.5 mcm to 5 mcm ആണ്. അതിനനുസരിച്ച് ഇടുക്കിയിലെ ഉൽപ്പാദനവും അവിടെനിന്നും പുറത്തുവിടേണ്ട ജലത്തിന്റെ അളവും ഗണ്യമായി കൂട്ടേണ്ടതുണ്ട്. (ഈ പ്രാവശ്യം നവംബർ, ഡിസംബർ മാസങ്ങളിലെ മൺസൂൺ കുറവായിരുന്നതിനാൽ ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് കഴിഞ്ഞ 10 വർഷ ആവറേജിനേക്കാൾ 70% കുറവാണ്. ആയതിനാൽ നമ്മുടെ ഡാമുകളിൽ മൊത്തത്തിൽ ഇപ്പോഴുള്ള ജലം കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. കൂടാതെ ഈ വർഷം അതിഭയങ്കര വരൾച്ച പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ മാർച്ച് മുതൽ മെയ് വരെ കൂടുതൽ വെള്ളം, വൈദ്യുതിക്കും കുടിവെള്ളത്തിനും കൃഷിക്കുമായി ആവശ്യവുമാണ്. ആയതിനാൽ നിയന്ത്രിതമായ രീതിയിൽ മാത്രമേ ജലം ഇപ്പോൾ പുറത്തേയ്ക്ക് വിടുന്നതിന് സാധ്യമാകുകയുള്ളൂ.

**അനെർട്ടിന്റെ പ്രവർത്തനങ്ങൾ**

217 (2468) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) അനെർട്ട്-ൽ ഹെഡ് ക്വാർട്ടേഴ്സിലും ജില്ലാ ഓഫീസുകളിലുമായി എത്ര സ്ഥിരം ജീവനക്കാർ ഉണ്ട്; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) അനെർട്ട്-ൽ നിലവിൽ ഏത് പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്; ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) അനെർട്ട് മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു:

നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം എന്നിവയിലൂടെ പരമാവധി വൈദ്യുതിയും മറ്റ് ഊർജ്ജ രൂപങ്ങളും ഉൽപ്പാദിപ്പിക്കുക എന്നതാണ് അനെർട്ടിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നത്. ഇതിനാവശ്യമായ പ്രായോഗിക ഗവേഷണ പ്രവർത്തനങ്ങളും അനെർട്ട് നടത്തിവരുന്നു. കേന്ദ്ര സർക്കാരിന്റെ നവ-നവീകരണീയ ഊർജ്ജ

മന്ത്രാലയത്തിന്റെ നോഡൽ ഏജൻസിയായി അനെർട്ട് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി കേരളത്തിലേയ്ക്ക് ലഭ്യമാക്കുന്നതും അനെർട്ട് ആണ്. ഇതുകൂടാതെ, വൈദ്യുതി വിതരണ ലൈസൻസികൾ റിന്യൂവബിൾ എനർജി പർച്ചേസ് ഒബ്ലിഗേഷൻ അഥവാ അക്ഷയ ഊർജ്ജം വാങ്ങുന്നതിനുള്ള ബാധ്യത നിറവേറ്റുന്നുണ്ടോ എന്ന വിവരം ക്രോഡീകരിച്ച് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് റിപ്പോർട്ട് നൽകുന്നതും അനെർട്ട് ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും സൗര നിലയങ്ങൾ സ്ഥാപിച്ചുനൽകലും അനെർട്ട് നിർവ്വഹിക്കുന്നുണ്ട്. കേരളത്തിൽ ലഭ്യമായ സൗരോർജ്ജം, കാറ്റ് എന്നിവയുടെ കൃത്യമായ കണക്ക് അനെർട്ട് സ്ഥാപിച്ചിട്ടുള്ള ഭൂതല പഠനകേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.

(1) <u>ഊർജ്ജോൽപ്പാദനം</u>

സംസ്ഥാനത്ത് അനെർട്ട് പിന്തുണയോടെ ആകെ 35 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

കാറ്റിൽനിന്നും എല്ലാ ഏജൻസികളും കൂടി ചേർന്ന് 59.725 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന 3 മെഗാവാട്ട് സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ട് വിന്റ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടുകൂടി മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ട് വിന്റ് പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

(2) <u>'ബൈ മൈ സൺ' വെബ് പോർട്ടൽ</u>

ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ് പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

ബൈ മൈ സൺ പ്രവർത്തനം തുടങ്ങി കഴിഞ്ഞ 6 മാസം കൊണ്ട് 23.95 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് പൊതുജനങ്ങൾ ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 12.25 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്നവ നിർവ്വഹണ ഘട്ടത്തിലാണ്.

(3) സർക്കാർ കെട്ടിടങ്ങളിൽ സൗര നിലയങ്ങൾ

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ. എസ്. ഇ. ബി. എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ. എസ്. ഇ. ബി. എൽ. നടത്തിവരുന്നു.

(4) ഊർജ്ജ കേരള മിഷൻ പരിപാടി-സൗര

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൻ കീഴിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി
1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം.

(5) കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(6) സബ്സിഡി

ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. നിലവിൽ ആകെ 10MW പദ്ധതികൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇത്രയും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് അധിക പദ്ധതികൾക്ക് സബ്സിഡി നൽകാനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. എം. എൻ. ആർ. ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ആകെ 10 MW പദ്ധതികൾക്കാണ് ഇപ്പോൾ സബ്സിഡി ലഭ്യമായിട്ടുള്ളത്. അത്

പൂർത്തിയാകുന്ന മുറയ്ക്ക് അധിക സബ്സിഡിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങളായ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(7) <u>വ്യാപകമായ പരസ്യ പ്രചാരണം</u>

സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി അനെർട്ട് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരികയും ചെയ്യുന്നു. അനെർട്ടും മലയാള മനോരമ പത്രവുമായി ചേർന്ന് 14 ജില്ലകളിൽ സെമിനാർ നടത്തുകയും അതിന്റെ വാർത്ത പ്രാധാന്യത്തോടെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാതൃഭൂമി പത്രവുമായി ചേർന്ന് കേരളം മുഴുവൻ പ്രത്യേക സപ്ലിമെന്റ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ദേശാഭിമാനി പത്രവുമായി ചേർന്ന് ദേശീയ പ്രദർശനം നടത്തുവാൻ പദ്ധതിയിടുന്നുണ്ട്.

അക്ഷയ ഊർജ്ജ സാങ്കേതിക വിദ്യകളെക്കുറിച്ച് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് അറിവ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സജ്ജമാക്കിയ ഒരു പ്രദർശന വാഹനം ഈ വർഷം സംസ്ഥാനത്ത് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനെർട്ട് ലഭ്യമാക്കുന്നുണ്ട്.

(ബി) അനെർട്ടിൽ ഹെഡ് ക്വാർട്ടേഴ്സിലും ജില്ലാ ഓഫീസുകളിലുമായി നിലവിൽ 34 സ്ഥിരം ജീവനക്കാർ ഉണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 13 പേർ അനർട്ടിൽ ഉണ്ട്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) അനെർട്ടിൽ ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. അനെർട്ടിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡിൽ ആകെയുള്ള ജീവനക്കാർ

218 (2469) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ചെലവു ചുരുക്കലിന്റെ ഭാഗമായി ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ ഘടനയെപ്പറ്റിയും സമിതിയുടെ പരിഗണനാ വിഷയങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് എന്നത്തേക്കു സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സമിതി കരട് നിർദ്ദേശങ്ങളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വൈദ്യുതിബോർഡിൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം അറിയിക്കാമോ; ഇതിൽ മിനിസ്റ്റീരിയൽ തസ്തികകൾ എത്രയാണ്; റഗുലേറ്ററി കമ്മീഷൻ അനുവദിച്ച ആകെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും ശേഷിച്ചവർക്കുള്ള ശമ്പള വിതരണം എപ്രകാരമാണ് നടത്തുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.ഐ.എം. കോഴിക്കോടിനെ ചുമതലപ്പെടുത്തുകയും ഐ.ഐ.എം. സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

ഇതുസംബന്ധിച്ച് വിശദമായ പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന് ഉന്നതാധികാര സമിതിയെ സഹായിക്കുന്നതിലേയ്ക്കായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 3-2-2018-ലെ ബോർഡ് ഉത്തരവുപ്രകാരം ബന്ധപ്പെട്ട ഡയറക്ടർമാരുമായി കൂടിയാലോചന നടത്തി വിവിധ ഓഫീസുകളുടെ ഘടന നിർണ്ണയിക്കുന്നതിനും അതിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ കണ്ടെത്തി ശിപാർശ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സബ് കമ്മിറ്റി തയ്യാറാക്കിയ കരട് നിർദ്ദേശങ്ങളിന്മേൽ, ബന്ധപ്പെട്ട ഡയറക്ടർമാർ, ഓഫീസ് മേധാവികൾ എന്നിവരുടെ അഭിപ്രായം ശേഖരിച്ചുവരികയാണ്. പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ച്, കമ്മിറ്റി തയ്യാറാക്കുന്ന റിപ്പോർട്ട് ബോർഡ് പരിശോധിച്ചശേഷം ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) വൈദ്യുതി ബോർഡിൽ 2-2-2019-ൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം - 33214.

ഇതിൽ മിനിസ്റ്റീരിയൽ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് | 831 |
| ക്ലറിക്കൽ അറ്റൻഡർ | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 19 |
| ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 107 |
| ഓഫീസ് അറ്റൻഡന്റ് | 507 |
| സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട് | 2495 |
| സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 105 |
| സ്വീപ്പർ | 15 |
| പി. റ്റി. സി. സ്വീപ്പർ | 291 |
| അക്കൗണ്ട്സ് ഓഫീസർ | 38 |
| അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 77 |
| അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |
| ചീഫ് ഇന്റേണൽ ആഡിറ്റർ | 1 |
| ചീഫ് പേഴ്സണൽ ഓഫീസർ | 1 |
| ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 55 |

| | |
|---|---|
| ഫെയർകോപ്പി സൂപ്രണ്ട് | 2 |
| ഫിനാൻസ് ഓഫീസർ | 23 |
| ഫിനാൻഷ്യൽ അഡ്വൈസർ | 1 |
| ജൂനിയർ പേഴ്സണൽ അസിസ്റ്റന്റ് | 1 |
| റീജിയണൽ പേഴ്സണൽ ഓഫീസർ | 1 |
| സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 |
| സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 52 |
| സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1123 |
| പേഴ്സണൽ ഓഫീസർ | 0 |

വൈദ്യുതി ബോർഡിൽ 31-3-2009-ന് നിലവിലുണ്ടായിരുന്ന 27175 ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ മാത്രമാണ് 2010-11 മുതൽ ഇതുവരെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചുവരുന്നത്. റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളതും അനുവദിച്ചിട്ടില്ലാത്തതുമായ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബോർഡിന്റെ തനത് വരുമാനത്തിൽ നിന്നാണ് ശമ്പളം വിതരണം ചെയ്യുന്നത്.

**ഹൈഡൽ ടൂറിസം വികസനത്തിനായി പ്രത്യേക കമ്പനി**

219 (2470) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസം വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പ്രവർത്തനത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണം പ്രതീക്ഷിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നതോടുകൂടി ബോർഡ് എന്ത് തുക അധിക വരുമാനമായി പ്രതീക്ഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹൈഡൽ ടൂറിസം വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വനം, ടൂറിസം, ധനകാര്യം, തൊഴിൽ, ഗതാഗതം തുടങ്ങിയ വകുപ്പുകളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

(സി) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നതുവഴി പ്രതിവർഷം 50 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

## ഇടുക്കി ഹൈഡൽ ടൂറിസം പദ്ധതി

220 (2471) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ആർച്ച് ഡാമിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഹൈഡൽ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അക്വേറിയം, ലേസർ ഷോ എന്നിവ ഇതിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; അവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ആർച്ച് ഡാമിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുതിനായി ഹൈഡൽ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) അക്വേറിയം, ലേസർ ഷോ എന്നിവ ഇതിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ 92 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരും. പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പകരം ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## വൈദ്യുതി ബോർഡിന് കീഴിൽ പ്രത്യേക നിർമ്മാണ കമ്പനി

221(2472) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണമുൾപ്പെടെ സംസ്ഥാനത്തെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വൈദ്യുതി ബോർഡിന് കീഴിൽ പ്രത്യേക നിർമ്മാണ കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഡാമുകളിലും പരിസരത്തുമുള്ള ഹൈഡൽ ടൂറിസം പദ്ധതിക്ക് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) സോളാർ പാനൽ സ്ഥാപിച്ച് 500 മെഗാവാട്ട് സൗരോർജ്ജവൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് വൈദ്യുതി ബോർഡും അനെർട്ടുമായി ചേർന്ന് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലെ വിവിധ വകുപ്പുകളിലെയും പൊതുമേഖലയിലുമുള്ള നിരവധി വിവിധോദ്ദേശ്യങ്ങളായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ കൺസൾട്ടൻസി സേവനങ്ങൾക്കുമായി കെ.എസ്.ഇ.ബി.എൽ.-ന്റെകീഴിൽ ഒരു സബ്സിഡിയറി കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രവർത്തനങ്ങൾ വഴി കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിച്ച് ടൂറിസം മേഖല പരിപോഷിപ്പിക്കുക എന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രധാന ഉദ്ദേശം. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇടുക്കി, നാടുകാണി, മാട്ടുപ്പെട്ടി, ആനയിറങ്കൽ, ശെങ്കുളം, കുണ്ടള, ഇക്കോപോയിന്റ് ഹൈഡൽ പാർക്ക്, മൂന്നാർ, വയനാട്ടിലെ ബാണാസുരസാഗർ, തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി, നിലമ്പൂരിലെ ആഢ്യൻപാറ എന്നീ ഡാമുകളിലാണ് ഹൈഡൽ ടൂറിസം നടപ്പാക്കിവരുന്നത്.

(സി) ഉദ്ദേശിക്കുന്നുണ്ട്. വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരളം പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ പദ്ധതി കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഇതിനായുള്ള സംയുക്ത സംരംഭം രൂപീരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു.

## മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി

222 (2473) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നവീകരണ പദ്ധതികൾ അവിടെ നടപ്പിലാക്കിയെന്ന് വിശദീകരിക്കാമോ;

(സി) നവീകരണത്തിനുശേഷം എന്നു മുതൽ പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പ്രദേശത്തെ ടൂറിസം സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് വിനോദ സഞ്ചാരികൾക്കായി 4 പെഡൽ ബോട്ടുകൾ, ബോട്ടുജെട്ടി, ടിക്കറ്റ് കൗണ്ടർ, ടോയ്‌ലറ്റ് ബ്ലോക്ക്, ലാൻഡ്സ്കേപ്പിംഗ്, മനോഹരമായ പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, കളിസ്ഥലം, കഫറ്റീരിയ, വിശ്രമ കേന്ദ്രം, സൈക്ലിംഗ്, വെള്ളച്ചാട്ടം തുടങ്ങിയവ സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്.

(സി) സർക്കാരിന്റെ 1000 ദിവസത്തെ ആഘോഷ പരിപാടികളിൽ ഉൾപ്പെടുത്തി ഈ പദ്ധതി പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും.

## റിന്യൂവബിൾ എനർജി എൻവയൺമെന്റ് ഫെഡറേഷൻ നിവേദനം

223 (2474) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട വിറകടുപ്പിനുള്ള സബ്സിഡി നിർത്തലാക്കിയത് മൂലം നിർമ്മാണ രംഗത്തെ തൊഴിലാളികൾ പട്ടിണിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം സംബന്ധിച്ച് റിന്യൂവബിൾ എനർജി എൻവയൺമെന്റ് ഫെഡറേഷൻ നിവേദനം സമർപ്പിച്ചിരുന്നോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) മാലിന്യ സംസ്കരണ രംഗത്തെ ഏറ്റവും ജനപ്രിയ മോഡലായ ദീനബന്ധു ഉൾപ്പെടെയുള്ള പ്ലാന്റുകൾക്ക് നിർമ്മാണ ചെലവിന് ആനുപാതികമായ സബ്സിഡി നല്കുമോ ;

(ഡി) പ്രളയദുരിത മേഖലയിലെ ബയോഗ്യാസ് പ്ലാന്റുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പുകൾ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ അനെർട്ടിലെ തൊഴിൽ സംരംഭകർക്ക് കൂടുതൽ തൊഴിൽ അവസരം അനുവദിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റിന്യൂവബിൾ എനർജി എൻവയൺമെന്റ് ഫെഡറേഷൻ സമർപ്പിച്ച സബ്സിഡി സംബന്ധിച്ച നിവേദനം അനെർട്ടിൽ ലഭിച്ചിട്ടുണ്ട്.

മെച്ചപ്പെട്ട വിറകടുപ്പിന്റെ വ്യാപനത്തിനായി അനെർട്ട് പ്രോത്സാഹനവും പ്രചാരണവും നൽകിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മെച്ചപ്പെട്ട വിറകടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയെ സംബന്ധിച്ച് PRD മുഖേന ആകാശവാണിയിൽ ആവശ്യമായ പരസ്യങ്ങൾ അനെർട്ട് മുഖാന്തിരം നൽകിവരുന്നു. അഞ്ച് ദിവസം തുടർച്ചയായി കേരളത്തിലെ എല്ലാ റേഡിയോ നിലയങ്ങൾ വഴി ഇതുസംബന്ധിച്ച കാര്യങ്ങൾ പ്രക്ഷേപണം ചെയ്തിരുന്നു.

(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കൃഷി വകുപ്പുമുഖേനയും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി ലഭ്യമാണ്.

(ഡി) പ്രളയ ദുരിത മേഖലയിലെ ബയോഗ്യാസ് പ്ലാന്റുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പുകൾ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ടെക്നീഷ്യൻമാരുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഇവരുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ സഹിതം അനെർട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ അനെർട്ടിന്റെ ജില്ലാ ഓഫീസുകളിലും ടി വിവരം ലഭ്യമാണ്.

## സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

224 (2475) ശ്രീമതി യു. പ്രതിഭ :
ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സ്ത്രീകളുടെ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള വനിതാ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മതിയായ മൂലധനം ഇല്ലാതെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന എസ്. സി./എസ്. ടി. സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിക്കുകയും ആയതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. നോട്ട് നിരോധന കാലത്ത് കേരളത്തിലെ സഹകരണ സംഘങ്ങൾ അഭിമുഖീകരിച്ച വലിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും പുതിയ ടെക്നോളജിയും പ്രോഡക്ടുകളും സഹകരണ മേഖലയെ ആശ്രയിച്ച് ഇടപാടുകൾ നടത്തുന്നവർക്ക് ലഭ്യമാക്കുന്നതിനും കേരള ബാങ്ക് രൂപീകരണത്തോടെ സാധ്യമാവും. ഇത് സഹകരണ മേഖലയുടെ മുഖഛായ മാറ്റുന്നതിന് ഏറെ സഹായകരമായിത്തീരും. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്. ബ്ലേഡ് പലിശക്കാരെ ഒഴിവാക്കുന്നതിനുവേണ്ടി 'മുറ്റത്തെ മുല്ല' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. KSRTC ജീവനക്കാരുടെ പെൻഷൻ നൽകുന്നതിന് സഹകരണ വകുപ്പ് വഹിച്ച പങ്ക് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് നടത്തിയ ഇടപെടലുകൾ വഴി അരിയുടെ വിലക്കയറ്റം തടയാനും കഴിഞ്ഞു. നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നിക്ഷേപ സമാഹരണ പരിപാടിയും നടപ്പാക്കിയതുവഴി സംഘങ്ങളിലെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ഒരു സഹകരണ നയം രൂപീകരിച്ചു. പ്രളയം/ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽപ്പെട്ടവർക്ക് വിവിധ ആശ്വാസ നടപടികൾക്കായി പ്രത്യേകം പദ്ധതികൾ തയ്യാറാക്കി. കെയർഹോം പദ്ധതി പ്രകാരം പ്രളയ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് ആദ്യ ഘട്ടത്തിൽ 2000 വീടുകൾ സഹകരണ മേഖല നിർമ്മിച്ച് നൽകിവരുന്നു. ഈ മേഖലയിലുള്ള സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്ക് കാലാനുസൃതമായ രീതിയിൽ വിവിധ പരിശീലനങ്ങൾ നൽകുന്നതിനായി ACSTI-യെ ഒരു സ്വയംഭരണ സ്ഥാപനമാക്കി നെൽകർഷകരെ സഹായിക്കുന്നതിനായി നെല്ല് സംഭരണവും ഭാവിയിൽ മില്ല് സ്ഥാപിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഓഹരി മൂലധനം, വായ്പ സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും കൺസ്യൂമർഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വനിത ഫെഡറേഷന് ആധുനികവൽക്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകിവരുന്നു. പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവരുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് വരുന്നുണ്ട്. വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്ക് വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. കേപ്പിന്റെകീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച് കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

കേരളത്തിലെ സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ആശുപത്രി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങൾ മുഖേന വൃക്ഷത്തൈകൾ നട്ടുവളർത്തുന്ന 'ഹരിതം സഹകരണം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നീതി മെഡിക്കൽ സ്റ്റോറുകൾ, വനിതാ ഡ്രൈവിംഗ് സ്കൂളുകൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ എന്നിവ ആരംഭിച്ചതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വനിതാ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും സാധ്യമാക്കുന്നതിനും സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രധാനമായും ഓഹരി പങ്കാളിത്തം, ഗ്രാന്റുകൾ, സബ്സിഡികൾ എന്നീ ഇനങ്ങളിലാണ് വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭ്യമാകുന്നത്. കേരള വനിതാ സഹകരണ സംഘത്തിന് (വനിതാഫെഡ്) 2,94,85,500 രൂപ ധനസഹായം നൽകിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങൾ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ശാക്തീകരണ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള വനിതാ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവയുടെ പ്രവർത്തനങ്ങൾ വൈവിദ്ധ്യവത്കരിക്കുന്നതിന് ടി സംഘങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ സർക്കാർ ഓഹരി മൂലധന സഹായവും പരമാവധി 5 ലക്ഷം രൂപ വരെ പ്രവർത്തന മൂലധന ഗ്രാന്റും പരമാവധി 15 ലക്ഷം രൂപ വരെ ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായവും അനുവദിക്കുന്നുണ്ട്.

(സി) മതിയായ മൂലധനമില്ലാതെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ചുവടെ പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

1. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി 4 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

2. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് ടി സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനായി ഓഹരി ഇനത്തിൽ 1,50,000 രൂപയും സബ്സിഡി ഇനത്തിൽ 3,50,000 രൂപയും ഉൾപ്പെടെ ആകെ 5,00,000 രൂപ അനുവദിച്ചുവരുന്നു.

3. എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി 5,00,000 രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

4. എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി റിവൈവൽ സ്കീം പ്രകാരം ഓഹരി ഇനത്തിൽ 5 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടിയായിട്ടുണ്ട്.

5. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാകുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം ഓഹരി ഇനത്തിൽ 10 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ഓഹരി മൂലധന സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന ഭവന നിർമ്മാണ ഫെഡറേഷനും സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

**കെയർ ഹോം പദ്ധതി**

225 (2476) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വെച്ച് നൽകുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന കെയർ ഹോം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാപ്രളയത്തിൽ വീട് തകർന്നുപോയവർക്ക് പുതിയ വീട് നിർമ്മിച്ചുനൽകുന്ന കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യ ഘട്ടത്തിൽ 2000 വീടുകളാണ് സഹകരണ വകുപ്പ് നിർമ്മിച്ചുനൽകുന്നത്.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും സഹകരണ വകുപ്പിന്റെ തുകയും ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീട് നിർമ്മിക്കുന്നതിനായി ചെലവഴിക്കുന്നത്. ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കെയർ ഹോം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ പറയുന്നു:

1. <u>ഗുണഭോക്താക്കളെ നിശ്ചയിക്കുക</u>

ദുരന്ത പുനരധിവാസ ഭവന നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന ഭവന പുനർ നിർമ്മാണം 2 തരത്തിലാണ് നടപ്പിലാക്കുന്നത്.

1. സർക്കാർ പ്രഖ്യാപിച്ച ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം ഉത്തരവാദിത്വത്തോടെ വീട് നിർമ്മാണം ഏറ്റെടുക്കുക.

2. സർക്കാർ മേൽനോട്ടത്തിലൂടെ ഭവന നിർമ്മാണം നടത്തുക.

ഇതിൽ സർക്കാർ മേൽനോട്ടത്തിൽ നടത്തുന്ന ഭവന നിർമ്മാണമാണ് കെയർ ഹോം പദ്ധതി.

2. <u>പദ്ധതി നിർവ്വഹണ രീതി</u>

സംസ്ഥാനതല നിർവ്വഹണ സമിതി (പി.ഐ.യു.) അംഗീകരിച്ച് നൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. നിർമ്മാണത്തിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കും. സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും:

1. നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റും ഒരു ഭരണ സമിതി അംഗവും.

2. സഹകരണ സംഘം സെക്രട്ടറി.

3. ഗുണഭോക്താവ്.

4. ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതിനിധിയും ജില്ലാ കളക്ടറുടെ പ്രതിനിധിയും.

നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത പ്രാദേശിക സഹകരണ സംഘത്തിന്റെ സെക്രട്ടറിയാണ് ഗുണഭോക്തൃ സമിതിയുടെ സെക്രട്ടറി.

ഗുണഭോക്താവിനുവേണ്ടി പദ്ധതി നിർവ്വഹണം ഏറ്റെടുക്കുമ്പോൾ നിർമ്മാണത്തിനായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി വിശദമായ പരിശോധന നടത്തി ശരിയായ വിലയിരുത്തലിനുശേഷം ജില്ലാതല നിർവ്വഹണ സമിതിക്ക് ഇതുസംബന്ധിച്ച റിപ്പോർട്ട് ഗുണഭോക്തൃ സമിതിയിലെ സഹകരണ സംഘം മുഖേന സമയബന്ധിതമായി നൽകേണ്ടതാണ്.

ബന്ധപ്പെട്ട ഗുണഭോക്താവ്, നിർവ്വഹണത്തിനായി നിർമ്മാണ ഏജൻസിയായ സംഘം ഉൾപ്പെടുന്ന ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ട് ഗുണഭോക്തൃ സമിതി സെക്രട്ടറിയും ബന്ധപ്പെട്ട ഗുണഭോക്താവും ചേർന്ന് പ്രവർത്തിപ്പിക്കണം.

പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവർ സാമ്പത്തികമായും അല്ലാതെയും നൽകുന്ന സഹായം ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്.

കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ നിർമ്മിക്കുന്ന 2000 വീടുകളിൽ 1555 ഗുണഭോക്താക്കൾ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും അവരിൽ 1447 പേർ തറക്കല്ലിടീൽ നട<u>ത്തു</u>കയും ചെയ്തിട്ടുണ്ട്. 1374 ഗുണഭോക്താക്കൾക്ക് വീടുകളുടെ പ്ലാനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 1307 ഗുണഭോക്താക്കൾ അടിസ്ഥാന നിർമ്മാണം പൂർത്തീകരിക്കുകയും അവരിൽ 343 പേർ ലിൻഡൽ ലെവൽ വരെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 172 പേർ വീടുകളുടെ കോൺക്രീറ്റ് (വാർക്ക) നടത്തിക്കഴിഞ്ഞു. നിർമ്മാണ പ്രവത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

(ബി) കെയർ ഹോം പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്.

**കേരള ബാങ്ക് രൂപീകരണം**

226 (2477) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് എന്നത്തേക്ക് യഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് മറികടന്ന് കേരള ബാങ്ക് എന്ന് യഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ?

ഉത്തരം

(എ) പുതിയ സാമ്പത്തിക വർഷം ആദ്യത്തിൽ തന്നെ കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(ബി) നിലവിൽ തടസ്സങ്ങൾ ഉള്ളതായി കാണുന്നില്ല.

**കേരള ബാങ്ക് ജീവനക്കാരുടെ സീനിയോറിറ്റി**

227 (2478) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത രൂപരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ലയനശേഷമുള്ള ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർ പ്രകടിപ്പിച്ച ആശങ്ക ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് നബാർഡ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കാമോ; പ്രസ്തുത നിലപാട് നബാർഡിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണത്തിന് Reserve Bank നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖ തയ്യാറാക്കി വരികയാണ്.

(ബി & സി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുമ്പോൾ ജീവനക്കാരുടെ തസ്തിക ഏകീകരണം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രമായ പദ്ധതി സർക്കാർ തയ്യാറാക്കുന്നതാണ്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ വിവിധ

സംഘടനാ പ്രതിനിധികളുമായി രണ്ടുപ്രാവശ്യം (12-10-2018, 11-1-2019) ചർച്ച നടത്തിയിട്ടുള്ളതാണ്. എല്ലാ വിഭാഗം ജീവനക്കാരുടെയും ആശങ്കകൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

(ഡി) കേരള ബാങ്ക് രൂപീകരണം സംസ്ഥാന സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പൂർത്തീകരിക്കണമെന്നാണ് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാർ അംഗീകരിച്ച സഹകരണ നിയമത്തിലും സഹകരണ തത്വത്തിലും ഉറച്ചുനിന്ന് കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതാണ്. നബാർഡ് മുന്നോട്ടുവച്ചിട്ടുള്ള അധിക നിർദ്ദേശങ്ങളിലെ അപ്രായോഗികത നബാർഡിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

## കേരള ബാങ്ക് രൂപീകരണത്തിൽ കാലതാമസം

228 (2479) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരണത്തിന് മുൻപ് പ്രഖ്യാപിച്ചിരുന്ന തീയതികളിൽ മാറ്റം വരുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ?

### ഉത്തരം

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകിയപ്പോൾ 19 വ്യവസ്ഥകൾ RBI മുന്നോട്ടുവച്ചിരുന്നു. ടി വ്യവസ്ഥകൾ പ്രാകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. മേൽ വ്യവസ്ഥകൾ ഓരോന്നും പൂർത്തീകരിക്കാൻ കൂടുതൽ സമയം വേണ്ടി വന്നതിനാലാണ് പ്രഖ്യാപിച്ചിരുന്ന തീയതികളിൽ മാറ്റം ആവശ്യമായി വന്നത്.

## കേരള ബാങ്ക് രൂപീകരണ നിർദ്ദേശങ്ങൾ

229 (2480) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വായ്പേതര സഹകരണ സംഘങ്ങളെയും കേരള ബാങ്കിൽ ഉൾപ്പെടുത്തണമെന്ന നബാർഡ് നിർദ്ദേശം പ്രായോഗികമല്ലാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) വായ്പേതര സഹകരണ സംഘങ്ങൾക്കെല്ലാം ഇപ്പോൾ അപ്പെക്സ് ഫെഡറേഷനുകൾ നിലവിലുണ്ടോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, നബാർഡ് നിർദ്ദേശമനുസരിച്ചുള്ള വ്യവസ്ഥകൾ ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള ബാങ്ക് രൂപീകരണം സംസ്ഥാന സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പൂർത്തീകരിക്കണമെന്നാണ് ആർ. ബി. ഐ. തത്വത്തിലുള്ള അംഗീകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലെ സഹകരണ നിയമ പ്രകാരം വായ്പേതര സംഘങ്ങൾ ജില്ലാ ബാങ്കുകളുടെ നോമിനൽ/അസോസിയേറ്റ് മെമ്പർമാർ മാത്രമാണ്. ഇവരെ അതേ സ്റ്റാറ്റസിൽ തന്നെ കേരള ബാങ്കിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സഹകരണ വകുപ്പിൻകീഴിൽ വായ്പേതര സംഘങ്ങളിൽ പലവക സംഘങ്ങളുടേതൊഴികെ മറ്റ് സംഘങ്ങൾക്ക് അപ്പക്സ് ഫെഡറേഷനുണ്ട്. അവ ചുവടെ ചേർക്കുന്നു:

(1) Kerala State SC/ST Federation

(2) Kerala State co-op. Marketing Federation

(3) Kerala State Rubber Marketing Federation

(4) Kerala State co-op. Consumer Federation

(5) Kerala State co-op. Housing Federation

(6) Kerala State co-op. Hospital Federation

(7) Kerala State Women co-op. Federation

(8) Kerala State Cooperative Labour Federation

(9) Kerala State Tourism Federation

കൂടാതെ ഫങ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള മിൽക്ക്, ഹാന്റ്ലൂം, കയർ, ഫിഷറീസ്, ടെക്സ്റ്റൈയിൽ തുടങ്ങിയ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രത്യേകം ഫെഡറേഷനുകൾ നിലവിലുണ്ട്.

(സി) ഇല്ല.

**ജില്ലാ സഹകരണ ബാങ്കുകളിലെ വായ്പ നിക്ഷേപ പിരിവുകാർ**

230 (2481) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തോടെ ജില്ലാ സഹകരണ ബാങ്കുകളിലെ വായ്പ നിക്ഷേപ പിരിവുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജീവനക്കാരുടെ സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവരെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തി പ്യൂൺ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ - സി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് സംസ്ഥാന-ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പ്രതിനിധികളുമായി രണ്ട് തവണ ചർച്ച നടത്തിയിട്ടുള്ളതാണ്. വിഷയം വിശദമായി പരിശോധിച്ച് ഉചിതമായ തിരുമാനം കൈക്കൊള്ളുന്നതാണ്.

**കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക**

231 (2482) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിലും ശാഖകളിലുമായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്;

(ബി) ഇതിൽ ഒഴിവുള്ള എത്ര തസ്തികകളുണ്ട്; അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിൽ മാത്രമേ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയുള്ളൂ. ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 4 തസ്തികകളാണുള്ളത്.

(ബി) ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 2 ഒഴിവുകളുണ്ട്.

(സി) ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ നിയമനം**

232 (2483) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് ക്ലാർക്ക്/കാഷ്യർ നിയമനം നടത്തുന്നതിന് കേരള പി.എസ്.സി. പ്രസിദ്ധീകരിച്ച 20/14, 21/2014 ലിസ്റ്റുകളുടെ കാലാവധി എന്നു വരെയാണ്; കേരള ബാങ്ക് നിലവിൽ വന്നാലും, ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പ്യൂൺ/അറ്റൻഡന്റ് തസ്തികയിൽ നിന്നും അനധികൃത സ്ഥാനക്കയറ്റം നൽകിയ, രജിസ്ട്രാറുടെ അനുമതിയില്ലാത്ത 22 ജീവനക്കാരെ തരംതാഴ്ത്തുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ടോ;

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 1-1-2016 മുതൽ 31-12-2018 വരെ വിരമിച്ച ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് നൽകാമോ;

(ഡി) 22-3-2017-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ നിയമനം ലഭിച്ചവരുടെ എണ്ണം എത്ര; വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം ഡി.സി.ബി. യിൽ നിലവിൽ ക്ലർക്ക്/കാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്ര; ആയതിൽ പ്യൂൺ/അറ്റൻഡന്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചവരുടെ എണ്ണം എത്ര;

(എഫ്) തിരുവനന്തപുരം ഡി.സി.ബി.യുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ലാസിഫിക്കേഷൻ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലേയ്ക്ക് 22-3-2017-ന് നിലവിൽ വന്ന റാങ്ക് പട്ടികയിലേയ്ക്ക് സ്വാഭാവിക കാലാവധി 21-3-2020 വരെയാണ്.

(ബി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പ്യൂൺ/അറ്റൻഡന്റ് തസ്തികയിൽ നിന്നും അനധികൃത സ്ഥാനക്കയറ്റം നൽകിയ രജിസ്ട്രാറുടെ അനുമതിയില്ലാത്ത 22 ജീവനക്കാരെ തരംതാഴ്ത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലവിലില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*

(ഡി) 22-3-2017-ൽ നിലവിൽ വന്ന ക്ലാർക്ക്/കാഷ്യർ റാങ്ക്ലിസ്റ്റിൽ നിന്നും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നാല് പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിലവിൽ 187 പേർ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നു. ആയതിൽ പ്യൂൺ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചവർ 31 പേരാണ്.

(എഫ്) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് റീ-ക്ലാസിഫിക്കേഷന് വേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

## സർവ്വീസ് സഹകരണ ബാങ്കുകളിലെ സ്ഥാനക്കയറ്റം

233 (2484) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമമനുസരിച്ച് പ്രവർത്തിക്കുന്ന പ്രാദേശിക സർവ്വീസ് സഹകരണ ബാങ്കുകളിൽ ജൂനിയർ ക്ലർക്ക്, സീനിയർ ക്ലർക്ക്, അക്കൗണ്ടന്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഒഴിവുകൾ ഉണ്ടായിട്ടും യഥാസമയം സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) മുൻകാല പ്രാബല്യം ഇല്ലാതെ വർഷങ്ങൾക്ക് ശേഷം സ്ഥാനക്കയറ്റം ലഭിക്കുന്നതിനാൽ ജീവനക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തികനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഉണ്ട്.

(സി) സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സഹകരണ നിയമത്തിന് വിധേയമായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണസമിതികളാണ്. സംഘങ്ങളിലെ സ്ഥാനക്കയറ്റം മുഖേനയുള്ള ഒഴിവുകൾ നികത്തുന്നതിന് സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തരം നിർദ്ദേശം നൽകുന്നതാണ്.

## സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

234 (2485) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം എത്ര സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളാണ് ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്;

(സി) സഹകരണ മേഖലയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന രീതിയിലുള്ള പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ രാഷ്ട്രീയ പരിഗണന വെച്ച് സംഭവം ലഘൂകരിക്കുവാനും കുറ്റക്കാരെ രക്ഷിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ ഈ മേഖലയ്ക്ക് ദോഷകരമായതിനാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 156 സഹകരണ സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടുപിടക്കപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ മേഖലയുടെ വിശ്വാസ്യതയെ തകർക്കുന്ന രീതിയിലുള്ള പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 65, 66, 68 എന്നിവ പ്രകാരമുള്ള അന്വേഷണവും പരിശോധനയും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിലും പരിശോധനകളിലും ക്രമക്കേടുകൾ ബോധ്യപ്പെടുന്ന പക്ഷം വകുപ്പ് 32 പ്രകാരമുള്ള പിരിച്ചുവിടൽ നടപടികളും വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ വകുപ്പുകളിൽ ഉൾപ്പെട്ട ക്രമക്കേടുകളിൽ തുടർനടപടികൾക്കായി പോലീസിന് കൈമാറുകയും ചെയ്യുന്നു.

(ഡി) സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ രാഷ്ട്രീയ പരിഗണന വച്ച് നടപടികൾ ലഘൂകരിക്കുന്നില്ല. കുറ്റക്കാർക്കെതിരെ ചട്ടപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ ശാഖകൾ

235 (2486) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം, 2002 പ്രകാരം ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ബ്രാഞ്ചുകൾ സംസ്ഥാനത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെ കൂടിയ നിരക്കിൽ നിക്ഷേപം സ്വീകരിച്ച് വൻകിട കച്ചവടക്കാർക്കും വ്യവസായികൾക്കും വായ്പ നല്കി കൊള്ളലാഭം ഉണ്ടാക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(സി) സഹകരണ വകുപ്പിന്റെയോ മറ്റേതെങ്കിലും സംവിധാനത്തിന്റെയോ ഒരു പരിശോധനയ്ക്കും വിധേയമാകാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സെൻട്രൽ രജിസ്ട്രാറുടെ 2-11-2018-ലെ R-11017/72/2015/L & M(part-2) നമ്പർ സർക്കുലർ പ്രകാരം എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ബ്രാഞ്ച് വിവരങ്ങൾ അതത് സ്റ്റേറ്റ് രജിസ്ട്രാറെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി സർക്കുലർ നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടുന്നില്ല.

(ബി) ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്ര സഹകരണ സംഘം രജിസ്ട്രാറുടെ 29-5-2013-ലെ എഫ്. നം. ആർ. 1107/10/2013/എൽ. & എം. നം. സർക്കുലർ നിർദ്ദേശപ്രകാരം മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് അതത് സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 18-7-2013-ലെ ജി(1)47/13 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും പരിശോധനയിൽ അനധികൃതമായി ബാങ്കിംഗ് പ്രവർത്തനം നടത്തുന്നതായി ബോധ്യപ്പെടുന്ന സംഘങ്ങളുടെ വിവരം കേന്ദ്ര രജിസ്ട്രാറെയും റിസർവ് ബാങ്കിനെയും അറിയിക്കുകയും കേരളത്തിൽ പ്രവർത്തിക്കുന്നതിനുള്ള അവയുടെ അനുമതി റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് നേരത്തെ കത്ത് നൽകുകയും ചെയ്തിരുന്നു. കൂടാതെ സഹകരണ സംഘം രജിസ്ട്രാർ 53/18 നമ്പർ സർക്കുലർ പ്രകാരം "മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾ മാത്രം ഉത്തരവാദിത്വമുള്ള ഒരു സ്വയംഭരണ സ്ഥാപനമാണെന്നും കേന്ദ്ര സഹകരണ രജിസ്ട്രാർക്ക് ടി സംഘങ്ങളുടെ മേൽ ഭരണപരമായ യാതൊരു നിയന്ത്രണവുമില്ലെന്നും അംഗങ്ങളും നിക്ഷേപകരും പൊതുജനങ്ങളും ഇത്തരം സംഘങ്ങളുടെ പ്രവർത്തനമികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ടതാണ് എന്നും നിക്ഷേപങ്ങളുടെ മേൽ യാതൊരു ഗ്യാരന്റിയും കൃഷിയും കാർഷികക്ഷേമവും മന്ത്രാലയം കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർ നൽകുന്നതല്ല" എന്ന വിധത്തിൽ മേൽ സ്ഥാപനങ്ങളുടെ പ്രവേശന കവാടത്തിൽ സ്ഥാപിക്കാനും ആയത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ സംഘങ്ങൾ വഴി സ്വയംതൊഴിൽ വായ്പ**

236 (2487) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾവഴി നിലവിൽ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ സഹായത്തോടെ കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കപ്പെടുന്നതിനായി സ്വയം തൊഴിൽ വായ്പയും സഹായങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വിദേശത്തുനിന്നും മടങ്ങി വരുന്നവർക്ക് അവരുടെ തൊഴിൽ പരിചയത്തിന്റെ അടിസ്ഥാനത്തിൽ നാട്ടിൽ തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതി സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ബൈലാ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്ന മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും സ്വയംതൊഴിൽ വായ്പകൾ അനുവദിക്കുന്നുണ്ട്.

അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വയംതൊഴിൽ വായ്പ നൽകിവരുന്നത്.

(ബി) സംസ്ഥാനത്തെ കുടുംബശ്രീ/SHG/JLG യൂണിറ്റുകൾക്ക് സംരംഭക വായ്പയായും പ്രോജക്ട് ലോണായും യൂണിറ്റുകളുടെ സമ്പാദ്യത്തെ അടിസ്ഥാന പ്പെടുത്തിയോ അവർ സമർപ്പിക്കുന്ന പ്രോജക്ടിനെ അടിസ്ഥാനപ്പെടുത്തിയോ സ്വയംതൊഴിൽ വായ്പകൾ നൽകിവരുന്നുണ്ട്.

(സി) പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫാർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) സ്കീം പ്രകാരം സഹകരണ ബാങ്കുകൾ വഴി വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പിടുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയ്ക്കും ആയതിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ നോർക്ക വകുപ്പ് വഴി നടപ്പിലാക്കിവരുന്ന NDPREM പദ്ധതി കാർഷിക ഗ്രാമ വികസന ബാങ്കിലും നടപ്പിലാക്കിവരുന്നു. വിദേശങ്ങളിൽ നിന്ന് മടങ്ങി വരുന്നവർക്ക് 'പ്രവാസിമിത്ര' എന്ന വായ്പാ പദ്ധതി വഴി കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് വായ്പ നൽകിവരുന്നുണ്ട്. നോർക്ക റൂട്ട്സ് വഴി ആവിഷ്കരിച്ച വായ്പാപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മലപ്പുറം, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകളിൽ നടന്നുവരുന്നു.

## പ്രാഥമിക സഹകരണ സംഘങ്ങളുടെ നിവേദനങ്ങൾ

237 (2488) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ഓഫീസിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രസിഡന്റ്/സെക്രട്ടറിമാർ നൽകിയ നിവേദനങ്ങൾ എത്ര; ഓരോ അപേക്ഷയിലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; തീർപ്പാക്കാത്ത അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചിട്ടുണ്ടോ;

(സി) മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ തീർപ്പാക്കാതെയുണ്ട്; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016 ജനുവരി മുതൽ മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ഓഫീസിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രസിഡന്റ്/ സെക്രട്ടറിമാർ എന്നിവരിൽ നിന്നും ലഭിച്ച 4406 നിവേദനങ്ങളിൽ 3155 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 1251 അപേക്ഷകളിൽ ന്യൂനതകളുള്ള അപേക്ഷകളിന്മേലും അധിക വിവരം സമർപ്പിക്കേണ്ട അപേക്ഷകളിന്മേലും ആയതുപരിഹരിച്ച് ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലേയ്ക്കും സംഘങ്ങളിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുള്ളതിനാലും നിയമാവലി ഭേദഗതി/രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായത്തിനായി അയച്ചിട്ടുള്ളതിനാലും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം വേണ്ട അപേക്ഷകളിൽ ആയതിനുവേണ്ടി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുള്ളതിനാലും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാതെ ബാക്കി നിൽക്കുന്നു.

(ബി) 3155 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാത്ത അപേക്ഷകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം ആവശ്യമായ അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട് 269 ഫയലുകൾ സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ തീർപ്പാക്കാനുണ്ട്. പ്രസ്തുത ഫയലുകളിൽ 5 ഫയലുകൾ സി.എൽ.ടി. സെക്ഷനിലും 2 ഫയലുകൾ എച്ച്-വി സെക്ഷനിലും 27 ഫയലുകൾ എം.റ്റി. സെക്ഷനിലും 15 ഫയലുകൾ ഇ.എം. സെക്ഷനിലും 2 ഫയലുകൾ എം.പി. സെക്ഷനിലും 4 ഫയലുകൾ എസ്.സി.റ്റി. സെക്ഷനിലും 149 ഫയലുകൾ പി. & എം. സെക്ഷനിലും 61 ഫയലുകൾ സി.പി. സെക്ഷനിലും 4 ഫയലുകൾ ജനറൽ സെക്ഷനിലുമായി തീർപ്പാക്കാനുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

238 (2489) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ സെക്രട്ടറിമാർ നിലവിലിരിക്കെ തന്നെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് സഹകരണ വകുപ്പിൽ നിന്നും ജില്ലാ ബാങ്കുകളിൽ നിന്നും ഉയർന്ന ശമ്പളം നല്കി ആളുകളെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിയമനങ്ങൾ മറ്റ് ജീവനക്കാരുടെ പ്രമോഷനെയും സാമ്പത്തിക താല്പര്യങ്ങളെയും ബാധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം നിയമനങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ചീഫ് അക്കൗണ്ടന്റ് തസ്തികയ്ക്ക് മുകളിലേയ്ക്കുള്ള തസ്തികകളിൽ നേരിട്ടുള്ള നിയമനം ഒഴിവാക്കി നിലവിലുള്ള ജീവനക്കാർക്ക് പ്രമോഷൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചില പ്രാഥമിക സഹകരണ സംഘം ഭരണസമിതികൾ തീരുമാനമെടുത്ത് ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ പ്രസ്തുത പ്രാഥമിക സഹകണ സംഘങ്ങളിൽ സെക്രട്ടറിമാർ നിലവിലിരിക്കെ തന്നെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേയ്ക്ക് സഹകരണ വകുപ്പിൽനിന്നും ജില്ലാ ബാങ്കുകളിൽനിന്നും ഉയർന്ന ശമ്പളം നൽകി ആളുകളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംഘം ഭരണസമിതി തീരുമാനമെടുത്ത് ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത്തരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനങ്ങൾ നടത്തുന്നത്.

(ഡി) സഹകരണ സംഘങ്ങൾ അംഗീകരിച്ച് വാങ്ങിക്കുന്ന പോഷകവിഭാഗം ഉപനിബന്ധനകൾക്ക് വിധേയമായിട്ട് മാത്രമാണ് നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റവും നൽകുന്നത്.

**കാർഷിക വികസന ബാങ്കുകൾക്ക് ധനസഹായം**

239 (2490) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിൽ നിന്നും കേരളത്തിലെ കാർഷിക വികസന ബാങ്കുകൾക്ക് എത്ര കോടി രൂപയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം നബാർഡിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ നിലവിൽ എന്തെല്ലാം വായ്പകളാണ് കർഷകർക്ക് നൽകി വരുന്നത്; ഇതിൽ പലിശ നിരക്ക് നബാർഡ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(സി) പി.എ.സി.എസ് വഴി 2016 മേയ് മുതൽ 2019 ജനുവരി 1 വരെ എത്ര കർഷകർക്ക് എത്ര കോടി രൂപയുടെ വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2016 മേയ് മുതൽ 2019 ജനുവരി വരെ നബാർഡിൽ നിന്നും കാർഷിക വികസന ബാങ്കിന് ധനസഹായം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ 3839.37 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

(ബി) നബാർഡിൽനിന്നും വായ്പയായി ലഭിക്കുന്ന തുക ഉപയോഗിച്ച് പ്രാഥമിക കാർഷിക വികസന ബാങ്കുകൾ കർഷകർക്ക് കാർഷികം, കാർഷികേതരം, ഭവന നിർമ്മാണം എന്നീ വായ്പകൾ നൽകിവരുന്നു. ഈ

കാലയളവിൽ നബാർഡ് പലപ്പോഴായി 6 പ്രാവശ്യത്തോളം പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ നബാർഡ് സംസ്ഥാന ബാങ്കിൽ ചുമത്തുന്ന പലിശ നിരക്ക് ഇപ്രകാരമാണ്.

1. ഹ്രസ്വകാല വായ്പ-8.40%
2. ദീർഘകാല പുനർ വായ്പ-5 വർഷത്തിനുള്ള 9%
3. ദീർഘകാല പുനർ വായ്പ – 3 മുതൽ 5 വർഷം വരെ 9.15%
4. ദീർഘകാല പുനർ വായ്പ- 18 മാസം മുതൽ 3 വർഷം 9%

(സി) 2016 മേയ് മുതൽ 2019 ജനവരി 1 വരെ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി ആകെ 5,175.65 കോടി രൂപ 316938 കർഷകർക്ക് വായ്പയായി നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു:

(കോടിയിൽ)

| വായ്പകൾ | 2016-17 | 2017-18 | 2019 ജനവരി വരെ | ആകെ |
|---|---|---|---|---|
| | | | | |
| കാർഷികം | 735.06 | 828.83 | 466.25 | 2030.14 |
| കാർഷികേതരം | 264.02 | 306.51 | 194.70 | 765.23 |
| ഭവനനിർമ്മാണം | 777.66 | 940.48 | 662.14 | 2380.28 |
| ആകെ | 1776.74 | 2075.82 | 1323.09 | 5175.65 |

നബാർഡിൽ നിന്നും ലഭിച്ച വായ്പയ്ക്ക് പുറമെ വായ്പ തിരിച്ചടവായി ലഭിച്ച തുകയും വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

## കിഴവിലം സർവ്വീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്

240 (2491) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽപെട്ട കിഴവിലം സർവ്വീസ് സഹകരണ ബാങ്ക് നം.2405 ലെ മെമ്പർ മുഹമ്മദ് ഹാഷിം (അംഗനമ്പർ 7082) 22/05/15-ൽ സഹകരണ സംഘം ഓഡിറ്റർക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; രേഖകൾ സഹിതം വിശദമാക്കാമോ;

(സി) ഈ അന്വേഷണത്തിൽ എത്ര രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ; അതിൽ പ്രസ്തുത ബാങ്കിന് എത്ര രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സാമ്പത്തിക നഷ്ടം കുറ്റക്കാരിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; രേഖകൾ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട കിഴവിലം സർവ്വീസ് സഹകരണ ബാങ്ക് നം. 2405-ലെ മെമ്പർ മുഹമ്മദ് ഹാഷിം (അംഗനമ്പർ 7082) 22/05/2015-ൽ നൽകിയ പരാതിയുടെയും ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച മറ്റ് പരാതികളുടെയും അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അന്വേഷണം നടത്തിയിരുന്നു.

(ബി) സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ബന്ധപ്പെട്ട കക്ഷികൾക്ക് നിയമപ്രകാരമുള്ള നോട്ടീസ് അയച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കിഴവില്ലം സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി ടി പരിശോധനാ റിപ്പോർട്ടിനെതിരെ ഡബ്ല്യൂ.പി.സി. 41332/17 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധനാ റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ 10-1-2018-ലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും തുടർന്ന് വിവിധ ഇടക്കാല ഉത്തരവുകൾ പ്രകാരം സ്റ്റേ തുടർന്നുവന്നതിനാൽ പരിശോധനാ റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ നിർത്തിവച്ചിരുന്നു. എന്നാൽ 16-1-2019-ന് ടി റിട്ട് പെറ്റീഷനുമേൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ വകുപ്പ് 66 പരിശോധനാ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പ് 66 പരിശോധന ഉത്തരവ് അനുബന്ധം ആയും* 10-1-2018-ലെ സ്റ്റേ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയും *അന്തിമ വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധം ആയും* ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രീ. മുഹമ്മദ് ഹാഷിം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ 3,14,154 രൂപയാണ് പരാതിയിൽ പേര് പരാമർശിച്ചിരുന്ന ഉദ്യോഗസ്ഥൻ അനധികൃതമായി കൈവശം വച്ചിരുന്നത്. ടി തുക 18% പലിശ സഹിതം തിരികെ ഈടാക്കിയിട്ടുള്ളതിനാൽ ഇതുവഴി ബാങ്കിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി കാണുന്നില്ല.

(ഡി) പ്രസ്തുത സാമ്പത്തിക നഷ്ടം കുറ്റക്കാരിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രസ്തുത തുക 18% പലിശ സഹിതം തിരികെ ഈടാക്കിയിട്ടുമുണ്ട്. (രേഖകൾ ഇതോടൊപ്പം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു. *

## കാസർഗോഡ് ജില്ലയിലെ പുതിയ സഹകരണ സംഘങ്ങൾ

241 (2492) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ സഹകരണ സംഘങ്ങളിൽ കടലാസ് സംഘങ്ങൾ ആയി പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ ഏറ്റവും കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്ന പ്രധാന സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പുതുതായി 31 സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ജില്ലയിലെ സഹകരണ സംഘങ്ങളിൽ കടലാസ് സംഘങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് കാസർഗോഡ് ജില്ലയിൽ പ്രവർത്തനരഹിതമായ 72 സ്ഥാപനങ്ങളും ലിക്വിഡേഷനിലായ 16 സ്ഥാപനങ്ങളും ഉണ്ടായിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഏറ്റവും കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1 | തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് |
| 2 | ചെറുവത്തൂർ വനിത സഹകരണ സംഘം |
| 3 | കൊടക്കാട് സർവ്വീസ് സഹകരണ ബാങ്ക് |
| 4 | തിമിരി സർവ്വീസ് സഹകരണ ബാങ്ക് |
| 5 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് |
| 6 | ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്ക് |
| 7 | കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് |
| 8 | പനയാൽ സർവ്വീസ് സഹകരണ ബാങ്ക് |
| 9 | പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് |
| 10 | നീലേശ്വരം അർബൻ സഹകരണ ബാങ്ക് |
| 11 | കാഞ്ഞങ്ങാട് അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം |
| 12 | ഉദുമ പഞ്ചായത്ത് വനിത സർവ്വീസ് സഹകരണ ബാങ്ക് |
| 13 | ഉദുമ വനിതാ സർവ്വീസ് സഹകരണ സംഘം |
| 14 | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 15 | നീലേശ്വരം ലേബർ കോൺട്രാക്ട് സഹകരണ സംഘം |
| 16 | ഉദുമ കർഷക ക്ഷേമ സഹകരണ സംഘം |
| 17 | മടിക്കൈ സർവ്വീസ് സഹകരണ ബാങ്ക് |
| 18 | ചെറുവത്തൂർ വനിതാ സഹകരണ സംഘം |
| 19 | ഹോസ്ദുർഗ്ഗ് താലൂക്ക് വനിതാ സഹകരണ സംഘം |
| 20 | മഞ്ചേശ്വരം സർവ്വീസ് സഹകരണ ബാങ്ക് |
| 21 | ബായാർ സർവ്വീസ് സഹകരണ ബാങ്ക് |
| 22 | മംഗൽപ്പാടി സർവ്വീസ് സഹകരണ ബാങ്ക് |
| 23 | എടനാട് കണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 24 | പെർള സർവ്വീസ് സഹകരണ ബാങ്ക് |
| 25 | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് |

| | |
|---|---|
| 26 | കിനാന്നൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 27 | പനത്തടി സർവ്വീസ് സഹകരണ ബാങ്ക് |
| 28 | വെസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് |
| 29 | കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് |
| 30 | കാസർഗോഡ് ഡിസ്ട്രിക്റ്റ് ഹോൾസെയിൽ കൺസ്യൂമർ സ്റ്റോർ |
| 31 | ചെങ്കള സർവ്വീസ് സഹകരണ ബാങ്ക് |
| 32 | ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് |
| 33 | കാസർഗോഡ് താലൂക്ക് പബ്ലിക് സർവന്റ്സ് സഹകരണ സംഘം |
| 34 | ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് |
| 35 | പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക് |
| 36 | ചട്ടഞ്ചാൽ അർബൻ സഹകരണ സംഘം |
| 37 | കാസർഗോഡ് അർബൻ സഹകരണ സംഘം |
| 38 | കാസർഗോഡ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് |

## ഊരാളുങ്കൽ സൊസൈറ്റിയുടെ ഘടന

242 (2493) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സൊസൈറ്റിയുടെ ഘടന എന്താണെന്നും ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്നും വിശദമാക്കുമോ; ഇതിൽ സർക്കാർ നോമിനികൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സൊസൈറ്റിക്ക് എത്ര ഷെയർ ഹോൾഡേഴ്സ് ഉണ്ടെന്നും അവർ ആരെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ;

(സി) പ്രസ്തുത സൊസൈറ്റിയുടെ ഓഡിറ്റ് ചുമതല ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കാമോ; ഏതു വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം കേരള സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്ത് 1925 മുതൽ പ്രവർത്തിക്കുന്ന ഒരു പ്രൈമറി ലേബർ കോൺട്രാക്ട് സഹകരണ സംഘമാണ്.

സംഘത്തിൽ പ്രവർത്തിക്കുന്ന 'എ' ക്ലാസ്സ് മെമ്പർമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഭരണ സമിതിയിൽ നിലവിൽ 9 ജനറൽ കാറ്റഗറിയും 3 വനിതാ സംവരണവും 1 പട്ടികജാതി പട്ടികവർഗ്ഗ സംവരണവും കൂടി ആകെ 13 അംഗങ്ങളാണ്. നിലവിൽ ഒരു വനിതാ സംവരണ സീറ്റ് ഒഴികെ 12 അംഗ ഭരണസമിതിയാണുള്ളത്.

നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പട്ടിക

| ക്രമ നമ്പർ | പേര് | |
|---|---|---|
| 1 | രമേശൻ പി. | ചെയർമാൻ |
| 2 | അനന്തൻ വി. കെ. | വൈസ് ചെയർമാൻ |
| 3 | വൽസൻ സി. | ഡയറക്ടർ |
| 4 | സുരേന്ദ്രൻ എം.എം. | ഡയറക്ടർ |
| 5 | പ്രകാശൻ പി. | ഡയറക്ടർ |
| 6 | പത്മനാഭൻ എം. | ഡയറക്ടർ |
| 7 | സുരേഷ് ബാബു പി.കെ. | ഡയറക്ടർ |
| 8 | അജി കെ. ടി. കെ. | ഡയറക്ടർ |
| 9 | രാജൻ കെ. ടി. | ഡയറക്ടർ |
| 10 | അനൂപ ശശി | ഡയറക്ടർ |
| 11 | ശ്രീജ മുരളി | ഡയറക്ടർ |
| 12 | ഷിജിൻ ടി. ടി. | ഡയറക്ടർ |

സംഘത്തിന്റെ ഭരണ സമിതിയിൽ സർക്കാർ നോമിനികൾ ഇല്ല.

(ബി) സംഘത്തിൽ നിലവിൽ 5 തരം ഓഹരികളാണുള്ളത്. ആകെ ഓഹരി ഉടമകൾ 15866 പേർ ആണ്. 31-3-2018-ലെ കണക്കനുസരിച്ച് ഓഹരി ഉടമകളുടെ എണ്ണവും ഓഹരി സംഖ്യയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നം. | ഓഹരിയുടെ ക്ലാസ്സ് | ഓഹരി ഉടമകളുടെ എണ്ണം |
|---|---|---|
| 1 | എ ക്ലാസ്സ് (തൊഴിലാളികൾ) | 586 |
| 2 | ബി ക്ലാസ്സ് (ഗവൺമെന്റ്) | 1 |
| 3 | സി ക്ലാസ്സ് (തൊഴിലാളികൾ) | 1518 |
| 4 | ഡി ക്ലാസ്സ് (നാമ മാത്ര അംഗം) | 13761 |
| 5 | ഇ ക്ലാസ്സ് (നാമ മാത്ര അംഗം) | ഇല്ല |

(സി) സംഘത്തിന്റെ ഓഡിറ്റ് ചുമതല സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗത്തിനാണ്. 2017-18 (31-3-2018) വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

## കൺസ്യൂമർഫെഡ് പുനരുദ്ധരിക്കൽ

243 (2495) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ജോയി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വൻ നഷ്ടത്തിലായ കൺസ്യൂമർഫെഡ് പുനരുദ്ധരിക്കുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കൺസ്യൂമർഫെഡിന്റെ നഷ്ടം എത്ര കോടി രൂപയായിരുന്നു; 2017-18 സാമ്പത്തിക വർഷത്തിൽ എത്രകോടി രൂപ ലാഭത്തിലായി എന്ന് അറിയിക്കാമോ;

(സി) കൺസ്യൂമർഫെഡിന്റെ വ്യാപാരം വൻതോതിൽ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) കൺസ്യൂമർഫെഡിന്റെ ഭരണസമിതി ജനാധിപത്യപരമായ രീതിയിൽ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ 25-07-2016-ൽ ഭരണ നിർവ്വഹണത്തിനായി നിയമിച്ചു. ഈ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചാർജ് എടുത്തശേഷം ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. നഷ്ടത്തിലായ യൂണിറ്റുകൾ കച്ചവട സാധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. മൊബൈൽ ത്രിവേണികളുടെ സഞ്ചാര പഥത്തിൽ

മാറ്റം വരുത്തി കച്ചവട സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി സ്ഥിരം കസ്റ്റമർ സ്മാർട്ട് കാർഡ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി. കെട്ടിക്കിടന്നിരുന്ന സാധനങ്ങൾ, ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങൾ എന്നിവ നടപടിക്രമങ്ങൾ പാലിച്ച് പരസ്യലേലം വഴി വിറ്റഴിച്ചു. ജീവനക്കാരെ ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിച്ചു. ലാഭകരമല്ലെന്നു കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും ചെയ്തു. ഇതിലൂടെ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാധിച്ചു. ഈ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 61.63 കോടി രൂപയും 2019 ഡിസംബർ വരെ ഏകദേശം 55 കോടി രൂപയും പ്രവർത്തന ലാഭം നേടുന്നതിന് സാധിച്ചു. വിതരണക്കാർക്ക് നൽകുവാനുണ്ടായിരുന്ന കുടിശ്ശികയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 38.9932 കോടി രൂപ ഈ സർക്കാർ അധികാരമേറ്റശേഷം ഫെഡറേഷൻ നൽകി. ഉത്സവകാലങ്ങളിലെ വിപണി ഇടപെടലുകൾക്കായി 2016-17 വർഷം 3 കോടി രൂപയും 2017-18 വർഷം 52 കോടി രൂപയും 2018-19 വർഷം നാളിതുവരെ 41 കോടി രൂപയും ഫെഡറേഷന് നൽകി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം ലഭ്യമായ കണക്കുകൾ പ്രകാരം 447.21 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 61.62 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിക്കുകയുണ്ടായി. 2017-18 വർഷത്തെ താൽക്കാലിക ബാക്കിപത്ര പ്രകാരം സഞ്ചിത നഷ്ടം 324.31 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡിന്റെ വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി വേണ്ട രീതിയിൽ പഠനം നടത്തി നഷ്ടത്തിലായ യൂണിറ്റുകൾ കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മൊബൈൽ ത്രിവേണികളുടെ സഞ്ചാരപഥത്തിൽ മാറ്റം വരുത്തി കച്ചവട സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കളെ കൺസ്യൂമർ ഫെഡിലേക്ക് ആകർഷിക്കുന്നതിലേക്കായി സ്ഥിരം കസ്റ്റമർക്ക് സ്മാർട്ട് കാർഡ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി

വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. പർച്ചേസ് കമ്മിറ്റി മുൻപാകെ ഗുണമേന്മ ഉറപ്പുവരുത്തുന്ന വിതരണക്കാർക്ക് മാത്രമേ പർച്ചേസ് ഓർഡർ നൽകുകയുള്ളൂ. വിതരണക്കാർ ഉൽപ്പന്നങ്ങൾ എത്തിക്കുമ്പോൾ ഗുണമേന്മ ഉറപ്പുവരുത്തിയ ശേഷമാണ് ഗോഡൗണുകളിൽ ശേഖരിക്കുന്നത്. ഉത്സവ വിപണികൾ നടക്കുന്ന സമയങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്കായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇൻഡ്യ ലാബോറട്ടറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെയാണ് കഴിഞ്ഞ 2 വർഷമായി ഏർപ്പെടുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റേയും പ്രാഥമിക സഹകരണ സംഘങ്ങളുടേയും നേതൃത്വത്തിൽ നടത്തിവരുന്ന നീതി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് ആവശ്യമായ മരുന്നുകളുടെ ഓർഡർ കൺസ്യൂമർ ഫെഡറേഷന്റെ റീജിയണൽ ആഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് വിതരണം നടത്തിവരുന്നു. ഇതിലേയ്ക്കായി 12 നീതി മെഡിക്കൽ വെയർ ഹൗസുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ 10% മുതൽ 40% വരെ വില കുറച്ച് ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ വിൽപ്പന നടത്തിവരുന്നു. പൊതുവിപണിയെക്കാളും കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള സാധനങ്ങൾ വിൽപ്പനയ്ക്ക് എത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ ഫെഡറേഷന്റെ വ്യാപാരം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) കൺസ്യൂമർ ഫെഡറേഷന്റെ ഭരണ സമിതിയിലേയ്ക്ക് 24-1-2019-ന് ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുപ്പ് നടത്തുകയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണം അവസാനിപ്പിച്ച് തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമിതി 24-01-2019-ന് അധികാരമേറ്റെടുക്കുകയും ചെയ്തു. നിലവിൽ വന്ന ഡയറക്ടർ ബോർഡിന്റെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. ശ്രീ. മെഹബൂബ് - പ്രസിഡന്റ്
2. ശ്രീ. പി. എം. ഇസ്മയിൽ - വൈസ് പ്രസിഡന്റ്
3. ശ്രീ. പി. സുകേശൻ ഐ.പി.എസ്. - മാനേജിംഗ് ഡയറക്ടർ
4. ശ്രീമതി മോളി സ്റ്റാൻലി - ഡയറക്ടർ
5. ശ്രീ. കെ. പുരുഷോത്തമ കുറുപ്പ് - ഡയറക്ടർ

6. ശ്രീ. ജി. അജയകുമാർ- ഡയറക്ടർ
7. ശ്രീ. കെ. മധുസൂദനൻ- ഡയറക്ടർ
8. ശ്രീ. ആർ. പ്രമോദ്ചന്ദ്രൻ-ഡയറക്ടർ
9. ശ്രീ. ജോയി തോമസ്-ഡയറക്ടർ
10. ശ്രീ. സി. എ. ശങ്കരൻകുട്ടി-ഡയറക്ടർ
11. ശ്രീ. റ്റി. മുകുന്ദ പ്രസാദ്- ഡയറക്ടർ
12. ശ്രീ. ഗോകുൽദാസ് കൊറ്റയിൽ-ഡയറക്ടർ
13. ശ്രീ. കെ. മോഹനൻ- ഡയറക്ടർ
14. ശ്രീ. വി. കെ. രാജൻ-ഡയറക്ടർ
15. ശ്രീമതി ആർ. സി. ലേഖാ സുരേഷ്- ഡയറക്ടർ
16. ശ്രീമതി വി. റ്റി. സോഫിയ- ഡയറക്ടർ
17. ശ്രീമതി കെ. വി. നഫീസ-ഡയറക്ടർ
18. ശ്രീ. ഇ. എ. ശങ്കരൻ-ഡയറക്ടർ.

## സഹകരണ സ്ഥാപനങ്ങൾ മുഖേന സ്മാർട്ട് ക്ലാസ് മുറികൾ

244 (2496) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ/എയിഡഡ് സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഓരോ സഹകരണ സ്ഥാപനത്തിനും ഈ പദ്ധതി പ്രകാരം എത്ര തുക ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എതെല്ലാം വിഭാഗത്തിൽപ്പെടുന്ന സഹകരണ ബാങ്കുകൾക്കാണ് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്ക് ഏതെല്ലാം ബാങ്കുകൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകിയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(ബി) ഈ പദ്ധതി പ്രകാരം തുക ചെലവഴിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിരുന്നില്ല. പദ്ധതി നടപ്പിലാക്കുന്നത് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ്. ടി വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള തുകയാണ് അനുവദിക്കുന്നത്.

(സി) ജില്ലയിലെ സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങൾക്കാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) പുതിയകാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ സഹായത്തോടുകൂടി പുന്നക്കുളം എസ്.എൻ.റ്റി.വി. സംസ്കൃതി യു.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, വവ്വാക്കാവ് എൽ.പി.എസ്.-ന്റെ പേര് സ്മാർട്ട് ക്ലാസ് റൂമിന് വേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശ പ്രകാരം വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## കൊല്ലം മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂമുകൾ

245 (2497) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ-എയ്ഡഡ് സ്കൂളുകളെയാണ് സഹകരണ വകുപ്പ് മുഖേന സജ്ജീകരിക്കുന്ന സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

കൊല്ലം നിയോജക മണ്ഡലത്തിലെ തൃക്കരുവ ഗ്രാമപഞ്ചായത്തിലെ അഷ്ടമുടി ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂം ആയി നിർമ്മിച്ച് നൽകുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശ പ്രകാരം തെരഞ്ഞെടുക്കുകയുണ്ടായി. പെരിനാട് ലക്ഷ്മി വിലാസം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1841-ന്റെ ധനസഹായത്തോടുകൂടി ടി പദ്ധതി നടപ്പാക്കുന്ന വിവരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറെ അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പാണ് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ.മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കായിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ ബാങ്കുകൾക്ക് നബാർഡ് അനുവദിച്ചിട്ടുള്ള പലിശയിളവ്

246 (2498) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്ത് കുടിശ്ശികയില്ലാതെ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് കേന്ദ്ര സർക്കാർ നബാർഡ് വഴി അനുവദിച്ചിട്ടുള്ള മൂന്ന് ശതമാനം പലിശയിളവ് ജില്ലാസഹകരണ ബാങ്കുകൾക്ക് 2015-16,2016-17, 2017-18 വർഷങ്ങളിൽ നബാർഡിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച് നൽകിയ തീയതി വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ മൂന്ന് ശതമാനം പലിശയിളവ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് പ്രസ്തുത വർഷങ്ങളിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന്(നമ്പർ 1048) അനുവദിച്ച് നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ അനുവദിച്ച് നൽകിയ തീയതി വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പയെടുത്ത് കുടിശ്ശികയില്ലാതെ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് നബാർഡ് വഴി 2015-16, 2016-17 വർഷങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച മൂന്ന് ശതമാനം പലിശയിളവ് ജില്ലാ സഹകരണ ബാങ്കുകൾക്ക് യഥാക്രമം 30-10-2017, 20-8-2018 എന്നീ തീയതികളിൽ ലഭ്യമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ നബാർഡിൽ നിന്നും തുക ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത മൂന്ന് ശതമാനം പലിശയിളവ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വിതുര സർവ്വീസ് സഹകരണ ബാങ്കിന് യഥാക്രമം 1-12-2017, 9-10-2018 എന്നീ തീയതികളിൽ നൽകിയിട്ടുണ്ട്. 2017-18 ലെ തുക നബാർഡിൽ നിന്നും അനുവദിച്ച് ലഭിച്ചിട്ടില്ല.

## മൂന്നാർ ടൂറിസം മേഖലയ്ക്ക് ഉണർവ്

247 (2499) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽ നൂറ്റാണ്ടിന് ശേഷം ആദ്യമായി മൂന്നാറിൽ ഒരാഴ്ചയിലധികം കാലം തുടർച്ചയായ ദിവസങ്ങളിൽ താപനില പൂജ്യം ഡിഗ്രി സെൽഷ്യസിന് താഴെ എത്തിയത് മൂന്നാർ ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകിയിട്ടുണ്ടോ;

(ബി) മൂന്നാറിലെ തണുപ്പ് ബ്രാന്റ് ചെയ്യുന്നതിന് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി എന്തൊക്കെയാണ്;

(സി) പ്രളയത്തിൽ തകർന്ന മൂന്നാർ, സന്ദർശകർക്ക് സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് കൂടുതൽ വിനോദസഞ്ചാരികളെ മൂന്നാറിലേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) F. B., Twitter, Instagram എന്നീ സോഷ്യൽ മീഡിയകളിലൂടെ മൂന്നാറിലെ തണുപ്പ് കാലാവസ്ഥ ബ്രാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) പ്രളയശേഷം മൂന്നാർ പ്രദേശത്തെ റോഡുകൾക്ക് തകരാർ സംഭവിച്ചെങ്കിലും യുദ്ധകാലാടിസ്ഥാനത്തിൽ അവ ഉപയോഗക്ഷമമാക്കുകയായിരുന്നു. അതുകൊണ്ട് തന്നെ വിനോദസഞ്ചാരികളുടെ ഭാഗത്തുനിന്നും എന്തെങ്കിലും തരത്തിലുള്ള ആക്ഷേപം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൂന്നാർ ഉൾപ്പെടെയുള്ള വിനോദസഞ്ചാര മേഖലകളിൽ കൂടുതൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് നവീകരിക്കുന്നതിനുതകുന്ന പദ്ധതികളാണ് വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## ടൂറിസം സഹകരണ സംഘങ്ങൾ

248 (2500) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല കേവലം വിനോദസഞ്ചാരത്തിനപ്പുറം ആരോഗ്യ, വിദ്യാഭ്യാസ, വ്യാവസായിക രംഗങ്ങളുമായി ബന്ധപ്പെട്ട് വളർന്നുവരുന്നുവെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സാധ്യതകൾക്കനുസരിച്ച് ടൂറിസം സഹകരണ സംഘങ്ങളെ സജ്ജമാക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ നടത്തുമോ;

(സി) സീസണുകളെ ആശ്രയിച്ചും പ്രകൃതിദുരന്തങ്ങളും സാമ്പത്തിക മാന്ദ്യവും പോലുള്ള സാഹചര്യങ്ങളെ അതിജീവിച്ചും സ്ഥിരവരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ കൂടി ഏറ്റെടുത്ത് നടത്തുവാൻ ടൂറിസം സഹകരണ സംഘങ്ങൾക്ക് അനുമതി നൽകുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഏതൊരു പ്രദേശത്തിന്റെയും വിനോദസഞ്ചാര മേഖലയുടെ വികസനം കൊണ്ട് സമൂഹത്തിന്റെ വിവിധ മേഖലകളിലും ഉയർച്ച ഉണ്ടാകുമെന്നത് വസ്തുതയാണ്. എന്നാൽ ഇത്തരമൊരു വിലയിരുത്തൽ ടൂറിസം വകുപ്പ് നടത്തിയിട്ടില്ല.

(ബി&സി) കേരള സഹകരണ സംഘം നിയമത്തിന്റെ പരിധിയിൽ ഇക്കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

## ടൂറിസം മേഖലയിലെ വരുമാനം

249 (2501) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ടൂറിസം മേഖലയിലുണ്ടായ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രളയംമൂലം വിദേശത്തു നിന്നുള്ള വരുമാനത്തിലും സഞ്ചാരികളുടെ എണ്ണത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ടോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) പ്രളയാനന്തരം ടൂറിസം മേഖലയിൽ ഉണ്ടായ സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തിയിട്ടുണ്ട്.

(ബി) 2018 മേയ് മുതൽ കേരളത്തിലേയ്ക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആയതിന് ആനുപാതികമായി ടൂറിസം വരുമാനത്തിലും പ്രസ്തുത മാസങ്ങളിൽ (മേയ് മുതൽ നവംബർ വരെ) കുറവ്

സംഭവിച്ചിട്ടുണ്ട്. എന്നാൽ കേരളം സന്ദർശിച്ച ആകെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 0.42% വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് ആനുപാതികമായ വർദ്ധനവ് ടൂറിസം മേഖലയിൽ നിന്നുള്ള വിദേശനാണ്യ വരുമാനത്തിലും ഉണ്ടായിട്ടുണ്ട്.

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിംഗ് ക്യാമ്പയിനുകൾ തന്നെയാണ് അതിൽ പ്രധാനം. നാഷണൽ ഓഫ് സീസൺ ക്യാമ്പയിൻ ആഗസ്റ്റ് 2018-ഓടെ നടത്തിക്കഴിഞ്ഞു. രാജ്യത്തെ പ്രമുഖ പത്ര, ദൃശ്യ മാധ്യമങ്ങളിൽ വകുപ്പിന്റെ 'Come out and play' എന്ന പേരിലുള്ള ക്യാമ്പയിൻ ആണ് നടത്തിയത്. സിനിമാ തീയേറ്റർ, എയർപോർട്ടുകൾ എന്നീ കേന്ദ്രങ്ങളിലും ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾക്കൊള്ളിച്ച് നടത്തിയ ക്യാമ്പയിൻ മികച്ച പ്രതികരണമാണ് ഉണ്ടാക്കിയത്. പ്രളയാനന്തരം നടത്തിയ 'Post flood campaign' കേരളം പ്രളയത്തിനുശേഷം ടൂറിസം രംഗത്ത് ഉയിർത്തെഴുന്നേറ്റു എന്ന് രാജ്യത്തെ ബോധ്യപ്പെടുത്തി. 'Its time for Kerala' എന്ന പേരിൽ പരസ്യ ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. സ്വദേശത്തും വിദേശത്തുമായി വകുപ്പ് ഇനി നടത്തുന്ന ക്യാമ്പയിനുകളും സഞ്ചാരികളെ ആകർഷിച്ച് വരുമാന വർദ്ധന ലക്ഷ്യമിടുന്നത് തന്നെയാണ്. നാഷണൽ ടി.വി, റേഡിയോ, സിനിമ, എയർപോർട്ട്, ഡിജിറ്റൽ ഓൺലൈൻ ക്യാമ്പയിനുകളും യൂറോപ്പ്, സിംഗപ്പൂർ, ദുബായ്, അമേരിക്ക എന്നീ സ്ഥലങ്ങളിൽ പുതിയ ബ്രാന്റ് ക്യാമ്പയിനും വരും മാസങ്ങളിൽ നടത്തുന്നുണ്ട്. രാജ്യത്തിനകത്തും വിദേശങ്ങളിലും നടക്കുന്ന ട്രേഡ് ഫെയർ പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുത്ത് ടൂറിസം രംഗത്ത് കേരള ടൂറിസത്തിന്റെ പ്രചരണം നടത്തിവരുന്നുണ്ട്.

## ടൂറിസം മേഖലയിൽ വികസന പദ്ധതികൾ

250 (2502) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാരമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(ബി) കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന ടൂറിസം പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾക്ക് ഇതിനകം അംഗീകാരം ലഭിച്ചു; അവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന മലബാർ ക്രൂയിസ് ടൂറിസം പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി മലബാറിലെ ടൂറിസം മേഖലയ്ക്ക് എന്തൊക്കെ ഉത്തേജനം നൽകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ടൂറിസം മേഖലയിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ സ്വാഗതാർഹമാണോ; എങ്കിൽ അതിനെ സാധൂകരിക്കുന്ന എന്തൊക്കെ പദ്ധതികൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സഹായം ലഭ്യമാക്കിയത്;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാരമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ടൂറിസം വകുപ്പ് കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച പദ്ധതികളിൽ അംഗീകാരം ലഭിച്ചവയും അവയുടെ പ്രവർത്തന പുരോഗതിയുടെ വിവരവും ചുവടെ ചേർക്കുന്നു:

| നമ്പർ | അംഗീകാരം ലഭിച്ച പദ്ധതികൾ | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | മുഴപ്പിലങ്ങാട് ത്രീസ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം | കിഫ്ബിയിൽ നിന്നും 39.42 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ നടപടികൾ SPV ആയ M/s. KTDC നടത്തിവരുന്നു |
| 2. | ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് | കിഫ്ബിയിൽ നിന്നും ആദ്യഘട്ടത്തിനായി 13 ഘടകങ്ങളുടെ പ്രവൃത്തികൾക്കായി 17.19 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ SPV ആയ M/s. INKEL Ltd പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മേൽ 13 ഘടകങ്ങളിൽ 6 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കൂടാതെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 15.86 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന മലനാട് മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തര മലബാറിന്റെ സമഗ്രമായ ടൂറിസം വികസനമാണ് ലക്ഷ്യമിടുന്നത്. മേൽ പദ്ധതിയിൽ പ്രധാനമായും മാൻഗ്രോവ് ക്രൂയിസ്, തെയ്യം ക്രൂയിസ്, മുത്തപ്പൻ ക്യൂയിസിൻ ക്രൂയിസ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ഇവയുടെ വികസനത്തിനായി 8037.38 ലക്ഷം രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ടൂറിസം മേഖലയിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് 14 പദ്ധതി പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. അതിൽ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. <u>സ്വദേശ് ദർശൻ സ്കീം</u>

(a) സ്പിരിച്വൽ സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)-9998.92 ലക്ഷം രൂപ.

(b) സ്പിരിച്വൽ സർക്യൂട്ടായ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം-9221.80 ലക്ഷം രൂപ.

(c) സ്പിരിച്വൽ സർക്യൂട്ടായ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങളുടെ വികസനം-8522.71 ലക്ഷം രൂപ.

(d) സ്പിരിച്വൽ സർക്യൂട്ടായ ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം-കുന്നുംപാറ ശ്രീസുബ്രഹ്മണ്യ ക്ഷേത്രം-ചെമ്പഴന്തി-ശ്രീനാരായണ ഗുരുകുലം-6947.00 ലക്ഷം രൂപ.

(e) റൂറൽ സർക്യൂട്ടായ മലനാട് മലബാർ ടൂറിസം പദ്ധതി-8037.38 ലക്ഷം രൂപ.

II. <u>പ്രസാദ് സ്കീം</u>

ഗുരുവായൂർ ക്ഷേത്ര വികസനം-4614.20 ലക്ഷം രൂപ.

## വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ

251 (2503) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ പുത്തൻ തലമുറ സംരംഭകരെ കൂടുതലായി ആകർഷിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) യുവസംരംഭകർക്ക് പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനും ഈ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ടൂറിസം ന്യൂ ഐഡിയ മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ പുത്തൻ തലമുറ സംരംഭകരെ കൂടുതലായി ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ടൂറിസം വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ നയത്തിലൂന്നിയ പദ്ധതികളാണ് നടപ്പാക്കുക. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ വളർത്താനും ഉതകുന്ന രീതിയിൽ കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടി കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്കുമായി ടൂറിസം അഡ്വൈസറി സമിതി പ്രവർത്തിച്ചുവരുന്നു. വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വഴി രാജ്യത്തിനകത്തും പുറത്തും പുത്തൻ തലമുറ സംരംഭകർക്ക് മികച്ച നേട്ടം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും മറ്റും ഇവരുടെ സേവനം കൂടി ഉറപ്പ് വരുത്താറുണ്ട്. ടൂറിസം രംഗത്തെ ക്ലാസിഫിക്കേഷൻ നടപടികൾ ലളിതവൽക്കരിച്ച് സുതാര്യമാക്കിയതോടെ നിരവധി സംരംഭകർ ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. ടൂറിസം സാദ്ധ്യതയുള്ള

സ്വകാര്യ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും 2019-20 ലെ ബഡ്ജറ്റിൽ സഹായം വിഭാവന ചെയ്തിട്ടുണ്ട്.

(ബി) കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 ബഡ്ജറ്റിൽ ഇതിനായി 4 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

(സി) ടൂറിസം മേഖലയിലെ യുവസംരംഭകർക്കായി ഐഡിയ-കം-ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, ടൂറിസം രംഗത്തെ മറ്റ് അസോസിയേഷൻ എന്നിവ വഴിയാകും മീറ്റ് സംഘടിപ്പിക്കുക. സംസ്ഥാനതല മീറ്റും ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഡി.ടി.പി.സി.-കൾ, ടൂറിസം ട്രാവൽ അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയാകും മീറ്റ് സംഘടിപ്പിക്കുക.

## പുതിയ ടൂറിസം പദ്ധതികൾക്ക് അനുവദിച്ച തുക

252 (2504) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ടൂറിസം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച പദ്ധതികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## ടൂറിസം പദ്ധതികൾ

253 (2505) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

2018-19 സാമ്പത്തിക വർഷം 1-2-2019 വരെ ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## ഉത്തരവാദിത്വ ടൂറിസം പദ്ധതി

254 (2506) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ലക്ഷ്യമിടുന്നത്;

(ബി) സ്ത്രീ ശാക്തീകരണത്തിനും സംഘടിത വികസനത്തിനും പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനത്തിനുമുള്ള സംരംഭങ്ങൾ ഈ പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) വള്ളിക്കുന്ന് പഞ്ചായത്തിലെ ബാലാതുരുത്തി ദ്വീപിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി വഴി ടൂറിസം വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് അധിക വരുമാനം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനങ്ങൾ ഉത്തരവാദിത്വ ടൂറിസം മിഷൻ വഴി നൽകിവരുന്നു. ഉത്തരവാദിത്വ ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം മുതലായവയിലുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ 3220 ഓളം ആളുകൾക്ക് പരിശീലനം നൽകി. പ്രാദേശികമായി വിദഗ്ധ-അവിദഗ്ധ തൊഴിൽ ചെയ്യുന്നവരെയും ആർ.ടി. മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രാദേശികമായി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണിത്. ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് കിടക്കുന്ന വ്യത്യസ്തങ്ങളായ 13547 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളെ ടൂറിസം മേഖലയുമായി നെറ്റ്‌വർക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്നതിനായി ആർ.ടി. മിഷൻ 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമുകളിലൂടെ ടൂറിസം വ്യവസായികൾക്കും വിനോദ സഞ്ചാരികൾക്കും ഉൾപ്പെടെ ആർക്കും ആർ.ടി. യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെടുകയും അവരുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും വാങ്ങാവുന്നതുമാണ്. അധിക മുതൽമുടക്കില്ലാതെ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദ സഞ്ചാര മേഖലയിൽനിന്നും അധിക വരുമാനവും തൊഴിലും സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 13547 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളെ ടൂറിസം മേഖലയുമായി നെറ്റ്‌വർക്ക് ചെയ്യുന്നതിനായി ആർ.ടി. മിഷൻ 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമുകളിലൂടെ ടൂറിസം വ്യവസായികൾക്കും വിനോദസഞ്ചാരികൾക്കും ഉൾപ്പെടെ ആർക്കും ആർ.ടി. യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെടുകയും അവരുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും വാങ്ങാവുന്നതുമാണ്. ഇതോടൊപ്പം ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തി പ്രാദേശിക പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള 'പെപ്പർ' (People Participation for Participatory Planning and Empowerment through Responsible Tourism) പ്രോജക്ട് പോലുള്ള വിവിധ പദ്ധതികളും മിഷൻ നടത്തിവരുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം തദ്ദേശ ഗ്രാമവികസനം, ദാരിദ്ര ലഘൂകരണം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളിൽ മുന്നേറ്റം സൃഷ്ടിക്കുവാൻ ആർ.ടി. മിഷന് കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ വള്ളിക്കുന്ന് പഞ്ചായത്തിനെ ഉത്തരവാദിത്വ ടൂറിസം മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പ്രളയാനന്തര ടൂറിസം മേഖല**

255 (2507) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ടൂറിസം വികസന പദ്ധതികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ജനപങ്കാളിത്തമുള്ള സ്ഥാപനങ്ങൾ എന്ന പരിഗണനയിൽ ടൂറിസം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമേന്മ കൈവരിക്കുന്നതിനായി ഗ്രാന്റും, കുറഞ്ഞ പലിശയിൽ വായ്പയും നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

ഉത്തരം

(എ) പ്രളയംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി ഇവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി.

2. പുനലൂർ ബാത്തിംഗ് ഗാട്ട്-77,00,000 രൂപ

3. മൺട്രോ തുരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ @കൊല്ലം- 9,94,446 രൂപ.

4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക്- 43,22,030 രൂപ

ഇവ ദ്രുതഗതിയിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ടൂറിസം സഹകരണ സംഘങ്ങൾ ഉൾപ്പെടെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള, ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പ്രോജക്ട് കോസ്റ്റിന്റെ 50% രൂപ പരമാവധി ഇരുപത് ലക്ഷം രൂപ (സർക്കാർ ഓഹരിയും സബ്സിഡിയുമായി 1:2 അനുപാതത്തിൽ) ധനസഹായം ലഭ്യമാക്കുന്നുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## വിനോദ സഞ്ചാര നൗകകൾക്ക് കസ്റ്റംസ് തീരുവ ഏർപ്പെടുത്തിയ നടപടി

256 (2508) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയടക്കമുള്ള രാജ്യത്തെ തുറമുഖങ്ങളിലെത്തുന്ന വിനോദ സഞ്ചാര നൗകകൾക്ക് കസ്റ്റംസ് തീരുവ ഏർപ്പെടുത്തിയ കേന്ദ്ര പരോക്ഷ നികുതി-കസ്റ്റംസ് ബോർഡിന്റെ സർക്കുലർ കേരളത്തിന്റെ വിനോദ സഞ്ചാര സാധ്യതകളെ പ്രതികൂലമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യൻ തുറമുഖങ്ങളിൽ നങ്കൂരമിടുന്ന ആഡംബര വിനോദ നൗകകളുടെ സന്ദർശനത്തെ നിരുത്സാഹപ്പെടുത്തി പിന്തിരിപ്പിക്കുന്ന കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര വരുമാനം ഗണ്യമായി കുറയ്ക്കുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ആഡംബരക്കപ്പലുകളിൽ എത്തുന്ന സഞ്ചാരികൾ കൊച്ചിയിലും അനുബന്ധ പ്രദേശങ്ങളിലുമായി ചെലവിടുന്ന തുക നഷ്ടമാക്കുന്നത് വ്യാപാര രംഗത്തിന് തന്നെ തിരിച്ചടിയാകുമോ; വിശദമാക്കുമോ;

(ഡി) ഏറ്റവും ആഡംബര ക്രൂയിസുകൾ നങ്കൂരമിടുന്ന കൊച്ചി തുറമുഖം വിനോദ സഞ്ചാരികൾക്ക് യഥേഷ്ടം കടന്നുവരാൻ സാധിക്കുന്ന ഒന്നായി നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ഇക്കാര്യം പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

## സ്വദേശി ദർശൻ സ്കീം

257 (2509) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള കേന്ദ്ര ടൂറിസം വകുപ്പിന്റെ സ്വദേശി ദർശൻ സ്കീമിൽ സംസ്ഥാനത്തെ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമായും കേന്ദ്രഫണ്ട് ഉപയോഗിച്ചാണോ നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഇതിനകം ഈ പദ്ധതിയിൻകീഴിൽ എന്ത് തുകയാണ് അനുവദിച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശി ദർശൻ സ്കീമിന്റെ ഭാഗമായ സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്:

(1) ശബരിമല വികസനം (എരുമേലി പമ്പ-സന്നിധാനം)

(2) ശ്രീ പത്മനാഭസ്വാമിക്ഷേത്രം-ആറന്മുള-ശബരിമല വികസനം

(3) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങളുടെ വികസനം.

(4) ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം-കുന്നംപാറ ശ്രീ സുബ്രഹ്മണ്യ-ചെമ്പഴന്തി-ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം-കുന്നംപാറ ശ്രീ സുബ്രഹ്മണ്യ-ചെമ്പഴന്തി-ശ്രീനാരായണ ഗുരുകുലം

(ബി) നിലവിൽ മേൽ പദ്ധതികൾ പൂർണ്ണമായും കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കി വരുന്നത്.

(സി)

| നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ശബരിമല വികസനം (എരുമേലി പമ്പ-സന്നിധാനം) | 9998.92 | 1999.78 |
| 2 | ശ്രീ പത്മനാഭസ്വാമിക്ഷേത്രം-ആറന്മുള-ശബരിമല വികസനം | 9921.80 | 7242.03 |
| 3 | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങളുടെ വികസനം | 8522.71 | തുക ലഭിച്ചിട്ടില്ല |
| 4 | ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം-കുന്നംപാറ ശ്രീ സുബ്രഹ്മണ്യ-ചെമ്പഴന്തി-ശ്രീനാരായണ ഗുരുകുലം | 6947.00 | പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേന്ദ്ര ടൂറിസം മന്ത്രാലയം നിയമിച്ചിരിക്കുന്നത് ITDC-യെയാണ്. ആയതിനാൽ ടൂറിസം വകുപ്പിന് തുകയൊന്നും ലഭിച്ചിട്ടില്ല |

## വിനോദസഞ്ചാരത്തിന്റെ ഭാഗമായി ബോട്ട് സർവ്വീസ്

258 (2510) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാരത്തിന്റെ ഭാഗമായി കൊല്ലത്ത് നിന്നും കോവിൽതോട്ടം ലൈറ്റ് ഹൗസ്, കാട്ടിൽ മേക്കതിൽ ക്ഷേത്രം, പന്മന വട്ടക്കായൽ വഴി കരുനാഗപ്പള്ളിയിലേക്ക് ബോട്ട് സർവ്വീസ് ആരംഭിയ്ക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പന്മന വട്ടക്കായൽ, കാട്ടിൽ മേക്കതിൽ ക്ഷേത്രം, കന്നേറ്റിബോട്ട് ടെർമിനൽ എന്നിവ ബന്ധിപ്പിച്ച് കൊല്ലത്ത് നിന്നും ഒരു ബോട്ടിംഗ് സൗകര്യം ഒരുക്കുവാൻ കൊല്ലം ഡി.റ്റി.പി.സി. മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

## പുള്ള്-മനക്കൊടി ടൂറിസം പദ്ധതി

259 (2511) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, നാട്ടിക മണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പുള്ള്-മനക്കൊടി ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ആദ്യഘട്ട വികസന പ്രവൃത്തികൾക്കുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ടി പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ഭൂമിയുടെ ലഭ്യത സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽനിന്നും NOC ലഭിക്കാത്തതിനാൽ ടി പദ്ധതി ആരംഭിച്ചിട്ടില്ല.

(ബി) ആദ്യഘട്ട വികസന പ്രവൃത്തികൾക്കായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ കവാടം, ഇന്റേർപ്രട്ടേഷൻ സെന്റർ, പ്രദർശന കേന്ദ്രം, കോഫി ഷോപ്പ്, ജൈവ ഭക്ഷണ ശാലകൾ, സുവനീർ ഷോപ്പ്, പക്ഷി നിരീക്ഷണ കേന്ദ്രങ്ങൾ, ഇരിപ്പിടങ്ങൾ, നടപ്പാത, ബോട്ടിംഗ്, ചർച്ചാകേന്ദ്രം എന്നിവയാണ് പദ്ധതി രൂപരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

260 (2512) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെ ടൂറിസം മേഖലയിലെ വികസനവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളിൽ ഒന്നായ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ നാല് പദ്ധതികളിൽ തലശ്ശേരി പിയർ റോഡ് ശിൽപ്പോദ്യാനവും ഭക്ഷ്യ വീഥിയുമായി വികസിപ്പിക്കൽ, പഴയ ഫയർ ടാങ്ക് കൺസർവേഷൻ ആന്റ് താഴെ അങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് എന്നീ 2 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പാലത്തിന് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ നാലാമത്തെ പദ്ധതിയായ മൊയ്തുപാലം നവീകരണവും ഉദ്യാനവൽക്കരിക്കലും പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ഇതിനുപുറമേ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ വിശാലമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്ലാനിൽ ചരിത്ര/പൈതൃക പ്രാധാന്യമുള്ള 61 ഡെസ്റ്റിനേഷനുകൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 3 ജില്ലകളിലെ 9 മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്നതാണ് ഈ 61 സ്ഥലങ്ങൾ. ഈ ബൃഹത് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ

261 (2513) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) കോട്ടക്കുന്ന്, ആനക്കയം അഗ്രോ ടൂറിസം, മിനി ഊട്ടി പദ്ധതികളിൽ കൂടുതൽ ഫണ്ട് വകയിരുത്തുവാനും സഞ്ചാരികളെ ആകർഷിക്കുവാനും തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

(ബി & സി) 2 കോടി രൂപയുടെ ഭരണാനുമതിയിൽ കോട്ടക്കുന്ന് എ ഡെവലപ്പിംഗ് ഡെസ്റ്റിനേഷൻ-ഇൻ-മലപ്പുറം എന്ന ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ ഭാഗമായി കോട്ടക്കുന്ന് ടൂറിസം പാർക്കിൽ 99.65 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ജില്ലയിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ടൂറിസം വകുപ്പ് അനുവദിച്ച 95.57 ലക്ഷം രൂപ ചെലവിൽ ബാരിയർ ഫ്രീ കേരളാ ടൂറിസം പദ്ധതി മലപ്പുറം ഡി.ടി.പി.സി.-യുടെ കീഴിലുള്ള 13 ടൂറിസം കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. ഇതിന്റെ ഭാഗമായി കോട്ടക്കുന്നിൽ കൈവരിയുള്ള റാമ്പുകൾ, ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ, ബ്രെയിൽ ലിപിയിലുള്ള ദിശാസൂചകം, ശ്രവണ വഴികാട്ടി, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, സ്കൂക്ച്ചറുകൾ എന്നിവ ഏർപ്പെടുത്തുന്നതാണ്. 'അഗ്രോ ടൂറിസം പ്രോജക്ട് ഫോർ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ, ആനക്കയം പദ്ധതി' നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. മിനി ഊട്ടിയിൽ ടൂറിസം പ്രവർത്തനത്തിനായി ആവശ്യമായ സർക്കാർ ഭൂമിയില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പ്രൊപ്പോസൽ പരിഗണിക്കുന്നതാണ്.

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് വകയിരുത്തിയ തുക

262 (2514) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ബി.ആർ.ഡി.സി.ക്ക് (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇത് ഏതൊക്കെ പ്രവൃത്തികൾക്ക് ചെലവഴിക്കാനാണ് നിർദ്ദേശമുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചത് വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് സംസ്ഥാന ബഡ്ജറ്റിൽ 330 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കൽ, നിക്ഷേപം വർദ്ധിപ്പിക്കൽ, വിപണന സംരംഭങ്ങൾ എന്നിവയിലൂടെ കാസർഗോഡ്, കണ്ണൂർ ജില്ലകൾ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് എന്നിവ ഉൾപ്പെടുന്ന വടക്കേ മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസനം ശക്തിപ്പെടുത്തുന്നതിനായി ബി.ആർ.ഡി.സി.-യുടെ പ്രവർത്തന മേഖല പ്രസ്തുത പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനാണ് തുക വകയിരുത്തിയത്.

(സി) ബി.ആർ.ഡി.സി.-ക്ക് 2018-19 വർഷത്തിൽ 148.50 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 94.34 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## അഴീക്കൽ ബീച്ചിന്റെ വികസനം

263(2515) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിന് സ്ഥല ലഭ്യത തടസമാകുന്നുണ്ടോ; 2012 ൽ ഇതിന്റെ വികസനത്തിന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) 26-9-2012-ലെ സർക്കാർ ഉത്തരവ് ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ട് പദ്ധതി ഘടകങ്ങളായ നടപ്പാത, മണ്ഡപം, ഗ്യാലറി, ഇരിപ്പിടങ്ങൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലലഭ്യതയുടെ അഭാവംമൂലം ടി പദ്ധതിയിലുൾപ്പെട്ട ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ടോയ്‌ലറ്റ് എന്നീ ഘടകങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തിയായ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 60,16,931 രൂപ ചെലവായിട്ടുണ്ട്.

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ടൂറിസം വകുപ്പിന് പദ്ധതി നടത്തിപ്പിനായി NOC ലഭ്യമാക്കുകയാണെങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ

264 (2516) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.* .

(ബി) ടൂറിസം സാദ്ധ്യതയും പദ്ധതിക്കായി സ്ഥല ലഭ്യതയുള്ള പദ്ധതി രൂപരേഖകൾ തയ്യാറാക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

265 (2517) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

വണ്ണാത്തിപ്പുഴ/റിവർ സൈഡ് പാർക്ക്, മംഗലശ്ശേരി ബോട്ട്റേസ് പവലിയൻ, പഴയങ്ങാടി റിവർ വ്യൂ പാർക്ക്, പഴയങ്ങാടി ബോട്ട് ടെർമിനൽ എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

കൺസ്ട്രക്ഷൻ ഓഫ് ചൂട്ടാട് ബീച്ച് ബ്രിഡ്ജ്-CRZ clearance ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (ലൈറ്റിംഗ്) അറ്റ് വയലപ്ര പരപ്പ്, ചൂട്ടാട് ബീച്ച്-എന്നിവ പൂർത്തീകരിച്ചു.

അഡ്വഞ്ചർ പാർക്ക് അറ്റ് ചൂട്ടാട് ബീച്ച്-10-1-2019 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 1,65,06,440 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കൊട്ടാരക്കര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

266 (2518) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ച ആകെ തുക എത്രയാണ്;

(ബി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കാണ് അനുവദിച്ചതെന്നും പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയും വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 1,91,86,035 രൂപയാണ് ഈ സർക്കാർ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ചത്.

(ബി) (1) മുട്ടറ മരുതിമല പ്രോജക്ട് - 44,86,035

(2) പുലമൺ തോട് പ്രോജക്ട്-1,47,00,000

മുട്ടറ മരുതിമല പ്രോജക്ട് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുലമൺ തോട് പ്രോജക്ട് ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ വികസനത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട്**

267 (2519) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽപ്പെടുന്ന ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ വികസനത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചതെന്ന് അറിയിക്കാമോ;

(ബി) എത്ര തുകയുടെ പ്രോജക്ട് റിപ്പോർട്ടാണ് പാലക്കാട് ഡി.റ്റി.പി.സി. ടൂറിസം വകുപ്പിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം ഡയറക്ടറുടെ 22-4-2016-ലെ പി2-17914/2014 നമ്പർ കത്ത് പ്രകാരമാണ് ടി പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചത്.

(ബി) 5,24,92,957 രൂപയുടെ പ്രോജക്ട് പ്രൊപ്പോസലാണ് പാലക്കാട് ഡി.റ്റി.പി.സി. ടൂറിസം വകുപ്പിന് സമർപ്പിച്ചത്.

(സി) 26-5-2015-ലെ ജി. ഒ. (ആർടി.) നമ്പർ 207/2015/ടൂറിസം നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത പദ്ധതി സർക്കാർ അംഗീകരിച്ച് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 കോടി രൂപ ടൂറിസം വകുപ്പും 2 കോടി രൂപ ഒറ്റപ്പാലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടത്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതികൾ

268 (2520) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ പഴയങ്ങാടി ബോട്ട് ടെർമിനലിന്റെ പൈൽ, പ്ലാറ്റ്ഫോം, പില്ലർ എന്നിവയുടെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ മംഗലശ്ശേരി, മുതുകട, കോട്ടക്കീൽ, താവം, ചെറുകുന്ന്, മുട്ടിൽ, മാടായി, വാടിക്കൽ, മാട്ടൂൽ നോർത്ത് പ്രദേശങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ പദ്ധതികൾക്ക് ആവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്തി, ആയത് ഉപയോഗപ്പെടുത്തുന്നതിനുള്ള നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോട്ട് ടെർമിനൽ/ജെട്ടികൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിനായി കെട്ടിടങ്ങൾ

269 (2521) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ നിരവധി ടൂറിസ്റ്റുകൾ എത്തുന്ന കോതമംഗലത്തെ ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ നിലവിൽ രണ്ടുപേർക്ക് മാത്രം താമസിക്കുവാൻ സൗകര്യമുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവ് മാത്രമാണ് നിലവിലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇവിടെ ഉപയോഗശൂന്യമായി കിടക്കുന്ന പെരിയാർ വാലി ജലസേചന പദ്ധതിയുടെ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ചാൽ ഇവിടങ്ങളിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ കഴിയുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രദേശത്തെ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ഉപയോഗശൂന്യമായ കെട്ടിടങ്ങൾ നവീകരിച്ചും പുഴയരികിൽ തരിശ്ശായി കിടക്കുന്ന ഭാഗത്ത് പുതിയ റിസോർട്ടുകൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ഉപയോഗിക്കാതെ കിടന്ന പെരിയാർ വാലി ജലസേചന പദ്ധതിയുടെ കോട്ടേജുകളിൽ 5-11-2013 തീയതിയിലെ G. O. (Rt.) No. 8936/13/ടൂറിസം ഉത്തരവുപ്രകാരം 2 കോട്ടേജുകളും 1-8-2014 തീയതിയിലെ G. O. (Rt.) No. 6055/14/ടൂറിസം ഉത്തരവുപ്രകാരം 3 കോട്ടേജുകളും നവീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ പിരഗണനയിലില്ല.

## വള്ളം കളിയോ ബോട്ട് റേസിംഗോ സംഘടിപ്പിക്കുന്നതിനായുള്ള നിവേദനം

270 (2522) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെല്ലിംഗ്ടൺ ഐലന്റ് - കുണ്ടന്നൂർ ദേശീയ പാതയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള നടപ്പാതയുടെ തോപ്പുംപടി ബി.ഒ.റ്റി പാലം മുതൽ കണ്ണങ്ങാട് ഐലന്റ് പാലം വരെയുള്ള കായൽ ഭാഗത്തു വള്ളം കളിയോ ബോട്ട് റേസിങ്ങോ സംഘടിപ്പിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ (747/2018/M Co-op/റ്റി.എസ്.എം/ഡി.ഇ.വി) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തോപ്പുംപടി ബി.ഒ.റ്റി. പാലം മുതൽ കണ്ണങ്ങാട് ഐലന്റ് പാലം വരെയുള്ള കായൽ ഭാഗത്ത് വള്ളം കളിയോ ബോട്ട് റേസിംഗോ സംഘടിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിച്ച കത്ത് പരിശോധിക്കുകയുണ്ടായി. വിനോദസഞ്ചാര വകുപ്പ് നിലവിൽ ബോട്ട് റേസോ വള്ളം കളിയോ നേരിട്ട് നടത്താറില്ല. അതിനുവേണ്ടി സാമ്പത്തിക സഹായം നൽകുക മാത്രമാണ് ചെയ്തുവരുന്നത്. ഈ ആവശ്യവുമായി ബന്ധപ്പെട്ട് ബോട്ട് റേസ് സമിതികൾ സമീപിക്കുന്നപക്ഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ക്ഷേത്ര പരിസരത്തെ ആയുധ പരിശീലനം

271 (2523) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രപരിസരത്ത് ആയുധ പരിശീലനം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ക്ഷേത്രപരിസരങ്ങൾ ചില സംഘടനകൾ ശാഖ പരിശീലത്തിനായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കൊല്ലം ഗ്രൂപ്പിൽപ്പെട്ട തൃക്കടവൂർ, മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട കാട്ടുവള്ളി, വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട പെരുവാരം എന്നീ ക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ ആയുധ പരിശീലനം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളുടെ പരിസരത്ത് ആയുധ പരിശീലനം നിരോധിച്ചുകൊണ്ട് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) ഉണ്ട്. തിരുവിതാംകൂർ, കൂടൽമാണിക്യം കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഏതാനും ക്ഷേത്രങ്ങളുടെ പരിസരത്ത് ചില സംഘടനകൾ ശാഖ പരിശീലനം നടത്തുന്നതിനെതിരെ ദേവസ്വം ബോർഡുകൾ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത് തടയുന്നതിന് പോലീസ് സഹായം തേടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ശബരിമല ക്ഷേത്രദർശനം

272 (2524) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിലെ പ്രതിഷ്ഠാസവിശേഷത, ആചാരാനുഷ്ഠാനങ്ങൾ, മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ നിന്ന് അതിനുള്ള വ്യത്യാസം എന്നിവയെക്കുറിച്ച് സംസ്ഥാന സർക്കാരോ തിരുവിതാംകൂർ ദേവസ്വം ബോർഡോ കൃത്യമായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തന്ത്രി, പന്തളം രാജപ്രതിനിധി എന്നിവർക്ക് ശബരിമല ക്ഷേത്രത്തിലുള്ള അവകാശാധികാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പത്തിനും അൻപത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ ശബരിമല ക്ഷേത്രദർശനം നടത്താൻ പാടില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് ഇത് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രതിഷ്ഠ ശ്രീധർമ്മ ശാസ്താവിന്റെ ധ്യാന രൂപത്തിലുള്ള പ്രതിഷ്ഠയാണ്. ശബരിമല ക്ഷേത്രത്തിൽ ശബരിമലയിലെ പതിവും പടിത്തരവും അനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങലാണ് അനുവർത്തിച്ചുവരുന്നത്. അവ ഏറെക്കുറെ മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ ഉള്ളതുപോലെ തന്നെയാണ്.

(ബി) പൂജാദികാര്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടേയും ചുമതലയാണ് തന്ത്രിക്കുള്ളത്. ശബരിമല ക്ഷേത്രത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട് യാതൊരു അവകാശങ്ങളും പന്തളം രാജപ്രതിനിധിയ്ക്ക് ഇല്ല. എന്നാൽ തിരുവാഭരണ ഘോഷയാത്രയെ അനുഗമിക്കുന്നതിനും മണ്ഡലം-മകരവിളക്ക് കാലത്ത് അവസാനത്തെ ദിവസം അയ്യപ്പന്റെ പിതൃസ്ഥാനീയൻ എന്ന നിലയിൽ ദർശനം നടത്തുന്നതിനുമുള്ള അവകാശം ഉള്ളതാണ്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 5-4-1991-ലെ ഒ. പി. നമ്പർ 9015/1990 നമ്പർ കേസിലെ വിധിന്യായത്തിൽ 10-നും 50-നും ഇടയിലുള്ള സ്ത്രീകളെ ശബരിമല ദർശനത്തിനനുവദിക്കരുതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഈ വിധിന്യായം തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുകയാണുണ്ടായത്.

## ശബരിമല നടവരുമാനത്തിലെ കുറവ്

273 (2525) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മണ്ഡല-മകരവിളക്ക് കാലം പിന്നിട്ടപ്പോൾ നടവരുമാന ഇനത്തിലും മറ്റു അനുബന്ധ സ്രോതസ്സുകളിൽ നിന്നുള്ള വരുമാന ഇനത്തിലുമായി ഏതാണ്ട് നൂറ് കോടിയിൽ പരം രൂപയുടെ കുറവുണ്ടായെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമലയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് മണ്ഡല-മകരവിളക്ക് കാലയളവിൽ ഭക്തജനങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവെത്ര; വിശദമാക്കാമോ;

(സി) നടവരുമാനത്തിലും ഭക്തജനങ്ങളുടെ എണ്ണത്തിലും ഇത്ര ഭീമമായ കുറവ് ഉണ്ടാകാനിടയായ സാഹചര്യമെന്താണ്; വിശദാംശം നൽകുമോ;

(ഡി) നടവരുമാനത്തിലെ കുറവ് ദേവസ്വം ബോർഡിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ;

(ഇ) എങ്കിൽ ഇതിനെ മറികടക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തീർത്ഥാടകരുടെ എണ്ണത്തിൽ വന്ന കുറവ് നട വരുമാനം കുറയാൻ ഇടയായിട്ടുണ്ട്. കാണിക്ക ഇടരുതെന്ന ചില സംഘടനകളുടെ ആഹ്വാനവും നടവരവിനെ ബാധിച്ചിട്ടുണ്ട്. ശബരിമലയിൽ സംഘർഷ സാധ്യതയുണ്ട് എന്ന തെറ്റായ പ്രചരണംമൂലം ഒരു വിഭാഗം ഭക്തജനങ്ങൾ വിട്ട് നിന്നിട്ടുള്ളതാണ്.

(ഡി) വരുമാനക്കുറവ് ജീവനക്കാരുടെ പെൻഷൻ, ശമ്പളം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

## ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

274 (2526) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം തകർന്ന പമ്പയുടെ പുനർനിർമ്മാണം സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ആഗോള ടെൻഡർ മുഖേനയാണോ പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ബി) നിലയ്ക്കൽ മുതൽ പമ്പവരെ അയ്യപ്പ ഭക്തരുടെ ഗതാഗതം സുഗമമാക്കാൻ വിദേശരാജ്യങ്ങളിലെ പോലെ ട്രാം, മിനി മെട്രോ എന്നീ ആധുനിക സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നിലയ്ക്കൽ, എരുമേലി തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിൽ ആധുനിക സംവിധാനങ്ങളുള്ള മാലിന്യ നിർമ്മാർജനപ്ലാന്റുകൾ സ്ഥാപിക്കുവാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇല്ല.

(സി) നിലയ്ക്കലിൽ ആധുനിക സംവിധാനങ്ങളുള്ള ഒരു മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എരുമേലിയിൽ ദേവസ്വം ബോർഡിന്റെ ടോയ്‌ലെറ്റുകളിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുവാൻ ദേവസ്വം ബോർഡിന്റെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്.

**ആറന്മുള മണ്ഡലത്തിൽ ശബരിമല ഇടത്താവളം**

275 (2527) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ ശബരിമല ഇടത്താവളത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ശബരിമല ഇടത്താവളത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിക്കഴിഞ്ഞോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആറന്മുള ക്ഷേത്രത്തിന് തെക്ക് വശത്ത് മണ്ഡലകുഴി എന്ന സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡും ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും ചേർന്ന് ഒരു ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

## ശബരിമലയിലെ വരുമാന നഷ്ടം നികത്താൻ പ്രത്യേക ഗ്രാന്റ്

276 (2528) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലയിലെ ഈ വർഷത്തെ മണ്ഡല-മകരവിളക്ക് കാലത്തെ വരുമാന നഷ്ടം കണക്കിലെടുത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രത്യേക ഗ്രാന്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

## ശബരിമലയിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

277 (2529) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വനം വകുപ്പുമായി ഉണ്ടായിരുന്ന തർക്കങ്ങൾക്ക് പരിഹാരമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) രേഖകൾ പ്രകാരം ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഭൂമി വിട്ട് നൽകുന്നതിന് ധാരണയായിട്ടുണ്ടോ;

(സി) നിലയ്ക്കലും പമ്പയിലും മാസ്റ്റർ പ്ലാൻ പ്രകാരം തീർത്ഥാടകർക്ക് വേണ്ടി എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത സ്ഥലങ്ങളിൽ കോൺക്രീറ്റ് ഒഴിവാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണോ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സ്ഥലം സംബന്ധിച്ച് നടത്തിയ ജോയിന്റ് സർവ്വേ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്.

(സി & ഡി) പ്രളയാനന്തരം മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആദ്യം ഏതൊക്കെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പരിശോധനകൾ നടന്നുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

278 (2530) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ക്ഷേത്രങ്ങളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ളത്; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇവയിൽ എത്ര ക്ഷേത്രങ്ങൾക്കാണ് സ്വന്തം പ്രവർത്തനത്തിനാവശ്യമായ വരുമാനം ഉള്ളതെന്ന് പേര് സഹിതം അറിയിക്കുമോ;

(സി) ആകെ എത്ര ജീവനക്കാർ/പെൻഷൻകാരാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ദേവസ്വം ബോർഡിന്റെ തനത് വരുമാനത്തിൽ നിന്നാണോ നൽകി വരുന്നത്;

(ഇ) ദേവസ്വത്തിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1249 ക്ഷേത്രങ്ങൾ

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അതെ.

(ഇ) പ്രതിവർഷം 80 ലക്ഷം രൂപ സർക്കാർ കോൺട്രിബ്യൂഷൻ ഇനത്തിൽ ദേവസ്വം ബോർഡിന് നൽകി വരുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റ് വിഹിതമായി തുക അനുവദിച്ചുവരുന്നു. ഈ വർഷം 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമല മണ്ഡലമകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പോലീസ് മെസിന് 5 കോടി രൂപയും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയ്ക്ക് 2.71 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ മണ്ഡല മകരവിളക്ക് മഹോത്സവകാലത്ത് തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും 3 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡുകളുടെ വരുമാനവും ചെലവും**

279(2531) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ദേവസ്വം ബോർഡുകളുടെയും വരുമാനവും ചെലവും പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ ഈ സർക്കാർ കാലയളവിലെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2017-18, 2018-19 വർഷങ്ങളിൽ ഓരോ ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾക്കായി സർക്കാർ നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ വിവിധ ദേവസ്വം ബോർഡുകളുടെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി എത്ര തുകവീതമാണ് സർക്കാർ ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17, 2017-18 വർഷങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) അനുബന്ധം ആയി ചേർക്കുന്നു*.

(സി) മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിനായും ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായും 2017-18, 2018-19 വർഷങ്ങളിൽ സർക്കാർ നൽകിയ ഗ്രാന്റ് വിവരം അനുബന്ധം ആയി ചേർക്കുന്നു.*

**ക്ഷേത്രങ്ങളിൽനിന്നും ദേവസ്വം ബോർഡിന്**
**ലഭിച്ച വരുമാനം**

280 (2532) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018 വർഷങ്ങളിൽ തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിൽ നിന്നും ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ശബരിമല ക്ഷേത്രത്തിൽ നിന്നായി ലഭിച്ച വരുമാനം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) 2017, 2018 വർഷങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളുടെ ശമ്പളം, അലവൻസ്, യാത്രാചെലവ് എന്നീ ഇനങ്ങളിൽ ബോർഡിന് ചെലവായ തുക എത്രയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016-2017 - 630,88,73,883

2017-2018 - 702,30,74,456

(ബി) 2016-2017 - 236,16,23,926

2017-2018 - 261,19,34,788

(സി) അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ

281(2533) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വത്തിനുകീഴിൽ എത്ര ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് വിശദാംശം സഹിതം അറിയിക്കുമോ;

(ബി) ഇവയിൽ സ്വന്തം പ്രവർത്തനങ്ങൾക്കാവശ്യമായ വരുമാനമുള്ള ക്ഷേത്രങ്ങൾ എത്രയെന്നും ഏതൊക്കെയെന്നും അറിയിക്കുമോ;

(സി) ആകെ എത്ര ജീവനക്കാർ/പെൻഷൻകാരാണ് ദേവസ്വത്തിനുകീഴിൽ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ദേവസ്വത്തിന്റെ തനത് വരുമാനത്തിൽ നിന്നാണോ നൽകി വരുന്നത് എന്ന് അറിയിക്കുമോ;

(ഇ) ദേവസ്വത്തിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 1363 ക്ഷേത്രങ്ങൾ ഉണ്ട്.

(ബി) ക്ഷേത്രവരുമാനത്തിൽ നിന്നുതന്നെ ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് എല്ലാവിധ ക്ഷേത്രചെലവുകളും നിർവ്വഹിച്ച് വരുന്ന ഏകദേശം 196 ക്ഷേത്രങ്ങളാണുള്ളത്. ഇവയുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലായി ആകെ 6976 ജീവനക്കാരുണ്ട്. മലബാർ ദേവസ്വം ബോർഡ് എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ നിന്നും നിലവിൽ 1563 പേർക്ക് പ്രതിമാസ പെൻഷൻ നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്ന് തന്നെയാണ് നൽകേണ്ടത്. എന്നാൽ 15 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രവരുമാനത്തിന്റെ 50% തുക ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിച്ചിട്ടും മുഴുവൻ ശമ്പളവും നൽകാൻ സാധിക്കാതെ വന്നാൽ, അത്തരം ക്ഷേത്രങ്ങളിൽ ക്ഷേത്രജീവനക്കാരുടെ ആകെ ശമ്പളത്തിൽ നിന്നും ക്ഷേത്രവരുമാനത്തിന്റെ 50%-ന് തുല്യമായ തുക കുറവ് ചെയ്ത് ബാക്കി സംഖ്യ മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകിവരുന്നുണ്ട്.

(ഇ) ഉണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിനായി ആകെ 39.3027 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. പ്രസ്തുത സംഖ്യയിൽ 28.91603 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**കൊച്ചിൻ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

282 (2534) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വത്തിന്കീഴിൽ എത്ര ക്ഷേത്രങ്ങളാണ് നിലവിലുള്ളത്; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇവയിൽ സ്വന്തം പ്രവർത്തനങ്ങൾക്കാവശ്യമായ വരുമാനം ഉള്ള ക്ഷേത്രങ്ങൾ എത്രയെണ്ണമെന്ന് പേര് സഹിതം അറിയിക്കുമോ;

(സി) ആകെ എത്ര ജീവനക്കാരും പെൻഷൻകാരുമാണ് പ്രസ്തുത ദേവസ്വം ബോർഡിന് കീഴിലുള്ളത് എന്ന് അറിയിക്കുമോ;

(ഡി) ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ദേവസ്വത്തിന്റെ തനത് വരുമാനത്തിൽ നിന്നാണോ നൽകി വരുന്നത് എന്ന് അറിയിക്കുമോ;

(ഇ) ദേവസ്വത്തിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചിൻ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി ആകെ 403 ക്ഷേത്രങ്ങളും 298 കൺട്രോൾ ഇൻസ്റ്റിറ്റ്യൂഷൻ ക്ഷേത്രങ്ങളുമുണ്ട്.

(ബി) 5 ക്ഷേത്രങ്ങൾ. ചോറ്റാനിക്കര, കൊടുങ്ങല്ലൂർ, എറണാകുളം, തൃപ്പൂണിത്തുറ, തൃപ്രയാർ.

(സി) ജീവനക്കാർ-1640

ദിവസേനവേതന ജീവനക്കാർ-836

പെൻഷൻകാർ-714

(ഡി) അതെ.

(ഇ) കുളം, കാവ്, ആൽത്തറ എന്നിവയുടെ സംരക്ഷണത്തിന് സർക്കാർ സഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം കൊച്ചിൻ ദേവസ്വത്തിന് ധനസഹായം നൽകുന്നുണ്ട്.

**കഴകം തസ്തികയിലെ നിയമനം**

283 (2535) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊച്ചിൻ ദേവസ്വം ബോർഡിന് വേണ്ടി പ്രസിദ്ധീകരിച്ച കഴകം തസ്തികയിലെ റാങ്ക് ലിസ്റ്റിൽ (മെയിൻ ആന്റ് സപ്ലിമെന്ററി) എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) നിലവിൽ കൊച്ചിൻ ദേവസ്വം ബോർഡിൽ കഴകം തസ്തികയുടെ എത്ര ഒഴിവുകളുണ്ട്; അതിൽ എത്രയെണ്ണം റിക്രൂട്ട്മെന്റ് ബോർഡിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിൽ താല്ക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലിചെയ്യുന്നുണ്ട്;

(ഡി) താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽക്കൂടി നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെയിൻ ലിസ്റ്റിൽ 285 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 62 പേരും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കഴകം തസ്തികയിലെ ആകെ ഒഴിവുകളുടെ എണ്ണം ശേഖരിച്ചുവരുന്നു. കഴകം തസ്തികയിലെ 60 ഒഴിവുകൾ കേരള റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ ദിവസവേതന ജീവനക്കാർ ജോലി ചെയ്തിരുന്നു. മറ്റ് ക്ഷേത്രങ്ങളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ**
**അസിസ്റ്റന്റ് എഞ്ചിനീയർ**

284 (2536) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മറ്റേതെങ്കിലും തസ്തികയിലുള്ളവരെ അസ്സിസ്റ്റന്റ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് കെ. ഹരീഷ് കുമാറിന് അസ്സിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാരണത്താൽ റിക്രൂട്ട്മെന്റ് ബോർഡ് വഴി നിലവിൽ വന്ന ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥിക്ക് അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ; ടിയാനെ അസ്സിസ്റ്റന്റ് എഞ്ചിനീയറായി നിയമിച്ചപ്പോൾ ലോ ആഫീസറുടെയോ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയോ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടോ; പ്രസ്തുത നിയമനം സർവ്വീസ് ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണോ നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എത്ര അസ്സിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)തസ്തികകൾ ഉണ്ട്; ആയത് 1:3:6 അനുപാതം അനുസരിച്ചാണോ നികത്തുന്നതെന്നറിയിക്കാമോ; ആയത് ഏതൊക്കെ വിഭാഗത്തിൽനിന്നാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(1) ശ്രീ. സി. പി. ഗിരീഷ്ചന്ദ്രൻ നായർ

(2) ശ്രീ. ഡി. രാധാകൃഷ്ണ പിള്ള

(3) ശ്രീ. ജി. സന്തോഷ്

(4) ശ്രീ. ഡി. സതീഷ് കുമാർ

(5) ശ്രീ. എസ്. ആർ. സുനിൽകുമാർ

(6) ശ്രീ. ആർ. ശശികുമാർ

(7) ശ്രീ. പ്രേം ജെ. ലാൽ

(8) ശ്രീ. കെ. ഹരീഷ് കുമാർ

(9) ശ്രീ. കെ. സുനിൽകുമാർ.

(ബി) ശ്രീ. കെ. ഹരീഷ്കുമാറിന് അസിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇതിൽ റിക്രൂട്ട്മെന്റ് ബോർഡിലൂടെ നിലവിൽ വന്ന ലിസ്റ്റിലെ ഉദ്യോഗാർത്ഥിക്ക് അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചുവരുന്നു. ശ്രീ. കെ. ഹരീഷ്കുമാറിന് പ്രൊമോഷൻ നൽകിയതിൽ ലാ ആഫീസറുടെയോ ലോക്കൽ ഫണ്ട് ആഡിറ്റിന്റെയോ അഭിപ്രായം ബോർഡ് ആരാഞ്ഞിട്ടില്ല.

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് ഗസറ്റിൽ പരസ്യം ചെയ്തിട്ടില്ല. പ്രൊമോഷൻ മുഖാന്തിരം ഉണ്ടായ ഡിഗ്രി ക്വാട്ടയിലെ ഒഴിവിലാണ് നിശ്ചിത യോഗ്യതയുള്ള ശ്രീ. കെ. ഹരീഷ്കുമാറിനെ പ്രൊമോട്ട് ചെയ്തിട്ടുള്ളത് എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) 27 അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ഉണ്ട്. ഈ തസ്തികകൾ 1:3:6 അനുപാതം അനുസരിച്ചാണ് നികത്തുന്നത്. ആകെ 27 അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉള്ളതിൽ 1:3:6 അനുപാതത്തിൽ ഐ.റ്റി.ഐ.-3, ഡിപ്ലോമ-8, എഞ്ചിനീയറിംഗ് ഡിഗ്രി-16 എന്നിങ്ങനെയാണ് ഓരോ വിഭാഗത്തിലെയും നില.

**ദേവസ്വം ഉടമസ്ഥതയിലുള്ള മാവേലിക്കരയിലെ സ്ഥലങ്ങൾ**

285 (2537) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ്/വകുപ്പിന്റെ ഉടമസ്ഥതയിൽ മാവേലിക്കര നിയോജക മണ്ഡലത്തിലുള്ള വസ്തുവകകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വസ്തുവകകൾ സ്വകാര്യ വ്യക്തികളോ സംഘടനകളോ കയ്യേറിയിട്ടുണ്ടോയെന്നും കയ്യേറിയ സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*.

(ബി) മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട തട്ടാരമ്പലം സബ് ഗ്രൂപ്പിലെ കടവൂർ ദേവസ്വം കുളത്തിന്റെ കയ്യേറ്റം സംബന്ധിച്ച് ഒ.എസ്. നമ്പർ 191/2013-ാം നമ്പർ കേസ്സിൽ മാവേലിക്കര മുനിസിഫ് കോടതിയിൽനിന്നും ദേവസ്വം ബോർഡിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പരാതിക്കാരൻ മാവേലിക്കര അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ടിൽ ഒ.എസ്. നമ്പർ 186/2016 നമ്പരായി അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. മറ്റ് ദേവസ്വങ്ങളിലൊന്നും കയ്യേറ്റം ഇല്ലാത്തതാണ്.

(സി) ദേവസ്വം ബോർഡ് വസ്തുക്കൾ നഷ്ടപ്പെടുന്നത് ഒഴിവാക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് അതിർത്തി തിരിച്ച് മുള്ളുവേലിയിടുകയോ മതിൽകെട്ടുകയോ ചെയ്തുവരുന്നു.

**ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

286 (2538) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങൾക്ക് കീഴിലുള്ള കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ആയതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കുളങ്ങൾ, കാവുകൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പദ്ധതി നിലവിലുണ്ട്. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തി നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട ദേവസ്വം ബോർഡുകൾക്ക് തുക അനുവദിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2494-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. വ്യക്തിപരമായ വിശദീകരണം

### ഉത്തരത്തിലെ അവ്യക്തത

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2019 ഫെബ്രുവരി 6-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 152-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ ചില അവ്യക്തതകളുണ്ടായിരുന്നു. അതിന് വിശദീകരണം നൽകിയതിനുശേഷം മേശപ്പുറത്ത് വയ്ക്കാം. ഇന്നലെ അഡീഷണൽ ആതറൈസേഷന്റെ ഫുട്നോട്ടിൽ വന്നിട്ടുള്ള കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് സഭയിൽ വന്നത്. അതായത് 2014-ൽ മനുഷ്യാവകാശ കമ്മീഷന്റെ ഒരുത്തരവുണ്ടായിരുന്നു. മരണപ്പെട്ട കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കണമെന്ന് പറഞ്ഞ് Protection of Human Rights Act- പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ ഭാഗമായി ഒരു ലക്ഷം രൂപ നമ്മൾ കൊടുക്കാൻ ബാധ്യസ്ഥരായിരുന്നു. 2014-ന് മുമ്പ് മരണപ്പെട്ട 38 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കാൻ ഉത്തരവിട്ടത് 26-4-2017-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 38 ലക്ഷം രൂപ കൊടുക്കുകയും ചെയ്തു. 2014-നുശേഷം മരണപ്പെട്ട കുട്ടികളുടെ കുടുംബങ്ങൾക്കും തുക കൊടുക്കണമെന്ന് കളക്ടർ പറഞ്ഞു. അങ്ങനെ ഒരു ലിസ്റ്റുകൂടി സമർപ്പിച്ചു. 2014 മുതൽ 2017 മേയ് വരെ മരിച്ച കുട്ടികളുടെ എണ്ണം 34 ആണ്. 4-11-2017-ൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവുപ്രകാരം 27 ലക്ഷം രൂപ കൊടുക്കാൻ ഉത്തരവിട്ടു. ആ 27 ലക്ഷം രൂപയ്ക്കുപുറമേ പിന്നെ 7 കുട്ടികളുടെ കുടുംബങ്ങൾക്കും 7 ലക്ഷം രൂപ കൂടി കൊടുക്കാനുണ്ടായിരുന്നു. 2019 ഫെബ്രുവരി മാസം 5-ാം തീയതി 7 ലക്ഷം രൂപ കൊടുക്കാൻ ഉത്തരവിട്ടെങ്കിലും 6 ലക്ഷം രൂപയാണ് അനുവദിച്ചത്. ഒരു കുട്ടിയുടെ മേൽവിലാസം സംബന്ധിച്ച കാര്യം പരിശോധിച്ച് വരികയാണ്. അഡീഷണൽ ആതറൈസേഷന്റെ ഫുട്നോട്ടിലാണ് അട്ടപ്പാടിയിൽ മരിച്ച 34 കുട്ടികളുടെ കുടുംബങ്ങൾക്കും ധനസഹായം എന്ന പരാമർശം വന്നത്. പിന്നെ ഞാനിവിടെ പറഞ്ഞ കണക്ക്, 2017-18-ൽ മരിച്ച 13 കുട്ടികളുടേതാണ്. അതിന്റെ മേൽവിലാസം സഹിതം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

---

* അനുബന്ധമായി ചേർക്കുന്നു.

# III. ക്രമപ്രശ്നം

പൊതുകടം വർദ്ധിച്ചത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, (Rule 303 അനുസരിച്ച്) ഇന്ന് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യത്തെ സംബന്ധിച്ചാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്.

മി.സ്പീക്കർ: ധനകാര്യം സംബന്ധിക്കുന്ന വോട്ട് ഓൺ അക്കൗണ്ട് സമയത്ത് അങ്ങേയ്ക്ക് ഉന്നയിക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനിന്ന് രാവിലെ ഒരു ചോദ്യം ചോദിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി 'absurd' എന്ന് പറഞ്ഞത് എന്നെ വളരെ വേദനിപ്പിച്ചു. കാരണം, അദ്ദേഹം ഈ നിയമസഭയിൽ അവതരിപ്പിച്ച Budget in brief-ൽ Table A(11)-ൽ 2015-16-ൽ സംസ്ഥാനത്തിന്റെ പൊതുകടം 28%. അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. 2017-18-ൽ 38.51%. അപ്പോൾ ഇവ തമ്മിലുള്ള വ്യത്യാസം 10 ശതമാനം. അദ്ദേഹം പറഞ്ഞത് ഞാൻ ആളുകളെ പേടിപ്പിക്കരുതെന്നാണ്. ഞാനല്ല പേടിപ്പിച്ചത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് പേടിപ്പിച്ചത്. പൊതുകടം വർദ്ധിപ്പിച്ചെന്ന് ഞാൻ പറഞ്ഞത് absurd എന്നാണ് അദ്ദേഹം പറഞ്ഞത്. വാക്കുകൾ വളരെ സൂക്ഷിച്ച് ഉപയോഗിക്കണം. ഇത് നിയമസഭയാണ്. ഞാൻ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ ഉത്തരവാദിത്വബോധത്തോടുകൂടി Budget in brief-ൽ പറഞ്ഞ കാര്യങ്ങളാണ് ഇന്നലെയും ഇന്നും ഉന്നയിച്ചത്. അത് ഞാൻ സഭയെ തെറ്റിദ്ധരിപ്പിക്കാനല്ല, ആരെയും പേടിപ്പിക്കാനല്ല. അദ്ദേഹം ഈ നിയമസഭയിൽ സമർപ്പിച്ച ഡോക്യുമെന്റ് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 2015-16-ലെ യു.ഡി.എഫ്. ഗവൺമെന്റ് കാലത്തെ പൊതുകടമായ 28%-ത്തിൽ നിന്ന് 10% വർദ്ധിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് absurd ആണോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുറേക്കൂടി മര്യാദയോടുകൂടി സംസാരിക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് vote on account-ന്റെ സമയത്ത് ഇതിനുള്ള മറുപടി പറഞ്ഞാൽ പോരേ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): അനുമതി.

## IV. അടിയന്തരപ്രമേയം

### ദേശീയപാത 66-ന്റെ സ്ഥലമെടുപ്പ്

മി. സ്പീക്കർ: ദേശീയപാത 66-ന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് അപൂർണ്ണമായ നഷ്ടപരിഹാര പാക്കേജ്, അശാസ്ത്രീയമായ അലൈൻമെന്റ്, ജംഗ്ഷനുകൾക്കുവേണ്ടിയുള്ള അമിതമായ സ്ഥലമേറ്റെടുക്കൽ എന്നിവമൂലം ജനങ്ങളിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഉത്കണ്ഠയും പരിഭ്രാന്തിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയ പാത-66 കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള 621 കിലോമീറ്റർ നാലുവരിയായി വികസിപ്പിക്കുന്നതിനെ സംബന്ധിച്ച് നമ്മുടെ നാട്ടിൽ കഴിഞ്ഞ രണ്ടര വർഷത്തിലേറെയായി ചർച്ച നടക്കുകയാണ്. നിയമസഭയിലും ചർച്ച നടന്നിട്ടുണ്ട്. പൊതുവേ എല്ലാവർക്കും സ്വീകാര്യമായ തരത്തിലാണ് കാര്യങ്ങൾ ഇപ്പോൾ എത്തിയിരിക്കുന്നത്. ഒരേയൊരു പ്രശ്നം, ഇവിടെ എല്ലാ അനുകൂല സാഹചര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ഒരുക്കിയിട്ടും സ്ഥലമേറ്റെടുത്ത് കേന്ദ്ര ഗവൺമെന്റിന് ടെണ്ടർ സമർപ്പിച്ച് ഒരു വർഷത്തിലേറെയായിട്ടും പൊട്ടിക്കാതെ വച്ചിരിക്കുന്ന തണുപ്പൻ നയം സ്വീകരിക്കുന്നു എന്നുള്ളതാണ്. ഏതായാലും ആർക്കെങ്കിലും സംശയം ഇനിയും ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അത് ദൂരീകരികരിക്കാൻ ഈ അടിയന്തരപ്രമേയം സഹായിക്കുമെന്നാണ് ഞാൻ കരുതുന്നത്. ആ അർത്ഥത്തിൽ അതിനെ സ്വാഗതം ചെയ്യാൻ ഗവൺമെന്റിന് പ്രയാസമുണ്ട്. അങ്ങ് ഇവിടെയൊരു അടിയന്തരപ്രമേയം ഉന്നയിച്ചത് കീഴാറ്റൂരിനെപ്പറ്റിയാണ്. ഇപ്പോൾ അതെല്ലാം കെട്ടടങ്ങി. അവിടെയുള്ള സുരേഷിന്റെ അമ്മയടക്കം സ്ഥലം കൈമാറിയതായി ഞാൻ പത്രത്തിൽ വായിച്ചു. സന്തോഷിക്കാനോ സങ്കടപ്പെടാനോ ഞാനില്ല. അത് നടക്കേണ്ട കാര്യമാണ്. അങ്ങ് അന്ന് പറഞ്ഞ ഒരു വാചകമുണ്ട്, അധികാരത്തിന്റെ പുഷ്പക വിമാനത്തിലേറി സീതാപഹരണം നടത്താൻ വന്ന പത്തു തലയുള്ള രാവണനെയാണ് എനിക്ക് കാണാൻ കഴിഞ്ഞതെന്ന്. ഞാൻ രാമായണത്തെ ആസ്പദമാക്കി തന്നെ അങ്ങേയ്ക്ക് മറുപടി നൽകാം. ഞാൻ പറഞ്ഞത് ഇതാണ്, സീതയാകുന്ന ഈ വികസനത്തെ കാത്തുസൂക്ഷിക്കേണ്ട നമ്മൾ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം മുഴുവൻ ജനങ്ങളും വികസനവിരുദ്ധമായ മാൻവേഷം പൂണ്ടുവരുന്ന ഒരു മാരീചനെക്കണ്ട് മോഹമുണ്ടാകരുത്. ഉണ്ടായാൽ സീതയെ ആരെങ്കിലും തട്ടിക്കൊണ്ടുപോകും. സീതയാകുന്ന വികസനം നമുക്ക്

നഷ്ടപ്പെടും. അതിനേറ്റവും വലിയ ചീത്തപ്പേര് യു.ഡി.എഫ്.-നായിരിക്കുമെന്നും ഞാൻ പറയുകയുണ്ടായി. ഏതായാലും യു.ഡി.എഫ്. സമരങ്ങളൊക്കെ അവസാനിപ്പിച്ചു. ഇപ്പോൾ കക്ഷിവ്യത്യാസമില്ലാതെ എല്ലാവരും സ്ഥലം വിട്ടുനൽകിയെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അപ്പോൾ വളരെ നല്ല രീതിയിൽത്തന്നെ നമുക്ക് ഈ പ്രശ്നം കൈകാര്യം ചെയ്യാം. അടിയന്തരപ്രമേയ നോട്ടീസിൽ അപൂർണ്ണമായ നഷ്ടപരിഹാര പാക്കേജ്, അശാസ്ത്രീയമായ അലൈൻമെന്റ്, ജംഗ്ഷൻ വികസനത്തിലെ അപാകതകൾ, വാടക കൊടുക്കുന്ന കടക്കാർക്ക് ഒന്നും കിട്ടുന്നില്ല എന്നൊക്കെയുള്ള കുറേ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ദേശീയപാതയായ എൻ.എച്ച്.-66 (പഴയ എൻ.എച്ച്. 17-47), തലപ്പാടി മുതൽ കഴക്കൂട്ടം വരെയാണ് ഇപ്പോൾ 4 ട്രാഫിക് പാതകളും 2 സേവന പാതകളുമായി വികസിപ്പിക്കുന്നത്. ഇത് 621 കിലോമീറ്ററോളം വരും. കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ എറണാകുളം ജില്ലയിലെ ഇടപ്പള്ളിവരെയാണ് പഴയ എൻ.എച്ച്.-17. ഇടപ്പള്ളി മുതൽ കഴക്കൂട്ടം വരെയാണ് പഴയ എൻ.എച്ച്.-47. ഇടപ്പള്ളി മുതൽ ചേർത്തലവരെ നാലുവരിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ചേർത്തല-കഴക്കൂട്ടമാണ് ഇപ്പോൾ വികസിപ്പിക്കുന്നത്. എൻ.എച്ച്.-66 നാലുവരി പാതയായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) മുഖേനയാണ് നടത്തുന്നതെന്ന് സഭാംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്. എന്നാൽ നാട്ടുകാരിൽ ചിലർക്ക് ഇക്കാര്യം അറിയില്ല. ഇതൊക്കെ സ്റ്റേറ്റ് ഗവൺമെന്റാണ് നടത്തുന്നതെന്ന് തെറ്റിദ്ധരിക്കുന്നവരുണ്ടാകും. ഒരു പ്രശ്നം വരുമ്പോൾ അവരെ പറഞ്ഞ് മനസ്സിലാക്കണം. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ കൺസൾട്ടൻസി ഫീഡ്ബാക്ക് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ്-ഹൈദരാബാദിനെയും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഡൽഹി ആസ്ഥാനമായ എഇകോമിനെയും ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ എസ്.എം.ഇ.സി. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയുമാണ് കൺസൾട്ടന്റുകളായി എൻ.എച്ച്.എ.ഐ. നിയമിക്കുന്നത്. അവരാണ് അലൈൻമെന്റ് തയ്യാറാക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 2013-ൽ അലൈൻമെന്റ് തീരുമാനിച്ചിരുന്നു. ചില ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനമായ 3 (എ) ഇറക്കുകയും അതിൽ ചില പ്രതിഷേധങ്ങളുണ്ടാകുകയും ചെയ്തു. ഈ ഗവൺമെന്റ് ശക്തമായി നിന്നതുപോലെ അന്നത്തെ ഗവൺമെന്റ് നിന്നില്ല, അതുകൊണ്ടാണ് സർവ്വേ നടപടികളെല്ലാം നിർത്തിവയ്ക്കേണ്ടി വന്നത്. നിങ്ങൾ ഇക്കാര്യത്തിൽ അഞ്ച് വർഷം യാതൊരു താല്പര്യവും കാണിച്ചില്ല. അതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം. അന്ന് തുടങ്ങിയിരുന്നെങ്കിൽ ഇന്ന് പൂർത്തീകരിക്കാനാകുമായിരുന്നു. ഞാൻ കുറ്റപ്പെടുത്തുകയല്ല. സർക്കാരിന്റെ നിസ്സഹകരണമെന്നാണ് എൻ.എച്ച്.എ.ഐ. പറഞ്ഞത്. അതുകാരണം പ്രസ്തുത

പദ്ധതിയിൽ നിന്നും എൻ.എച്ച്.എ.ഐ. പിൻമാറി. 2013-ലെ 3(എ) വിജ്ഞാപനത്തിന്റെ കാലാവധി തീർന്നു. അതിന്റെ ടെക്നിക്കൽ പേരാണ് 'ഡിനോവ' ആകുക അഥവാ അസാധുവായി പോകുക എന്നുള്ളത്. ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡപ്രകാരം 60-80 കി.മീ. വേഗതയിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് റോഡ് ഡിസൈനും അലൈൻമെന്റും തയ്യാറാക്കിയത്. എന്നാൽ ഇപ്പോൾ ഗതാഗതം വർദ്ധിച്ചു, ആവശ്യങ്ങളും വർദ്ധിച്ചു. 2013-ൽ എൻ.എച്ച്.എ.ഐ. തയ്യാറാക്കിയിരുന്ന 60-80 കി.മീറ്റർ മാറി പുതിയ മാനദണ്ഡപ്രകാരം 80-100 കി.മീറ്റർ വേഗതയാക്കി. റോഡിന്റെ ഘടനയിലും അലൈൻമെന്റിലും സ്വാഭാവികമായും ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡപ്രകാരമാണ് മാറ്റം വരുത്തുന്നത്. ഇപ്പോൾ പുതിയ ഡിസൈൻ എൻ.എച്ച്.എ.ഐ. തയ്യാറാക്കിയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് MoRTH (Ministry of Road Transport and Highways)-ന് 60 മീറ്റർ വീതിയെന്നുള്ള വ്യവസ്ഥയാണുണ്ടായിരുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് 30 മീറ്റർ വീതി എന്ന് തീരുമാനിച്ചു. അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയും ബഹുമാനപ്പെട്ട പിണറായി വിജയനുമടക്കം സി.പി.ഐ.-യുടെ അന്നത്തെ സംസ്ഥാന സെക്രട്ടറിയും പിന്നെ എല്ലാ പാർട്ടികളും സർവ്വകക്ഷിയോഗം ചേരുകയും ആ യോഗത്തിൽ 45 മീറ്ററാക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഡൽഹിയിൽ പോയപ്പോൾ കേന്ദ്രം 45 മീറ്റർ വീതിയിലേയ്ക്ക് വരികയും നമ്മൾ 30 മീറ്ററിൽ നിന്ന് 45-ലേയ്ക്ക് വരികയും ചെയ്തു. അങ്ങനെയാണ് 45 മീറ്റർ വീതി വന്നത്. അന്നത്തെ കേരള മുഖ്യമന്ത്രി ഇക്കാര്യത്തിൽ കേന്ദ്രമന്ത്രിയുമായി പ്രത്യേക ചർച്ച നടത്തിയെന്നുള്ളത് യാഥാർത്ഥ്യമാണ്. തുടർന്ന് 25-10-2014-ൽ സർക്കാർ ജി. ഒ. (എംഎസ്.) നമ്പർ 94/2014 പി.ഡബ്ല്യു.ഡി. പ്രകാരം ഉത്തരവിറക്കുകയും തുടർനടപടിയ്ക്കായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങനെ 2015-ൽ ഒരു സെന്റ് ഭൂമിയും ഏറ്റെടുക്കുകയുണ്ടായിട്ടില്ല. എന്നാൽ ഈ സർക്കാർ തുടക്കത്തിൽത്തന്നെ ഏറ്റെടുത്തു. കഴിഞ്ഞ ഗവൺമെന്റ് മരവിപ്പിച്ചത് പ്രതിഷേധം വന്നതുകൊണ്ടാണ്. പ്രതിഷേധം വന്നപ്പോൾ കാര്യം പറഞ്ഞ് മനസ്സിലാക്കി നാടിന് വികസനം ഉറപ്പാക്കാനുള്ള മനോധൈര്യം ആ ഗവൺമെന്റിനും പ്രത്യേകിച്ച് പി.ഡബ്ല്യു.ഡി. വകുപ്പിനും ഇല്ലാതെ വന്നുവെന്ന് എല്ലാവർക്കും അറിയാം. അത് ആരുടെയും കുറ്റമല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിരവധി തവണ പ്രധാനമന്ത്രിയെയും ശ്രീ. നിതിൻ ഗഡ്കരിയെയും കാണുകയും എൻ.എച്ച്.എ.ഐ.-യുടെ ഭാരവാഹികളെ വിളിച്ച് സംസാരിക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി. സെക്രട്ടറിയും ചീഫ് സെക്രട്ടറിമാരും എല്ലാ ഉദ്യോഗസ്ഥരും ഇതിനായി ഒരുപാട് ജോലികൾ ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് നിർത്തിവച്ച

പരിപാടിയുമായി മുന്നോട്ടുപോകാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. എൻ.എച്ച്.എ.ഐ. അധികൃതരെ വിളിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഞ്ച് അവലോകന യോഗങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ഈ മാറ്റങ്ങളൊക്കെയുണ്ടായത്. കഴിഞ്ഞ 32 മാസമായി ഈ നിമിഷം വരെ ഞങ്ങൾ ദേശീയപാതാ വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വകുപ്പുമന്ത്രിയെന്ന നിലയ്ക്കാണ് ഞാൻ അങ്ങേയ്ക്ക് വിശദീകരണം നൽകുന്നത്. എൻ.എച്ച്.എ.ഐ. തയ്യാറാക്കി അന്തിമരൂപം നൽകി അംഗീകരിക്കുന്ന അലൈൻമെന്റ് സംസ്ഥാന സർക്കാർ പൊതുമരാമത്ത് വകുപ്പുവഴി അംഗീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ അലൈൻമെന്റ് അംഗീകരിക്കപ്പെട്ടതാണ്, കീഴാറ്റൂരിലെയും അന്ന് അംഗീകരിച്ചതാണ്. അതിന് യാതൊരു സംശയവുമില്ല. കോംപീറ്റന്റ് അതോറിറ്റി ഓഫ് ലാൻഡ് അക്വിസിഷനെ ചുമതലപ്പെടുത്തുന്ന വിജ്ഞാപനവും അതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കാനുള്ള താൽപര്യവുമാണ് 3 (എ) വിജ്ഞാപനം. അതെല്ലാം എല്ലാ ജില്ലകളിലും ഇറക്കിയിട്ടുണ്ട്. 3 (ഡി) വിജ്ഞാപനമെന്നാൽ ഭൂമി ഏറ്റെടുക്കുന്നുവെന്നാണ്. അത് ജില്ലകളിലും പൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. 3 (ജി) എന്നുപറയുന്നത് നഷ്ടപരിഹാര തുകയാണ്. ഭൂമി ഏറ്റെടുത്താലേ നഷ്ടപരിഹാരം കൊടുക്കാൻ കഴിയൂ. കാസർഗോഡ് ജില്ലയിലെ ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാര തുകയും റിലീസ് ചെയ്തുതുടങ്ങി. അപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് ടെണ്ടർ പൊട്ടിക്കാതെ നഷ്ടപരിഹാരം കൂടുതലാണെന്നുപറഞ്ഞ് മരവിപ്പിച്ചത്, അല്ലാതെ ഞങ്ങളല്ല. പിന്നെ 3 (എച്ച്) എന്നുപറയുന്നത് പൈസ ഭൂവുടമയ്ക്ക് നൽകുകയും നിക്ഷേപിക്കുകയും ചെയ്യുന്ന നടപടിയാണ്. 3 എ, 3 ഡി എന്നിവ 100 ശതമാനവും 3 (ജി) 60 ശതമാനവും പൂർത്തിയായാൽ മാത്രമേ എൻ.എച്ച്.എ.ഐ. മാനദണ്ഡപ്രകാരം ടെണ്ടർ നടപടിയിലേയ്ക്ക് പോകാൻ കഴിയൂ. പൊതുമരാമത്ത് വകുപ്പുമന്ത്രി 17-01-2018-ൽ ഉപരിതല ഗതാഗതവകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി, എൻ.എച്ച്.എ.ഐ. ചെയർമാൻ എന്നിവരുമായി ചർച്ച നടത്തിയതിനെത്തുടർന്ന് 3 (എ) പൂർത്തീകരിച്ചാൽ ടെണ്ടർ നടപടികൾ തുടങ്ങാമെന്ന് സമ്മതിച്ചെങ്കിലും അവരത് പാലിച്ചില്ല. പക്ഷേ നമ്മളൊരു കൺഫ്രണ്ടേഷന് ഇതുവരെ പോയിട്ടില്ല. ഒരു സ്റ്റേറ്റ്മെന്റ് പോലും നമ്മൾ ഇറക്കിയിട്ടില്ല. അവരില്ലാതെ നമുക്ക് നടത്താൻ സാധിക്കില്ല എന്നതുകൊണ്ട് ആ നിലയിലുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അലൈൻമെന്റിനെപ്പറ്റി ഏതാണ്ട് അഞ്ഞൂറിൽപ്പരം പരാതികൾ ഈ ഗവൺമെന്റിന് ലഭിച്ചു. ലഭിച്ച എല്ലാ പരാതികളും എൻ.എച്ച്.എ.ഐ.യ്ക്ക് അയച്ചുകൊടുക്കും. പക്ഷേ അവരുടെ മറുപടിയെല്ലാം ഒരച്ചിൽ വാർത്തുവരുന്നതുപോലെ അച്ചടിച്ച് വച്ചിരിക്കുകയാണ്, പൂരിപ്പിച്ച് ഇങ്ങോട്ട് അയയ്ക്കുകയാണ് ചെയ്യുന്നത്. ചിലത് പരിശോധിച്ചിട്ടുണ്ട്. ചിലതൊക്കെ കറക്ട് ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും

സ്വീകാര്യമല്ലെന്ന് അവർ പറയുകയാണ്. പിന്നെ അവർ പറയുന്നത് നമ്മൾ താമസിപ്പിക്കുന്നുവെന്നാണ്. ബഹുഭൂരിപക്ഷം പരാതികളും ന്യായമായിട്ടുള്ളതല്ല. കാരണം, അതിൽ ഞങ്ങളെ ഒഴിവാക്കണം അല്ലെങ്കിൽ കിഴക്കുവശത്തെ സ്ഥലമെടുക്കണമെന്നൊക്കെയാണ് എല്ലാവരും പറയുന്നത്. അതൊന്നും നമുക്ക് സ്വീകാര്യമായ കാര്യമല്ല. അപ്പോൾ നിലവിലുള്ള 30 മീ. സ്ഥലമേറ്റെടുത്ത ഭാഗങ്ങളിൽ വീണ്ടും 45 മീ. ഏറ്റെടുക്കുമ്പോൾ നേരത്തെ ഭൂമി എടുത്തവർക്ക് ഉൾക്കൊള്ളാൻ കുറച്ച് പ്രയാസമുണ്ട്. അതിനാൽ എതിർപ്പുകളും ഉണ്ടായിട്ടുണ്ട്. പക്ഷേ, അതെല്ലാം ഇപ്പോൾ അവസാനിപ്പിച്ചു. റോഡിന്റെ നിലവിലുള്ള 30 മീറ്ററിന്റെ മധ്യഭാഗത്തുനിന്നും തുല്യമായ സ്ഥലം ഏറ്റെടുക്കണമെന്ന തത്വം ഈ ഗവൺമെന്റാണ് കൊണ്ടുവന്നത്. അതുകൊണ്ട് ഒരുപാടുപേരുടെ ഭൂമി അന്യായമായി ഏറ്റെടുക്കുന്നത് ഒഴിവായി. എന്നാൽ അമ്പലങ്ങൾ, പള്ളികൾ, റെയിൽവേ പ്രിമൈസസ്, നദികളോ കടലോ ഉണ്ടെങ്കിൽ അവയെല്ലാം എക്സംപ്ഷനാണ്. അഞ്ചോ പത്തോശതമാനം സ്ഥലം മാത്രമേ കേരളത്തിൽ അങ്ങനെയുള്ളൂ. ബാക്കിയെല്ലാം തുല്യമായിട്ടുതന്നെയാണ് വന്നിട്ടുള്ളത്. ആ തരത്തിലുള്ള സമീപനം ഗവൺമെന്റ് അറിയിച്ചു. അക്കാര്യം അവർ അംഗീകരിച്ചു. പരാതിയുണ്ടായിട്ടുള്ള കാര്യം നേരത്തെ പറഞ്ഞു, എൻ.എച്ച്.എ.ഐ.-യുമായുള്ള കാര്യവും ഞാൻ പറഞ്ഞു. അഞ്ഞൂറിൽപ്പരം പരാതികളുടെ കാര്യവും വായിച്ചു. ആ പരാതിയിൽ ചിലത് അവർ പരിഗണിച്ചു, ഭൂരിപക്ഷവും പരിഗണിക്കുന്നില്ലായെന്ന് പറഞ്ഞു. ഭൂരിപക്ഷം പരാതിയിലും ഭൂമി എടുക്കുന്നുവെന്ന പരാതിയല്ലാതെ എടുക്കുന്നത് തെറ്റാണെന്നൊന്നും നമുക്കും പറയാൻ കഴിയില്ല. അലൈൻമെന്റിന്റെ ശാസ്ത്രീയമായ ആവശ്യകത, പ്രാധാന്യമുള്ള ആരാധനാലയങ്ങളുടെ സംരക്ഷണം എന്നീ സാഹചര്യങ്ങളിൽ മാത്രമേ ഒരു വശത്തുനിന്ന് അധികമായി സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളൂ. അതനുസരിച്ചുതന്നെയാണ് ഏറെക്കുറെ അവർ ചെയ്തിട്ടുള്ളത്.

3(എ) വിജ്ഞാപനം പുറത്തിറക്കുന്ന തീയതി മുതലാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. നഷ്ടപരിഹാരമായി നൽകുന്ന ഭൂമിയുടെ കമ്പോളവിലയെ ഗുണനഘടകവുമായി ഗുണിച്ചുകിട്ടുന്ന തുകയും മരങ്ങളുടെ വില, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ചമയങ്ങളുടെ കാലപ്പഴക്കം എന്നിവ പരിഗണിക്കാതെയുള്ളതുമാണ്. മറ്റ് ആസ്തികളുടെ വിലയുടെ കൂടെ നൂറ് ശതമാനം സൊലേഷ്യം കൂടെ കൂട്ടുമ്പോഴാണ് കമ്പോളവിലയുടെ ഇരട്ടിയിലധികം ലഭിക്കുന്നത്. കൂടാതെ 3(എ) നോട്ടിഫിക്കേഷൻ ഇറങ്ങുന്ന തീയതി മുതൽ 12% പലിശയും കിട്ടും. ഇതിന്റെ ഗുണഘടകങ്ങൾ കണക്കാക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

അർബൻ ഏരിയയിൽനിന്ന് 40 കിലോമീറ്റർ വരെ ദൂരത്ത് നിൽക്കുന്ന സ്ഥലങ്ങൾ ഗുണനഘടകം. 0 കിലോമീറ്റർ മുതൽ 40 കിലോമീറ്റർവരെ 1.8, 20 കിലോമീറ്റർ മുതൽ 30 കിലോമീറ്റർവരെ 1.6, 10 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെ 1.4, 0 കിലോമീറ്റർ മുതൽ 10. കിലോമീറ്റർവരെ 1.2, അർബൻ ഏരിയ 1 എന്നിങ്ങനെയാണ് കണക്കാക്കുന്നത്. ഏതായാലും 2009-ൽ ഉണ്ടെന്നു പറയുന്ന നിയമത്തേക്കാൾ ഇരട്ടിയോ അതിലേറെയോ പ്രതിഫലം കിട്ടുന്ന തരത്തിലാണ് ഇപ്പോൾ വന്നിട്ടുള്ളത്. ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുഴുവൻ ജില്ലകളിലും 3 (എ) വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. 3(ഡി) വിജ്ഞാപനം 42% ഇറക്കി. മുഴുവൻ സ്ഥലവും ഏറ്റെടുത്ത് പൈസ കൊടുക്കുന്ന കാര്യമാണ് 3 ജി. അത് 9% പൂർത്തിയായിട്ടുള്ളത് വടക്കേയറ്റത്താണ്. എങ്കിലും തലശ്ശേരി-മാഹി ബൈപ്പാസ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി 1100 കോടി രൂപയുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ നീലേശ്വരം-പള്ളിക്കര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണവും ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലേറ്റവും ദൈർഘ്യമേറിയ ഫ്ലൈ ഓവർ ആയിരിക്കുമെന്ന് കരുതുന്ന തിരുവനന്തപുരം-കഴക്കൂട്ടം ഫ്ലൈ ഓവർ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. മൂടാട്-പാലോടി പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. അതു കഴിഞ്ഞാൽ ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങും. തലപ്പാടി-ചെങ്ങള, ചെങ്ങള-കാലിക്കടവ് റീച്ചിലെ ടെണ്ടർ അംഗീകാരത്തിനായി MoRTH (Ministry of Road Transport and Highways) സമർപ്പിച്ചിട്ട് ആഴ്ചകൾ കഴിഞ്ഞു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി പതിനഞ്ച് മിനിട്ടായി, ഇനി അദ്ദേഹം പറഞ്ഞുകഴിഞ്ഞിട്ട് സംസാരിച്ചാൽ പോരെ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇത് വായിച്ചതിനുശേഷം അദ്ദേഹം പറയട്ടെ. NHAI (National Highway Authority of India) ചെയർമാനും മോർത്ത് സെക്രട്ടറിയുമായി ചർച്ച നടത്തി. തലശ്ശേരി-മാഹി ബൈപ്പാസിന്റെ ഉദ്ഘാടനവേളയിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ഉടൻതന്നെ ആ രണ്ടു റീച്ചുകളുടെയും ടെണ്ടർ നടപടികളിൽ ഒപ്പുവയ്ക്കാമെന്ന് പറഞ്ഞെങ്കിലും രണ്ട് മാസമായി അതുണ്ടായിട്ടില്ല. കണ്ണൂർ ജില്ലയിലെ ദേശീയപാത നാല് വരിയാക്കുന്നതിനും തളിപ്പറമ്പിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനും മൂന്ന് അലൈൻമെന്റുകൾ പരിഗണിച്ചു. ഏറ്റവും ശാസ്ത്രീയമായിട്ടുള്ളത് കീഴാറ്റൂരിലൂടെയുള്ളതാണ്. പക്ഷേ അതിനെ സംബന്ധിച്ച് എതിർപ്പുവന്നിരുന്നു, ഇപ്പോൾ ശരിയായി. എല്ലാവരും അതംഗീകരിച്ച് സ്ഥലം വിട്ടുകൊടുത്തുകൊണ്ടിരിക്കുകയാണ്. അന്ന് കേന്ദ്രം ഭരിക്കുന്ന പാർട്ടിയും ഇപ്പോൾ പ്രതിപക്ഷത്തുള്ള പല രാഷ്ട്രീയ നേതാക്കന്മാരും

ഇടപെട്ടതൊന്നും ഞാനിവിടെ പറയുന്നില്ല. അതെല്ലാം ദൗർഭാഗ്യകരമായ കാര്യങ്ങളാണ്. ദേശീയപാതാ വികസനം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണെങ്കിലും സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യം മുൻനിർത്തി വികസനപ്രവർത്തനങ്ങൾക്ക് കാലതാമസം ഒഴിവാക്കുന്ന തരത്തിൽ സംസ്ഥാന ഫണ്ടുപയോഗിച്ച് ദേശീയപാതയിൽ തൊണ്ടയാട്, രാമനാട്ടുകര, വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ നമ്മുടെ പണമുപയോഗിച്ച് നമ്മുടെ ദേശീയപാതാ വിഭാഗം നിർമ്മിച്ച് സേവനമനുഷ്ഠിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് ഇതിന് ആരംഭം കുറിച്ചത്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവ് 50% നമ്മൾ വഹിക്കുകയും അതിന്റെ ഡിസൈനും ടെണ്ടറും അടക്കം എല്ലാ നിർവ്വഹണവും സംസ്ഥാന ഗവൺമെന്റുതന്നെ വഹിക്കുകയും ചെയ്തിട്ടുള്ളതാണ്. കരമന-കളിയിക്കാവിള ഒന്നാമത്തെ റീച്ച് നിങ്ങളുടെ ഭരണകാലത്ത് സംസ്ഥാന നാഷണൽ ഹൈവേ വിഭാഗം നിർമ്മിച്ചു. രണ്ടാമത്തെ റീച്ച് ഇപ്പോൾ ഈ സർക്കാരിന്റെ ഫണ്ടുകൊണ്ട് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു, ഇതിന്റെ അടിസ്ഥാനത്തിൽ നമ്മളെല്ലാവരും ഒന്നിച്ചുനിന്ന് കേന്ദ്രഗവൺമെന്റിന്റെ ഈ തണുപ്പൻ നയം അവസാനിപ്പിക്കാനുള്ള നിലയിലേയ്ക്ക് കൊണ്ടെത്തിച്ചാൽ വളരെ ഗുണകരമായിരിക്കും. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന് തീർച്ചയായും സന്തോഷമുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ആദ്യമായിട്ട് ഒരു തിരുത്തുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ കീഴാറ്റൂർ സമരവുമായി ബന്ധപ്പെട്ട് ഞാൻ അടിയന്തരപ്രമേയം ഉന്നയിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിനാണ് മറുപടി പറഞ്ഞത്. അദ്ദേഹം അവരെ മാരീചൻമാരായി കാണുവെന്നു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞത്, കണ്ടത് പത്ത് തലയുള്ള രാവണനെയാണെന്നാണ്. കീഴാറ്റൂരിന്റെ കാര്യത്തിലും ഞങ്ങൾ ആ ഹൈവേയുടെ വികസനത്തിന് എതിരല്ലായിരുന്നു. അവിടെയൊരു പ്രശ്നമുണ്ടായപ്പോൾ ഗൗരവതരമായി പരിഗണിച്ച് അതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്നാണ് ആവശ്യപ്പെട്ടത്. ഇന്നും ഞാൻ ആമുഖമായി പറയാൻ ആഗ്രഹിക്കുന്നു, എന്റെയും യു.ഡി.എഫ്.-ന്റെയും നിലപാട് നാഷണൽ ഹൈവേയുടെ വികസനത്തിന് എതിരായ നിലപാടല്ല. പക്ഷേ ചില കാര്യങ്ങൾ ഞാൻ വ്യക്തമാക്കുകയാണ്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളുമായി ചില പ്രശ്നങ്ങളും അവ്യക്തതകളും ഉണ്ടായിട്ടുണ്ട്. അത് ജനങ്ങളുടെയിടയിൽ പരിഭ്രാന്തിയും ഉത്കണ്ഠയുമുണ്ടാക്കിയിട്ടുണ്ട് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. എറണാകുളം ജില്ലയിൽ ഇടപ്പള്ളി തൊട്ട് മൂത്തകുന്നം വരെയാണ് സ്ഥലമെടുക്കുന്നത്. അവിടെ നേരത്തെ 35 വർഷം മുമ്പ് 30 മീറ്റർ

സ്ഥലമെടുത്തതാണ്. അതിന് കിട്ടിയത് നാമമാത്രമായ നഷ്ടപരിഹാരമാണ്. 2006-ൽ 23,000 രൂപയാണ് ഒരു സെന്റിന് കിട്ടിയത്. പത്ത് സെന്റ് പോയ ഒരാൾക്ക് ഒരു സെന്റ് വാങ്ങിക്കാനുള്ള പണം അന്ന് കിട്ടിയില്ല. അതേ ആളുകളുടെ സ്ഥലം തന്നെയാണ് ഇപ്പോൾ രണ്ടാമതെടുക്കുന്നത്. എടുക്കുന്നതിൽ പരാതിയില്ല. ഞാൻ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുന്നത്, ഈ വിഷയം ഊതിവീർപ്പിച്ച് ജനങ്ങളുടെയിടയിൽ തെറ്റിദ്ധാരണ വരുത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് മന്ത്രിമാരാണെങ്കിലും ഉദ്യോഗസ്ഥരാണെങ്കിലും ഇതിലെ അവ്യക്തത നീക്കി സ്ഥലം നഷ്ടപ്പെടുന്ന ആളുകളോട് ഇതിന്റെ പാക്കേജെന്താണെന്ന് കമ്മ്യൂണിക്കേറ്റ് ചെയ്യണം. വർഷങ്ങളായി അവർ താമസിക്കുന്ന വീട്ടിൽ നിന്നിറങ്ങിപ്പോകേണ്ട ഒരു സാഹചര്യം വരുമ്പോൾ ന്യായമായ നഷ്ടപരിഹാരമാണ് കിട്ടുന്നതെന്ന് ഉറപ്പുവരുത്തണം. 1956-ലെ ഹൈവേ ആക്ട് അനുസരിച്ചാണ് സ്ഥലമെടുക്കുന്നത്. ഹൈവേ ആക്ടിൽ തുലോം നാമമാത്രമായ നഷ്ടപരിഹാരമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിലെന്താണ്? 1956-ലെ ഹൈവേ ആക്ടനുസരിച്ച് സ്ഥലമെടുക്കുകയാണെങ്കിലും Right to Fair Compensation and Transparency in Land Acquisition, Rehabilitation and Re-settlement Act (RFCTLARR), 2013 അനുസരിച്ചാണ് സ്ഥലമെടുക്കുന്നതെന്ന് നമുക്കറിയാം. പക്ഷേ ഈ തൽപ്പര കക്ഷികൾ പ്രചരിപ്പിക്കുന്നത് 1956-ലെ ആക്ടനുസരിച്ചിട്ടുള്ളതാണ്. 2013-ലെ ആക്ട് സ്വാതന്ത്ര്യത്തിനുശേഷം നമ്മുടെ രാജ്യത്തുണ്ടായ വിപ്ലവകരമായ നിയമനിർമ്മാണങ്ങളിലൊന്നാണെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു, അത് യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായതാണ്. കാരണം, അതുവരെയും വികസനപ്രവർത്തനങ്ങൾക്കുവേണ്ടി സ്ഥലമെടുക്കപ്പെടുമ്പോൾ അവിടെനിന്ന് കുടിയൊഴിപ്പിക്കപ്പെടുന്ന ജനങ്ങൾ ചേരിയിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന സാഹചര്യത്തിനുപകരം മാന്യമായ നഷ്ടപരിഹാരം കൊടുക്കുന്ന നല്ലൊരു നിയമമുണ്ടായി. ആ നിയമത്തിന്റെ പേരിനു തന്നെ പ്രസക്തിയുണ്ട്. The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act. അതെന്താണ്? നാല് components ആണ്. ഒന്ന്, Fair Compensation, രണ്ട്, Transparency (സുതാര്യത) in land Acquisition, മൂന്ന്, Rehabilitation, നാല്, Re-settlement. ഇവിടത്തെ പ്രശ്നം, [Compensation പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നത്] 1956-ലെ ഹൈവേ ആക്ടനുസരിച്ചിട്ടാണ് സ്ഥലമെടുക്കുന്നതെങ്കിലും 2013-ലെ ഈ Right to Fair Compensation Act-ലെ ഷെഡ്യൂൾ I അനുസരിച്ചാണ് Compensation കൊടുക്കുന്നത്. ഷെഡ്യൂൾ I-ൽ വിവരിക്കുന്നത് സ്ഥലത്തിന്റെ വിലയും അതിന്റെ നൂറ് ശതമാനം സൊലേഷ്യവും, അത് ആകർഷകമായിട്ടുള്ള സംഭവമാണ്.

അതിനുശേഷം കേന്ദ്രഗവൺമെന്റ് ഒരുത്തരവ് കൂടി ഇറക്കിയിട്ടുണ്ട്. It has been decided that provisions of the RFCTLARR Act 2013, relating to the determination of rehabilitation and resettlement in accordance with the Second Schedule and infrastructure amenities in accordance with the Third Schedule to the RFCTLARR Act 2013, or as specified by the concerned State Government in pursuance of the provisions of the RFCTLARR Act, 2013, whichever is lower, shall be applicable. അതായത് ഷെഡ്യൂൾ I കൂടാതെ ഈ 2013 ആക്ടിൽ റീ-ഹാബിലിറ്റേഷനെ സംബന്ധിച്ചും റീ-സെറ്റിൽമെന്റിനെ സംബന്ധിച്ചും ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസിനെ സംബന്ധിച്ചുമുള്ള ഷെഡ്യൂൾ II-ഉം III-ഉമുണ്ട്. ഒന്നുകിൽ സ്റ്റേറ്റ് ഗവൺമെന്റ് ഈ ഷെഡ്യൂളുകൾ നടപ്പിലാക്കണം. അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ഒരു പോളിസിയായിട്ട് അത് സംബന്ധിച്ച നയങ്ങൾ പ്രഖ്യാപിക്കണം. ഇതിലേതാണ് കുറവ് അത് 'shall be applicable' എന്നാണ്. അപ്പോൾ ഷെഡ്യൂൾ I വച്ചുകൊണ്ടുള്ള ഒരു നഷ്ടപരിഹാര പാക്കേജ് 2003 ആക്ടനുസരിച്ചുള്ള comprehensive package ആയി മാറുന്നില്ല. അതിനുശേഷം സംസ്ഥാന ഗവൺമെന്റ് 29-12-2017-ൽ ഒരുത്തരവിറക്കി. ആ ഉത്തരവ് എന്താണ്? State Policy on Rehabilitation and Resettlement in lieu of the Right to Fair Compensation Act, 2013. അതായത് 2013-ലെ ആക്ടിലെ ഒന്നാം ഷെഡ്യൂൾ നിലനിൽക്കും. രണ്ടാമത്തെയും മൂന്നാമത്തേയും ഷെഡ്യൂളിനുപകരം ഗവൺമെന്റ് ഒരു പോളിസി ഫോർമുലേറ്റ് ചെയ്തിരിക്കുന്നു. ആ പോളിസിയനുസരിച്ച് Government are pleased to approve a comprehensive rehabilitation and resettlement policy as appended to this order for land acquisition in the State slightly deviating from those provided under the Second Schedule of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act in 2013 and give more compensation to the affected parties considering the prevailing conditions existing in the State.

സംസ്ഥാനത്തെ ജനസാന്ദ്രത പരിഗണിച്ച്, രണ്ടാമത്തെ ഷെഡ്യൂളിൽനിന്ന് കുറച്ചുകൂടി വ്യത്യസ്തമായ, എന്നാൽ കുറേക്കൂടി ഗുണകരമായ ഒരു ഓർഡർ ഇറക്കുന്നു: ആ ഓർഡറിന്റെ ഭാഗമായി 14 പുതിയ കാര്യങ്ങൾ പറയുന്നുണ്ട്. അത് വീടില്ലാത്തവർക്ക് ഇന്ദിരാ ആവാസ് യോജന അനുസരിച്ചുള്ള 500 Sq. Feet-ൽ കുറയാതെയുള്ള ഒരു വീട് കൊടുക്കും, അല്ലെങ്കിൽ മൂന്ന് ലക്ഷം രൂപ കോമ്പൻസേഷൻ കൊടുക്കുമെന്നാണ്. അതനുസരിച്ച് കമേഴ്സ്യൽ ടെനന്റ്സിന്

അതായത്, വാടകയ്ക്ക് എടുത്തിരിക്കുന്ന കടകളിൽ താമസിക്കുന്ന ആളുകൾക്കുള്ള കോമ്പൻസേഷൻ, ജീവനക്കാർക്കുള്ള കോമ്പൻസേഷൻ, ആർട്ടിസാൻമാർക്കുള്ള കോമ്പൻസേഷൻ അതുപോലെ displacer families-ന് ട്രാൻസ്പോർട്ടേഷനുള്ള കോമ്പൻസേഷൻ എന്നിവ പറയുന്നുണ്ട്. ഇതെല്ലാം സർക്കാർ ഇറക്കിയ ഉത്തരവാണ്. 2013-ലെ ഷെഡ്യൂൾ-I ബാധകമാണെന്ന കാര്യത്തിൽ സംശയമില്ല, ഗവൺമെന്റ് അത് വ്യക്തമാക്കിയതാണ്. നിയമസഭയിൽ ശ്രീ. ഹൈബി ഈഡന്റെ ചോദ്യത്തിനുള്ള മറുപടിയിൽ ഈ പറയുന്ന 2017-ലെ ഉത്തരവ്, II ഷെഡ്യൂളിന് പകരമുള്ള ഈ ഉത്തരവ് നടപ്പാക്കാം എന്നുറപ്പ് കൊടുത്തിട്ടുണ്ട്. പക്ഷേ ദൗർഭാഗ്യവശാൽ സ്ഥലമെടുക്കുന്ന ഒരു റവന്യൂ ഉദ്യോഗസ്ഥനും സർക്കാർ നടപ്പാക്കാൻ ബാദ്ധ്യതയുള്ള ഈ ഉത്തരവ് നടപ്പാക്കുമെന്ന് ഒരാൾക്കും ഉറപ്പുകൊടുക്കുന്നില്ലെന്നതാണ് പ്രശ്നം. ഇത് വളരെ ലളിതമായി ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന പ്രശ്നമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ നിലവിൽ ഷെഡ്യൂൾ I ഉണ്ട്, II-നുപകരം ഞങ്ങൾ 2017-ലിറക്കിയിരിക്കുന്ന ഉത്തരവനുസരിച്ചുള്ള കോമ്പൻസേഷൻ പാക്കേജുകൂടി കൊടുക്കുമെന്ന് ഇവിടെ പറഞ്ഞാൽ മതി. ഞാൻ കണ്ണൂരും കാസർഗോഡും എറണാകുളത്തുമുള്ള ഈ അസൈൻമെന്റിനുവേണ്ടി നിയോഗിക്കപ്പെട്ട പ്രധാനപ്പെട്ട ഉദ്യോഗസ്ഥരോടും ജില്ലാ കളക്ടർമാരോടും ചോദിച്ചപ്പോൾ അവർക്കെല്ലാവർക്കും സർക്കാർ ഇറക്കിയ ഈ ഉത്തരവിനെക്കുറിച്ച് അവ്യക്തതയാണ്. എന്നാൽ സർക്കാർ ഉത്തരവ് നിലനിൽക്കുന്നു. നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് സർക്കാർ ഇതനുസരിച്ചുതന്നെയാണ് കോമ്പൻസേഷൻ എന്ന് പറഞ്ഞിട്ടുള്ളത്. പക്ഷേ, ഒരാളോടുപോലും ഇത് കമ്മ്യൂണിക്കേറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്നതാണ് ഏറ്റവും ഗുരുതരമായൊരു പ്രശ്നം. വാടകയ്ക്ക് കച്ചവടം നടത്തുന്നവരാണ്, കടകളെടുത്തുപോകുമ്പോൾ, ആർക്കാണ് നഷ്ടപരിഹാരം കിട്ടുന്നത്? ഉടമയ്ക്കാണ് കിട്ടുന്നത്. ഉടമ സന്തോഷവാനാണ്, കാരണം, കട വാടകയ്ക്കെടുത്തവനെ എങ്ങനെയെങ്കിലും മാറ്റണമെന്ന് വിചാരിച്ചിരിക്കുകയാണ്, പഴയ വാടകയാണ് കൊടുക്കുന്നത്. 30-ഉം 40-ഉം വർഷം ഒരു കടയിൽ കച്ചവടം നടത്തിയിരുന്ന വാടകക്കാരൻ ഒരു സുപ്രഭാതത്തിൽ അവിടെനിന്നും ഇറങ്ങിപ്പോകുകയാണ്, അയാൾ വഴിയാധാരമാകുകയാണ്. അടുത്ത സ്ഥലങ്ങളിലൊന്നും കടകൾ തുറക്കാൻ പറ്റില്ല, ഇനി അതൊക്കെ പണിതുവരണം. അങ്ങനെ വരുമ്പോൾ അവർ പട്ടിണിയിലേയ്ക്ക് പോകും. കൊച്ചി മെട്രോ റെയിലിൽ ഈ വാടകക്കാർക്ക് ഒരു പാക്കേജുണ്ടായിരുന്നു. ഒന്നുകിൽ 2017-ലെ ഉത്തരവ് ഗവൺമെന്റ് നടപ്പാക്കണം. അല്ലെങ്കിൽ കൊച്ചി മെട്രോ റെയിൽ പാക്കേജിൽ വർഷങ്ങളായി കച്ചവടം നടത്തിയിരുന്ന വാടകക്കാർക്ക്, മെട്രോ റെയിലിന്റെ പാക്കേജ് നടപ്പിലാക്കണം. അവരെ തെരുവിലേക്ക് വലിച്ചെറിയരുതെന്നാണ് എന്റെ അഭ്യർത്ഥന.

ഇവിടെ അലൈൻമെന്റിനെക്കുറിച്ച് നാഷണൽ ഹൈവേ അതോറിറ്റി തീരുമാനിക്കുമെന്നാണ് മന്ത്രി പറഞ്ഞത്. പക്ഷേ, നാഷണൽ ഹൈവേ അതോറിറ്റി ജില്ലാകളക്ടറുമായി നിരന്തരമായ ചർച്ചയിലാണ്. ഞാൻ എറണാകുളം ജില്ലാകളക്ടറെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ കാര്യത്തിൽ അദ്ദേഹം വളരെ ശ്രദ്ധയോടുകൂടി ഇടപെടുന്നുണ്ട്. പക്ഷേ, ഗവൺമെന്റിന്റെ ഡയറക്ഷനിൽക്കൂടി പോകണം. അലൈൻമെന്റിൽ ഗവൺമെന്റ് ഇടപെടണം. ഇപ്പോൾ 30 മീറ്റർ എടുത്തിരിക്കുകയാണ്. മന്ത്രി പറഞ്ഞത്, സെന്ററിൽനിന്നും ലൈൻ വലിച്ച് രണ്ട് സ്ഥലത്തേക്കും 45 മീറ്റർ എന്നാണ്. അതായത് അപ്പുറത്തുനിന്നും ഏഴര മീറ്റർ ഇപ്പുറത്തുനിന്നും ഏഴര മീറ്റർ പോകുമെന്നുകരുതിയാണ്. പക്ഷേ പല സ്ഥലങ്ങളിലും അലൈൻമെന്റ് പോയപ്പോൾ ഒരു സ്ഥലത്തുനിന്ന് ഏഴര മീറ്റർ എടുക്കുന്നതിനുപകരം 15-ഉം 20-ഉം 30-ഉം മീറ്റർ വരെ എടുക്കുകയാണ്. അപ്പോൾ 35 കൊല്ലം മുമ്പ് ഫ്രീസ്ചെയ്ത് എടുത്ത 30 മീറ്റർ സ്ഥലം വേസ്റ്റാകുകയും പുതിയ സ്ഥലം വരികയുമാണ്. അപ്പോൾ ഏഴര മീറ്റർ മാത്രം ഒരു സൈഡിൽപ്പോകുമെന്ന് വിചാരിച്ചിരുന്ന സ്ഥലങ്ങളിലേയ്ക്ക് 20 മീറ്ററും 30 മീറ്ററും പോകുന്ന ദൗർഭാഗ്യകരമായ അവസ്ഥയുണ്ടായിരിക്കുന്നു. ജില്ലാ അഡ്മിനിസ്ട്രേഷൻ വഴി ഗവൺമെന്റ് അതിലിടപെടണം. ജനങ്ങളുടെ സങ്കടങ്ങളും പ്രയാസങ്ങളുമാണ് ഞാൻ പറയുന്നത്. വളരെ ഗൗരവകരമായൊരു വിഷയമാണ്. അതിന് വേണ്ടപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി നെഗോഷിയേറ്റ് ചെയ്യണം. ആളുകളെ പരമാവധി ബുദ്ധിമുട്ടിക്കാതെ ഇത് പണിയണം.

ജംഗ്ഷനുകളുടെ സ്ഥലമെടുപ്പിൽ ഇപ്പോൾ ചേരാനെല്ലൂർ ജംഗ്ഷൻ, ക്ലോവർലീഫ് ബട്ടർഫ്ലൈ ജംഗ്ഷൻ എന്നാണ് പറയുന്നത്. ചേരാനെല്ലൂർ ജംഗ്ഷനെക്കാൾ പ്രധാനപ്പെട്ട ജംഗ്ഷനല്ലേ ഇടപ്പള്ളി ജംഗ്ഷൻ; ഇടപ്പള്ളി ജംഗ്ഷനിൽ ആരെങ്കിലും സ്ഥലം എടുക്കുമോ, അവിടെ ആരും എടുക്കാൻ തയ്യാറാകില്ല. ചേരാനെല്ലൂർ ജംഗ്ഷനിൽ 42 ഏക്കർ സ്ഥലം എടുക്കുകയാണ്. 12 വർഷം മുമ്പ് കണ്ടെയ്നർ ടെർമിനലിനുവേണ്ടി സ്ഥലമെടുത്തതാണ്. അവിടെ 35 വർഷം മുമ്പ് ഹൈവേയ്ക്ക് സ്ഥലമെടുത്തതാണ്. ഇത് മൂന്നാമത്തെ സ്ഥലമെടുപ്പാണ്, അവിടെ സ്ഥലമെടുക്കുമ്പോൾ പള്ളിയും സ്കൂളും ആശുപത്രിയും ഒരു കോളേജും പോകും. ഈ സ്ഥലങ്ങളെല്ലാം എന്തിനാണ് ആളുകളെ മുഴുവൻ അജിറ്റേറ്റ് ചെയ്ത് ഇതിനെതിരായി രംഗത്തിറക്കുന്നത്? സർക്കാർ ഇടപെട്ട് പറവൂരിൽ നിന്ന് ഇടപ്പള്ളിയിലേയ്ക്ക് പോകുന്ന റോഡിൽ ഒരു മേൽപ്പാലവും കണ്ടെയ്നർ ടെർമിനൽ റോഡിൽ ഒരു അണ്ടർപ്പാസുമാക്കി മാറ്റിയാൽ ആളുകളെ

ഉപദ്രവിക്കാതെ എടുക്കാം. ഗവൺമെന്റ് നാഷണൽ ഹൈവേ അതോറിറ്റിയുമായി സംസാരിച്ചുകഴിഞ്ഞാൽ ആ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. നേരത്തെ സ്ഥലമെടുത്തവരുടെ സ്ഥലം വീണ്ടും ഏറ്റെടുക്കുമ്പോൾ അവർക്കൊരു പ്രത്യേക പരിഗണന നൽകണം. സ്റ്റേറ്റ് ഗവൺമെന്റിന്റെ റീ-സെറ്റിൽമെന്റ് & റീഹാബിലിറ്റേഷൻ പോളിസിയിൽ ഒന്നിൽക്കൂടുതൽ പ്രാവശ്യം സ്ഥലമെടുക്കാൻ വിധിക്കപ്പെട്ടവരുടെ ബുദ്ധിമുട്ടിനെക്കുറിച്ച് ആലോചിക്കണം. അന്ന് കിട്ടിയത് 23,000 രൂപയാണ്. അതിനുശേഷം ബാക്കിയെല്ലാം നഷ്ടപ്പെട്ടവർ തെരുവിലേയ്ക്ക് പോയി. അന്നത്തെ പാക്കേജിൽ വീടുവയ്ക്കാൻപോലും സ്ഥലമില്ല. അവർ ബാങ്കിൽ നിന്നും ലോണെടുത്ത് വീണ്ടും എങ്ങനെയൊക്കെയോ കടം വാങ്ങി ഒരു വീട് കെട്ടിപ്പൊക്കി. അപ്പോൾ വീണ്ടും രണ്ടാമത്തെ അക്വിസിഷൻ വരികയാണ്. എന്ത് സങ്കടമാണിത്, ഈ പാവങ്ങൾ എവിടേയ്ക്ക് പോകും? അതിനൊക്കെ പ്രത്യേക മാനുഷിക പരിഗണന സർക്കാർ കൊടുക്കണം. ഇതിലെ അവ്യക്തത പൂർണ്ണമായും നീക്കിയാൽ എല്ലാം സുഗമമായി നടക്കും. നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവും എന്ത് വിലകൊടുത്തും നടപ്പാക്കുമെന്നുള്ള പ്രഖ്യാപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മുഖ്യമന്ത്രി അതുചെയ്യണമെന്നാണ് എന്റെ വിനയപൂർവമായ അഭ്യർത്ഥന. തൽപ്പരകക്ഷികൾക്ക് ദുഷ്പ്രചരണം നടത്തുവാനുള്ള ഒരവസരം ഉണ്ടാക്കിക്കൊടുക്കരുത്. അടിയന്തരമായി ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ഗവൺമെന്റ് ഈ നഷ്ടപരിഹാര പാക്കേജ് എന്താണെന്ന് അവരോട് പറയുകയും അവരോട് മാധ്യമങ്ങൾ വഴി അത് പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യണം. നാഷണൽ ഹൈവേ അതോറിറ്റിയുടെ യോഗം വിളിച്ചുചേർത്ത് അശാസ്ത്രീയവും അമിതവുമായ സ്ഥലമെടുപ്പിനെപ്പറ്റി വിശദീകരണം ചോദിക്കുകയും അതിന്റെ ആൾട്ടർനേറ്റീവ് പ്രൊപ്പോസൽ സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുകയും ചെയ്യണം. അല്ലാതെ ഞങ്ങൾ വികസനത്തിനെതിരല്ല, ഇത് ദുരിതത്തിൽ നിൽക്കുന്ന പാവപ്പെട്ട മനുഷ്യരുടെ പ്രയാസങ്ങളാണ്, അവരുടെ ഉത്കണ്ഠയാണ്. അവരോട് 2006-ൽ കിട്ടിയ പൈസയേ കിട്ടുകയുള്ളൂ, വേറെ പൈസ കിട്ടില്ലെന്നാണ് പറയുന്നത്. ചിലയാളുകൾ ഇപ്പോൾ എടുക്കുന്ന സ്ഥലം മാത്രമല്ല, 100 മീറ്റർ സ്ഥലം വീണ്ടും ഫ്രീസ് ചെയ്യാൻ പോകുന്നു എന്നാണ് പറയുന്നത്. ഈ കാര്യത്തിൽ വ്യക്തതയുണ്ടാകണം, ഗവൺമെന്റിന്റെ തീരുമാനങ്ങളെ ഉദ്യോഗസ്ഥന്മാർ കൃത്യമായി ജനങ്ങളിലെത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കണം എന്നുള്ളതാണ്. അതുകൊണ്ട് ഗൗരവകരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതുപോലെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്ക് നല്ല മറുപടി കൊടുക്കുവാനും അതിൽപ്പെട്ട് ജനങ്ങൾ വഴിതെറ്റാതിരിക്കുവാനും നമുക്കൊരുമിച്ച് നിന്ന് പ്രവർത്തിക്കാം. അതിന് ഈ ചർച്ച സഹായകരമാകുമെന്ന് ഞാൻ കരുതുകയാണ്. ജംഗ്ഷൻ വികസനത്തെപ്പറ്റി പറയുമ്പോൾ അങ്ങയുടെ മണ്ഡലത്തിലെ ചേരാനല്ലൂർ ജംഗ്ഷന്റെയും മറ്റ് രണ്ടുമൂന്ന് ജംഗ്ഷന്റെയും പ്രശ്നമുണ്ടായി. അപ്പോൾ അവരോട് അതിന്റെ വിശദീകരണങ്ങളൊക്കെ ചോദിക്കുകയുണ്ടായി. അവിടെ എൻ.എച്ച്. 66-ഉം വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലും വന്ന് സംഗമിക്കുകയാണ്. അവിടേയ്ക്ക് എത്തിച്ചേരുന്ന വേറെ റോഡുകളുമുണ്ട്. അവയെപ്പറ്റി പഠനവും ട്രാഫിക് മൂവ്മെന്റ് സർവ്വെയും നടത്തി. 2016-ൽ 8672 പാസഞ്ചർ കാർ യൂണിറ്റുകൾ അവിടെ ഉണ്ടായിരുന്നതിൽ 2021 ആകുമ്പോൾ അത് 10000 പാസഞ്ചർ കാർ യൂണിറ്റായി വർദ്ധിക്കുമെന്ന് കണ്ടെത്തിയാണ് ജംഗ്ഷൻ വികസിപ്പിക്കുന്നത്. അങ്ങനെ അവരെത്തിച്ചേർന്ന നിഗമനമനുസരിച്ച് ഐ.ആർ.സി. പ്രിൻസിപ്പിൾസ് അപ്ലൈ ചെയ്തപ്പോൾ 90/2010 എസ്.പി. പ്രകാരം cloverleaf interchange പ്രൊപ്പോസ് ചെയ്തിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചേരാനെല്ലൂർ ജംഗ്ഷനിൽ കൂടുതൽ സ്ഥലമെടുക്കുന്നത് ആവശ്യമായി വന്നതെന്നാണ് എൻ.എച്ച്.എ.ഐ.-യുടെ നിലപാട്. ഈ പ്രത്യേക സാഹചര്യം അവിടെ വന്നതുകൊണ്ടാണ് ജംഗ്ഷനുകളിൽ ഇത്തരത്തിലുള്ള സ്ഥിതിയുണ്ടായിട്ടുള്ളത്. ഭൂമിയെടുപ്പും വിലയുടെ താരതമ്യവും ഇവിടെ പറയുകയുണ്ടായി.

ശ്രീ. വി. ഡി. സതീശൻ: സർ, ചേരാനെല്ലൂർ ഉൾപ്പെടെ കുനമ്മാവ് പോലുള്ള സ്ഥലങ്ങളിൽ ഇങ്ങനെ അശാസ്ത്രീയമായി ജംഗ്ഷൻ വികസനത്തിന് സ്ഥലമെടുക്കേണ്ട ആവശ്യമില്ലായെന്ന് ജില്ലാ അഡ്മിനിസ്ട്രേഷൻ എൻ.എച്ച്.എ.ഐ.-യെ വിളിച്ചു പറഞ്ഞിട്ടുണ്ട്. ആ ഇൻഫർമേഷൻ അങ്ങേയ്ക്ക് ഇവിടെ മറുപടി പറയുവാൻ തന്നിട്ടില്ല. നിയമസഭയിൽ അങ്ങ്തന്നെ, ഇത്തരം രീതി ശരിയല്ലെന്നും ജില്ലാ അഡ്മിനിസ്ട്രേഷൻ ഹൈവേ അതോറിറ്റിയെ വിളിച്ച് അതിനുള്ള ആൾട്ടർനേറ്റീവ് പ്രൊപ്പോസൽ തരാൻ പറഞ്ഞിട്ടുണ്ടെന്നും ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അത് ക്ലോസ് ചെയ്ത് പോകരുത്.

ശ്രീ. ജി. സുധാകരൻ: സർ, ഇതിനെക്കുറിച്ചുള്ള ഇൻഫർമേഷൻ എനിക്ക് ലഭിച്ചിട്ടുണ്ട്. അവർ അവസാനം എടുത്ത നിലപാടാണ് ഞാൻ പറയുന്നത്. ഒരു നിർത്തിവയ്ക്കൽ പദ്ധതിയൊന്നും നമുക്ക് പറയാൻ കഴിയില്ല. അവർ അങ്ങനെയൊരു

നിലപാട് എടുത്തിട്ടില്ലെങ്കിൽ പിന്നെ എന്തിനാണ് സ്ഥലം എടുക്കുന്നത്? അവർ ആവശ്യപ്പെട്ടതിനുശേഷം അവിടെ നിർമ്മാണം തുടങ്ങിയിട്ടില്ലല്ലോ? അവരെടുത്തിട്ടുള്ള പൊസിഷൻ പറയുകയാണ്. അതിൽനിന്ന് അവർ മാറുന്നുണ്ടോ എന്നുള്ളത് ആധികാരികമായി നമ്മളെ അറിയിച്ചിട്ടില്ല. അതിന് യാതൊരു തർക്കവുമില്ല.

കോമ്പൻസേഷനെ സംബന്ധിച്ച് 2013-ലെ വളരെ മെച്ചപ്പെട്ട ആക്ടാണ് അപ്ലൈ ചെയ്യുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതനുസരിച്ച് മുമ്പുള്ള എൽ.എ.ആർ.ആർ. ആക്ടും 2013-ലെ ആക്ടും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാം. ഏകദേശം 0.3382 ഹെക്ടർ അതായത് 83 സെന്റിന്, 2009-ലെ കണക്കനുസരിച്ച് 1 കോടി 65 ലക്ഷം രൂപ ലഭിക്കും. അതായത്, ഒന്നാം ഭാഗം വച്ചുമാത്രമേ കിട്ടുകയുള്ളൂ. മരത്തിന്റെ വില 93,000 രൂപ, സ്ട്രക്ച്ചറൽ വാല്യൂ 3 കോടി രൂപ. അങ്ങനെ 83 സെന്റിന് 4 കോടി 67 ലക്ഷം രൂപയാണ് മാക്സിമം അന്ന് ലഭിക്കുന്നത്. എന്നാൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ടുപ്രകാരം ഇതേ തുക മാർക്കറ്റ് വാല്യൂ കണക്കാക്കി ഗുണനഘടകം 100% സൊലേഷ്യംകൂടി ചേർത്താൽ പഴയ കണക്കനുസരിച്ച് 4.67 കോടി രൂപയുടെ സ്ഥാനത്ത് 10.75 കോടി രൂപ ലഭിക്കും. അതിന്റെ കോമ്പൻസേഷൻ നല്ല രീതിയിലാണ് ലഭിക്കുന്നത്. ഒരു സെന്റ് ഭൂമിയുടെ കാര്യത്തിൽ 5,60,000 രൂപ കിട്ടിയിടത്ത് ഇപ്പോൾ 12,87,000 രൂപ കിട്ടും. ഇപ്പോൾ ആളുകൾക്ക് ഒരു സെന്റ് ഭൂമിക്ക് അധികമായി കിട്ടുന്നത് 7,27,000 രൂപയാണ്. മറ്റൊന്ന്, സംസ്ഥാന ഗവൺമെന്റ് ഭൂമി എടുക്കുമ്പോൾ സംസ്ഥാനത്തിന്റെ ആവശ്യമെന്ന നിലയിൽ നല്ലൊരു പാക്കേജ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വിപുലമായ ചർച്ചകൾ നടത്തിയെടുത്ത ആ പാക്കേജിനെ നിങ്ങൾ സ്വാഗതം ചെയ്തിട്ടുണ്ട്. ആ പാക്കേജിൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ അതുപോലെ നമ്മൾ അപ്ലൈ ചെയ്യാൻ സ്വയം മുന്നോട്ടുവന്നാൽ നമ്മുടെ നാടിന്റെ സ്ഥിതി എന്തായിരിക്കും? അങ്ങനെ അവരെ സഹായിക്കേണ്ട കാര്യമില്ല. എന്നാൽ 1500 കോടി രൂപ ചെലവ് വരുന്ന ഹൈവേ ഓവറുകളും കരമന-കളിയിക്കാവിള റോഡും നമ്മൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. 1500 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചു. 621 കിലോമീറ്റർ നീളത്തിലുള്ള റോഡ് നമ്മൾ സ്വയം ഏറ്റെടുത്താൽ ഒരുപക്ഷേ ദേശീയ പാത നിർമ്മിക്കുന്നതിനേക്കാൾ കൂടുതൽ പൈസ മുടക്കണം. അത് ചർച്ച ചെയ്യാതെ പണിയാൻ സാധിക്കില്ല. അവരോട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതവരുടെ ഉത്തരവാദിത്വമാണ്. നമ്മൾ അതല്ലാം ഏറ്റെടുക്കണമെന്ന് പറഞ്ഞാൽ വലിയ അബദ്ധമായി തീരും.

ശ്രീ. വി. ഡി. സതീശൻ: സർ, 29-12-2017-ൽ സർക്കാർ ഇറക്കിയ Rehabilitation and Resettlement Policy-യാണ് ഞാൻ നേരത്തെ വായിച്ചത്. അങ്ങ് പറഞ്ഞത് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് മാത്രമേ അത് ബാധകമാകുന്നുള്ളൂ എന്നാണ്. ഗവൺമെന്റ് ഉത്തരവിൽ പറയുന്നതെന്താണ്? This Rehabilitation and Resettlement Policy will be applicable to all land acquisition cases in the State, that is, by invoking the provisions contained in the 2013 Act, National Highways Act 1956 and by direct and negotiated purchase. അപ്പോൾ 1956-ലെ National Highway Act അനുസരിച്ച് സ്ഥലമെടുക്കുന്നതിന് സംസ്ഥാനത്തിന്റെ Rehabilitation and Re-settlement Policy സംബന്ധിച്ച് 2017-ലിറക്കിയ ഉത്തരവ് ബാധകമാണെന്നിരിക്കെ അത് ബാധകമല്ലായെന്ന് മന്ത്രി പറയുന്നത് എന്തടിസ്ഥാനത്തിലാണ്?

ശ്രീ. ജി. സുധാകരൻ: സർ, ബാധകമല്ല എന്ന് പറഞ്ഞില്ല, ഇത് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമാണ്. സംസ്ഥാന ഗവൺമെന്റ് സംസ്ഥാന ആവശ്യങ്ങൾക്കുവേണ്ടി സ്ഥലമെടുക്കുമ്പോൾ ഇങ്ങനെ ചെയ്യുകയാണ്. കേന്ദ്രഗവൺമെന്റ് സ്ഥലമെടുക്കുമ്പോൾ അവർ നടപ്പിലാക്കണമെന്നാണ്. അല്ലാതെ സംസ്ഥാനം കൊടുക്കുമെന്ന് പറഞ്ഞില്ല. സംസ്ഥാനത്തിന്റെ ശരിയായ നിലപാടാണ് അത് ചൂണ്ടിക്കാണിക്കുന്നത്. ആ നിലപാടിൽ ഉറച്ചു നിൽക്കാൻ അവരോടു പറയാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 2013-ലാണ് നഷ്ടപരിഹാരം നൽകണമെന്ന നിയമം കേരളത്തിൽ വന്നത്. കേന്ദ്രത്തിൽ അത്തരത്തിലൊരു നിയമമുണ്ടാക്കി അതിന് അനുരോധമായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ മന്ത്രിയായിരിക്കുമ്പോൾ റൂൾസ് ഫ്രെയിം ചെയ്ത് ഒരു പാക്കേജ് കൊണ്ടുവന്നു. ആ പാക്കേജ് വളരെ കുറ്റമറ്റതാണ്. അത് യഥാർത്ഥത്തിൽ എൻ.എച്ച്.-നുള്ള ഒരു പാക്കേജായിട്ടാണ് കേന്ദ്ര ഗവൺമെന്റ് വിവക്ഷിച്ചത്. കേരളാ ഗവൺമെന്റ് കണക്കാക്കിയതും അങ്ങനെയാണ്. അതിന് വിപരീതമായി നിരവധി നിലപാടുകൾ നമ്മളെടുത്തു. മെട്രോയുടെ കാര്യത്തിൽ അനുകൂലമായ തീരുമാനങ്ങൾ എടുത്തു, കൂടുതൽ കോമ്പൻസേഷൻ കൊടുത്തു. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകാത്തതിനാൽ കൂടുതൽ കോമ്പൻസേഷൻ കൊടുക്കാൻ നമുക്ക് കഴിയില്ല. അന്നത്തെ ആക്ടനുസരിച്ച് കോമ്പൻസേഷൻ കൊടുക്കുന്നതുകൊണ്ട് എന്താണ് കുഴപ്പം? അതുപോലെ അലൈൻമെന്റിന്റെ കാര്യത്തിലും തിരുമൂപ്പം ക്ഷേത്രത്തിന്റെ മതിലുപോലും തൊടാൻ പാടില്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. പക്ഷേ ലാൻഡുണ്ട്, ആ ലാൻഡ് എടുക്കാതെ, സാധാരണക്കാരായ, പാവപ്പെട്ടവരുടെ കച്ചവട സ്ഥാപനങ്ങളും വീടുകളുമൊക്കെ പൊളിക്കാനാണ് ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം. അന്നത്തെ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻ

ചാണ്ടിയും ഞാനുമൊക്കെ നിരവധി പ്രാവശ്യം ശ്രീ. നിതിൻ ഗഡ്കരിയുമായി സംസാരിച്ചതിന്റെ ഫലമായുണ്ടാക്കിയ ഒരു സെറ്റിൽമെന്റാണ് ഫ്ലെക്സിബിളായി പോകാം എന്നുള്ളത്. അങ്ങ് ഇതുസംബന്ധിച്ച് വ്യക്തമായ നിർദ്ദേശം എറണാകുളം കളക്ടർക്ക് കൊടുക്കണം.

ശ്രീ. ജി. സുധാകരൻ: സർ, അദ്ദേഹം പറഞ്ഞ എല്ലാ സെറ്റിൽമെന്റും ഡിനോവ ആയിപ്പോയി, ഒന്നും നടന്നില്ല. അദ്ദേഹത്തെ കുറ്റപ്പെടുത്തുകയല്ല. ഇവിടെയിപ്പോൾ സ്റ്റേറ്റ് ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ഈ പാക്കേജ് ദേശീയപാത അതോറിറ്റി കൊടുക്കേണ്ടതില്ല. ആ പാക്കേജ് ദേശീയ പാതയ്ക്കും ബാധകമാക്കാം. ദേശീയപാതാ അതോറിറ്റി ഫണ്ട് കൊടുക്കണമെന്നേയുള്ളൂ. അതിൽ നമുക്ക് അഭിപ്രായവ്യത്യാസമില്ല. നമ്മൾ അത് ഏറ്റെടുക്കണമെന്ന് തീരുമാനിക്കുന്നത് ശരിയായ കാര്യമല്ല. അതവരോട് ആവശ്യപ്പെട്ടിട്ടുണ്ട്, ഇതുവരെ അംഗീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞ കാര്യങ്ങൾ പ്രാദേശികമായ പ്രശ്നങ്ങളാണ്. അങ്ങ് ഈ വിഷയം കൊണ്ടുവന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കാരണം, ഇതുസംബന്ധിച്ച ഒരു ചർച്ച നടന്നു. ദുരുദ്ദേശങ്ങളായ വിമർശനങ്ങളെ നമുക്ക് ഒറ്റക്കെട്ടായി നേരിടാം. നമുക്ക് എത്തിച്ചേരേണ്ട ഒരു പ്രധാന നിഗമനം, രണ്ട് റീച്ചുകൾക്ക് പൂർണ്ണമായും ഫണ്ടും മറ്റെല്ലാകാര്യങ്ങളും ഏറ്റെടുത്ത് ടെണ്ടർ ചെയ്ത് ഏൽപ്പിച്ചിട്ട് ഒന്നേകാൽ വർഷമായി. അത് തുറക്കാതെ വച്ചിരിക്കുകയാണ്. അത് തുറന്ന് പ്രവൃത്തി ആരംഭിക്കാമെന്ന് കഴിഞ്ഞ നവംബർ 30-ന് തലശ്ശേരി-മാഹി ബൈപ്പാസ് ഉദ്ഘാടനത്തിന് വന്നപ്പോൾ കേന്ദ്രമന്ത്രി പരസ്യമായി പൊതുയോഗത്തിൽവച്ച് മുഖ്യമന്ത്രിയോട് പറഞ്ഞതാണ്. പക്ഷേ നീട്ടിക്കൊണ്ടു പോകുകയാണ്. അതൊഴിവാക്കാൻ ഒറ്റക്കെട്ടായി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്ന തരത്തിൽ ഈ ചർച്ചയുടെ പരിണാമഗുപ്തി സംഭവിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ചില തെറ്റിദ്ധാരണകൾ ഉള്ളതുകൊണ്ടാണ് ഞാനിടപെടുന്നത്. ഒരു ഘട്ടത്തിൽ കേന്ദ്രഗവൺമെന്റ് നിങ്ങളുടെ സംസ്ഥാനത്ത് ഭൂമിയെടുക്കാനേ പറ്റില്ല എന്നുള്ള നിലപാടെടുത്തു. അതിനിടയാക്കിയത് കാസർഗോഡ് ഭാഗത്തെ ഭൂമിയുടെ വിലയായിരുന്നു. അവർ പറയുന്ന തുക കൃത്യമായി ഞാൻ ഓർക്കുന്നില്ല. ഒരു കിലോമീറ്ററിന് ഇവിടെ ചെലവാകുന്ന തുക മറ്റ് സംസ്ഥാനത്തേക്കാൾ വളരെ കൂടുതലാണെന്നാണ്. മറ്റ് സംസ്ഥാനത്ത് ലക്ഷങ്ങളാകുമ്പോൾ ഇവിടെ കോടികൾ വേണം. വലിയ വ്യത്യാസമാണെന്നതാണ് അവരുടെ ന്യായം. കേരളത്തിന്റെ ജനസാന്ദ്രതയ്ക്കനുസരിച്ച് ഭൂമിക്ക് വലിയ വിലയാണെന്ന് ഞങ്ങൾ പറയുകയുണ്ടായി.

അതിന്റെ ഭാഗമായി വലിയ തർക്കമായി. അവരുടെ ഉദ്യോഗസ്ഥരുൾപ്പെടെ എല്ലാവരുമുണ്ടായിരുന്നു. അവസാനം അന്നത്തെ മന്ത്രി ശ്രീ. നിതിൻ ഗഡ്കരി ഒരൊത്തുതീർപ്പ് ഫോർമുലവച്ചു. അതായത് അധികം വരുന്ന തുക സംസ്ഥാനം കേന്ദ്രഗവൺമെന്റിന് കൊടുക്കണമെന്ന് പറഞ്ഞു. പൈസയൊന്നും തരാൻ സാധിക്കില്ല, നിങ്ങൾ തന്നെ വഹിക്കണമെന്ന നിലപാട് ഞങ്ങളെടുത്തു. കാസർഗോഡ് ഭാഗത്ത് കുറച്ചു സ്ഥലം തന്നാൽ ഇതിന് കണക്കാക്കിയിട്ട് ഞങ്ങൾ മറ്റ് പണികൾ തുടങ്ങാമെന്ന ഒരു നിർദ്ദേശം അവസാനം അവർ വയ്ക്കുകയുണ്ടായി. ഒരു കാരണവശാലും അവർ പണി തുടങ്ങില്ലെന്നുള്ളതാണ് നിലപാട്. അങ്ങനെയാണെങ്കിൽ റോഡ് സൈഡിൽ സ്ഥലമുണ്ടെങ്കിൽ കുറച്ച് സ്ഥലം തരാമെന്ന് അന്ന് ഞങ്ങൾ സമ്മതിച്ചു. നമ്മുടെ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന് വളരെ വലിയ വിലകൊടുക്കേണ്ടിവരുന്നു എന്നതാണ് അവരുടെ സ്റ്റാൻഡ്. നമുക്കത് അധികം വിലയല്ല എന്നിവിടെ പറഞ്ഞ വികാരത്തോട് യോജിക്കുകയാണ്. അതിന് യാതൊരു സംശയവുമില്ല. ഇതിന്റെ കൂട്ടത്തിൽ കച്ചവടക്കാരുടെ പ്രശ്നമുണ്ട്. അവിടെ കച്ചവടം നടത്തുന്ന വാടകക്കാരായ ആളുകളുടെ പ്രശ്നം വളരെ വലുതാണ്. അവർക്കെന്തെങ്കിലും ന്യായമായി ചെയ്യണമെന്ന് നമ്മൾ പറയുന്നുണ്ട്. അവരുടെ പാക്കേജിൽ അതില്ല. ഞങ്ങൾക്കത് ചെയ്യാൻ കഴിയില്ലെന്നാണ് അവർ പറയുന്നത്. എന്തെങ്കിലും ചെയ്യണമെന്ന് ഇപ്പോഴും അവരുടെമേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാനത്ത് നടപ്പാക്കിയ, അദ്ദേഹം എടുത്തുപറഞ്ഞ ആ പാക്കേജ്, അതേ തരത്തിൽ അംഗീകരിക്കാൻ അവർ തയ്യാറല്ല. അവർ അംഗീകരിച്ചൊരു പാക്കേജ് മാത്രമേ നടപ്പാക്കാൻ അവർ തയ്യാറുള്ളൂ, അതിനപ്പുറം പോകാൻ തയ്യാറല്ല. എന്നാലും നമുക്ക് പരമാവധി സമ്മർദ്ദം ചെലുത്താം, ചില ഇളവുകൾകൂടി കൊണ്ടുവരാനുള്ള ശ്രമം നടത്താം. അതിലേറ്റവും പ്രധാനം വാടകയ്ക്ക് കച്ചവടം നടത്തുന്ന ആളുകളുടെ പ്രശ്നമാണ്. മറ്റുള്ളവർക്ക് കോമ്പൻസേഷൻ മോശമല്ലാത്ത നിലയിൽ ഇപ്പോഴുമുണ്ട്. അതൊരു വസ്തുതയാണ്. പിന്നെ മറ്റൊരു കാര്യം, നേരത്തെ ഭൂമി എടുത്തു, രണ്ടാമതും അവിടെനിന്നുതന്നെ ഭൂമി എടുക്കുന്നു എന്നുള്ളതാണ്. അങ്ങനെയുള്ള ആളുകൾക്ക് ഒരു ചെറിയ പാക്കേജെങ്കിലും കൊടുക്കാൻ കഴിയുമോ എന്നുള്ളതും അവരുടെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ സമ്മർദ്ദം ചെലുത്തിനോക്കാം. പക്ഷെ നമ്മൾ ആ ബാധ്യത ഏറ്റെടുക്കുകയെന്നുപറഞ്ഞാൽ നമ്മുടെ നില വച്ച് സാധിക്കുന്ന കാര്യമല്ല. അതാണ് അക്കാര്യത്തിൽ വ്യക്തമാക്കേണ്ടത്. ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്നാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, നാഷണൽ ഹൈവേയ്ക്ക് 45 മീറ്റർ വീതി വേണമെന്നുള്ളത് എല്ലാവരും യോജിച്ച കാര്യമാണ്. പ്രത്യേകിച്ച് കഴിഞ്ഞ വി. എസ്. ഗവൺമെന്റിന്റെ കാലത്ത് 30 മീറ്റർ മതിയെന്ന് പറഞ്ഞപ്പോൾ, അത് പോരാ, 45 മീറ്റർ വേണമെന്ന് നിർബന്ധമായ സമീപനം സ്വീകരിച്ചത് ശ്രീ. പിണറായി വിജയനും ഞാനുംകൂടി ആലോചിച്ച് അന്നെടുത്ത തീരുമാനപ്രകാരം തന്നെയാണ്. അക്കാര്യത്തിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല. നമ്മളതിൽ ഉറച്ചുനിൽക്കും. കാരണം, കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് നാഷണൽ ഹൈവേ അനിവാര്യമാണ്. സ്ഥലമെടുപ്പ് ഉൾപ്പെടെ നാഷണൽ ഹൈവേയുടെ വികസനം തടസ്സപ്പെടുത്തുന്നതുതന്നെ ഇതുപോലുള്ള പല കാര്യങ്ങളും പറഞ്ഞാണ്. നമ്മുടെ മുന്നിലുള്ള ഏറ്റവും ഐഡിയലായ പ്രൊപ്പോസൽ കൊച്ചി മെട്രോയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടതാണ്. സത്യത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിനെയും അതൊടൊപ്പം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെയും അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും ശ്രീ. അടൂർ പ്രകാശിനെയും ഞാൻ അഭിനന്ദിക്കുന്നു. കാരണം, കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന കൊച്ചി മെട്രോയ്ക്ക് വളരെ നല്ലനിലയിൽ, യാതൊരു പരാതിയുമില്ലാതെ ഭൂമി ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിഞ്ഞു. ഞങ്ങൾക്ക് പറയാനുള്ളത്, കളമശ്ശേരിയിൽനിന്നും മൂത്തകുന്നം വരെയുള്ള സ്ഥലം വളരെ ഇടുങ്ങിയതാണ്. റോഡിന്റെ രണ്ട് വശങ്ങളിലും ഇപ്പോഴുള്ള 35 മീറ്റർ പണ്ടുകാലത്ത് എടുത്ത സ്ഥലമാണ്. ഇത് വർദ്ധിപ്പിക്കുന്നതോടുകൂടി ജനങ്ങളുടെ ഭൂമിയും കടകളുമെല്ലാം പോകുന്നത് ജനങ്ങളെ വളരെയേറെ ബുദ്ധിമുട്ടിപ്പിക്കുന്ന കാര്യമാണ്. അതുകൊണ്ട് അവിടെയുള്ളവർക്ക് ഫെയർ കോമ്പൻസേഷൻ ലഭിക്കണമെന്നതാണ് മുഖ്യപ്രശ്നം. 2013-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ആക്ടാണ് ഏറ്റവും പ്രധാനപ്പെട്ട ആക്ട്. അതിനു മുമ്പായിരുന്നെങ്കിൽ ഭൂമി ഏറ്റെടുക്കാൻ വന്നാൽ കോടതിയിൽ പോകാമായിരുന്നു. 2013-ലെ ഫെയർ കോമ്പൻസേഷൻ ആക്ടനുസരിച്ച് ആർക്കും കോടതിയിൽ പോകാൻ കഴിയില്ല. അതുകൊണ്ട് ഭൂമി ഏറ്റെടുക്കാൻ കഴിയുന്ന അവസ്ഥ ഇന്ത്യയിലൊട്ടാകെയുണ്ട്. അതുകൊണ്ടാണ് രാജ്യത്തൊട്ടാകെ നാഷണൽ ഹൈവേയുടെ വികസനം സാധ്യമാകുന്നത്. കേരളത്തിലും അങ്ങനെതന്നെയാണ്. ബഹുമാനപ്പെട്ട

വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ഫസ്റ്റ് ഷെഡ്യൂൾ നടപ്പാക്കി, സെക്കന്റും തേർഡും ഷെഡ്യൂളുകളിലെ കാര്യങ്ങൾ നടപ്പാക്കണമെന്നതാണ്. കാരണം, ഇത് ബോധപൂർവം തടസ്സപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ചില സംഘടനകൾ കുപ്രചരണങ്ങൾ നടത്തുകയാണ്. 1956-ലെ ആക്ടനുസരിച്ചുള്ള ഭൂമി എടുക്കലാണുണ്ടാകുന്നത്, മതിയായ കോമ്പൻസേഷൻ ലഭിക്കില്ല എന്നുള്ള പ്രചരണമാണ് നടത്തുന്നത്. രണ്ടുഭാഗത്തുനിന്നും തുല്യ അളവിൽ ഭൂമിയെടുക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം. ചിലയിടത്ത് ആരാധനാലയങ്ങളുണ്ടെങ്കിൽ നമുക്കത് മനസ്സിലാകും. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭൂമിയെടുക്കുന്നതിൽ, ഭൂമി തുല്യ അളവിൽ എടുക്കുന്നില്ലെന്ന പരാതി പല സ്ഥലത്തുനിന്നുമുണ്ടായിട്ടുണ്ട്. എന്റെ മണ്ഡലമായ ഹരിപ്പാട് ടൗണിൽത്തന്നെ തുല്യമായി ഭൂമിയെടുക്കുന്നില്ലെന്ന പരാതി മന്ത്രിക്ക് നൽകിയിരുന്നു. അങ്ങനെയുള്ള ഡിസ്ക്രിമിനേഷനുണ്ടാകരുത്. തുല്യ അളവിൽ എടുക്കുമെന്ന് പറയുകയും പിന്നീട് സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസം വരികയും ചെയ്യുമ്പോൾ പ്രശ്നങ്ങളുണ്ടാകും. അത്തരം പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ട് ജില്ലാകളക്ടർമാരോട് ഇക്കാര്യം ചെയ്യണമെന്ന് നിർദ്ദേശം നൽകുകയും നാഷണൽ ഹൈവേ അതോറിറ്റി ഈ കാര്യത്തിൽ ഫെയറായ കാര്യങ്ങൾ ചെയ്യുകയും ചെയ്താൽ പ്രശ്നങ്ങൾ പരമാവധി ഒഴിവാക്കാൻ കഴിയും. നാഷണൽ ഹൈവേയ്ക്ക് സ്ഥലം വിട്ടുതരുന്ന ആളുകളോടുള്ള സമീപനം അനുഭാവപൂർവമായിരിക്കണം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്യണം. കേരള ഗവൺമെന്റ് ഭൂമി എടുക്കുമ്പോൾ ഉണ്ടാക്കിയിരിക്കുന്ന കോമ്പൻസേഷനുവേണ്ടിയുള്ള പാക്കേജ് ഇവിടെ പ്രായോഗികമല്ല, അത് സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞത്. അതേസമയം ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയാണെങ്കിലും ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ശ്രീ. നിതിൻ ഗഡ്കരിയുടെ പ്രസ്താവന ഞങ്ങളും വായിച്ചു. കേരളത്തിലാണ് ഭൂമി ഏറ്റെടുക്കുന്നതിന് തീവിലയുള്ളത്. ഇവിടെ ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ വളരെ കൂടുതലാണ്. ഗോവ, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ ഭൂമി ഏറ്റെടുക്കലിനാണ് ഏറ്റവും കൂടുതൽ പണം ചെലവാകുന്നത്, അത് സ്വാഭാവികമാണ്. അത് മനസ്സിലാക്കി കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനം സ്വീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. മൂന്ന് തലങ്ങളിലുള്ള ആളുകളാണ് ഇതിൽ ഉൾപ്പെടുന്നത്. ഒന്ന്, വ്യാപാരികൾ, വാടകയ്ക്ക് കച്ചവടം നടത്തുന്ന ആളുകൾ. രണ്ട്, 30 സെന്റ് സ്ഥലം നേരത്തെ കൊടുത്തിട്ട് വീണ്ടും കൊടുക്കാൻ നിർബന്ധിതരായ ആളുകൾ. മൂന്ന്, പുതുതായി ഭൂമി എടുക്കുന്ന

സ്ഥലത്തെ ആളുകൾ. ഈ മൂന്ന് വിഭാഗത്തിൽപ്പെട്ട ആളുകളുടെ കാര്യത്തിലും അനുഭാവപൂർവമായ സമീപനം സ്വീകരിക്കണം. ശ്രീ. ഹൈബി ഈഡന്റെ മണ്ഡലമാണ് ചേരാനെല്ലൂർ. ആ പ്രൊപ്പോസൽ ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി പരിശോധിക്കണം. അതൊരു ഐഡിയൽ പ്രൊപ്പോസലാണ്. ആ പ്രൊപ്പോസൽ വന്നുകഴിഞ്ഞാൽ കൂടുതൽ സ്ഥലം ഏറ്റെടുക്കാതെതന്നെ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഗവൺമെന്റ് ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനം സ്വീകരിക്കാമെന്ന് പറഞ്ഞ സാഹചര്യത്തിൽ വാക്കൗട്ട് നടത്തുന്നില്ല. നാഷണൽ ഹൈവേ വികസനത്തിന്റെ കാര്യത്തിൽ നമ്മളൊരുമിച്ച് മുന്നോട്ട് പോകണമെന്നാണ് എന്റെ അഭിപ്രായം.

## V. ശ്രദ്ധ ക്ഷണിക്കൽ

### (1) പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി. കെ. നാണു: സർ, വടകര മുനിസിപ്പാലിറ്റിയിൽ കുറച്ചുദിവസങ്ങളായി ഉപ്പുകലർന്ന കുടിവെള്ളമാണ് പലപ്പോഴായി ലഭിക്കുന്നത്. അതിനൊരു പരിഹാരമുണ്ടാകണം. അതുപോലെ സമീപത്തുള്ള കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെയും നാദാപുരം നിയോജകമണ്ഡലത്തിന്റെയും ചില ഭാഗത്തും കുടിവെള്ളത്തിൽ ഉപ്പുകലർന്ന് വരുന്നു. പുഴയിലൂടെ ഉപ്പ് വരുന്ന അവസരത്തിൽ അത് തടുക്കാനുള്ള സൗകര്യമില്ലെന്നതാണ് കാരണം. പെരുവണ്ണാമൂഴിയിൽനിന്ന് സാധാരണ ഉപ്പില്ലാത്ത വെള്ളം ഇറക്കിയതിനുശേഷം ഉപ്പുവെള്ളവുമായി അത് യോജിപ്പിച്ച് കുടിവെള്ളത്തിൽ ഉപ്പിന്റെ തോത് കുറയ്ക്കുന്ന സമീപനമാണ് ഇതുവരെ എടുത്തിരുന്നത്. പക്ഷെ ഇപ്പോൾ അതും സാധിക്കുന്നില്ല. ഉപ്പുവെള്ളം ഇങ്ങോട്ടേയ്ക്ക് കടക്കുന്നത് തടുക്കുന്നതിനാവശ്യമായ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കാൻ രണ്ടരക്കൊല്ലംമുമ്പ് ഗവൺമെന്റ് ഒരു തീരുമാനമെടുക്കുകയും അതിന് പണം അനുവദിക്കുകയും ചെയ്തു. ഇപ്പോൾ രണ്ടുകൊല്ലത്തിൽ കൂടുതലായി. ഇത് വളരെ ഗൗരവമായൊരു പ്രശ്നമാണ്. വടകര മുനിസിപ്പാലിറ്റി ചെയർമാൻ, കൗൺസിലർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ ഇവരെല്ലാവരും വല്ലാത്തൊരു പ്രതിസന്ധിയിലാണ്. ഉപ്പുവെള്ളം കുടിക്കേണ്ടിവന്നാൽ അതുമൂലമുണ്ടാകുന്ന രോഗത്തെ സംബന്ധിച്ചുള്ള ഭയപ്പാടിലാണ് അവിടത്തെ ജനങ്ങൾ. ഇത് സാധാരണ നിലയ്ക്ക് പരിഹരിക്കാൻ സാധിക്കുന്നതല്ല. നേരത്തെ ഗവൺമെന്റ് തീരുമാനിച്ചിരുന്ന പെരുഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വർക്ക് അടിയന്തരമായി നടത്തണം. ജനങ്ങൾക്ക് കുടിക്കാനുള്ള വെള്ളത്തിൽ ഉപ്പുവെള്ളം വരുന്നത് തടുക്കാൻ സാധിച്ചില്ലെങ്കിൽ വളരെ ദോഷകരമായ സ്ഥിതിയുണ്ടാകും. ഇപ്പോൾ മുനിസിപ്പൽ ചെയർമാനും ഞാനുമെല്ലാം പറഞ്ഞ് തൽക്കാലം ആളുകളെ

സമാധാനിപ്പിക്കുകയാണ്. ഓരോ ദിവസവും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ ആളുകളോട് ഇപ്പോൾ ഞാനും മുനിസിപ്പൽ ചെയർമാനും പോയി പറഞ്ഞ് കനാലിൽനിന്ന് വെള്ളം തുറന്നുവിടുകയാണ് ചെയ്യുന്നത്. റെഗുലേറ്റർ-കം-ബ്രിഡ്ജ് അടിയന്തരമായി പണി ആരംഭിക്കുകയല്ലാതെ വേറെ പോംവഴിയില്ല. അതിന് കാലതാമസം വന്നാൽ വല്ലാത്തൊരവസ്ഥ സംജാതമാകും. അതുകൊണ്ട് അടിയന്തരമായി ഇതിന് പരിഹാരമുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുടിവെള്ളത്തിന്റെ പ്രശ്നം അടിയന്തരമായി പരിഹരിക്കാനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ നൽകാം. 2017-2018-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 169-ൽ കിഫ്ബി ധനസഹായത്തോടുകൂടി 600 കോടി രൂപയ്ക്ക് 30 റെഗുലേറ്ററുകൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് വടകര, നാദാപുരം മണ്ഡലങ്ങളിൽ കുടിവെള്ളം പരിഹരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉൾപ്പെടുന്ന പദ്ധതിക്ക് ജലസേചനവകുപ്പിലെ കിഫ്ബി പദ്ധതി നടത്തിപ്പ് ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം 17-10-2017-ലെ ജി. ഒ. നം. 859/17/WRD ഉത്തരവുമുഖേന തത്വത്തിൽ അംഗീകാരം നൽകി. ഇത് കിഫ്ബി പരിശോധിച്ചശേഷം ഉന്നയിച്ച സംശയങ്ങളും ഐ.ഡി.ആർ.ബി.-യിൽനിന്ന് ലഭിച്ച ലോക്കിന്റെ ഡിസൈനും ഉൾപ്പെടുത്തി പുതിയ ഡി.പി.ആർ. ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. ഇത് സമയബന്ധിതമായി തയ്യാറാക്കി എത്രയുംവേഗം ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. കെ. നാണു: സർ, 6 കോടി രൂപയല്ല, അതിലധികമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 30 പ്രോജക്ടുകൾക്കായി 600 കോടി രൂപയാണ്.

ശ്രീ. സി. കെ. നാണു: സർ, ഒരു മുനിസിപ്പാലിറ്റിയിലെ ആളുകൾ ഉപ്പുവെള്ളം കുടിക്കുന്നുവെന്നത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇന്നലെ മുനിസിപ്പൽ ചെയർമാനെ വിളിച്ചപ്പോൾ താങ്കൾക്ക് എന്തെങ്കിലും പറഞ്ഞ് ആളുകളെ സമാധാനിപ്പിക്കാൻ സാധിക്കുമെങ്കിൽ സമാധാനിപ്പിക്കൂ, എനിക്ക് അതിന് സാധിക്കില്ലെന്ന് വിഷമത്തിൽ അദ്ദേഹം പറയുകയുണ്ടായി. ഉദ്യോഗസ്ഥർ ഒരു ദിവസം വന്ന് പരിശോധിച്ചതുകൊണ്ട് കാര്യങ്ങൾ ഫലപ്രദമാകില്ല. വീടുകളിൽ കുടിവെള്ളം എത്തേണ്ട കാര്യമായതുകൊണ്ട് അടിയന്തര പരിഹാരമുണ്ടാകണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: തീർച്ചയായുമുണ്ടാകും.

**[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

(2) സമഗ്ര വികസന പാക്കേജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തെക്കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ പ്രോജക്ട് ഉപദേഷ്ടാവും മുൻ ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. പി. പ്രഭാകരനെ 2012 മേയ് മാസം 31-ാം തീയതി നിയോഗിച്ചു. അദ്ദേഹം 2017 ഒക്ടോബർ മാസത്തിൽ സർക്കാരിന് 617 പേജുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിൽ കാസർഗോഡിന്റെ വികസനത്തിന് 12,000 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചത്. ഏറ്റവുമൊടുവിൽ സർക്കാർ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ 91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന് മുമ്പും ഓരോ ബഡ്ജറ്റിലും തുക വകയിരുത്തിയിരുന്നു. ഇതുവരെ 529 കോടി രൂപയാണ് ലഭിച്ചത്. കാസർഗോഡ് ജില്ലാ കളക്ടർ ചെയർമാനായുള്ള സമിതിയാണ് ജില്ലയിൽ ചെയ്യേണ്ട പ്രവൃത്തികൾ തീരുമാനിക്കുന്നത്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ആ പ്രൊപ്പോസലുകളെക്കുറിച്ച് ചർച്ച ചെയ്ത് ചില പ്രവൃത്തികൾ ഒഴിവാക്കും. അതിനുശേഷം മന്ത്രിസഭ ആലോചിച്ച് ചില പ്രവൃത്തികൾ ഒഴിവാക്കും. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലെന്ന കാരണം പറഞ്ഞാണ് ചില പ്രവൃത്തികൾ ഒഴിവാക്കുന്നത്. ഒരു നാടിന്റെയും നാട്ടിലെ ജനങ്ങളുടെയും ആവശ്യമെന്ന് പറയുന്നത് മാറിക്കൊണ്ടിരിക്കും. പ്രഭാകരൻ കമ്മീഷൻ സിറ്റിംഗ് നടത്തിയത് 2012-ലാണ്. ആ സമയത്തെ ആവശ്യമല്ല ഇന്ന് കാസർഗോഡുള്ളത്. പ്രഭാകരൻ കമ്മീഷൻ 2012-ൽ സിറ്റിംഗ് നടത്തിയപ്പോൾ ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരും നാട്ടുകാരുമെല്ലാം അദ്ദേഹത്തെ ചെന്നുകണ്ട് ചില ആവശ്യങ്ങൾ പറഞ്ഞു. ഒരുദാഹരണം പറയാം, കാസർഗോഡ് ജില്ലയിൽ എൽ.പി./യു.പി./ഹൈസ്കൂൾ വിഭാഗത്തിൽ 549 സ്കൂളുകളും ഹയർ സെക്കൻഡറി വിഭാഗത്തിൽ 93 സ്കൂളുകളുമുണ്ട്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം, Most of the High Schools and Higher Secondary Schools lack sufficient class rooms എന്നാണ്. പക്ഷേ, അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ 33 സ്കൂളുകളുടെ പേരുകൾ മാത്രമേ എടുത്തുപറഞ്ഞിട്ടുള്ളൂ. ഈ 33 സ്കൂളുകൾക്കേ ഫണ്ട് കിട്ടുകയുള്ളൂ. ഈ 33 സ്കൂളുകളേക്കാളും ശോചനീയമായ സ്കൂളുകൾ വേറെയുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കെല്ലാം അറിയാവുന്ന കാര്യമാണ്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറയാത്ത കുറേ സ്കൂളുകൾ അദ്ദേഹത്തിന്റെ മണ്ഡലത്തിലുമുണ്ട്. ഉദുമ എം.എൽ.എ.-യ്ക്കും അറിയാം, ഉദുമ സർക്കാർ കോളേജ് പ്രഭാകരൻകമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം സ്ഥാപിതമായതാണ്. ആ കോളേജിന് ഒരു ഫണ്ടും കിട്ടിയില്ല. ഉദുമ സർക്കാർ കോളേജിന് ഫണ്ട് വേണമെന്ന് പറഞ്ഞാൽ പ്രഭാകരൻ കമ്മീഷൻ

റിപ്പോർട്ടിൽ പറയാത്ത വർക്കാണിതെന്ന് പറഞ്ഞ് അത് തള്ളും. കാസർഗോഡ് ജില്ലയുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പ്രത്യേകം പറയേണ്ടതില്ല. കണ്ണൂർ അങ്ങയുടെ ജന്മഭൂമിയാണെങ്കിലും കാസർഗോഡ് അങ്ങയുടെ കർമ്മഭൂമിയാണ്. കാസർഗോഡ് ജില്ലയുടെ കുതിപ്പും കിതപ്പും അറിയാവുന്ന ഒരാളാണ് അങ്ങ്. അങ്ങയെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു, കാരണം, കഴിഞ്ഞ ഗവൺമെന്റ് തയ്യാറാക്കിയ പദ്ധതിയാണെങ്കിലും ഇത് വേറൊരാളുടെ കുഞ്ഞാണെന്ന് പറഞ്ഞ് ആ കുഞ്ഞിനെ അങ്ങ് നോക്കാതിരുന്നിട്ടില്ല. വളരെ നന്നായി നോക്കുന്നുണ്ട്. അതുകൊണ്ട് ഇതിന്റെ ഗുണം കാസർഗോഡുകാർക്ക് കിട്ടണമെങ്കിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറയാത്ത അതിപ്രധാനമായ ചില വർക്കുകൾകൂടി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്താനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. അതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ ഒന്നോ രണ്ടോ ദിവസത്തെ സിറ്റിംഗ് കാസർഗോഡ് നടത്തി എം.എൽ.എ.-മാർക്കും മറ്റ് ജനപ്രതിനിധികൾക്കുമെല്ലാം ഒഴിവാക്കപ്പെട്ടുപോയ വളരെ പ്രധാനപ്പെട്ട വർക്കുകൾകൂടി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്താനുള്ള അവസരം നൽകണം. ഇതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ വിശദമായ പഠനങ്ങൾക്കുശേഷമാണ് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ജില്ലയുടെ സമഗ്ര വികസനത്തിനായി സമസ്ത മേഖലകളിലും സർക്കാർ നടത്തേണ്ട വികസന പ്രവർത്തനങ്ങൾക്ക് റിപ്പോർട്ടിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഊന്നിനിന്നുള്ള അടിസ്ഥാനസൗകര്യ വികസനവും സാമൂഹ്യ വികസനവുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2013-14 മുതൽ 2017-18 വരെ മൊത്തം 279 പദ്ധതികൾക്കായി 438.05 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19-ൽ ഭരണാനുമതിക്കായി സമർപ്പിച്ച 88 പദ്ധതികൾ സർക്കാർ പരിശോധിച്ചുവരികയാണ്. അവയിൽ അനുയോജ്യമായ പദ്ധതികൾക്ക് ഉടൻതന്നെ ഭരണാനുമതി നൽകുന്നതാണ്. കാസർഗോഡ് പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 13-8-2014-ൽ വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ആസ്തി വികസന പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത്. റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികളൊന്നും അനുവദനീയമല്ല. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾക്ക് മുൻഗണന നൽകാതെ റിപ്പോർട്ടിന് പുറത്തുള്ള പദ്ധതികളുൾപ്പെടുത്തി സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്ന പ്രവണത കണ്ടുവരികയാണ്. ഇതിൽ ഒട്ടുമിക്ക പദ്ധതികളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ

അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പദ്ധതികളായോ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സമർപ്പിച്ചാൽ അനുമതി നിഷേധിക്കാറില്ല. കമ്മീഷൻ റിപ്പോർട്ട് ഒരു പ്രത്യേക പാക്കേജായതിനാൽ ഇതിലുൾപ്പെടാത്ത പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ നിർവ്വാഹമില്ല. കാസർഗോഡ് വികസന പാക്കേജിന്മേലുള്ള വികസന പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നത് ജില്ലാഭരണകൂടമാണ്. ആയതിനാൽ പദ്ധതികൾ തയ്യാറാക്കുന്ന വേളയിൽ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ജനപ്രതിനിധികൾക്ക് ജില്ലാഭരണകൂടത്തെ അറിയിക്കാവുന്നതാണ്. ജില്ലാ കളക്ടർക്ക് നിരവധി ചുമതലകൾ നിർവ്വഹിക്കേണ്ടി വരുന്നതിനാൽ പദ്ധതികളുടെ നിർവ്വഹണം വേഗതയിലാക്കാനും മേൽനോട്ടത്തിനുമായി ഒരു സ്പെഷ്യൽഓഫീസർ തസ്തിക സൃഷ്ടിച്ച് ചുമതല നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് പാക്കേജിന്റെ നിർവ്വഹണം ത്വരിതപ്പെടുത്താൻ ഉദ്ദേശിച്ചാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതുമാണ്.

11.00 A.M.]

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പ്രഭാകരൻ കമ്മീഷൻ സിറ്റിംഗ് നടത്തിയപ്പോൾ അദ്ദേഹത്തെ കണ്ട ജനപ്രതിനിധികളായാലും മറ്റ് സാമൂഹ്യ പ്രവർത്തകരായാലും കാസർഗോഡുള്ള അതിപ്രധാനമായ വർക്കുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരുപക്ഷേ അവർക്ക് കഴിഞ്ഞിട്ടുണ്ടാവുകയില്ല. ചില ആളുകൾ ഈ കമ്മീഷന്റെ മുന്നിൽ പോയിട്ടുണ്ടാകില്ല. ഞാൻ 33 സ്കൂളുകളുടെ കാര്യം നേരത്തേ പറഞ്ഞു. ഈ സ്കൂളുകൾ മാത്രമേ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യാൻ പറ്റുകയുള്ളൂ. പക്ഷേ ഈ 33 സ്കൂളുകളെക്കാൾ ശോചനീയാവസ്ഥ പേറിക്കഴിയുന്ന വേറേ ധാരാളം സ്കൂളുകളുമുണ്ട്. 549 എൽ.പി./യു.പി./ഹൈസ്കൂളും 93 ഹയർ സെക്കൻഡറി സ്കൂളുകളുമാണ് കാസർഗോഡ് ജില്ലയിലുള്ളത്. പക്ഷേ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള 33 സ്കൂളുകളുടെ വർക്ക് മാത്രമേ നമുക്ക് എടുക്കാൻ പറ്റുകയുള്ളൂ. മറ്റൊരു കാര്യമുള്ളത്, അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ്സ് എന്നുപറഞ്ഞ് ഈ റിപ്പോർട്ടിൽ ഒരദ്ധ്യായമുണ്ട്. ഒരു തീരദേശ റോഡിന്റെയും പേര് അതിൽ പറഞ്ഞിട്ടില്ല. പക്ഷേ, ധാരാളം തീരദേശ റോഡുകൾ കാസർഗോഡ് പാക്കേജിലുൾപ്പെടുത്തി ചെയ്യുന്നുണ്ട്. അങ്ങനെയുള്ള കുറേ അനോമലീസുണ്ട്. അത് ഒഴിവാക്കിത്തരണ മെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി ഇടുക്കി ജില്ലയിലേയ്ക്ക് 1500 കോടി രൂപ കൊടുത്തു. അങ്ങനെയുള്ള പരിഗണന കാസർഗോഡ് ജില്ലയ്ക്കും വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇടുക്കിയിൽ കൊടുത്തത് പറഞ്ഞതിലും കൂടുതലാണ്. കാസർഗോഡുകാർ ഭാഗ്യവാന്മാരാണ്. പ്രളയം തീരെ ബാധിക്കാത്തത് കാസർഗോഡാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രളയം വന്നതിനെക്കാൾ ദുരിതമാണ് ഞങ്ങൾ പേറുന്നത്. അതങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ നമുക്കൊരു കാര്യം ചെയ്യാം, പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഭംഗിയായി നടപ്പാക്കാനുള്ള ശ്രമം ആദ്യം നടത്താം. അത് പൂർണ്ണതയിൽ എത്തുമ്പോൾ ബാക്കി കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

# VI. സബ്മിഷൻ

## (1) യൂണിവേഴ്സിറ്റി ജീവനക്കാർക്കെതിരെയുള്ള നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാലറി ചലഞ്ചിനെതിരെ വൈസ് ചാൻസലർക്ക് തുറന്ന കത്തെഴുതി എന്നാരോപിച്ച് കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷൻ ഭാരവാഹികൾക്കെതിരെ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ കാരണംകാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. പ്രളയ ദുരിതാശ്വാസത്തിനുള്ള തുക സ്വരൂപിക്കാൻ സർക്കാർ ജീവനക്കാർ ഒരു മാസത്തെ ശമ്പളം നൽകണമെന്ന മുഖ്യമന്ത്രിയുടെ ആവശ്യത്തെ നിരാകരിച്ചുകൊണ്ട് വൈസ് ചാൻസലർക്ക് തുറന്ന കത്തെഴുതിയത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് കാണിച്ചാണ് യൂണിവേഴ്സിറ്റി രജിസ്ട്രാർ കാരണംകാണിക്കൽ നോട്ടീസ് നൽകിയിരിക്കുന്നത്. കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷൻ ഭാരവാഹികൾക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണമാവശ്യപ്പെട്ടുകൊണ്ടാണ് രജിസ്ട്രാർ നോട്ടീസ് നൽകിയത്. സാലറി ചലഞ്ച് എന്നത് നിർബന്ധിതമായിട്ടുള്ള പിരിവ് പാടില്ലെന്ന് സുപ്രീംകോടതി തന്നെ പറഞ്ഞിട്ടുണ്ട്. സാലറി ചലഞ്ച് നിയമവിരുദ്ധമാണെന്ന ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർക്ക് കത്ത് നൽകിയെന്ന് ആരോപിച്ച് ഓർഗനൈസേഷൻ ഭാരവാഹികൾക്കെതിരെ നടപടിയെടുക്കാൻ ശ്രമിക്കുന്നത് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധിയുടെ അന്തഃസത്തയ്ക്ക് എതിരാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി രജിസ്ട്രാർ കൈക്കൊണ്ട ഈ നടപടി പിൻവലിക്കണമെന്ന് ഗവൺമെന്റിനോട്, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തെ തുടർന്ന് ഒരുപാട് നാശനഷ്ടങ്ങളുണ്ടായി. കേരളത്തിന് കരകയറാൻ പല വഴികൾ സർക്കാരും മുഖ്യമന്ത്രിയുമൊക്കെ ആലോചിക്കുകയും സാലറി ചലഞ്ചിന് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഭൂരിപക്ഷം സർക്കാർ ജീവനക്കാരും അതിൽ പങ്കാളികളായി. സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് 3-9-2018-ന് വൈസ് ചാൻസലർ കേരള സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകസംഘടനാനേതാക്കളുടെയും യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഏതാണ്ട് എല്ലാ അദ്ധ്യാപകസംഘടനകളും അന്ന് അതിനോട് യോജിപ്പാണ് പ്രകടിപ്പിച്ചത്. എന്നാൽ യോഗം കഴിഞ്ഞ് കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ കെ.യു.ടി.ഒ. എന്ന അദ്ധ്യാപക-ജീവനക്കാരുടെ സംഘടന വൈസ് ചാൻസലർക്ക് ഒരു തുറന്ന കത്തെന്ന പേരിൽ ഒരു നോട്ടീസ് പ്രസിദ്ധീകരിക്കുകയുണ്ടായി. സഭ്യതയുടെ സീമകൾ ലംഘിച്ചുകൊണ്ടുള്ള പദപ്രയോഗങ്ങളാണ് അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വൈസ് ചാൻസലർക്കും സാലറി ചലഞ്ചിനുമെതിരായി ഉപയോഗിച്ചത്. ഇത് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ അനുവർത്തിക്കേണ്ട അച്ചടക്കത്തിനും മാന്യതയ്ക്കും തീർത്തും എതിരാണെന്ന പൊതുഅഭിപ്രായം ഉയർന്നു. ഇതിനെത്തുടർന്ന് 28-9-2018-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം നോട്ടീസിലെ പരാമർശകാര്യങ്ങളിൽ അച്ചടക്കലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. വൈസ് ചാൻസലർ പരിശോധിച്ചതിനുശേഷം അച്ചടക്കലംഘനമുണ്ടെന്ന് കണ്ടെത്തുകയും ബന്ധപ്പെട്ടവർക്ക് മെമ്മോ നൽകാൻ തീരുമാനിക്കുകയുമാണുണ്ടായത്. ഇതുസംബന്ധിച്ച മറുപടി പരിശോധിക്കുമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുമാണ് സർവ്വകലാശാല അധികൃതർ അറിയിച്ചിട്ടുള്ളത്.

### (2) സി.സി.ടി.വി. ക്യാമറകളുടെ വൈദ്യുതി ബിൽ

ശ്രീ. വി. ജോയി: സർ, തിരുവനന്തപുരം റൂറൽ പോലീസ് സ്റ്റേഷനു കീഴിൽ നിലവിൽ 38 പോലീസ് സ്റ്റേഷനുകളാണുള്ളത്. തിരുവനന്തപുരം റൂറൽ ജില്ലയിലെ എം.എൽ.എ.-മാർ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ കൂടി സാന്നിദ്ധ്യത്തിൽ ഒരുമിച്ചിരുന്ന് ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനു തീരുമാനിക്കുകയും പോലീസ് സ്റ്റേഷൻ ബെയ്സ് ചെയ്ത് ജനകീയ കമ്മിറ്റികൾ ചേർന്ന് ഏതാണ്ട് ആയിരത്തിലധികം വരുന്ന സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തു. വ്യാപാരി വ്യവസായികൾ, നാട്ടിലെ പ്രമുഖരായിട്ടുള്ള വ്യക്തികളൊക്കെ ചേർന്നിട്ടാണ് അത് സ്ഥാപിച്ചത്. ഇതിന്റെ ഭാഗമായി ക്രൈം കുറയ്ക്കാൻ സാധിച്ചു. നിരവധി കേസുകൾ കണ്ടുപിടിക്കുന്നതിനും പോലീസിന് ഇത് സഹായകരമായി മാറിയിട്ടുണ്ട്. ഇപ്പോൾ നേരിടുന്ന ഒരു പ്രശ്നം, ഇതിന്റെ വൈദ്യുതി ചാർജ് അടയ്ക്കാനും മെയിന്റനൻസ് ചെയ്യാനും നിവൃത്തിയില്ലാത്ത സ്ഥിതിയാണ്.

അപ്പോൾ ഈ ക്യാമറകൾ പോലീസ് സ്റ്റേഷനിലേയ്ക്ക് ഹാൻഡ് ഓവർ ചെയ്യാനും അതിന്റെയടിസ്ഥാനത്തിൽ പരിപാലിക്കപ്പെടുന്നതിനും വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കാൻ കഴിയുമോയെന്നുള്ളതാണ്. ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ട്രീറ്റ് ലൈറ്റുകൾ ചെയ്യുന്നതുപോലെ ഇതിന്റെ മെയിന്റനൻസും വൈദ്യുതി ചാർജ്ജും അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചാൽ ഇവ ദീർഘകാലം നിലനിൽക്കുകയും സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും സാധിക്കും. ഇതിൽ അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ മാതൃകാപരമായ ഇടപെടലാണ് ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് പൊതുനിരത്തുകളിൽ ട്രാഫിക് നിരീക്ഷണത്തിനായി സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പരിപാലനവും വൈദ്യുതി ചാർജ് അടയ്ക്കേണ്ടതും അതാത് ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലാണ്. വ്യാപാര സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുനൽകുന്നയിടങ്ങളിൽ തുടർപരിപാലനം അവർ തന്നെയാണ് നിർവ്വഹിച്ചുവരുന്നത്. തിരുവനന്തപുരം റൂറൽ പോലീസ്, ജില്ലയിൽ 38 പോലീസ് സ്റ്റേഷൻ പരിധികളിലായി 1080 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ കടയ്ക്കാവൂർ, വട്ടപ്പാറ, കഠിനംകുളം, പൊന്മുടി പോലീസ് സ്റ്റേഷൻ പരിധികളിൽ സ്ഥാപിച്ചിട്ടുള്ള 50 ക്യാമറകളുടെ വൈദ്യുതിബിൽ പോലീസ് ഡിപ്പാർട്ട്മെന്റും 140 ക്യാമറകളുടെ വൈദ്യുതിബിൽ അതാത് ഗ്രാമപഞ്ചായത്തുകളും ബാക്കിയുള്ള 890 ക്യാമറകളുടെ വൈദ്യുതിബിൽ വ്യാപാരികളും ജനകീയസമിതികളും ചേർന്ന് അടയ്ക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് എങ്ങനെ പരിഹാരം കാണാമെന്ന് പരിശോധിക്കാം.

### (3) സെനറ്റ് തെരഞ്ഞെടുപ്പിലെ സംഘർഷം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഈ മാസം അഞ്ചാം തീയതി കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന വിദ്യാർത്ഥി സംഘർഷത്തോടനുബന്ധിച്ച് പുറത്തുനിന്നുള്ള ആളുകളുടെ ഇടപെടൽ മൂലമുണ്ടായ ഭീകരാന്തരീക്ഷത്തെ സംബന്ധിച്ചാണ് ഈ സബ്മിഷൻ.

വിദ്യാർത്ഥികളുടെ പ്രതിനിധികളെ സെനറ്റിലേയ്ക്ക് തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങളിൽ തർക്കമുണ്ടായപ്പോൾ വിദ്യാർത്ഥികൾ വഴക്കിന് ഒരുമ്പെട്ടു. എന്നാൽ പുറത്തുനിന്നുള്ള സായുധരായ ആളുകൾ ഇടപെട്ടപ്പോൾ അവിടെ സംഘർഷഭൂമിയായി മാറി. ഇന്ത്യയിലെ ഏറ്റവും തലയെടുപ്പുള്ള, ഗവേഷണത്തിനും ഉപരിപഠനത്തിനുമുള്ള ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റിയായ കൊച്ചിൻ യൂണിവേഴ്സിറ്റി ഇങ്ങനെയൊരു സംഘർഷഭൂമിയായി മാറുന്നത് വളരെ ദുഃഖകരമാണ്. ഒരു

സംഘടനയോടും പ്രത്യേകം താല്പര്യം കാണിക്കാതെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ പോലീസിന് നിർദ്ദേശം കൊടുക്കണം. മാത്രമല്ല, അവിടത്തെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്താനുള്ള നിർദ്ദേശവും യൂണിവേഴ്സിറ്റിക്ക് കൊടുക്കണം. ഈ സംഭവം വളരെ തൃപ്തികരമായ രീതിയിൽ അന്വേഷിച്ച് കുറ്റക്കാരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടന്ന വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 5-2-2019-ന് വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടായി. മലബാറീസ് ഗ്രൂപ്പ് എന്നറിയപ്പെടുന്നതും പ്രമുഖ വിദ്യാർത്ഥി യൂണിയനെ പിന്തുണയ്ക്കുന്നതുമായ അറുപതോളം വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയുടെ വക സഹാറ ഹോസ്റ്റലിന് സമീപം ബിയർ കുപ്പികൾ, സോഡാകുപ്പികൾ, കമ്പിവടികൾ എന്നിവ ശേഖരിച്ച് സംഘം ചേരുന്നതറിഞ്ഞ് മറു വിഭാഗത്തിൽപ്പെട്ട ഇരുപതോളം വിദ്യാർത്ഥികൾ അവിടെയെത്തുകയും ഇരുകൂട്ടരും തമ്മിൽ സംഘർഷമുണ്ടാവുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ അവിടെയെത്തുകയും എട്ടുപേരെ സ്ഥലത്തുനിന്ന് നീക്കം ചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൈം. 223/2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. മലബാറീസ് ഗ്രൂപ്പിൽപ്പെട്ട 60-ഓളം വിദ്യാർത്ഥികൾ സായുധരായി നിൽക്കുന്നതുകണ്ട് പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടിട്ടും അനുസരിക്കാതെ ഹോസ്റ്റലിന്റെ മുകളിൽ കയറി കയ്യിൽ കരുതിയിരുന്ന ബിയർ കുപ്പികളും സോഡാ കുപ്പികളും വലിച്ചെറിയുകയും ചെയ്തതിനാൽ 43 പേരെ നിയമപ്രകാരം അറസ്റ്റ് ചെയ്ത് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈംനമ്പർ 224/19 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു. തുടർസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ജാഗ്രതയോടുള്ള ഇടപെടലുകൾ നടത്താൻ പോലീസിന് നിർദ്ദേശം നൽകുകയും അക്കാര്യം യൂണിവേഴ്സിറ്റി അധികൃതരോട് പറഞ്ഞിട്ടുമുണ്ട്

## (4) താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടും ആവശ്യമായ ജീവനക്കാരും സൗകര്യങ്ങളും സംവിധാനങ്ങളും ഇപ്പോഴും അവിടെ ലഭ്യമായിട്ടില്ല. കാലിക്കട്ട് എയർപോർട്ടിന്റെ ഫസ്റ്റ് റഫറൽ ആശുപത്രിയാണിത്. ഇപ്പോഴും സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ മാത്രമാണുള്ളത്. താലൂക്കാശുപത്രി ആകുമ്പോൾ 36 ഡോക്ടർമാർ ആവശ്യമുള്ളിടത്ത് 10 ഡോക്ടർമാരും 32 പാരാമെഡിക്കൽ സ്റ്റാഫ് ആവശ്യമുള്ളിടത്ത് 4 പേരും 55 നഴ്സിംഗ് ജീവനക്കാർ വേണ്ടിടത്ത് 9 പേരും 12 ഓഫീസ് സ്റ്റാഫ് ആവശ്യമുള്ളിടത്ത് 5 പേരും മാത്രമാണുള്ളത്. കൊണ്ടോട്ടി ബ്ലോക്കിന് കീഴിൽ മറ്റൊരിടത്തും ഒരു സി.എച്ച്.സി. പോലുമില്ല. മൂന്നുലക്ഷം ജനങ്ങൾ താമസിക്കുന്ന താലൂക്ക് പരിധിയിലെ

രോഗികൾ ആശ്രയിക്കുന്നതും ദേശീയപാത 966-നും കോഴിക്കോടിനും ഇടയിലുമുള്ള ഏക സർക്കാർ ആശുപത്രികൂടിയാണിത്. ഇവിടെയൊരു കാഷ്വാലിറ്റി സംവിധാനംപോലും ഏർപ്പെടുത്താൻ കഴിയുന്നില്ല. ഈ ആശുപത്രിയിൽ ദിവസവും 1500-നടുത്ത് പാവപ്പെട്ട രോഗികളാണ് ഒ.പി.-യിൽ വരുന്നത്. കാലിക്കട്ട് എയർപോർട്ട് അതോറിറ്റി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ക്യാൻസർ നിർണ്ണയകേന്ദ്രത്തിന്റെ കെട്ടിടം പണിതെങ്കിലും ജീവനക്കാരും മറ്റ് സംവിധാനങ്ങളും അവിടെയില്ല. ഇതിന് സമഗ്രമായ മാറ്റം ആവശ്യമുണ്ട്. രാഷ്ട്രീയ-സാമൂഹിക-ഉദ്യോഗസ്ഥ രംഗങ്ങളിലെ പ്രമുഖർ കൂടിയിരുന്ന് ജനകീയസമിതി രൂപീകരിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പിന്നോക്ക പ്രദേശത്തുള്ള സർക്കാർ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി 20 കോടി രൂപയെങ്കിലും ആവശ്യമുണ്ട്. ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ 60 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് അടക്കമുള്ള പോസ്റ്റ് ക്രിയേറ്റ് ചെയ്ത് ജീവനക്കാരെ നിയമിച്ചുകൊണ്ട് ആവശ്യമായ മറ്റ് സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തണം. കഴിഞ്ഞമാസം വിദേശിയായ സഞ്ചാരി കോഴിക്കോട് എയർപോർട്ടിൽ കുഴഞ്ഞു വീണിട്ട് അവരെ കോഴിക്കോട്ടുള്ള ആശുപത്രിയിലാണ് കൊണ്ടുപോകേണ്ടി വന്നത്. ട്രാഫിക്ക് തടസ്സമുള്ളതുകൊണ്ട്, പ്രത്യേകിച്ച് ഇത്തരം സന്ദർഭങ്ങളിലൊക്കെ എയർപോർട്ടിന്റെ തന്നെ ഏറ്റവും ഫസ്റ്റ് റഫറൽ ഹോസ്പിറ്റൽ എന്നുള്ള നിലയിൽ മറ്റ് താലൂക്കാശുപത്രിയിൽ നിന്ന് വ്യത്യസ്തമായ പരിഗണന ഈ ആശുപത്രിക്ക് നൽകി പരാധീനതകൾ പരിഹരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും പരിമിതികളെല്ലാം മാറ്റിയെടുത്തുകൊണ്ട് ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനം നടത്തിയും അധികതസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവന ചെയ്യുന്നത്. അതിന്റെ ഭാഗമായി വളരെയേറെ തസ്തിക ഇപ്പോൾ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. എങ്കിലും എല്ലാ ആശുപത്രികളിലും ഇതുപോലുള്ള പോരായ്മകൾ നിലനിൽക്കുന്നതുകൊണ്ട് ഘട്ടംഘട്ടമായാണ് ഇതിനെയെല്ലാം മാറ്റിയെടുക്കാൻ സാധിക്കുന്നത്. സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ രൂപീകരിച്ച സാഹചര്യത്തിൽ കൊണ്ടോട്ടി സാമൂഹ്യാരോഗ്യ കേന്ദ്രത്തെ 23-1-2018-ലെ ഉത്തരവുപ്രകാരം ആരോഗ്യവകുപ്പ് താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തിയിരുന്നു. താലൂക്കാസ്ഥാന ആശുപത്രിയായ കൊണ്ടോട്ടിയിൽ നിലവിൽ 10 ഡോക്ടർമാർ, 16 നഴ്സുമാർ എന്നിവരുൾപ്പെടെ 52 ജീവനക്കാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളത്. ഈ ആശുപത്രിയിൽ ആംബുലൻസ്, ഡയാലിസിസ് സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് താലൂക്കാശുപത്രിയായി ഉയർത്തിയശേഷം നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ,

ഒരു ജൂനിയർ കൺസൾട്ടന്റ്, നാല് സ്റ്റാഫ് നഴ്സ്, ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിക്കഴിഞ്ഞു. ഇതിനുപുറമേ എൻ.എച്ച്.എം.-ൽ നിന്ന് രണ്ട് ഡോക്ടർമാരുടെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനവും അവിടെ നൽകിയിട്ടുണ്ട്. ആറ് മണിവരെ ഒ.പി. സമയം ദീർഘിപ്പിച്ചിട്ടുണ്ട്. മെഡിസിൻ വിതരണവും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. കാഷ്വാലിറ്റി പ്രവർത്തനങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾക്കായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇ.സി.ജി. അടക്കമുള്ള ഉപകരണങ്ങൾ വാങ്ങി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മൂന്നുകോടി രൂപയുടെ എസ്റ്റിമേറ്റ് പരിഗണിച്ച് 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും. അതോടൊപ്പം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രക്രിയയും നടന്നുവരികയാണ്. കൊണ്ടോട്ടി താലൂക്കാശുപത്രിയെ പടിപടിയായി നല്ലൊരു താലൂക്കാശുപത്രിയായി വളർത്തിയെടുക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

## (5) അപ്രോച്ച് റോഡിന് സ്ഥലമെടുക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, തിരക്കേറിയ തിരൂർ ടൗണിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന ചമ്രവട്ടം-കോഴിക്കോട് റോഡിലെ പ്രധാനപ്പെട്ട പാലമാണ് താഴെപ്പാലം. അപകടാവസ്ഥയിലായ ആ പാലം തകർന്നാൽ പിന്നെ വാഹനഗതാഗതം മൊത്തം താറുമാറാകുകയും പകരം മറ്റൊരു പാതയില്ലാത്തതുകൊണ്ട് അടിയന്തരപ്രാധാന്യം നൽകി റോഡ് സൈഡിൽത്തന്നെ പാലത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തു. അപ്രോച്ച് റോഡിന്റെ ഒരു ഭാഗത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റേ ഭാഗം പണി പൂർത്തിയാക്കാനായി അഞ്ച് സെന്റ് സ്ഥലംകൂടി ആവശ്യമുണ്ട്. അതിലേയ്ക്കായി ഗവൺമെന്റ് നടപടി സ്വീകരിക്കാൻ ശക്തമായി ഇടപെടുകയും രണ്ടുമൂന്ന് വർഷമായി ഇഴഞ്ഞുനീങ്ങി അവസാനം പ്രവൃത്തി പൂർത്തീകരിച്ചതുമാണ്. അത് അവിടത്തെ മീഡിയകളും പത്ര-മാധ്യമങ്ങളും വിഷയമാക്കുകയും ജനങ്ങളെല്ലാം ഒറ്റക്കെട്ടായി പറയുകയും നിരന്തരം ബി.ഡി.സി. ചർച്ച ചെയ്ത് അവസാനം ത്വരിതഗതിയിൽ നീക്കാൻ മുന്നോട്ട് വരികയും ചെയ്തു. അവിടെ സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്താനുള്ള സ്ഥലമില്ല. റോഡിനോട് ചേർന്നു നിൽക്കുന്ന സ്ഥലമാണ്. അതുകൊണ്ട് അതൊഴിവാക്കി കളക്ടർ ശക്തമായി നടപടിയെടുക്കുകയും നോട്ടിഫിക്കേഷൻ അടക്കമുള്ളവ വരികയും സ്ഥലം എടുക്കാൻ വേണ്ടി ഡി.എൽ.പി.സി. (ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി) കൂടാൻ നിൽക്കുന്ന ഘട്ടത്തിലാണ് ലാൻഡ് റവന്യൂ കമ്മീഷണറുടെ ഇടപെടലുണ്ടാകുന്നത്. സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്താതെ പറ്റില്ലെന്ന് പറഞ്ഞ് ഒരു കത്തും കൊടുത്തു. അത് നടത്താനുള്ള സ്ഥലമില്ല, ആകെ അഞ്ച് സെന്റ് സ്ഥലം മാത്രമാണുള്ളതെന്ന് കളക്ടർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുന്നതിനിടയിൽ കമ്മീഷണറുടെ

ഇടപെടൽ വന്നതുകൊണ്ട് മൊത്തം പ്രവൃത്തിയും തടസ്സപ്പെട്ടിരിക്കുകയാണ്. ഇനി ഇതെല്ലാം കഴിഞ്ഞുവരുമ്പോൾ ഒന്നുരണ്ട് വർഷമെടുക്കും. ടെണ്ടർ കൊടുത്ത് കോൺട്രാക്ടർ പകുതി പണി ചെയ്യുകയും അപ്രൂവ് ചെയ്ത കുറച്ചുഭാഗം ബാക്കിനിൽക്കുന്ന ഘട്ടത്തിൽ, അടിയന്തരപ്രാധാന്യം പരിഗണിച്ച് എത്രയുംപെട്ടെന്ന് ഇതിന്റെ പണി തീർക്കാൻ കളക്ടർക്ക് നിർദ്ദേശം കൊടുക്കണം. ഇത് അനാവശ്യമായ ഇടപെടലാണ്. ചില ഉദ്യോഗസ്ഥർ നിസ്സാര സാങ്കേതികകാരണം പറഞ്ഞ് തടസ്സം നിൽക്കുകയാണ്. എല്ലാ പണിയും കഴിഞ്ഞ് അപ്രോച്ച് റോഡിന് അഞ്ച് സെന്റ് സ്ഥലം മാത്രം എടുക്കുന്നതിന് കളക്ടർക്ക് കർശനമായ നിർദ്ദേശം കൊടുക്കണം, ഒരാഴ്ചകൊണ്ട് തീർത്താൽ മാത്രമേ പണി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മഴ വരുന്നതിന് മുമ്പ് പൂർത്തീകരിച്ചില്ലെങ്കിൽ അപകടം ഉണ്ടാകുമെന്നുള്ളതുകൊണ്ട് അടിയന്തരമായി അങ്ങ് ഇടപെട്ട് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, മലപ്പുറം ജില്ലയിലെ നിലവിലുള്ള തിരൂർ താഴെപ്പാലം അപകടാവസ്ഥയിലാണ്. ഈ പാതയിലൂടെയുള്ള ഗതാഗതം നിരോധിക്കുകയാണെങ്കിൽ പകരം മറ്റൊരു പാത നിലവിലില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടാകുമെന്ന് മലപ്പുറം കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താഴെപ്പാലം സമാന്തരപാലത്തിന്റെ അപ്രോച്ച് റോഡിനായി തിരൂർ താലൂക്കിലെ തിരൂർ വില്ലേജിലെ സർവ്വേ നമ്പർ 178/02-ലുൾപ്പെട്ട 0.0250 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 29-6-2018-ൽ സർക്കാർ ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഡയറക്ട് പർച്ചേസ് മുഖേനയോ അല്ലെങ്കിൽ നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേനയോ സ്ഥലം ഏറ്റെടുക്കാനാണ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നത്. ഡയറക്ട് പർച്ചേസിലൂടെയാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ 1961-ലെ സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ട് പ്രകാരം 6 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ച് ഡി.എൽ.എഫ്.സി.-കൂടി എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിന് വിധേയമായി ഭൂമിവില നിശ്ചയിച്ച് സ്ഥലം അർത്ഥനാധികാരിക്ക് നേരിട്ട് വാങ്ങാവുന്നതാണ്. നെഗോഷ്യേറ്റഡ് പർച്ചേസിലൂടെയാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ സ്റ്റേറ്റ് പോളിസിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ആദ്യം 4(1) നോട്ടിഫിക്കേഷൻ, അതിനുശേഷം 11(1) നോട്ടിഫിക്കേഷൻ, പിന്നീട് 19(1) പ്രഖ്യാപനം എന്നിവ പ്രസിദ്ധീകരിച്ചതിനുശേഷം സെക്ഷൻ 108 പ്രകാരം ഡി.എൽ.എഫ്.സി.-കൂടി എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിന് വിധേയമായി സ്ഥലം ഏറ്റെടുക്കാവുന്നതാണ്. ഇവിടെ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാനാണ് ജില്ലാകളക്ടർ നടപടി സ്വീകരിക്കുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ആൾതാമസമുള്ള വീടുകളോ മറ്റ് കെട്ടിടങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ 4(1) നോട്ടിഫിക്കേഷൻ

ഒഴിവാക്കി 4-12-2018-ലെ 367/2017 പ്രകാരം 11(1) നോട്ടിഫിക്കേഷൻ ജില്ലാകളക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് ഭൂമി വിട്ടുനൽകാൻ ഭൂവുടമകൾ തയ്യാറാകുന്നപക്ഷം ഡയറക്ട് പർച്ചേസ് പ്രകാരം മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭൂമി അർത്ഥനാധികാരികൾക്ക് തന്നെ നേരിട്ട് വാങ്ങാവുന്നതാണ്. അതിന് ഭൂവുടമകൾ തയ്യാറാകുന്നപക്ഷം അപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ജില്ലാ കളക്ടർക്ക് സ്വീകരിക്കാവുന്നതാണ്.

(6) തടയണ നിർമ്മാണം

ശ്രീ. പി. ഉണ്ണി: സർ, ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ തൂതപ്പുഴയിൽ മുണ്ടോർശ്ശിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ശ്രീകൃഷ്ണപുരം, പൂക്കോട്ടുകാവ്, വെള്ളിനേഴി, കടമ്പഴിപ്പുറം എന്നീ നാല് പഞ്ചായത്തുകളുടെ കുടിവെള്ള സ്രോതസ്സാണ് മുണ്ടോർശ്ശിക്കടവ്. അവിടെയിപ്പോൾ തടയണയില്ല, പാറക്കെട്ടുകളാണ് ഉള്ളത്. പാറക്കെട്ടുകളിൽ തടഞ്ഞുനിൽക്കുന്ന വെള്ളമാണ് പമ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. വെള്ളം സ്ഥിരമായി ലഭിക്കണമെങ്കിൽ അവിടെ തടയണ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഇതിനുവേണ്ടി 2018-19-ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി ഏത് ഇറിഗേഷന്റെ പരിധിയിലാണ് വരുന്നതെന്ന് ഇപ്പോഴും വ്യക്തമായിട്ടില്ല. മൈനർ ഇറിഗേഷനാണ് വെള്ളം പമ്പുചെയ്തുകൊണ്ടിരിക്കുന്നത്. കുടിവെള്ളത്തിന്റെ പ്രശ്നമായതുകൊണ്ട് അടിയന്തരമായി ഈ തടയണ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശ്രീകൃഷ്ണപുരത്ത് തൂതപ്പുഴയിൽ ഒരു സ്ഥിരം തടയണ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നിർമ്മാണം നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയെ ഏർപ്പെടുത്തുകയും മണ്ണ് പരിശോധന നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും 5.2 ലക്ഷം രൂപ നൽകുകയും ചെയ്തു. ഇതുപ്രകാരം മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭ്യമാകുകയും ഡിസൈൻ തയ്യാറാക്കുന്നതിന് ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്, എസ്റ്റിമേറ്റ് തുകയുടെ 0.75 ശതമാനം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നദിയുടെ സർവ്വേനടപടികൾ പൂർത്തിയാക്കിയതിന് കെ.എസ്.ഐ.ഡി.സി. 84,000 രൂപകൂടി ആവശ്യപ്പെടുകയും ചെയ്തു. ഈ തുക അനുവദിക്കുന്നതിനും പ്രസ്തുത തടയണ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ് എല്ലാ പ്രവൃത്തിയും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം നടത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (7) കുടിവെള്ള പദ്ധതികൾ

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, തിരുവനന്തപുരം ജില്ലയുടെ കുടിവെള്ള സ്രോതസ്സാണ് അരുവിക്കര നിയോജകമണ്ഡലം. അരുവിക്കര ഡാമും പേപ്പാറ ഡാമും പൂർണ്ണമായും എന്റെ നിയോജകമണ്ഡലത്തിലും നെയ്യാർ ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയ കുറ്റിച്ചൽ പഞ്ചായത്തിനോട് ചേർന്നുമാണുള്ളത്. കഴിഞ്ഞ കാലങ്ങളിൽ അവിടെ പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയും 2014-15 കാലഘട്ടത്തിൽ അതിന്റെ വർക്ക് തുടങ്ങുകയും ചെയ്തതാണ്. മലയോര മേഖലയുടെ വിതുര-തൊളിക്കോട് കുടിവെള്ള പദ്ധതിയുമുണ്ട്. വിതുര പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയുടെ ടെസ്റ്റ് റൺ കഴിഞ്ഞെങ്കിലും ഇതുവരെ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. തൊളിക്കോട് പഞ്ചായത്തിൽ ടാങ്കും മറ്റ് ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും സർക്കാരിന് രണ്ടാം ഘട്ടത്തിനുള്ള ഫണ്ടില്ലാത്തതുകൊണ്ട് ആ പദ്ധതിയും നിലച്ചിരിക്കുകയാണ്. അതുപോലെ കുറ്റിച്ചൽ പഞ്ചായത്തിനെയും പൂവച്ചൽ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ഏകദേശം 15 കോടി രൂപയുടെ മണ്ണൂർക്കര-പെരുങ്കുളം പദ്ധതിയും ഫണ്ടില്ലാത്തതുകൊണ്ട് നിലച്ചിരിക്കുകയാണ്. നെടുമങ്ങാട് മുനിസിപ്പാലിറ്റി-വെള്ളനാട് പഞ്ചായത്ത്, ആര്യനാട് പഞ്ചായത്ത്-ഉഴമലയ്ക്കൽ പഞ്ചായത്ത്, അരുവിക്കര പഞ്ചായത്ത്-കരകുളം പഞ്ചായത്ത് എന്നിവയെ ബന്ധിപ്പിക്കുന്ന പദ്ധതികൾ ഇപ്പോൾ ഡി.പി.ആർ. സ്റ്റേജിലാണ്. ഫണ്ടില്ലെന്ന് പറഞ്ഞതുകൊണ്ട് പുതിയ പദ്ധതികൾ ഡി.പി.ആർ. സ്റ്റേജിൽനിന്നും മുന്നോട്ടുപോയിട്ടില്ല. ഒരു ഘട്ടത്തിൽ കിഫ്ബിയിൽ ധാരാളം പണമുണ്ടെന്നും ഏത് പദ്ധതി വന്നാലും ഫണ്ട് നൽകുമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. സ്റ്റേറ്റ് പ്ലാനിൽ തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കാതെ പുതിയ പദ്ധതികൾ കിഫ്ബിയിൽ എടുക്കരുതെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. എന്റെ മണ്ഡലത്തിലേതുപോലെ 50 ശതമാനത്തിൽ കൂടുതൽ പൂർത്തിയായി നിലച്ചിരിക്കുന്ന പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. അതോടൊപ്പം ഡി.പി.ആർ. ആയിട്ടുള്ള പുതിയ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തി മുന്നോട്ടുപോകണം. ഇതിലുള്ള മറ്റൊരു പ്രശ്നം, തിരുവനന്തപുരത്തേയ്ക്ക് വെള്ളം കൊണ്ടുപോകാനായി അരുവിക്കര ഡാമിനോട് ചേർന്ന് അമൃത് സ്കീമിൽ 75 എം.എൽ.ഡി. പ്ലാന്റിന്റെ വർക്ക് കോർപ്പറേഷൻ തുടങ്ങിയിരിക്കുകയാണ്. അതുപോലെ കാപ്പുകാട് ആനപാർക്കിനോട് ചേർന്ന് 120 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിച്ച് അവിടെനിന്നും സിറ്റിയിലേയ്ക്ക് വെള്ളം കൊണ്ടുപോകുകയാണ്. അരുവിക്കര മണ്ഡലത്തിലെ അരുവിക്കര, കുറ്റിച്ചൽ, പൂവച്ചൽ പഞ്ചായത്തുകളിലെ പദ്ധതികളൊക്കെ പാതിവഴിയിൽ കിടക്കുമ്പോൾ സിറ്റിയിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്ന പദ്ധതികൾക്ക് പണം വരുന്നുണ്ട്, വർക്ക് തുടങ്ങും എന്നുള്ള വാദവും അവിടെ വ്യാപകമായുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ രണ്ട് സ്ഥലങ്ങളും സന്ദർശിക്കുകയും അരുവിക്കര മണ്ഡലത്തിലെ പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകി എത്രയുംവേഗം അതിനുള്ള ഫണ്ട് അനുവദിച്ച് പദ്ധതി പൂർത്തീകരണത്തിലേയ്ക്ക് എത്തിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പല സ്ഥലത്തും ടാങ്ക് നിർമ്മിക്കുകയും പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ജലവിതരണം നടത്തിയിട്ടില്ല. അതൊക്കെ പൂർത്തിയാക്കാനായി ഏകദേശം 3000 കോടി രൂപയോളം വേണ്ടിവരും. അതിനെങ്ങനെ ഫണ്ട് കണ്ടെത്തുമെന്നുള്ളത് എല്ലാവരുംകൂടി ആലോചിക്കേണ്ടതാണ്.

അരുവിക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 7 പ്രവൃത്തികൾക്കായി 455.05 ലക്ഷം രൂപയുടെ അടങ്കൽ നിർവ്വഹിച്ചുവരുന്നു.

| | | | |
|---|---|---|---|
| 1 | വെള്ളൂർക്കോണം പമ്പ് ഹൗസ് മുതൽ കൊറ്റമലവരെ | 92 ലക്ഷം രൂപ | പ്രവൃത്തി പൂർത്തിയായി |
| 2 | വെള്ളൂർക്കോണം പമ്പ് ഹൗസ് മുതൽ വടക്കേമല ടാങ്ക് വരെ | 46 ലക്ഷം രൂപ | പ്രവൃത്തി പൂർത്തിയായി |
| 3 | കുളക്കോട് പമ്പ് ഹൗസ് മുതൽ കുതിരകുളം ടാങ്കുവരെ | 87.17 ലക്ഷം രൂപ | ടെണ്ടർ ചെയ്തു |
| 4 | ശങ്കരമുഖം ഭാഗത്ത് നിലവിലെ 80 മില്ലി മീറ്റർ എ.സി. പൈപ്പ് മാറ്റി 110 മില്ലി മീറ്റർ പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | 17.5 ലക്ഷം രൂപ | ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു |
| 5 | ഫാർമേഴ്സ് ബാങ്ക് മുതൽ ജി.വി. രാജ സ്കൂൾ വരെ | 117.5 ലക്ഷം രൂപ | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ഇറയംകോട് മുതൽ ചെറിയകൊണ്ണി വരെ | 64.9 ലക്ഷം രൂപ | പ്രവൃത്തി പുരോഗമിക്കുന്നു |
| 7 | പുതുക്കുളങ്ങര മുതൽ മുണ്ടേല വരെ | 30.1 ലക്ഷം രൂപ | പ്രവൃത്തി ഏകദേശം പൂർത്തിയായി |

2. വിതുര-തൊളിക്കോട് പഞ്ചായത്തുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

ഒന്നാം ഘട്ടമായി 2010 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 24 കോടി രൂപ അനുവദിച്ച് 9.75 ദശലക്ഷം ലിറ്റർശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ച് വിതുര പഞ്ചായത്തിലെ താവക്കലിലും തൊളിക്കോട് പഞ്ചായത്തിലെ

തോട്ടുമുക്കിലും ജലസംഭരണികളും വിതുര പഞ്ചായത്തിൽ ജലവിതരണ ശൃംഖലയും സ്ഥാപിച്ച് ജലവിതരണം ഭാഗികമായി നടത്തിവരുന്നു. ജല ശുദ്ധീകരണശാലയിൽനിന്നും തോട്ടുമുക്കിലെ ജലസംഭരണിയിലേയ്ക്ക് ശുദ്ധജലം പമ്പ് ചെയ്യുന്നതിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3. മണ്ണൂർക്കര, വീരണകാവ്, പെരുംകുളം വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിലുൾപ്പെടുത്തി 2013-ൽ 2075 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 490 ലക്ഷം രൂപ ചെലവഴിച്ച് കിണറും റാ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ വലിയവിളയിലെ ഉപരിതല ജലസംഭരണിക്കാവശ്യമായ സ്ഥലമൊഴികെ ബാക്കിയുള്ള സ്ഥലങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. ജലസംഭരണിക്ക് ആവശ്യമായ സ്ഥലലഭ്യത ഉറപ്പായാൽ മാത്രമേ ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുകയുള്ളൂ.

4. 50 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി സർവ്വേ നടപടികൾ പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. 80 കോടി രൂപയുടെ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ള നെടുമങ്ങാട് മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണവും വെള്ളനാട് പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും തയ്യാറാക്കി വരുന്നു. ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ 50 സെന്റ് ഭൂമി കൊറ്റമലയിൽനിന്നും 20 സെന്റ് ഭൂമി കുളക്കോടുനിന്നും ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവൂ.

6. കരമന നദി സ്രോതസ്സായുള്ള അരുവിക്കര, കരകുളം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ നടത്തിവരുന്നു.

കൂടാതെ ഈ മാസം 11-ാം തീയതി ആ പ്രദേശം സന്ദർശിക്കാനായി ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് തന്നിട്ടുണ്ട്. അവിടെവച്ച് വിശദമായ ചർച്ച നടത്തി ഇതെങ്ങനെ പരിഹരിക്കാമെന്നുള്ള കാര്യം പരിശോധിക്കാം.

### (8) കലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിക്കൽ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ചലച്ചിത്ര വികസന കോർപ്പറേഷൻ ലാഭമുണ്ടാക്കാൻ മാത്രമുള്ള ഒരു സ്ഥാപനമല്ല. ഇടതുപക്ഷ സർക്കാർ നവകേരള സൃഷ്ടിയുടെ ആയിരംദിനാഘോഷത്തിന്റെ നിറവിലാണ്. ഇപ്പോൾ സാംസ്കാരികരംഗവും ഉണർവ്വിലാണ്. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയെ ഈയവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു.

കേരള ചലച്ചിത്ര വികസന കോർപ്പറേഷന്റെ സിനിമാ തിയേറ്ററുകളിൽ മുഖ്യധാരാ സിനിമകളും കോടി ക്ലബ്ബ് സിനിമകളും പ്രദർശിപ്പിക്കാനാണ് താല്പര്യം കാണിക്കുന്നത്. എല്ലാ കാലത്തും അതാണ് സ്ഥിതി. അതുകൊണ്ട് സർക്കാർ സബ്സിഡിയോടെ ലോൺ എടുത്ത് നിർമ്മിക്കുന്ന സിനിമകളും കലാമൂല്യമുള്ള സിനിമകളും പ്രദർശിപ്പിക്കാനാവശ്യമായ സൗകര്യങ്ങളുണ്ടാക്കണം. സർക്കാർ സബ്സിഡി കൊടുക്കുന്നതിന് അതിന്റെ ക്വാളിറ്റി പരിശോധിച്ച് പടം പ്രദർശിപ്പിക്കാനാവശ്യമായ ക്രമീകരണങ്ങളുണ്ടാകണം. 1989-ൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെ സഹായത്തോടെ ഞാൻ തിരക്കഥ എഴുതിയ "അനഘ" എന്ന സിനിമ പ്രദർശിപ്പിക്കാൻ വളരെ പ്രയാസപ്പെട്ടു. അവസാനം ശ്രീ. മഞ്ഞളാംകുഴി അലിയുടെ 'മാക് പ്രൊഡക്ഷൻ' ആണ് അത് പ്രദർശിപ്പിക്കാൻ സൗകര്യമുണ്ടാക്കിയത്. അതുകൊണ്ടുതന്നെ അന്ന് മത്സരത്തിൽ പങ്കെടുക്കാനും കഴിഞ്ഞു. എന്റെ സുഹൃത്തുക്കൾ പലരും തിയേറ്ററുകൾ കിട്ടാതെ വിഷമിക്കുന്ന അവസ്ഥയുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ തിയേറ്റർ തുടങ്ങുന്നതിനുമുമ്പ് ഞാനൊരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതിന്റെ വർക്കിലേയ്ക്ക് എത്തിയെന്നാണ് മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവത്തിൽ ഇക്കാര്യം പരിഗണിക്കുമെന്ന പ്രതീക്ഷയോടെയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സിനിമാ തിയേറ്ററുകളിൽ മുഖ്യധാരാ സിനിമകളോടൊപ്പംതന്നെ സമയദൈർഘ്യം കുറവുള്ള സിനിമകളും നവാഗതരുടെ സിനിമകളും കലാമൂല്യമുള്ള സിനിമകളും തിയേറ്റർ ലഭ്യതയ്ക്കനുസരിച്ച് ഇപ്പോൾ പ്രദർശിപ്പിക്കുന്നുണ്ട്. സ്വകാര്യ തിയേറ്ററുകൾ ഇപ്രകാരമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിൽ വിമുഖത കാണിക്കുമ്പോൾ ചലച്ചിത്രവികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ ഇത്തരം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഇപ്പോൾ നല്ല അവസരം നൽകുന്നുണ്ട്. തിയേറ്ററുകളുടെ മേന്മയേറിയ നടത്തിപ്പിനും മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതിനും കാലോചിതമായ ആധുനികവൽക്കരണത്തിനും ഓരോ മാസവും ഭീമമായ തുക കെ.എസ്.എഫ്.ഡി.സി.-ക്ക് ചെലവഴിക്കേണ്ടി വരുന്നുണ്ട്. തിയേറ്റർ പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണ് ഇതിനുള്ള തുക കണ്ടെത്തുന്നത്. അതുകൊണ്ട് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.എഫ്.ഡി.സി.-ക്ക് ഇത്തരം ചിത്രങ്ങൾ മാത്രം പ്രദർശിപ്പിച്ച് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ നടത്താൻ സാധിക്കില്ല. എന്നിരുന്നാലും സാമ്പത്തികനഷ്ടം

സഹിച്ച് കലാമൂല്യമുള്ള ചിത്രങ്ങൾ പരമാവധി പ്രദർശിപ്പിക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാണ്. ഈ രീതി തുടരുന്നതും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഇത്തരത്തിലുള്ള ചിത്രങ്ങൾ കൂടുതലായി പ്രദർശിപ്പിക്കുന്നതുമാണ്.

## (9) ആദിവാസി പുനരുദ്ധാരണ പദ്ധതികൾ

ശ്രീ. ഇ. കെ. വിജയൻ: സർ, ആദിവാസി സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട് ഒരു സമഗ്ര വികസനപദ്ധതി ആവിഷ്കരിച്ചിരുന്നു. നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെയും നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെയും പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി, വായാട് എന്നീ കോളനികൾ ഇതിൽപ്പെട്ടതാണ്. 2015-16 സാമ്പത്തികവർഷത്തെ പദ്ധതിയിൽ ഇതാരംഭിച്ചുവെങ്കിലും നാളിതുവരെ അതിന്റെ പ്രവർത്തനത്തിന്റെ 25 ശതമാനം പോലും പൂർത്തീകരിക്കാതെ അനുവദിച്ച തുകയുടെ ഏകദേശം 50 ശതമാനം തുക പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടി. (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) കൈപ്പറ്റിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഉരുൾപൊട്ടൽ മേഖലയായ ഇവിടത്തെ ഗതാഗതയോഗ്യമല്ലാത്ത റോഡിനും വാസയോഗ്യമല്ലാത്ത വീടിനും കുടിവെള്ള പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം ഉടനടി കാണേണ്ടതുണ്ട്. പ്രസ്തുത പദ്ധതി നിലനിൽക്കുന്നതിനാൽ മറ്റൊരു വികസനപദ്ധതിയും ഇവിടെ സാദ്ധ്യമല്ല. പദ്ധതി പൂർത്തീകരിക്കാൻ ഞാൻ നിരവധി പ്രാദേശിക ഊരുകൂട്ടയോഗവും ജില്ലാ അവലോകന യോഗവും വിളിച്ചുചേർത്ത് വിഷയം ഉന്നയിച്ചിരുന്നു. കൂടാതെ 2018 സെപ്റ്റംബർ മാസം നാദാപുരം റെസ്റ്റ് ഹൗസിൽ എഫ്.ഐ.ടി. ഉദ്യോഗസ്ഥരും ട്രൈബൽ ഡിപ്പാർട്ട്മെന്റ് കരാറുകാരനും ത്രിതലപഞ്ചായത്ത് ജനപ്രതിനിധികളും ചേർന്ന് അവലോകനം നടത്തി. എഫ്.ഐ.ടി.-യുടെ ഭാഗത്തുനിന്ന് കുറ്റകരമായ അനാസ്ഥയാണ് ഈ കാര്യത്തിലുണ്ടായിട്ടുള്ളത്. ഇതിന്റെ പശ്ചാത്തലത്തിൽ 2019 ജനുവരി ആദ്യവാരത്തിൽ പണി പൂർത്തീകരിക്കാമെന്ന് ഉറപ്പുനൽകിയതാണ്. എന്നാൽ ഈ സമൂഹത്തിന് പണിയായുധങ്ങൾ വിതരണം ചെയ്തതല്ലാതെ യാതൊരു നിർമ്മാണപ്രവൃത്തികളും നടത്തിയിട്ടില്ല. തുടർന്ന് വിവിധ കോണുകളിൽനിന്നും അതിരൂക്ഷമായ പരാതികൾ ഉയർന്നപ്പോൾ എന്റെ നേതൃത്വത്തിൽ ജില്ലാകളക്ടർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ സ്ഥലം സന്ദർശിക്കുകയും ഊരുകൂട്ടത്തിൽവച്ച് വിഷയം അവലോകനം നടത്തി മാർച്ച് മാസത്തിനകം പണി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ പറഞ്ഞെങ്കിലും ഇപ്പോഴും ആശങ്കയുളവാക്കുന്ന രീതിയിലാണ് പ്രവർത്തനം മുന്നോട്ടുപോകുന്നത്. അതിന്റെ സാദ്ധ്യത വകുപ്പ് നേരിട്ട് വിലയിരുത്തി പണി വേഗം പൂർത്തീകരിക്കാൻവേണ്ട നടപടികൾ

സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പം എഫ്.ഐ.ടി. ആദിവാസി സമൂഹത്തോട് കാണിക്കുന്ന കുറ്റകരമായ പ്രവർത്തനം അന്വേഷിക്കാനുള്ള നടപടി കൂടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി, നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ പന്നിയേരി, വായാട് എന്നീ കോളനികളുടെ സമഗ്ര വികസന പദ്ധതി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. 2015-16 സാമ്പത്തികവർഷത്തിലെ പട്ടികവർഗ്ഗ സങ്കേത വികസന പദ്ധതിയിൽ അഡീഷണൽ ട്രൈബൽ സബ് പ്ലാൻ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ മേൽപ്പറഞ്ഞ നാല് പട്ടികവർഗ്ഗ കോളനികളെയാണ് തെരഞ്ഞെടുത്തത്. കേരള സർക്കാർ സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. കുറ്റല്ലൂർ കോളനിയുടെ വികസനത്തിനായി അടങ്കൽ തുകയായ രണ്ടുകോടി എണ്ണായിരം രൂപയിൽ ഇതുവരെയായി ഒരു കോടി നാൽപ്പത്തി ഏഴ് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പന്നിയേരി കോളനിയുടെ വികസനത്തിനുള്ള അടങ്കൽ തുക ഒരു കോടി എഴുപത് ലക്ഷം രൂപയിൽ അൻപത്തി ഒന്ന് ലക്ഷത്തി എഴുപത്തിമൂവായിരം രൂപയും ചെലവഴിച്ചിട്ടുണ്ട്. മാടഞ്ചേരി കോളനിയുടെ വികസനത്തിനായി അടങ്കൽ തുകയായ രണ്ടു കോടി രണ്ടായിരം രൂപയിൽ നാൽപ്പത്തിയാറ് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വായാട് കോളനിയിൽ അടങ്കൽ തുകയുടെ ഒരു കോടി പതിനാറ് ലക്ഷം രൂപയുടെ പദ്ധതി ആരംഭിച്ചിട്ടില്ല. ഇതിലെ പ്രധാനപ്പെട്ട പദ്ധതി കുടിവെള്ള പദ്ധതിയാണ്. ഊരുകൂട്ട തീരുമാനപ്രകാരം സൈറ്റ് മാറ്റേണ്ടി വന്നതാണ് ഇത് വൈകിപ്പോകാൻ കാരണം. പുതുക്കിയ എസ്റ്റിമേറ്റ് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പണി ഉടൻ ആരംഭിക്കുന്നതാണ്. മേൽപ്പറഞ്ഞ കോളനികളുടെ പദ്ധതികളിൽ ഊരുകൂട്ടത്തിന്റെ പുതിയ ചില നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. എഫ്.ഐ.ടി. സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ.-ന് ഉടനെ അംഗീകാരം നൽകുന്നതാണ്. എഫ്.ഐ.ടി.-യുമായി ബന്ധപ്പെട്ട് മെമ്പർ സൂചിപ്പിച്ച കാര്യം ശരിയാണ്. ഒരു ഏജൻസിയെന്നുള്ള നിലയിൽ അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ കുറച്ച് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു റിവ്യൂ മീറ്റിംഗ് വിളിച്ചതിനുശേഷം കുറച്ച് പുരോഗതി ഉണ്ടായതാണ്. അക്കാര്യത്തിൽ ശക്തമായിട്ടുള്ള നടപടികൾ ഇനിയുമുണ്ടാകും. ജില്ലാകളക്ടർ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റി പ്രവൃത്തികൾ

വിലയിരുത്തിയതിനുശേഷമാണ് നിർവ്വഹണ ഏജൻസിക്ക് തുക അനുവദിച്ചുവരുന്നത്. 2019 മാർച്ച് 31-ന് മുമ്പായി എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് എം.എൽ.എ., ജില്ലാ കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനപ്രകാരം പ്രവൃത്തികൾ ഇപ്പോൾ മുന്നോട്ടുപോകുകയാണ്.

(10) തീരദേശ ഹൈവേ

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടാണ് തീരദേശപാത ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കാൻ പോകുന്നത്. തീരദേശപാതയുടെ അലൈൻമെന്റ് ആദ്യം തയ്യാറാക്കുമ്പോൾ നെയ്യാറിന്റെ ഭാഗത്തു വന്ന് അവസാനിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇക്കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടി തീരദേശ എം.എൽ.എ.-മാരുടെ യോഗം വിളിച്ചപ്പോൾ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയും നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിന്റെ ഭാഗമായിട്ടുള്ള പൊഴിയൂർ-കൊല്ലംകോട് വരെ തീരദേശപാത നീട്ടുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് പറയുകയും ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട അലൈൻമെന്റുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയണം. അതോടൊപ്പംതന്നെ പൊഴിയൂരിൽ പ്രഖ്യാപിക്കപ്പെട്ട ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതിനാൽ അടിയന്തരമായി അലൈൻമെന്റ് തുടങ്ങി ആ പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, തീരദേശ ഹൈവേ തിരുവനന്തപുരമടക്കം 9 ജില്ലകളിൽക്കൂടിയാണ് കടന്നുപോകുന്നത്. വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളും മറ്റ് നിരവധി ചെറിയ തുറമുഖങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്. ഇതിൽ 651 കിലോമീറ്ററിന് 6,500 കോടി രൂപ കിഫ്ബിവഴി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം നാഷണൽ ഹൈവേ അതോറിറ്റിക്കാണ്. 2018 സെപ്റ്റംബർ 28-ന് ചേർന്ന യോഗത്തിൽ ഞാനും കിഫ്ബിയുടെ സി.ഇ.ഒ. ശ്രീ. കെ. എ. അബ്രഹാമും പങ്കെടുത്തിരുന്നു. 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാപ്പ് ഉൾപ്പെടുത്തി 14 മീറ്റർ വീതി വേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിൽ കുറവുള്ള ഡി.പി.ആർ.-ഒന്നും അംഗീകരിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ കിട്ടിയ ഡി.പി.ആർ. പ്രകാരം ഒരു സ്ട്രെച്ചിനുമാത്രമേ അനുവാദം കൊടുക്കാനുള്ള വീതിയുള്ളൂ; ബാക്കിയൊന്നും ആയിട്ടില്ല. ശ്രീ. കെ. ആൻസലൻ പറഞ്ഞതുപോലെ 2018 ഡിസംബർ 3-ന് തീരദേശപാതയുടെ അലൈൻമെന്റ് സംബന്ധിച്ച് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ യോഗം നിയമസഭാമന്ദിരത്തിൽ വച്ച് ചേരുകയും 14 മീറ്റർ വീതിയിൽ സ്ഥലമെടുക്കാനുള്ള പ്രവർത്തനം ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. നേരത്തെ പൂവാർ വരെ മാത്രമാണ് ഉണ്ടായിരുന്നതെങ്കിലും പിന്നീട്

സംസ്ഥാനത്തിന്റെ അങ്ങേയറ്റം, തമിഴ്നാടിന്റെ ബോർഡർ പൊഴിയൂർ-കൊല്ലംകോട് പാത വരെ ദീർഘിപ്പിക്കുന്നതിനും അതിനുള്ള സാധ്യതാപഠനം നടത്തുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സാധ്യതാപഠനം നടത്തുന്ന മുറയ്ക്ക് അതിന്റെ അലൈൻമെന്റ് അവിടേയ്ക്ക് ദീർഘിപ്പിക്കുന്നതാണ്.

### (11) സഞ്ചയ സോഫ്റ്റ്‍വെയറിലെ പിഴവുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വീട്ടുനികുതി പിരിവുമായി ബന്ധപ്പെട്ട് വലിയൊരു പ്രതിസന്ധി ഉടലെടുത്തിരിക്കുകയാണ്. 2017-18 വരെയുള്ള നികുതി 100 ശതമാനം പിരിച്ചെടുക്കുകയും അതിന് സഹായിച്ച ഉദ്യോഗസ്ഥർക്ക് അവാർഡുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അത്തരം പഞ്ചായത്തുകൾ ഉൾപ്പെടെ 2013 മുതലുള്ള വീട്ടുനികുതിയും കുടിശ്ശികയും പിഴപ്പലിശയും ഈടാക്കാവുന്ന തരത്തിലാണ് ഇൻഫർമേഷൻ കേരള മിഷൻ സഞ്ചയ സോഫ്റ്റ്‍വെയർ തയ്യാറാക്കിയിട്ടുള്ളത്. അതിൻപ്രകാരമുള്ള നോട്ടീസുകൾ കെട്ടിട ഉടമകൾക്ക് നൽകിവരികയാണ്. അത്തരം നോട്ടീസ് പ്രകാരമുള്ള തുക പകുതിയും പിരിച്ച് പഞ്ചായത്തിന് കൊടുത്തതാണെന്ന് വീട്ടുടമകൾക്ക് അറിയാമെങ്കിലും അവർക്കിടയിൽ സംഘർഷം സൃഷ്ടിക്കത്തക്ക രീതിയിൽ ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‍വെയറിൽ വൻതോതിലുള്ള തെറ്റുകൾ വരുത്തിയിരിക്കുകയാണ്. സർക്കാരിനെയും ജനങ്ങളെയും തമ്മിലടിപ്പിക്കുന്ന രീതിയിൽ ഇപ്രകാരം ചെയ്ത ഇൻഫർമേഷൻ കേരള മിഷൻ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. 1999-ൽ സ്ഥാപിതമായി ഇരുപത് വർഷമായിട്ടും ഐ.കെ.എം.-ന് എങ്ങനെയാണ് തങ്ങളുടെ പ്രവൃത്തി നിർവ്വഹിക്കേണ്ടതെന്ന് പഠിക്കാൻ കഴിയാത്തൊരവസ്ഥയാണുള്ളത്. വിവരസാങ്കേതികവിദ്യ കൈകാര്യം ചെയ്യാൻ ഇന്നും കഴിയാത്ത ഐ.കെ.എം.-നെ നിലനിർത്തുന്നതിൽ അർത്ഥമില്ല. ജനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഈ ഊരാക്കുടുക്കിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടി 2017-18 മുതൽ പിരിക്കേണ്ടുന്ന നികുതി കുടിശ്ശികമാത്രം പിരിച്ചെടുക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. 2015-ലെ നികുതി വർദ്ധനവ് സംബന്ധിച്ച 27-4-2015-ലെ 144-ാം നമ്പർ സർക്കാർ ഉത്തരവും അതിന് സ്പഷ്ടീകരണം വരുത്തിക്കൊണ്ട് 16-12-2015-ൽ ഇറക്കിയ 358-ാം നമ്പർ സർക്കാർ ഉത്തരവും മനസ്സിലാക്കാൻ കഴിയാത്തവരും സോഫ്റ്റ്‍വെയർ കൈകാര്യം ചെയ്യാൻ അറിയാത്തവരും ചേർന്നാണ് ജനങ്ങൾക്കും പഞ്ചായത്തിനും സർക്കാരിനും ഇപ്പോൾ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇൻഫർമേഷൻ കേരള മിഷൻ കുടിശ്ശിക സംബന്ധിച്ച് സർക്കാരിന് നൽകിയിട്ടുള്ള കണക്കുകൾ പൂർണ്ണമായും കളവും ഗണിതശാസ്ത്രം അറിയാത്തവർ തയ്യാറാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഐ.കെ.എം.-ന് സംഭവിച്ച പിഴവുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും നാട്ടുകാരും ഇപ്പോൾ ശിക്ഷിക്കപ്പെടുകയാണ്. ആകയാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് ഇതിനാവശ്യമായ ഉത്തരവ് നൽകണമെന്ന് അപേക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2013-ൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിന്യസിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ച സഞ്ചയ സപ്പോർട്ട് സെല്ലിന്റെ നിർദ്ദേശങ്ങൾ പാലിച്ചാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളതും കാലാകാലങ്ങളിൽ മാറ്റം വരുത്തിയിട്ടുള്ളതും. സോഫ്റ്റ്‌വെയറിൽ നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫീൽഡുതല പരിശോധനനടത്തി ശേഖരിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും നികുതി പരിഷ്കരണം നടപ്പിൽവരുത്തി ഡിമാന്റ് നോട്ടീസുകൾ തയ്യാറാക്കുകയും ചെയ്യുന്നു. തുടർന്ന് ചില വിഭാഗം കെട്ടിടങ്ങളുടെ നികുതിഘടനയിൽ മാറ്റംവരുത്തി സർക്കാർ 2015-ൽ പുറപ്പെടുവിച്ച ഉത്തരവുകളനുസരിച്ച് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുകയുണ്ടായി. 2013-ൽ സോഫ്റ്റ്‌വെയർ തയ്യാറാക്കിയെങ്കിലും 2016 മുതലാണ് നഗരസഭകൾ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. 2011-ലെ വസ്തു നികുതി ചട്ടങ്ങൾ പ്രകാരവും 2013-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരവും 2013 മുതൽ അഞ്ച് വർഷക്കാലത്തേയ്ക്കാണ് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി കണക്കാക്കുന്നത്. 2016-ൽ വിവരങ്ങൾ രേഖപ്പെടുത്തിയതിനാലും നിലവിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ തന്നെ സോഫ്റ്റ്‌വെയർ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതാണ്. 2016 വരെ നഗരസഭകൾ annual rental value അടിസ്ഥാനത്തിലുള്ള നികുതി സ്വീകരിച്ചിരുന്നതിനാലാണ് നഗരസഭകളിൽ നികുതിയിനത്തിൽ കുടിശ്ശികയുണ്ടാകുന്നത്. ഇത് സോഫ്റ്റ്‌വെയർ തകരാർമൂലമല്ല. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ച് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുണ്ടായ കാലതാമസംമൂലമാണ് നഗരസഭാ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വസ്തു നികുതിയിനത്തിൽ കുടിശ്ശികയുണ്ടായിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ ഒരിക്കൽ രേഖപ്പെടുത്തി അപ്രൂവ് ചെയ്ത ചില വിവരങ്ങൾ തെറ്റാണെന്നും ആകയാൽ അത് തിരുത്തുവാൻ സൗകര്യം ലഭ്യമാക്കണ മെന്നുമാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽനിന്നും നിരവധി അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഈ തെറ്റുകൾ തിരുത്തുന്നതിന് അവസരം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് ഡാറ്റാ പ്യൂരിഫിക്കേഷൻ നടപ്പിൽ വരുത്തിയത്. ഇത്തരത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നിലവിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ തിരുത്തി ശരിയായ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ നികുതിയിൽ മാറ്റം വരുന്നുണ്ട്. 2013 മുതൽ പ്രാബല്യത്തിലാണ് സോഫ്റ്റ്‌വെയറിൽ നികുതി നിശ്ചയിക്കുന്നത്. അതത് സമയത്ത് രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിക്കുന്നത്. 2013-ലോ അതിനുശേഷമോ രേഖപ്പെടുത്തിയ തെറ്റായ വിവരങ്ങൾ തിരുത്തി ഇപ്പോൾ ശരിയായ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ നികുതി

വർദ്ധനവുണ്ടാകുന്നുവെങ്കിൽ ആയതിന് 2013 മുതൽ പ്രാബല്യം നികുതിദായകൻ മുൻ ഡിമാന്റ് പ്രകാരം അടവ് വരുത്തിയിട്ടുള്ള തുകയിൽ അധികരിച്ചിട്ടുള്ള തുക കുടിശ്ശികയായി കണക്കാക്കുകയും ചെയ്യും. സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡാറ്റയിൽ തിരുത്തൽ വരുത്തുന്നതുമൂലം നികുതിയിൽ കുറവ് വരികയോ വർദ്ധനവ് വരികയോ ചെയ്യുന്നത് സോഫ്റ്റ്‌വെയർ തകരാറ് കൊണ്ടല്ല. അതത് സമയത്ത് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സോഫ്റ്റ്‌വെയർ നികുതി നിർണ്ണയിച്ചിട്ടുള്ളത്. നിലവിൽ വസ്തു നികുതി ചട്ടങ്ങളുടെയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയം സോഫ്റ്റ്‌വെയറിൽ നടത്തുന്നത്. ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന കാരണങ്ങളാലാണ് കുടിശ്ശിക വന്നിരിക്കുന്നത്:

(1) സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ, ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി വരുത്തിയിട്ടുള്ള തിരുത്തലുകൾ;

(2) നികുതി ദായകർ മാന്വലായി അടച്ചിട്ടുള്ള നികുതി രസീതുകളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതിന്റെ ഭാഗമായി;

(3) മുൻകാല നികുതി ഡിമാന്റുകൾ പഞ്ചായത്തുകൾ താൽക്കാലികമായി സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കി പിന്നീട് പുന:സ്ഥാപിക്കുകയും ചെയ്തതിന്റെ ഫലമായി;

(4) 2015-നുമുമ്പ് ഓഫീസ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ സോഫ്റ്റ്‌വെയർ കാൽക്കുലേഷനിൽ വന്നിട്ടുള്ള തകരാറുമൂലം.

2017-18 സാമ്പത്തികവർഷം വരെയുള്ള നികുതി പൂർണ്ണമായും അടവാക്കിയിട്ടുള്ള നികുതിദായകർക്ക് വീണ്ടും നികുതി കുടിശ്ശിക അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ടാക്കുന്നതിനാൽ 2017-18 വരെയുള്ള നികുതി പൂർണ്ണമായും അടവാക്കിയിട്ടുള്ള നികുതിദായകർക്ക് പ്യൂരിഫിക്കേഷൻമൂലമുണ്ടായിട്ടുള്ള നികുതി വർദ്ധനവ് കുടിശ്ശിക തുക ഒറ്റത്തവണ ഒഴിവാക്കി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

ഐ.കെ.എം. സ്വാഭാവികമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏറെ സഹായിക്കുന്ന സ്ഥാപനങ്ങളിൽ ഒന്നാണ്. അതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും വൈകല്യമുണ്ടെങ്കിൽ പരിശോധിക്കുന്നതിൽ സർക്കാരിന് യാതൊരു വിരോധവുമില്ല. പക്ഷെ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ കാര്യത്തിൽ സംഭവിച്ച കാര്യങ്ങൾ ഞാൻ മുകളിൽ പറഞ്ഞതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(12) തൊഴിൽ ചൂഷണം

ശ്രീ. പി. കെ. ശശി: സർ, അൺ-എയ്ഡഡ് സ്കൂളുകളുടെ പ്രശ്നം പല തവണ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അൺ-എയ്ഡഡ് സ്കൂളുകളിൽ രണ്ട് ലക്ഷത്തിലധികം വരുന്ന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തൊഴിൽ സുരക്ഷിതത്വവും ശമ്പളവും നിയമപരമായിട്ടുള്ള എല്ലാ പരിരക്ഷയും ഉറപ്പുവരുത്താനാവശ്യമായ സമഗ്രമായ നിയമനിർമ്മാണം നടത്തണമെന്നതാണ് ഈ സബ്മിഷന്റെ കാതൽ. പത്തുപതിനഞ്ച് വർഷക്കാലം സർവ്വീസും നല്ല വിദ്യാഭ്യാസയോഗ്യതയും അയ്യായിരത്തിനും പതിനായിരത്തിനുമിടയിൽ ശമ്പളം വാങ്ങുന്നവരുമാണ് മഹാഭൂരിപക്ഷം അദ്ധ്യാപകരും. മാത്രമല്ല, ഒരു തൊഴിൽ നിയമവും ഈ രംഗത്ത് ബാധകമല്ല. കെ.ഇ.ആർ.-ൽ ഇത്തരം സ്കൂളുകളുണ്ടെന്ന് അംഗീകരിച്ചിട്ടുണ്ട്. പക്ഷെ അദ്ധ്യാപകർക്ക് ന്യായമായ ശമ്പളമോ ലീവ് ആനുകൂല്യങ്ങളോ കിട്ടുന്നില്ല. കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് സ്കീം നിലവിലുള്ള സ്കൂളുകളിൽപ്പോലും മാനേജ്മെന്റുകളുടെ വിഹിതം അദ്ധ്യാപകർ കൊടുക്കേണ്ട അവസ്ഥയാണുള്ളത്. ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കണം. പത്തും പതിനഞ്ചും കൊല്ലം സർവ്വീസുള്ള അദ്ധ്യാപകർ പിരിഞ്ഞുപോകുമ്പോൾ റിട്ടയർമെന്റ് ബെനിഫിറ്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളൊന്നും കൊടുക്കുന്നില്ല. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാനും മിനിമം വേതനം ഉറപ്പുവരുത്താനും അതിനുപുറമേ ക്ഷേമനിധിയും കൂടി നടപ്പിലാക്കാൻ കഴിയത്തക്ക രൂപത്തിൽ തൊഴിലിന് സംരക്ഷണം കൊടുക്കുന്നതിന് സമഗ്രമായൊരു നിയമനിർമ്മാണം അടുത്ത സഭാസമ്മേളനത്തിലെങ്കിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇതേ വിഷയത്തിൽ ഇതിനുമുമ്പും സബ്മിഷനുകൾ അവതരിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു നിയമനിർമ്മാണം നടത്തുന്നതിന് കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ-എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന പേരിലുള്ള കരട് ബില്ലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും നിയമ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു. അതിനായി ഒരു സബ്കമ്മിറ്റി 10-9-2018-ൽ രൂപീകരിച്ചിട്ടുണ്ട്; ആയത് ഉടൻതന്നെ പരിഗണിക്കുന്നതാണ്.

12.00 (Noon)

(13) പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരാണ് സ്കൂൾ പാചകത്തൊഴിലാളികൾ. ഇപ്പോൾ ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക പദ്ധതിവഴി പ്രഭാതഭക്ഷണം നൽകുന്ന നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ട്. 500 കുട്ടികൾക്ക് ഒരു തൊഴിലാളി എന്ന അനുപാതത്തിലാണ് നിലവിലുള്ള സംവിധാനം. ഭക്ഷണം പാചകം ചെയ്താൽ മാത്രംപോര, മറ്റ് അനുബന്ധ ജോലികളും വിദ്യാലയ ശുചിത്വപ്രവർത്തനങ്ങളുമൊക്കെ നടത്തി കടുത്ത അദ്ധ്വാനഭാരം ചുമലിലേറ്റുന്നവരാണിവർ. വിദ്യാലയങ്ങളിൽ നടക്കുന്ന ആഘോഷങ്ങളും മറ്റ് വിശേഷ ദിനാചരണങ്ങളുമൊക്കെ ഇവരുടെ അദ്ധ്വാനഭാരം വീണ്ടും ഇരട്ടിപ്പിക്കുന്ന സ്ഥിതിയാണ്. മനുഷ്യസാധ്യമല്ലാത്ത ജോലി ഇവരിൽ കെട്ടിയേൽപ്പിക്കുന്നതുമൂലം കിട്ടുന്ന തുച്ഛമായ വേതനം പകുത്ത് ഇവരൊരു സഹായിയെക്കൂടി വയ്ക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. 2012-വരെ ഇവർക്ക് പ്രതിദിനം 150 രൂപ കൂലിയായി ലഭിച്ചിരുന്നു. ഇപ്പോൾ പ്രതിദിനം 400 രൂപയാണ് ലഭിക്കുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വീണ്ടും വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ട്. 2016 ആഗസ്റ്റ് മാസത്തിൽ പാചകത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ മിനിമംകൂലി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇടതുപക്ഷ സർക്കാരിന്റെ ആദ്യ രണ്ട് ബഡ്ജറ്റിലും 75 രൂപയുടെ പ്രതിദിന വേതന വർദ്ധനവ് പ്രഖ്യാപിച്ചു. കൂടാതെ അവധിക്കാല അലവൻസും പ്രഖ്യാപിച്ചു. അതൊക്കെ തൊഴിലാളികൾ സഹർഷം സ്വാഗതം ചെയ്തു. എന്നാൽ വർഷം രണ്ട് കഴിഞ്ഞിട്ടും പ്രഖ്യാപിച്ച മിനിമംകൂലി വർദ്ധനവും മിനിമംകൂലി വിജ്ഞാപനവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഖേദകരമാണ്. ഈ സമീപനം തൊഴിലാളികളിൽ വ്യാപക പ്രതിഷേധമുണ്ടാക്കിയിട്ടുണ്ട്. 2016 ആഗസ്റ്റ് മുതൽ പാചകത്തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മിനിമംകൂലി നടപ്പിലാക്കണമെന്നും പാചകത്തൊഴിലാളികളെ പാർട്ട് ടൈം ജീവനക്കാരായി പരിഗണിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഉച്ചഭക്ഷണ പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ 13669 പാചകത്തൊഴിലാളികൾ സേവനമനുഷ്ഠിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉച്ചഭക്ഷണ പദ്ധതിയിൽ പാചകത്തൊഴിലാളികൾക്ക് കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് പ്രതിമാസം നിഷ്കർഷിക്കുന്നത് മിനിമം 600 രൂപയാണ്. സംസ്ഥാന വിഹിതമായി 400 രൂപകൂടി ചേർത്ത് പ്രതിമാസം 1,000 രൂപയാണ് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഒട്ടുമിക്ക

സംസ്ഥാനങ്ങളിലും ഈ നിരക്കിലാണ് വേതനം നൽകിവരുന്നത്. എന്നാൽ 5-6-2016-ലെ സർക്കാർ ഉത്തരവുപ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളിൽ പാചകത്തൊഴിലാളികളുടെ കുറഞ്ഞ ദിവസവേതനം 400 രൂപയായും 150-ൽ കൂടുതലുള്ള കുട്ടികളുടെ എണ്ണം കണക്കാക്കി പരമാവധി ദിവസവേതനം 475 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം പ്രതിമാസം കുറഞ്ഞത് 8000 രൂപ മുതൽ 9500 രൂപ വരെ കേരളത്തിലെ പാചകത്തൊഴിലാളികൾക്ക് ലഭിച്ചുവരുന്നു. സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചകത്തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 8-8-2016-ലെ ഉത്തരവുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. 2019-20 ബഡ്ജറ്റിൽ പാചകത്തൊഴിലാളികളുടെ ദിവസവേതനം 500 രൂപയാക്കി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്.

### (14) കൺവെയൻസ് അലവൻസ് അനുവദിക്കൽ

ശ്രീ. എ. എം. ആരിഫ് : സർ, അരൂർ മണ്ഡലത്തിൽ പെരുമ്പളം പഞ്ചായത്ത്, കാക്കത്തുരുത്ത്, അഞ്ചുതുരുത്ത് തുടങ്ങി നിരവധി ദ്വീപുകളുണ്ട്. ദ്വീപ് പ്രദേശങ്ങളിലേയ്ക്കുള്ള പൊതുമരാത്ത്, എൽ.എസ്.ജി.ഡി., ഹാർബർ എഞ്ചിനീയറിംഗ്, ഇറിഗേഷൻ, വാട്ടർ റിസോഴ്സസ് തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് ടെണ്ടർ ചെയ്താലും നിർമ്മാണസാമഗ്രികൾ ഈ പ്രദേശങ്ങളിൽ എത്തിക്കുന്നതിനുള്ള ചെലവ് താങ്ങാവുന്നതിലും അധികമാണ്. ഒരു ലോഡ് മെറ്റീരിയൽസ് ജങ്കാറിൽ ഇറക്കുന്നതിന് 300-ഉം 400-ഉം രൂപയിലധികം കടത്തുകൂലിയായി കൊടുത്താൽമാത്രമേ ഇവ സ്ഥലങ്ങളിൽ എത്തിച്ചേരുകയുള്ളൂ. അതുകൊണ്ടുതന്നെ പല പ്രാവശ്യം ടെണ്ടർ ചെയ്താലും കോൺട്രാക്ടർമാർ പണിയേറ്റെടുക്കുന്നതിന് തയ്യാറാകുന്നില്ല. ദ്വീപ് പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ പലകാരണങ്ങളാൽ വർഷങ്ങളായി തടസ്സപ്പെട്ടു കിടക്കുകയാണ്. അതിനാൽ ഈ ദ്വീപ് പ്രദേശങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക്, കുട്ടനാട് പ്രദേശങ്ങളിൽ അനുവദിച്ചിട്ടുള്ളതുപോലെ അധിക കൺവെയൻസ് അലവൻസ് എസ്റ്റിമേറ്റ് ഘട്ടത്തിൽതന്നെ ഉയർത്തുന്നതിന് കോസ്റ്റ് ഇൻഡക്സ് നിരക്കുകൾ പുനഃക്രമീകരിക്കാൻ തയ്യാറാകണം. എല്ലാ വകുപ്പുകൾക്കും ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയാൽ മാത്രമേ എസ്റ്റിമേറ്റ് ഘട്ടത്തിൽ കൺവെയൻസ് എക്സ്പെൻസ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. അതിന് എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശം നൽകി ഉത്തരവുണ്ടാകണമെന്നുള്ളതാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പ്രത്യേക ഭൂപ്രകൃതിയുള്ള മേഖലകളായ 11 ദ്വീപ് പ്രദേശങ്ങൾക്ക് അനുവദിച്ചതുപോലെ അരൂർ മണ്ഡലത്തിലെ പെരുമ്പളം, കാക്കത്തുരുത്ത്, അഞ്ചുതുരുത്ത് തുടങ്ങിയ ദ്വീപ് പ്രദേശങ്ങൾക്ക് അധിക ലോറി കൺവെയൻസും ബോട്ട് കൺവെയൻസും പ്രത്യേക കേസ്സായി പരിഗണിച്ച് അനുവദിക്കുന്നതാണ്. ടി പ്രദേശങ്ങൾക്ക് ബാധകമായ യഥാർത്ഥ ലോറി കൺവെയൻസും ബോട്ട് കൺവെയൻസും തയ്യാറാക്കുന്നതിനും ആയത് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

## (15) ഫിഷിംഗ് ഹാർബർ

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന വെള്ളയിൽ പ്രദേശത്ത് ഒരു മത്സ്യബന്ധന തുറമുഖം വേണമെന്ന ആവശ്യം ഒരുപാട് കാലങ്ങളായിട്ടുള്ളതാണ്. ഈ ആവശ്യം പരിഗണിച്ചാണ് ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്ന കാലത്ത് അതിന്റെ സാധ്യതാപഠനത്തിനായി ഭരണാനുമതി നൽകിയത്. സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ, പൂനെ (CWPRS, Pune) എന്ന സ്ഥാപനമാണ് വെള്ളയിൽ ഹാർബറിനെ സംബന്ധിച്ച സാധ്യതാപഠനം നടത്തിയതും അതിന്റെ പുലിമുട്ടുകളുടെ നീളം എത്രയായിരിക്കണം; അവ തമ്മിലുള്ള അകലം എത്രയായിരിക്കണം; അതിന്റെ ലേ ഔട്ട് തുടങ്ങിയവ സംബന്ധിച്ച് തീരുമാനിച്ചതും 2014-ൽ ഈ ഹാർബറിന്റെ നിർമ്മാണം ആരംഭിച്ചു. അതിന്റെ നിർമ്മാണത്തിനായി ഇതുവരെ ഏതാണ്ട് 41 കോടി രൂപയോളം ചെലവഴിച്ചുകഴിഞ്ഞു. CWPRS, Pune -യുടെ മാതൃകാപഠനം ശിപാർശ ചെയ്തവിധത്തിലാണ് ഹാർബറിന്റെ പുലിമുട്ടുകളുടെ നിർമ്മാണം നടത്തിയത്. എന്നാൽ ഹാർബർ ബെയ്സിന് ഈ മാതൃകാപഠനം വിഭാവന ചെയ്ത രീതിയിലുള്ള ശാന്തത കൈവരുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കടലിന്റെ ശാന്തതയില്ലായ്മ കാരണം അവിടെ കൊണ്ടുചെന്നിടുന്ന മത്സ്യബന്ധന യാനങ്ങൾ തകർന്നുപോകുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. CWPRS തയ്യാറാക്കിയതിലെ ഡിസൈനിംഗിലെ പിഴവാണ് ഈ പ്രശ്നത്തിന് കാരണമെന്നാണ് മനസ്സിലാക്കുന്നത്. 41 കോടി രൂപ ചെലവഴിച്ച് ഈ ഹാർബർ നിർമ്മിച്ചിട്ട് ഒരു പ്രയോജനവും ഇതേവരെ ലഭിച്ചിട്ടില്ല. ഈ പിഴവ് പരിഹരിക്കുന്നതിന് വീണ്ടും ഇതേ CWPRS, Pune-യെ തന്നെ ചുമതലപ്പെടുത്തി, അതിന്റെ ഭാഗമായി അവർ വീണ്ടും പഠനം നടത്തുകയും പുലിമുട്ടിന് 490 മീറ്റർ നീളം കൂട്ടാനുള്ള പുതിയ ശിപാർശ കൊണ്ടുവരികയും ചെയ്തു. അതിന് 22 കോടി രൂപ വേണമെന്നാണ് തിട്ടപ്പെടുത്തിയത്. ആ തുക ലഭിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം ആരംഭിച്ചിട്ട് കുറേ നാളായി. ഇതുവരെ അതിനുള്ള തുക ലഭ്യമായിട്ടില്ല. അതുകൊണ്ട് ഇതിന്റെ തുടർന്നുള്ള നിർമ്മാണം

രണ്ടുവർഷത്തോളമായി നിലച്ച നിലയിലാണ്. നബാർഡിൽനിന്നും ഫണ്ട് ലഭിച്ചതിനാൽ കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തി നടക്കുന്നുണ്ടെന്നത് ഒഴിച്ചാൽ വെള്ളയിൽ മത്സ്യബന്ധന തുറമുഖം അക്ഷരാർത്ഥത്തിൽ പ്രവർത്തനരഹിതമാണ്. അതുകൊണ്ട് വെള്ളയിൽ ഹാർബറിന്റെ പ്രാധാന്യം പരിഗണിച്ച് വളരെ പെട്ടെന്നുതന്നെ അതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കി, വെള്ളയിൽ ഹാർബർ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, CWPRS, Pune നടത്തിയ മോഡൽ സ്റ്റഡിയുടെ അടിസ്ഥാനത്തിലാണ് വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നിർമ്മാണം നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ 750 മീറ്റർ നീളമുള്ള തെക്കേ പുലിമുട്ടും 530 മീറ്റർ നീളമുള്ള വടക്കേ പുലിമുട്ടുമാണ് നിർമ്മിച്ചിരുന്നത്. പുലിമുട്ടുകൾ നിർമ്മിച്ചതിനുശേഷവും മൺസൂൺകാലത്ത് ബെയ്സിനുള്ളിൽ ആവശ്യമായ ട്രയാൻക്വിലിറ്റി ലഭ്യമാകാതിരിക്കുകയും കൂടുതൽ തിരയിളക്കം അനുഭവപ്പെടുകയും ബോട്ടുകൾ ബെർത്ത് ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തതിനാൽ വീണ്ടും CWPRS-നെത്തന്നെ മോഡൽ സ്റ്റഡിക്ക് ചുമതലപ്പെടുത്തിയപ്പോൾ അവരിപ്പോൾ പുതിയ റിപ്പോർട്ടാണ് തന്നിരിക്കുന്നത്. 490 മീറ്റർ കൂടി നീളം വർദ്ധിപ്പിക്കണമെന്നാണ് ശിപാർശ ചെയ്തിരിക്കുന്നത്. അതനുസരിച്ച് 85.61 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് നൽകിയിരിക്കുകയാണ്. ഒരു ഹാർബറുകൾക്കും സഹായം നൽകേണ്ടതില്ലെന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് എടുത്തിരിക്കുന്നത്. കേന്ദ്രസഹായം ലഭിക്കാത്ത സാഹചര്യത്തിൽ നബാർഡിന് പ്രൊപ്പോസൽ സമർപ്പിച്ചു. ഇക്കാര്യത്തിൽ നബാർഡിന്റെ സാമ്പത്തികാംഗീകാരം കിട്ടാത്തതിനാൽ 2019-20 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നതടക്കം, ബാക്കി ഭാഗം ചെയ്യുന്നതിന് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അതിനാവശ്യമായ നടപടിക്രമങ്ങൾ കൈക്കൊള്ളുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VII. റിപ്പോർട്ടുകളുടെ സമർപ്പണം

(1) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിരണ്ടു മുതൽ നാൽപ്പത്തി അഞ്ചുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിരണ്ടു മുതൽ നാൽപ്പത്തി അഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിമൂന്നു മുതൽ മുപ്പത്തി ആറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിമൂന്നു മുതൽ മുപ്പത്തി ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII. ക്രമപ്രശ്നം

(1) വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയിൽ വിതരണം ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, അതീവ ഗുരുതരമായ വിഷയമാണിത്. ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമായ "Discussion and voting on the Vote on Account for the Financial Year 2019-2020" ചർച്ച ചെയ്യാൻ പോകുകയാണ്. ഈ സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ 301-ാം ഖണ്ഡികയിൽ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇന്നലെ അദ്ദേഹം നടത്തിയ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾമൂലം ഈ ഫിഗറിലെല്ലാം വലിയ മാറ്റം വന്നിരിക്കുകയാണ്. ഇടുക്കി പദ്ധതിക്കുവേണ്ടി 5,000 കോടി രൂപയടക്കം, അപ്രായോഗികമായ നിർദ്ദേശങ്ങൾ അടക്കമുള്ള ചെലവ് കണക്കുകളും പ്രളയ സെസ്സിന്റെ പിരിവ് നീട്ടിവച്ചതുമടക്കം ബഡ്ജറ്റ് എസ്റ്റിമേറ്റ് അയഥാർത്ഥ്യമായിരിക്കുകയാണ്. ഇന്നലെ അദ്ദേഹം വായിച്ച കണക്കിന്റെ രേഖാമൂലമുള്ള സ്റ്റേറ്റ്മെന്റ് ഞങ്ങൾക്ക് നൽകേണ്ടതായിരുന്നു. അത് ഞങ്ങൾ ഇന്നലത്തെ കവറിൽ പ്രതീക്ഷിച്ചു, കണ്ടില്ല. ഇന്ന് രാവിലെ സഭയിലും നൽകിയില്ല. വോട്ട് ഓൺ അക്കൗണ്ട് ചർച്ചയാരംഭിക്കുന്ന സമയത്തുപോലും ഏത് തുകയുടെ വോട്ട് ഓൺ അക്കൗണ്ടാണ് ചർച്ചചെയ്യാൻ പോകുന്നത്, ഏത് അക്കൗണ്ടിലാണ് വോട്ട് ചെയ്യാൻ പോകുന്നതെന്ന് പ്രജ്ഞയില്ലാതെയാണ് ചർച്ച നടക്കാൻ പോകുന്നത്. വളരെ vague ആണ്, സഭയോടുള്ള വലിയ അവഹേളനമാണ്. അതുകൊണ്ട് അങ്ങ് ഇടപെടണം. ഞാൻ ഖേദപൂർവ്വം പറയട്ടെ, ഇത് മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. അദ്ദേഹം ഹോംവർക്ക് ചെയ്യാതെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഘടനയിൽ വലിയ മാറ്റം വന്നിരിക്കുകയാണ്. പ്രളയസെസ് പിരിക്കുന്നത് മാറ്റിവച്ചുവെന്നത് അദ്ദേഹത്തിന് ഈ കാര്യങ്ങൾ ആലോചിക്കാനുള്ള ദീർഘവീക്ഷണമുണ്ടായില്ല

എന്നതിന്റെ തെളിവാണ്, ഇത് നിർഭാഗ്യകരമാണ്. അതുകൊണ്ട് ചർച്ചയ്ക്കുമുമ്പായി സഭയിൽ ഞങ്ങൾ വോട്ട് ചെയ്യേണ്ട അക്കൗണ്ട് സംബന്ധിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റ് വയ്ക്കുവാൻ അങ്ങ് നിർദ്ദേശം കൊടുക്കണം. ഈ നടപടി ശരിയല്ല, മേലിൽ ഇതാവർത്തിക്കാൻ പാടില്ല. അങ്ങ് ദയവായി റൂൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മറുപടി പ്രസംഗത്തിൽ ഇത്തരത്തിൽ മാറ്റം വരാറുണ്ട്, വന്ന മാറ്റങ്ങളെല്ലാം ഇന്നലെ ഇവിടെ പ്രസന്റ് ചെയ്തിട്ടുള്ളതാണ്. പക്ഷേ ഞാൻ ഇതുവരെ പിറ്റേദിവസം സ്റ്റേറ്റ്മെന്റ് സഭയിൽ സർക്കുലേറ്റ് ചെയ്തിട്ടില്ല. എത്രയുംപെട്ടെന്ന് സർക്കുലേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം. മെമ്പർമാർക്ക് വേണമെങ്കിൽ സ്റ്റേറ്റ്മെന്റ് കൊടുക്കാം, അത് പ്രയാസമില്ലാത്ത കാര്യമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ദേഹം പ്രതിപക്ഷത്തിരിക്കുമ്പോൾ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിൽ ഉണ്ടായ മാറ്റങ്ങളും ഭേദഗതികളും സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് വയ്ക്കാത്തതിനെപ്പറ്റി വിമർശിച്ചതാണ്. അങ്ങ് സീറ്റ് മാറുമ്പോൾ അഭിപ്രായം മാറരുത്. വേണമെങ്കിൽ സ്റ്റേറ്റ്മെന്റ് കൊടുക്കാം എന്നാണോ പറയേണ്ടത്? പറ്റിയ വീഴ്ച അഡ്മിറ്റ് ചെയ്യണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇത് നടപടി ചട്ടങ്ങളിൽ വളരെ വ്യക്തമായി പറയുന്നതാണ്. ബഡ്ജറ്റിന് മറുപടി പറയുന്ന സന്ദർഭത്തിൽ എല്ലാ ധനകാര്യ വകുപ്പുമന്ത്രിമാരും അങ്ങനെ ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നത് സ്വാഭാവികമാണ്. പക്ഷേ അതിന്റെ റിട്ടൺ സ്റ്റേറ്റ്മെന്റ് സഭാംഗങ്ങൾക്ക് ഇന്നലെത്തന്നെ വിതരണം ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ഇന്ന് രാവിലെ ലഭ്യമാക്കേണ്ടതായിരുന്നു. നമ്മൾ ഏതിനുവേണ്ടിയാണ് വോട്ട് ചെയ്യേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തണം. വേണമെങ്കിൽ തരാമെന്ന് പറഞ്ഞത് ശരിയായില്ല. ഇപ്പോൾ തന്നെ സർക്കുലേറ്റ് ചെയ്യാനുള്ള നിർദ്ദേശം അങ്ങ് കൊടുക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്തിനാണ് വോട്ട് ചെയ്യാൻ പോകുന്നതെന്ന് ചോദിച്ചുകഴിഞ്ഞാൽ ഇവിടെ വിശദമായി വോട്ട് ഓൺ അക്കൗണ്ട് ഏതൊക്കെ ഇനത്തിൽ, ഏതൊക്ക ഹെഡ്ഡിൽ, എത്ര വീതം എന്ന് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അത് സഭയുടെ രേഖയിലുണ്ട്. ഇവിടെ പറഞ്ഞകാര്യം, ഇതുവരെയുള്ള എന്റെ അനുഭവത്തിൽ, മറുപടി പ്രസംഗത്തിൽ വന്ന മാറ്റങ്ങൾ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടില്ല. എന്താണ് മാറ്റം വന്നതെന്ന് പറയണമെന്ന് ആവശ്യപ്പെട്ടു. ഈ വിഷയം എന്റെ ആദ്യത്തെ ബഡ്ജറ്റിലും മാണിസാർ ചോദിച്ചിട്ടുണ്ട്. അന്ന് എനിക്കതിനെക്കുറിച്ച് വേണ്ടത്ര പിടിപാടില്ലാത്തതുകൊണ്ട് ഉണ്ടായ സന്ദർഭം എന്തെന്ന് എല്ലാവർക്കും ഓർമ്മയുണ്ടാകും. അല്ലാതെ നിങ്ങൾ പറയുന്ന രീതിയിലുള്ള പരാമർശമൊന്നും അവിടെയിരുന്ന് ഞാൻ നടത്തിയിട്ടില്ല. സഭാരേഖകൾ നോക്കാവുന്നതാണ്. അങ്ങ് എന്ത് റൂളിംഗ് നൽകിയാലും അതനുസരിച്ച് ചെയ്യാം.

മി. സ്പീക്കർ: ബഡ്ജറ്റിന്റെ സമാപന പ്രസംഗത്തിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതും പുതിയ കാര്യമല്ല. പക്ഷേ അത് സമയത്തുതന്നെ സഭയെ അറിയിക്കണമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് എത്രയുംപെട്ടെന്ന് സ്റ്റേറ്റ്മെന്റ് സഭയിൽ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

(2) രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ, അങ്ങയുടെ ക്രമപ്രശ്നം ഉന്നയിച്ചു കഴിഞ്ഞതല്ലേ?

ശ്രീ. എം. ഉമ്മർ: സർ, ഇത് പുതിയ വിഷയമാണ്. ക്രമപശ്നം എന്നുള്ളത് അസുഖകരമായ ഓർമ്മപ്പെടുത്തലുകളാണ്. മുമ്പ് അവതരിപ്പിച്ചതാണ്, എങ്കിലും ഇപ്പോൾ അവതരിപ്പിക്കുകയല്ല, തെറ്റുകൾ കാണുമ്പോൾ ചൂണ്ടിക്കാണിക്കുക എന്നുള്ളതാണ്.

മി. സ്പീക്കർ: അങ്ങ് നേരത്തെ ഉന്നയിച്ചതിന്റെ റൂളിംഗ് പെൻഡിംഗിലാണ്. ആ ഓർമ്മയിലാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. ഉമ്മർ: സർ, അന്ന് പറഞ്ഞ ക്രമപ്രശ്നത്തിന്റെ റൂളിംഗ് പെൻഡിംഗാണ്. ഇത് പുതിയതാണ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236 (5) പ്രകാരം സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനയുടെ പരിശോധനയെ സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്ട് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻ ആ സാമ്പത്തികവർഷം കഴിഞ്ഞ ഉടനെയോ അല്ലെങ്കിൽ സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം വരുന്ന നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. മാത്രമല്ല, ചട്ടം 236 (6) പ്രകാരം "ഒരു വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തനറിപ്പോർട്ട് സാമ്പത്തികവർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിൻപല്ലാതെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്". എന്നാൽ പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 30-1-2019-ന് സഭയുടെ മേശപ്പുറത്തുവച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വർഷങ്ങൾക്ക് മുമ്പുള്ളതാണ്. ഉദാഹരണത്തിന്, സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് 2012-13 വർഷത്തേതാണ്. സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് 2014-15 വർഷത്തേതാണ്. സബ്ജക്ട് കമ്മിറ്റി I-ന്റെ 2015-16 വർഷത്തേതാണ്. സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട് 2014-15, 2015-16 വർഷങ്ങളിലേതാണ്. ബാക്കിയുള്ള സബ്ജക്ട് കമ്മിറ്റികളൊക്കെ കൃത്യമായി റിപ്പോർട്ട് വച്ചിട്ടുണ്ട്; അങ്ങയുടെ റൂളിംഗ് കുറേ ഗുണഫലമുണ്ടായിട്ടുണ്ട് എന്നുള്ളതും ഞാനിവിടെ പറയുകയാണ്. അങ്ങ് കഴിഞ്ഞ പ്രാവശ്യം റൂൾ ചെയ്തതിലെ ഒരു വരി ഞാൻ വായിക്കാം. "ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ

പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ആവിഷ്കരിക്കണമെന്നും ഇതുസംബന്ധിച്ച് വ്യക്തമായൊരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു" എന്നാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ട് ഇതുവരെ സഭയിൽ വച്ചിട്ടില്ല. മാത്രമല്ല, ഇതിനും മറുപടി പറയുന്നത് ബന്ധപ്പെട്ട മന്ത്രിമാർക്കുവേണ്ടി ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയാണ്. ആ റിപ്പോർട്ട് ഒരു മാസത്തിനകം വയ്ക്കണമെന്ന അങ്ങയുടെ റൂളിംഗും അതോടൊപ്പം തന്നെ ഇത് ആവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റുകൾക്കെതിരായി വീണ്ടും ശക്തമായ ഇടപെടലും നടത്തണമെന്നുള്ളതാണ് എന്റെ ആവശ്യം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതേ കാര്യംതന്നെ ശ്രീ. എം. ഉമ്മർ 22-3-2018-ന് ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിന്റെ ഭാഗമായി ശക്തമായ ചില നിലപാടുകൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)-ലും 236(6)-ലും പറയുന്ന കാര്യങ്ങൾ comply ചെയ്യുന്നതിൽ കുറേ പുരോഗതി ഉണ്ടായിട്ടുണ്ട്. അന്ന് ഈ ക്രമപ്രശ്നം ഉന്നയിക്കുന്ന സമയത്ത് 2010-ലേതടക്കം പെൻഡിംഗിലായിരുന്നു. ഇപ്പോൾ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനുള്ള പെൻഡിംഗായിട്ടുള്ള എല്ലാ റിപ്പോർട്ടുകളും അടിയന്തരമായി നിയമസഭയിൽ ലഭ്യമാക്കണമെന്ന പാർലമെന്ററികാര്യ വകുപ്പുസെക്രട്ടറിയുടെ കത്ത് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ഇതിനകം കൊടുത്തിട്ടുണ്ട്. ഇത് കാലാകാലമായി വരുന്ന ഒരു പ്രതിഭാസമാണെങ്കിലും പരിഹരിക്കുന്നതിനുള്ള ശക്തമായിട്ടുള്ള ഇടപെടൽ ഇപ്പോൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. തുടർന്ന് വീഴ്ചകൾ വരാതിരിക്കുന്നതിനുള്ള ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതായിരിക്കും.

## റൂളിംഗ്

മി. സ്പീക്കർ: ഇതേവിഷയം 2018 മാർച്ച് മാസം 22-ാം തീയതി ബഹുമാനപ്പെട്ട അംഗം ശ്രീ. ഉമ്മർതന്നെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിനെ സംബന്ധിക്കുന്ന രേഖകളും ഒരു വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ ചെലവിന്മേലുള്ള വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കണമെന്നത് നിർബന്ധമായ കാര്യം തന്നെയാണ്. ഇതു സംബന്ധിച്ച് ചെയറിൽ നിന്നുണ്ടായ വ്യക്തമായ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചതായി മനസ്സിലാക്കുന്നു, വലിയമാറ്റങ്ങളുള്ളതായും കാണുന്നുണ്ട്. അക്കാര്യം പാർലമെന്ററികാര്യ വകുപ്പുമന്ത്രിതന്നെ

ഇവിടെ വിശദീകരിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട വിഷയം പരിഹരിക്കുന്ന കാര്യത്തിൽ സർക്കാർതലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഇനിയും ഒറ്റപ്പെട്ട കേസുകളിൽ കാലതാമസം ഉണ്ടാകുന്നുവെന്നതുകൂടി പരിഹരിക്കപ്പെടേണ്ടതുണ്ട്.

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും ബന്ധപ്പെട്ട ഉത്തരവാദികളെ ഫിക്സ് ചെയ്യുന്ന നിലയിൽ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയി കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടികൾ എല്ലാ വകുപ്പുകളിലും ശ്രമിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ ലംഘനം സംബന്ധിച്ച് 5-2-2019-ന് അവതരിപ്പിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗ്

മി. സ്പീക്കർ: 5-2-2019-ൽ ശ്രീ. എം. ഉമ്മർ, റൂൾ 303 പ്രകാരം അവതരിപ്പിച്ച ക്രമപ്രശ്നത്തെ സംബന്ധിച്ച റൂളിംഗ് പരിശോധിച്ച് പറയാമെന്നാണ് അന്ന് പറഞ്ഞിരുന്നത്.

2019 ജനുവരി 31-ാം തീയതി 2019-20 വർഷത്തെ ബഡ്ജറ്റ് രേഖകൾ സഭയിൽ സമർപ്പിക്കപ്പെട്ടപ്പോൾ സംഭവിച്ച അപാകത നിമിത്തം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിലെ 3-ാം വകുപ്പിലെ വ്യവസ്ഥകളും 2005-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങളിലെ ചട്ടം 9-ലെ വ്യവസ്ഥകളും ലംഘിക്കപ്പെടുകയുണ്ടായെന്നും അതുമൂലം എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി പാലിക്കപ്പെട്ടില്ലെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും വ്യക്തമായ റൂളിംഗ് വേണമെന്നുമാണ് ഫെബ്രുവരി 5-ാം തീയതിയിലെ തന്റെ ക്രമപ്രശ്നത്തിലൂടെ ശ്രീ. എം. ഉമ്മർ ഉന്നയിച്ചത്.

ബന്ധപ്പെട്ട നിയമത്തിലെയോ ചട്ടങ്ങളിലെയോ യാതൊരു വ്യവസ്ഥയും സർക്കാർ ലംഘിച്ചിട്ടില്ലെന്നും കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതുമൂലം വിശദീകരണക്കുറിപ്പോടുകൂടി അത് സമർപ്പിക്കുകയാണുണ്ടായതെന്നും മറ്റ് അപാകതകളോ നടപടി വ്യതിയാനങ്ങളോ ഉണ്ടായിട്ടില്ലെന്നും ക്രമപ്രശ്നത്തിന്മേൽ മറുപടി പറഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയെ അറിയിക്കുകയും ചെയ്തിരുന്നു.

എന്നാൽ ബഹുമാനപ്പെട്ട അംഗം തന്റെ വാദം ശക്തമായി വീണ്ടും ഉന്നയിക്കുകയും ചട്ടലംഘനം നടന്നുവെന്ന് ആരോപിക്കുകയും ചെയ്ത സാഹചര്യത്തിൽ അപ്പോൾ റൂളിംഗ് നൽകാതിരിക്കുകയാണ് ചെയർ ചെയ്തത്. അതുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകളും നടപടിക്രമവും കീഴ്‌വഴക്കവും വിശദമായി പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിൽ പിന്നീട് റൂളിംഗ് നൽകുന്നതാണെന്ന് അന്ന് ചെയർ പറയാനുള്ള കാരണം അതാണ്.

അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2003-ലെ The Kerala Fiscal Responsibility Act-ന്റെ വകുപ്പ് 3(1)-ഉം (2)-ഉം ചുവടെ പറയും പ്രകാരമാണ്:

1. The Government shall lay in every financial year before the Legislative Assembly along with the annual budget, a medium term fiscal policy statement and a fiscal policy strategy statement.

2. The medium term fiscal policy statement shall set forth a three year rolling target for fiscal indicators with specification of underlying assumptions.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കപ്പെട്ടുകൊണ്ട് തയ്യാറാക്കിയ 2019 മുതൽ 2022 വരെയുള്ള മൂന്ന് വർഷത്തെ Medium term fiscal policy and strategy statement with medium term fiscal plan for Kerala എന്ന രേഖയാണ് ബഡ്ജറ്റ് രേഖകളോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സമർപ്പിച്ചത് എന്നത് സുവ്യക്തമായ കാര്യമാണ്. ഈ സാഹചര്യത്തിൽ 2003-ലെ Kerala Fiscal Responsibility Act-ന്റെ 3-ാം വകുപ്പ് ലംഘിക്കപ്പെട്ടു എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആരോപണം ഉത്തരവാദപരമായ ഒന്നാണോയെന്ന് പരിശോധിക്കുന്നത് നല്ലതാണ്.

അതുപോലെ 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിലെ 6-ാം വകുപ്പുപ്രകാരം സർക്കാർ രൂപീകരിക്കുന്ന പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി സംസ്ഥാനത്തിന്റെ മുൻവർഷത്തെ ചെലവിന്മേലുള്ള പുനഃപരിശോധന സംബന്ധിച്ച ഒരു റിപ്പോർട്ട് എല്ലാ വർഷവും ഡിസംബർ 31-നോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് 2005-ലെ കേരള ധനസംബന്ധമായ ഉത്തരവാദ ചട്ടം 9-ൽ പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ട് ചട്ടപ്രകാരം സഭയിൽ സമർപ്പിക്കേണ്ട ഒരു സ്റ്റാറ്റ്യൂട്ടറി രേഖ അല്ലാത്തതിനാൽ സർക്കാരിന് ലഭിക്കുന്ന പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് പ്രത്യേകമായ മാനദണ്ഡമൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നിരുന്നാലും കൃത്യമായ ഇടവേളയിൽത്തന്നെ ധനമന്ത്രിമാരുടെ പ്രത്യേക അഭ്യർത്ഥന മാനിച്ച് പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചുവരുന്ന ഒരു കീഴ്വഴക്കമാണ് നമുക്കുള്ളത്. ഈ വർഷത്തെ ബഡ്ജറ്റ് രേഖകളോടൊപ്പം സഭയുടെ മേശപ്പുറത്തുവച്ചത് നാലാമത് സമിതിയുടെ മൂന്നാമത് റിപ്പോർട്ടാണെന്നും അത് 2016-2017 വർഷത്തെ സംബന്ധിക്കുന്നതാണെന്നും കാണുന്നു.

നിശ്ചിത തീയതിക്കകമോ അല്ലെങ്കിൽ കാലതാമസ പത്രികയോടൊപ്പമോ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ലെങ്കിൽപ്പോലും കേരള പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുകയും അതിന്മേലുള്ള സർക്കാർ നടപടി പൂർത്തീകരിക്കുകയും ചെയ്യുന്നമുറയ്ക്ക് ധനമന്ത്രിമാരുടെ അഭ്യർത്ഥന മാനിച്ച് അവ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കീഴ്വഴക്കപ്രകാരമാണ് ഈ വർഷവും സഭയിൽ സമർപ്പിച്ചത്. എന്നാൽ ഭരണപരമായ കാരണങ്ങളാൽ 2016-2017 വർഷത്തെ റിപ്പോർട്ടാണ് കാലതാമസപത്രിക സഹിതം ഇത്തവണ സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ടത്. തുടർന്നുള്ള വർഷങ്ങളിലേയും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടത് അഭികാമ്യമാണെങ്കിലും പ്രസ്തുത നടപടിയിൽ അസാധാരണമായ എന്തെങ്കിലും സംഭവിച്ചതായി ചെയറിന് കാണാൻ കഴിഞ്ഞില്ല. മാത്രമല്ല, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണം തൃപ്തികരവുമായിരുന്നു.

2017-2018 വർഷത്തെ സംബന്ധിക്കുന്ന റിപ്പോർട്ടും സമയബന്ധിതമായി ലഭിക്കേണ്ടത് അഭികാമ്യമാണെങ്കിലും നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതുവരെ, അത് നിർവ്വാഹമില്ലാത്ത കാര്യമാണെന്ന് സുവ്യക്തമാണ്. ഇക്കാര്യത്തിൽ സാങ്കേതികമായും യുക്തിപരമായും നിലനിൽക്കാത്ത കാര്യമാണ് ഉന്നയിക്കപ്പെട്ടതെന്നത് ഖേദകരമാണ്.

സഭയിൽ ക്രമപ്രശ്നം ഉന്നയിക്കുന്നത് സംബന്ധിച്ച ചട്ടം 303-ൽ അനുശാസിക്കുന്നതുപോലെ, ഭരണഘടനാ വ്യവസ്ഥകളുടെയോ നടപടി ചട്ടങ്ങളുടെയോ സഭാ കീഴ്വഴക്കങ്ങളുടെയോ ലംഘനമോ വ്യതിയാനമോ ശ്രദ്ധയിൽപ്പെടുമ്പോൾ അത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം സ്വാഗതാർഹമായ നടപടിതന്നെയാണ്.

എന്നാൽ, അത്തരം ക്രമപ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ അവധാനതയോടെയും വസ്തുതകളുടെ അടിസ്ഥാനത്തിലും മാത്രം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകി ചട്ടം 303 പ്രകാരം 5-2-2019-ന് സഭയിൽ ഉന്നയിച്ച രണ്ട് ക്രമപ്രശ്നങ്ങളും പ്രഥമദൃഷ്ട്യാതന്നെ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## IX. ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം

കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻഡ് ഹെഡ്ഡുകൾ സംബന്ധിച്ച് 2019-2020 സാമ്പത്തികവർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു."

| ക്രമ നമ്പർ | ധനാഭ്യർത്ഥന യുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-20 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
|---|---|---|---|---|---|
| | | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| 1 | 2 | 3 | 4 | 5 | 6 |
| 1 | I | സംസ്ഥാന നിയമസഭ | 37,41,33,000 | --- | 37,41,33,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 246,94,71,000 | --- | 246,94,71,000 |
| 3 | III | നീതിന്യായ നിർവ്വഹണം | 262,56,32,000 | --- | 262,56,32,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | 167,34,86,000 | --- | 167,34,86,000 |
| 5 | V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 113,48,57,000 | --- | 113,48,57,000 |
| 6 | VI | ഭൂനികുതി | 228,85,32,000 | --- | 228,85,32,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 77,72,66,000 | --- | 77,72,66,000 |
| 8 | VIII | എക്സൈസ് | 99,46,72,000 | --- | 99,46,72,000 |
| 9 | IX | വാഹനനികുതികൾ | 48,68,72,000 | --- | 48,68,72,000 |
| 10 | X | ട്രഷറികളും അക്കൗണ്ടുകളും | 102,51,98,000 | --- | 102,51,98,000 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 11 | XI | ജില്ലാഭരണവും പലവകയും | 235,32,02,000 | --- | 235,32,02,000 |
| 12 | XII | പോലീസ് | 1307,24,39,000 | 28,41,69,000 | 1335,66,08,000 |
| 13 | XIII | ജയിലുകൾ | 48,85,47,000 | --- | 48,85,47,000 |
| 14 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 184,66,54,000 | 3,66,67,000 | 188,33,21,000 |
| 15 | XV | പൊതുമരാമത്ത് | 1213,73,64,000 | 1182,54,02,000 | 2396,27,66,000 |
| 16 | XVI | പെൻഷനും പലവകയും | 10093,51,57,000 | --- | 10093,51,57,000 |
| 17 | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 6928,25,27,000 | 172,16,67,000 | 7100,41,94,000 |
| 18 | XVIII | വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും | 2103,02,45,000 | 107,93,70,000 | 2210,96,15,000 |
| 19 | XIX | കുടുംബക്ഷേമം | 173,11,63,000 | -- | 173,11,63,000 |
| 20 | XX | ശുദ്ധജല വിതരണവും ശുചീകരണവും | 168,38,20,000 | 296,46,66,000 | 464,84,86,000 |
| 21 | XXI | ഭവനനിർമ്മാണം | 40,75,20,000 | 16,55,00,000 | 57,30,20,000 |
| 22 | XXII | നഗരവികസനം | 656,97,42,000 | 58,33,66,000 | 715,31,08,000 |
| 23 | XXIII | വാർത്താ വിതരണവും പ്രചരണവും | 34,99,80,000 | 68,33,000 | 35,68,13,000 |
| 24 | XXIV | തൊഴിലും തൊളിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 453,86,30,000 | 66,87,00,000 | 520,73,30,000 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 25 | XXV | പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 1001,20,75,000 | 87,64,77,000 | 1088,85,52,000 |
| 26 | XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 157,00,00,000 | --- | 157,00,00,000 |
| 27 | XXVII | സഹകരണം | 147,14,57,000 | 43,27,12,000 | 190,41,69,000 |
| 28 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 67,56,88,000 | 1927,48,36,000 | 1995,05,24,000 |
| 29 | XXIX | കൃഷി | 1215,96,26,000 | 98,15,60,000 | 1314,11,86,000 |
| 30 | XXX | ഭക്ഷ്യം | 599,55,71,000 | 30,90,44,000 | 630,46,15,000 |
| 31 | XXXI | മൃഗസംരക്ഷണം | 238,26,09,000 | 7,68,33,000 | 245,94,42,000 |
| 32 | XXXII | ക്ഷീരവികസനം | 59,69,70,000 | 1,66,67,000 | 61,36,37,000 |
| 33 | XXXIII | മത്സ്യബന്ധനം | 155,58,04,000 | 83,23,33,000 | 238,81,37,000 |
| 34 | XXXIV | വനം | 195,68,53,000 | 28,78,34,000 | 224,46,87,000 |
| 35 | XXXV | പഞ്ചായത്ത് | 203,75,40,000 | 199,03,34,000 | 402,78,74,000 |
| 36 | XXXVI | ഗ്രാമവികസനം | 1363,05,96,000 | 458,87,33,000 | 1821,93,29,000 |
| 37 | XXXVII | വ്യവസായങ്ങൾ | 204,36,79,000 | 334,96,43,000 | 539,33,22,000 |
| 38 | XXXVIII | ജലസേചനം | 143,70,40,000 | 119,63,79,000 | 263,34,19,000 |
| 39 | XXXIX | വൈദ്യുത പദ്ധതികൾ | 160,84,93,000 | 13,58,67,000 | 174,43,60,000 |
| 40 | XL | തുറമുഖങ്ങൾ | 21,24,33,000 | 35,09,33,000 | 56,33,66,000 |
| 41 | XLI | ഗതാഗതം | 25,95,05,000 | 409,95,68,000 | 435,90,73,000 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 42 | XLII | വിനോദസഞ്ചാരം | 68,42,61,000 | 78,43,34,000 | 146,85,95,000 |
| 43 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 3316,14,05,000 | --- | 3316,14,05,000 |
| 44 | XLV | പലവക വായ്പകളും മുൻകൂറുകളും | --- | 5,21,06,000 | 5,21,06,000 |
| 45 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1364,52,46,000 | 31,98,44,000 | 1396,50,90,000 |
| ആകെ | | | 35737,39,60,000 | 5929,23,77,000 | 41666,63,37,000 |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

22. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 228,85,32,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

137. തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 520,73,30,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

28. മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 77,72,66,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

180. മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 245,94,42,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

47. ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 102,51,98,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

67. ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 48,85,47,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

240. തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 56,33,66,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. അനിൽ അക്കര:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

80. പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2396,27,66,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

247. ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 435,90,73,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

102. കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,11,63,000 രൂപയിൽനിന്നും നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 464,84,86,000 രൂപയിൽ നിന്നും നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

200. വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 224,46,87,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

123. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 715,31,08,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

214. ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1821,93,29,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 539,33,22,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു:

"என்று தணியும் இந்த சுதந்திர தாகம்

என்று மடியும் இந்த அடிமைகளின் மோகம்" இது நீண்ட நெடுங்காலம் முன்புள்ள பாரதிதாசனுடைய வார்த்தைகள். കേരളസർക്കാർ 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് ഇടുക്കി ജില്ലയ്ക്കായി അനുവദിച്ചതിന് ബഹുമാന്യനായ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പ്രത്യേക നന്ദി ഈ അവസരത്തിൽ അറിയിക്കുകയാണ്. ഇന്നലെ ഇവിടെ പ്രഖ്യാപിച്ച ഈ പദ്ധതിയെ സംബന്ധിച്ച് മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പ്രത്യേക നന്ദി അറിയിക്കാൻ കൃഷിക്കാർ, തോട്ടം തൊഴിലാളികൾ, ആദിവാസികൾ, രാഷ്ട്രീയ പ്രമുഖർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഫോൺ ചെയ്തിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇടുക്കിയെ ശ്വാസംമുട്ടിക്കാൻ പല പദ്ധതികളും ബോധപൂർവ്വം ആവിഷ്കരിച്ചുവെന്നുള്ളതാണ് അവിടത്തെ അനുഭവം. അതിന്റെ നിയമപ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ ഈ ഗവൺമെന്റ് ഒരുപാട് നിലപാടുകൾ സ്വീകരിച്ചു. അതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പരിക്കുകളും പ്രയാസങ്ങളും പരിഹരിക്കാൻ ആദ്യമായാണ് ഇടുക്കിയിലേയ്ക്ക് 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുന്നത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി ധനകാര്യ വകുപ്പുമന്ത്രിയോട് ഇടുക്കിയും കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഒരു പൂവ് ചോദിച്ചപ്പോൾ ഒരു പൂന്തോട്ടം നൽകിയെന്നുള്ള അതിയായ സന്തോഷമാണുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്:</u> അധികം ആഹ്ലാദിക്കേണ്ട. ഓഖിക്കായി 2000 കോടി രൂപ അനുവദിച്ചപ്പോൾ ഞങ്ങൾ കുറെ ആഹ്ലാദിച്ചതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, നമ്മുടെ മുതിർന്ന നേതാവായ ശ്രീ. കെ. സി. ജോസഫ് ഇടുക്കി പാക്കേജ് അപ്രായോഗികമാണെന്ന വാക്കാണ് ഉപയോഗിച്ചത്. അങ്ങനെ ഫണ്ടില്ലെന്ന് പറയുവാൻ കഴിയില്ല. അത് നടപ്പിലാക്കുമ്പോഴാണ് പ്രായോഗികമാകുന്നത്. ശ്രീ. കെ. സി. ജോസഫ്, നിങ്ങളുടെ കാലഘട്ടത്തിൽ ഡോ. നിവേദിതാ പി. ഹരൻ റിപ്പോർട്ട് കൊണ്ടുവന്നു. അവിടെ മരം മുറിക്കുന്നതിന് നിരോധനമേർപ്പെടുത്തിയെന്ന് പറഞ്ഞു. ഭൂമിക്ക് നികുതി നൽകുന്നതിനെതിരെ നിലപാട് സ്വീകരിച്ചു. അതുപോലെതന്നെ രാജൻ മധേക്കർ റിപ്പോർട്ട് സ്വീകരിച്ചു. ബിൽഡിംഗിനുള്ള നികുതി പൂർണ്ണമായും നിർത്തലാക്കി, ട്രിബ്യൂണൽ കൊണ്ടുവന്ന് പട്ടയനടപടികൾ അവസാനിപ്പിച്ചു. നീലക്കുറിഞ്ഞി പൂവണിഞ്ഞുവെന്ന് പറഞ്ഞ് മരംവെട്ട് അവസാനിപ്പിച്ചു. ഇടുക്കി ജില്ലയിലെ കാർഷിക മേഖലകളെല്ലാം തകർത്തു. നിങ്ങൾ ഇരുപതു വർഷക്കാലമായി അനുവദിക്കാതിരുന്ന പട്ടയങ്ങൾപോലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കൊടുത്തത്. അപ്പോൾ നിങ്ങൾക്ക് ഇതൊന്നും നേരെ കാണാൻ കഴിയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതിനെതിരായാണ് ഞാൻ പറഞ്ഞത്, യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും രാഷ്ട്രീയ പാർട്ടി നേതാക്കളും ജനപ്രതിനിധികളും രാഷ്ട്രീയത്തിനതീതമായ സമരങ്ങൾ നടത്തിയ കാര്യം ശ്രീ. കെ. സി. ജോസഫിനും യു.ഡി.എഫ്.-നും അറിയാം. അതെല്ലാം കണക്കാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടി ഇരുപത് വർഷത്തിനുശേഷം പട്ടയം കൊടുക്കാനുള്ള നടപടികൾ പൂർത്തിയാക്കിയതുകൊണ്ടാണ് അവിടെയുള്ളവർക്ക് പട്ടയം ലഭിച്ചത്. ഡോ. നിവേദിതാ പി. ഹരന്റെ റിപ്പോർട്ട് അങ്ങനെയല്ലേ പിൻവലിക്കേണ്ടി വന്നത്? ട്രിബ്യൂണൽ അവസാനിപ്പിച്ചതും രാജൻ മധേക്കർ റിപ്പോർട്ടിനെതിരെ നിലപാട് സ്വീകരിച്ചതും അങ്ങനെയല്ലേ? നീലക്കുറിഞ്ഞിക്കെതിരെ മൂന്ന് മന്ത്രിമാർ ഉൾപ്പടെ സബ് കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിച്ചു. അങ്ങനെ രാഷ്ട്രീയത്തിനതീതമായി യു.ഡി.എഫ്. സ്വീകരിച്ച നിലപാടുകൾക്കെതിരെ അവിടത്തെ പ്രാദേശികമായുള്ള പ്രശ്നങ്ങളെ മനസ്സിലാക്കി പുതിയ ഉത്തരവ് നൽകി ജനങ്ങളെ സംരക്ഷിക്കുവാനുള്ള നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഞാനിവിടെ പറഞ്ഞ റിപ്പോർട്ടുകളെല്ലാം, ഇടുക്കിയിൽ ജനിച്ചുവളർന്ന രാഷ്ട്രീയനേതാവും എം.പി.-യും ഇതെല്ലാം കൂട്ടിക്കെട്ടി, നിയമത്തിലൂടെ കുറുക്കുവഴികളുണ്ടാക്കി ജില്ല വിട്ട് ഓടി രക്ഷപ്പെട്ടതല്ലേ? ഇപ്പോൾ അവസാനമായി അദ്ദേഹം പറഞ്ഞിരിക്കുന്നത്, വട്ടവടയിൽ നടക്കുന്നത് ജല്ലിക്കെട്ടല്ല, പകരം മഞ്ചുവിരട്ട് എന്നാണ്. — അതുകൊണ്ട് യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഇടുക്കി ജില്ലയെ ഇല്ലാതാക്കുന്നതിനുള്ള പദ്ധതികളും കൂടിയാലോചനകളും ഉത്തരവുകളുമാണ് നടപ്പിലാക്കിയത്. അതിൽനിന്നും വ്യത്യസ്തമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് രണ്ടര വർഷം കൊണ്ട്

അവിടത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനും സർവ്വകക്ഷി യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. പ്രായോഗികമായി ഒരു നൂറ്റാണ്ട് കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കണമെങ്കിൽ അൽപം സമയമെടുക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിൽ ഞങ്ങൾ യോജിക്കുകയാണ്. അതുകൊണ്ടാണ് നിയമപ്രശ്നങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ഫലപ്രദമായി ഇടപെടുന്നുണ്ടെന്നും അതിൽ പ്രത്യേകമായ നന്ദിയും കടപ്പാടും ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് ഭാവിയിൽ ഉണ്ടാകുമെന്നുമാണ് ഞാൻ മനസ്സിലാക്കുന്നതും പ്രതീക്ഷിക്കുന്നതും. അതിന്റേതായ കടപ്പാട് ഇവിടെ പ്രതിഫലിക്കുമെന്നാണ് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്.

"அகழ்வாரை தாங்கும் நிலம்போல  தம்மை

இகழ்வாரை பொறுத்துக்கொள்வதே பண்பு" என்று திருவள்ளுவர் பாடினார். യു.ഡി.എഫ്. എന്തെല്ലാം പറഞ്ഞാലും നിങ്ങളെയെല്ലാം സംരക്ഷിക്കുന്നതിനുള്ള ബാധ്യതയുള്ളതിനാൽ അതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ചതും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തന്നെയാണ്. അതാണ് തിരുവള്ളുവർ അന്ന് പറഞ്ഞത്. നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് ജനോപകാരപ്രദമായ എന്തെങ്കിലും പദ്ധതി, ഉത്തരവുകൾ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ചരിത്രം പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. ഒരു കാലഘട്ടത്തിലും അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്നുള്ളതാണ് വസ്തുത. നിങ്ങൾ പരിശോധിച്ചിട്ടുണ്ടാവില്ല, ഞങ്ങൾ പരിശോധിച്ച കാര്യമാണ് ഞാനിവിടെ പറയുന്നത്. இது அல்லவோ அரசு, மனதில் உறுதி வேண்டும், வாக்கினிலே இனிமை வேண்டும், நினைவு நல்லது வேண்டும், நெருங்கிய தொடர்பு வேண்டும், கண் திறக்க வேண்டும். ഒരു ഗവൺമെന്റിനെ സംബന്ധിച്ച് അന്ന് ഭാരതിയാർ പാടിയ രണ്ടാമതൊരു കാവ്യമാണ് ഇക്കാര്യത്തിലുള്ളത്. അതുകൊണ്ട് ഈ ഗവൺമെന്റ് എല്ലാ കാര്യങ്ങളിലും ജനങ്ങളുടേതായുള്ള പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും ഇടുക്കിജില്ലയെ മാത്രമല്ല, ഈ സംസ്ഥാനത്തുള്ള മുഴുവൻ പ്രാദേശികമായുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. ഇന്നലെ പ്രഖ്യാപിച്ച ബഡ്ജറ്റിൽ 1904-ൽ അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ ഈ ഗവൺമെന്റാണ് ഏറ്റെടുത്തത്. എന്നെങ്കിലും നിങ്ങളുടെ ആരുടെയെങ്കിലും ഓർമ്മയിൽ ഉണ്ടായിരുന്നോ? അതുപോലെതന്നെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ ഓണറേറിയം കൊടുത്തു. നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്തും ഉണ്ടായിരുന്നല്ലോ. അതുകൊണ്ട് ഈ ഗവൺമെന്റിനെ വീണ്ടും ഞാൻ അഭിനന്ദിക്കുകയാണ്. ഇത്തരത്തിൽ സാധാരണക്കാരുടെ നൂറ്റാണ്ടുകളായി

നിലനിൽക്കുന്ന പ്രശ്നങ്ങൾക്കുപോലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പരിഹാരമുണ്ടാക്കാൻ സാധിച്ചത്. പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങളും എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ വേതനമുൾപ്പെടെയുള്ള കാര്യങ്ങളും പരിഹരിച്ചെന്നാണ് ഇവിടെ രണ്ട് സബ്മിഷനുള്ള മറുപടിയിൽ പറഞ്ഞത്. അവർക്ക് ഉച്ചക്കഞ്ഞി തയ്യാറാക്കുന്നവരുടെ കൂലിവർദ്ധനവ് മുതൽ സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞു. പക്ഷേ, നിങ്ങളിപ്പോൾ ഒരു ജാഥ നടത്തുന്നുണ്ട്. ആ ജാഥയിൽ നോട്ടെണ്ണാൻ മെഷീനുമായി പോയിട്ടുണ്ടെന്നാണ് കേട്ടത്. പല കമ്മിറ്റികളും പിരിച്ചുവിട്ടു.

ശ്രീ. എ. എം. ആരിഫ് : സർ, ഒരു മിനിട്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി സത്യൻ)

മി. ചെയർമാൻ : ശ്രീ. എസ്. രാജേന്ദ്രൻ, അങ്ങയുടെ സമയമായിരിക്കും നഷ്ടപ്പെടുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നയിക്കുന്ന ജനമഹായാത്ര കടന്നുപോകുന്ന വഴികളിലുള്ള കമ്മിറ്റികളെല്ലാം പിരിച്ചുവിടുന്ന വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്, ഇത് എല്ലാ സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിച്ചാൽ ഏറെ താമസിയാതെ മഹാത്മാ ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് കോൺഗ്രസ് പിരിച്ചുവിടണമെന്ന നിർദ്ദേശം നടപ്പായതായി പ്രഖ്യാപിക്കുന്ന സ്ഥിതി വരുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ആ കാര്യത്തിൽ തർക്കമില്ല.

ശ്രീ. എ. എം. ആരിഫ്: സർ, നോട്ടെണ്ണുന്ന യന്ത്രം ഈ ജാഥയിൽ ഉപയോഗിക്കുന്നുവെന്ന് കേട്ടു, അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ആ വാർത്ത പത്രങ്ങളിലുണ്ടായിരുന്നു. നോട്ടെണ്ണുന്ന യന്ത്രങ്ങളുമായിട്ടാണ് ജാഥ പോകുന്നത്; നോട്ട് നൽകാത്ത പാർട്ടി കമ്മിറ്റികളെല്ലാം ഉടനെ പിരിച്ചുവിടുകയാണ്. രൊക്കം കാശ് എണ്ണുന്നതു പോലെയാണ് അപ്പപ്പോൾ കമ്മിറ്റികൾ പിരിച്ചുവിടുന്നത്. അതാണ് ഇന്നത്തെ സാംസ്കാരിക സാഹചര്യം.

ശ്രീ. എ. എൻ. ഷംസീർ: സർ, സ്വീകരണത്തിന് ആളില്ലാത്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എല്ലാം പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് യഥാർത്ഥത്തിൽ പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചാർവ്വാകന്മാർ എന്നൊരു ജാതിയുടെ ജീവിത ദർശനംപോലെയാണ്. 'ഋണം കൃത്വാ ഘൃതം പിബേത്'; കടം വാങ്ങുക സുഭിക്ഷമായി ജീവിക്കുക. പണം തിരികെ കൊടുക്കാൻ കഴിയാതെ വരുന്ന സാഹചര്യമാകുമ്പോൾ 'ഭസ്മീ ദേഹസ്യ ഭൃതസ്യ' അതായത് ദേഹം ഭസ്മമാക്കുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യുക. കേരളത്തിലെ ജനങ്ങളോട് 'ഭസ്മീ ദേഹസ്യ ഭൃതസ്യ' എന്നാണ് ഈ ബഡ്ജറ്റിലൂടെ പറഞ്ഞിരിക്കുന്നത്. ഒരു പ്രളയം വന്നതിനുശേഷം പ്രളയബാധിതർക്കായി എന്താണ് ഈ ബഡ്ജറ്റിൽ മാറ്റി വച്ചിരിക്കുന്നത്? സംസ്ഥാനത്തിന്റെ പൊതുകടം 2016 മാർച്ച് 31-ലെ കണക്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട ഐ. സി. ബാലകൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത് 1,09,730 കോടി രൂപയെന്നാണ്. ഈ കടം അറുപതു വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്നതാണ്. 2018 നവംബർ 30 വരെയുള്ള കണക്കുപ്രകാരം ഇത് 1,55,225 കോടിയോളം രൂപയാണ്. രണ്ടര വർഷം കൊണ്ട് 45,495 കോടി രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. കടം വാങ്ങുന്നതെല്ലാം പ്രളയ ബാധിതരെയോ അല്ലെങ്കിൽ ഓഖി ദുരന്ത ബാധിതരെയോ സഹായിക്കുന്നതിനാണെങ്കിൽ കുഴപ്പമില്ല. ധൂർത്താണ് ഇവിടെ നടക്കുന്നത്. കടം വാങ്ങി ധൂർത്തടിക്കുന്ന ഒരു സർക്കാരായി മാറിയിരിക്കുകയാണ്. സത്യപ്രതിജ്ഞ ചെയ്യുന്നതിനായി 3.17 കോടി രൂപയും 100-ാം ദിനാഘോഷത്തിന്റെ പരസ്യത്തിനുമാത്രം 2.24 കോടി രൂപയും ചെലവഴിച്ചു. ഒന്നാം വാർഷികാഘോഷത്തിനായി 18.45 കോടി രൂപയും ആയിരം ദിവസം ആഘോഷിക്കുന്നതിനായി (രണ്ടാം വാർഷികം) 16 കോടി രൂപയുമാണ് ചെലവഴിച്ചത്. ആയിരം ദിവസം ആഘോഷിക്കുന്നതിനായി ഇപ്പോൾ ആയിരം കോടി രൂപ അനുവദിച്ചിരിക്കുകയാണ്. അതുകൂടാതെ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായി പുനരധിവസിപ്പിക്കുന്നതിനായി ചെലവഴിച്ചത് 4.57 കോടി രൂപയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മൂന്ന് റിപ്പോർട്ടുകൾ നിയമസഭയിൽവച്ചു. ഒന്നും കാണാനില്ല. എന്തിനുവേണ്ടിയാണ് 4.57 കോടി രൂപ ശ്രീ. വി. എസ്. അച്ചുതാനന്ദനുവേണ്ടി ചെലവഴിച്ചത്? ഹൈക്കോടതിയുടെ മുമ്പിൽ മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിൽ ചെറിയൊരു ഏറ്റുമുട്ടലുണ്ടായി, അതിനെപ്പറ്റി അന്വേഷിക്കുന്നതിനായി നിയമിച്ച പി. എ. മുഹമ്മദ് കമ്മീഷൻ ഇതുവരെ റിപ്പോർട്ടുപോലും വച്ചിട്ടില്ല, കാലാവധി നീട്ടി കൊടുത്തിരിക്കുകയാണ്. 1.21 കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിച്ചത്. പഞ്ചായത്ത് ദിനാഘോഷത്തിനായി 4 കോടി രൂപ ചെലവഴിച്ചിരിക്കുകയാണ്. ഇപ്പോൾ ഈ ഗവൺമെന്റിനുപോലും വണ്ടിച്ചെക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. പ്രളയത്തിന്റെ പേരിൽ വലിയ പിരിവ് നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിലേയ്ക്ക് ലഭിച്ച വണ്ടിച്ചെക്ക് 344 എണ്ണമാണ്. കാരണം, കൊടുത്തതിനുശേഷം പിന്നീടവർക്ക് തോന്നിക്കാണും ഇത് കൊടുത്തിട്ട് യാതൊരു കാര്യവുമില്ലെന്ന്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ കൊടുക്കുന്ന പണം പ്രളയബാധിതരെ സഹായിക്കുമെന്ന് കരുതി കൊടുത്തവരായിരിക്കാം. എന്തായാലും 1.66 കോടിയോളം രൂപ ഈ വകയിൽ കിട്ടാനുണ്ട്. ഒരു ലക്ഷത്തിന് മുകളിൽ ചെക്ക് കൊടുത്തവർ നാൽപ്പത്തിനാലോളം പേരാണ്. അവരാണ് മുഖ്യമന്ത്രിയെ മുട്ടിനിന്ന് പടമെടുത്ത് പത്രത്തിലും കൊടുത്ത് അവരുടെ വീട്ടിലും കൊണ്ടുവച്ചത്. അവരാരും പണം കൊടുത്തിട്ടില്ല.

ലൈഫ് പദ്ധതിക്കായി അഞ്ച് വർഷത്തേയ്ക്ക് 16,000 കോടി രൂപ വേണം. അതിനായി കിഫ്ബിയിൽ ലാൻഡ് ബോണ്ട് വയ്ക്കുമെന്ന് അങ്ങ് പറഞ്ഞു, പക്ഷേ ഒരു ബോണ്ടും ഇറക്കിയില്ല. പഴയ ഗവൺമെന്റിന്റെ ഭരണകാലത്ത് പണിതുടങ്ങിയ കുറേ വീടുകൾ മാത്രം പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ കണക്കുപ്രകാരം കേരളത്തിൽ 4,27,073 പേർ വാസയോഗ്യമായ വീടില്ലാത്തവരാണ്, 3,38,450 പേർ ഭൂരഹിതരാണ്. ഈ നിലയിൽ പോയാൽ ലൈഫ് പദ്ധതിയിൽ ഈ വീടുകളുടെ എണ്ണം പൂർത്തീകരിക്കാൻ 20 വർഷമെങ്കിലും വേണ്ടിവരും.

അങ്ങയുടെ ബഡ്ജറ്റ് അവതരണമൊക്കെ വളരെ ഗംഭീരമാണ്. അങ്ങ് വരുന്നതൊക്കെ കണ്ടുകഴിഞ്ഞാൽ, ജുബ്ബയൊക്കെയിട്ട് പെട്ടിയൊക്കെ പിടിച്ചുവന്ന് വായിക്കുന്നതൊക്കെ കണ്ടാൽ ഗംഭീരമാണ്. പക്ഷേ ആ ബഡ്ജറ്റിൽ എന്തെങ്കിലും ഉണ്ടാകണ്ടേ; അങ്ങിവിടെ വന്നുനിന്ന് അങ്ങോട്ട് കൈവച്ച് ഇങ്ങോട്ട് കൈവച്ച് ആക്ഷനൊക്കെ കാണിച്ച് അങ്ങയുടെ അവതരണം അതിഗംഭീരമാണ്. എന്റെ നാട്ടിൽ വറീതെന്ന് പറയുന്ന ഒരാളുണ്ട്. അദ്ദേഹം ഒട്ടുപാൽ കച്ചവടക്കാരനാണ്. നാട്ടിൻപുറത്ത് എല്ലാ വീടുകളിലും വന്ന് ഒട്ടുപാൽ, കാപ്പിക്കുരു തുടങ്ങിയ സാധനങ്ങൾ വാങ്ങും. പുരുഷൻമാരില്ലാത്ത സമയത്താണ് വരുന്നത്. അദ്ദേഹം വന്ന് സാധനങ്ങളെല്ലാം വാങ്ങിക്കൂട്ടിയതിനുശേഷം മൂവെട്ട് പതിനെട്ട്, മൂവരവന്നാൽ പതിനേഴര, ചേച്ചിയായതുകൊണ്ട് അൻപതുംകൂടി കൂടുതൽ പിടിച്ചോ എന്നൊരു കണക്ക് പറയും. അങ്ങനെയുള്ള കണക്കാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുറേ നാളുകളായി ഈ നിയമസഭയിൽവന്ന് നമ്മളോട് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വറീതിന്റെ കണക്കുപോലെതന്നെ കണക്ക് അവതരിപ്പിച്ച് നമ്മളെ സന്തോഷിപ്പിക്കും. പക്ഷേ ഒന്നും തരുന്നില്ല. നമ്മളെ സന്തോഷിപ്പിച്ച് 50 ഇരുന്നോട്ടെ എന്ന് പറയുന്നു. ആ 50 കണ്ടുകൊണ്ട് നമ്മളിങ്ങനെ മിണ്ടാതിരിക്കുകയാണ്.

കിഫ്ബി വന്നപ്പോൾ എല്ലാവർക്കും ഭയങ്കര സന്തോഷമായിരുന്നു. മലപ്പുറം കത്തി, അമ്പും വില്ലും, ഇപ്പോൾ കേരളം മൊത്തം തവിടുപൊടിയാക്കും എന്നൊക്കെപറഞ്ഞു. എന്നിട്ടിപ്പോൾ ശ്രീ. കെ. എം. എബ്രഹാമിനെവച്ച് ഒടിയൻപ്രയോഗം നടത്തിക്കൊണ്ടിരിക്കുകയാണ്. കിഫ്ബിയിൽ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപര്യമുള്ള കുറേ കേസുകൾ മാത്രമേ നടക്കുന്നുള്ളൂ. ഇപ്പോൾ ഞങ്ങളോടെല്ലാം പ്രോജക്ട് കൊടുക്കാൻ പറഞ്ഞിരിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പ്രസംഗാരംഭത്തിൽ തന്നെ ഡോ. ടി. എം. തോമസ് ഐസക് പോലും പ്രതീക്ഷിക്കാത്ത രീതിയിൽ സ്തുതി പറയുകയാണ്. ചാർവാകൻ എന്ന് പറഞ്ഞാൽ ലോകംകണ്ട ഏറ്റവും വലിയ ശാസ്ത്രീയ യുക്തിചിന്തകനാണ്. അദ്ദേഹത്തെ പോലെയാണെന്ന് പറഞ്ഞത് വഴി ഡോ. ടി. എം. തോമസ് ഐസക്കിന് ഏറ്റവും വലിയ എൻകോമിയം അങ്ങ് കൊടുത്തിരിക്കുകയാണെന്നകാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ചാർവാകന്റേത് പോകട്ടെ, വറീതുമായി ഉപമിച്ചത് അങ്ങേയ്ക്ക് സന്തോഷമായല്ലോ. ഞാൻ പറഞ്ഞുവന്നത്, കിഫ്ബി വന്നപ്പോൾ നമുക്കെല്ലാം വലിയ പ്രതീക്ഷയായിരുന്നു. ഇപ്പോൾ ഒന്നും നടക്കുന്നില്ലെന്ന് പറയുന്നില്ല, ചില പ്രോജക്ടുകളൊക്കെ നടക്കുന്നുണ്ട്. ശ്രീ. കെ. എം. എബ്രഹാമിനെക്കൊണ്ട് ഓരോ ദിവസവും പുതിയ നിബന്ധനകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. റോഡും മറ്റുമുണ്ടാക്കുന്നു എന്ന് പറഞ്ഞുകൊണ്ട് കൊടുക്കാതിരിക്കാനുള്ള നിബന്ധനകൾ പുതിയതായി കൊണ്ടുവരികയാണ്. അതൊക്കെ പുനർചിന്തിക്കേണ്ടതല്ലേ?

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥിതി വളരെ ദയനീയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടപെടേണ്ടതല്ലേ; അവരിപ്പോൾ സെക്രട്ടേറിയറ്റ് നടയിൽ സത്യാഗ്രഹമിരിക്കുകയാണ്. ഇവിടെ കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം കൊണ്ടുവന്നു. അതുകൊണ്ട് ഗവൺമെന്റ്, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഈയടുത്ത കാലത്ത് പത്രങ്ങളിലെല്ലാം സി.പി.ഐ.(എം.)-ന്റെ കേന്ദ്ര നേതാക്കളെല്ലാം കേരളത്തിലേയ്ക്ക് മത്സരിക്കാൻ വരുന്നെന്ന് വാർത്ത വരികയാണ്. ബംഗാളിൽനിന്നും ദയവായി ആരെയും ഇങ്ങോട്ട് വിടരുത്. ബംഗാളികളെക്കൊണ്ട് ഞങ്ങൾ മടുത്തിരിക്കുകയാണ്. ചായ കുടിക്കാൻ ചെന്നാലും ഏത് കടകളിൽ ചെന്നാലും ബംഗാളികളാണ്. കേന്ദ്രത്തിൽനിന്നും അങ്ങനെ ആരെയെങ്കിലും കൊണ്ടുവരുന്നുണ്ടെങ്കിൽ ശ്രീ. സീതാറാം യെച്ചൂരിയെ പോലെ ആരെങ്കിലും മത്സരിക്കുന്നതിൽ ഞങ്ങൾക്ക്

എതിർപ്പില്ല. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കേരളത്തിൽ സി.പി.ഐ.(എം.)-ന്റെ സ്ഥിതി ദേശീയ തലത്തിൽത്തന്നെ എന്താകുമെന്ന് നമുക്കറിയാമല്ലോ. ത്രിപുരയിലും ബംഗാളിലുമില്ല. കേരളത്തിൽ ഒന്നോ രണ്ടോ സീറ്റിൽ ജയിക്കും. ആ സീറ്റിൽ മത്സരിക്കാൻവേണ്ടിയാണ് നേതാക്കളെല്ലാം ഇങ്ങോട്ട് വരുന്നത്. യഥാർത്ഥത്തിൽ ദേശീയ രാഷ്ട്രീയത്തിൽ സി.പി.ഐ.(എം.)-ന്റെ സ്ഥാനം എന്തായിരിക്കുമെന്ന് ചോദിച്ചാൽ നമ്മൾ കോഫീഹൗസിലേയ്ക്ക് മസാലദോശ കഴിക്കാൻ ചെല്ലുമ്പോൾ മസാലദോശയുടെ കൂടെ ഉഴുന്നുവടയും കൊണ്ടുവയ്ക്കും. അത് വേണമെങ്കിൽ എടുക്കാം, അല്ലെങ്കിൽ വേണ്ട. അതേ സ്ഥിതിയായിരിക്കും ദേശീയതലത്തിൽ സി.പി.ഐ.(എം.)-ന് വരാൻ പോകുന്നത്. കുമാരനാശാന്റെ 'വീണപൂവ്' എന്ന കവിതയിലെ ചില വരികൾ ഇവിടെ ക്വാട്ട് ചെയ്യുകയാണ്.

"ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര

ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ

ശ്രീ ഭൂവിലസ്ഥിര-അസംശയമിന്നു നിന്റെ-

യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ? ”

ഇത്രയും പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്.

കേരളം അതിഗുരുതരമായ ഒരു പ്രളയദുരന്തത്തെ അതിജീവിച്ച് മുന്നേറാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ ഈ നാടിന്റെ സാംസ്കാരികമായ ഔന്നിത്യം ലോകത്താകെ ഉയർത്തിപ്പിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരുമയോടും ഐക്യത്തോടുമുള്ള പ്രവർത്തനംമൂലം ആ ദുരന്തത്തിൽനിന്ന് കരകയറാൻ കഴിഞ്ഞു എന്നതാണ് ഈ നാടിന്റെ മഹത്തായ കാര്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. അത് കണ്ട് ഒട്ടും സഹിക്കാത്ത ഛിദ്രശക്തികൾ ലഭ്യമായ എല്ലാ സന്ദർഭവുമുപയോഗിച്ച് ജനങ്ങളെ ഭിന്നിപ്പിക്കാൻ, വർഗ്ഗീയതയെ ആയുധമാക്കി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണ് നമ്മുടെ മുന്നിലുള്ളത്.

പ്രളയത്തിലകപ്പെട്ടവർക്ക് എന്ത് സഹായം എന്ന ചോദ്യം പ്രതിപക്ഷ ബെഞ്ചുകളിൽനിന്ന് ഉയർന്നുവരുന്നുണ്ട്. ആ ചോദ്യത്തിന് കൃത്യവും വ്യക്തവുമായ ഉത്തരം നൽകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉണ്ടായിട്ടുള്ളത് എന്നത് കൃത്യമായി പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ഈ ചോദ്യം ഇങ്ങോട്ട് ചോദിക്കുന്ന പ്രതിപക്ഷത്തോട് വളരെ വിനയപൂർവ്വം ഒരു കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ

ആഗ്രഹിക്കുന്നത്, പ്രളയത്തെപ്പോലെത്തന്നെ ഈ ലോകത്തെ ഞെട്ടിച്ചതാണ് സുനാമി ദുരന്തം. ആ ദുരന്തമുണ്ടായപ്പോൾ കേരളത്തിൽ അധികാരത്തിൽ ഉണ്ടായിരുന്നത് ഇന്നത്തെ പ്രതിപക്ഷമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഇവിടേയ്ക്ക് സഹായങ്ങൾ ഒഴുകിയെത്തിയെന്നുള്ളത് നമുക്കറിയാം. ആ ദുരന്തഭൂമിയിൽ, ദുരന്തത്തിന് വിധേയരായ ആളുകളെ സംരക്ഷിക്കുന്നതിന് ഉപയോഗിക്കേണ്ടിയിരുന്ന പണം സുനാമിപോയിട്ട് ഏതെങ്കിലും തരത്തിലുള്ള അത്തരം ദുരന്തത്തിന്റെ അനുഭവങ്ങൾ ഏശാതെപോയ പാലായിലും കോട്ടയത്തുമുൾപ്പെടെ ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്താൻ വ്യഗ്രത കാട്ടിയവരാണ് ഇപ്പോൾ മുതലക്കണ്ണീർ ഒഴുക്കുന്നത്. സാന്ദർഭികമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്കൊരു കാര്യം അഭ്യർത്ഥിക്കുവാനുള്ളത്, സുനാമിദുരന്തത്തിന് വിധേയരായ ആളുകൾക്ക് അന്ന് പുനരധിവാസസംവിധാനം ഒരുക്കിക്കൊടുക്കുകയുണ്ടായി, വീടുകൾ വച്ചുകൊടുക്കുകയുണ്ടായി. ആ വീടുകളെല്ലാം ഇന്ന് വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. യാതൊരുവിധ മെയിന്റനൻസും നടക്കുന്നില്ല. അവരുടെ ജീവിതം ഇന്ന് വളരെ ക്ലേശപൂർണ്ണമായിട്ടുള്ളതാണ്. മത്സ്യത്തൊഴിലാളികൾക്ക് തീരദേശ മേഖലയിൽ നിരവധി ആനുകൂല്യങ്ങൾ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച് അവരെ സാന്ത്വനിപ്പിക്കാൻ, സംരക്ഷിക്കാൻ മുൻകയ്യെടുത്തത് ധനകാര്യവകുപ്പുമന്ത്രിയും കേരളത്തിലെ ഇന്നത്തെ ഗവൺമെന്റുമാണ്. 2004, 2005, 2006 വർഷങ്ങളിൽ പണിത ആ വീടുകളിലെ സുരക്ഷിതമായ വാസത്തിന് അവസരമൊരുക്കാനുള്ള ഒരു കർമ്മപദ്ധതിക്ക് ഇനിയെങ്കിലും രൂപം നൽകാൻ തയ്യാറാകണമെന്നൊരു അപേക്ഷ ഈ സന്ദർഭത്തിൽ ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. നമ്മുടെ തീരദേശത്തിന്റെ പൂർണ്ണസംരക്ഷണം ഉറപ്പുവരുത്താൻ കഴിയുന്ന കർമ്മപദ്ധതികളാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ട് വച്ചിട്ടുള്ളതെന്നത് ഒരു തീരദേശ മേഖലയെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് വലിയ സന്തോഷവും നന്ദിയുമുണ്ടെന്ന് മാത്രമല്ല, ഇന്ന് ഏറെ വിവാദങ്ങൾക്കിടയായിക്കൊണ്ടിരിക്കുന്ന എന്റെ മണ്ഡലത്തിൽപ്പെട്ട ആലപ്പാട് പഞ്ചായത്തിന് പ്രത്യേകമായ പരിഗണന നൽകുമെന്ന് കഴിഞ്ഞ ദിവസം ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പരാമർശിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ വളരെ സന്തോഷപൂർവ്വം അഭിനന്ദിക്കാനും അതിനുള്ള നന്ദി പ്രകടിപ്പിക്കാനും ആഗ്രഹിക്കുകയാണ്. പ്രഖ്യാപിച്ച സഹായങ്ങൾക്ക് പ്രത്യേകമായ പരിഗണന എത്രയുംവേഗതയിൽ പ്രാവർത്തികമാക്കാനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകുന്നതിനുള്ള മുൻകൈ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതായിട്ടുണ്ട്. തീരപ്രദേശത്തേയും അവിടത്തെ ജനങ്ങളേയും ഏറെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ പ്രചണ്ഡമായി പല കേന്ദ്രങ്ങളിൽനിന്നും നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രചരണങ്ങൾ അടിസ്ഥാനരഹിതമാണെന്നും ഈ

ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലൂടെ തീരദേശം പൂർണ്ണമായും സംരക്ഷിക്കപ്പെട്ടുമെന്നും തീരദേശവാസികൾ സുരക്ഷിതരാണെന്നും ഉറപ്പുവരുത്താൻ കഴിയാവുന്ന തരത്തിലുള്ള ദ്രുതഗതിയിലുള്ള നടപടികളാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. തകർന്ന കടൽഭിത്തികൾ പുനഃസ്ഥാപിക്കാനും പുലിമുട്ടുകൾ നിർമ്മിക്കാനും കഴിയണം. തീരദേശമേഖലയിലെ സ്കൂളുകളുടെ അസൗകര്യങ്ങൾ പരമാവധി ഒഴിവാക്കുന്നതിനെ കൂട്ടുതൽ വേഗതയിൽ മുന്നോട്ടുകൊണ്ടു പോകാൻ കഴിയണം. അവരുടെ തൊഴിൽസാധ്യതകൾക്ക് വർദ്ധനവുണ്ടാക്കാൻ, വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ തീർച്ചയായും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിലൂടെ മുന്നോട്ട് വയ്ക്കുന്നുണ്ടെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്.

മറ്റൊരു കാര്യം, വിലക്കയറ്റത്തിന്റെ രൂക്ഷത രാജ്യത്താകെ അനുഭവപ്പെടുന്നൊരു കാലഘട്ടമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചതോടുകൂടി വിലക്കയറ്റം നിയന്ത്രണാതീതമായിരിക്കുകയാണ്. എന്നാൽ കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് പ്രതിപക്ഷത്തിനും അംഗീകരിക്കാൻ കഴിയുന്ന കാര്യമാണ്. കഴിഞ്ഞവർഷം ഈ സമയത്ത് ജയ അരിയുടെ വില ഏതാണ്ട് 40 രൂപയോളമായിരുന്നു, ഇന്നത് 30 രൂപയ്ക്ക് ലഭ്യമാകുന്ന സ്ഥിതിയുണ്ട്. അതുപോലെ നമ്മുടെ പൊതുവിതരണമേഖല, മുൻപ് ഏതു കാലത്തേക്കാളും സജീവമായി മുന്നോട്ട് പോകുകയാണ്. ഈ അവസരത്തിൽ സപ്ലൈകോയെ ശാക്തീകരിക്കാനും അവശ്യസാധനങ്ങളെല്ലാം ലഭ്യമാകുന്ന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തെടുക്കാനും ആവശ്യമായ സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. അതിനുള്ള സമ്പത്ത് പ്രത്യേകമായി നീക്കിവച്ച് ജനങ്ങളുടെ പ്രതീക്ഷാകേന്ദ്രമായി മാറ്റിത്തീർക്കാൻ കഴിയേണ്ടതുണ്ടെന്നുള്ളത് ഈ അവസരത്തിൽ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ റേഷൻകടകൾ വഴി ജനങ്ങൾക്ക് സാധനങ്ങൾ കൃത്യമായി ലഭ്യമാകുമെന്നുള്ളത് ഉറപ്പുവരുത്താൻ കഴിഞ്ഞൊരു കാലമാണിത്. അഴിമതി ആ രംഗത്തു നിന്നും സാമാന്യേന തുടച്ചുമാറ്റാനുള്ള എല്ലാ പ്രവർത്തനങ്ങളും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന വെന്നത് ഏറെ അഭിനന്ദനീയമായ കാര്യമാണ്. വികസനകാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ രംഗം ഏറ്റവും മാതൃകയർഹിക്കുന്നതരത്തിൽ ഇന്ന് മുന്നോട്ട് പോകുന്നുവെന്നുള്ളത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. കിഫ്ബിയുടെ പ്രോജക്ടുകളിൽ പ്രതിപാദിക്കുന്ന കാര്യങ്ങളെല്ലാം കേവലം വാഗ്ദാനങ്ങളായി നിൽക്കുന്നുവെന്ന് ഇവിടെ പരാമർശിക്കുകയുണ്ടായി. കേരളത്തിലെ 140 മണ്ഡലങ്ങളിലും വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ പ്രകടമാണ്. ആ മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശനം ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ആർക്കാണത് നിഷേധിക്കാൻ കഴിയുന്നത്? വിദ്യാഭ്യാസനിലവാരം ഉയരുന്നു, വിദ്യാർത്ഥികൾ ഇന്ന് ഏറെ സംതൃപ്തരാണ്,

രക്ഷകർത്താക്കൾക്ക് പൊതുവിദ്യാഭ്യാസമേഖലയെ വലിയ പ്രതീക്ഷയോടെ നോക്കി കാണാൻ കഴിയുന്ന അവസ്ഥയുണ്ടാകുന്നു. ഇതൊക്കെ നമ്മുടെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനഫലമായാണ് ഉണ്ടായിട്ടുള്ളത്. പ്രഖ്യാപനം മാത്രമല്ല, ആ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കേണ്ടതുണ്ടെന്ന ഉറച്ച ധാരണയോടെ ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നുവെന്നതിന്റെ മറ്റൊരു തെളിവ് ഞാൻ ചൂണ്ടിക്കാണിക്കാം. ഞാൻ കൊല്ലം ജില്ലയിലെ ഒരു മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ആളാണ്. ഞങ്ങളുടെ ജില്ലയിൽ സാമ്പത്തികരംഗത്ത് ഏറ്റവും സ്വാധീനിക്കുന്ന മേഖലയാണ് കശുവണ്ടി. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കോർപ്പറേഷൻ ഫാക്ടറിയടക്കമുള്ള എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയായിരുന്നു. തൊഴിലാളികൾ വളരെ ക്ലേശകരമായി ജീവിതത്തെ നേരിടേണ്ടിവന്ന കാലഘട്ടമാണ്. ആ സന്ദർഭത്തിൽ തെരഞ്ഞെടുപ്പ് വന്നു, ഇടതുപക്ഷമുന്നണി ജയിച്ചു. അധികാരത്തിൽ വന്നാൽ കശുവണ്ടി ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിലവസരങ്ങളുണ്ടാക്കുമെന്ന് പ്രകടനപത്രികയിൽ പ്രഖ്യാപിച്ചു. ആ പ്രഖ്യാപനം നടപ്പിലാക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുതുടങ്ങി. അതുവഴി കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. സ്വകാര്യമേഖലയിലെ ഫാക്ടറികൾ തുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. സാമ്പത്തിക പ്രതിസന്ധികളുടെ നടുവിൽ സ്വകാര്യ ഫാക്ടറികൾ പലതും തുറക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. ഇത് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എന്നാൽ ആ ചർച്ചയെത്തുടർന്ന് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ കഴിഞ്ഞ ദിവസം ബാങ്കുകളുടെ യോഗം പ്രത്യേകമായി വിളിച്ചുചേർത്ത് വളരെ പ്രതീക്ഷ നൽകുന്ന തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞുവെന്നുള്ളത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. അതിന്റെ ഫലമായി അൻപതിലധികം ഫാക്ടറികൾ ഉടൻ തുറക്കാൻ പോകുകയാണ്. ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരമുണ്ടാകാൻ പോകുകയാണ്. ഈ യാഥാർത്ഥ്യങ്ങൾക്ക് നേരെ കണ്ണടച്ചിരുട്ടാക്കുന്ന സമീപനമല്ലേ പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവർ ശബരിമല പ്രശ്നം ഉയർത്തി ബി.ജെ.പി.-യുടെ പിറകെ പോയി, ആ പോക്ക് ഇന്നെവിടെ വന്ന് നിൽക്കുന്നു? നമ്മുടെ രാജ്യം പാർലമെന്റ് തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുകയാണ്, ഇവരിവിടെ വലിയ മോഹങ്ങൾ വച്ചുപുലർത്തുന്നു. ബി.ജെ.പി.-യെ അധികാരത്തിൽ നിന്നു മാറ്റി ശ്രീ. രാഹുൽഗാന്ധിയെ പ്രധാനമന്ത്രിയാക്കുമെന്ന് പ്രഖ്യാപിക്കുന്നു. നല്ലത്, പക്ഷേ ആ പ്രഖ്യാപനം നടത്തുന്ന കോൺഗ്രസ് നേതൃത്വത്തോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ ഈ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലും പല പഞ്ചായത്തുകളിലും അധികാരം എൽ.ഡി.എഫ്.-ൽ നിന്ന് മാറ്റിയെടുക്കാൻ വേണ്ടി ബി.ജെ.പി.-യുമായും ആർ.എസ്.എസ്-ഉമായും കൂട്ടുചേർന്നുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തിന്റെ

അടിസ്ഥാനത്തിലുള്ളതാണ്? എന്ത് രാഷ്ട്രീയമാണതിൽ പ്രതിഫലിക്കുന്നത്? എന്തൊരു നാണക്കേടാണത്, രണ്ടു പഞ്ചായത്തുകളിൽ ഇതിനകംതന്നെ ആ നടപടിയുണ്ടായി. ........(ബഹളം)....... ബി.ജെ.പി.-യുമായും ആർ.എസ്.എസ്-ഉമായും കോൺഗ്രസ് അവിശുദ്ധബന്ധത്തിലേർപ്പെടുന്നത് പുതിയ കാര്യമാണോ? ഇവിടെ പാർലമെന്റ് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും നിങ്ങൾ ബന്ധങ്ങളുണ്ടാക്കിയിട്ടില്ലേ? അതിനുള്ള ഉദാഹരണങ്ങൾ നമ്മുടെ മുൻപിലില്ലേ? ഇത് ദേശീയരാഷ്ട്രീയത്തിൽ നിങ്ങളെടുക്കുന്ന നിലപാടുകളെ ദുർബലപ്പെടുത്തുന്നതാണെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണമെന്നതാണെന്റെ അഭ്യർത്ഥന. അതിന് കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ വിശ്വാസ്യത ഇനിയും നഷ്ടപ്പെടുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തിലെ ജനങ്ങൾ നിങ്ങളെ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. ഇവിടെ 20 പാർലമെന്റ് സീറ്റിലും ഞങ്ങൾ ജയിച്ചുകയറുമെന്ന് അവകാശപ്പെടുന്നു. നിങ്ങൾ ജയിക്കുമെന്ന് അവകാശപ്പെടുമ്പോൾ ജയിച്ചുവരുന്ന ജനപ്രതിനിധികൾ നിങ്ങളുടെ രാഷ്ട്രീയ നിലപാടിന് അനുയോജ്യമായി നിൽക്കുമെന്നുള്ളതിന് എന്ത് ഗ്യാരന്റിയാണുള്ളത്? കോൺഗ്രസിന്റെ കൈപ്പത്തിയിൽ ജയിച്ചുവന്ന എം.എൽ.എ.-മാർ സ്വന്തം ഗവൺമെന്റിന്റെ നിലനിൽപ്പിനെതിരായ സമീപനം സ്വീകരിക്കുന്ന കാഴ്ച രാജ്യത്ത് പല സ്ഥലങ്ങളിലും കർണ്ണാടകയിലുൾപ്പെടെ നമ്മൾ കണ്ടതാണ്, ജനങ്ങൾ വോട്ടുചെയ്തു, സീറ്റ് കിട്ടി, ജയിച്ചുകഴിഞ്ഞാൽ സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി എവിടേയും കൂറുമാറാൻ കഴിയുന്ന ഒരു നിലയിലേയ്ക്ക് നിങ്ങൾ അധഃപതിച്ചുകൊണ്ടിരിക്കുന്നു. അത് മാറേണ്ട കാലം കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് ഓർക്കുന്നത് നല്ലതാണ്. കാരണം, ഇന്ത്യ നേരിടാൻ കഴിയുന്നതിൽ വച്ച് ഏറ്റവും വലിയ വിപത്തിനെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഗവൺമെന്റ്, ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിൽ രാജ്യത്തിന് വരുത്തിക്കൊണ്ടിരിക്കുന്ന അപമാനകരമായ അനുഭവങ്ങൾ അവസാനിപ്പിക്കാൻ കഴിയേണ്ടതുണ്ട്. പക്ഷേ നിങ്ങളെടുക്കുന്ന ഹിന്ദു വർഗ്ഗീയതയോടുള്ള മൃദുസമീപനം നിങ്ങൾക്ക് അപകടം വരുത്തുന്നതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ടുതന്നെ നിങ്ങൾ തിരുത്തേണ്ട സമയമാണ്. ബി.ജെ.പി.-യെ തോൽപ്പിക്കേണ്ടത് ഇന്ത്യയുടെ രാഷ്ട്രീയഭാവിക്ക്, രാജ്യത്തിന്റെ ഐക്യത്തിന്, മതേതരത്വം നിലനിർത്തുന്നതിന് അനിവാര്യമാണെന്ന് ബോധ്യമുണ്ടെങ്കിൽ അതിനനുസൃതമായ വിശ്വാസ്യതയാർജ്ജിച്ച് ജനങ്ങളോടൊപ്പം നിൽക്കാനുള്ള സന്നദ്ധതയിലേയ്ക്കാണ് വരേണ്ടത്.

ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ ജാഥയുമായി ബന്ധപ്പെട്ട കാര്യം ഇവിടെ ആരോ സൂചിപ്പിച്ചു. ആ ജാഥ തുടങ്ങിയപ്പോഴാണ് എനിക്കൊരു കാര്യം മനസ്സിലായത്. ശ്രീ. കെ. എം. മാണിയുമായി ഇടക്കാലത്തുണ്ടായിരുന്ന അകൽച്ച മാറ്റി പുതിയ ബന്ധത്തിലേർപ്പെട്ടപ്പോൾ ഒരു ഗുണം നിങ്ങൾക്കുകിട്ടി. കാരണം, ചെലവില്ലാതെ നോട്ടെണ്ണുന്ന യന്ത്രം നിങ്ങൾക്ക് ലഭ്യമായി, അത് ഉപയോഗപ്പെടുത്തിക്കൊണ്ടി

രിക്കുകയാണ്. പക്ഷേ, പണം തന്നില്ലായെന്നുള്ളതിന്റെ പേരിൽ കമ്മിറ്റികളെ പിരിച്ചുവിടുകയെന്ന് പറയുന്നത് അസാധാരണ അനുഭവമാണ്. ഇങ്ങനെ പിരിച്ചുവിടാൻ പോയാൽ മഹാത്മാഗാന്ധി എന്താണോ ആഗ്രഹിച്ചത് അത് യാഥാർത്ഥ്യമാകുന്ന അവസ്ഥ കേരളത്തിലെങ്കിലും ഉണ്ടാകുമെന്ന കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1.00 P.M]

ശ്രീ. പി. സി. ജോർജ്: സർ, റബ്ബർമരം വെട്ടിമാറ്റി പകരം മറ്റ് കൃഷിയിലേയ്ക്ക് പോകണമെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നു. അപ്പോൾ ഈ സഭയിൽവച്ചുതന്നെ എന്നെ പുച്ഛിച്ചു, അപമാനിച്ചു. ഇപ്പോൾ എന്തായി? റബ്ബർകൃഷി നഷ്ടമായതിനാൽ കേരളത്തിലെ ബഹുഭൂരിപക്ഷം കർഷകരും റബ്ബർ വെട്ടിമാറ്റി, മറ്റ് കൃഷിയിലേയ്ക്ക് പോയി. അതുപോലെ മറ്റൊരു കാര്യംകൂടി പറയുകയാണ്. അരിയാഹാരം ഉപേക്ഷിക്കണം എന്നതാണ് എന്റെ അപേക്ഷ. നമ്മുടെ മുഖ്യമന്ത്രി സംസാരിക്കുമ്പോൾ അരിയാഹാരം കഴിച്ചവർക്കറിയാം എന്ന് പറയാറുണ്ട്. അത് അരിയാഹാരത്തിന്റെ പ്രാധാന്യമാണ്. ഈ അരിയാഹാരം ഉപേക്ഷിച്ചേ പറ്റൂ. ഇവിടെ രോഗികൾ നിറയുകയാണ്. ഇവിടെയിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന് പ്രഷറും ഷുഗറുമുള്ളതാണെന്ന് എനിക്കറിയാം. ഭക്ഷ്യ വകുപ്പുമന്ത്രിക്കും ഷുഗറുണ്ട്. കേരളത്തിലെ 60% ആളുകളും രോഗികളാണ്, അതിന് കാരണം അരിയാഹാരമാണ്. അതുകൊണ്ടാണ് നിരോധിക്കണമെന്ന് പറഞ്ഞത്. ഞാനിത് പറയുമ്പോൾ അരിയുടെ കാര്യത്തിൽ നമ്മുടെ വകുപ്പുമന്ത്രിക്ക് പ്രത്യേക ശ്രദ്ധ വേണം. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആന്ധ്രയിൽ നിന്നും വന്നയാളുകൾ എന്നെ അന്നദാനം ഉദ്ഘാടനം ചെയ്യാൻ വിളിച്ചു. ഞാൻ അവിടെച്ചെന്ന് അന്നദാനം ഉദ്ഘാടനം ചെയ്തു. അവിടെ എത്രനല്ല ചോറാണ് കൊടുത്തത്? ഇങ്ങനെയുള്ള അരിയുണ്ടോയെന്ന് എനിക്ക് അത്ഭുതം തോന്നി. ഞാൻ ചോദിച്ചപ്പോൾ അവർ ഇരുപത്തിയഞ്ച് കിലോ തൂക്കമുള്ള ഒരു ചാക്ക് അരി എനിക്ക് തന്നു. എന്ത് ടേസ്റ്റാണ്. ഈ വർഷവും ആന്ധ്രാക്കാർ വന്നിരുന്നു, ആ അരി ഉപയോഗിച്ചു, നല്ല അരിയാണ്. ഇവിടെ നടക്കുന്നതെന്താണ്? ഇവിടെ 14435 റേഷൻ കടകളുണ്ട്. എഫ്.സി.ഐ. ഗോഡൗണിൽ നിന്നുമാണ് അരിയെടുക്കുന്നത്. 14.2 ലക്ഷം മെട്രിക് ടൺ അരിയുണ്ട്. 3 രൂപയുടെ അരിയുണ്ട്, രണ്ട് രൂപയുടെ ഗോതമ്പുമുണ്ട്. ബാക്കി സൗജന്യമാണ്. പക്ഷേ ഇതിൽ ഭക്ഷിക്കാൻ കൊള്ളാവുന്ന അരിയുണ്ടോ; നിങ്ങൾ എവിടെ നിന്നെല്ലാമാണ് അരി എടുക്കുന്നത്? ഝാർഖണ്ഡ്, ആന്ധ്ര, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളുണ്ട്. ഈ അരി, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും പുഴുത്ത അരി വാരിക്കൂട്ടി നമുക്കയച്ച് തരികയാണ്. അതാണ് നമ്മൾ റേഷനായി കൊടുക്കുന്നത്.

സൗജന്യമായി അരി കൊടുത്ത് മനുഷ്യനെ രോഗിയാക്കണോ? അതുകൊണ്ട് വളരെ നിർബന്ധമായും ഭക്ഷ്യവകുപ്പുമന്ത്രി ഇക്കാര്യത്തിലിടപെടണം, ഈ അരിക്കച്ചവടം നിർത്താനുള്ള സമയം കഴിഞ്ഞു. ഈ അരി ആർക്കും ആവശ്യമില്ല. നല്ല ഒന്നാംതരം അരി ആന്ധ്രയിലുണ്ട്. ആ അരി കൊണ്ടുവരണം. എന്തുകൊണ്ടാണ് നമുക്കതിന് കഴിയാത്തത്? അതുപോലെ ഷുഗർലെസ്സ് അരിയുണ്ട്.

മി. ചെയർമാൻ: ചുരുക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നശേഷം വിതരണം ചെയ്ത അരിയെല്ലാം നല്ല അരിയാണ്. എഫ്.സി.ഐ.-യുടെ അലോട്ട്മെന്റാണ് നമുക്കിവിടെ കിട്ടുന്നത്. അലോട്ട്മെന്റ് നമുക്ക് സെലക്ട് ചെയ്യാം. മോശമുള്ളതല്ല, അതിനപ്പുറം സാധിക്കില്ല. നല്ല അലോട്ട്മെന്റാണ് കഴിഞ്ഞ കുറേ നാളുകളായി കിട്ടിക്കൊണ്ടിരിക്കുന്നത്. കിട്ടുന്ന അരിയെക്കുറിച്ച് എല്ലാവർക്കും സംതൃപ്തിയാണ്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയുടെ നടപടിയിൽ എനിക്ക് പരാതിയില്ല, അങ്ങനെ തെറ്റിദ്ധരിക്കരുത്. പക്ഷേ ഒരു കാര്യമുണ്ട്, ഈ റേഷനരി വാങ്ങി കോഴിക്ക് കൊടുക്കുകയാണെന്ന് അങ്ങറിയണം. അത് നമുക്ക് നിർത്തണം. റേഷൻ കടയിൽക്കൂടി ആട്ട കൊടുക്കുന്നുണ്ട്, ആട്ട നല്ലതാണ്. നോൺ സബ്സിഡി വിഭാഗത്തിന്റെ ഗോതമ്പെടുത്താണ് ആട്ട കൊടുക്കുന്നത്. അതുപോലെ എ.എ.വൈ. (അന്ത്യോദയ അന്നയോജന)ക്കാരുടെയും പ്രയോറിറ്റിക്കാരുടെയും ഗോതമ്പെടുത്ത് ആട്ടയാക്കിക്കൊടുത്താൽ മനുഷ്യർ ഭക്ഷണം കഴിക്കും. എന്തുകൊണ്ട് നമുക്കത് പരിശോധിച്ചുകൂടാ? ഈ റേഷൻസംവിധാനത്തിൽ ഒരു മാറ്റം വരുത്തണം. അങ്ങനെ മാറ്റം വരുത്തിക്കൊണ്ട് മലയാളിസമൂഹത്തെ അരിയാഹാരത്തിൽനിന്നും രക്ഷിക്കണം. അല്ലെങ്കിൽ ഷുഗർലെസ്സ് അരി ആന്ധ്രയിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നു. ചെലവുചുരുക്കലിനെ സംബന്ധിച്ച് സഭയിൽ പരാമർശിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്ത് രണ്ടരക്കോടി രൂപ ചെലവാക്കി, ആയിരക്കണക്കിനാളുകളെ ജനസമ്പർക്ക പരിപാടിക്ക് ക്ഷണിച്ചുവരുത്തി 1200 രൂപ കൊടുക്കുന്ന ചെലവുചുരുക്കലൊന്നും ഞങ്ങൾ നടത്തിയിട്ടില്ല. ശ്രീ. പി. സി. ജോർജ് റബ്ബർകൃഷിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. റബ്ബർ കയറ്റുമതി ചെയ്യുന്ന പട്ടികയിൽ

നിന്നും ഒഴിവാക്കിയത് കേന്ദ്ര ഗവൺമെന്റാണ്. ആ പട്ടികയിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം, അതിനുവേണ്ടി സമരം ചെയ്യണം, കേന്ദ്രത്തിനെതിരെ രണ്ട് വാക്ക് പറയണം; അതല്ലാതെ കേരള ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല എന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ഇത് ഡിബേറ്റല്ല, ചർച്ച സമയത്തിന് തീർക്കുന്നതിന് ദയവായി സഹകരിക്കണം.

ശ്രീ. പി. സി. ജോർജ്: സർ, സ്പീക്കർ ഇതിൽ ഇടപെടേണ്ട കാര്യമില്ല, അദ്ദേഹത്തിന് പ്രശ്നമില്ല.

മി. ചെയർമാൻ: അദ്ദേഹത്തിന്റെ സമയം പോകും.

ശ്രീ. പി. സി. ജോർജ്: സർ, അദ്ദേഹം നല്ലൊരു എം.എൽ.എ.-യാണ്. ഞാനൊരിക്കലും കേരള സർക്കാരിനെ കുറ്റപ്പെടുത്തിയതാണെന്ന് അങ്ങ് തെറ്റിദ്ധരിക്കരുത്. അന്താരാഷ്ട്രമാർക്കറ്റിൽ റബ്ബർ ഇപ്പോൾ ചണ്ടിയാണ്, 131 രൂപ മാത്രമേയുള്ളൂ, റബ്ബർ ലാഭകരമല്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. വി. വിജയദാസ്: സർ, നമ്മുടെ ഗവൺമെന്റ് ആഗോളവത്കരണ നയങ്ങൾക്കെതിരായിട്ടുള്ള പ്രത്യക്ഷബദലാണെന്ന് ഒരിക്കൽകൂടി തെളിയിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾക്കെതിരായിട്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. 2015-2016-ൽ 87,032 കോടി രൂപ ചെലവുവന്ന കേരള സംസ്ഥാനത്ത് 2017-2018-ൽ അത് 1,11,352 കോടി രൂപയായി വർദ്ധിച്ചു. 2018-2019 വർഷം ആയപ്പോഴേയ്ക്കും 1,29,093 കോടി രൂപയായി ചെലവ് വർദ്ധിപ്പിച്ചു. സാമൂഹ്യ സുരക്ഷാമേഖലയിൽ 35,000 കോടി രൂപയിൽ നിന്നും 44,000 കോടി രൂപയായി ഉയർന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 90.25% ഇവിടെ ചെലവഴിച്ചു. മാത്രവുമല്ല, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ചരിത്രത്തിലാദ്യമായി 23.5%-ൽ നിന്നും 24.5% ആയി ഉയർത്തി. ധനകാര്യ വകുപ്പുമന്ത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കയ്യയച്ച് സഹായിച്ചിരിക്കുകയാണ്. കാർഷികമേഖലയ്ക്ക് മാത്രം 2,500 കോടി രൂപ വകയിരുത്തി. അതിൽ പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടത് 517 കോടി രൂപ ജലസേചനപദ്ധതിക്കായി വകയിരുത്തിയിരിക്കുകയാണ്. ഇതിന്റെ ഫലമായി ചിറ്റൂർപുഴ പദ്ധതി, മൂലത്തറ റെഗുലേറ്റർ തുടങ്ങിയവയ്ക്കെല്ലാം തന്നെ നല്ലനിലയ്ക്ക് ഫണ്ട് അനുവദിച്ചു. പാലക്കാട് ജില്ലയെ ഏറ്റവുമധികം സഹായിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണെന്ന് അഭിമാനത്തോടുകൂടി പറയാൻ

സാധിക്കും. പാലക്കാട് ജില്ലയിലെ ലക്ഷക്കണക്കിന് വരുന്ന നെൽകൃഷിക്കാർക്ക് 20 കോടിരൂപ ചെലവഴിച്ച് റൈസ് പാർക്ക് സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പണം വകയിരുത്തി. കുരിയാർകുറ്റി-കാരപ്പാറ ജലസേചനപദ്ധതി തെരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം കേൾക്കുന്ന വാക്കാണ്. കേന്ദ്രവും കേരളവും ഒരേ കക്ഷി ഭരിച്ചാൽ മാത്രമേ കുരിയാർകുറ്റി-കാരപ്പാറ ജലസേചനപദ്ധതി നടപ്പിലാക്കാൻ പറ്റുകയുള്ളൂവെന്ന് അന്ന് യു.ഡി.എഫ്. പ്രചരിപ്പിച്ചതാണ്. അതിന് ജനങ്ങളും സഹായിച്ചു. കേരളത്തിൽ കോൺഗ്രസ് ഭരിച്ചു, പക്ഷേ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിമാത്രം വന്നില്ല. തള്ളിക്കളയാൻ ഏറ്റവും പറ്റിയ പദ്ധതിയാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് അന്നത്തെ കേന്ദ്ര ഗവൺമെന്റ് ആ പദ്ധതിയെ തള്ളിക്കളഞ്ഞത്. ഇപ്പോൾ, പതിറ്റാണ്ടുകൾക്കുശേഷം ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതി കേരള ചരിത്രത്തിലാദ്യമായി പാലക്കാട് ജില്ലയ്ക്ക് അനുവദിക്കപ്പെട്ടു. ജില്ലയുടെ കിഴക്കൻ മേഖലയുൾപ്പെടെ മുഴുവൻ വറ്റിവരണ്ട് കിടക്കുന്ന പാലക്കാടിനെ സഹായിക്കാനും തെളിനീരുനൽകാനും ഏതാണ്ട് 50 ലക്ഷം ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കാനും നെൽകൃഷിചെയ്യാനും ആവശ്യമായിട്ടുള്ള ജലസേചനം കൊണ്ടുവരുന്നതിനുവേണ്ടിയാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി വിഭാവനം ചെയ്യുന്നത്. അതിന് പാലക്കാടൻ ജനതയുടെ ആദരവ് ഇവിടെ പ്രകടിപ്പിക്കുന്നു. മാത്രവുമല്ല, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 89 കർഷകരാണ് സംസ്ഥാനത്ത് ആത്മഹത്യചെയ്തത്. രണ്ടരവർഷമായി കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്നു. ഒരു കർഷകൻപോലും ആത്മഹത്യ ചെയ്തിട്ടില്ല. രണ്ടരക്കൊല്ലംകൊണ്ട് ആത്മഹത്യയില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണെന്ന് അഭിമാനത്തോടുകൂടി പറയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആയിരം ദിവസം പൂർത്തിയാക്കി യിരിക്കുകയാണ്. ഈ ആയിരം ദിവസംകൊണ്ട് സംസ്ഥാനത്ത് ഒരു ലക്ഷം ആളുകൾക്കാണ് പി.എസ്.സി.വഴി മാത്രം നിയമനം നൽകിയത്. അതും ഒരു ചരിത്രസംഭവമാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റിനോ മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്കോ രണ്ടരക്കൊല്ലം കൊണ്ട്, അതായത് ആയിരം ദിവസംകൊണ്ട് ഒരു ലക്ഷം ആളുകൾക്ക് പി.എസ്.സി.വഴി മാത്രം നിയമനം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റിന് അത് സാധിച്ചു. തസ്തികകൾ വെട്ടികുറയ്ക്കലും അതുപോലെ കേന്ദ്രസർക്കാർ ജോയിന്റ് സെക്രട്ടറി പദവിയുള്ളവരെത്തന്നെ ഇവിടെ കരാർ ജോലിക്കാരാക്കി മാറ്റുന്ന നമ്മുടെ രാജ്യത്ത് 18000 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് സാധിച്ചു എന്നുള്ളത് ചെറിയ കാര്യമല്ല. അത് വളരെ അഭിമാനപൂർവ്വം

ഞങ്ങൾ നോക്കിക്കാണുകയാണ്. ഇവിടെ കേന്ദ്രസർക്കാർ ഇത്തരം പ്രവർത്തനങ്ങളെ അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്. സർക്കാരിന്റെ ഈ നയങ്ങളെ ഇല്ലാതാക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് പുലർത്തുന്നത്. 15-ാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം വെട്ടിക്കുറച്ചു. 2.5 ശതമാനത്തിൽ നിന്നും 1.8 ശതമാനമായി കറച്ചു. ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പേരിൽ റേഷനരി വെട്ടിക്കുറച്ചു. കോച്ച് ഫാക്ടറി അനുവദിക്കുന്നതിൽനിന്ന് കേന്ദ്രം പൂർണ്ണമായും പിൻവാങ്ങി. മഹാപ്രളയത്തിൽ സാലറിചലഞ്ച് പോലും ഇല്ലാതാക്കാൻ ശ്രമിച്ചു. ഈ കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നയമെന്താണ്; ഒരക്ഷരം മിണ്ടിയോ? സാലറി ചലഞ്ചിന്റെ കാര്യത്തിൽ ശമ്പളം കൊടുക്കരുതെന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ കോൺഗ്രസ്സിലെ എം.പി.-മാർ കേന്ദ്രത്തിൽ പോയി ഒരക്ഷരം മിണ്ടിയില്ല. നികുതിവിഹിതം വെട്ടിക്കുറച്ചതിനെ സംബന്ധിച്ച്, ധനകാര്യകമ്മീഷന്റെ കാര്യങ്ങളെ സംബന്ധിച്ച് കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും നിലപാട് എന്തായിരുന്നു; ഒരുകാര്യത്തിലും യാതൊരു നിലപാടും സ്വീകരിച്ചില്ല. കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള അവഗണനയെ യു.ഡി.എഫ്.-കൂടി പിൻതുണച്ചു എന്നാണതിന്റെ അർത്ഥം. മൂന്നരക്കോടി ജനങ്ങൾക്കെതിരായിട്ടാണ് കോൺഗ്രസും യു.ഡി.എഫ്.-ഉം പ്രവർത്തിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ കോൺഗ്രസിനേയും ബി.ജെ.പി-യേയും ഇപ്പോൾ ഒരുപോലെയാണ് കാണുന്നത്. അവർ രണ്ടും രണ്ടാണെന്നുള്ള ചിന്തയില്ല. രണ്ടും ഒരേപാർട്ടിതന്നെ, രണ്ടും ഒരേ സ്വഭാവംതന്നെ. പങ്കാളിത്ത പെൻഷൻ കേന്ദ്രസർക്കാർ കൊണ്ടുവന്നു, കോൺഗ്രസിവിടെ പിന്തുണച്ചു. പെട്രോളിയം വിലനിയന്ത്രണം സംബന്ധിച്ച് കോൺഗ്രസ് വിലക്കി, അപ്പോൾ ബി.ജെ.പി. പറയുന്ന ഡീസൽ വിലനിയന്ത്രണം ബി.ജെ.പി.-യും എടുത്തുകളഞ്ഞുവെന്ന്. അഗസ്താ വെസ്റ്റ്ലാന്റ് ഹെലികോപ്റ്റർ അഴിമതി കോൺഗ്രസ് നടത്തി. ഇപ്പോൾ റഫേൽ യുദ്ധവിമാനത്തിന്റെ അഴിമതി ബി.ജെ.പി.-യും നടത്തി. ഇപ്പോൾ കോൺഗ്രസ് ജനങ്ങളെ കൂട്ടാൻവേണ്ടി മഹായാത്ര നടത്തുകയാണ്. മഹായാത്ര നടത്തുമ്പോൾ കാണുന്ന കാഴ്ചകൾ അപാരമാണ്. മലയിൻകീഴിലും മറ്റ് പഞ്ചായത്തുകളിലുമെല്ലാം ബി.ജെ.പി.-യുമായി യോജിച്ചുകൊണ്ട് കോൺഗ്രസ് അടിത്തറ വിപുലപ്പെടുത്തുകയാണ്. അടിത്തറ വിപുലപ്പെടുത്തുമ്പോൾ നിങ്ങളുടെ പ്രകടനത്തിലും പൊതുയോഗത്തിലും ജനങ്ങൾ പങ്കെടുക്കാതെയാകും. ജനം എന്തുകൊണ്ട് പങ്കെടുത്തില്ല എന്നു ചോദിച്ചുകൊണ്ട് ജനങ്ങളെ കമ്മിറ്റികളിൽ നിന്ന് പിരിച്ചുവിടുകയാണ് ചെയ്യുന്നത്. മണ്ഡലം കമ്മിറ്റികളും ബ്ലോക്ക്കമ്മിറ്റികളും പിരിച്ചുവിടുന്നു. എന്താണ് ആളുകൾ കുറഞ്ഞതെന്ന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ചോദിക്കുന്നു. മുല്ലപ്പള്ളിയുടെ മുഖം ചീത്തയായതിന് കണ്ണാടി

കുത്തിപ്പൊട്ടിച്ചിട്ട് കാര്യമുണ്ടോ; നിങ്ങളുടെ നയം തിരുത്തണം, അല്ലാതെ നിങ്ങൾക്ക് രക്ഷയില്ല. കോൺഗ്രസ്സിന്റെ കൂടെ ആളില്ല. കേരളത്തിൽ, ഗതികിട്ടാപ്രേതംപോലെ നടക്കുന്ന സ്ഥിതിയിലേയ്ക്ക് ഇന്ന് കോൺഗ്രസ് മാറിക്കഴിഞ്ഞു. ആർ.എസ്.എസ്.-നോടുള്ള നയം തിരുത്തിയാൽ മാത്രമേ നിങ്ങൾ രക്ഷപ്പെടുകയുള്ളൂ. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനം ഒരേ സമയം അഭിമാനകരമായും അപമാനകരമായും വിലയിരുത്തപ്പെട്ട രണ്ട് സംഭവങ്ങൾ ഈയവസരത്തിൽ ഓർക്കുകയാണ്. ഒന്ന്, സ്ത്രീമുന്നേറ്റത്തിന്റെ സമാനതകളില്ലാത്ത പ്രഖ്യാപനമായിത്തീർന്ന വനിതാമതിലിന്റെ അഭിമാനശബ്ദം. മറ്റൊന്ന്, പരിപാവനമായ ശബരിമലയെ കലാപഭൂമിയാക്കാൻ നോക്കിയ പ്രബുദ്ധരായ പൊതുസമൂഹത്തെ ഭയന്ന് തിരികെയോടിയ അപമാനദൃശ്യം. ഈ പിൻതിരിഞ്ഞോട്ടം വിനാശകരമായൊരു സന്ദേശമാണ്; ആപത്കരമായ മുന്നറിയിപ്പാണ്. ഇത്തരം പ്രവണതകൾ പ്രതിരോധിക്കാനാണ് 50 ലക്ഷം സ്ത്രീകൾ ഒന്നായി ചേർന്ന് പ്രതിരോധമതിലുയർത്തിയത്. മതാന്ധകാരത്തിനെതിരെ പടുത്ത പ്രതിരോധ കോട്ടയായി അത് ചരിത്രത്തിലിടം നേടി. ഒരു നൂറ്റാണ്ടിനിടയിൽ കേരളത്തെ പിടിച്ചുലച്ച മഹാപ്രളയത്തിനുശേഷം ഈ നാട്ടിൽ സ്വാഭാവികമായി രൂപപ്പെട്ട ഒരു മാനവികതയുണ്ട്. പ്രളയാനന്തര മാനവികതയെന്ന് സാമൂഹിക ചിന്തകർ ഇതിനെ വിലയിരുത്തുന്നു. പ്രൊഫ. ബി. രാജീവൻ ഈ പുതിയ മാനവികതയെപ്പറ്റി 'പ്രളയാനന്തര മാനവികത ശബരിമലയുടെ പശ്ചാത്തലത്തിൽ' എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജാതി-മത/ആൺ-പെൺഭേദമില്ലാതെ, പ്രായഭേദമില്ലാതെ മലയാളി ദുരന്തമുഖത്ത് ഒന്നായപ്പോൾ രൂപപ്പെട്ടതാണ് പുതിയൊരുതരം മാനവികത. പ്രത്യാശാപൂർണ്ണമായ നന്മയുടെ പ്രകാശമാണ്. വെള്ളമിറങ്ങിയപ്പോൾ ഇപ്പോൾ നാം കാണുന്നത് കടുത്ത വരൾച്ചയാണ്. പ്രളയജലം വറ്റിയപ്പോൾ നന്മയും വറ്റി. സ്ത്രീ അടുക്കളയിൽ ഒടുങ്ങേണ്ടവളാണെന്നമട്ടിൽ പ്രചരണം നടത്തുന്നു. സ്ത്രീ മുന്നേറ്റത്തിനെതിരെ സ്ത്രീകളെത്തന്നെ തെരുവിലിറക്കി മുദ്രാവാക്യം വിളിപ്പിക്കുന്നു. ഇതാണ് സംഘപരിവാർ മാനവികത. ഫാസിസത്തിന്റെ ഈ പുതിയ കേരളാമോഡൽ ശബരിമലയിലാണ് സംഘപരിവാർ ശക്തികൾ പരീക്ഷിച്ചത്. വാജ്പേയി ഭരിച്ചിരുന്നകാലത്ത് പൊക്രാനിൽ ആണവ വിസ്ഫോടനം നടത്തിയതുപോലെ മോദിയുടെ കാലത്ത് ശബരിമലയിൽ ഫാസിസത്തിന്റെ ആണവസ്ഫോടനം നടത്താനുള്ള ശ്രമമാണ് നടന്നത്. എന്നാൽ അത്തരം വിഷബോംബുകൾ പൊട്ടാതെ ചീറ്റിപ്പോകുകയാണുണ്ടായത്. ഫാസിസം ജനങ്ങളെ അവരറിയാതെതന്നെ പിടികൂടുന്ന രാഷ്ട്രീയ പകർച്ചവ്യാധിയാണ്. ഈ രോഗം ജനങ്ങളെ സ്വന്തം അടിമത്തത്തിൽ ആഹ്ലാദിക്കുന്നവരാക്കി മാറ്റി. അടിമത്തമാണ് വിമോചനമെന്ന

നില സൃഷ്ടിക്കുകയാണ്. ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് സ്ത്രീ സമത്വത്തിനും സ്വാതന്ത്ര്യത്തിനുമെതിരായി സ്ത്രീകൾ തന്നെ തെരുവിലിറങ്ങിയ കാഴ്ച. അടുത്തിടെ കൊല്ലത്ത് ഒരു ക്ഷേത്രത്തിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ചടങ്ങിനുശേഷമുള്ള സ്വകാര്യ സംഭാഷണത്തിനിടയിൽ രാഷ്ട്രീയം ചർച്ചയായി. സംഘാടകരിൽ ഒരാൾക്ക് സംശയം. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ ഏതെങ്കിലും സീറ്റ് ഇടതുപക്ഷത്തിന് കിട്ടുമോയെന്നാണ്. ഈ ചോദ്യത്തിൽ ഒരു തെറ്റിദ്ധാരണ അടങ്ങിയിട്ടുണ്ട്. ശബരിമലയിൽ പോകുന്നവർ മുഴുവനും ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമാണെന്ന തോന്നലാണ് ആ തെറ്റിദ്ധാരണ. ഇത്തരം തെറ്റിദ്ധാരണ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ തുടങ്ങുമ്പോൾത്തന്നെ മാറുമെന്നെനിക്കുറപ്പുണ്ട്. അവരോട് ഞാൻ പറഞ്ഞു, ശബരിമലയിൽ പോകുന്ന എല്ലാവരും ബി.ജെ.പി. അല്ല. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ഞാൻ തന്നെയാണ്. വീണ്ടും സംഘാടകരുടെ ചോദ്യം ഞാൻ അയ്യപ്പഭക്തനാണോയെന്ന്; അതെയെന്ന് മറുപടികൊടുത്തു. മുൻപ് പല വർഷവും ഞാൻ മല ചവിട്ടിയിരുന്ന കാര്യവും ഓർമ്മിപ്പിച്ചു. അപ്പോൾ അടുത്തചോദ്യം അയ്യപ്പന്റെ ശക്തിയിൽ വിശ്വാസമുണ്ടോയെന്ന്; വിശ്വാസമുണ്ടെന്നും അതിന് കാരണമുണ്ടെന്നും ഞാൻ തറപ്പിച്ചുപറഞ്ഞു. ശബരിമലയിൽ ദുരുദ്ദേശ്യത്തോടെ തമ്പടിച്ച ശബരിമല കർമ്മസമിതി നേതാവിനെ കാട്ടുപന്നി കുത്താനോടിച്ചത് അയ്യപ്പന്റെ ശക്തിയല്ലേ; ശബരിമല വിഷയത്തിൽ രാവിലെയും രാത്രിയും നിലപാട് മാറ്റി മാറ്റിപ്പറയേണ്ട ഗതികേട് ബി.ജെ.പി. അദ്ധ്യക്ഷനുണ്ടായത് അയ്യപ്പകോപം കൊണ്ടല്ലേ; പ്രഗത്ഭ വക്കീലിനും അയ്യപ്പകോപത്താൽ നാക്കുളുക്കി. ബി.ജെ.പി.-യുടെ ഒരു പ്രധാന നേതാവിന് 14 ദിവസം ജയിലിൽ കിടക്കേണ്ടിവന്നത് അയ്യപ്പകോപംകൊണ്ടല്ലേ; അയ്യപ്പനാണ് അദ്ദേഹത്തെ ജയിലിലടച്ചത്. കാരണം, നിങ്ങൾ ചെയ്യുന്നത് തെറ്റാണെന്നുള്ള ഒരു ചോദ്യം അയ്യപ്പൻ തന്നതാണ്. മറ്റൊരു വനിതാ നേതാവിനെകൊണ്ട് അയ്യപ്പൻ ഇരുപത്തി അയ്യായിരം രൂപ കോടതിയിൽ പിഴ അടപ്പിച്ചു. ഇതൊക്കെ അയ്യപ്പന്റെ ശക്തിതന്നെയാണ്. എന്റെ perspective-ൽ അയ്യപ്പന്റെ ശക്തി ഇതാണ്. സുപ്രീംകോടതിവിധി നടപ്പിലാക്കിയതുകൊണ്ടാണല്ലോ സർക്കാരിനെതിരെ പ്രക്ഷോഭമുണ്ടായത്. നടപ്പിലാക്കിയിരുന്നില്ലെങ്കിലോ; അപ്പോഴുമുണ്ടാകുമായിരുന്നു പ്രക്ഷോഭം. സുപ്രീംകോടതിവിധി ധിക്കരിച്ച സർക്കാർ രാജിവയ്ക്കുക എന്നതാവും മുദ്രാവാക്യം. കേരളത്തെ ജാതിഭ്രാന്തിലേയ്ക്ക് വലിച്ചിഴച്ച ഈ കോലാഹലം എന്തിനുവേണ്ടിയായിരുന്നു; ദൈവത്തിന്റെ പേരിലാണ് സമരം. ദൈവത്തെപ്പറ്റി മഹാത്മാഗാന്ധി പറഞ്ഞ കാര്യം ഓർക്കുക. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അദ്ദേഹം പറഞ്ഞു 'ഗോഡ് ഈസ് ട്രൂത്ത്,'' ദൈവം സത്യമാകുന്നു. പിന്നീടദ്ദേഹം തിരുത്തി 'ട്രൂത്ത് ഈസ് ഗോഡ്.' സത്യം മാത്രമാണ് ദൈവമെന്ന് ഓർമ്മിപ്പിച്ചു. ശബരിമലയുടെ കാര്യത്തിൽ ഗാന്ധിയൻ നിരീക്ഷണം പൂർണ്ണമായും ശരിയാണ്. സത്യം ജയിച്ചിരിക്കുന്നു. സത്യം ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. സത്യം

തിരിച്ചറിഞ്ഞ ജനങ്ങൾ വോട്ടെടുപ്പിൽ ദൈവത്തെപ്പോലെ വിധി കൽപ്പിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. സത്യത്തിന്റെ പിന്തുണയിൽ ഇടതുപക്ഷ സ്ഥാനാർത്ഥികൾ ചരിത്രവിജയം നേടും. ഇവിടെ സംഭവിക്കുന്നതെന്താണ്? മഹാത്മാവിനെ പ്രതീകാത്മകമായി വീണ്ടും വെടിവച്ച് കൊല്ലുന്നു. ആ നെഞ്ചിൽനിന്നും ഒരിക്കൽ ചാടിയ രക്തത്തെ അനുസ്മരിപ്പിച്ച് കൃത്രിമ രക്തമൊഴുക്കുന്നു. ഇവർ അനുദിനം ഗാന്ധിവധം തുടരുകയാണ്. ഇന്ന് പ്രതീകാത്മകമാണെങ്കിൽ, നാളെ വിരുദ്ധാശയങ്ങൾ പുലർത്തുന്നവന്റെ നെഞ്ചിലേയ്ക്ക്, നമുക്ക് നേരേ തോക്കുകൾ തയ്യാറാണെന്ന മുന്നറിയിപ്പാണ് ഈ ഗാന്ധിവധം. മനസ്സാക്ഷിയെ നടുക്കിയ നീചമായ തോക്കുനാടകത്തിനെതിരെ കോൺഗ്രസ് എന്ത് ചെയ്തു? കേരളത്തിലെ കോൺഗ്രസ് നേതാക്കൾ രംഗത്തിറങ്ങിയോ? പതിവുമട്ടിൽ ഒന്നോ രണ്ടോ പ്രസ്താവന മാത്രം. മഹാത്മാവിന്റെ മരണാനന്തര വധനാടകം നിസ്സംഗരായി കണ്ടിരിക്കാൻ കോൺഗ്രസ് നേതാക്കൾ വിധിക്കപ്പെട്ടിരിക്കുകയാണ്. ശബരിമലയെന്നപോലെ ഇവിടെയും സംഘപരിവാറുകൾക്ക് മുന്നിൽ തലകുനിക്കാനാണ് കോൺഗ്രസിന് വിധി. കോൺഗ്രസ് നേതാക്കളുടെ ഇതേ മൗനം ആധുനിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ദുരന്തവുമായി ചേർത്ത് വായിക്കണം. ഗാന്ധിവധത്തെത്തുടർന്ന് പൊതുസമൂഹം വെറുപ്പോടെ പുറന്തള്ളിയ സംഘപരിവാരങ്ങൾ വർദ്ധിതശക്തിയോടെ രാജ്യം ഭരിക്കാൻ കെൽപ്പ് നേടിയതിനു പിന്നിൽ കോൺഗ്രസിന്റെ എക്കാലത്തെയും മൗനം ഒരു പ്രധാന കാരണമായിത്തീർന്നു വെന്ന് കാണാം. ഇതേ മൗനം കഴിഞ്ഞ പ്രളയകാലത്തും കേരളത്തിൽ കണ്ടു. പ്രളയമുഖത്ത് മത്സ്യത്തൊഴിലാളികൾക്കും മറ്റ് സന്നദ്ധ പ്രവർത്തകർക്കുമൊപ്പം സി.പി.ഐ.(എം)-ന്റെ നൂറ് കണക്കിന് പ്രവർത്തകർ രക്ഷകരായി അണിനിരന്ന ചരിത്രം അത് സാക്ഷ്യപ്പെടുത്തുന്നു. ഇക്കാര്യത്തിലുള്ള ഒരു അനുഭവസാക്ഷ്യം ഞാൻ ഓർക്കുകയാണ്. പ്രമുഖനടനായ ശ്രീ. സലിം കുമാർ 'സെൽ മീ ദി ആൻസർ' എന്ന ടെലിവിഷൻ പരിപാടിയിൽ എന്നോട് പങ്കുവച്ച കാര്യമാണത്. അദ്ദേഹം കറ കളഞ്ഞ കോൺഗ്രസുകാരനാണ്. പ്രളയത്തിൽ അദ്ദേഹത്തിന്റെ വീട് മുങ്ങി. തുടക്കത്തിൽ അദ്ദേഹം അത് കാര്യമാക്കിയില്ല. നാൽപ്പതോളം പേർക്ക് അദ്ദേഹം അഭയവും നൽകി. ഒടുവിൽ കാര്യങ്ങൾ പിടിവിട്ടു. അറിയപ്പെടുന്ന കലാകാരനും കോൺഗ്രസുകാരനുമായ ശ്രീ. സലിം കുമാർ ജീവിച്ചിരിപ്പുണ്ടോ എന്നുപോലും കോൺഗ്രസുകാർ അന്വേഷിച്ചില്ല. രണ്ടുപേർ മാത്രമാണ് തന്നെപ്പറ്റി അന്വേഷിച്ചതെന്ന് അദ്ദേഹം ദുഃഖത്തോടെ എന്നോട് പറഞ്ഞു. അവർ ആരൊക്കെയാണെന്ന് ഞാൻ ചോദിച്ചപ്പോൾ ശർമ്മ സഖാവും ശ്രീ. പി. രാജീവും എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇവിടംകൊണ്ടും തീരുന്നില്ല. അദ്ദേഹത്തെ രക്ഷിക്കാൻ ഒടുവിലൊരു വള്ളമെത്തി. അദ്ദേഹവും കുടുംബവും അതിൽക്കയറി. അവസാനമായി കയറിയത് അദ്ദേഹമായിരുന്നു. അതിൽ കയറുന്നതിനുമുൻപ് വള്ളം അയച്ചതാരാണെന്ന് അദ്ദേഹം അന്വേഷിച്ചു. ശർമ്മ

സഖാവാണ് വള്ളം അയച്ചതെന്ന് വള്ളക്കാരൻ പറഞ്ഞു. അതുകേട്ട് തന്റെ കണ്ണുകൾ നിറഞ്ഞുപോയ രംഗം എന്നോട് പങ്കുവച്ചുകൊണ്ട് ആവശ്യപ്പെട്ടത് ഇക്കാര്യം എല്ലാവരെയും അറിയിക്കണമെന്നാണ്. മരിക്കുന്നതുവരെ താൻ കോൺഗ്രസുകാരൻ തന്നെയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വള്ളം സുരക്ഷിതമായൊരു സ്ഥലത്തിറങ്ങിയപ്പോൾ കുറച്ചു കോൺഗ്രസ്സുകാർ ശ്രീ. സലിം കുമാറിനോട് ചോദിച്ചു, ഞങ്ങളയച്ച വള്ളം കിട്ടിയല്ലോ എന്ന്. കോൺഗ്രസുകാരനായ ശ്രീ. സലിം കുമാറിലൂടെ പ്രളയമുഖത്തും കോൺഗ്രസിന്റെ മൗനം എനിക്ക് ബോധ്യമായി. കോൺഗ്രസിന്റെ മനസ്സുണർത്താനാണ് അദ്ദേഹം തന്റെ പ്രളയാനുഭവം പരസ്യമാക്കിയത്. സാമൂഹ്യപ്രശ്നങ്ങളിലിടപെടാതെ മുഖംതിരിക്കുന്ന സ്വന്തം പാർട്ടിക്കുള്ള മുന്നറിയിപ്പാണിത്. ശ്രീ. സലിം കുമാറിന്റെ ഉപദേശം കോൺഗ്രസ്സുകാർ കൈക്കൊള്ളണം.

അടിസ്ഥാനസൗകര്യ വികസനരംഗത്ത് വിപുലവും വിസ്മയകരവുമായ പ്രവർത്തന ങ്ങളാണ് നടന്നുവരുന്നത്. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായി. കൊല്ലം ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സിംഹഭാഗവും ഈ സർക്കാരാണ് പൂർത്തീകരിച്ചത്. ഭാവി വികസനസ്വപ്നങ്ങൾ ഇന്നുതന്നെ യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് കിഫ്ബി പദ്ധതി ആവിഷ്കരിച്ചത്. 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമാക്കുന്നത്. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് സംശയമുണർത്തുകയും പരിഹസിക്കുകയും ചെയ്തിരുന്ന പ്രതിപക്ഷത്തെപ്പോലും അമ്പരപ്പിച്ചുകൊണ്ട് 512 പദ്ധതികൾക്കായി 42,000 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിക്കഴിഞ്ഞു. നിരവധി പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞു. 230 കോടി രൂപയുടെ കൊല്ലം കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു. 45 കോടി രൂപ ചെലവഴിച്ച് കൊല്ലത്ത് നിർമ്മിക്കുന്ന ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിലുള്ള നവോത്ഥാന സാംസ്കാരിക സമുച്ചയം ടെണ്ടർ നടപടിയിലാണ്. എന്റെ മണ്ഡലത്തിലെ പെരുമൺ പാലത്തിന്റെ നിർമ്മാണം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സാമ്പത്തിക പരാധീനതയുടെ പേരിൽ ഉപേക്ഷിച്ചതാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ആദ്യ ബഡ്ജറ്റിൽത്തന്നെ പെരുമൺ പാലം ഉൾപ്പെടുത്തുകയും 45 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകുകയും ചെയ്തു. അതിപ്പോൾ ടെണ്ടർ നടപടിയിലാണ്. ഒരു ജനതയുടെ ദശാബ്ദങ്ങളായുള്ള സ്വപ്നമാണ് സാക്ഷാത്കരിക്കപ്പെട്ടത്.

<u>മി. ചെയർമാൻ</u>: കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എം. മുകേഷ്</u>: സർ, സംസ്ഥാനത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യംവച്ചു കൊണ്ട് ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ഫലപ്രദമായി സമന്വയിപ്പിച്ച് സുതാര്യമായും കാര്യക്ഷമമായും കരുതലോടെയും മാതൃകാപരമായും

പ്രവർത്തിച്ചുവരുന്ന ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ ഭാഗമാകാൻ കഴിഞ്ഞതിലുള്ള അഭിമാനം പങ്കുവച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. നമ്മുടെ ഭരണാധികാരികൾ നീതിമാന്മാരാകണം. ധനവിനിയോഗത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നീതി കാണിച്ചില്ലെന്ന് പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ വർഷം എം.എൽ.എ.-മാരോട് ആവശ്യപ്പെട്ടത് അൻപത് വർക്കുകൾ നിർദ്ദേശിക്കണമെന്നാണ്. അൻപത് വർക്കുകളിൽ ഒന്നോ രണ്ടോ വർക്കുകൾ മാത്രമാണ് ഞങ്ങൾക്ക് ലഭിച്ചത്. ഈ വർഷം ഇരുപത് വർക്കുകൾ നിർദ്ദേശിച്ചാൽ മതിയെന്ന് പറഞ്ഞു. അതും ഒന്നോ രണ്ടോ വർക്കുകൾക്ക് തുച്ഛമായ തുകയാണ് ലഭിച്ചത്. ധനവിനിയോഗത്തിന്റെ കാര്യത്തിൽ തികച്ചും അനീതിയും വിവേചനവുമാണുള്ളത്. ഇന്നലെ സംസാരിച്ച ബഹുമാനപ്പെട്ട കല്ല്യാശ്ശേരി മെമ്പർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യു.ഡി.എഫ്. മെമ്പർമാർക്കാണ് കൂടുതൽ തുക കൊടുത്തതെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷവും യു.ഡി.എഫ്. മെമ്പർമാർക്കാണ് കൂടുതൽ കൊടുത്തത്, അത് ഞങ്ങളുടെ ഔദാര്യമാണെന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ ഫണ്ട് ലഭിച്ചിട്ടുള്ള മണ്ഡലങ്ങൾ ഏതാണെന്ന് പരിശോധിക്കണം. ഞാൻ തീർത്തുപറയുന്നു, ഏറ്റവും കൂടുതൽ ഫണ്ട് ലഭിച്ചത് എൽ.ഡി.എഫ്. മെമ്പർമാരുടെ മണ്ഡലങ്ങൾക്കായിരുന്നു. കല്ല്യാശ്ശേരി മണ്ഡലത്തിൽ മുപ്പത്തിയഞ്ച് കോടി രൂപയിലധികം ചെലവഴിച്ച പാലം ഈയിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആര് കൊടുത്ത തുകയാണത്? കണ്ണൂർ വിമാനത്താവളം ആരുടെ കാലത്തുണ്ടാക്കിയതാണ്? ഈ ഗവൺമെന്റ് പെയിന്റടിച്ചു എന്നല്ലാതെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഞാൻ പറയാം. ...(ബഹളം).....

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...തടസ്സപ്പെടുത്തരുത്...(ബഹളം).....

ശ്രീ. പി. ഉബൈദുള്ള: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോളേജുകളില്ലാത്ത എല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജ് കൊടുക്കാൻ തീരുമാനിച്ചു. .............(ബഹളം).....

മി. ചെയർമാൻ: ...പ്ലീസ്.......(ബഹളം).....

ശ്രീ. പി. ഉബൈദുള്ള: സർ, തലശ്ശേരി എം.എൽ.എ. പ്രതിനിധീകരിക്കുന്ന, മുമ്പ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രതിനിധീകരിച്ച മണ്ഡലത്തിൽ കോളേജ്

കൊടുത്തതാരാണ്? ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ, പയ്യന്നൂർ മണ്ഡലത്തിൽ, നാദാപുരം മണ്ഡലത്തിൽ, ഉദുമ മണ്ഡലത്തിൽ കോളേജ് കൊടുത്തതാരാണ്?

.......(ബഹളം).....

മി. ചെയർമാൻ: പ്ലീസ്.....രാജേന്ദ്രൻ, പ്ലീസ്.....(ബഹളം).....

ശ്രീ. പി. ഉബൈദുള്ള: സാർ, ഇതെല്ലാം വാങ്ങിയിട്ട് ഞങ്ങൾ നൽകുന്നത് ഔദാര്യമാണെന്ന് പറയുകയാണ്. ഇവിടെ അനീതി ചെയ്യുകയാണ്.

.......(ബഹളം).....

മി. ചെയർമാൻ: പ്ലീസ്..........(ബഹളം).....

ശ്രീ. പി. ഉബൈദുള്ള: സർ, ഈ സർക്കാർ ചെയ്യുന്ന അനീതികൾ ജനങ്ങളറിയരുത് എന്നുള്ളതുകൊണ്ടാണ് മാധ്യമങ്ങൾക്കുപോലും വിലക്ക് കൽപ്പിക്കുന്നത്. സാധാരണഗതിയിൽ മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും പൊതുപരിപാടിക്ക് വന്നാൽ മാധ്യമപ്രവർത്തകർ വരും. കറന്റ് ഇഷ്യൂസിനെ സംബന്ധിച്ച് അവരുടെ പ്രതികരണം ആരായും. എന്നാൽ, ഇവരാദ്യം പറഞ്ഞു, മുഖ്യമന്ത്രിയെയും മന്ത്രിമാരെയും കാണരുത്, അതിന് പി.ആർ.ഡി.-യുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണം എന്നാണ്. രണ്ടാമത് തിരുത്തിയിറങ്ങിയിട്ടുള്ള സർക്കുലറിൽ മന്ത്രിമാർ മാധ്യമപ്രവർത്തകരെ കാണുമെന്ന് പി.ആർ.ഡി.വഴി മുൻകൂട്ടി അറിയിക്കണമെന്ന് പറയുന്നു. രണ്ടും ഒന്നുതന്നെയല്ലേ; അപ്പോൾ ഇവിടെ നടക്കുന്ന അനീതി, അന്യായം ജനങ്ങളറിയരുത് എന്നതുകൊണ്ട് ജനാധിപത്യത്തിന്റെ നാലാം തൂൺ എന്ന് വിശേഷിപ്പിക്കുന്ന മാധ്യമങ്ങൾക്കുപോലും കൂച്ചുവിലങ്ങിടുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

നമ്മുടെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ. ലോക കേരളസഭയ്ക്കുശേഷമുള്ള ബഡ്ജറ്റായതിനാൽ വലിയ പ്രതീക്ഷകളോടുകൂടിയാണ് പ്രവാസികൾ ബഡ്ജറ്റിനെ കണ്ടത്. എന്നാൽ പ്രവാസികൾക്കുവേണ്ടി എന്താണ് പുതുതായി ബഡ്ജറ്റിലുള്ളത്? പ്രവാസികൾക്ക് തൊഴിൽ കൊടുക്കുന്നതിനോ പ്രവാസികളുടെ പുനരധിവാസത്തിനോ എന്തെങ്കിലും പദ്ധതിയുണ്ടോ? ആകെക്കൂടിയുള്ളത് മരിച്ചാൽ മൃതദേഹം സൗജന്യമായി തിരിച്ചുകൊണ്ടുവരുമെന്നുള്ളതാണ്. ഇത് പുതിയ പദ്ധതിയല്ല, മൃതദേഹം നാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ ഇപ്പോൾത്തന്നെ 'കാരുണ്യം' പദ്ധതിയിലൂടെ നോർക്കവഴി അൻപതിനായിരം രൂപ കൊടുക്കുന്നുണ്ട്. അതല്ലാതെ പുതുതായി യാതൊരാനുകൂല്യവും പ്രവാസികളെ സംബന്ധിച്ചിടത്തോളം ലഭിക്കുന്നില്ല. പ്രവാസി ക്ഷേമനിധിയിൽ നിന്ന്

2000 രൂപയാണിപ്പോൾ പെൻഷൻ കൊടുക്കുന്നത്. അത് 5000 രൂപയാക്കി ഉയർത്തണമെന്നുള്ളത് പ്രവാസികളുടെ ന്യായമായ ഒരാവശ്യമായിരുന്നു. അതുയർത്താൻ തയ്യാറായില്ല. വിദേശത്തുള്ള പ്രവാസി മുന്നൂറ് രൂപയും നാട്ടിലുള്ള പ്രവാസി നൂറ് രൂപയും അംശദായം അടയ്ക്കുമ്പോൾ അവർക്കെല്ലാവർക്കും ഇപ്പോൾ 2000 രൂപയാണ് പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. പ്രവാസി ക്ഷേമനിധിയിൽ ചേരുന്നവരോട് ഇപ്പോൾ പറഞ്ഞതെന്താണ്? അവർക്ക് വേണ്ടി 5 ലക്ഷം രൂപ അടയ്ക്കുന്ന മറ്റൊരു ഡിവിഡന്റ് നിക്ഷേപപദ്ധതിക്ക് രൂപം കൊടുക്കുന്നു എന്നാണ്. ആരാണ് പ്രവാസികളിൽ നിന്നും ക്ഷേമനിധിയിൽ ചേരുന്നത്? നമ്മുടെ മുഖ്യമന്ത്രി തെരഞ്ഞെടുപ്പിന് മുമ്പ് വിദേശത്ത് പോയി ചർച്ച നടത്തിയ പ്രവാസികളല്ല ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുന്നത്. ശ്രീ. രാഹുൽ ഗാന്ധി പോയി കണ്ട ലേബർക്യാമ്പുകളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളാണ് പ്രവാസിക്ഷേമ നിധിയിൽ ചേരുന്നത്. ക്ഷേമനിധിയിൽ ചേരുന്ന അംഗങ്ങളോട് 5 ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ ഒരുമിച്ച് അടയ്ക്കണമെന്ന് പറഞ്ഞാൽ ഏത് പ്രവാസിക്ക് സാധ്യമാകും? ദീർഘകാലം പ്രവാസജീവിതം നയിച്ചിട്ട് സ്വന്തമായി 5 ലക്ഷം രൂപ ഇല്ലാത്തതുകൊണ്ട് പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പാർട്ടിയാണ് എന്റെ പാർട്ടി. നിങ്ങൾ നടപ്പാക്കുന്ന പദ്ധതികളൊക്കെ സമ്പന്നന്മാരായ പ്രവാസികളെ ലക്ഷ്യമാക്കിയാണ്. ദുബായിയിൽ ലോക കേരളസഭ നടക്കുന്ന പശ്ചാത്തലത്തിലെങ്കിലും അനുകൂലസമീപനം പ്രവാസികളോട് സ്വീകരിക്കേണ്ടിയിരുന്നു.

ഇപ്പോൾ രണ്ടര ലക്ഷത്തോളം വരുന്ന കുട്ടികൾ പുതുതായി പൊതുവിദ്യാലയങ്ങളിലെത്തിയെന്നാണ് പറയുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രഖ്യാപിച്ചപ്പോൾ കയറിവന്നതല്ല കുട്ടികൾ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാർക്കും 5 കോടി രൂപ വീതം മണ്ഡല ആസ്തിവികസന ഫണ്ട് കൊടുത്തു. ആസ്തിവികസന ഫണ്ട് പരമാവധി ഉപയോഗിച്ചത് സ്കൂളുകൾക്ക് കെട്ടിടമുണ്ടാക്കാൻ വേണ്ടിയായിരുന്നു. വേണമെങ്കിൽ കണക്കുകൾ പരിശോധിക്കാം. പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ ആകർഷിക്കുന്നതിനു വേണ്ടി സ്കൂളുകൾക്ക് ബസ്സ് വാങ്ങാൻ, സ്മാർട്ട് ക്ലാസ്സ് റൂം ആരംഭിക്കാൻ തുടങ്ങി എല്ലാ ഭൗതികസൗകര്യങ്ങളും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരുക്കി വച്ചതുകൊണ്ടാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ വർദ്ധിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏതെങ്കിലുമൊരു കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയെന്നുപറയാൻ ഒരു എം.എൽ.എ.-ക്ക് സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ സെമിനാറും ചർച്ചയുമല്ലാതെ എന്തെങ്കിലും പുതിയ പദ്ധതിയുണ്ടോ? ചരിത്രത്തിൽ ഇന്നുവരെ കേട്ടിട്ടില്ലാത്ത ഒരു വിഷയത്തിലെ സെമിനാർ ഞാൻ കണ്ടു. 'സധൈര്യം മുന്നോട്ട്, വനിതാ സ്ത്രീ ശാക്തീകരണ പരിപാടി, സ്ത്രീ ആർത്തവം പൗരാവകാശം'

XXXXXXXXXXXXXXX* ഇതിന്റെ പുറത്താണെങ്കിലോ വനിതാ മതിൽ. ആർത്തവം പൗരാവകാശം സംരക്ഷിക്കാനാണത്രെ വനിതാമതിൽ. റിസർച്ച് ചെയ്ത് ആർത്തവം അശുദ്ധമല്ല എന്ന് കണ്ടെത്തിയവർ സാനിറ്ററി നാപ്കിന് നികുതി വർദ്ധിപ്പിച്ചു. .....(ബഹളം)..... എന്തു വൈരുദ്ധ്യമാണിത്. .....(ബഹളം).....

ശ്രീമതി പി. അയിഷാ പോറ്റി: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ : യെസ്, പോയിന്റ് ഓഫ് ഓർഡർ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള സംസാരിക്കുമ്പോൾ സ്ത്രീകളെ അങ്ങേയറ്റം ആക്ഷേപിക്കുന്ന തരത്തിലുള്ള പ്രസ്താവന തന്നെയാണ് ഇവിടെ നടത്തിയിട്ടുള്ളത്. Xxxxxxxxxxxxx* ആ വാചകങ്ങൾ തീർച്ചയായും സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം. ഇത്രയേറെ ആക്ഷേപകരമായി എങ്ങനെയാണ് സംസാരിക്കാൻ സാധിക്കുന്നത്? സ്ത്രീവിരുദ്ധത ഇത്രയേറെയുള്ള ഈ പ്രസ്താവനകൾ ഒഴിവാക്കണം. .....(ബഹളം).....

മി. ചെയർമാൻ: .....(ബഹളം)..... അത് പരിശോധിക്കാം. പ്ലീസ് പ്ലീസ്. ബഹളം വയ്ക്കാതിരിക്കു. പറഞ്ഞ് അവസാനിപ്പിക്കു. പ്ലീസ്. .....(ബഹളം)..... ദയവായി അംഗങ്ങൾ ഇരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാനൊരിക്കലും വനിതകളെ ആക്ഷേപിച്ചിട്ടില്ല. .....(ബഹളം)..... ഇത് എന്റെ നോട്ടീസല്ല. മനുഷ്യാവകാശ ദിനം, കേരള സർക്കാർ വനിത-ശിശു വികസന വകുപ്പ് മുഖ്യമന്ത്രിയുടെയും ആരോഗ്യമന്ത്രിയുടെയും ഫോട്ടോ വച്ചുകൊണ്ടാണ് സ്ത്രീ ആർത്തവം പൗരാവകാശമോ എന്ന സെമിനാർ നടത്തുന്നത്. അത് സ്ത്രീകളെ ആക്ഷേപിക്കലാണ്, അപമാനിക്കലാണ്. അതാണ് ഞാൻ പറഞ്ഞത്. .....(ബഹളം)..... സ്ത്രീകളെ അപമാനിച്ച സർക്കാർ മറുപടി പറയണം......(ബഹളം)..... സർക്കാർ മാപ്പ് ചോദിക്കണം. കേരളത്തിലെ സ്ത്രീ സമൂഹത്തെ അപമാനിക്കുന്നതാണ് ഈ നോട്ടീസ്. .....(ബഹളം)..... എവിടെയാണ് ഇപ്പോൾ സി.പി.ഐ.(എം) എത്തിനിൽക്കുന്നത്? ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്ന സംസ്ഥാനമാണ് കേരളം. ഒറ്റയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്ന സംസ്ഥാനമാണ്. സി.പി.എം.-ന് ഇപ്പോൾ പിടിച്ചുനിൽക്കണമെങ്കിൽ പത്ത് കക്ഷികൾ കൂടെ വേണം. പത്ത് കക്ഷികളെ ചേർത്താണ് എൽ.ഡി.എഫ്. വികസിപ്പിച്ചത്......(ബഹളം).....

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫ. നം. 777/ഇ.ബി./2019/നി.സെ.) സഭാരേഖയിൽ നിന്നും നീക്കംചെയ്തു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ ആരാണ് സ്പീക്കർ? ശ്രീ. എ. എൻ. ഷംസീറാണോ, അങ്ങാണോ? .....(ബഹളം)..... കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്നത് സി.പി.ഐ. ആണ്. അന്ന് സി.പി.ഐ.(എം.) ഇല്ല. 1964-ലാണ് സി.പി.ഐ.(എം.) ഉണ്ടായത്.

ശ്രീ. പി. ഉബൈദുള്ള: സർ, അദ്ദേഹം പറഞ്ഞതാണ് ശരി. ആദ്യമായിട്ട് അധികാരത്തിൽ വന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ആ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇപ്പോൾ പത്ത് കക്ഷികൾ കൂടെ വേണം. കുടുംബവാഴ്ചയെക്കുറിച്ചും മക്കൾ രാഷ്ട്രീയത്തെക്കുറിച്ചുമൊക്കെ പറഞ്ഞു. ആരൊക്കെയാണ് ഇപ്പോൾ കൂടെ കൂടിയത്? ഒന്ന്, ശ്രീ. എം. പി. വീരേന്ദ്രകുമാറും മകനും നയിക്കുന്ന പാർട്ടിയാണ്. അദ്ദേഹം എൽ.ഡി.എഫ്.-ലേയ്ക്ക് ചേക്കേറാമെന്ന് കരുതേണ്ടതില്ല എന്നുപറഞ്ഞതിന്റെ മഷിയുണങ്ങുന്നതിന് മുമ്പാണ് ശ്രീ. എം. പി. വീരേന്ദ്രകുമാറും മകനും നയിക്കുന്ന പാർട്ടി എൽ.ഡി.എഫ്.-ൽ. മറ്റൊന്ന്, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും മകനും നയിക്കുന്ന പാർട്ടിയാണ്. ആർ. ബാലകൃഷ്ണപിള്ളയെക്കുറിച്ചും മകനെക്കുറിച്ചും ഇവർ പറഞ്ഞു നടന്നതെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. മറ്റൊന്ന് RSP .....(ബഹളം)..... കുമാരനാശാൻ കവിതയിൽ പറഞ്ഞതുപോലെ "മുഷ്കിനുകീഴടങ്ങാതെ" പാർട്ടിയുടെ ധിക്കാരത്തിനെതിരായി അവസാനംവരെ പോരാടിയ എം.വി.ആർ. നേതൃത്വം കൊടുത്ത പാർട്ടിയെ രണ്ടായി വിഭജിച്ച് ഒരു വിഭാഗത്തെ ഇപ്പോൾ ലയിപ്പിച്ചിരിക്കുകയാണ്. സി.പി.ഐ.(എം)-ന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു പാർട്ടിയെ സി.പി.ഐ.(എം)-ൽ ലയിപ്പിക്കുന്നതെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചത്. അതിദയനീയമായ, ഗതികെട്ട അവസ്ഥയിൽ സി.പി.ഐ.(എം) എത്തിനിൽക്കുകയാണ്. അതുകൊണ്ട് പത്തല്ല പതിനായിരം പാർട്ടികളെ കൂട്ടിയാലും ഈ ലോക്സഭ തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിക്കില്ല, ലോക്സഭ തെരഞ്ഞെടുപ്പിൽ കേരളത്തിൽ 1977-ൽ നടന്നത് ആവർത്തിക്കുമെന്ന കാര്യം തീർച്ചയാണ്. വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. വി. അൻവർ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. ഈ വോട്ട് ഓൺ അക്കൗണ്ടും ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെയും അന്നം കഴിക്കുന്ന, നീതിപൂർവ്വം ചിന്തിക്കുന്ന ഏതൊരാളും പിന്തുണയ്ക്കുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ബഡ്ജറ്റിനെക്കുറിച്ചും വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ചുമൊക്കെ നടന്ന ചർച്ചകളും പ്രതിപക്ഷഭാഗത്തുനിന്ന് ബഹുമാന്യരായ അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും വളരെ ലജ്ജാകരമാണ്. ഏറ്റവും അവസാനമായി എന്റെ സുഹൃത്ത് ശ്രീ. പി. ഉബൈദുള്ള പറഞ്ഞ വാക്കുകൾ ഇപ്പോൾ നമ്മൾ കേട്ടു. എങ്ങോട്ടാണ് പ്രതിപക്ഷത്തിന്റെ പോക്ക്? കേരളത്തിൽ

നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഭവവികാസങ്ങൾ യഥാർത്ഥത്തിൽ അവരെ ഭ്രാന്ത് പിടിപ്പിച്ചിരിക്കുകയാണ്. വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ എങ്ങനെയെങ്കിലും പത്ത് സീറ്റ് ഒപ്പിക്കുകയെന്നതിന് എന്ത് നിലവാരം വിട്ട നിലപാടെടുക്കാനും തയ്യാറായി നിൽക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനവും മുന്നണിയുമായി യു.ഡി.എഫ്. മാറിയിരിക്കുകയാണ്. എന്താണിവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്? ബഹുമാനപ്പെട്ട ഒന്നുരണ്ട് അംഗങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഈ നാട്ടിലെ വിദ്യാഭ്യാസമേഖലയിലുണ്ടായ പുരോഗതി അതവർക്ക് അർഹതപ്പെട്ടതാണെന്ന് പറയുന്നു. ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ. ഇന്നലെ പറഞ്ഞത് ഗവൺമെന്റ് സ്കൂളുകളിൽ വിദ്യാർത്ഥികൾ വർദ്ധിച്ചതിന് കാരണം നാട്ടിലെ സാമ്പത്തികമേഖല തകർന്ന് ആളുകൾ പട്ടിണിപ്പാവങ്ങളായതു കൊണ്ടാണെന്നാണ്. ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായതിനു ശേഷമാണ് ഇവിടെ സാമ്പത്തിക തകർച്ചയുണ്ടായതെന്നാണ് പറഞ്ഞത്. ആരാണ് ഇതൊക്കെ വിശ്വസിക്കാൻ പോകുന്നത്? ആ എം.എൽ.എ.-യുടെ മണ്ഡലത്തിൽത്തന്നെ മുപ്പത് കോടിയോളം രൂപ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട പി. ഉബൈദുള്ള ഇപ്പോൾ ചോദിച്ചത് ആ അനുവദിക്കപ്പെട്ട പണി ഇതുവരെ കഴിഞ്ഞോയെന്നാണ്. പണം അനുവദിച്ച് പണി തുടങ്ങിയിട്ടേയുള്ളൂ. എന്റെ മണ്ഡലത്തിൽ വിദ്യാഭ്യാസമേഖലയിൽ ഇരുപത്തിയേഴര കോടി രൂപയുടെ പ്രവർത്തനം നടക്കുന്നുണ്ട്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് വിപ്ലവമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ പച്ചക്കള്ളങ്ങൾ ജനങ്ങളോട് പറഞ്ഞാൽ കേരളത്തിലെ ജനം വിശ്വസിക്കുമോ? ആരോഗ്യരംഗത്ത് വലിയ മാറ്റമല്ലേ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ നിയമസഭയിലും കേരളത്തിലെ പൊതുയോഗങ്ങളിലും പ്രസംഗിച്ചതുകൊണ്ട് ഇല്ലാതാകുമോ;

ശബരിമല പ്രശ്നത്തെപ്പറ്റി നമുക്കറിയാം; കഴിഞ്ഞ അഞ്ച് മാസമായി ശബരിമല പ്രശ്നവും കൊണ്ടുനടക്കുന്നത് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ആണ്. ഒരു മാസം മുമ്പ് നടന്ന നിയമസഭാസമ്മേളനം ഒരു ദിവസമെങ്കിലും നടത്താൻ നിങ്ങൾ സമ്മതിച്ചോ; ഇതൊക്കെ കേരളത്തിലെ ജനം കാണുകയല്ലേ; ശബരിമലയിൽ പ്രഖ്യാപിച്ച 144 പിൻവലിക്കാൻ ബി.ജെ.പി. നടത്തുന്ന സമരത്തോടൊപ്പം അവിടെ അക്രമം നടത്താൻ ഈ ഗവൺമെന്റ് വഴിതുറന്ന് കൊടുക്കണമെന്നുപറഞ്ഞ സമരാഭാസം നിയമസഭയിൽ നമ്മൾ കണ്ടതല്ലേ; എന്താണ് അവർ നേടിയത്? ശബരിമലവിഷയം കേരളത്തിൽ കത്തിനിൽക്കുമ്പോഴാണ് ത്രിതലപഞ്ചായത്തുകളിൽ ഉപതെരഞ്ഞെടുപ്പ് നടന്നത്. മഹാഭൂരിപക്ഷം സീറ്റുകളിലും എൽ.ഡി.എഫ്. ജയിച്ചു. എന്താ കാരണം?

ജനങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുന്നു. കേരളത്തിൽ രാഷ്ട്രീയപരമായി മറികടക്കാൻ സാധിക്കുന്നില്ല. ബി.ജെ.പി.-യുടെ ബി ടീം ആണ് കോൺഗ്രസ്സെന്ന് നമ്മൾ പറഞ്ഞിരുന്നു. ഇന്ന് ബി ടീം അല്ല, രണ്ടും എ ടീം ആണ്. ഒരൊറ്റ ടീമായിട്ടാണ് പ്രവർത്തിക്കുന്നത്. കോൺഗ്രസ്സിന്റെയും ആർ.എസ്.എസ്.-ന്റെയും കൊടി കൂട്ടിക്കെട്ടി കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിയ സമരാഭാസങ്ങൾ കേരളത്തിലെ ജനങ്ങൾ കണ്ടതല്ലേ? ഈ സഭ തുടങ്ങിയിട്ട് പത്ത് പന്ത്രണ്ട് ദിവസമായല്ലോ, കഴിഞ്ഞ നാല് മാസമായി ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിയ അക്രമപ്രവർത്തനങ്ങളെക്കുറിച്ച് ആർ.എസ്.എസ്. എന്നൊരുവാക്ക് ഉച്ചരിക്കാൻ ഏതെങ്കിലും ഒരു യു.ഡി.എഫ്. എം.എൽ.എ. തയ്യാറായോ? മുസ്ലീംലീഗ് എം.എൽ.എ.-മാരെങ്കിലും ആർ.എസ്.എസ്. എന്നോ ബി.ജെ.പി. എന്നോ അല്ലെങ്കിൽ അവർ നടത്തിക്കൊണ്ടിരിക്കുന്ന അക്രമത്തെക്കുറിച്ചോ ഒരു വാക്ക് സൂചിപ്പിച്ചില്ല. പ്രളയദുരിതത്തിൽ നിന്ന് നമ്മുടെ സംസ്ഥാനം കരകയറിയിട്ടില്ല. എന്താണ് കേന്ദ്രമെടുത്ത നിലപാട്? ഒരു ഫെഡറൽ സംവിധാനത്തിൽ ഈ സംസ്ഥാനത്തിന് ലഭിക്കേണ്ട പണത്തിന്റെ ഒരംശം തന്നോ? മുപ്പത്തിരണ്ടായിരം കോടി രൂപയുടെ നഷ്ടം ഈ സംസ്ഥാനത്തിനുണ്ടായി എന്ന് അംഗീകരിച്ചത് കേന്ദ്രം തന്നെയാണ്. വെറും നാലായിരത്തി ചില്വാനം കോടി രൂപ തന്നു. അതിനുതന്നെ കണക്ക് പറഞ്ഞ് പൈസ തിരിച്ചുപിടിക്കുകയാണ്. പ്രതിപക്ഷത്തിന് ഉത്തരവാദിത്വമില്ലേ? പ്രളയത്തിൽ കുടുങ്ങിയ കേരളത്തെ രക്ഷിച്ചെടുക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഇവർക്ക് മാറിനിൽക്കാൻ സാധിക്കുമോ; ഇതൊക്കെ കേരളത്തിലെ ജനങ്ങൾ കാണുന്നില്ലേ? നിങ്ങൾ സാലറി ചലഞ്ചിനെ എതിർത്തവരാണ്. ശ്രീ. പിണറായി വിജയന്റെ വീട്ടിലേയ്ക്ക് പിരിവ് നടത്താനല്ല സാലറിചലഞ്ച് വച്ചത്. ഈ നാട്ടിലെ കഷ്ടപ്പെടുന്ന ജനങ്ങളെ സഹായിക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് കേരളത്തിലെ ഉദ്യോഗസ്ഥർ പണം തരാമെന്ന് പറഞ്ഞു. അവരോട് കൊടുക്കരുതെന്ന് പറഞ്ഞതാരാണ്; അതിനെതിരെ സമരം നടത്തിയതാരാണ്; അതിനെതിരെ കോടതിയിൽ പോയതാരാണ്? എങ്ങനെ ഈ നാട്ടിലെ ജനങ്ങളെ കഷ്ടപ്പെടുത്തണം, ആ കഷ്ടപ്പാടിൽ നിന്നും കരകയറാൻ കേരളത്തിലെ ജനങ്ങൾ ഒന്നിച്ചാഗ്രഹിക്കുമ്പോൾ അതിന് പാര വച്ചവരാണിവർ. അല്ലെന്നുപറയാൻ സാധിക്കുമോ? വിദേശരാജ്യങ്ങൾ തരാമെന്നുപറഞ്ഞ സഹായം മുഴുവൻ കേന്ദ്രം മുടക്കിയില്ലേ? പ്രതിപക്ഷനേതാവ് ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് ഒരു കത്തെഴുതിയോ; കേന്ദ്രത്തിന്റെ ഏതെങ്കിലും ഒരു ഓഫീസിനെതിരെ സമരം നടത്താൻ കഴിഞ്ഞ നാലഞ്ച് മാസമായി ഇവിടത്തെ പ്രതിപക്ഷം തയ്യാറായോ; ശബരിമലയിൽ നടന്ന ആഭാസസമരങ്ങളിൽ എത്രയെണ്ണത്തിന് അവർ നേതൃത്വം നൽകി; അത് ഇന്നും തുടർന്നുകൊണ്ടിരിക്കുകയല്ലേ? വിദേശത്തുപോയി മലയാളികളെ കണ്ട് പണം പിരിക്കാൻ മന്ത്രിമാർക്ക് ചുമതലകൊടുത്തപ്പോൾ കേന്ദ്രം അനുവാദം

കൊടുത്തില്ല. അതിന് കയ്യടിച്ചവരാണ് അപ്പുറത്തിരിക്കുന്നത്. സൗദി അറേബ്യയിൽ നിതാഖാതുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് പ്രവാസികൾ കേരളത്തിലേയ്ക്ക് മടങ്ങുന്നവെന്ന് മനസ്സിലാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഡോ. കെ. ടി. ജലീലിനെ സൗദിയിലേയ്ക്കയച്ച് ചർച്ച നടത്താൻ ശ്രമം നടത്തി, ആ വിസയും നിഷേധിച്ചു. അതിനും കയ്യടിച്ചവരാണ് മറുഭാഗത്തിരിക്കുന്നത്. ഇവർക്കെങ്ങനെ കേരളത്തിലെ ജനങ്ങളുടെ കാര്യം ഇവിടെ സംസാരിക്കാൻ സാധിക്കും, എന്തിന്റെ അടിസ്ഥാനത്തിൽ ഇവർ പറയും? പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ പല കാര്യങ്ങളും ചെയ്യുമെന്ന് പറയുന്നുണ്ടല്ലോ, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്ക് കാണാം. ജനങ്ങൾ കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കിയിരിക്കുകയാണ്. അമ്പത് ലക്ഷം സ്ത്രീകൾ പങ്കെടുത്ത് ഇവിടെ ഒരു മതിൽ സൃഷ്ടിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞുവെങ്കിൽ അതൊരു ലോകസംഭവം തന്നെയാണ്. ആ അമ്പത് ലക്ഷം സ്ത്രീകളിൽ ഒരു സ്ത്രീ വിചാരിച്ച് രണ്ട് വോട്ടുണ്ടാക്കിയാൽ ഒരു കോടി വോട്ട് ഞങ്ങൾക്കിവിടെയുണ്ട്. ഇവർ ആ രാഷ്ട്രീയം മനസ്സിലാക്കണം. ആ രാഷ്ട്രീയത്തിനെതിരെയാണ് ഇവർ നീങ്ങുന്നത്. ഇവിടത്തെ വികസനപ്രവർത്തനങ്ങൾക്ക് ആരാണ് തടസ്സം നിൽക്കുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ എയർപോർട്ടിന് ഫ്യുവൽ ടാക്സ് ഒരു ശതമാനമാക്കി സൗകര്യം ചെയ്തുകൊടുത്തു എന്നുപറഞ്ഞ് ഇവിടെ ചില പ്രശ്നങ്ങൾ നടന്നു. ആരാണ് കോഴിക്കോട് എയർപോർട്ട് വികസനത്തിന് തടസ്സം നിന്നത്; യു.ഡി.എഫ്. അല്ലേ? ആരാണ് കോഴിക്കോട് എയർപോർട്ട് താൽക്കാലികമയി പൂട്ടിച്ചത്? ലോകത്തെവിടെയെങ്കിലും ഇരുപത് വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു എയർപോർട്ട് അതിന്റെ റൺവേയുടെ പ്രവർത്തനം നടത്തുന്നതിന്റെ പേരിൽ ഭാഗികമായി അടച്ചിട്ടിട്ടുണ്ടോ; കോഴിക്കോട്ടുള്ള വിമാനങ്ങൾ കൊച്ചിയിലേയ്ക്ക് തിരിച്ചുവിടാൻ താല്പര്യം കാണിച്ചവരാരാണ്? സിയാലിന് പിന്നിൽ പ്രവർത്തിക്കുന്ന അതിന്റെ ഇൻവെസ്റ്റർമാരുടെ കണക്കും പേരും പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. അതൊക്കെ അങ്ങാടിപ്പാട്ടാണ്. നിയമസഭാസാമാജികനായശേഷം സൗദി അറേബ്യയിൽ പോകുമ്പോൾ അവിടെയുള്ള പ്രവാസിസമൂഹം ആവശ്യപ്പെട്ടത് കൊച്ചിയിൽ നിന്ന് മലപ്പുറത്തേയ്ക്കും കോഴിക്കോട്ടേയ്ക്കും കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ ബസ് സർവ്വീസ് ഏർപ്പെടുത്തിത്തരണമെന്നാണ്. മലബാറിലെ പാവപ്പെട്ട പ്രവാസികളെ ഞെക്കിപ്പിഴിഞ്ഞവരാണ് യു.ഡി.എഫ്. ഹജ്ജ് ടെർമിനൽ അവിടെനിന്നും മാറ്റിച്ചതാരാണ്; എന്തിന്റെ അടിസ്ഥാനത്തിലാണ് കൊച്ചിയിലേയ്ക്ക് ആ ഹജ്ജ് ടെർമിനൽ മാറ്റിച്ചത്; അതിന് പിന്നിൽ പ്രവർത്തിച്ചതാരാണെന്ന് നമുക്കറിയില്ലേ? അതൊക്കെ നാട്ടിൽ പാട്ടാണ്. ഇപ്പോൾ ആ ഹജ്ജ് ടെർമിനൽ തിരിച്ചുപിടിച്ച് കോഴിക്കോട്ടേയ്ക്ക് കൊണ്ടുവന്നപ്പോൾ എട്ടുകാലി മമ്മൂഞ്ഞിന്റെ പരിപാടിയാണ്. വലിയ വിമാനങ്ങൾ അവിടെ ഇറക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരന്തരമായി ഏറ്റെടുത്ത്, ശക്തമായ ഇടപെടലുകളുടെ

ഭാഗമായി കാര്യങ്ങൾ നടക്കുമ്പോൾ ആരാണിത് ഏറ്റെടുക്കുന്നത്? മുസ്ലീം സമുദായത്തിനുവേണ്ടി പ്രസംഗിക്കുന്ന ബഹുമാനപ്പെട്ട എം. കെ. മുനീർ സാഹിബിനോട് ഒരൊറ്റ ചോദ്യം ചോദിക്കുകയാണ്, നിങ്ങളുടെ ഒരു എം.പി. ഉണ്ടായിരുന്നല്ലോ ശ്രീ. ഇ. അഹമ്മദ് സാഹിബ്, രണ്ട് വർഷം മുമ്പ് അദ്ദേഹം മരണപ്പെട്ടു. അദ്ദേഹം മരിച്ചതാണോ, അദ്ദേഹത്തെ കൊന്നതാണോ എന്ന് കേരളത്തിലെ ജനങ്ങൾക്കറിയുമോ? ഇന്ത്യൻ പാർലമെന്റിൽ കുഴഞ്ഞുവീണുകൊണ്ടുപോയ അദ്ദേഹത്തിന് പിന്നെ എന്ത് സംഭവിച്ചുവെന്ന് കേരളത്തിൽ ഒരാൾക്കുമറിയില്ല. ഇവിടെ പലരും ചർച്ച ചെയ്തു. ഇന്ത്യൻ പാർലമെന്റിൽ അതു സംബന്ധിച്ച ദുരൂഹത അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരടിയന്തരപ്രമേയം കൊണ്ടുവരാൻ എന്തുകൊണ്ട് മുസ്ലീം ലീഗിന്റെ എം.പി.-മാർക്ക് സാധിച്ചില്ല. അന്ന് അടിയന്തരപ്രമേയം കൊണ്ടുവന്നത് ശ്രീ. സീതാറാം യെച്ചൂരിയാണെന്ന് പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

<u>മി. ചെയർമാൻ</u> : പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, അഖിലേന്ത്യാ പ്രസിഡന്റ്, പത്തൊൻപത് വർഷക്കാലം കേന്ദ്രമന്ത്രി - എം.പി., സംസ്ഥാന മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ മരണത്തിലെ ദുരൂഹത അന്വേഷിക്കണമെന്ന് ശ്രീ. നരേന്ദ്ര മോദിയുടെ മുഖത്തുനോക്കി പറയാൻ ത്രാണിയില്ലാത്തവർ എങ്ങനെയാണ് ഈ സമുദായത്തെ രക്ഷിക്കുക? ഈ സമുദായത്തിന്റെ കുത്തക ഏറ്റെടുക്കുന്നവർക്ക് അതിന്റെ ഉത്തരവാദിത്വമില്ലേ? ഈ തെരഞ്ഞെടുപ്പിൽ നാല് വോട്ട് വാങ്ങുകയെന്നതിലപ്പുറം മറ്റെന്താണ് സംഭവിക്കാൻ പോകുന്നത്? ഒന്നും സംഭവിക്കില്ല. ആ മനപ്പായസം ഉണ്ണേണ്ട ആവശ്യമില്ല. 2004-ൽ കേരളത്തിൽ 18 സീറ്റിൽ ഇടതുപക്ഷജനാധിപത്യ മുന്നണി വിജയിച്ചിട്ടുണ്ടെങ്കിൽ ഈ തെരഞ്ഞെടുപ്പിലും കേരളത്തിൽ അത് ആവർത്തിക്കും. നിങ്ങളും ബി.ജെ.പി.-യുംകൂടി പല സീറ്റുകളും പങ്കുവെച്ചുവെന്ന് നമുക്കറിയാം. തിരുവനന്തപുരവും പത്തനംതിട്ടയും കാസർഗോഡും അടക്കമുള്ള കോൺഗ്രസ്സിന്റെ മൂന്ന് സീറ്റുകൾ ബി.ജെ.പി.-ക്ക് വിറ്റുകഴിഞ്ഞതും ഞങ്ങൾക്കറിയാം. രണ്ട് സീറ്റിന്റെ ചർച്ച നടക്കുന്നു. ശ്രീ. ശശി തരൂരിന്റെ കാര്യമൊക്കെ നമുക്ക് കാണാം.

<u>മി. ചെയർമാൻ</u> : പ്ലീസ് ദയവായി ഇരിക്കുക. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഈ വഞ്ചക രാഷ്ട്രീയത്തിനെതിരായുള്ള വിധിയെഴുത്തായി കേരളത്തിൽ വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലം മാറുമെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും ഒരു തർക്കവുമില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, വോട്ട് ഓൺ അക്കൗണ്ടിന്റെ എല്ലാ ശിപാർശകളെയും സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുന്നു. സ്വന്തം പാർട്ടിയുടെ നേതാവുതന്നെ തിരുത്തേണ്ട വിധത്തിൽ വിഡ്ഢിത്തരങ്ങളുടെ ഒരു ഘോഷയാത്രയാണ് ശ്രീ. പി. ഉബൈദുള്ള പറഞ്ഞതെങ്കിലും അദ്ദേഹം പറയാതെ പറഞ്ഞുവച്ച ഒരു കാര്യമുണ്ട്. ഇത്തവണ മലപ്പുറത്തുൾപ്പെടെ ലോക്സഭാ സ്ഥാനാർത്ഥികൾ മത്സരിക്കുന്ന ഒരു സീറ്റിലും പച്ച തൊടാൻ ജനങ്ങൾ തയ്യാറാകില്ല, എല്ലാം ചുമപ്പിൽ തൊടാൻവേണ്ടി തീരുമാനിച്ചത് ഒരു കാലത്തിന്റെ പ്രത്യേകതയാണ്. ഇവിടെ എനിക്ക് അത്ഭുതമായത്, മൂന്നുദിവസമായി നടന്ന ബഡ്ജറ്റ് ചർച്ചകളിൽ രാഷ്ട്രീയത്തെക്കുറിച്ച് പറയാൻ ലീഗും കോൺഗ്രസ്സും പേടിക്കുന്നതെന്തിനാണ്? ഞാൻ ആ വിഷയത്തിലേയ്ക്കാണ് വരുന്നത്. സത്യത്തിൽ നമ്മുടെ ഭരണഘടന ഇന്ത്യയ്ക്ക് ഉറപ്പുനൽകുന്ന ഒരു സാംസ്കാരിക സന്ദേശമുണ്ട്. സാംസ്കാരിക ഫെഡറലിസത്തിന്റെയും സാമ്പത്തിക ഫെഡറലിസത്തിന്റെയും ഒരു സാംസ്കാരിക സന്ദേശമാണ് ഇന്ത്യയുടെ ഭരണഘടന നമുക്ക് ഉറപ്പുതരുന്നത്. ആ ഫെഡറൽ സംവിധാനം സാമ്പത്തികമായും സാംസ്കാരികമായും ജനാധിപത്യപരമായും തകർക്കപ്പെടുന്ന ഒരു ഘട്ടത്തിലാണ്. കേരളത്തെപ്പോലെ എല്ലാ കാര്യത്തിലും നിലപാടുകളെടുത്തിട്ടുള്ള ഒരു നാട് അഭിമാനപൂർവ്വം ഈ പ്രതിസന്ധിക്കിടയിലും ഏറ്റവും ശക്തമായൊരു ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. നമ്മുടെ രാജ്യത്ത് പ്ലാനിംഗ് കമ്മീഷൻ ഇല്ലാതാകുന്നതോടെ പ്ലാൻഡ് ഇക്കോണമി പൂർണ്ണമായും തകർച്ചയിലേയ്ക്ക് പോകും. പ്ലാനിംഗ് പ്രോസസ്സ് ഉള്ളപ്പോഴാണ് സംസ്ഥാനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുവാനുള്ള അവകാശമുള്ളത്. അത് ഏതാണ്ട് പൂർണ്ണമായി കേന്ദ്ര ഗവൺമെന്റ് തകർത്തു. ബാക്കിയുള്ള സാമ്പത്തിക ഫെഡറലിസത്തെ ജി.എസ്.ടി.-യും തകർത്തു. അതിനുപിന്നാലെയാണ് പ്രളയക്കെടുതിയിൽ സാമ്പത്തികസഹായം നിഷേധിച്ചുകൊണ്ട് എല്ലാ അർത്ഥത്തിലും കേരളത്തെ ഞെക്കിഞെരുക്കി സാമ്പത്തിക ഫെഡറലിസത്തിന് വീണ്ടും ആണിയടിക്കുന്ന നടപടി ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചത്. കേരളം സാമ്പത്തിക ഫെഡറലിസത്തിൽ പിടിച്ചുനിൽക്കുന്ന ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്ന യാഥാർത്ഥ്യം നമുക്കറിയാം. അൽപ്പമെങ്കിലും കേരളത്തിന് രക്ഷയായിരുന്നത് നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളുമാണ്. ആ മേഖലകൂടി കേന്ദ്ര ഗവൺമെന്റ് നയത്തിലൂടെ തകർത്തു. അപ്പോഴാണ് കേരളത്തിന്റെ ആരാധ്യനായ ധനകാര്യ വകുപ്പുമന്ത്രി ഭദ്രമായിട്ടുള്ള ഒരു ബഡ്ജറ്റ് കേരള സർക്കാരിനുവേണ്ടി അവതരിപ്പിക്കുന്നത്. ബഡ്ജറ്റ് നിർമ്മാണം ഒരു ചെറുത്ത് നിൽപ്പാണെന്ന് ഈ നടപടികളിലൂടെ പ്രഖ്യാപിക്കാൻ കഴിഞ്ഞു. അടിസ്ഥാന ജനവർഗ്ഗത്തെ ഫാസിസത്തിൽ നിന്ന് രക്ഷിക്കാനുള്ള ധീരമായൊരു രാഷ്ട്രീയ ചുവട് വയ്പ്പാണ് അക്ഷരാർത്ഥത്തിൽ ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ്. ബഡ്ജറ്റിന്റെ മൂന്ന് ദിവസത്തെ ചർച്ച നോക്കുമ്പോൾ ആർത്തവവും മറ്റുമൊക്കെ അവതരിപ്പിക്കാനാണ്

കോൺഗ്രസ്സ് തയ്യാറായത്. നേരെമറിച്ച് പ്രളയം തകർത്ത കേരളത്തെ ജനകീയമുന്നേറ്റത്തിന്റെ പുതുധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു ബഡ്ജറ്റിന്റെ രാഷ്ട്രീയത്തെക്കുറിച്ച് പറയാൻ കോൺഗ്രസ് പേടിക്കുന്നത് എന്തുകൊണ്ടാണ്? നേരത്തെ ശ്രീ. എം. വിൻസെന്റ് ഇവിടെ സംശയം ചോദിക്കുന്നത് കേട്ടു. ഗാന്ധിയുടെ ഫോട്ടോയിൽ വീണ്ടും വെടിവച്ചു; അദ്ദേഹത്തിന്റെ സ്മരണകൾപോലും ഉണ്ടാകരുതെന്ന് ആർ.എസ്.എസ്.-ന്റെ ഓഫീസിൽ നിന്ന് തീരുമാനിക്കുമ്പോൾ വയനാട് ജില്ലയിലെ തരിയോട് നിങ്ങൾ ബി.ജെ.പി.-യുമായി കൂട്ടുചേർന്ന് അവിശ്വാസപ്രമേയം കൊണ്ടുവരുമോ? കോട്ടുകാലിലും മലയിൻകീഴിലും ആ അഭിപ്രായ വ്യത്യാസം, ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിൽ ശബരിമല കാലത്തു കൊണ്ടുവന്ന അവിശുദ്ധമായ രാഷ്ട്രീയത്തിന്റെ പ്രതിഫലനം നടക്കുകയാണ്. ഇതുകൊണ്ടൊന്നും നിങ്ങൾ വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജയിക്കുമെന്ന് പ്രതീക്ഷിക്കണ്ട. ശബരിമല വിഷയം കത്തിക്കയറി നിൽക്കുമ്പോൾ, കൊടിയെടുക്കാതെ നാമജപ ഘോഷയാത്ര കളിലേയ്ക്ക് ആളുകളോട് പോകാൻ പ്രതിപക്ഷനേതാവും കെ.പി.സി.സി.-പ്രസിഡന്റും ആഹ്വാനം ചെയ്യുമ്പോഴാണ് കേരളത്തിലെ മുപ്പത്തിയൊന്ന് വാർഡുകളിൽ തെരഞ്ഞെടുപ്പ് നടന്നത്. ആ തെരഞ്ഞെടുപ്പിൽ എന്താണുണ്ടായത്? ഞാൻ മറ്റൊരുദാഹരണം പറയാം. പുതുക്കാട് മണ്ഡലത്തിലെ പള്ളം എന്ന വാർഡ് കഴിഞ്ഞ തവണ എൽ.ഡി.എഫ്. കേവലം 175 വോട്ടുമായി മൂന്നാം സ്ഥാനത്ത് നിന്ന സ്ഥലമാണ്. കഴിഞ്ഞ തവണയും ഇത്തവണയും അരിവാൾ നെൽക്കതിർ തന്നെയായിരുന്നു ചിഹ്നം. ഇത്തവണ ഫലം തിരിഞ്ഞു. ഏറ്റവും വലിയ നാമജപഘോഷയാത്ര നടന്ന പള്ളം അമ്പലത്തിന് മുമ്പിലുള്ള വാർഡിൽ ഇത്തവണ 625 വോട്ടോടെ ഇടതുപക്ഷ ജനാധിപത്യമുന്നണി അരിവാൾ നെൽക്കതിർ ചിഹ്നത്തിൽ വിജയിച്ചു. ആ രാഷ്ട്രീയത്തെയാണ് കേരളജനത ഇനി ഏറ്റെടുക്കാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഈ ബഡ്ജറ്റിന്റെ രാഷ്ട്രീയമെന്താണ്? പേജ് 6-ൽ 12-ാമത്തെ പാരഗ്രാഫിൽ 'മുഷ്കിനു കീഴടങ്ങാതെ' എന്നാണ് ആശാൻ പറഞ്ഞുവയ്ക്കുന്നതെന്ന് പറയുന്നതിലൂടെ ഇതിന്റെ കൃത്യമായ രാഷ്ട്രീയത്തെ, ഇടതുപക്ഷ ജനാധിപത്യ മുന്നണി മുറുക്കിപ്പിടിക്കുന്ന രാഷ്ട്രീയത്തെ അവതരിപ്പിക്കുകയാണ് കേരളത്തിലെ ഗവൺമെന്റ്. എവിടെയാണ് കേരളത്തിന്റെ പ്രധാനപ്പെട്ട നിക്ഷേപം? രാവിലെ നടന്ന ചർച്ചയിൽ പ്രതിപക്ഷനേതാവിന് മറുപടി പറഞ്ഞുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. കേരളത്തിൽ 'നിങ്ങൾ ചെലവ് കൂടുന്നു ചെലവ് കൂടുന്നു എന്ന് പ്രഖ്യാപിക്കുന്നുണ്ടല്ലോ. വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും കേരളത്തിന്റെ നിക്ഷേപം മൂലധനനിക്ഷേപമാണെന്ന് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞുവച്ചതിലൂടെ എവിടെയാണ് ഈ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ബഡ്ജറ്റിന്റെ രാഷ്ട്രീയം നിൽക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. സ്ത്രീകൾക്കും പിന്നോക്ക പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സംരക്ഷണം നൽകുന്ന

രാഷ്ട്രീയ സാമ്പത്തികമേഖലകളെ കേന്ദ്രം അവഗണിക്കുമ്പോഴും ഈ ബഡ്ജറ്റ് സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്ക് മാറ്റിനിർത്തപ്പെടുന്ന ജനതയ്ക്ക് താങ്ങും തണലുമായി നിൽക്കുകയാണെന്ന യാഥാർത്ഥ്യം നാം പറയേണ്ടതുണ്ട്. ഈ ബഡ്ജറ്റിന്റെ ആമുഖത്തിൽ തന്നെ സൂചിപ്പിച്ച - മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നാണെന്ന ശ്രീനാരായണ ഗുരുവിന്റെ വാക്കുകൾ ഏറ്റവും പ്രസക്തമായ കാലമാണിത്. ഗുരു വിഭാവന ചെയ്ത മനുഷ്യജാതിയുള്ളവരായി നവോത്ഥാനം മലയാളിയെ ത്രസിപ്പിച്ചു. സാമ്പത്തികമേഖലയിൽ അവതരിപ്പിക്കേണ്ട മലയാളത്തിന്റെ പുനർനിർമ്മാണം, 25 ആധുനിക പദ്ധതികളുമായി കേരളത്തിന്റെ പുനർനിർമ്മാണം വളരെ ഗൗരവത്തോടെ നിർദ്ദേശിക്കുന്ന ഒരു ഘട്ടമാണിത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളത്തിന്റെ പുനർനിർമ്മാണത്തിന് ഏറ്റവും ആവശ്യമുള്ളത് ഫണ്ടാണ്. ആ പുനർനിർമ്മാണം നടക്കരുതെന്ന് വിചാരിച്ചുകൊണ്ട് കേന്ദ്രം ഫണ്ട് തരാതിരുന്നപ്പോൾ അതിന് ജനകീയമായ സമരത്തിന് യു.ഡി.എഫ്. മുന്നോട്ട് പോയില്ല. അതിനുശേഷം സാലറി ചലഞ്ച് അടക്കമുള്ള കാര്യങ്ങൾ പൊളിക്കാൻ ശ്രമിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജനങ്ങളെക്കൊണ്ട് ഫണ്ട് തരാതിരിക്കാൻ ശ്രമിച്ചു. ഇങ്ങനെ കേരളത്തെ ശ്വാസംമുട്ടിച്ച് കൊല്ലാനും അതിലൂടെ അധികാരം പിടിക്കാനുമുള്ള കുറുക്കന്റെ വഴിയല്ലേ യു.ഡി.എഫ്. സ്വീകരിച്ചത്?

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് യാഥാർത്ഥ്യമാണ്. ഞാൻ കഴിഞ്ഞ ചർച്ചയിൽ പങ്കെടുക്കുമ്പോഴും പറഞ്ഞു, ഈ പ്രളയം മനുഷ്യനിർമ്മിതമായ ദുരന്തമാണെന്ന് പറഞ്ഞുവച്ചതിലൂടെ എല്ലാ അർത്ഥത്തിലും കേരളത്തെ ഞെരുക്കാനുള്ള ശ്രമങ്ങൾ വളരെ ബോധപൂർവ്വം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഇവിടെ സംസാരിക്കുന്ന യു.ഡി.എഫ്.-ഉം കോൺഗ്രസ്സിന്റെ നേതാക്കളും ആർ.എസ്.എസ്.-നെയോ ബി.ജെ.പി.-യെയോ നിർണ്ണായകമായ നിമിഷത്തിൽപ്പോലും തള്ളിപ്പറയാൻ തയ്യാറാകാത്തത് ഈ രാഷ്ട്രീയത്തിന്റെ ബാക്കിപത്രമാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്.

ഇവിടെ കിഫ്ബിയെക്കുറിച്ച് ഒരുപാട് പേർ ചർച്ച ചെയ്തു. 18-ാം തീയതി വൈകുന്നേരം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മണ്ണുത്തി-ഇടക്കുന്നി റോഡിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കാൻ പോവുകയാണ്. 2016-17-ലെ ബഡ്ജറ്റിൽ അതിന് മാറ്റിവച്ചിരുന്നത് 10 കോടി രൂപയാണ്. പക്ഷേ അതിന്റെ ഏജൻസികൾ വിശദമായ പരിശോധന നടത്തിയപ്പോൾ, ഇപ്പോൾ

നിർമ്മാണോദ്ഘാടനം നടത്താൻ പോകുമ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ സാംഗ്ഷൻ കിട്ടി ടെണ്ടർ കഴിഞ്ഞിട്ടുള്ള തുക 32.83 കോടി രൂപയാണ്. ഇതാണ് വ്യത്യാസം. അങ്ങനെ പരിശോധനകൾക്ക് ആവശ്യമായ സമയം ഉപയോഗിക്കുന്നതിന്റെ പേരിൽ കുറച്ച് നേരം വൈകിയാലും ഗുണകരമായ ഇത്തരം പരിശ്രമങ്ങൾ ഏതെങ്കിലും കാലത്ത് നടന്നിട്ടുണ്ടോ? തൃശ്ശൂർക്കാരുടെ അഭിമാന പ്രശ്നമായ സുവോളജിക്കൽ പാർക്കിന് ഓരോരുത്തരും മാറിമാറി വന്ന് നിരവധി പരിപാടികൾ പ്രഖ്യാപിച്ചു. ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ 295 കോടി രൂപ അനുവദിച്ചുകൊണ്ട് കിഫ്ബി എന്ന മനോഹരമായ വാതായനത്തിലൂടെ 30 കോടി രൂപയുടെ പണി ആരംഭിച്ചു. 84 കോടി രൂപയുടെ ടെണ്ടർ പൂർത്തീകരിച്ചു. 295 കോടി രൂപയ്ക്ക് തൃശ്ശൂരിലെ മൃഗശാല സുവോളജിക്കൽ പാർക്കായി പരിവർത്തനം ചെയ്യാൻ പോവുകയാണ്. ഏത് കാലത്താണ് ഇങ്ങനെയൊരു പ്രവർത്തനം ഉണ്ടായത്?

പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ആരംഭിക്കുന്ന പദ്ധതികൾക്ക് പലതരത്തിലും തുരങ്കം വയ്ക്കാൻവേണ്ടി കോൺട്രാക്ടർമാർ ശ്രമിക്കുന്നുണ്ട്. അക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി അവരോട് നിർബന്ധം പിടിച്ച് പുതിയ കാലത്തിന്റെ നിർമ്മാണത്തിലേയ്ക്ക് നിങ്ങൾ പോകണം, ഒരു മാസംകൊണ്ട് പൊളിയുന്ന റോഡല്ല കേരളത്തിനാവശ്യമെന്ന് പറഞ്ഞു. കേരളത്തിന്റെ മലയോര ഹൈവേയും തീരദേശ ഹൈവേയും ഒരുപോലെ പണിയെടുക്കാൻ തീരുമാനിക്കുമ്പോൾ കേരളത്തിൽ വരാൻപോകുന്ന എല്ലാ വർക്കുകളും ഇനി B.M&B.C (Bitumen Macadam and Bitumen Concrete) നിലവാരത്തിൽ നടക്കണം എന്ന് വാശിപിടിക്കുമ്പോൾ അതൊരു പുതിയ കാലത്തിന്റെ നിർമ്മാണമാണ്.

"താമരപ്പൂക്കളും ഞാനുമൊന്നിച്ചാണ് താമസിക്കുന്നതീ നാട്ടിൽ

കന്നി നിലാവുമിളം വെയിലും വന്നു ചന്ദനം ചാർത്തുന്ന നാട്ടിൽ "-

എന്നാണ് വയലാർ രാമവർമ്മ എഴുതി വച്ചിട്ടുള്ളത്. പ്രളയാനന്തര കേരളത്തെ പുനർസൃഷ്ടിക്കുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ പണം മുടക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നത് കാർഷിക മേഖലയിലാണ്. വയനാട്ടിലെ കാപ്പിപ്പൊടി ബ്രാൻഡ് ചെയ്ത് വിൽക്കാനുള്ള തീരുമാനം കാപ്പി കർഷകരെ സഹായിക്കും. നെല്ലിന് സംയോജിത റൈസ് പാർക്കുകൾ ആരംഭിക്കാൻ തീരുമാനിക്കുന്നു. കേരഗ്രാമവും സഹകരണ പ്രസ്ഥാനങ്ങളെയും ബന്ധപ്പെടുത്തി അവർക്ക് കൂടുതൽ പണം ലഭ്യമാക്കാവുന്ന സാധ്യതയുണ്ടാക്കുകയാണ്. റബ്ബർ പാർക്ക് ചരിത്രത്തിൽ ആദ്യമായി വരുന്നു.

2.00 P.M]

കുട്ടനാടിന് രണ്ടാമതൊരു പാക്കേജ് കൂടി പ്രഖ്യാപിക്കുന്നു. കേരളത്തിന്റെ കാർഷിക മേഖലയിൽ ഇനിയും എണ്ണിയാൽ തീരാത്ത വിഷയങ്ങൾ വരികയാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി കർഷക ക്ഷേമബോർഡ് രൂപീകരിച്ചത് ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ്. അത് സെലക്ട് കമ്മിറ്റിക്ക് വിട്ട് അതിന്റെ വിശദവും വിപുലവുമായിട്ടുള്ള ചർച്ചകളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. രണ്ട് സിറ്റിംഗ് കഴിഞ്ഞു. അതിന്റെ ഫലമായി കാർഷികരംഗത്ത് ഏറ്റവും ശ്രദ്ധേയമായ നേട്ടമുണ്ടാകും. കാർഷിക കർമ്മ സേനയും അഗ്രോ സർവ്വീസ് സെന്ററും ഏകോപിപ്പിച്ചുകൊണ്ട് കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചു. ഈ വരുന്ന 18-ാം തീയതി അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുവാൻ പോവുകയാണ്. 5800 ടൺ നെൽ വിത്താണ് പ്രളയകേരളത്തിൽ സൗജന്യമായി കർഷകന് കൊടുക്കാൻ തീരുമാനിക്കുന്നത്. മിനിഞ്ഞാന്ന് നടന്ന ചർച്ചയിലൂടെ, കേരളത്തിലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും അതിന് മുമ്പ് മുഖ്യമന്ത്രിയും നടത്തിയ അഭിപ്രായപ്രകടനങ്ങൾ മലയോര കർഷകരുടെ മേഖലയിൽ അത്ഭുതകരമായ മാറ്റമുണ്ടാക്കാൻ പോകുകയാണ്. മലയോര പട്ടയം കുറെക്കാലമായി കൊടുക്കാൻ പറ്റാതിരുന്ന, പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയിലെ മലയോര പട്ടയം, അത്രയും വലിയ സംവിധാനങ്ങളോടുകൂടി കൊടുക്കുവാൻ വേണ്ടിയുള്ള ആലോചന നടത്തുകയാണ്. അക്കാര്യത്തിൽ ഗവൺമെന്റ് ഉറപ്പ് നൽകുന്നു. മരവില വെട്ടിക്കുറയ്ക്കുവാൻ തീരുമാനിക്കുന്നു. ഇപ്പോൾ എത്രയാണോ മരങ്ങളുള്ളത് അതിന്റെ വിലമാത്രം ഈടാക്കി പട്ടയം കൊടുക്കൽ അത്ഭുതകരമായ നടപടിയാണ്. ജെ.വി.ആർ. കാണാതായ കേസ്സുകളിൽ, ഫോറം നമ്പർ II ഉണ്ടെങ്കിൽ നിർബന്ധമായും അവർക്ക് പട്ടയം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് നൽകിയ പട്ടയത്തിന്റെ എണ്ണത്തെക്കാൾ കൂടുതൽ പട്ടയം 1000 ദിവസംകൊണ്ട് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ടവർക്ക് നൽകിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട ചാത്തന്നൂർ അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഒരുലക്ഷത്തിലേറെ പട്ടയങ്ങൾ കുറഞ്ഞകാലം കൊണ്ട് കേരളത്തിൽ കൊടുക്കാൻ കഴിഞ്ഞു. അതിൽ മലയോരപട്ടയങ്ങളുണ്ട്, വെറും പാട്ടങ്ങളുണ്ട് അങ്ങനെ ഏതാണ്ട് പത്ത് ലക്ഷത്തിലേറെ പട്ടയങ്ങൾ അവയുടെ സ്ഥിതി കണ്ടെത്തി കൊടുക്കുന്നതിൽ കേരളം ശ്രദ്ധേയമായിട്ടുള്ള ഇടപെടൽ നടത്തിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

സ്ത്രീ ശാക്തീകരണം സംബന്ധിച്ച് ഇവിടെ ശ്രീ. പി. ഉബൈദുള്ള പറഞ്ഞു, ആർത്തവം ഈ ഗവൺമെന്റിന്റെ സൃഷ്ടിയാണെന്ന്; ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുണ്ടായകാലം മുതൽ ഉണ്ടായതാണോ ആർത്തവം? എത്ര സ്ത്രീ വിരുദ്ധമായൊരു ചോദ്യമാണ് ഈ സഭയിൽ ഉന്നയിക്കാൻ കഴിഞ്ഞത്. ഇവർ സ്ത്രീ വിരോധികളായതുകൊണ്ടാണല്ലോ അപ്പുറത്ത് ഒറ്റ സ്ത്രീകളും ഇരിക്കാനില്ലാതായത്. അതുകൊണ്ടാണല്ലോ നിങ്ങൾ ജയിക്കുന്നൊരു സീറ്റിൽ സ്ത്രീയെ നിർത്താത്തത്. എന്നാൽ ആ സ്ത്രീ വിരോധം ഇങ്ങനെയാണോ പ്രകടിപ്പിക്കേണ്ടത്. നമ്മുടെ അമ്മമാരും സഹോദരിമാരും എല്ലാമുൾപ്പെടുന്ന സ്ത്രീ മേഖലയെക്കുറിച്ച് ഇത്ര അപമാനകരമായിട്ടുള്ള പരാമർശം നടത്തിയത് ഒട്ടും ശരിയായില്ല. 2016-17-ൽ സ്ത്രീശാക്തീകരണ പദ്ധതികൾക്കുള്ള അടങ്കൽത്തുക 760 കോടി രൂപയായിരുന്നുവെങ്കിൽ, 2019-20-ൽ 1,420 കോടി രൂപയാണ് വകയിരുത്തിയതെന്ന് കാണാൻ കഴിയും. വിദ്യാഭ്യാസ മേഖല മികവിന്റെ കേന്ദ്രങ്ങളായി മാറി, രണ്ടര ലക്ഷം വിദ്യാർത്ഥികൾ പൊതു വിദ്യാഭ്യാസ മേഖലയിലേയ്ക്കുവന്നു. 45000 ഹൈടെക് ക്ലാസ് റൂമുകൾ ആരംഭിച്ചു. മാസ്റ്റർപ്ലാനുണ്ടാക്കുമ്പോൾ ഭൗതിക മാസ്റ്റർ പ്ലാനിലാണ് നാം വിശ്വസിച്ചിരുന്നത്. എന്നാൽ ഭൗതിക മാസ്റ്റർ പ്ലാനിന് പുറമെ അക്കാദമിക മാസ്റ്റർ പ്ലാനുണ്ടാക്കി എന്നുള്ളത് ഈ ഗവൺമെന്റിന്റെ ഏറ്റവും ശ്രദ്ധേയമായ നടപടികളിൽ ഒന്നെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയുകയില്ല. അക്കാദമിക മാസ്റ്റർപ്ലാനിലേയ്ക്ക് വന്നത് ഇപ്പോഴാണ്. എന്നിട്ട് എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ ഞങ്ങളുടെ ഗവൺമെന്റ് തുടങ്ങിവച്ച കല്ലിലാണ് ഇപ്പോൾ നിങ്ങളിരുന്ന് പഠിക്കുന്നതെന്ന് വാദിക്കുകയാണ്. എന്തൊരു അപകടകരവും അപമാനകരവുമായ സംഭവമാണ്. പഞ്ചമി എന്ന വിദ്യാർത്ഥിനിയെ കൈപിടിച്ച് ക്ലാസ് മുറിയിലേക്ക് കൊണ്ടുപോയ അയ്യൻകാളിയുടെ പാരമ്പര്യത്തെ അധിക്ഷേപിക്കുന്ന നിങ്ങൾ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റത്തിന്റെ നിറവിനെ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയായ നടപടിയല്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, പോയിന്റ് ഓഫ് ഓർഡർ...(മൈക്ക് ഓഫ്)...

<u>ശ്രീ. കെ. രാജൻ</u>: സർ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഭിമാനകരമായി കൊണ്ടുവന്ന പദ്ധതിയാണ് വിശപ്പുരഹിത കേരളം. കേരളത്തിലെ സിവിൽ സപ്ലൈസ് രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കിയതാണ് വിശപ്പുരഹിത കേരളം. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടക്കുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... ശ്രീ. കെ. രാജൻ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട അംഗം മഹാനായ അയ്യങ്കാളിയെ പ്രതിപക്ഷ അംഗങ്ങൾ അവഹേളിച്ചു, അവമതിച്ചു എന്നൊക്കെയുള്ള അവാസ്തവപരമായിട്ടുള്ള, തെറ്റിദ്ധാരണാത്മകമായിട്ടുള്ള പരാമർശങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. അത്തരത്തിലുള്ള ഒരു സംഭവവും ഇവിടെ ഒരു പ്രസംഗങ്ങളിലും ഉണ്ടായിട്ടില്ല. അതുകൊണ്ട് ആ പരാമർശം പരിശോധിച്ച് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, അയ്യങ്കാളിയെ യു.ഡി.എഫ്. അപമാനിച്ചുവെന്ന് പറയാൻ മാത്രം വിഡ്ഢിത്തരമില്ല. ഞാൻ പറഞ്ഞത്, പഞ്ചമിയെ കൈപിടിച്ചു നടത്തിയ അയ്യങ്കാളിയുടേത് ഉൾപ്പെടെയുള്ള നവോത്ഥാന പോരാട്ടങ്ങളെ അക്ഷരാർത്ഥത്തിൽ നിങ്ങൾ ശബരിമലയിൽ നടത്തിയ കൂട്ടുകെട്ടോടുകൂടി അപമാനിക്കുകയാണ് ചെയ്തത് എന്നാണ് സൂചിപ്പിച്ചത്. അത് പറയുവാനുള്ള അവകാശമെനിക്കുണ്ട്. സ്വാഭാവികമായും ആ വലിയ പാരമ്പര്യത്തിന്റെ ഉജ്ജ്വലമായ കേരളത്തിന്റെ നവോത്ഥാനത്തെ കണ്ടില്ലെന്ന് നടിക്കുകയല്ല. കേവലം നാല് വോട്ടിനും അഭിപ്രായ പ്രകടനങ്ങൾക്കും വേണ്ടി ആരെങ്കിലും കൂടുന്ന ഘോഷയാത്രകളുടെ മുന്നിൽ നടന്നാൽ കൊടിയിലെങ്കിലും മുന്നോട്ടുപോകാമെന്ന് കരുതുന്ന രാഷ്ട്രീയ അപമാനമായി കോൺഗ്രസ്സ് പാർട്ടി മാറിയില്ലേ? കേരള ചരിത്രത്തിലാദ്യമായി നോട്ടെണ്ണുന്ന മെഷീനും കൊണ്ട് ഒരു ജാഥ നടത്തിയ കെ.പി.സി.സി.-യുടെ പ്രസിഡന്റ് കേരളത്തിലുണ്ടായിട്ടുണ്ടോ? എന്നിട്ട് മാനന്തവാടിയിൽ ഗാന്ധി പ്രതിമയ്ക്ക് താഴെയിരുന്നിട്ട് മൂന്നുനാല് പേർ കൂട്ടി വായിക്കുക, അതുവരെ കൊണ്ടുവരാത്ത ആളുകളെ വിളിച്ചു വരുത്തുക, നിങ്ങളെ പാർട്ടിയിൽനിന്ന് പുറത്താക്കിയെന്ന് പറഞ്ഞയയ്ക്കുക. കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റിന്റെ പ്രധാനപ്പെട്ട ചുമതല നാട്ടിൽ ആളുകളുടെ കയ്യിൽനിന്ന് കാശ് വാങ്ങി നാടുവാഴി സമ്പ്രദായം പോലെ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നയിക്കുന്ന ജാഥയെ സ്വീകരിക്കലാണോ? നിങ്ങൾ അവിടെയാണ് മറന്നത്. നിങ്ങൾ ആ ജാഥയിൽ, കേന്ദ്ര ഗവൺമെന്റിനെതിരെ ഒരു സമരം നടത്തിയിരുന്നുവെങ്കിൽ ഞങ്ങൾക്ക് മനസ്സിലാകുമായിരുന്നു. കേന്ദ്ര ഗവൺമെന്റിനെതിരെ നിങ്ങൾ പറയാൻ പേടിക്കുന്നത്, നേരത്തെ ശ്രീ. പി. വി. അൻവർ ഇവിടെ സൂചിപ്പിച്ചതുപോലെ നിങ്ങൾ വരുന്ന ലോക് സഭാ തെരഞ്ഞെടുപ്പിൽ ഉണ്ടാക്കാൻ വച്ച കാശിന്റെയും ബി.ജെ.പി.-യുടെയും അവിഹിത കൂട്ടുകെട്ടിന്റെ ഭാഗമാണെന്ന് സൂചിപ്പിക്കുകയാണ്. ഈ വോട്ട് ഓൺ അക്കൗണ്ടിന്റെ നിർദ്ദേശങ്ങളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ജനങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുന്നതിൽ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. സമസ്ത മേഖലകളിലും ദുരിതമാണ്. പ്രശ്നങ്ങളും, പ്രയാസങ്ങളും

ദിവസേന വർദ്ധിച്ചുവരുന്നു. ഗവൺമെന്റ് നടപടികൾ കേവലം പ്രസ്താവനകളിലും പ്രഖ്യാപനങ്ങളിലുമായി ഒതുങ്ങുന്നു. ഫലപ്രദമായ പ്രവർത്തനങ്ങളുടെ അഭാവം, രാഷ്ട്രീയ പ്രേരിത പ്രവർത്തനങ്ങൾ എന്നിവ സർക്കാരിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. സാമ്പത്തികരംഗം ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നുവെന്ന് വകുപ്പുമന്ത്രിതന്നെ ആവർത്തിച്ചു സമ്മതിച്ചിരിക്കുന്നു. നമുക്കറിയാം, കേവലം ഗസറ്റ് വിജ്ഞാപനംപോലും മുടങ്ങിയിരിക്കുകയാണ്. സി-ഡിറ്റിന് ആ വകയിൽ ഓൺലൈൻ ഗസറ്റ് വിജ്ഞാപനത്തിന് 48 ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. അതുകൊണ്ട് ഓൺ ലൈൻ ഗസറ്റ് പ്രസിദ്ധീകരിക്കുന്നില്ല. ഒക്ടോബറിൽ പ്രസിദ്ധീകരിച്ചതാണ്. ഇതുവഴി സാധാരണക്കാരായ ആളുകൾക്ക് ലീഗൽ ഹെയർ സർട്ടിഫിക്കറ്റുപോലും ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സർക്കാർ മുടക്കിയിരിക്കുന്നു. ഏറെ ദുരിതത്തിലാണ് കൃഷിക്കാർ. കർഷക ആത്മഹത്യകൾ ഇവിടെ വാർത്തയല്ലെന്ന് നേരത്തെ ശ്രീ. കെ. വി. വിജയദാസ് സംസാരിച്ചപ്പോൾ പറഞ്ഞു. എന്റെ നിയോജക മണ്ഡലത്തിൽ, രണ്ടാഴ്ച മുമ്പാണ് കൊട്ടിയൂരിൽ സാബു കട്ടക്കയൽ എന്ന കൃഷിക്കാരൻ കടഭാരം കൊണ്ട് ആത്മഹത്യ ചെയ്തത്. വയനാട്ടിൽ ആവർത്തിച്ച് ആത്മഹത്യകളുണ്ടാകുന്നു. പേരാമ്പ്രയിൽ മന്ത്രിയുടെ മണ്ഡലത്തിൽ വില്ലേജ് ഓഫീസിൽ ഒരു കൃഷിക്കാരൻ ആത്മഹത്യ ചെയ്തു. വെള്ളരിക്കുണ്ടിൽ റവന്യൂ മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ കർഷകൻ ആത്മഹത്യ ചെയ്തത് വാർത്തയായിരിക്കുന്നു. വടക്കാഞ്ചേരിയിൽ കൃഷിക്കാരൻ പമ്പ് ഹൗസിൽ ആത്മഹത്യ ചെയ്തത് വാർത്തയായിരുന്നു. വിലത്തകർച്ചയിൽ കർഷകർ പൊറുതിമുട്ടുകയാണ്. റബ്ബറിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് പറഞ്ഞാണ് കേന്ദ്രത്തിലും കേരളത്തിലും രണ്ട് ഗവൺമെന്റുകളും അധികാരത്തിൽ വന്നത്. പക്ഷേ, ഇപ്പോൾ ശ്രീ. പി. സി. ജോർജിനെപോലുള്ള ആളുകൾ റബ്ബർ വെട്ടിക്കളയുമെന്ന് പരസ്യമായി പ്രഖ്യാപിക്കേണ്ട സാഹചര്യം വന്നിരിക്കുന്നു. പ്രകൃതിക്ഷോഭം തടയുന്നതിനുള്ള യാതൊരു നടപടികളുമുണ്ടായിട്ടില്ല. അത് മാൻ മെയ്ഡ് ഡിസാസ്റ്ററായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ വിഷയത്തിൽ പരിഹാരമുണ്ടാക്കുന്നതിന് സാധിച്ചിട്ടില്ല. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കാർഷികവിളകളും വളർത്തുമൃഗങ്ങളും തകർന്നതിലും നാശനഷ്ടമുണ്ടായതിലും ഭൂമി ഒലിച്ചുപോയതിലുമൊന്നും യാതൊരുവിധ പരിഹാരങ്ങളും ഈ കഴിഞ്ഞ മാസങ്ങൾക്കുള്ളിൽ ഗവൺമെന്റിന് സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ശ്രീ. വി. ഡി. സതീശന് നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് അടിയന്തരപ്രമേയങ്ങൾ അവതരിപ്പിക്കേണ്ടി വന്നു. പ്രളയം ചർച്ച ചെയ്യാൻ പ്രത്യേകമായിട്ടൊരു സഭാസമ്മേളനം വിളിച്ചുകൂട്ടി, ചർച്ച ചെയ്തു. എന്നാൽ ഈ സെഷനിൽ വീണ്ടും അതേ വിഷയത്തിൽത്തന്നെ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടി വന്നു. എന്നിട്ടും 'വഞ്ചി തിരുനക്കരത്തന്നെ' നിൽക്കുകയാണ്; പ്രഖ്യാപനങ്ങളൊക്കെ കടലാസ്സിൽ ഒതുങ്ങുകയാണ്. കാർഷിക

വായ്പകൾക്ക് മൊറട്ടോറിയം, കൃഷിക്കാരന് ആനുകൂല്യങ്ങൾ ഇതെല്ലാം പറഞ്ഞെങ്കിൽപ്പോലും അതൊന്നും കിട്ടുന്നില്ലെന്ന് നമുക്കറിയാം. ഇന്ന് വിളനാശം, അതുപോലെ വിലത്തകർച്ച, വന്യമൃഗശല്യം ഈ പ്രശ്നങ്ങളെല്ലാം കൃഷിക്കാരെ അങ്ങേയറ്റം അലട്ടിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കാര്യമായ പദ്ധതികളൊന്നുംതന്നെ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. അതിനാവശ്യമായിട്ടുള്ള പണം വകയിരുത്തിയിട്ടുമില്ല. അതുപോലെതന്നെ ഈ വെള്ളപ്പൊക്കത്തിൽ ഏറെ രൂക്ഷമായി, അന്ന് നമ്മുടെ പുഴകളെല്ലാം വലിയ കല്ലിന്റെ കൂമ്പാരങ്ങളായി, പാറക്കൂമ്പാരങ്ങളായി മാറിയെങ്കിൽ ഇന്ന് ആ പുഴകളെല്ലാം വറ്റിവരണ്ട് വെള്ളമില്ലാത്ത അവസ്ഥയാണ്. അതുപോലെത്തന്നെ നദീതീരങ്ങളിൽ വളരെയേറെ മണ്ണ് ഒലിച്ചുപോയി. അങ്ങനെയുള്ള കൃഷിക്കാരന്റെ പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ യാതൊരു പദ്ധതിയും ഗവൺമെന്റ് ആവിഷ്കരിക്കുന്നില്ല. അതുപോലെ മലയോര വികസന ഏജൻസി, വികസനത്തിന് വളരെയേറെ ആക്കം കൂട്ടിയതാണ്. ആ ഏജൻസി പൂർണ്ണമായും ഇല്ലാതായിരിക്കുന്നു.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയതോ പ്രവർത്തനം ത്വരിതപ്പെടുത്തിയതോ ആയ പദ്ധതികൾ ഉദ്ഘാടനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചുവെന്നല്ലാതെ ഈ സർക്കാരിന്റെ നേട്ടമെന്താണെന്ന് അവർക്ക് ഉത്തരം പറയാൻ കഴിയാത്ത സാഹചര്യമാണ്. കണ്ണൂർ വിമാനത്താവളത്തെക്കുറിച്ച് ഇവിടെ എല്ലാവരും ചർച്ച ചെയ്ത വിഷയമായതുകൊണ്ടും ഞാൻ കണ്ണൂർ വിമാനത്താവളത്തിൽനിന്നും മൂന്ന് കിലോമീറ്റർ അകലെയുള്ള നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായതുകൊണ്ടും കണ്ണൂർ വിമാനത്താവളത്തെ സംബന്ധിച്ച് ചോദിച്ച ചോദ്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാനായി ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. 2016 മേയ് മാസത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ജൂൺ മാസത്തിൽ ഞാനും ശ്രീ. കെ. സി. ജോസഫും ശ്രീ. ഷാഫി പറമ്പിലും ശ്രീ. ഐ. സി. ബാലകൃഷ്ണനുംകൂടി, നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20-ന്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് ചോദിച്ചു. 3050 മീറ്റർ റൺവേ ഉൾപ്പെടെ ഒട്ടുമിക്ക പ്രവർത്തനങ്ങളും 80% പൂർത്തീകരിച്ചുവെന്നും 3050 മീറ്റർ റൺവേ, 20 എയർക്രാഫ്റ്റ് പാർക്കിംഗിനായുള്ള ഏപ്രൺ, പാരലൽ ടാക്സി - 889 മീറ്റർ, റൺവേ ലിങ്ക് ടാക്സി - 2, ഏപ്രൺ ലിങ്ക് ടാക്സി - 4, ചുറ്റുമതിൽ - 18 കിലോമീറ്റർ, എ.ടി.സി. ബിൽഡിംഗ് -85%, എ.ജി.എസ്. സബ്സ്റ്റേഷൻ - 80%, ഫയർ സ്റ്റേഷൻ - 75%, ഐസൊലേഷൻ ബേ -75%, ടെർമിനൽ ബിൽഡിംഗ് - 75%, ഫ്ലൈ ഓവർ (150 മീറ്റർ)-90%, കെ.എസ്.ഇ.ബി. സപ്ലൈ - 85%, വാട്ടർ സപ്ലൈ -100% എന്നിവയായിട്ടുണ്ടെന്നുമാണ് മറുപടി തന്നത്. ജൂൺ മാസത്തിൽ ചോദിച്ച അതേചോദ്യം 26-9-2016-ൽ, അടുത്ത

സെഷനിൽ, ഇതേ ചോദ്യകർത്താക്കൾ വീണ്ടും ആവർത്തിച്ച് ചോദിച്ചപ്പോൾ അന്നത്തെ ചോദ്യത്തിന് തന്ന അതേ verbatim reply തന്നെയാണ് രണ്ടാമതും നൽകിയത്. അതിനെക്കാൾ വിചിത്രം, ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് മാസത്തിനുള്ളിൽ, 13-7-2016-ൽ എന്റെ സ്നേഹിതൻ ശ്രീ. ജെയിംസ് മാത്യു കണ്ണൂർ വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ എന്നൊരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിനും ഇതേ മറുപടിയാണ് നൽകിയത്. മാത്രമല്ല, ഇനി ചുരുക്കം ചില പണികൾ മാത്രമേ ബാക്കിയുള്ളൂ. അതിന്റെ ടെണ്ടർ നടപടികൾ തുടങ്ങി. 2017 മാർച്ച് മാസത്തോടെ പണികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്നാണ് മറുപടി. അതിന്റെ അർത്ഥമെന്താണ്? യു.ഡി.എഫ്. സർക്കാരാണ് 85% വർക്കുകളും പൂർത്തീകരിച്ചിരിക്കുന്നതെന്ന് എൽ.ഡി.എഫ്. സർക്കാർ നിയമസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിരിക്കുകയാണ്. ഇവിടെ രാഷ്ട്രീയം പറയേണ്ടെന്ന് വിചാരിച്ചാണ് ഞാൻ തുടങ്ങിയത്. പക്ഷേ എല്ലാവരും രാഷ്ട്രീയം പറഞ്ഞ്, കോൺഗ്രസ് പിരിച്ചുവിടണമെന്ന ആവശ്യമാണല്ലോ ഇവിടെ ഉയർന്നത്. കോൺഗ്രസ് പിരിച്ചുവിടണമെന്ന് ആവശ്യമുയർത്തിയ എൽ.ഡി.എഫ്.-ലെ അംഗങ്ങളോട്, അതിൽ സി.പി.ഐ. അംഗങ്ങൾ ഉൾപ്പെട്ടതിൽ ഞങ്ങൾക്ക് വളരെ ഖേദമുണ്ട്, ഈ ആവശ്യം നിങ്ങളുടെ അഖിലേന്ത്യാ കമ്മിറ്റികൾ ഉന്നയിക്കുമോ? ഇന്ത്യയിൽ മതേതരശക്തികൾ ബി.ജെ.പി.-യെ എതിർക്കുന്നതിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം നൽകണമെന്നാണ് ഹൈദ്രാബാദിൽ മാർക്സിസ്റ്റ് പാർട്ടിയുടെ പാർട്ടി കോൺഗ്രസ് പ്രതിജ്ഞ എടുത്തതെങ്കിൽ സ്നേഹിതന്മാരെ, നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം രാജസ്ഥാനിലും ഛത്തീസ്ഗഢിലും മധ്യപ്രദേശിലും ഇന്ത്യൻനാഷണൽ കോൺഗ്രസിന്റെ മൂവർണ്ണ പതാക സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉയർന്നപ്പോൾ എ.കെ.ജി. സെന്ററിലാണ് പടക്കം പൊട്ടിച്ചത്. ഡൽഹിയിലെ എ.കെ.ജി. മന്ദിരത്തിൽ ലഡു വിതരണം നടത്തി സി.പി.ഐ.(എം) പ്രവർത്തകരാണ് ആത്മവിശ്വാസം പ്രകടിപ്പിച്ചത്. നമ്മുടെ എത്രയോ എം.എൽ.എ.-മാരാണ് അന്ന് നിയമസഭയിൽപ്പോലും വരാതെ ടെലിവിഷന്റെ മുന്നിലിരുന്ന് രാജസ്ഥാനിൽ കോൺഗ്രസ് ജയിക്കുന്നതിൽ ആവേശം കൊണ്ടത്. കർണ്ണാടകത്തിൽ കോൺഗ്രസ്സിന് 86 സീറ്റും ജനതാദളിന് 37 സീറ്റും വന്നപ്പോൾ അവിടെ കോൺഗ്രസ്സ് വിട്ടുവീഴ്ച ചെയ്ത് ബി.ജെ.പി. അധികാരത്തിൽ വരുന്നതിനെ തടയാൻ ശ്രമിച്ചപ്പോൾ, കർണാടകത്തിൽ കുമാരസ്വാമി ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്തപ്പോൾ, കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനല്ലേ വിമാനത്തിൽ ബാംഗ്ലൂരിൽ പോയി സത്യപ്രതിജ്ഞാ ചടങ്ങിൽ ആശംസയും അഭിവാദ്യവും അർപ്പിച്ചത്. ഗുജറാത്തിലെ രാജ്യസഭാ തെരഞ്ഞെടുപ്പിൽ ശ്രീ. അഹമ്മദ് പട്ടേൽ മത്സരിക്കുന്ന സമയത്ത്, അവിടെ പണച്ചാക്ക് ഒഴുക്കിയപ്പോൾ ആ പണക്കൊഴുപ്പിനെ പ്രതിരോധിച്ചുകൊണ്ട്

ഗുജറാത്തിൽനിന്ന് കോൺഗ്രസ് സ്ഥാനാർത്ഥിയായി ശ്രീ. അഹമ്മദ് പട്ടേൽ രാജ്യസഭയിലേയ്ക്ക് വീണ്ടും തെരഞ്ഞെടുത്തപ്പോഴും ഇന്ത്യയിലെ മതേതരവിശ്വാസികളാണ് ആ തെരഞ്ഞെടുപ്പ് വിജയത്തിൽ അങ്ങേയറ്റം ആഹ്ലാദം പ്രകടിപ്പിച്ചതെങ്കിൽ, ഇവരുടെ കൂടെ ആരുണ്ട്? ഇന്ത്യാരാജ്യത്ത് കോൺഗ്രസിനെയും ബി.ജെ.പി.-യെയും ഒരുമിച്ച് എതിർക്കുമെന്നുപറയുന്ന ഇടതുപക്ഷത്തിന്റെ കൂടെ, മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം, നിങ്ങൾക്ക് നഷ്ടപ്പെട്ട ബംഗാളും ത്രിപുരയും മാറ്റി നിർത്തിയാൽ ഏതെങ്കിലും സംസ്ഥാനത്ത് പ്രാദേശിക പാർട്ടികളോ ദേശീയ പാർട്ടികളോ ഉണ്ടോ? ശ്രീ. എച്ച്. ഡി. ദേവഗൗഡയുടെ പാർട്ടിയായ ജനതാദളും ഡി.എം.കെ.-യും ടി.ഡി.പി.-യും ശ്രീമതി മമതാ ബാനർജിയും ആർ.ജെ.ഡി.-യും കോൺഗ്രസ്സിനോടൊപ്പമാണ്. എസ്.പി.-യും ബി.എസ്.പി.-യും കോൺഗ്രസുമായി സഖ്യത്തിലാണ്. അവരുമായി ചർച്ച നടക്കുന്നുണ്ട്. ഇടതുപക്ഷത്തോടൊപ്പം ആരുണ്ട്? അതിന് നിങ്ങൾ ഉത്തരം പറയണം. നിങ്ങളുടെ കൂടെ ശ്രീ. കോവൂർ കുഞ്ഞുമോനുണ്ട്. ഞങ്ങളോടൊപ്പമുണ്ടായിരുന്ന അദ്ദേഹം അങ്ങോട്ട് വന്നിട്ടുണ്ട്. ഈ പാർലമെന്റ് ഇലക്ഷനിലെ കുരുക്ഷേത്രയുദ്ധത്തിൽ ബി.ജെ.പി.-യെ എതിർക്കണമെന്ന് ആഗ്രഹിക്കുന്ന ഇന്ത്യയിലെ ദേശീയ പാർട്ടികളും പ്രാദേശിക പാർട്ടികളും മതേതര മുന്നണിയുടെ ഭാഗത്ത് നിൽക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാവരും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോടൊപ്പമാണ്. അതിനുവേണ്ടി ശ്രീ. രാഹുൽ ഗാന്ധി ലോകം മുഴുവൻ യാത്ര ചെയ്യുകയാണ്. ക്യൂബയിലെയും ദുബായിയിലെയും ശ്രീ. രാഹുൽ ഗാന്ധിയുടെ ചരിത്രപരമായ സന്ദർശനം നമുക്കെല്ലാമറിയാം. ഒരുപക്ഷേ മാർപാപ്പയുടെ സന്ദർശനം കഴിച്ചാൽ ദുബായിയിൽ ഏറ്റവുമധികം ആളുകളെ ആകർഷിക്കാൻ സാധിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിക്കാണെങ്കിൽ, ഇന്ത്യ അതിന്റെ കൂടെ നിൽക്കുമ്പോൾ, കേരളത്തിലെ കുറച്ച് മാർക്സിസ്റ്റ് നേതാക്കൾ കോൺഗ്രസ്സിനെ തള്ളിപറഞ്ഞാലും കോൺഗ്രസ്സിനെ പിരിച്ചുവിടണമെന്ന് ആഗ്രഹിച്ചാലും നിങ്ങളോടൊപ്പം നിൽക്കുന്ന ജനങ്ങൾ (അണികൾ) ഈ തെരഞ്ഞെടുപ്പിൽ (കേരളത്തിൽനിന്നുപോലും) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗും കേരളാ കോൺഗ്രസ്സുമുൾക്കൊള്ളുന്ന ജനാധിപത്യ മുന്നണിയെ വിജയിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു വെടിക്ക് രണ്ട് പക്ഷി. കേന്ദ്രം ഭരിച്ചുമുടിക്കുന്ന ബി.ജെ.പി.-യേയും കേരളത്തിൽ ഭരണപരാജയത്തിന്റെ നെറുകയിൽ എത്തിനിൽക്കുന്ന ഇടതുപക്ഷത്തേയും പരാജയപ്പെടുത്താൻ ഈ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ഐക്യജനാധിപത്യ മുന്നണിയെ വിജയിപ്പിക്കുമെന്ന പ്രതീക്ഷ അർപ്പിച്ചുകൊണ്ടും അതിനായി എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഒരിക്കൽക്കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി പിന്താങ്ങുന്നു. മഹാപ്രളയം തകർത്തെറിഞ്ഞ കേരളത്തെ പുനഃസൃഷ്ടിക്കാൻ വേണ്ടിയുള്ള നല്ലൊരു ബഡ്ജറ്റാണ് പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആഗസ്റ്റ് മാസം 15-ാം തീയതി മുതൽ 18-ാം തീയതി വരെ കേരളത്തിലെ ഓരോ മലയാളികളുടെയും മനസ്സിൽ ഇന്നുവരെയുണ്ടായിരുന്ന കേരളം തകർന്നുപോയല്ലോ, ഇനി എന്തുചെയ്യും എന്നുള്ള വലിയ വിഷമത്തിലായിരുന്നു. എന്നാൽ ദിവസങ്ങൾകൊണ്ട് കാര്യപ്രാപ്തിയുള്ള കേരളത്തിന്റെ മുഖ്യമന്ത്രി വളരെ കൃത്യമായി സഹമന്ത്രിമാരുമായി ഒരുമിച്ച് ടീം വർക്ക് നടത്തിയതിന്റെ ഭാഗമായി ഇന്ന് കേരളത്തിലെ ഏത് മലയാളികളോട് ചോദിച്ചാലും അങ്ങനെയൊരു പ്രളയമുണ്ടായോ എന്നുള്ള സംശയം പലർക്കും ഉണ്ടാകുന്നുണ്ട്. കേരളത്തിലെ എല്ലാ മലയാളികളെയും ചേർത്തുപിടിച്ചുകൊണ്ട് നല്ലൊരു ഇടപെടലാണ് സർക്കാർ നടത്തിയത്. കേരളത്തിനുണ്ടായ ഇത്തരം നഷ്ടത്തെ എങ്ങനെ മറികടക്കുമെന്ന് ആലോചിക്കുമ്പോൾ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതുമുതൽ എങ്ങനെ ശ്വാസംമുട്ടിക്കാമെന്നാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രളയത്തെ മറികടക്കാൻ നാം ഒത്തൊരുമിച്ചുനിൽക്കണമെന്ന് പറയുമ്പോൾ മറ്റ് രാഷ്ട്രീയ പാർട്ടികൾ മാറിനിന്ന് കളിയാക്കുകയും ചാനൽ ചർച്ചകളിലെല്ലാം വലിയതോതിൽ വിമർശിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. എന്നാൽ നല്ല രീതിയിൽ ഇടപെടൽ നടത്തിയതുമൂലം വലിയ രീതിയിലുള്ള മാറ്റമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. അധികാരത്തിൽ വരുന്നതിനുമുമ്പ് ഇവിടെ എല്ലാ രാഷ്ട്രീയ പാർട്ടികളും അവരുടെ പ്രകടനപത്രിക അവതരിപ്പിക്കാറുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവരുന്നതിനുമുമ്പ് പുറത്തുവിട്ട പ്രകടന പത്രികയാണിത് (പ്രകടന പത്രിക ഉയർത്തിക്കാണിച്ചു). കാണാൻ നല്ല ചന്തമുണ്ട്. അതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റ് പുറത്തുവിട്ട പ്രകടന പത്രികയാണിത് (പ്രകടനപത്രിക ഉയർത്തിക്കാണിച്ചു). എല്ലാ രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വന്നതിനുശേഷം പ്രകടന പത്രികയിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ചെറിയ കുട്ടികൾ ബാലരമ വായിച്ച് ചിരിക്കുന്ന രീതിയിലുള്ളതാണ് യു.ഡി.എഫ്. ഇറക്കിയ പ്രകടനപത്രിക. ഭരണവും പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളും തമ്മിൽ യാതൊരു പൊരുത്തവും കഴിഞ്ഞ അഞ്ചുവർഷക്കാലവും ഉണ്ടായിരുന്നില്ല. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കാൻ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി രണ്ടരക്കൊല്ലമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വളരെ വലുതാണ്. സഭയിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ടുള്ള പ്രസംഗങ്ങൾ കേൾക്കുമ്പോൾ എന്നെപ്പോലെയുള്ള പുതിയ അംഗങ്ങൾക്ക് അത് വിചിത്രമായി തോന്നും. കാരണം, ഒട്ടുപാൽ ശേഖരിക്കുന്ന ആളിന്റെ കഥയും മറ്റും പറഞ്ഞാണ് ചില അംഗങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിയെ കളിയാക്കിയത്. കേന്ദ്ര ഗവൺമെന്റ് പണം തരാതെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന കേരളത്തെ എങ്ങനെ നമുക്കൊരുമിച്ച് മുമ്പോട്ടുകൊണ്ടുപോകാം എന്നതിനെക്കുറിച്ച് ഒരു വാക്കുപോലും പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കുന്നില്ല. സംസ്ഥാനത്ത് മന്ത്രിമാരുടെ പ്രവർത്തനവും വളരെ കൃത്യമായി ഭരണം നടത്തുന്നതിന് വകുപ്പുകൾ വളരെ സൂക്ഷ്മതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

കൃഷി വകുപ്പ് വളരെ കൃത്യമായി ആ രംഗത്ത് ഇടപെട്ട വിഷയം ഞാൻ പറയാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2012 മുതൽ 2014 വരെ കർഷകർക്ക് നൽകേണ്ടിയിരുന്ന കുടിശ്ശിക ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പൂർണ്ണമായി കൊടുത്തു. അധികാരത്തിൽ വരുംമുമ്പ് പറഞ്ഞ വാക്ക് പാലിക്കാൻ കഴിഞ്ഞു. കഴിഞ്ഞ അഞ്ചുകൊല്ലം കേരകർഷകരെല്ലാം തെങ്ങിന്റെ മേൽപ്പോട്ടുനോക്കി നിന്നതല്ലാതെ കേരകൃഷിയിൽ ഒരു വളർച്ചയുമുണ്ടായിട്ടില്ല. എന്നാൽ കേരകർഷകരെ സഹായിക്കാനും 10 വർഷംകൊണ്ട് കേരളത്തിന്റെ നാളികേര ഉത്പാദനം വർദ്ധിപ്പിക്കാനും ഈ ഗവൺമെന്റ് ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നൽകിക്കൊണ്ട് മാതൃകാ പദ്ധതികളാണ് ഇതിനുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ളത്. പച്ചക്കറി കർഷകർ ഇപ്പോൾ നല്ല രീതിയിലാണ് കൃഷി ചെയ്യുന്നത്. എന്റെ മണ്ഡലത്തിലും പച്ചക്കറി കർഷകർ വലിയ ആവേശത്തിലാണ്. കഴിഞ്ഞ അഞ്ചുകൊല്ലം നമ്മുടെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം 6.8 ടണ്ണാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടരക്കൊല്ലംകൊണ്ട് 10.62 ടൺ പച്ചക്കറിയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇങ്ങനെ സൂക്ഷ്മമായ പരിശോധനയും ഇടപെടലുമാണ് ഓരോ വകുപ്പിലുമുണ്ടായിരിക്കുന്നത്. കാർഷിക രംഗത്തുള്ള വളർച്ച നാമൊന്ന് ശ്രദ്ധിക്കണം. ഇവിടെ മാറിമാറി പ്രസംഗിക്കുന്ന പ്രതിപക്ഷാംഗങ്ങൾ മറുപടി പറയണം. നിങ്ങളുടെ ഭരണകാലത്ത് കാർഷിക രംഗത്തുണ്ടായ വളർച്ചയെല്ലാം പടവലങ്ങപോലെ താഴോട്ടാണ് പോയിട്ടുള്ളത്. നിങ്ങളുടെ ഭരണകാലത്ത് കാർഷികരംഗത്തെ വളർച്ച മൈനസ് 4.6 ആയിരുന്നു. എന്നാൽ രണ്ടരക്കൊല്ലംകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റുണ്ടാക്കിയ വളർച്ച +3.68 ആണ്. ഈ വളർച്ച ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ പ്രവർത്തനത്തെയാണ് ആളുകൾ നോക്കിക്കാണുന്നത്. ഇതിനെ നിങ്ങൾ ചെറുതായിക്കണ്ടുകൊണ്ടാണ് ഒട്ടുപാൽ ശേഖരിക്കുന്ന ആളെക്കുറിച്ചെല്ലാം പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് വേറെയൊന്നും പറയാനില്ലേ? 2016-ൽ കൊടിയ വരൾച്ച, 2017-ൽ ഓഖി ദുരന്തം, 2018-ൽ പ്രളയം എന്നിങ്ങനെ വലിയ ദുരന്തങ്ങളാണ് രണ്ടരക്കൊല്ലംകൊണ്ട് ഈ ഗവൺമെന്റ് നേരിട്ടത്. അതിനുപുറമെ നിപ വൈറസ് ബാധയും കേരളത്തെ ബാധിച്ചു.

കർഷകരുടെ ഉത്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടായി. ഇതെല്ലാം മറികടന്നാണ് ഇത്രവലിയ വളർച്ച കേരളം കൈവരിച്ചത്. നമ്മുടെ കർഷകരെ സഹായിക്കാൻ പുതിയ കേരള മെക്കാനിസം മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചു. അതിന്റെ ഉദ്ഘാടനം പ്രിയങ്കരനായ മുഖ്യമന്ത്രി നടത്താൻ പോവുകയാണ്. ഇതെല്ലാം ലോകംമുഴുവൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്ത് വലിയ രീതിയിൽ കൃഷിക്കാരുടെ പ്രക്ഷോഭമുണ്ടായി. ശ്രീ. രാഹുൽഗാന്ധി മുതലക്കണ്ണീരൊഴുക്കുകയുണ്ടായി. 2002-ൽ ബി.ജെ.പി. ഗവൺമെന്റ് സർഫാസി ആക്ട് കൊണ്ടുവന്നതിനുശേഷം പത്തുകൊല്ലം നിങ്ങൾ രാജ്യം ഭരിച്ചു. കൃഷിക്കാർക്കുവേണ്ടി സർഫാസി ആക്ടിൽ ഭേദഗതി വരുത്താനോ മറ്റെന്തെങ്കിലും ഇടപെടൽ നടത്താനോ ചെറുവിരൽപോലും നിങ്ങൾ അനക്കിയിട്ടില്ല. എന്നിട്ട് ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധി കർഷകരുടെ സമരത്തിനുവേണ്ടി ഞെരിപിരികൊള്ളുകയാണ്. ഇനിയും ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖല, പൊതുമരാമത്ത് വകുപ്പ്, പട്ടികജാതി മേഖല എന്നിവയെക്കുറിച്ച് ഒരു ദിവസമെടുത്ത് പറഞ്ഞാലും തീരില്ല. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ഇവിടെയൊരംഗം എന്തെല്ലാം നുണകളാണ് പറഞ്ഞത്. പ്ലാൻ ഫണ്ടും നോൺ-പ്ലാൻ ഫണ്ടും നബാർഡും സി.ആർ.എഫും കിഫ്ബിയും ഉൾപ്പെടെ 40,463 കോടി രൂപയാണ് രണ്ടരക്കൊല്ലംകൊണ്ട് കേരളത്തിന്റെ വികസനത്തിനുവേണ്ടി ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. ഈ ഭരണത്തെയാണ് ഇവർ ചെറുതായി കാണുന്നത്. നമ്മുടെ ഭരണത്തിന്റെ നേട്ടം എത്ര പറഞ്ഞാലും മതിയാകില്ല. തീർച്ചയായും കേരളത്തിന്റെ മജീഷ്യനും സൂപ്പർമാനുമായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ശ്രീ. യു. ആർ. പ്രദീപിന്റെ പ്രസംഗത്തിൽ ശ്രീ. രാഹുൽഗാന്ധി കർഷകരുടെ പേരിൽ മുതലക്കണ്ണീരൊഴിക്കുന്നുവെന്നാണ് പറഞ്ഞത്. നമ്മുടെ തൊട്ടടുത്തുനടക്കുന്ന സംഭവങ്ങൾപോലും ഇങ്ങനെ വിസ്മരിക്കാമോ? തെരഞ്ഞെടുപ്പിന് മത്സരിക്കുമ്പോൾ ഒരു കാര്യം പറയുകയും തെരഞ്ഞെടുപ്പ് കഴിയുമ്പോൾ വിസ്മരിക്കുകയും ചെയ്യുന്ന പാരമ്പര്യമാണോ ശ്രീ. രാഹുൽഗാന്ധി കാണിച്ചത്. അധികാരത്തിൽ വന്ന ഛത്തീസ്ഗഢിലും രാജസ്ഥാനിലും മധ്യപ്രദേശിലും കർഷകരുടെ ലക്ഷക്കണക്കിന് രൂപയുടെ വായ്പ എഴുതിത്തള്ളിയ ഗവൺമെന്റാണ് കോൺഗ്രസ് ഗവൺമെന്റ്. അത് വസ്തുതയല്ലേ; കണ്ണടച്ച് ഇരുട്ടാക്കുന്നത് ശരിയാണോ? നമ്മളെല്ലാം ഒരുമിച്ചുനിന്ന് ബി.ജെ.പി.-ക്കെതിരെ അതിശക്തമായ നിര കെട്ടിപ്പടുക്കുന്നതിനുപകരം സ്വന്തം നില ദുർബലമാക്കുന്ന രീതി നിങ്ങൾ ഉപേക്ഷിക്കണം. നമ്മൾ ഫൈറ്റ് ചെയ്യേണ്ടത് മോദി ഗവൺമെന്റിനെതിരെയാണ്. അത് വിസ്മരിക്കരുത്. ഈ നിയമസഭ ഉപയോഗിക്കേണ്ടതും ചർച്ചകൾ നടത്തേണ്ടതുമൊക്കെ അതാണ്. മോദിക്കെതിരായി ഞങ്ങൾ

മിണ്ടുന്നില്ലെന്ന് അങ്ങ് പറഞ്ഞു. പാർലമെന്റിലും ഇവിടെയുമെല്ലാം ഞങ്ങളല്ലേ മിണ്ടുന്നത്? യു.ഡി.എഫ്.-ന്റെ മെമ്പർമാർ പാർലമെന്റിൽ നടത്തുന്ന അതിശക്തമായ പോരാട്ടങ്ങളുടെയും ഐക്യജനാധിപത്യ മുന്നണി കേരളത്തിൽ നടത്തുന്ന പോരാട്ടങ്ങളുടെയും പ്രധാന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരെയാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കുന്നത്, അങ്ങ് ഫെഡറൽ സംവിധാനത്തെക്കുറിച്ചൊക്കെ ഒരുപാട് ചിന്തിക്കുന്ന ആളാണ്. കേന്ദ്രം നമുക്ക് തരണമെന്ന് പറയുന്നതു പോലെതന്നെ നമ്മൾ ജനകീയാസൂത്രണവും വികേന്ദ്രീകൃതാസൂത്രണവും കൊണ്ടുവന്നപ്പോൾ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണവും അധികാരവും കൊടുത്തു. ഇന്ന് എന്താണ് ചെയ്യുന്നത്? ഇന്ന് എന്റെ നാട്ടിൽനിന്ന് മുനിസിപ്പൽ ചെയർമാൻ എന്നെ വിളിച്ചു. അവർക്കാകെയുള്ളത് വിനോദനികുതിയും തൊഴിൽക്കരവും കെട്ടിടക്കരവുമാണ്. അവയെല്ലാം ട്രഷറിയിൽ നിയന്ത്രണമേർപ്പെടുത്തി പിടിച്ചുവച്ചിരിക്കുകയാണ്. ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സാധിക്കാതെ കേരളത്തിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വിഷമിക്കുകയാണ്. ട്രഷറി നിയന്ത്രണത്തിന് അങ്ങ് എന്ത് ഉത്തരവാണ് കൊടുത്തത്; എന്ത് വർക്ക് നടക്കും? ഇപ്പോൾ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്. അടുത്ത നാലുമാസത്തിൽ രണ്ടരമാസം പെരുമാറ്റച്ചട്ടത്തിൽ പോകും. ടെണ്ടർ വിളിക്കാനോ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യാനോ എ.എസ്. കൊടുക്കാനോ ടി.എസ്. കൊടുക്കാനോ കഴിയില്ല. പിന്നെ എപ്പോഴാണ് വർക്ക് നടക്കേണ്ടത്? പെട്ടെന്ന് ഒന്നരമാസംകൊണ്ട് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും വർക്ക് നടക്കണം. അതിനെന്താണ് മാർഗ്ഗം? അതുകൊണ്ട് അങ്ങ് ഏർപ്പെടുത്തിയിരിക്കുന്ന ട്രഷറി നിയന്ത്രണം പിൻവലിക്കണം. പഞ്ചായത്തുകളോട് റോഡുകൾക്ക് പണം തരാമെന്ന് പറഞ്ഞിട്ട് തന്നിട്ടില്ല. ഇപ്പുറത്തുനിന്ന് അംഗങ്ങളെല്ലാം പറഞ്ഞു. അങ്ങ് മറുപടി പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞില്ല. പക്ഷെ അവരുടെ കയ്യിലുള്ള പണം കോൺട്രാക്ടർമാർ ബില്ലുംകൊണ്ട് പോകുമ്പോൾ തടഞ്ഞുവച്ചാൽ ഏത് കോൺട്രാക്ടർ ഇനി ടെണ്ടർ എടുക്കും; അങ്ങ് അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ; അതുകൊണ്ട് ട്രഷറി നിയന്ത്രണം ഇന്നുതന്നെ പിൻവലിക്കണം. അല്ലെങ്കിൽ ഗവൺമെന്റിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങളെല്ലാം മുടങ്ങും. അതുകൊണ്ട് ഉത്തരവാദപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങ് ഗൗരവത്തോടെ ഇക്കാര്യം ചെയ്യേണ്ടതായിട്ടുണ്ട്.

ഒരു കാര്യംകൂടി പറയാം. നവകേരള നിർമ്മിതി തീർച്ചയായും നല്ല ആശയമാണ്. പക്ഷെ സാമ്പത്തിക അവലോകന റിപ്പോർട്ട് വായിച്ചപ്പോൾ തൊഴിലില്ലാത്ത യുവതീ-യുവാക്കളുടെ എണ്ണം പരിശോധിച്ചാൽ പൊതു തൊഴിൽ അപേക്ഷകർ 34 ലക്ഷം,

3 ലക്ഷം പ്രൊഫഷണൽ/ടെക്നിക്കൽ ക്വാളിഫിക്കേഷനുള്ളവർ എന്നാണ്. അങ്ങനെ കേരളത്തിൽ 37 ലക്ഷം കുടുംബങ്ങളിൽ നിന്നുള്ള ആളുകൾ ജോലിക്കായി അലയുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ശിപാർശ ചെയ്യുന്നതിനായി എം.എൽ.എ.-മാരെ വന്ന് കാണുകയാണ്; ഞങ്ങൾക്ക് ശിപാർശ ചെയ്യാൻ സാധിക്കുമോ; അവിടെ മാനദണ്ഡങ്ങൾ വച്ചല്ലേ നിയമനം കൊടുക്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളെല്ലാം പ്രസിദ്ധീകരിക്കുന്നു, കാലാവധി തീരുന്നു. പാവപ്പെട്ട ആളുകൾ, സാധാരണ വിദ്യാഭ്യാസമുള്ളവർ, അവർക്കുള്ള ക്വാളിഫിക്കേഷനുമായി തെരുവിൽ അലയുകയാണ്. അങ്ങയുടെ പുതിയ കേരളത്തിൽ 37 ലക്ഷത്തോളം വരുന്ന കുടുംബങ്ങളുടെ അവസ്ഥയെന്താണ്; എന്തെങ്കിലും പദ്ധതിയുണ്ടോ? അങ്ങ് കോർപ്പറേറ്റുകളുടെ വരവിനെക്കുറിച്ച് അഭിമാനംകൊള്ളുന്നത് കണ്ടു. അത്രയ്ക്ക് അഭിമാനം കൊള്ളേണ്ട കാര്യമൊന്നുമില്ലായിരുന്നു. ഇപ്പോൾ അങ്ങയുടെ ബഡ്ജറ്റുകൊണ്ട് വന്നതാണോ; ടെക്നോപാർക്കിലും ഇൻഫോപാർക്കിലും സൈബർപാർക്കിലും ഭീമൻ നിക്ഷേപങ്ങൾ വരുന്നത് അങ്ങയുടെ ബഡ്ജറ്റ് കൊണ്ടൊന്നുമല്ല. സാധാരണ ക്വാളിഫിക്കേഷനുള്ള യുവതീ-യുവാക്കൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കാനുള്ള ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നെങ്കിൽ വാസ്തവത്തിൽ കേരളത്തോട് അങ്ങ് നീതി ചെയ്തുവെന്ന് പറയാമായിരുന്നു. പൂർണ്ണമായും അങ്ങത് കണ്ടില്ലെന്ന് നടിച്ചു. ഗുരുതരമായ വീഴ്ചകൾ വരുത്തിയിട്ട് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന് പറയുന്നത് വിശ്വസിക്കാൻ സാധിക്കുന്നില്ല. അതിശക്തമായി ഞാനിതിനെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ)

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. ഇന്ന് കേന്ദ്ര ബഡ്ജറ്റിന്മേലുള്ള ചർച്ച പാർലമെന്റിൽ ആരംഭിക്കുന്ന ദിവസമാണ്. ഫാസിസത്തിന്റെ വിഷപ്പുകയേറ്റ് ഇന്ത്യൻ ജനാധിപത്യം സ്തബ്ധമാകുന്ന നാളുകളിലാണ് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിനെ സംബന്ധിച്ച് പൊതുവിൽ അംഗീകരിക്കപ്പെട്ട ഒരു വിശകലനം വന്നുകഴിഞ്ഞിട്ടുണ്ട്. പ്രകടന പത്രികയിൽ പറയുന്നതെല്ലാം നടപ്പാക്കേണ്ടതില്ലെന്ന് രാജ്യം ഭരിക്കുന്ന പാർട്ടിയുടെ ദേശീയനേതൃത്വം പ്രഖ്യാപിച്ചുകഴിഞ്ഞു. അപ്പോഴാണ് ബഡ്ജറ്റിന്റെ പുറംചട്ടയിൽ പ്രകടനപത്രിക അവതരിപ്പിക്കാൻ, ബഡ്ജറ്റിനെ ദുരുപയോഗം ചെയ്ത നേതൃത്വമാണ് ബി.ജെ.പി.-യുടേതെന്ന പൊതുവിശകലനം വന്നിരിക്കുന്നത്. ബഡ്ജറ്റ് നിലപാടുകൾ പ്രതിഫലിക്കുന്ന കണ്ണാടി കൂടിയാണ്. Umberto Eco ഫാസിസത്തെ നിരീക്ഷിച്ച ഒരു ചിന്തകനാണ്. നിതാന്ത ഫാസിസം എന്ന പുസ്തകംതന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്. അതിൽ ഫാസിസത്തിന്റെ 11 ലക്ഷണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട്. അതിൽ രണ്ട് കാര്യങ്ങൾ കേന്ദ്ര ബഡ്ജറ്റിലൂടനീളം പ്രതിഫലിക്കുന്നുണ്ടെന്ന് കാണാനാകും.

അതിലൊന്ന്, വ്യത്യസ്തതയെ വെറുക്കുന്ന രാഷ്ട്രീയമാണ് ഫാസിസത്തിന്റേത്. രണ്ട്, മധ്യവർഗ്ഗത്തിൽ നിന്ന് ഉരുത്തിരിയുന്ന, മധ്യവർഗ്ഗത്തിന്റെ ഉരുത്തിരിയലിനെ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ഉപയോഗിക്കുക എന്നതാണ്. വെറുപ്പിന്റെ രാഷ്ട്രീയം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി. ഉയർത്തിപ്പിടിക്കുന്ന ഫാസിസ്റ്റ് രാഷ്ട്രീയത്തിനെതിരായ ശക്തമായ നിലപാട് എടുക്കുന്നതുകൊണ്ട് ഈ കൊച്ചുകേരളത്തെ എത്രത്തോളം അവഗണിക്കുകയും പകയോടെ പെരുമാറുകയുമാണെന്ന് ഈ ബഡ്ജറ്റിലൂടെ നമുക്ക് കാണാൻ കഴിയും. ബി.ജെ.പി. നേതൃത്വം കുറേക്കാലമായി ശബരിമലയെ ദേശീയ പൈതൃക തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുമെന്നും റീജിയണൽ ക്യാൻസർ സെന്ററിനെ ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുമെന്നും എയിംസ് കേരളത്തിന് അനുവദിക്കുമെന്നും പറഞ്ഞുകൊണ്ടിരിക്കുന്നു, പക്ഷേ അതൊന്നും ബഡ്ജറ്റിൽ കാണാനില്ല. കഞ്ചിക്കോട്ട് റെയിൽവേ ഫാക്ടറിക്കുവേണ്ടി പണം അനുവദിച്ചിട്ടില്ല. കേരളത്തെ പകയോടെ കാണുന്ന സമീപനമാണ് കേന്ദ്ര ബഡ്ജറ്റിൽ ഉള്ളത്. മറ്റൊന്ന്, മധ്യവർഗ്ഗത്തിൽ നിന്നുള്ള ഉരുത്തിരിയൽ. അതായത് 5 ലക്ഷം രൂപ നികുതി സ്ലാബ് വർദ്ധിപ്പിച്ചത് അടക്കം എണ്ണത്തിൽ കൂടുതലുള്ള മധ്യവർഗ്ഗത്തെ സാമ്പത്തിക ആനുകൂല്യങ്ങൾ വഴി വരുതിയിൽ നിർത്താനുള്ള ശ്രമം കേന്ദ്ര ബഡ്ജറ്റിൽ കാണാൻപറ്റും. ഏറ്റവും പരിഹാസ്യമായൊരു കാര്യം, രാജ്യത്തെമ്പാടും ചെംപതാകയ്ക്ക് കീഴിൽ ആളിക്കത്തിക്കൊണ്ടിരിക്കുന്ന കർഷക രോഷത്തെ അണയ്ക്കാൻ ഒരു കുടം വെള്ളംകൊണ്ട് കഴിയുമെന്ന മിഥ്യാ ധാരണയാണ് 6000 രൂപയുടെ കർഷക പെൻഷൻ എന്ന പ്രഖ്യാപനം. നമ്മുടെ മുന്നിൽ കണക്കുകളുണ്ട്. തെലുങ്കാന സർക്കാർ 'റൈതുബന്ധു' എന്ന പദ്ധതിയിലൂടെ 10,000 രൂപയുടെ പെൻഷനാണ് പ്രതിവർഷം കർഷകർക്ക് കൊടുക്കുന്നത്. ഒഡീഷയിൽ 'കാലിയ' എന്ന പദ്ധതിയിലൂടെ പ്രതിവർഷം 25,000 രൂപയുടെ പെൻഷൻ കർഷകർക്ക് കൊടുക്കുന്നു. കേരളത്തിൽ നെൽകർഷകർക്ക് മാത്രം പ്രതിവർഷം 45,000 രൂപ, വിവിധ പെൻഷനുകളായി 14,400 രൂപ കൊടുക്കുന്നു. ജനങ്ങളെ പരിഹാസ്യരാക്കാൻ ബഡ്ജറ്റിനെപ്പോലും ഉപയോഗിക്കാൻ മടിക്കാത്ത കേന്ദ്ര ബഡ്ജറ്റ് അവിടെ നിൽക്കുമ്പോഴാണ് കേരള ബഡ്ജറ്റിനെ നമ്മൾ വിശകലനം ചെയ്യേണ്ടത്. എന്റെ മനസ്സിൽ പെട്ടെന്ന് ഓടിവരുന്നത് ഓഫ്ലോർ ക്രിസ്റ്റോരിയോ എന്ന സൗത്ത് ആഫ്രിക്കൻ അത്‌ലറ്റിനെയാണ്. രണ്ട് കാലുകളും മുറിച്ച് മാറ്റപ്പെട്ട് ചലിക്കാൻപോലും കഴിയാത്ത അവസ്ഥയിൽ ലോക അത്‌ലറ്റിക് മീറ്റിൽ കായികതാരങ്ങളോട് മത്സരിച്ച് വിജയിക്കാൻ ശ്രമിച്ച ആ അത്‌ലറ്റിന്റെ മാനസികാവസ്ഥയോടുകൂടിയാണ് കേരളാ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. പ്രതിസന്ധികളെ അതിജീവിക്കാനുള്ള നിശ്ചയദാർഢ്യവും ആത്മധൈര്യവും കൈമുതലായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അതിന്റെ പ്രതിഫലനം എന്താണ്? ഐക്യരാഷ്ട്രസഭയും നീതിആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര

വികസന ലക്ഷ്യസൂചികയിൽ ദേശീയ ശരാശരിയെക്കാൾ 12 പോയിന്റ് മുകളിലാണ് കേരളത്തിന്റെ സ്ഥാനമെന്നത് കേരളത്തിലെ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ തെളിവാണ്. കേരളം പുതുക്കിപ്പണിയാൻ, നവകേരളത്തെ സൃഷ്ടിക്കാൻ നമ്മൾ ഒരുമിക്കണം. നവകേരളമെന്ന് പറയുന്നത് സിമന്റും ഇഷ്ടികയുംകൊണ്ട് കെട്ടിപ്പടുക്കാനാകുന്നതല്ല. മനസ്സുകളെ പുതുക്കിപ്പണിയുകയെന്ന ഒന്നാമത്തെ ദൗത്യമാണ് ഈ ഗവൺമെന്റ് നിർവ്വഹിക്കുന്നത്. മഹാനായ സോക്രട്ടീസ് മനുഷ്യന്റെ മനസ്സുകളെ മൂന്നായി വിശദീകരിക്കുന്നുണ്ട്. ഒന്ന്, ബലമുള്ള മനസ്സുകൾ ആശയങ്ങളെക്കുറിച്ച് ചിന്തിക്കുകയും ആശയങ്ങളുടെ ആകാശത്തേക്ക് കണ്ണോടിക്കുകയും ചെയ്യും. രണ്ട്, ശരാശരി മനസ്സുകൾ സംഭവങ്ങളെക്കുറിച്ച് ചിന്തിക്കും. മൂന്ന്, നിലവാരമില്ലാത്ത മനസ്സുകൾ വ്യക്തികളിലേക്ക് മാത്രം ചുരുങ്ങിക്കൂടും. നിലവാരമില്ലാത്ത മനസ്സുകൾക്ക് ജീർണ്ണതകൂടി ബാധിച്ചാൽ എന്താവും എന്നതിന്റെ തെളിവാണ് കേരളത്തിലെ പ്രതിപക്ഷം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിന്റെ പുറംചട്ട മഹാനായ അയ്യൻകാളി, പഞ്ചമി എന്ന പെൺകുട്ടിയേയുംകൊണ്ട് പള്ളിക്കൂടത്തിൽ പോകുന്ന ചിത്രമാണ്. എന്റെ നാട്ടിലാണ് കണ്ടലക്കുടി പള്ളിക്കൂടം; ഇന്നത്തെ ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി.എസ്. എന്റെ ആദ്യത്തെ നിയമസഭാ പ്രസംഗത്തിൽ ഞാൻ കണ്ടലലഹളയുടെ ചരിത്രവും കണ്ടലക്കുടി പള്ളിക്കൂടത്തിന്റെ ചരിത്രവും പരിചയപ്പെടുത്താൻ ശ്രമിച്ചതാണ്. ഈ നിയമസഭാ സമ്മേളനത്തിലാണ് പഞ്ചമി പഠിച്ച പള്ളിക്കൂടം ഹൈടെക് ആക്കാൻ 4.25 കോടി രൂപ അനുവദിച്ച ബഹുമാനപ്പെട്ട തീരദേശ വികസന വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ അവിടെയെത്തിയത്. ആ ചിത്രം കണ്ടപ്പോൾ യഥാർത്ഥത്തിൽ സ്മരണകൾ ഇരമ്പിയാർത്ത് അഭിമാനംകൊണ്ട് ഞങ്ങൾ നിന്നു. എന്നാൽ പ്രതിപക്ഷം കണ്ടത് ആ ചിത്രം വരച്ച സന്ദർഭത്തെയാണ്. ചിത്രകാരൻ വരച്ച ആ നിമിഷത്തെക്കുറിച്ച് മാത്രം കാണാൻ കഴിയുന്ന ഹ്രസ്വദൃഷ്ടികളായി അവർ മാറിയിരിക്കുന്നു എന്നതിന്റെ തെളിവല്ലേ അത്—തീർച്ചയായും കേരളത്തെ വീണ്ടെടുക്കാൻ നമുക്ക് കഴിയും. 1957 മുതലുള്ള കേരളത്തിന്റെ ആറ് പതിറ്റാണ്ട് പിന്നിട്ട രാഷ്ട്രീയചരിത്രത്തിലെ ഏറ്റവും ആവേശകരമായ അനുഭവമായ ഈ ഗവൺമെന്റ്, സംയമനം സൃഷ്ടിക്കുകയാണ്. മതനിരപേക്ഷ ഉള്ളടക്കമുള്ള ഒരു ഗവൺമെന്റ്, ജാതിയുടെയും മതത്തിന്റെയും സമുദായത്തിന്റെയും കുഴൽക്കണ്ണാടിയിലൂടെയല്ലാതെ മനുഷ്യനെ നോക്കിക്കാണാൻ ശ്രമിക്കുകയാണ്. വോട്ട് രാഷ്ട്രീയത്തിനപ്പുറം ഇവിടെ മനുഷ്യൻ ജീവിക്കുന്നുണ്ട്. ആ മനുഷ്യന്റെ കഷ്ടപ്പാടുകളെ മനസ്സിലാക്കാനുള്ള കഴിവ് ഭരണാധികാരിക്കുണ്ടാകണമെന്ന സന്ദേശമാണ് ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. ആ സന്ദേശമാണ് ഈ ബഡ്ജറ്റിലും പ്രതിഫലിക്കുന്നത്. തുണിക്കടകളിൽ ഇരിപ്പിടമില്ലാതെ വലഞ്ഞിരുന്ന നമ്മുടെ സഹോദരിമാർക്കും അമ്മമാർക്കും ഇരിക്കാൻ ഇരിപ്പിടമൊരുക്കി കൊടുത്തതും അവർക്ക് പെൻഷൻ ഒരുക്കിക്കൊടുത്തതും ഈ ഗവൺമെന്റാണ്.

ട്രാൻസ്ജെൻഡറുകൾ എന്നുപറയുന്ന ഒരു വിഭാഗം നമുക്കിടയിൽ ജീവിക്കുന്നവരെ പരിഗണിക്കാൻ തയ്യാറായത് വോട്ടുരാഷ്ട്രീയം മുൻനിർത്തിയല്ല. എല്ലാ ആദിവാസി കുടുംബങ്ങളിൽ നിന്നും ഒരാൾക്ക് സർക്കാർ സർവ്വീസിൽ ഇടം വേണമെന്ന് തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. കേരളത്തിൽ പുതിയ ചരിത്രം സൃഷ്ടിക്കുന്ന, ഒരു യഥാർത്ഥ നവകേരളം സൃഷ്ടിക്കുന്ന, പുതിയ മനസ്സുമായി പുതിയ കേരളത്തെ, തലമുറകളെ മുൻകൂട്ടി കാണാനുള്ള കഴിവ് പ്രകടമാക്കുന്നത് ഈ ഗവൺമെന്റാണ്. ഇതിന് കാരണമാകുന്നത് തീർച്ചയായും ഒരു ആശയമാണ്, പ്രത്യയശാസ്ത്രമാണ്. മഹാനായ കാറൽ മാർക്സും ഏംഗൽസും മുന്നോട്ടുവച്ച പരിസ്ഥിതിയെയും സമൂഹത്തെയും സ്ത്രീയെയും പരിഗണിക്കുന്ന ഒരാശയത്തിന്റെ പിൻബലത്തോടുകൂടിയാണ് ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയുന്നത്.

ബഡ്ജറ്റ് പ്രസംഗത്തിൽ തളിപ്പറമ്പ് മണ്ഡലത്തോടൊപ്പം കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങളെ പ്രശംസിച്ചതിനെ ഞാൻ അഭിമാനത്തോടെ, അതിലേറെ നന്ദിയോടെ ഓർക്കുന്നു. തീർച്ചയായും അത്തരം പ്രോത്സാഹനങ്ങളും പ്രശംസകളും അനിവാര്യമായ തുടർ പ്രവർത്തനങ്ങൾക്ക് ഞങ്ങൾക്ക് കരുത്തുപകരുക തന്നെ ചെയ്യും. സ്ത്രീ സമൂഹത്തിന്റെ ശാക്തീകരണത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അവതരിപ്പിച്ച ഈ ബഡ്ജറ്റിന്റെ പൊതുസമീപനത്തെ, ചുരുക്കിപ്പറഞ്ഞാൽ, ഫ്രാൻസിസ് മാർപാപ്പ ക്രിസ്മസ് നാളുകളിൽ നൽകിയ ഒരു സന്ദേശമുണ്ട്. സമന്മാരായ മനുഷ്യരിലെ അസമത്വം വലിയ തിന്മയാണ്. അസമത്വവും ദാരിദ്ര്യവും വ്യത്യസ്തമായ അവസ്ഥകളാണ്. ദാരിദ്ര്യത്തിന്റെ പങ്കുവയ്ക്കലല്ല. സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണമാണ് വേണ്ടത്. അങ്ങനെ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണംവഴി പുതിയ കേരളത്തെ സൃഷ്ടിക്കാനുള്ള യഥാർത്ഥ ശ്രമമാണ് ഈ ബഡ്ജറ്റിലൂടെ പ്രതിഫലിക്കുന്നത്. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. നാടൻ ഭാഷയിൽ ഒരു ചൊല്ലുണ്ട്. പേരിന് നായാട്ട്, കൂട്ടാൻ മത്തന്റെ ഇല. പഴയ കാരണവന്മാരൊക്കെ നായാട്ടിന് പോകുമ്പോൾ വീട്ടിൽ ഭക്ഷണമുണ്ടാക്കുന്ന സമയത്ത് കൂട്ടാനൊന്നുമുണ്ടാക്കണ്ട എന്ന് പറയാറുണ്ട്. പിന്നീട് നായാട്ടിന് പോയി തിരിച്ചുവരുമ്പോൾ ഒന്നും കിട്ടില്ല, മത്തന്റെ ഇല താളിച്ച ചോറേ ഉണ്ടാകൂ. അതുപോലെയാണ് ഈ ബഡ്ജറ്റ്. കേട്ടാൽ എന്തൊക്കെയോ ആണെന്ന് തോന്നും, പക്ഷെ ഉള്ളിലോട്ട് പോയി നോക്കിയാലെ ഇതിന്റെ കഥ അറിയുകയുള്ളൂ. ഞാൻ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും രണ്ടും കൂടി പറയാം. കാരണം, 2019-20-ലെ

നാലുമാസത്തെ വോട്ട് ഓൺ അക്കൗണ്ടാണല്ലോ നടപ്പാക്കുന്നത്. 2018-19-ൽ അങ്ങ് ഞങ്ങളോട് 50 പ്രൊപ്പോസലുകൾ തരാൻ പറഞ്ഞു, അതിന് 100 കോടി രൂപ. 2019-20-ൽ അങ്ങ് പുസ്തകത്തിന്റെ കനം കുറയ്ക്കുവാനും നമ്മളെ കുറയ്ക്കുവാനുംവേണ്ടി 20 പ്രൊപ്പോസലുകൾ തരാൻ പറഞ്ഞു, അതിന് 50 കോടി രൂപ. ഇതിൽ എത്രയെണ്ണം നടപ്പാക്കിയിട്ടുണ്ട്? അങ്ങ് വളരെ സമർത്ഥനായ ഒരു സാമ്പത്തിക വിദഗ്ദ്ധനാണ്. എന്നാൽ അങ്ങേയ്ക്ക് ഇത്രയും കൗശലം രാഷ്ട്രീയത്തിലുണ്ടെന്നുള്ളത് മനസ്സിലായത് ബഡ്ജറ്റിന്റെ ബുക്ക് കണ്ടപ്പോഴാണ്. ഇവിടെയിരിക്കുന്ന 140 അംഗങ്ങളിൽ ആർക്കെങ്കിലും ആ ബുക്ക് വായിച്ചിട്ട് ഏതാണ് അവനവന്റെ മണ്ഡലത്തിലെ വർക്ക് എന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞോ? കഴിയില്ല. ഒന്ന്, പാറശ്ശാലയാണെങ്കിൽ അതിന്റെ അടിയിൽ കണ്ണൂർ, അതിന്റെ അടിയിൽ തളിപ്പറമ്പ്, അതിന്റെ അടിയിൽ ഏറനാട്, അതിന്റെ അപ്പുറത്തുപോയാൽ പൊന്നാനി. മുമ്പാണെങ്കിൽ ഉത്തരമേഖല, ദക്ഷിണമേഖല എന്നിങ്ങനെ ഓരോ സർക്കിളുകളുണ്ടായിരുന്നു. ഇവിടെയിരിക്കുന്ന ആൾക്കാരൊക്കെ അന്തം വിട്ടുനിൽക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് കഴിഞ്ഞ കാലത്തെ ബഡ്ജറ്റിനെ കോട്ടയം, മലപ്പുറം, പാലാ എന്നൊക്കെ പറഞ്ഞിരുന്നല്ലോ. 495.37 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ ബഡ്ജറ്റിൽ അങ്ങയുടെ മണ്ഡലത്തിൽ നടക്കുന്നതെന്ന് അങ്ങ് പറഞ്ഞത് മലയാള മനോരമയിൽ വന്നിട്ടുണ്ട്. അതിൽത്തന്നെ ആലപ്പുഴയിലെ മൊബിലിറ്റി ഹബ് മന്ത്രി ശ്രീ. ജി. സുധാകരന്റെ മണ്ഡലത്തിലല്ലേ. അദ്ദേഹത്തെയും നിങ്ങളെയും ഉൾപ്പെടുത്തി. അങ്ങ് പറഞ്ഞു അതിന് 500 കോടിരൂപയെന്ന്. ശ്രീ. ജി. സുധാകരൻ മന്ത്രിയുടെ കാര്യത്തിൽ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അക്കൗണ്ടിൽ പോകുകയാണെങ്കിൽ നിങ്ങൾക്ക് ആകെ 140 കോടി രൂപയേയുള്ളൂ. നേരെ മറിച്ച്, ആ പാവപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സി.പി.ഐ.-യിലെ ശ്രീ. പി. തിലോത്തമന് എത്രയാണ് കൊടുത്തത്? ആകെ 5 കോടി 80 ലക്ഷം രൂപ. നിങ്ങൾക്കുവേണ്ടി ഭയങ്കരമായി പറയുന്ന ശ്രീമതി പ്രതിഭാ ഹരിക്ക് കിട്ടിയത് 12-13 കോടി രൂപയാണ്. ഇതൊന്നും ഞാൻ പറഞ്ഞതല്ല. ശ്രീ. എ. കെ. ബാലൻ മിനിസ്റ്റർ, നല്ലൊരു മന്ത്രിയായിരുന്നു, ഇപ്പോൾ തേരട്ട മുഖത്തുകൂടെ പാഞ്ഞ പോലെ ആകെ വിളറി വിളത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വകുപ്പിലെ ആദിവാസി ഫണ്ട് 40 ശതമാനം വെട്ടിക്കുറച്ചു. അംബേദ്കർ കോളനി പദ്ധതിക്കും പി. കെ. കാളൻ പദ്ധതിക്കും പ്രഖ്യാപിച്ച, 110 കോടി രൂപ 60 കോടി രൂപയായി കുറച്ചു. ആദിവാസി പുനരധിവാസ പാക്കേജിന് നീക്കിവച്ച 35 കോടി രൂപയും കുറച്ചു. ഇത് ഞാൻ പറയുകയല്ല, ശ്രീ. എ. കെ. ബാലന് നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ, കഴിയില്ല. നിങ്ങളുടെ ഗവൺമെന്റ് പബ്ലിഷ് ചെയ്ത കണക്കാണ്. ഇന്ദിരാ ആവാസ് യോജനയ്ക്ക് 20 കോടി രൂപ,

അത് 3 കോടി രൂപയാക്കി കുറച്ചു. പിന്നെ എങ്ങനെ സെൻട്രൽ ഫണ്ടിന് മാച്ചിംഗ് ഫണ്ട് വയ്ക്കുക, നിങ്ങളത് ചെയ്യില്ലല്ലോ. അതുപോലെ എസ്.ജി.എസ്.വൈ. പദ്ധതിക്ക് 13 കോടി രൂപയിൽ നിന്ന് 5 കോടി രൂപയാക്കി കുറച്ചു. ഇതൊക്കെ ആദിവാസികൾക്കുള്ളതാണ്.

ബഹുമാനപ്പെട്ട സ്പീക്കർ നല്ലൊരു കമ്മ്യൂണിസ്റ്റാണ്. അങ്ങയുടെ കാര്യം ഞങ്ങൾക്കേ പറയാൻ സാധിക്കുകയുള്ളൂ, അങ്ങേയ്ക്ക് പറയാൻ കഴിയില്ല. തിരൂർ പടിഞ്ഞാറേക്കര തീരദേശ ഉൾക്കുപാലത്തിന് 2016-17-ൽ 500 കോടി രൂപ അനുവദിച്ചിരുന്നു. അങ്ങ് നെഞ്ചത്തു കൈവച്ചു പറയൂ, ആ തുക എവിടെ പോയി? ആ പാർട്ടിക്കുവേണ്ടി സിന്ദാബാദ് വിളിച്ച് എത്രയോ സിമ്പോസിയം നടത്തി, എത്രയോ സമരം നടത്തി. എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും അഖിലേന്ത്യാ പ്രസിഡന്റായിരുന്നതാണ് നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ. ഞങ്ങൾക്കൊന്നും തരണ്ട, ബഹുമാനപ്പെട്ട സ്പീക്കർക്കെങ്കിലും കൊടുത്തോ, എന്നാലും ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. എന്തെങ്കിലും കൊടുത്തുകണ്ട് മരിച്ചാൽ മതിയെന്നുള്ളതാണ് എന്റെ ആഗ്രഹം. മലപ്പുറം ജില്ലയിൽ 79 കോടി രൂപയാണ് ഡോ. കെ. ടി. ജലീലിന്റെ മണ്ഡലത്തിലേയ്ക്ക് നീക്കിവച്ചിരിക്കുന്നത്. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കർക്ക് 12.5 കോടി രൂപയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, അങ്ങ് പറഞ്ഞ കണക്ക് തെറ്റാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സാർ, അങ്ങേയ്ക്ക് 2016-17 ബഡ്ജറ്റിൽ 500 കോടി രൂപയുടെ ഉൾക്കുപാലം കിട്ടിയിട്ടുണ്ടോ? ഇല്ലെങ്കിൽ പറഞ്ഞാൽ മതി. പിന്നെ 1,000 കോടി രൂപയുടെ പൊന്നാനി തുറമുഖം. പ്രൈവറ്റ് സെക്ടറാണെങ്കിലും എവിടെയും നടന്നില്ലല്ലോ. അതിനല്ലേ അങ്ങ് ഒരു മാസം മുമ്പ് പത്ര സമ്മേളനം വിളിച്ചത്. 2018-19-ലെ ബഡ്ജറ്റിനെ സംബന്ധിച്ച് ഡോ. ടി. എം. തോമസ് ഐസക്കിന്റെ മറുപടിയുണ്ട്. 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും പേരും അവ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ വ്യക്തമാക്കാമോ എന്ന് 27-2-2018-ന് എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിന് അങ്ങ് കൊടുത്ത മറുപടിയാണിത്, എല്ലാവർക്കും ഒരു കോപ്പിതരാം, എല്ലാവരും ഒന്ന് വായിക്കണം. അദ്ദേഹം വളരെ സുതാര്യനും നീതിമാനും കുറച്ചുവിവരവുമുള്ള മനുഷ്യനാണെന്ന് വിചാരിച്ചിട്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. പക്ഷെ വേറൊന്നുണ്ട്, തെറ്റ് ചൂണ്ടിക്കാണിച്ചാൽ അദ്ദേഹം തിരുത്തിക്കൊള്ളും. 2018-19-ൽ ആലപ്പുഴ മണ്ഡലത്തിലെ 13 വർക്കിനാണ് 20 ശതമാനമുള്ളത്. 2018-19-ലെ ആകെ 54 മണ്ഡലത്തിലാണ് 20 ശതമാനം തുക വകയിരുത്തിയത്. അതിൽ 13 എണ്ണം അദ്ദേഹത്തിനാണ്. ഞങ്ങൾക്ക്, പ്രതിപക്ഷത്തെ 9 ആളുകൾക്കുമാത്രമാണ് 20 ശതമാനമുള്ളത്. ബാക്കിയുള്ളത് നിങ്ങൾക്ക്. അപ്പോൾ എവിടെയാണ് സുതാര്യത?

അങ്ങ് എപ്പോഴും ഒരു സ്വപ്നത്തെക്കുറിച്ച് പറയാറുണ്ട്, 50,000 കോടി രൂപയുടെ ഒരു ഹൈസ്പീഡ് ട്രെയിൻ എന്ന സ്വപ്നം. പത്ത് വർഷം മുമ്പും പറഞ്ഞിരുന്നു. ആ കാലത്ത്, 30 കോടി രൂപ അതിനായി പ്രഖ്യാപിച്ചു. ഈ വർഷം നിർമ്മാണം തുടങ്ങുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഞാൻ ബി.കോം. ഫസ്റ്റ് ക്ലാസൊന്നുമല്ല, പ്രീ-ഡിഗ്രി മാത്രമാണ്. ഇതുവരെ സാധ്യതാപഠനംപോലും പൂർത്തിയാകാത്ത ഒരു പദ്ധതിയാണ്. അതിന്റെ സാധ്യതാപഠനം പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരവും വാങ്ങി ആയിരം ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അമ്പതിനായിരം കോടി രൂപയുണ്ടാക്കി ഈ വർഷം പണി തുടങ്ങുമെന്നത് ആളുകൾ വിശ്വസിക്കുമോ? ഇതെങ്ങനെ മുഖ്യമന്ത്രി ക്യാബിനറ്റിൽ അംഗീകരിച്ചു എന്നാണ് ഞാൻ ചോദിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് മോണിറ്ററിംഗ് വേണ്ടേ? ബഹുമാന്യനായ എ. പി. അനിൽ കുമാർ 27-2-2018-ലെ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് അങ്ങ് 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടിയല്ലാതെ ഇന്നേവരെ ബഡ്ജറ്റ് വർക്ക് മോണിറ്ററിംഗ് ചെയ്തു എന്ന് പറഞ്ഞിട്ടില്ല.

ലൈഫ് ഭവന പദ്ധതിക്ക് കഴിഞ്ഞ പ്രാവശ്യം 2000 കോടി രൂപ കൊടുത്തുവെന്ന് പറഞ്ഞു, കൊടുത്തോ? അപ്പുറത്തിരിക്കുന്ന ബഹുമാന്യനായ എല്ലാ അംഗങ്ങളും നിഷ്പക്ഷമായി ഇക്കാര്യത്തിൽ ആത്മപരിശോധന നടത്തുമോ? പഞ്ചായത്തിന്റെ തനത് പ്ലാൻ ഫണ്ടിൽ നിന്ന് 20 ശതമാനവും ബ്ലോക്ക് പഞ്ചായത്തിലെ പ്ലാൻ ഫണ്ടിൽ നിന്ന് 10 ശതമാനവും ജില്ലാ പഞ്ചായത്തിലെ പ്ലാൻ ഫണ്ടിൽ നിന്ന് 10 ശതമാനവുമുൾപ്പെടെ ആകെ 40 ശതമാനം തുക പഞ്ചായത്തിന് കൊടുത്തു. ആദ്യ ഗഡു ജൂൺ-ജൂലൈ മാസത്തിൽ ലൈഫ് പദ്ധതിക്കായി കൊടുത്തിട്ടുണ്ട്. തറയുടെ പണി കഴിഞ്ഞ്, ലിന്റിൽ ഭാഗമെത്തി, ചിലത് വാർപ്പ് കഴിഞ്ഞിട്ടും രണ്ടാം ഗഡു കൊടുത്തില്ല. എവിടെ കൊടുത്തിട്ടുണ്ട്? വകുപ്പുമന്ത്രിക്ക് പറയാൻ കഴിയുമോ? ഞാനും ബഹുമാന്യനായ ജലീൽ മന്ത്രിയും കൂടി എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ 40 ആളുകൾക്ക് ജൂലൈ 24-ാം തീയതി ലൈഫ് പദ്ധതിയുടെ ഒന്നാം ഗഡു കൊടുത്തു. രണ്ടാം ഗഡു തുക ഇതുവരെയും കൊടുത്തിട്ടില്ല. നിങ്ങൾ ഇപ്പോൾ ഹഡ്കോയിൽ നിന്നെടുത്തു. ഇതിൽ ഗവൺമെന്റിന് എന്ത് മുടക്കാണുള്ളത്? 2000-2500 കോടി രൂപ കൊടുത്തു എന്ന് നിങ്ങൾ പറയുന്നു. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ഓരോ കൊല്ലവും കൊടുക്കുന്ന 20 ശതമാനം കട്ട് ചെയ്യും. ആകെ നിങ്ങൾക്കുള്ളത് മേസ്തിരി പണിയാണ്. അതിന്റെ പലിശ മാത്രമേ ഗവൺമെന്റ് കൊടുക്കുന്നുള്ളൂ. അല്ലാതെ 2000-2500 കോടി രൂപയൊന്നും കൊടുക്കുന്നില്ല. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിലെ അവരുടെ വിഹിതത്തിൽ നിന്നുമാണ് കൊടുക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതൊന്ന് ആലോചിക്കണം.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഖണ്ഡിക 23-ൽ പറയുന്നത്, ഇന്ത്യയിലെ കോർപ്പറേറ്റ് നിക്ഷേപം കേരളത്തിൽ നിന്ന് വഴിമാറി ഒഴുകുകയാണ്, ആ സ്ഥിതിക്ക് മാറ്റം ഉണ്ടാകണമെന്നാണ്. ആരാണ് ഇതിന് കാരണക്കാർ; നിങ്ങളല്ലേ? കോർപ്പറേറ്റുകളോടുള്ള കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിൽ കേരളത്തെ പിന്നോട്ടടിച്ചത് കമ്മ്യൂണിസ്റ്റ് സർക്കാർ മാത്രമാണ്. ഇപ്പോഴും കോർപ്പറേറ്റുകൾക്ക് എതിരല്ലേ? ഫെയ്സ് ബുക്ക് പോസ്റ്റിടുന്ന, യുദ്ധം ചെയ്യുന്ന നിങ്ങളുടെ സൈബർ കമ്മികൾക്ക് ഈ ബഡ്ജറ്റൊന്ന് വായിച്ച് കേൾപ്പിച്ചു കൊടുക്കണം.

മതിലിന്റെ സ്മാരകവും നവോത്ഥാനത്തെയും കുറിച്ച് പറഞ്ഞു. എന്റെ ചെറുപ്പകാലത്ത് കുട്ടികൾ ഒരുമിച്ച് പുഴയുടെ അടുത്തുചെന്ന് അതിലേയ്ക്ക് മൂത്രമൊഴിക്കും. എന്നിട്ട് പുഴയിലെ വെള്ളം കൂടിയത് എന്നെക്കൊണ്ടാണെന്ന് പറയും. അതുപോലെയാണ്, നവോത്ഥാനം ഉണ്ടാക്കാനാണിതെന്ന് പറയുന്നത്. കേരളത്തിന്റെ സാമൂഹ്യസ്ഥിതിക്ക് നിങ്ങളൊഴുക്കി വിടുന്നത് മാലിന്യ വൈകൃതങ്ങളാണ്. അതിനൊന്നും നവോത്ഥാനം എന്ന വാക്കിനെ നിങ്ങൾ വയ്ക്കണ്ട. കാലം, ലോകം, ചരിത്രം ഒക്കെ നിങ്ങൾക്ക് സിദ്ധാന്തമാണ്. അഹങ്കാരം ഉണ്ടായിക്കൊള്ളും. പണ്ട് ഒരു സിനിമയിൽ കുതിരവട്ടം പപ്പു പറയുന്നുണ്ട്, 12x12 സ്പാനർ കൊണ്ട് റിപ്പയർ ചെയ്ത് പിടിക്കാനുള്ള കട്ടപ്പുറത്തുള്ള റോഡ് റോളറാണെന്ന്. കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ പറയുന്ന സ്ഥിതി സമത്വസമൂഹം നിലവിൽ വന്നെന്നിരിക്കട്ടേ; ഒരു മനുഷ്യന് ദേഷ്യം, സ്നേഹം, അസൂയ എന്നീ പല കാര്യങ്ങളുണ്ടാകും. അതിന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് മരുന്നെവിടെയാണ്? മനുഷ്യന് ശാന്തിയും സമാധാനവും സ്വസ്ഥതയും കിട്ടണമെങ്കിൽ ഒരു പ്രാർത്ഥന വേണ്ടേ; അതൊരു ആരാധനയല്ലേ; നിങ്ങൾക്ക് എവിടെയാണുള്ളത്; നിങ്ങൾക്കതില്ലല്ലോ? പിന്നെ എന്തിനാണ് നിങ്ങൾ വിശ്വാസവും പ്രാർത്ഥനയും എന്ന് പറഞ്ഞുകൊണ്ട് നടക്കുന്നത്. അത് ഗുരുക്കന്മാർ, പ്രവാചകന്മാർ, പടച്ചോൻ ഇവരൊക്കെ പറഞ്ഞതാണ്. ആത്മീയ നേതാക്കന്മാർ, ആത്മീയാചാര്യന്മാർ, അവരുടെയടുത്ത് പോയിട്ടല്ലേ നടക്കുകയുള്ളൂ. അതിന് നിങ്ങൾക്കെന്താണ്?

ഈ മന്ത്രിസഭയിൽ പത്തിരുപത് മന്ത്രിമാരുണ്ടല്ലോ; ലോക ചരിത്രത്തിൽ ഏതെങ്കിലുമൊരു ഗവൺമെന്റ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ട് ആണോ പെണ്ണോ എന്ന് തിരിച്ചറിയാൻ വേണ്ടി ഉന്നതാധികാര സമിതി കൂടിയത് നിങ്ങളുടെ ഭരണത്തിലല്ലാതെ വേറെ എവിടെയാണുള്ളത്? ശബരിമലയിൽ കയറിയ 51 സ്ത്രീകളുടെ ലിസ്റ്റ് കൊടുത്തപ്പോൾ അതിൽ ആണും പെണ്ണും ഏതെന്ന് തിരിച്ചറിയാൻ വേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റി വച്ചിരിക്കുന്നു. ലോകത്ത് ഇന്നുവരെ വച്ചിട്ടുണ്ടോ; നാണവും ഉളുപ്പുമുണ്ടോ നിങ്ങൾക്ക്. ഇതൊരു ഭരണമാണോ? ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി 51 പെണ്ണുങ്ങളെയും ആണുങ്ങളെയും

പരിശോധിച്ചു. നിങ്ങൾക്ക് 51-നോട് ഇഷ്ടമാണ്. അതെനിക്കറിയാം. 51 വെട്ടല്ലേ വെട്ടിയത്. വെർച്വൽ ക്യൂ അവിടെയില്ലേ; ആളെ നിർത്തിയില്ലേ; ആ നേരത്ത് അറിയാൻ സാധിക്കില്ലേ? ഇങ്ങനെയാണെങ്കിൽ അടുത്ത പ്രാവശ്യം എം. എം. മണി മാഡം, സുധാ മാഡം എന്നൊക്കെ പറഞ്ഞ് പെണ്ണാക്കില്ലേ. അങ്ങനെ ചെയ്യാൻ പാടുണ്ടോ? നിങ്ങളാലോചിച്ചു നോക്കു.

ഈ സർക്കാർ ട്രഷറിയിൽ നിധികളുടെ കണക്കെടുക്കാൻ തീരുമാനിച്ചു എന്ന് പറഞ്ഞു. അവിടെ കണക്കില്ലേ? അങ്ങ് പ്രസംഗിച്ചതാണല്ലോ സ്ട്രോംഗ് റൂമിലെ നിധിയുടെ കണക്കെടുക്കുമെന്ന്. അങ്ങനെയാണെങ്കിൽ പുരാവസ്തുവിൽ ബഡ്ജറ്റ് പ്രസംഗവും അങ്ങയെയും കൊണ്ടിരുത്തിയാൽ പോരെ; വേറെ എന്തെങ്കിലും വേണോ? സർക്കാർ ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് കൊണ്ടുവരുമെന്ന് പറഞ്ഞു. പാരാസെറ്റമോൾ ഗുളികയുടെ പത്തെണ്ണത്തിന്റെ പണമെങ്കിലും ഉദ്യോഗസ്ഥർക്ക് നിങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് വഴി കൊടുത്തിട്ടുണ്ടോ?

ബഹുമാനപ്പെട്ട സി. കെ. ഹരീന്ദ്രൻ പ്രിയങ്കാ ഗാന്ധിയുടെ സൗന്ദര്യത്തെക്കുറിച്ച് പ്രസംഗിക്കുകയുണ്ടായി. പടച്ചോൻ ഓരോരുത്തർക്ക് സൗന്ദര്യം കൊടുക്കുന്നതിൽ നിങ്ങളെന്തിനാണ് അസൂയപ്പെടുന്നത്. പണ്ഡിറ്റ് ജവഹർലാലിന്റെ മകളായ ഇന്ദിരാഗാന്ധിയുടെ മകൻ രാജീവ്ഗാന്ധിക്കുണ്ടായ കുട്ടിയാണത്. അതിന് അതിന്റേതായ സൗന്ദര്യമുണ്ടാകുമല്ലോ; അഥവാ നിങ്ങൾക്ക് എടങ്ങേറാണെങ്കിൽ കണ്ണിൽ സുറുമയിട്ടാൽ മതി. ആ പെൺകുട്ടി പൊളിറ്റിക്കൽ സയൻസിൽ ബിരുദമെടുത്തതാണ്. അതൊക്കെ ഇന്ത്യാരാജ്യം ഭരിക്കാനുള്ളതാണ്. അതിനൊക്കെ താവഴിയുണ്ട്. ഇന്നലെ സ്വന്തം ഭർത്താവിനെ എൻഫോഴ്സ്മെന്റ് ചോദ്യം ചെയ്യാൻ പോയപ്പോൾ പറഞ്ഞത്, ഞാൻ എന്റെ ഭർത്താവിനെയാണ്, എന്റെ കുടുംബത്തെയാണ് (മൈക്ക് ഓഫ്) എന്ന് പറഞ്ഞു. നിങ്ങൾ രാഷ്ട്രീയം പറയുന്നു. ഐശ്വര്യറായിയെ കിട്ടിയാൽ നിങ്ങൾ സ്ഥാനാർത്ഥിയാക്കില്ലേ? നിങ്ങൾ കോൺഗ്രസിനെക്കുറിച്ച് പറയണ്ട. നിങ്ങൾ 20 സീറ്റ് കിട്ടുമെന്ന് പറഞ്ഞത് ശരിയാണ്. ഞങ്ങൾക്കും നിങ്ങൾക്കും 20 സീറ്റ് കിട്ടും. പിന്നെ നമ്മളെല്ലാവരും കൂടി ശ്രീ. രാഹുൽ ഗാന്ധിക്ക് പിന്തുണയും കൊടുക്കും. അതല്ലാതെ വേറൊന്നും സംഭവിക്കാൻ പോകുന്നില്ല. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. വലിയൊരു പ്രളയത്തിനുശേഷമാണ് നവകേരള നിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതിയുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നത്. നിശ്ചയദാർഢ്യത്തോടുകൂടിയാണ് സർക്കാർ ഇക്കാര്യത്തിൽ

ഇടപെടുന്നതെന്ന് നമുക്ക് കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് കേരളത്തെ രാഷ്ട്രീയവിവേചനം കൊണ്ട് നമുക്കർഹതപ്പെട്ട ഫണ്ട് പോലും നിഷേധിക്കുകയാണ്. സാലറി ചലഞ്ച് പരാജയപ്പെടുത്തുന്നതിൽ ബി.ജെ.പി.-യും കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ഒരേ നിലപാട് സ്വീകരിച്ചു. മകൻ മരിച്ചാലും മരുമകളുടെ കണ്ണുനീർ കാണണമെന്ന് പറയുന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ കേരളത്തിന്റെ പുനർനിർമ്മാണത്തിന് സഹായകരമല്ലാത്ത നിലപാടാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സ്വീകരിച്ചത്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് 25 പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് നവകേരള നിർമ്മാണത്തിനുവേണ്ടി കേരളത്തിലെ ജനങ്ങളുടെ പിന്തുണയോടുകൂടി ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുന്ന സർക്കാരാണിതെന്ന് നമുക്ക് കാണാൻ കഴിയും.

എന്നാൽ എനിക്ക് മുമ്പ് സംസാരിച്ച യു.ഡി.എഫ്.-ലെ അംഗങ്ങളായ ശ്രീ. സണ്ണി ജോസഫും ശ്രീ. പി. ഉബൈദുള്ളയും കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് എത്രമാത്രം നുണപ്രചരണമാണ് നടത്തിയത്. 1997-ലെ നായനാർ സർക്കാരിന്റെ കാലത്താണ് കണ്ണൂർ വിമാനത്താവളത്തിന്റെ പദ്ധതി ആരംഭിക്കുന്നത്. അന്ന് ദേവഗൗഡയാണ് പ്രധാനമന്ത്രി. 200 കിലോമീറ്ററിനുള്ളിൽ മറ്റൊരു വിമാനത്താവളം അനുവദിക്കില്ലെന്നുള്ളതിന് പ്രത്യേക അനുവാദം വാങ്ങി അന്നത്തെ ഗവൺമെന്റാണ് നടപടി ആരംഭിച്ചത്. അന്നത്തെ നായനാർ മന്ത്രിസഭയിലെ അംഗമായിരുന്നു ഇന്നത്തെ മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികളെല്ലാം സ്വീകരിച്ചത്. കണ്ണൂർ കളക്ടറേറ്റിൽ ഭൂമി എടുക്കുന്നതിന് വേണ്ടിയുള്ള ഓഫീസ് ആരംഭിച്ചു. പിന്നീട് വന്ന ശ്രീ. എ. കെ. ആന്റണി സർക്കാർ ഓഫീസ് അടച്ചുപൂട്ടി. വീണ്ടും ശ്രീ. വി. എസ്. അച്ചുതാനന്ദൻ അധികാരത്തിൽ വന്നപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായി. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഭൂമി എടുക്കാനുള്ള നടപടിയെല്ലാം ത്വരിതപ്പെടുത്തിയത്. പിന്നീട് വന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഓഫീസ് അടച്ചുപൂട്ടാൻ കഴിഞ്ഞില്ല, അത്രത്തോളം കാര്യങ്ങൾ മുന്നോട്ട് പോയി. ബാക്കി കാര്യങ്ങൾ അവർ ചെയ്തു. ചെയ്ത കാര്യങ്ങൾ ഞങ്ങളാരെങ്കിലും നിഷേധിച്ചോ? പക്ഷെ, ആ സർക്കാരിന്റെ അവസാനകാലത്ത് ഉദ്ഘാടന പ്രഹസനം നടത്തി ആളുകളെ പറ്റിച്ചു വോട്ടാക്കി മാറ്റാൻ ശ്രമിച്ചു. ജനങ്ങൾ നിങ്ങളെ തിരിച്ചറിഞ്ഞു, വോട്ട് നൽകിയില്ല, നിങ്ങളെ പരാജയപ്പെടുത്തി, അതല്ലേ യാഥാർത്ഥ്യം. അതിനുശേഷം ഈ ഗവൺമെന്റ് വന്ന് പണിയെല്ലാം പൂർത്തിയാക്കി കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കി. യു.ഡി.എഫ്.-ന്റെ അംഗങ്ങൾക്കും സഭാംഗങ്ങൾക്കെല്ലാം കണ്ണൂർ വിമാനത്താവളം ഉപയോഗപ്പെടുത്താൻ കഴിയും. ആ അർത്ഥത്തിലേയ്ക്ക് മാറ്റിയല്ലോ? അതിനെയാണ് നിങ്ങൾ കാണേണ്ടത്. ചരിത്രത്തെ വളച്ചൊടിക്കാൻ ശ്രമിക്കരുത്.

3.00 P.M.)

1957-ലെ ഒന്നാമത്തെ ഇ.എം.എസ്. ഗവൺമെന്റാണ് പൊതുവിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുത്തത്. പ്രതിപക്ഷനേതാവുപോലും ഒരിക്കലും പറയാനാഗ്രഹിക്കാത്ത, വിമോചന സമരമെന്ന കുപ്രസിദ്ധമായ സമരത്തിലൂടെ ആ ഗവൺമെന്റിനെ താഴെയിറക്കി. പക്ഷേ ആ ഗവൺമെന്റ് രക്ഷിതാക്കളെ പഠിപ്പിച്ച ഒരു പൗരബോധമുണ്ടാക്കിയെടുത്തു. കോൺഗ്രസ്സ് നേതൃത്വം ഒരു ഗവൺമെന്റിനെ പിരിച്ചുവിട്ടെങ്കിലും രാജ്യത്ത് വലിയ പുരോഗതിയുണ്ടാക്കുകയും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തു. അതാണ് പിണറായി സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. സ്കൂളുകളിൽ കുട്ടികൾ അധികമായി വന്നപ്പോൾ അതൊക്കെ ഞങ്ങളുടെ കഴിവുകൊണ്ടാണെന്ന് പറയാൻ, എത്ര നാണംകെട്ട രീതിയിലാണ് നിങ്ങൾ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്. ആരാണിത് വിശ്വസിക്കുക; കോൺഗ്രസ്സിന്റെ അനുഭാവികൾ വിശ്വസിക്കുമോ? നിങ്ങളുടെ ഭരണകാലത്ത് ഏതെങ്കിലും കോൺഗ്രസ്സ് നേതാക്കൾ അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽനിന്ന് കുട്ടികളുടെ പേര് വെട്ടി സർക്കാർ സ്കൂളുകളിൽ ചേർത്തോ? ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസം പരമപ്രധാന മാണെന്ന് മനസ്സിലാക്കി നല്ല രീതിയിലല്ലേ കാര്യങ്ങൾ ചെയ്തിരിക്കുന്നത്. ആ യാഥാർത്ഥ്യം നിങ്ങൾ കാണണ്ടേ? തെറ്റായ രീതിയിൽ കാര്യങ്ങൾ പറഞ്ഞാൽ അത് നാടാകെ വിശ്വസിക്കുമെന്നുള്ള ധാരണ ഇനിയെങ്കിലും കോൺഗ്രസ്സ് ഉപേക്ഷിക്കണം.

കിഫ്ബിയെക്കുറിച്ച് എന്തെല്ലാം അബദ്ധങ്ങളാണ് നിങ്ങൾ പറയുന്നത്. ഞാൻ എന്റെ മണ്ഡലത്തിലെ കാര്യം മാത്രം പറയാം. കിഫ്ബിയിൽ 268 കോടി 11 ലക്ഷം രൂപ റോഡുകൾ, മലയോര ഹൈവേ, വിദ്യാലയങ്ങൾ, സ്റ്റേഡിയം, ശബരിമല ഇടത്താവളം എന്നിവയുടെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ജനങ്ങൾ കാണുകയല്ലേ; ഇതെല്ലാം മറച്ചുവച്ചിരിക്കുകയാണോ? കിഫ്ബിയുടെ സൈറ്റ് എടുത്ത് പരിശോധിച്ചാൽ യു.ഡി.എഫ്. എം.എൽ.എ.മാരുൾപ്പെടെയുള്ള എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിലെ വർക്കുകൾ നടക്കുന്നത് കാണാൻ കഴിയും. അതിന് നിങ്ങളെന്താണ് മറുപടി പറയുന്നത്? എ.കെ.ജി. സെന്ററിൽനിന്നുള്ള ഔദാര്യമല്ല, എ.കെ.ജി. സെന്ററിന് പണം കൊടുക്കുന്ന ഏർപ്പാടല്ലെന്ന് എല്ലാവർക്കുമറിയാം. എ.കെ.ജി. സെന്റർ സി.പി.ഐ.(എം)-ന്റെ ഓഫീസ് മാത്രമല്ല, ഈ നാടിന്റെ പൊതു സ്വത്താണെന്നും എ.കെ.ജി. പഠനഗവേഷണകേന്ദ്രം അവർ നടത്തിയിട്ടുള്ള പഠന കോൺഗ്രസ്സിന്റെ നയങ്ങളാണെന്നും അതാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും യു.ഡി.എഫ്. അംഗങ്ങൾ മനസ്സിലാക്കണം. ആധുനിക കേരളത്തിന്റെ ശില്പിയായിട്ടുള്ള ഇ.എം.എസ്.-ന്റെയും എ.കെ.ജി.-യുടെയുമൊക്കെ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആസ്ഥാനമാണ് എ.കെ.ജി. സെന്റർ. അവിടെ രാജ്യത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചുമാണ് ചർച്ച

ചെയ്യുന്നത്. ആ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്ന നയത്തിന്റെ ഭാഗമായിട്ടാണ് എൽ.ഡി.എഫ്. എം.എൽ.എ.-മാർക്ക് നൽകുന്നതുപോലെ യു.ഡി.എഫ്. എം.എൽ.എ.-മാർക്കും പണം നൽകാൻ ഈ ഗവൺമെന്റും ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും തയ്യാറാകുന്നതെന്നുള്ളത് കാണാൻ കഴിയണം. എ.കെ.ജി. സെന്ററിനെ നിങ്ങൾ കളിയാക്കിക്കോ. പക്ഷേ ആധുനിക കേരളത്തിന്റെ വികാസവുമായി ബന്ധപ്പെട്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തള്ളിപ്പറയാൻ ഈ ലോകത്ത് ആർക്കാണ് കഴിയുക? രാഷ്ട്രീയതിമിരം ബാധിച്ച് എന്തും വിളിച്ചുപറയുന്ന നിലപാട് സ്വീകരിക്കാൻ പാടില്ല.

ലൈഫ് പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്റെ ജില്ലയിൽ 7525 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് പത്രവാർത്തയാണ്. കഴിഞ്ഞ ദിവസം കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് റിവ്യൂ നടത്തിയതാണ്. ബാക്കി വീടുകളുടെ പൂർത്തീകരണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങൾ നിങ്ങൾ കാണാതിരിക്കുന്നതെന്താണ്? പ്രളയശേഷമുള്ള ഭവന നിർമ്മാണത്തിനു വേണ്ടി 248 വീടുകൾക്കുള്ള ഒന്നാം ഗഡു പണം കൊടുത്തുകഴിഞ്ഞു. അവിടെ ചില പ്രശ്നങ്ങളുണ്ട്. വനം വകുപ്പിന്റെ അനുവാദം ലഭിക്കാത്തതിന്റെയും സംയുക്ത സർവ്വേ നടത്തിയിട്ടുള്ള നിയന്ത്രണത്തിന്റെയും പ്രളയംബാധിച്ച പ്രദേശമെന്ന നിലയ്ക്ക് പാരിസ്ഥിതികാഘാത പഠനം പൂർത്തിയാക്കാത്തതിന്റെയും ഫലമായി വീടുകൾ കൊടുക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇടപെട്ട് അടിയന്തരമായി അതിന് പരിഹാരം കാണാൻ കഴിയണം.

കാർഷിക മേഖലയ്ക്ക്, പ്രളയത്തിനുശേഷം ഈ ഗവൺമെന്റ് 15 കോടി 41 ലക്ഷം രൂപയാണ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്. എസ്.ഡി.ആർ.എഫ്.-ൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം 68 ലക്ഷം രൂപയാണ്. ബാക്കിമുഴുവൻ ഈ ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. ഇൻഷ്വറൻസ് ചെയ്ത കർഷകർക്ക് രണ്ടരക്കോടി രൂപയാണ് വിതരണം ചെയ്തിരിക്കുന്നത്. കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് 6 കോടി 81 ലക്ഷം രൂപ നഷ്ടപരിഹാരമായി കൊടുത്തു. 1058 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനുവേണ്ടി 84.65 ടൺ വിത്ത് വിതരണം ചെയ്തു. 8.7 ലക്ഷം ടൺ വാഴക്കന്നുകൾ വിതരണം ചെയ്തു. 1500 ഏക്കർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതിനുള്ള പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പമ്പുസെറ്റുകൾ നന്നാക്കുന്നതിനുവേണ്ടി 5 കോടി 81 ലക്ഷം രൂപ ചെലവഴിച്ചു. 5000 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പരിപാടി നടപ്പിലാക്കി. 12 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്തു. ഈ രീതിയിൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയാണ്. 5 സെന്റ് ഭൂമിയുള്ളവരും കാപ്പി കൃഷി ചെയ്യുന്ന നാടാണ് വയനാട്.

ആ കാപ്പി കൃഷിക്കാർക്ക് എന്തുമാത്രം ആവേശമാണുണ്ടായിട്ടുള്ളത്. കോൺഗ്രസ്സിന്റെ മുൻനേതാക്കളുൾപ്പെടെയുള്ള ആളുകളും മുൻ കോഫി ബോർഡ് അംഗങ്ങളുമെല്ലാം ഈ ഗവൺമെന്റിനെ അഭിനന്ദിച്ചു. അവരുടെയെല്ലാം പേരെടുത്തുപറയാൻ ഞാനുദ്ദേശിക്കുന്നില്ല. അവർ ആരൊക്കെയാണെന്നുള്ളത് നിങ്ങൾക്കറിയാം. ഇത് നല്ല പദ്ധതിയാണെന്നും നന്നായി നടത്തണമെന്നും അവരുടെ സഹകരണമുണ്ടാകുമെന്നും അറിയിച്ചു. വയനാട്ടിലെ കാപ്പിയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് എടുത്ത നിലപാടുകൾ കാപ്പി കൃഷിക്കാർക്ക് വലിയ ആത്മവിശ്വാസം പകരുന്നതും പുതിയൊരുന്മേഷം പകരുന്നതുമല്ലേ?

ലോകത്തിന്റെതന്നെ ആദ്യത്തെ കാർബൺ ന്യൂട്രൽ ജില്ലയായി വയനാട് മാറുകയാണ്. കാർബൺ ന്യൂട്രൽ (കാർബണും ഓക്സിജനും) പശ്ചാത്തലത്തിലുണ്ടാക്കുന്ന വയനാട്ടിലെ എല്ലാ ഉല്പന്നങ്ങൾക്കും ലോകത്തിന്റെ നെറുകയിൽ വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടാകും. ലോക മാർക്കറ്റിൽ വലിയ മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്? അതിന് മുൻകയ്യെടുത്ത ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

വയനാടുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തിരുന്ന ഏറ്റവും പ്രധാനപ്പെട്ട ചില വിഷയങ്ങളാണ് റെയിൽവേയുടെ കാര്യവും രാത്രി യാത്രാനിരോധനവും. രാത്രി യാത്രാനിരോധനത്തിന്റെ ഫലമായി എലിവേറ്റഡ് ഹൈവേയുണ്ടാക്കാനുള്ള പണത്തിന്റെ പകുതി ഞങ്ങൾ ചെലവഴിക്കുമെന്ന് ഈ ഗവൺമെന്റ് വളരെ ധൈര്യപൂർവ്വം പറഞ്ഞു. തലശ്ശേരി - മൈസൂർ റെയിൽവേ, നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ഇവ രണ്ടും കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ആർ.ഡി.സി.) ഏല്പിച്ചിരിക്കുകയാണ്. ഞാൻ ഇന്നലെ കെ.ആർ.ഡി.സി.-യുടെ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഡി.പി.ആർ. തയ്യാറാക്കാൻ അവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. കർണ്ണാടക ഗവൺമെന്റിന്റെ അനുകൂല നിലപാടുണ്ടാകണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വയനാട്ടിൽ വന്ന് അവിടത്തെ എം.എൽ.എ.-യേയുംകൂട്ടി അന്നത്തെ കർണ്ണാടക മുഖ്യമന്ത്രി ശ്രീ. കെ. സിദ്ധരാമയ്യയെ കാണാൻ പോയി. കുതിരവട്ടം പപ്പു പറഞ്ഞതുപോലെ ഇപ്പോൾ ശരിയാക്കിത്തരാമെന്ന് പറഞ്ഞു. കർണ്ണാടക ഗവൺമെന്റിൽനിന്നും യാതൊരനുകൂല നിലപാടുമുണ്ടായില്ല. നമുക്ക് സംയുക്തമായി ഇതിനായി പോരാടണം. നിങ്ങൾ ഒരു ഹർത്താലൊക്കെ നടത്തി. പക്ഷേ സംയുക്തമായി നിൽക്കേണ്ട കാര്യമാണത്. ഒരനുകൂല പിന്തുണയും കർണ്ണാടക ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. കേരളത്തിലെ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുമായി നിരവധിതവണ ചർച്ച നടത്തി അനുകൂല അന്തരീക്ഷമുണ്ടാക്കിയിട്ടുണ്ട്. ഒരു മന്ത്രിതല ചർച്ചയ്ക്ക് കേരളത്തിലെ ഗവൺമെന്റ് മുൻകയ്യെടുക്കണം. നാം യോജിച്ച് നിൽക്കേണ്ട കാര്യമാണ്. ഈ രണ്ട് റെയിൽവേയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് ആവശ്യമായ നിലപാട്

സ്വീകരിച്ചതായി കാണാൻ കഴിയും. വലിയ പ്രതീക്ഷയുള്ള ഒരു ബഡ്ജറ്റിനെ, ഒന്നും കണ്ടില്ലെന്ന് നടിച്ച്  ഗവൺമെന്റിനെ കുറ്റം പറയുന്ന രാഷ്ട്രീയ നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്രത്തെക്കുറിച്ച് നിങ്ങൾക്ക് പറയാൻ കഴിയുന്നില്ലല്ലോ. ബി.ജെ.പി. ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ സംസാരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾക്ക് എങ്ങനെയാണ് പറയാൻ കഴിയുക? കാലടി ഗോപിയുടെ 'ഏഴ് രാത്രികൾ' എന്ന നാടകത്തിലെ പാഷാണം വർക്കിയെപ്പോലെയാണ് കേരളത്തിലെ കോൺഗ്രസ്സിന്റെ സമീപനം. അദ്ദേഹത്തിന് രണ്ട് ലോക്കറ്റുണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ വീട്ടിൽ പോകുമ്പോൾ യേശുക്രിസ്തുവിനെ കാണിക്കും. മറ്റുള്ളവരുടെ വീട്ടിൽ പോകുമ്പോൾ ഹിന്ദുക്കളുടെ ദൈവത്തെ കാണിക്കും. കോൺഗ്രസ്സ് നേതാക്കളും ബി.ജെ.പി.-ക്കാരെ കാണുമ്പോൾ ഇതുപോലെ കാണിക്കും. ഇതല്ലേ നാട്ടിൽ നടക്കുന്ന നിലപാട്?  ഇപ്പോൾ നോട്ട് എണ്ണുന്ന യന്ത്രം കൊണ്ടുനടക്കുകയാണ്. 1952-ലെ ഒന്നാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് 44.99 ശതമാനം വോട്ടുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് 44 സീറ്റ് മാത്രമേയുള്ളൂ. 16 ശതമാനത്തോളം കുറഞ്ഞു. കർഷകരും ദളിത് വിഭാഗങ്ങളും ന്യൂനപക്ഷങ്ങളും നിങ്ങളിൽനിന്ന് വിട്ടുപോയതെന്തുകൊണ്ടാണ്? നിങ്ങളുടെ തെറ്റായ നയങ്ങൾ കൊണ്ടാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഇത്രവലിയ കർഷകപ്രക്ഷോഭം നടന്ന കാലഘട്ടമുണ്ടായിട്ടുണ്ടോ? ശ്രീ. നരേന്ദ്രമോദിയുടെ തെറ്റായ നയങ്ങൾക്കെതിരെ കോൺഗ്രസ് കൂടെയുണ്ട്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ രാജസ്ഥാനിലും മദ്ധ്യപ്രദേശിലുമുണ്ട്. ഞങ്ങളുടെ പാർട്ടി വളരെ ചെറുതായിരിക്കാം. പക്ഷേ ചെറിയ പ്രസ്ഥാനമാണെങ്കിലും ആത്മവിശ്വാസത്തോടെ ചെങ്കൊടിയെ നോക്കിയാണ് കർഷകർ വളർന്നുവന്നിരിക്കുന്നത്. തെരഞ്ഞെടുപ്പിൽ അതിന്റെ ഫലം നിങ്ങൾക്കുണ്ടായിരിക്കാം. കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും സാമ്പത്തികനയങ്ങൾ ഒന്നായതുകൊണ്ടും ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കിയതിന്റെ ഫലമായിട്ടുമാണ് കർഷക ആത്മഹത്യകൾ നാട്ടിൽ നടന്നിരുന്നത്. കർഷക ആത്മഹത്യയുടെ ഫലമായിട്ടാണ് കർഷകർ നിങ്ങളിൽനിന്ന് അകന്നുപോയിരിക്കുന്നത്. ആ കർഷകരെ തിരിച്ചു കൊണ്ടുവരാനുള്ള എന്തെങ്കിലും നടപടികളോ പ്രഖ്യാപനങ്ങളോ നിങ്ങളുടെ ഭാഗത്തുണ്ടോ? ജവഹർലാൽ നെഹ്റുവിന്റെ മതനിരപേക്ഷ നിലപാട് പൂർണ്ണമായും നിങ്ങൾ ഉപേക്ഷിച്ചില്ലേ? ബാബറി മസ്ജിദ് പ്രശ്നമുണ്ടായ സമയത്ത് സരയൂ നദിയിലേക്ക് രാമവിഗ്രഹം എടുത്തെറിയാൻ പറഞ്ഞ ആളല്ലേ ജവഹർലാൽ നെഹ്റു. ആ നിലപാട് നിങ്ങൾ ഉപേക്ഷിച്ചില്ലേ? പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കാലത്ത് കാഴ്ചക്കാരായി നിങ്ങൾ നിന്നില്ലേ; നിങ്ങൾ ബാബറി മസ്ജിദ് തകർത്തില്ലേ? അതിൽ പ്രതിഷേധിച്ച് മുസ്ലീംലീഗുകാർ കുറച്ചുദിവസം കോൺഗ്രസ്സിനെ മൊഴിചൊല്ലിയല്ലോ. പിന്നീട് നാല്

സീറ്റിനുവേണ്ടി നിങ്ങൾ തിരിച്ചുവന്ന് ഇപ്പോൾ കോൺഗ്രസ്സിനെ വാനോളം പുകഴ്ത്തുകയല്ലേ? എത്രകാലം ഇങ്ങനെ ചെയ്യാൻ കഴിയും? ഇനി വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ ശ്രദ്ധേയമായ രാഷ്ട്രീയമാറ്റമുണ്ടാകാൻ പോകുകയാണ്. ഇന്ത്യയിലെ ജനങ്ങൾക്കറിയാം, മതേതര ജനാധിപത്യ വിശ്വാസികൾക്കറിയാം, കേരളത്തിൽ എൽ.ഡി.എഫ്.-നുണ്ടാകുന്ന വിജയം രാജ്യത്ത് ഒരു മതേതര ഗവൺമെന്റുണ്ടാക്കാനുള്ള ഗ്യാരന്റിയായി മാറുമെന്ന് കേരളം മാത്രമല്ല, ലോകം കാണുന്നുണ്ട്. മലപ്പുറത്തുൾപ്പെടെ 2004 ആവർത്തിക്കും. ഇടതുപക്ഷത്തിന് അനുകൂലമായി അത്രയേറെ ശ്രദ്ധേയമായ മാറ്റങ്ങളാണുള്ളത്. കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങൾ, മതേതര ജനാധിപത്യ വിശ്വാസികളിൽ ലക്ഷക്കണക്കിന് കോൺഗ്രസ്സുകാരുമുണ്ട്. നിങ്ങളോടൊപ്പം നിന്നിട്ട് കാര്യമില്ലെന്ന രീതിയിൽ കാര്യങ്ങൾ മാറിയിട്ടുണ്ടെന്ന് കാണാൻ കഴിയും. ഇതാണ് രാജ്യത്തിന്റെ ചരിത്രം. ഈ ചരിത്രം മനസ്സിലാക്കാതെ രാഷ്ട്രീയമായി ഞങ്ങളെ വിമർശിച്ച് അന്ധമായ രാഷ്ട്രീയത്തിലൂടെ കോൺഗ്രസ് കാര്യങ്ങൾ കാണരുത്. കേരളം ലോകത്തിനും രാജ്യത്തിനും മാതൃകയാണ്. 1957-ലെ സർക്കാർ മുതൽ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ സർക്കാർ വരെ ബദൽ നയങ്ങളാണ് രാജ്യത്ത് ഉയർത്തിപ്പിടിക്കുന്നത്. ആ ബദൽ നയങ്ങൾ രാജ്യവും ലോകവും ഉറ്റുനോക്കുന്നുണ്ട്. അതിന്റെയെല്ലാം ഫലമായിട്ടാണ് ബെന്യാമിനും നജീബുമൊക്കെ ഒരേ വേദിയിൽ വന്നത്. നേരത്തെ ഇവിടെ ആരോ പറഞ്ഞു, ലേബർ ക്യാമ്പിലെ ആളുകളെക്കൊണ്ടാണ് ലീഗുകാർ പോയതെന്ന്. അത് ശ്രീ. രാഹുൽഗാന്ധിയെ കാണിക്കാൻ നിങ്ങൾ നടത്തിയ ചെപ്പടിവിദ്യയാണെന്ന് എല്ലാവർക്കുമറിയാം. അതിന്റെ കാര്യങ്ങളൊക്കെ എന്താണെന്ന് ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ, ബെന്യാമിനേയും നജീബിനേയുമെല്ലാം ഒരേ വേദിയിൽ അണിനിരത്തിയത് പിണറായി സർക്കാരാണ്. ലോകത്തിലെ എല്ലാ മലയാളികളെയും യോജിപ്പിച്ച് നിർത്തുന്ന ഒരു സർക്കാരായി മാറുകയാണ്. തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നല്ല വിജയമുണ്ടാകണമെന്നാണ് ലോകമലയാളികൾ ആഗ്രഹിക്കുന്നത്. ആ വിജയത്തിന് പ്രവർത്തിക്കുന്ന പിണറായി സർക്കാരിന്റെ തുടർ പ്രവർത്തനത്തിനുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, മൂത്ത മകന് കാപ്പി എസ്റ്റേറ്റ്, രണ്ടാമന് കായ്ഫലമുള്ള അഞ്ചേക്കർ തെങ്ങുംതോപ്പ്, മൂന്നാമന് രണ്ടേക്കർ റബ്ബർ തോട്ടം, ഇളയമകൾക്ക് ബെൻസ് കാർ, താഴെയുള്ള കുട്ടിക്ക് വീടും തറവാടും ഇതൊക്കെ പറഞ്ഞ് വിൽപ്പത്രം എഴുതിവച്ചിട്ട് കാരണവർ ഇരുന്ന് ആലോചിക്കുമ്പോൾ വക്കീൽ ചോദിച്ചു, എന്താ ഇത്ര

ആലോചിക്കാനുള്ളതെന്ന്. അപ്പോൾ ഇതൊക്കെ ഞാൻ എങ്ങനെയുണ്ടാക്കുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നാണ് കാരണവർ പറഞ്ഞത്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ചശേഷമുള്ള ചിന്തയിലാണ്. കാരണം, കൊടുത്ത വാഗ്ദാനങ്ങൾ അത്ര വലുതായിരുന്നു. 10 കോടി രൂപയുടെ ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റോഡുപോലും യാഥാർത്ഥ്യമായി കാണാൻ കാത്തിരിക്കുന്ന പാലക്കാടുള്ള ഒരു എളിയ ജനപ്രതിനിധിയെന്ന നിലയ്ക്ക് ശ്രീ. പി. കെ. ബഷീർ പറഞ്ഞതുപോലെ, അൻപതിനായിരം കോടി രൂപയുടെ ഗെയിൽ പദ്ധതിയൊക്കെ ഈ കാലയളവിൽ തന്നെ യാഥാർത്ഥ്യമാകുമെന്ന് വിശ്വസിക്കുന്ന സൈബർ സഖാക്കൾക്ക് ഇവിടെവച്ച് ആദ്യം തന്നെ എന്റെ അഭിവാദ്യങ്ങൾ നേരാൻ ആഗ്രഹിക്കുകയാണ്.

അങ്ങ്, ഇന്ന് കാലത്ത് 'absurd' എന്നൊരു വാക്ക് ഉപയോഗിച്ചതായി കേട്ടു. Budget in Brief, 2019-20, Finance department (പുസ്തകം ഉയർത്തിക്കാട്ടി) എന്ന പുസ്തകം, ഇതിൽ പേജ് A-11 -ൽ പൊതുകടത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന പേജിലെ ടേബിളിൽ, 2015-16-ലെ ടോട്ടൽ ഡെബ്റ്റായിട്ട് കാണിച്ചിരിക്കുന്നത് 28.00 ആണ്. അത് 2017-18-ൽ 38.51 ആയി മാറിയെന്ന് ഈ പുസ്തകത്തിലും ഈ പേജിലും അച്ചടിച്ചത് ശ്രീ. രമേശ് ചെന്നിത്തലയല്ല, മറിച്ച് അത് അച്ചടിച്ചതും വിവരം കൊടുത്തതുമായ ആളുകൾക്കായിരിക്കും ആ വാക്ക് കൂടുതൽ ചേരുകയെന്നുള്ളത് വിനീതമായി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ ദേശീയരാഷ്ട്രീയത്തെ സംബന്ധിച്ചും കോൺഗ്രസ്സിന്റെ ബി.ജെ.പി. വിരുദ്ധതയെക്കുറിച്ചും ക്ലാസ് കിട്ടിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തെ ജനങ്ങൾക്ക് നല്ല ദിനങ്ങളുടെ ഘോഷയാത്ര നൽകാമെന്ന് പറഞ്ഞ് വഞ്ചിച്ചവരെ ഈ രാജ്യത്തെ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. ജനിച്ച ജാതിയാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ തെറ്റെന്ന് എഴുതിവച്ച് ആത്മഹത്യ ചെയ്യേണ്ടിവന്ന രോഹിത് വെമുല മുതൽ കഴിക്കുന്ന ഭക്ഷണം പോലും ഒരു മനുഷ്യന്റെ മരണത്തിന് കാരണമാകുന്ന അപകടാവസ്ഥയിലേയ്ക്ക് ഇൻഡ്യൻ രാഷ്ട്രീയത്തെ കൈപിടിച്ചു നടത്തിയ വർഗ്ഗീയവാദികളെ, ഫാസിസ്റ്റുകളെ, ഒരു രാജ്യത്തിന്റെ പ്രധാനമന്ത്രിക്കുവേണ്ടത് 56 ഇഞ്ചിന്റെ നെഞ്ചളവാണെന്ന് വിശ്വസിച്ച് രാജ്യത്തെ ജനങ്ങളെ ഒന്നായി കാണുന്നതിനുപകരം വിഭാഗീയമായ ചിന്തകളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകളെ 2500 കോടി രൂപയുടെ പി.ആർ. ഏജൻസി കൊണ്ട് മറച്ചുവയ്ക്കാൻ കഴിയില്ലായെന്നുള്ളതും 2500 കോടി രൂപയുടെ വിദേശയാത്ര കൊണ്ട് മാറ്റിയെടുക്കാൻ കഴിയില്ലായെന്നുള്ളതും ഈ നാട്ടിലെ ജനതയുടെ ഓക്സിജനിൽപ്പോലും വർഗ്ഗീയതയുടെ വിഷം കലർത്താൻ ശ്രമിക്കുന്നവരെ

മാറ്റിനിർത്താനുള്ള പോരാട്ടത്തിന് ഇൻഡ്യാരാജ്യത്ത് നേതൃത്വം നൽകുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് തന്നെയാണെന്നുള്ളതും ആർക്കെങ്കിലും നിഷേധിക്കാൻ കഴിയാവുന്ന കാര്യമാണെന്ന് ഞാൻ കരുതുന്നില്ല.

ഇവിടെ, കോൺഗ്രസ്സില്ലാതെ അത്തരമൊരു മുന്നേറ്റം ഞങ്ങൾ നടത്താമെന്നൊക്കെയാണ് പറഞ്ഞത്. ഞങ്ങൾ ഒരു കാര്യം വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒന്നാമത്തെ ശത്രു ഭാരതീയ ജനതാ പാർട്ടിയാണ്, ആർ.എസ്.എസ്.-ആണ് സംഘപരിവാറാണ് എന്നുള്ളത് നിസ്സംശയം ഞങ്ങൾ പറയാം. അവരുടേത് വർഗ്ഗീയ ഫാസിസമാണെന്നുള്ള കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട. ആ പ്രതിരോധം രാജ്യത്ത് തീർക്കുന്നതും ഇപ്പോൾ കോൺഗ്രസ്സുതന്നെയാണ്. മഹാരാഷ്ട്ര, രാജസ്ഥാൻ, ഛത്തീസ്ഗഢ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ നിങ്ങൾക്കറിയാം. 2018-ലെ റിപ്പബ്ലിക്ദിന പരേഡിൽ ശ്രീ. രാഹുൽ ഗാന്ധിയെ ആറാമത്തെ നിലയിൽ കൊണ്ടുപോയി ഇരുത്തിയതിന്റെ ചിത്രം പുറത്തുവന്നപ്പോൾ ശ്രീ. നരേന്ദ്രമോദി ആസ്വദിച്ചിട്ടുണ്ടാകും. അതേ നരേന്ദ്രമോദിക്ക് 2019-ന്റെ റിപ്പബ്ലിക് ദിനപരേഡ് നടക്കുമ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ ഒന്നാമത്തെ നിലയിലേയ്ക്ക് കൈപിടിച്ച് ഇരുത്തേണ്ടിവന്നു. കാരണം, അടുത്ത ആഗസ്റ്റ് 15-ന് മുൻ പ്രധാനമന്ത്രിയെന്ന നിലയ്ക്ക് ഒന്നാമത്തെ നിലയിലിരിക്കാനേ കഴിയൂ എന്ന് അദ്ദേഹത്തിനറിയാം. ചെങ്കോട്ടയിൽ പതാക ഉയർത്തേണ്ടത് ശ്രീ. രാഹുൽ ഗാന്ധിയായിരിക്കണമെന്ന മതേതര ഇൻഡ്യയുടെ പ്രതീക്ഷകളെ, അതിനൊപ്പം ചേർന്ന് പോരാട്ടം നയിക്കേണ്ട ദിവസങ്ങൾ വരുമ്പോൾ, ഇവിടെ പലരും ഇപ്പോൾ കോൺഗ്രസ്സില്ലാതെയുള്ള ഒരു മുന്നേറ്റത്തെ സംബന്ധിച്ച് പറയുകയാണ്. ഇന്ന് പ്രസംഗിച്ച ചില ആളുകൾ ഈ അസംബ്ലിക്കകത്ത് കോൺഗ്രസ്സിനെ പിരിച്ചുവിടുന്നതിനെപ്പറ്റിപോലും പറഞ്ഞുപോയി. തടവുശിക്ഷ അനുഭവിക്കുന്ന രാഷ്ട്രീയ ജനതാദൾ അദ്ധ്യക്ഷൻ ലാലുപ്രസാദ് യാദവ് ആശുപത്രി വാസത്തിലാണ്. ജനുവരി 12 ശനിയാഴ്ച സി.പി.ഐ.(എം) ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി 40 സീറ്റുകളിൽ ഒരു സീറ്റെങ്കിലും സി.പി.ഐ.(എം)-ന് നൽകണമെന്ന് അഭ്യർത്ഥിക്കാൻ അദ്ദേഹത്തെ സന്ദർശിച്ചു. കോൺഗ്രസ്സും ഝാർഖണ്ഡും മുക്തിമോർച്ചയും നയിക്കുന്ന ഝാർഖണ്ഡിലെ 11 കക്ഷികളുടെ മുന്നണിയിൽ സി.പി.ഐ.-ക്ക് അവിടെയൊരു സീറ്റ് നൽകാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. സി.പി.ഐ.(എം.)-ന് സീറ്റില്ല. തമിഴ്നാട്ടിൽ ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും ഡി.എം.കെ.-യോട് രണ്ട് സീറ്റുകൾ വീതമാണ് ചോദിക്കുന്നത്. 15 വർഷംമുമ്പ് ഡി.എം.കെ. സഖ്യത്തിലായിരിക്കെ 2 സീറ്റിൽ അവർ ജയിച്ചിട്ടുണ്ട്. പക്ഷെ, സ്റ്റാലിൻ ഇരുകക്ഷികൾക്കും ഓരോന്ന് വേണമെന്ന് പറയുന്നു. മഹാരാഷ്ട്രയിലും രാജസ്ഥാനിലും സി.പി.ഐ.(എം)-ന് ഒരു സീറ്റെങ്കിലും കിട്ടുമെന്നുള്ള പ്രതീക്ഷയിൽ

രംഗത്തുണ്ട്. 2004-ൽ അവിഭക്ത ആന്ധ്രയിൽ സി.പി.ഐ.-യും സി.പി.ഐ.(എം.)-ഉം ഓരോ സീറ്റിൽ മത്സരിച്ചിട്ടുണ്ട്. ഇപ്പോൾ അതെങ്കിലും തരണമെന്നവർ അഭ്യർത്ഥിക്കുന്നു. 2004-ൽ ലോക്സഭയിൽ 59 അംഗങ്ങളുണ്ടായിരുന്നു. ഇനി ആ കാലം മടങ്ങിവരില്ലെന്നറിയാം. അങ്ങനെ വരുമ്പോഴും ഈ രാജ്യത്തെ ഏറ്റവും വലിയ അപകടത്തെ അകറ്റിനിർത്താൻ കൈകോർക്കേണ്ടത് ആ മതേതരസഖ്യത്തെ അല്ലെങ്കിൽ ജനാധിപത്യസഖ്യത്തോടൊപ്പം നിന്നുകൊണ്ടാണെന്ന് അറിഞ്ഞിട്ടും 1989-ലെ ഒരു പത്രത്തിലെ ഫോട്ടോ നിങ്ങളുടെ മുമ്പിൽ കാണിക്കുന്നു. (പത്രം ഉയർത്തിക്കാട്ടി) 'National Front Chairman N. T. Rama Rao, Janata Dal Vice President V. P. Singh, B.J.P. Leaders L. K. Advani & A. B. Vajpayee, Surjit Singh Barnala, Ram Vilas Paswan, Jyoti Basu & E. M. S. Namboodiripad, C.P.I. Leader C. Rajeswara Rao before their meeting to decide mass resignation of opposition members of Parliament at Andhra Bhavan in New Delhi'. 1989-ൽ എ. ബി. വാജ്പേയിയും ശ്രീ. എൽ. കെ. അദ്വാനിയുമുൾപ്പെടെയുള്ള ആളുകൾക്കൊപ്പം ചേർന്ന് കോൺഗ്രസ്സിനെതിരായിട്ടുള്ള മഹാസഖ്യത്തിന്റെ ഭാഗമാകുവാൻ നിങ്ങൾക്ക് മടിയില്ലായിരുന്നെങ്കിലും 1989-ൽ കൊൽക്കത്തയിൽ റാലിയിൽ പങ്കെടുക്കാൻ നിങ്ങൾക്ക് മടിയില്ലായിരുന്നെങ്കിലും ഇപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റിനെ താഴെയിറക്കാനുള്ള പ്രതിപക്ഷകക്ഷികളുടെ റാലി കൊൽക്കത്തയിൽ നടക്കുമ്പോൾ അതിൽ നിന്ന് വിട്ടുനിന്ന ഏക പ്രസ്ഥാനമായി സി.പി.എം. മാറുന്നുവെന്ന് പറയുമ്പോൾ ഞങ്ങൾ അംഗീകരിക്കുന്നു, കോൺഗ്രസ്സ് ഈ തെരഞ്ഞെടുപ്പിൽ തോറ്റെങ്കിലും രാജ്യത്ത് തിരിച്ചുവരാൻ കോൺഗ്രസ്സിന്റെ അനിവാര്യത എത്ര വലുതാണെന്നുള്ളത് നിങ്ങൾ തിരിച്ചറിയണം.

നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ വലിയ വിരോധാഭാസമാണ്. ഈ ഗവൺമെന്റ് അധികാരമേറ്റയുടൻ ഞങ്ങൾക്ക് പൈലറ്റും എസ്കോർട്ടുമൊന്നും വേണ്ടെന്ന് പറഞ്ഞു നിങ്ങൾ കുറേ കയ്യടി നേടി. ഇന്ന് മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിലെ എണ്ണമെടുക്കാൻ നിന്നാൽ വൈകുന്നേരമായിപ്പോകുമെന്നുള്ളതുകൊണ്ട് ആരും അതിന് മെനക്കെടുന്നില്ല. അത്രയും വാഹനങ്ങളുടെ അകമ്പടിയോടെയാണ് നിങ്ങൾ നടക്കുന്നത്. ഭരണനേട്ടങ്ങളെ സംബന്ധിച്ച് ഒരു ഗവൺമെന്റ് അവകാശവാദമുന്നയിക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ, കഴിഞ്ഞകാല ഗവൺമെന്റുകളുടെ തോളിലിരുന്ന് കാണുന്ന ഉയരം മുഴുവൻ അവനവന്റേതാണെന്ന് തെറ്റിദ്ധരിക്കരുതെന്ന് കണ്ണൂർ വിമാനത്താവളത്തിന്റെയും കൊച്ചി മെട്രോയുടെ പേരിലെങ്കിലും ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ഗെയിൽ പൈപ്പ് ലൈൻ പ്രധാനപ്പെട്ട ഒരു നേട്ടമായി ചൂണ്ടിക്കാണിക്കുന്നുണ്ട്; അന്ന് നടക്കാത്തത് ഇന്ന് നടന്നതിന്റെ പ്രധാനപ്പെട്ട കാരണവും നിങ്ങൾ തന്നെയാണെന്ന് ഓർക്കുന്നത് നല്ലത്. വാതക ബോംബിനുമുകളിൽ ജീവിക്കാൻ ഞങ്ങൾക്കാവില്ലെന്നും സമരപ്രഖ്യാപന കൺവെൻഷനും നിങ്ങൾ നടത്തി. 2012 ഫെബ്രുവരി 18 ശനിയാഴ്ച വൈകിട്ട് 3 മണിക്ക് കക്കാട്ട് റോഡിലെ കലാ-സാംസ്കാരിക നിലയം ഉദ്ഘാടനം ചെയ്തത് എറണാകുളത്തെ എം.പി. പി. രാജീവ്, ആയിരുന്നു. ഗെയിൽ പൈപ്പ് ലൈനിനായി അന്ന് സമരം നയിക്കുമ്പോൾ അതിന്റെ ഏറ്റവും മുൻപന്തിയിൽ നിന്ന് നയിച്ചിരുന്നത് നിങ്ങൾ തന്നെയായിരുന്നു. ഇന്നിപ്പോൾ സമരം ചെയ്യുന്ന ആളുകളെ ലാത്തിച്ചാർജ് ചെയ്തും അല്ലാതെയുമൊക്കെ നേരിടുന്നത് ആ നിലപാടുകൾ മറന്ന് നടത്തുന്ന പോരാട്ടത്തിന്റെ ഭാഗമായിട്ടാണ്. ഒരു തടസ്സവുമില്ലാതെ നടക്കുന്നുവെന്ന് ഉറപ്പുപറയാൻ കഴിയുന്നത് ബന്ധുക്കളുടെ നിയമനമാണ്. അതിൽ ഒരു വീഴ്ചയും വരുത്തുന്നില്ല; കൃത്യമായ ഇടവേളകളിൽ കാര്യങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങളിൽ ഉൾപ്പെട്ട ഒരംഗം തന്നെ ഒരു കത്ത് കൊടുത്തിരിക്കുന്നു. 31-8-2017-ന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഇൻഫർമേഷൻ കേരള മിഷനിലെ ടെക്നിക്കൽ ഡയറക്ടർ സ്ഥാനത്തേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഇതുവരെ ആരേയും നിയമിച്ചിട്ടില്ല. കാരണം, ഒരു ലക്ഷം രൂപ മാസശമ്പളത്തിൽ നിയമിക്കാൻ തീരുമാനിച്ചിരുന്നത് ശ്രീ. കോലിയക്കോട് കൃഷ്ണൻനായരുടെ സഹോദര പുത്രനും സി.പി.ഐ. നേതാവുമായിരുന്ന ദാമോദരൻ നായരുടെ മകനായ ഡി. എസ്. നീലകണ്ഠനെ ആയിരുന്നു. സ്വകാര്യകമ്പനിയിൽ നിന്ന് വിടുതൽ കിട്ടാത്തതുകാരണം ചേരാൻ പറ്റിയില്ല; അതുകൊണ്ട് ആ പോസ്റ്റ് ഒഴിച്ചിട്ടു. അതിനുപകരം അതേ ശമ്പളത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ പുതിയൊരു പോസ്റ്റുണ്ടാക്കുകയും ഈ പറയുന്ന ആളെ അവിടെ നിയമിക്കുകയും ചെയ്തു. അദ്ദേഹത്തിന് ഓരോ വർഷവും പത്തുശതമാനം വച്ച് ശമ്പളത്തിൽ ഇൻക്രിമെന്റ് കൊടുക്കുമ്പോൾ അവിടെയുള്ള മറ്റുള്ളവർക്ക് രണ്ടു ശതമാനം ഇൻക്രിമെന്റ് മാത്രം. ഒരു നടപടിക്രമങ്ങളും പാലിക്കാതെ വ്യക്തിയെ മുന്നിൽക്കണ്ട്, അവരെ നിയമിക്കുന്നതിനുവേണ്ടി സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തുന്ന തരത്തിൽ ബന്ധുക്കൾക്ക് നിയമനം കൊടുക്കാനാണ് ഗവൺമെന്റിന് വ്യഗ്രത. സർക്കാരിനുവേണ്ടി വാദിക്കുന്ന ഡി.വൈ.എഫ്.ഐ.-ക്കാരനും എസ്.എഫ്.ഐ.-ക്കാരനും ഉൾപ്പെടെയുള്ള ആളുകൾ സൈബർ ഇടങ്ങളിലും അല്ലാത്തിടത്തും യുദ്ധം നയിക്കാൻ മാത്രം വിധിക്കപ്പെട്ടവരും ജോലിയും തൊഴിലുമെല്ലാം ബന്ധുക്കൾക്കുമാത്രം തീറെഴുതിക്കൊടുക്കുന്നതുമായ ഒരവസ്ഥ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് വരുമെന്ന് അവരെങ്കിലും പ്രതീക്ഷിച്ചുകാണില്ല.

ശബരിമല വിഷയവുമായി ബന്ധപ്പെട്ട് സാവകാശ ഹർജി നൽകാനാണ് തീരുമാനിച്ചിരുന്നതെന്നും പക്ഷെ കോടതിയിൽ എത്തിയപ്പോൾ കാര്യങ്ങൾ എങ്ങനെ മാറിമറിഞ്ഞുവെന്ന് ഞങ്ങൾക്ക് അറിയില്ലെന്നുമാണ് ദേവസ്വം ബോർഡ് ചെയർമാൻ പറഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരാത്മാർത്ഥതയും ഇല്ല. ശബരിമല വിഷയത്തിൽ കോൺഗ്രസ്സിന്റെ നിലപാട് നിങ്ങൾ ബി.ജെ.പി.-യുമായി കൂട്ടിക്കെട്ടണ്ട. ശബരിമല പ്രശ്നം ഒരു സുവർണ്ണാവസരമാണെന്ന് പ്രഖ്യാപിക്കുന്ന ശ്രീ. പി. എസ്. ശ്രീധരൻപിള്ളയുടെ വർഗ്ഗീയ നിലപാടിനോടൊപ്പമല്ല മറിച്ച് വിശ്വാസികളുടെ വേദനയോടൊപ്പമായിരുന്നു കോൺഗ്രസ്സ് എന്ന് വ്യക്തമായി പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശബരിമലയിൽ ആർ.എസ്.എസ്.-ന്റെ വിരോധത്തിന് ഞങ്ങൾക്ക് ക്ലാസ്സ് എടുക്കുകയാണെന്ന് നിങ്ങൾ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടിക്ക് രണ്ട് ചങ്കൊന്നും ഉണ്ടായിരുന്നില്ല. പക്ഷെ പതിനെട്ടാം പടിയിൽവച്ച് പോലീസിന്റെ മൈക്കും പിടിച്ചുവാങ്ങി അയ്യപ്പനെ പൃഷ്ഠവും കാണിച്ച് ആർ.എസ്.എസ്.-ന്റെ ശാഖ നടത്താൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് ഒരു വൽസൻ തില്ലങ്കേരിക്കും കഴിഞ്ഞിരുന്നില്ലെന്നത് നിങ്ങൾ ഓർക്കുന്നത് നന്നായിരിക്കും. ആ പ്രശ്നമുൾപ്പെടെ നയപരമായും ബുദ്ധിപരമായും കൈകാര്യം ചെയ്യാവുന്നൊരു അവസ്ഥയെ ബി.ജെ.പി.-ക്ക് വളരാനുള്ള സാഹചര്യമാക്കി മാറ്റിയത് ആരുടെ നിലപാടുകളാണെന്ന് നിങ്ങൾ അടക്കം പറയുന്നുണ്ടെന്ന് ഞങ്ങൾക്കെല്ലാവർക്കുമറിയാം. ആർ.എസ്.എസ്. വിരോധത്തിന് നിങ്ങൾ ഞങ്ങൾക്ക് ക്ലാസ്സെടുക്കണ്ട. താൽക്കാലികമായ അജണ്ട ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും ഏതെങ്കിലും തരത്തിൽ മെച്ചമുണ്ടാക്കിയാലും കോൺഗ്രസ്സിനൊരു ക്ഷീണം സംഭവിച്ചാൽ അത് ലോക്സഭാ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഉപകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട. രാജ്യത്ത് കോൺഗ്രസ്സിന്റെ തിരിച്ചുവരവിന്റെ അനിവാര്യതയെ സംബന്ധിച്ച് നല്ല ബോധ്യമുള്ള കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഇത്തവണ ശ്രീ. നരേന്ദ്രമോദിയുടെ ഗവൺമെന്റ് താഴെയിറങ്ങണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. കറണ്ട് പവർ സ്റ്റേഷനിൽ നേരിട്ട് കിട്ടുമെന്നിരിക്കെ പ്രസരണ നഷ്ടത്തോടുകൂടി അത് പോസ്റ്റിലേക്ക് വന്ന് പിന്നെ മാറിയെടുക്കാനുള്ള ചിന്ത കേരളത്തിലെ ജനങ്ങൾക്കുണ്ടാകില്ലെന്ന് നിസ്സംശയം ഞങ്ങൾക്ക് രേഖപ്പെടുത്താൻ കഴിയും.

ഇടുക്കി പാക്കേജ് ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ട്, കേന്ദ്രസഹായം ഇവയൊക്കെ ടൈ അപ്പ് ചെയ്ത് ഒറ്റ പ്രഖ്യാപനത്തിൽ അയ്യായിരം കോടി രൂപയെന്ന് പറയുകയും അതിനകത്ത് ഇപ്പറയുന്ന ഫണ്ടുകൾ മുഴുവൻ പൂൾ ചെയ്തിട്ടാണെന്ന് എഴുതിവയ്ക്കുകയും ചെയ്യുന്ന കണ്ണിൽ പൊടിയിടലാണ് പലയിടങ്ങളിലും കാണാൻ സാധിക്കുന്നത്. യാഥാർത്ഥ്യബോധത്തോട് അകലം പാലിക്കുകയും നേട്ടങ്ങളും

പ്രഖ്യാപനങ്ങളും യാഥാർത്ഥ്യത്തിൽ കൊണ്ടുവരാൻ കഴിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. കിഫ്ബി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വരാനിരിക്കുന്ന ബി.ജെ.പി.-യുടെ നല്ല നാളുകളെ സംബന്ധിച്ച് സൂചന കൊടുക്കുന്നതുപോലെ, ഫണ്ട് വരുമെന്ന് പറയുകയും മലമ്പുഴ ഡാമിൽ നിന്നും മണലെടുക്കുന്ന വിഷയം തൊട്ട്, ഇസ്ലാമിക് ബാങ്ക്, ഇപ്പോൾ കിഫ്ബി വരെയുള്ള എല്ലാ സംവിധാനങ്ങളോടും പ്രാവർത്തികമായി നീതി പുലർത്താൻ കഴിയാത്ത നിലപാടുകളെയും നയങ്ങളെയും വോട്ട് ഓൺ അക്കൗണ്ടിനെയും ഞാൻ ശക്തമായി എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, നമ്മുടെ സാമ്പത്തിക പൊതുസ്ഥിതിയെക്കുറിച്ചൊക്കെ ചർച്ച ചെയ്തു കഴിഞ്ഞു. അതിലേയ്ക്ക് വീണ്ടും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇന്നലെയും ഇന്നുമായി കേരളത്തിന്റെ കടബാദ്ധ്യത ഗൗരവമായ തർക്ക വിഷയമായി ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ കടബാദ്ധ്യത ആഭ്യന്തര വരുമാനത്തിന്റെ 28 ശതമാനത്തിൽ നിന്ന് 38 ശതമാനമായി ഉയർന്നുവെന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഇന്ന് സഭയിൽ ഞാനത് absurd ആണെന്ന് പറഞ്ഞു. അതിൽ അദ്ദേഹത്തിന് വേദന തോന്നിയതിൽ എനിക്ക് ഖേദമുണ്ട്. പക്ഷെ അത് absurd ആണ്. നിങ്ങൾ പറഞ്ഞതുകൊണ്ടല്ല, അത് ഈ പുസ്തകത്തിൽതന്നെയുണ്ട്. ജി.ഡി.പി.-യുടെ 3 ശതമാനം മാത്രമേ നമുക്ക് വായ്പയെടുക്കാൻ അനുവാദമുള്ളൂ. അതിൽ ചെറിയ മാറ്റം വരാം. അതായത് 3.1, 3.2, 3.3 അത്രയേ വരികയുള്ളൂ. അതുവച്ചിട്ട് ½ ശതമാനം/ഒരു ശതമാനത്തിനപ്പുറം നെറ്റ് ജി.ഡി.പി. റേഷ്യോയിൽ മാറ്റം വരാൻ സാധ്യമല്ല, അത് സംഭവ്യവുമല്ല. ഇതിങ്ങനെ ചാടുമെന്ന് കേൾക്കുമ്പോൾ തന്നെ ഇതൊരു absurd നമ്പരാണെന്നത് റിഫ്ലക്സാണ്. ഇപ്പോൾ ആലോചിച്ചുറപ്പിച്ച് കണക്ക് നോക്കിയിട്ടുപോലുമില്ല. That can't happen. ഞാൻ ശുദ്ധിപത്രം നൽകിയിട്ടുണ്ട്. ബഡ്ജറ്റ് ഇൻ ബ്രീഫിൽ ടേബിൾ എ 11-ൽ 2001 മുതലുള്ള വിവിധ സാമ്പത്തിക സൂചകങ്ങൾ ജി.എസ്.ടി.പി.-യുമായി ബന്ധപ്പെടുത്തി കണക്ക് നൽകിയിട്ടുണ്ട്. അതിൽ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ, 2015-16-ൽ 28.00 ശതമാനവും 2016-17-ൽ 34.19 ശതമാനവും 2017-18-ൽ 38.51 ശതമാനവുമാണ് സംസ്ഥാനത്തിന്റെ കടബാദ്ധ്യത. പക്ഷെ തൊട്ടുമുമ്പുള്ള പേജ് നോക്കിയാൽ ടേബിൾ എ 9-ൽ 2016-17-ൽ 30.25 ശതമാനവും 2017-18-ൽ 30.69 ശതമാനവും 2018-19-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് 30.49 ശതമാനവും 2019-20-ൽ 30.21 ശതമാനവുമാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ വരാൻ കാരണം എന്താണെന്ന് ഞാൻ അന്വേഷിച്ചു. ദീർഘകാല ടൈം സീരീസിൽ എക്സൽ ഷീറ്റിൽ രണ്ട് സീരീസ് യോജിപ്പിച്ചപ്പോൾ ഒന്ന് മാറിപ്പോയതാണ് അതിനുകാരണം. 2016-17-ൽ അന്നത്തെ കടബാദ്ധ്യത ഇടുന്നതിനുപകരം 2017-18-ലെ കടബാദ്ധ്യതയും 2017-18-ൽ

2018-19-ലെ കടബാദ്ധ്യതയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് തെറ്റായി രേഖപ്പെടുത്തിയതാണ്. അത് തിരുത്തി വായിച്ചാൽ കാര്യങ്ങൾക്ക് സാമാന്യമായൊരു ധാരണ കിട്ടും. നമ്മുടെ കടബാദ്ധ്യതയെ പർവ്വതീകരിച്ച് കാണിക്കുന്നതിനെയാണ് ഞാൻ വിമർശിച്ചത്. അഞ്ച് വർഷം കഴിയുമ്പോൾ കടം ഇരട്ടിക്കുന്ന പരിപാടി ഞാൻ പ്രതിപക്ഷത്തിരുന്നപ്പോഴും ബാധകമാണ്. ഞാൻ വിമർശിച്ചിട്ടില്ല. കാരണം ഓട്ടോമാറ്റിക്കാണ്. ഈ റേറ്റ് വന്നുകഴിഞ്ഞാൽ അഞ്ച് വർഷം/ആറ് വർഷം കഴിയുമ്പോൾ കടം ഇരട്ടിയാകും. പക്ഷെ ഇത്രയും ബാദ്ധ്യത നമുക്ക് താങ്ങാവുന്നതാണോയെന്ന് നാം ചിന്തിക്കേണ്ടതാണ്. കടബാദ്ധ്യത 30 ശതമാനം വരെയാകാമെന്നാണ് പതിനാലാം ധനകാര്യ കമ്മീഷൻ പറഞ്ഞിട്ടുള്ളത്. പലിശയുടെ ബാദ്ധ്യത total revenue expenditure-ന്റെ 15 ശതമാനം വരെയാകാമെന്നാണ് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പറഞ്ഞത്. ഇന്നത് വളരെ താഴെയാണ്. 12-ഉം 13-ഉം ശതമാനത്തിലാണ് നിൽക്കുന്നത്. പലിശ നിരക്ക് കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. പലിശ നിരക്ക് ആഭ്യന്തര വരുമാന വളർച്ചാ നിരക്കിനെക്കാൾ താഴെയാണെങ്കിൽ ഹരോൾഡ് ഡോമറിന്റെ സൂത്രവാക്യപ്രകാരം debt sustainable ആണ്. അതുകൊണ്ട് നമ്മുടെ debt unsustainable ആയിട്ടുള്ള വലിയൊരു ജഡഭാരമായിട്ടൊന്നും മാറിയിട്ടില്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, കടബാദ്ധ്യത 30 ശതമാനം വരെയാകാമെന്നാണോ പതിനാലാം ധനകാര്യ കമ്മീഷൻ പറഞ്ഞത്? ഞാൻ മനസ്സിലാക്കിയിരിക്കുന്നത് കടബാദ്ധ്യത 60 ശതമാനം വരെയാകാമെന്നാണ്. അതിൽ 40 ശതമാനം കേന്ദ്ര സർക്കാരിനും 20 ശതമാനം സംസ്ഥാന സർക്കാരുകൾക്കും ആകാവുന്നതാണ് ഐഡിയൽ സിറ്റുവേഷൻ. എഫ്.ആർ.ബി.എം.. ആക്ട് അനുസരിച്ച് 30 ശതമാനമാണോ കടബാദ്ധ്യത?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിന്റെ അപകടം ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായിട്ടില്ല. ഇപ്പോൾ കേന്ദ്ര സർക്കാർ ചെയ്യാൻ ശ്രമിക്കുന്നത് എന്താണ്? ഇനി യു.ഡി.എഫ്.-ഉം ആ നിലപാടാണോ സ്വീകരിക്കുന്നതെന്ന് എനിക്കറിയില്ല. ശ്രീ. എൻ. കെ. സിംഗ് എഫ്.ആർ.ബി.എം. ആക്ടിന്റെ റിവ്യൂ കമ്മിറ്റി ചെയർമാനായിരുന്നു. അവർ കേന്ദ്ര സർക്കാരിന്റെ കടം ദേശീയവരുമാനത്തിന്റെ 40 ശതമാനം വരെയും സംസ്ഥാനത്തിന്റേത് ഇപ്പോൾ പറഞ്ഞതുപോലെ 20 ശതമാനമാക്കി കുറയ്ക്കണമെന്ന ഒരു പുതിയ ഫോർമുലയുമായി വന്നിരിക്കുകയാണ്. കടബാദ്ധ്യത 20 ശതമാനമാക്കി കുറയ്ക്കുകയെന്ന് പറഞ്ഞാൽ, ഇപ്പോൾ ജി.ഡി.പി.-യുടെ മൂന്ന് ശതമാനം വായ്പയെടുക്കാനുള്ള അവകാശം അടിയറവച്ച് അത് രണ്ട് ശതമാനമാക്കി മാറ്റണം. എന്ന് മാത്രമല്ല, ബി.ജെ.പി. സർക്കാർ ഇത് എൻഡോഴ്സ് ചെയ്തിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ശ്രീ. അരുൺ ജെയ്റ്റ്‌ലിയുടെ പ്രസംഗത്തിൽ ഇത് ശരിയാണെന്നും കേന്ദ്ര സർക്കാരിന്റെ കടം ഈ രീതിയിലേക്ക് മാറ്റാൻ

പോകുകയാണെന്നും പറഞ്ഞു. വലിയൊരു അപകടമാണ് സംസ്ഥാനങ്ങളുടെ ധനകാര്യ ഓട്ടോണമിയെ ഇടപെടാനും പ്രവർത്തിക്കാനും കാത്തിരിക്കുന്നത്. ആ പശ്ചാത്തലത്തിലാണ് ഭയങ്കരമായിട്ടുള്ള വായ്പയുടെ ഭാരം കേരളത്തെ വീഴ്ത്തുമെന്ന് പറഞ്ഞ് നടക്കരുതെന്ന് ഞാൻ പറയുന്നത്. അതിന്റെ യുക്തിയുക്തമായ വികാസം എവിടെയെത്തിച്ചുവെന്ന് നോക്കിയാൽ ബി.ജെ.പി.-യുടെ നിലപാടിൽ എത്തിച്ചേരും.

ശ്രീ. വി. ഡി. സതീശൻ: സർ, Fiscal Responsibility and Budget Management Act (FRBM Act)-ലെ നിബന്ധനകളെ സംബന്ധിച്ച എൻ. കെ. സിംഗ് കമ്മിറ്റി ശിപാർശകളുമായി കോൺഗ്രസ് യോജിക്കുന്നില്ല. അത് വളരെ വ്യക്തമായി എ.ഐ.സി.സി. പറഞ്ഞിട്ടുണ്ട്. മാത്രമല്ല, FRBM Act കൊണ്ടുവന്ന സാഹചര്യമാണ് ഏറ്റവും പ്രധാനം. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, പല സംസ്ഥാനങ്ങളിലും സ്റ്റേറ്റ് ഫിനാൻസ് എക്കാലത്തെയും ഏറ്റവും വലിയ തകർച്ചയിൽ, തോന്നിയതുപോലെ കടമെടുത്ത് വലിയ ബാധ്യതകളുണ്ടാക്കി. ആ സമയത്താണ് ഒരു റീ-സ്ട്രക്ചറിംഗ് പാക്കേജിനോടൊപ്പം FRBM Act ഫിനാൻസ് കമ്മീഷൻ ശിപാർശ ചെയ്തത്. ഇപ്പോൾ അത് പുനഃപരിശോധിക്കേണ്ട സമയമായി എന്ന ധാരണയിലാണ്. ആ സമയത്ത് അതാവശ്യമായിരുന്നു. ഇപ്പോൾ പതിനഞ്ചുവർഷത്തോളം കഴിഞ്ഞു. അത് പുനഃപരിശോധിക്കേണ്ട സമയമായി. ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന അഭിപ്രായമാണ് കോൺഗ്രസ്സിനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചപ്പോൾ നമ്മൾ ആ നിലപാട് വ്യക്തമാക്കിയതാണ്. അതുമാത്രമല്ല, ഫിനാൻസ് കമ്മീഷന് ഭരണപക്ഷവും പ്രതിപക്ഷവും കൊടുത്ത മെമ്മോറാണ്ടങ്ങൾ തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. FRBM Act കാലഘട്ടത്തിന്റെ പ്രത്യേകതകൊണ്ട് വന്നതാണ്. ഓരോ സംസ്ഥാനത്തിനും കടമെടുക്കാനുള്ള അധികാരത്തിന്മേൽ കേന്ദ്രത്തിന്റെ ഇടപെടലിനെ ഒരു കാരണവശാലും ഞങ്ങൾ അംഗീകരിക്കില്ല. കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ഇത് വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിലപാട് വളരെ വ്യക്തമാണ്. ആ കാര്യത്തിൽ നമുക്ക് യോജിപ്പില്ല. ഈയൊരു പശ്ചാത്തലത്തിലാണ് മൊത്തം കടബാധ്യത ജി.ഡി.പി.-യുടെ 30 ശതമാനമായി നിലനിർത്തിപ്പോരുമ്പോൾ, കഴിഞ്ഞ രണ്ടുവർഷവുമെടുത്താൽ ചെറുതായെങ്കിലും അത് താഴേയ്ക്കാണ്. പലിശ ബാധ്യത, പലിശ ചെലവ്, മൊത്തം റവന്യൂ എക്സ്പെൻഡിച്ചറിന്റെ 12-13 ശതമാനത്തിൽ നിലനിർത്താൻ സാധിക്കുമ്പോഴും, പലിശനിരക്ക് കൊടുക്കേണ്ടിവരുന്നത്, Domar gap 3-4 ശതമാനം പോയിന്റായിരിക്കുമ്പോൾ കടബാധ്യത ഭീകരമെന്ന് പറഞ്ഞ് ഇത്തരത്തിലൊരു

വിമർശനം പരിധിവിട്ട് കഴിഞ്ഞാൽ നമ്മുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായിരിക്കും. വായ്പ എടുത്തുകഴിഞ്ഞാൽ ഇങ്ങനെ പാടില്ല, അത് കാര്യക്ഷമമായി ചെലവഴിക്കണം, മൂലധന നിക്ഷേപത്തിനുവേണം തുടങ്ങിയ വിമർശനങ്ങളൊക്കെ ശരി. അതാണ് ഇന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിൽ എന്നെ സ്പൈക്ക് ചെയ്തത്. അതുകൊണ്ട് ഞാൻ അപ്പോൾ അങ്ങനെ പ്രതികരിച്ചുവെന്നേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു പ്രസംഗത്തിന് തയ്യാറാകുമ്പോൾ aggregate percentage അല്ലേ നോക്കാൻ സാധിക്കൂ. അതങ്ങ് ഇപ്പോൾ പറഞ്ഞപ്പോൾ മനസ്സിലായി. അത് തിരുത്താൻ പറഞ്ഞാൽ മതി.

ശ്രീ. എം. ഉമ്മർ: സർ, നമ്മുടെ ആവശ്യത്തിനനുസരിച്ചല്ലേ കടമെടുക്കേണ്ടത്, ഞാൻ ഇത് മുഴുവൻ പഠിച്ചശേഷം പറയുന്നതല്ല, ഒരു layman എന്ന കാഴ്ചപ്പാടിൽ പറയുകയാണ്, കിഫ്ബിയിൽ 5000 കോടി രൂപയോളം പല ബാങ്കുകളിലായിട്ടുണ്ട്. നമുക്ക് കഴിഞ്ഞ വർഷം (2017-ൽ) ചെലവൊന്നുമില്ല. 2018-ൽ ആകെ 442 കോടി രൂപയാണ് ചെലവായി കിഫ്ബിയിൽ വന്നിട്ടുള്ളത്. ഗവൺമെന്റ് ഗ്രാന്റായും ടാക്സിൽനിന്നും വെഹിക്കിൾ ടാക്സിൽനിന്നും പെട്രോളിയം പ്രോഡക്ട്സിൽ നിന്നും ലഭിച്ച അയ്യായിരത്തോളം കോടി രൂപ വിവിധ ബാങ്കുകളിൽ ഉള്ളപ്പോൾ എന്തിനാണ് നൂറ് കോടി രൂപ നബാർഡിൽ നിന്നും കടമെടുക്കുന്നത്? ഇപ്പോൾ അതിന് വെറുതെ പലിശ കൊടുത്തുകൊണ്ടിരിക്കുകയല്ലേ എന്ന സംശയം ഇത് കണ്ടപ്പോൾ തോന്നിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അടുത്ത വർഷം പതിനായിരം കോടി രൂപയെങ്കിലും വായ്പയെടുക്കണമെന്ന് നമുക്ക് കൃത്യമായി അറിയാം. അതിനടുത്ത വർഷം അതിനേക്കാൾ കൂടുതൽ തുക വേണ്ടിവരും. ആ സമയത്ത് ഓടിച്ചെല്ലുകയല്ല. NIDA (Nabard Infrastructure Development Assistance)-യുമായി ചർച്ച ചെയ്ത് 5000 കോടി രൂപയുടെ ഒരു വിൻഡോ ഓപ്പൺ ചെയ്യാമെന്ന് സമ്മതിച്ചു; കരാർവയ്ക്കുന്നു, ഞങ്ങളതിൽനിന്നും 100 കോടി രൂപ എടുക്കുന്നു. ബാക്കി ഞങ്ങളെടുക്കാം. നമുക്ക് 5000 കോടി രൂപയുടെ മസാലബോണ്ട് പോര, അതിനേക്കാൾ കൂടുതൽ പോകാനുണ്ട്. പക്ഷേ ഇന്ന് എന്താ പ്രശ്നം? റിസർവ് ബാങ്ക് നമുക്ക് എതിര് നിന്നില്ല, അനുവാദം തന്നു. പുതിയ റിസർവ് ബാങ്ക് ഗവർണർ നാളെ എന്താണ് പറയുന്നതെന്ന് അറിയാൻ സാധിക്കില്ല. ഇന്ന് നമുക്ക് അവസരം കിട്ടിയിരിക്കുന്നു. ഇന്ന് തന്നെ നമ്മുടെ കാലുറപ്പിക്കാം. ഞങ്ങൾ 1000 കോടി രൂപ എടുക്കുന്നു. ഒരു സ്ട്രാറ്റജിക്കൽ തിങ്കിംഗിന്റെ ഭാഗമായാണ് വലിയ തുകയ്ക്ക് അല്ലെങ്കിലും നാളത്തെ ആവശ്യത്തെ മുൻകൂട്ടി ഇപ്പോൾത്തന്നെ ചെറിയതോതിൽ തുടങ്ങിവയ്ക്കുന്നത്. ഇവിടെ നിങ്ങൾ ഉന്നയിച്ച പ്രശ്നം absurd ആണെന്ന് ഞാൻ പറയുന്നില്ല, ആക്ഷേപിക്കുന്ന പ്രശ്നമില്ല. കിഫ്ബിയുടെ ഡയറക്ടർ ബോർഡിൽ അടക്കം എത്ര വേണം; എങ്ങനെയാകാം തുടങ്ങിയ കാര്യങ്ങൾ

ചർച്ച ചെയ്യുന്നുണ്ട്. ഈ ഒരു സാഹചര്യത്തിൽ ഇങ്ങനെ കാല്യറപ്പിക്കുന്നത് പ്രധാനമാണ് എന്ന് കണ്ടുകൊണ്ടാണ് നമ്മൾ ചെയ്തിരിക്കുന്നത്. NIDA 5000 കോടി രൂപ അനുവദിച്ചതിൽ നൂറ് കോടി രൂപ മാത്രമേ നമ്മൾ എടുത്തിട്ടുള്ളൂ.

കിഫ്ബി ഫണ്ടുപയോഗിച്ച് ചെയ്ത റോഡുകളിൽ പലതും നടപ്പാക്കാൻ സാധിക്കുന്നില്ലെന്ന് ശ്രീ. വി. പി. സജീന്ദ്രൻ ചർച്ചയിൽ പറഞ്ഞു. കാരണം, കിഫ്ബിക്ക് കൃത്യമായ മാനദണ്ഡങ്ങളുണ്ട്, ഡിസൈൻ റോഡുകളേ അനുവദിക്കൂ, അതിന്റെ വീതി സംബന്ധിച്ച് കൃത്യമായ തീരുമാനമെടുത്തിട്ടുണ്ട്. അത്തരത്തിൽ വീതി കിട്ടാത്ത അവസ്ഥാവിശേഷമുണ്ട്. എന്നാൽ ആ റോഡ് വരും എന്ന ഉറച്ച വിശ്വാസത്തിലാണ് എം.എൽ.എ.-മാർ. അങ്ങനെയുള്ള സാഹചര്യങ്ങളിൽ അത് ബഡ്ജറ്റ് വർക്കിൽ ചെയ്യുന്നതെങ്ങനെ എന്നത് സംബന്ധിച്ച് ആലോചിക്കാം. ചില എം.എൽ.എ.-മാർക്ക് domar gap പോലുള്ള ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. കിഫ്ബിയിൽ നടത്തിയ വർക്കാണ് വെഞ്ഞാറമൂട് ബൈപ്പാസ് റോഡ്. പക്ഷേ ഇന്ന് ബൈപ്പാസ് റോഡ് പ്രായോഗികമായി സാധ്യമല്ലാത്തതിനാൽ ഒരു ഫ്ലൈ ഓവർ മതി എന്ന് ശ്രീ. ഡി. കെ. മുരളി പറയുന്നുണ്ട്. സാങ്കേതിക കാര്യങ്ങൾ പരിശോധിച്ച് അതിന് ഉദാരമായ സമീപനമാണ് കൈക്കൊള്ളുന്നത്. പക്ഷേ കിഫ്ബിക്ക് കൃത്യമായ മാനദണ്ഡങ്ങളും സ്റ്റാന്റേർഡുമുണ്ട്. അതിൽ വിട്ടുവീഴ്ച ചെയ്യാൻ കിഫ്ബി തയ്യാറല്ല. അതിൽ ചെയ്യാൻ സാധിക്കാത്തതും എന്നാൽ നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു എന്നുണ്ടെങ്കിൽ അത് ബഡ്ജറ്റ് വർക്കിൽ പരിഗണിക്കാം.

ലൈഫ് പദ്ധതിക്കുവേണ്ടി ആദ്യവർഷം സർക്കാരിൽനിന്നും എത്ര തുക മുടക്കി എന്ന ചോദ്യമുണ്ട്. എസ്.സി/എസ്.ടി., ഫിഷറീസ് പോലുള്ള ഡിപ്പാർട്ട്മെന്റുകൾക്ക് നേരിട്ട് പണം വകയിരുത്തിയിരുന്നുവെന്നല്ലാതെ ലൈഫ് പദ്ധതിക്കുവേണ്ടി എന്ന് മാറ്റിവച്ചിട്ടില്ല. ഓരോ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടാണ് ചെയ്തത്. കഴിഞ്ഞവർഷം സംഭവിച്ചത്, പതിവുപോലെ ഡിപ്പാർട്ട്മെന്റുകൾ അവരുടേതായ ഹൗസിംഗ് പ്രോഗ്രാമുകളുമായി മുന്നോട്ടുപോയി. അർബൻ കോർപ്പറേഷൻ ലൈഫിൽനിന്നും സ്വതന്ത്രമായാണ് PMAY ഏറ്റെടുത്തത്. ഈയൊരു പശ്ചാത്തലത്തിൽ കഴിഞ്ഞവർഷം ലൈഫിനുവേണ്ടി വകയിരുത്തിയ പണം ഡിപ്പാർട്ട്മെന്റൽ ഹൗസിംഗ് പ്രോഗ്രാമിനായി ചെലവായി.

ശ്രീ. പി. കെ. ബഷീർ: സർ, കഴിഞ്ഞ വർഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഒരു വീടെങ്കിലും ഡിപ്പാർട്ട്മെന്റ് ചെയ്തു കൊടുത്തോയെന്ന് അറിയണം. ലൈഫിൽ ഇവയൊക്കെ മെർജ് ചെയ്തതല്ലേ? ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇതൊക്കെ പറഞ്ഞതാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ മറുപടി പറഞ്ഞില്ല. 7000 വീട്, 8000 വീട്,

15000 വീട് അങ്ങ് പറഞ്ഞതുപോലെ ഡിപ്പാർട്ട്മെന്റ് ഫണ്ട് കൊടുക്കാറുണ്ടായിരുന്നു. അത് ഒന്നായി ലൈഫിൽ മെർജ് ചെയ്തു. ഇപ്പോൾ പഞ്ചായത്തുകൾ കൊടുക്കുന്നത് എങ്ങനെയാണ്? പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽനിന്നും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാറ്റിവച്ചിരിക്കുന്ന ഹെഡ്ഡിൽ നിന്നെടുത്താണ് കൊടുക്കുന്നത്. ഒന്നാം ഘട്ടം കൊടുത്തത് അങ്ങനെയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-17-ലും 2017-18-ലുമായി പട്ടികജാതി വകുപ്പിൽ 23,000 വീടുകളാണ് എടുത്തത്. അന്ന് ഈ വീടുകൾ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിരുന്നില്ല. 23000 വീട് പട്ടികജാതിക്കാർക്കും 7000 വീട് പട്ടികവർഗ്ഗക്കാർക്കും അങ്ങനെ 30000 വീടുകളുടെ പണി ഇപ്പോൾ ഏതാണ്ട് പൂർണ്ണതയിലേയ്ക്ക് എത്തുകയാണ്. (ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കേൾക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഈ വർഷം ലൈഫിൽ വീട് ഉൾപ്പെടുത്തിയിട്ടില്ല. . എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്തുള്ള സ്പിൽ വർക്കുകളുണ്ട്. അത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 23000-ത്തോളം വരും. അത് ലൈഫിൽ തന്നെയാണ് കൊടുത്തിരിക്കുന്നത്. ആ വീടുകളുടെയെല്ലാം പണി ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതാണ് യഥാർത്ഥത്തിലുള്ള വസ്തുത. ഇടയ്ക്കിടെ ഇവർ ചോദിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്. അതായത്, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള (2015-16 വർഷത്തെ) സ്പിൽ ഓവർ 20000 വീടുകൾ ലൈഫ് പദ്ധതിയിലേയ്ക്ക് പോയി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യത്തെ രണ്ട് വർഷം 23000 വീടുകൾ, ഡിപ്പാർട്ട്മെന്റ് തന്നെ പണി ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ വീടുകൾ ലൈഫിലേയ്ക്ക് കൊടുക്കുകയാണ്. ഇതാണ് വസ്തുത.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് എസ്.സി./എസ്.ടി. വകുപ്പിലെ വീടുകൾ വയ്ക്കാനുള്ള സ്പിൽ ഓവറായ വർക്കുകളുടെ കാര്യമാണ്. ഞങ്ങൾ പറയുന്നത്, എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റിൽ അവ അതുപോലെതന്നെ നിലനിർത്തണമെന്നാണ്. ലൈഫ് പദ്ധതിയിൽ ഒരു വീടുപോലും ഇതുവരെ കൊടുത്തിട്ടില്ല. ഇനി കൊടുക്കാനും പോകുന്നില്ല. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും കൊടുക്കാൻ പോകുന്നില്ല. ദയവായി നിങ്ങൾ എസ്.സി./എസ്.ടി. വകുപ്പിന്റെയെങ്കിലും, അവർ തന്നെ ചെയ്യത്തക്ക നിലയിൽ ഒരു സംവിധാനമുണ്ടാക്കണം. വളരെ അപകടകരമായ കാര്യമാണത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് സർക്കാരിന് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കുകയാണ്. ലൈഫ് മിഷൻ ആരംഭിച്ചപ്പോൾ എല്ലാവിധ ഹൗസിംഗ് പ്രോഗ്രാമുകളും പൂൾ ചെയ്ത് ലൈഫ് മിഷനിൽ നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ വർഷം പഴയതുപോലെ തന്നെ ഫിഷറീസ് ഡിപ്പാർട്ട്മെന്റായാലും എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റായാലും അത് തുടർന്നു. അവരുടെ ബാക്ക്‌ലോഗ് ആയിരിക്കും എടുത്തിരിക്കുന്നത്. ഈ വർഷം പൂർണ്ണമായി സംയോജിപ്പിച്ച് നടപ്പാക്കുമെന്നുള്ളതാണ് സർക്കാരിന്റെ സമീപനം.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലന്റെ മറുപടി വളരെ വ്യക്തമാണ്. എസ്.സി./എസ്.ടി. വിഭാഗത്തിലെ സ്പിൽ ഓവർ വീടുകൾ ലൈഫ് പദ്ധതിയിലേയ്ക്ക് കൊടുത്തു. 2016-17, 2017-18 വർഷങ്ങളിൽ 30,000 വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ വകുപ്പ് ചെയ്തു. 2018-19-ൽ ലൈഫ് പദ്ധതിയിലേയ്ക്ക് മാറിയപ്പോൾ ഒരു വീടും നിർമ്മിച്ചിട്ടില്ല. അതിന്റെ അർത്ഥം ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റാതെ എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെയും ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും വീടുകൾ അവർക്ക് വിട്ടുകൊടുത്താൽ അവർ നന്നായി ചെയ്യും; അങ്ങ് ലൈഫ് പദ്ധതിയിലേയ്ക്ക് കൊണ്ടുവന്ന് കുട്ടിക്കുഴച്ച് പദ്ധതി ഇല്ലാതാക്കരുത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സ്പിൽ ഓവർ വർക്ക് അല്ലാതെ പുതിയ വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞതായി ഞങ്ങളുടെയൊന്നും പ്രദേശത്തെ ഏത് പാർട്ടി ഭരിക്കുന്ന പഞ്ചായത്തുകളിലും ഒരു ഇൻഫർമേഷനും കിട്ടുന്നില്ല. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഉദാഹരണത്തിന്, പാലക്കാട് മുനിസിപ്പാലിറ്റിയിലൊക്കെ സ്ഥലം വാങ്ങാൻപോലും എല്ലാ വർഷവും ചെറിയ തുക കൊടുക്കാറുണ്ട്. ഇപ്പോൾ അതൊക്കെ നിന്നിരിക്കുകയാണ്. 3,37,000 പേർക്ക് വീടും സ്ഥലവുമില്ല. ഒരാൾക്കുപോലും ആ പദ്ധതിപ്രകാരം ലഭിച്ചിട്ടില്ല. സ്പിൽ ഓവർ വർക്ക് അല്ലാതെ ഒരു വർക്കും നടക്കുന്നതായി ഞങ്ങളുടെയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാധാരണ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് നടത്തുകയായിരുന്നുവെങ്കിൽ ഇതിനകം നിരവധി വീടുകൾ ലഭ്യമാകുമായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏതായാലും നിങ്ങളെപ്പോലെതന്നെ ഞാനും ഒരു എം.എൽ.എ.-യാണ്. നിങ്ങളെപ്പോലെതന്നെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുമുണ്ട്. ഞങ്ങളുടെ മണ്ഡലത്തിൽ ഈ വർഷം എസ്.സി./എസ്.ടി., ഫിഷറീസ് വകുപ്പുകൾ അടക്കം ഓരോ പഞ്ചായത്തിലും ശരാശരി

300-400 വീടുകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. ഒന്നാം ഗഡു കൊടുത്തു..... (ബഹളം)......എന്റെ പഞ്ചായത്തിനെക്കുറിച്ചാണ് പറയുന്നത്. ഒന്നേകാൽ ലക്ഷം വീടുകൾ ഇത്തരത്തിൽ ഒന്നാം ഗഡു നൽകി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്......(ബഹളം).....

ശ്രീ. പി. കെ. ബഷീർ:.....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: കാര്യം എന്താണ്; അദ്ദേഹം വഴങ്ങുന്നില്ലല്ലോ;

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ വഴങ്ങുന്നുവെന്ന് വിചാരിച്ച് എത്ര വേണമെങ്കിലും എഴുന്നേറ്റ് ബഹളം വയ്ക്കാമെന്ന് കരുതണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ....വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയ്ക്ക് മുകളിൽ.....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ, സ്വന്തം വാദം നിരത്താനുള്ള സമയമല്ല എന്ന് ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്വന്തം വാദമല്ല. വോട്ട് ഓൺ അക്കൗണ്ടിലെ ചർച്ചയാണ്. എന്റെ പഞ്ചായത്തിൽ 300-400 വീടുകൾ ഈ വർഷം പൂർത്തിയായിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

മി. സ്പീക്കർ : തുടങ്ങിയിട്ടുണ്ട് എന്നാണ് പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, തെറ്റായ കാര്യമാണ് പറയുന്നത്. വർത്തമാനം പറഞ്ഞ് തീരുന്നതിനുമുമ്പ് ഈ രീതിയിൽ പറഞ്ഞാലോ; ശ്രീ. എൻ. ഷംസുദ്ദീൻ, ഞങ്ങളുടെയൊക്കെ പഞ്ചായത്തുകളിൽ 300 വീടുകൾ തുടങ്ങിയിട്ടുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. എന്നുമാത്രമല്ല, ഒന്നാം ഗഡു കൊടുത്തു. രണ്ടാം ഗഡു കൊടുത്തുകൊണ്ടിരിക്കുകയാണ് എന്നാണ് പറഞ്ഞത്.....(ബഹളം).....

മി. സ്പീക്കർ: അതിൽ ചെയറിന് ഒരു സംശയവുമില്ല, തുടങ്ങിയിട്ടുണ്ട് എന്നാണ് പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഡിബേറ്റ് ചെയ്യാൻ തയ്യാറാണ്. നിങ്ങളോട് പറയാത്ത കാര്യം പറഞ്ഞ് തർക്കമുണ്ടാക്കാൻ വന്നാൽ എങ്ങനെയാണ്; കേരളത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി ഒന്നേകാൽ ലക്ഷം വീടുകൾ ഒന്നാം ഗഡു കൊടുത്ത് നിർമ്മാണപ്രവർത്തനം നടക്കുന്നു. രണ്ടാം ഗഡുവിലും 325 കോടി രൂപ ട്രാൻസ്ഫർ ചെയ്തു. അടുത്ത ഗഡു മുഴുവനായും ട്രാൻസ്ഫർ ചെയ്യും. ഇതാണ് അതിന്റെ

യാഥാർത്ഥ്യം. ഇപ്പോൾ വോട്ട് ഓൺ അക്കൗണ്ട് നടക്കുന്നത് എന്തുകൊണ്ടാണ്; ഇലക്ഷൻ വരാൻ പോകുകയാണ്. ഇലക്ഷൻ ഡിക്ലറേഷൻ എന്നുവന്നുകഴിഞ്ഞാലും ഏപ്രിൽ മാസത്തിൽ തന്നെ നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കണം. അത്രയും പ്രധാനപ്പെട്ട കാര്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതുകൊണ്ട് നമ്മൾ ഫുൾ ബഡ്ജറ്റ് പാസ്സാക്കുന്ന നടപടിക്രമങ്ങളൊക്കെ തുടരുമ്പോൾ തന്നെ വോട്ട് ഓൺ അക്കൗണ്ട് എടുത്ത് ഏപ്രിൽ മുതൽ ഇവിടെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള വലിയൊരു യജ്ഞത്തിലേയ്ക്ക് സർക്കാർ നീങ്ങാൻ പോകുകയാണ്. എനിക്ക് സഭയോട് പറയാനുള്ളത്, ഇപ്പോൾത്തന്നെ ചില കാര്യങ്ങളിൽ ബഡ്ജറ്റിൽ പറഞ്ഞതിന്റെ ഫലങ്ങൾ ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. എന്റെ അറിവിൽ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറി ഉടമസ്ഥരുമായിട്ടുള്ള ചർച്ചകൾ നടത്തി. ബഡ്ജറ്റിൽ ഇവിടെ പ്രഖ്യാപിച്ച കാര്യം വരുത്തിയ വിസ്മയകരമായിട്ടുള്ള ഒരു മാറ്റമാണ്. ബാങ്കുകാരോട് പലിശ സർക്കാർ എടുക്കുമെന്ന് പറഞ്ഞപ്പോൾ ഒ.റ്റി.എസ്. അല്ല, റീഷെഡ്യൂൾ ചെയ്യുന്നതിനെക്കുറിച്ച് അവർ ചർച്ച ചെയ്യുകയാണ്. ഞങ്ങൾ രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ പ്രോഗ്രാം വയ്ക്കാമെന്ന് പറയുന്നു. സ്വകാര്യ മുതലാളിമാർ escrow account-ലാണെങ്കിലും കശുവണ്ടി ലഭിക്കുകയാണെങ്കിൽ പ്രോസസ് ചെയ്യാനുള്ള നടപടി സ്വീകരിക്കാമെന്ന് പറയുന്നു. ഇതുവരെ നടന്ന ചർച്ചകളിൽ നിന്ന് വ്യത്യസ്തമായി പോസിറ്റീവായിട്ടുള്ള രീതിയിൽ ചർച്ച നടന്നു; ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ പോകുകയാണ്.

അതുപോലെയാണ് ഇടുക്കി പദ്ധതി, അതിനെ സംബന്ധിച്ച് നിങ്ങൾ കളിയാക്കി പറയുന്നത് കേട്ടു. ഒരു ഇന്റഗ്രേറ്റഡ് പ്രോഗ്രാം എന്നുപറഞ്ഞാൽ ഓരോ വകുപ്പിനും ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നു, ഇപ്പോൾ നടക്കുന്നതൊക്കെ നടത്തുന്നു, അതിന് മുകളിൽക്കൂടി ഞങ്ങൾ വേറൊരു പ്രോജക്ട്, അങ്ങനെയല്ല. കേന്ദ്രത്തിന്റെ ആയാലും സംസ്ഥാനത്തിന്റേതായാലും ഓരോ ഡിപ്പാർട്ട്മെന്റിന്റേതായാലും എല്ലാം ഇടുക്കി എന്നുപറയുന്ന പ്രദേശത്തല്ലേ നടപ്പാക്കുന്നത്; ആ പ്രദേശത്ത് നടപ്പാക്കുന്ന കാര്യങ്ങൾ നോക്കി പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ലക്ഷ്യവുമായിട്ടുള്ള പോരായമ്കൾ നികത്താം. എന്നിട്ടൊരു പാക്കേജാക്കുകയാണ് ചെയ്യുന്നത്. ആ പാക്കേജ് എങ്ങനെ പ്രായോഗികമായി അടിയന്തര പുനർനിർമ്മാണത്തിലേയ്ക്ക് നീങ്ങാം എന്നുള്ളതിനെക്കുറിച്ച് വകുപ്പുകളുമായി വിശദമായ ചർച്ച നടത്തി ഈ വർഷം തന്നെ നടപ്പാക്കുന്നതിലേയ്ക്ക് നീങ്ങും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇടുക്കി പദ്ധതി എന്നുപറഞ്ഞ് അങ്ങൊരു കൺകെട്ട് വേലയാണ് ചെയ്തതെന്ന് ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത് 100 ശതമാനം ശരിയാണ്.

ഞാനിത് ഇപ്പോഴാണ് ഗൗരവമായി വായിച്ചുനോക്കിയത്. അങ്ങ് പറയുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികൾ, പഞ്ചായത്തുകളുടെ പദ്ധതികൾ, വിവിധ പദ്ധതികൾ എന്നിവ ചേർത്തുകൊണ്ട് എന്നാണ്. അങ്ങ് ഏതായാലും ഒരു പൈസയും കൊടുക്കാൻ പോകുന്നില്ല എന്ന് വളരെ വ്യക്തമായി. 5000 കോടി രൂപയുടെ ഒരു പദ്ധതി അങ്ങ് പ്രഖ്യാപിച്ചപ്പോൾ പത്തോ ഇരുന്നൂറോ അല്ല, സൈസബിളായ ഒരു എമൗണ്ട് ബഡ്ജറ്റിൽ മാറ്റിവയ്ക്കുമെന്നാണ് ഞങ്ങൾ കരുതിയത്. ഇതൊരു കൺകെട്ട് വേല തന്നെയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിൽ ഒരു ജില്ലയ്ക്ക് 1000 കോടി രൂപ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ അഡീഷണൽ നൽകുന്നത് കൺകെട്ടാണോ? 1000 കോടി രൂപയിൽ 250 കോടി രൂപ അഡീഷണലായി ചെല്ലുമെന്ന് പറഞ്ഞ് എവിടെനിന്നാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; ടൈയിൽ കാണുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചില്ല. പക്ഷേ അങ്ങ് ചിന്തിക്കുന്നത് അങ്ങനെയായിരിക്കും. അതിനും അടുത്തുതന്നെ പറഞ്ഞിട്ടുണ്ട്. റീ-ബിൽഡിനുവേണ്ടി 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 1000 കോടി രൂപയല്ല, വായ്പ വന്നുകഴിഞ്ഞാൽ എമൗണ്ട് കൂടുതൽ വരും. അതിൽ നിന്ന് 250 കോടി രൂപ മാറ്റിവയ്ക്കാൻ പ്രയാസമില്ല. റീ-ബിൽഡിൽനിന്നും ഇടുക്കിയെ മാറ്റിവയ്ക്കാൻ സാധിക്കുമോ; ഇത് എന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഒരു പാരാ ഗ്രാഫിൽ പറഞ്ഞതാണ്. പക്ഷേ നിങ്ങൾ ഇത്രയും വിദഗ്ദ്ധരായതുകൊണ്ട് ഞാൻ അത് തെളിച്ചുപറയുന്നതാണ് നല്ലത്. വ്യക്തമാക്കുന്നത് നല്ലതായതുകൊണ്ട് വ്യക്തമാക്കിയെന്ന് മാത്രമേയുള്ളൂ.

ശ്രീ. കെ. വി. വിജയദാസ് പാലക്കാട് വരുന്ന പുതിയ ജലസേചന പദ്ധതികളും അവയുണ്ടാക്കുന്ന വ്യത്യാസങ്ങളെക്കുറിച്ചും വിശദമായി സംസാരിക്കുകയുണ്ടായി. ഈ ബഡ്ജറ്റിൽ റൈസ് പാർക്ക് വരുന്നുണ്ട്, അതുമായി ബന്ധപ്പെടുത്തി ജലസേചന പദ്ധതികൾ ഉപയോഗപ്പെടുത്തി അവിടത്തെ നെൽവിസ്തൃതി 25-30 ശതമാനം അടുത്ത രണ്ടുവർഷം വർദ്ധിപ്പിക്കുന്ന പരിപാടിയാക്കി അതിനെ മാറ്റണം. ഇതുപോലെ ഓരോ പരിപാടിയും എടുത്ത് അത്തരത്തിലുള്ള പരിശോധനയിലേയ്ക്ക് പോകുന്നില്ല. ചാലക്കുടി പുഴയെക്കുറിച്ച് ശ്രീ. ബി. ഡി. ദേവസ്സി പറയുകയുണ്ടായി. നിശ്ചയമായും ഞാൻ പറഞ്ഞതുപോലെ, ചെറുനദികളാണ്. അവിടെ നിന്നും നിളയിലേയ്ക്കും പെരിയാറിലേയ്ക്കും ചാലക്കുടി പുഴയിലേയ്ക്കും റിവർ ബേസിനിന്റെ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ കാര്യങ്ങൾ ചെയ്യണം. അതിനുള്ള ഒരു കാഴ്ചപ്പാട് ഈ ബഡ്ജറ്റിൽ മുന്നോട്ട് വച്ചിട്ടുണ്ട്. അതുപോലെ ഇന്നലെ പറയാൻ വിട്ടുപോയിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ആറളം ഫാമുമായി ബന്ധപ്പെട്ട് ഇന്റർനാഷണൽ യോഗാ സെന്റർ സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ ചെയ്യുന്നുണ്ട്. അതിന്റെ ഡി.പി.ആർ. വന്നുകഴിഞ്ഞാൽ അതെങ്ങനെ ഫിനാൻസ് ചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് തീരുമാനമെടുക്കാം.

ബഡ്ജറ്റിന്റെ സാമൂഹ്യ അടിത്തറ ഇന്നലെ ഞാൻ വിശദീകരിക്കുകയുണ്ടായി. കേരളത്തിൽ ഇതുവരെയുള്ള വികസനത്തിന്റെ പ്രത്യേകത ഏറ്റവും കുറവ് അസമത്വമുള്ള പ്രദേശങ്ങളിൽ ഒന്നായിരുന്നുവെന്നതാണ്. ഏകീകരണമാണ് കൂടുതൽ വന്നുകൊണ്ടിരുന്നത്. എന്നാൽ ആഗോളവൽക്കരണത്തിനുശേഷം ഒരുതരം പോളറൈസേഷനാണ്. മുകളിലുള്ള 30 ശതമാനം ആളുകൾ അതിവേഗം മുകളിലേയ്ക്ക് പോകുന്നു. താഴെത്തട്ടിലുള്ള 30 ശതമാനം ആളുകൾ താഴേയ്ക്കുനീങ്ങുന്നു. ഈ പശ്ചാത്തലത്തിൽ ഒരു ജനകീയ ഐക്യത്തിന്റെ സാമ്പത്തിക അടിത്തറ എങ്ങനെ സൃഷ്ടിക്കാൻ കഴിയുമെന്നതാണ് ഞങ്ങളുടെ മുമ്പിലുള്ള രാഷ്ട്രീയ വെല്ലുവിളികളിൽ ഒന്ന്. ജനകീയ ഐക്യം ഉണ്ടാകുന്നത് സാമ്പത്തിക ഇടപെടലിലൂടെ മാത്രമൊന്നുമല്ല. രാഷ്ട്രീയ സമരങ്ങളും ഇടപെടലുകളുമൊക്കെയുണ്ട്. പക്ഷേ, അതിന് സാമ്പത്തിക അടിത്തറയുണ്ട്. ആ അടിത്തറയെ എങ്ങനെ ശക്തിപ്പെടുത്താൻ കഴിയും, എങ്ങനെ കേരളത്തിലെ വർദ്ധിച്ചുവരുന്ന ഇടത്തരക്കാരും ഇവിടത്തെ പരമദരിദ്രരും സാധാരണക്കാരുമായ ആളുകളും തമ്മിലുള്ള ജനകീയ ഐക്യം എങ്ങനെ സൃഷ്ടിക്കാമെന്നുള്ള സമസ്യക്ക് ഉത്തരം നൽകാനാണ് കഴിഞ്ഞ മൂന്ന് ബഡ്ജറ്റിലൂടെ ശ്രമിച്ചത്. അതിന്റെ ഭാഗമായാണ് ഞാൻ പറഞ്ഞത്, ഭാവിക്കുവേണ്ടിയുള്ള പശ്ചാത്തല നിക്ഷേപത്തിന് വലിയ തോതിൽ മുതൽമുടക്കുന്നതോടൊപ്പം ഈ നാട്ടിലെ സാധാരണക്കാർക്കുവേണ്ടിയുള്ള സാമൂഹ്യ സുരക്ഷിതത്വത്തിനും തുല്യ പ്രാധാന്യം നൽകിക്കൊണ്ടുള്ള വികസന പരിപാടി തെരഞ്ഞെടുത്തിരിക്കുകയാണ്. ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന ഒരു ജനകീയ ഐക്യത്തെ വർഗ്ഗീയ, ജാതീയ ചേരിതിരിവുകൊണ്ട് ദുർബ്ബലപ്പെടുത്താനാണ് ബി.ജെ.പി. ശ്രമിച്ചത്. ദൗർഭാഗ്യവശാൽ ഞങ്ങളുടെ വിമർശനം നിങ്ങളും അതിൽ വീണുവെന്നുള്ളതാണ്. അതിനെ ഞങ്ങൾ നന്നായി പ്രതിരോധിച്ചിട്ടുമുണ്ട്. അതിൽ ഞങ്ങൾക്ക് ആത്മവിശ്വാസവുമുണ്ട്. ഒരു പരിഭ്രാന്തിയുമില്ല. അത് എവിടെയാണെന്ന് തെരഞ്ഞെടുപ്പ് വരുമ്പോൾ കാണാം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ കാര്യം കോൺഗ്രസ് മറക്കണ്ട. അന്ന് നമ്പൂതിരി മുതൽ നായാടിവരെയുള്ള ജാതി സംഘടനകളെയൊക്കെ ബി.ജെ.പി. കൂട്ടാൻ തീരുമാനിച്ചപ്പോൾ നിങ്ങളെന്താണ് കരുതിയത്, അത് ഇടതുപക്ഷത്തിന്റെ അടിത്തറയേ തോണ്ടുകയുള്ളൂവെന്നാണ്. അതുകൊണ്ട് ബി.ജെ.പി.-യുടെ ഈ കുത്സിത നീക്കത്തിനെതിരെ നിങ്ങളുടേത് lukewarm attitude ആയിരുന്നു. റിസൾട്ട് വന്നപ്പോൾ എന്തുണ്ടായി; നിങ്ങളോടൊപ്പമുണ്ടായിരുന്ന ഹൈന്ദവ വിഭാഗം അങ്ങോട്ടുമാറി. ഞങ്ങളുടെ ഭാഗത്ത് വളരെ ചെറിയ വീഴ്ച വന്നുകാണും. ഫലത്തിൽ ബി.ജെ.പി.-യുടെ വോട്ട് അൽപ്പം കൂടി, നിങ്ങളുടേത് ഗണ്യമായി കുറഞ്ഞു, ഞങ്ങൾ ജയിച്ചുവന്നു. ഇതിന്റെ ആവർത്തനം കേരളത്തിൽ വരുമോ ഇല്ലയോ എന്നത് നിങ്ങൾ കാത്തിരുന്ന് വിലയിരുത്തിക്കോളൂ. അപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചത് വലിയൊരു ചോദ്യം തന്നെയാണ്. ഇവിടെനിന്ന് നിങ്ങൾ ജയിച്ചുപോയാലും അവിടെച്ചെന്ന് ബി.ജെ.പി.-ക്ക്

ബദലായുള്ള സർക്കാരിനുവേണ്ടിയല്ലേ നിൽക്കുക, അതിൽ ഞങ്ങൾ ഉണ്ടാകുമല്ലോ എന്നാണ് ചോദിച്ചത്. അതൊക്കെ അപ്പോൾ കാണേണ്ട കാര്യമാണ്. നിങ്ങൾ എത്രമാത്രം ഉണ്ട് എന്നതിനെക്കുറിച്ച് നിങ്ങൾക്കും ഒരു ധാരണ ഉണ്ടാകുന്നത് നല്ലത്. ഇപ്പോൾ മൂന്ന് സംസ്ഥാനത്ത് ജയിച്ചു. യു.പി.-യിലും ഒറീസയിലും ബംഗാളിലും ആന്ധ്രാപ്രദേശിലും തെലുങ്കാനയിലുമൊക്കെ എവിടെയാണ്? ഞങ്ങൾക്കും കുറവുണ്ട്. നിങ്ങൾ എവിടെയാണെന്നാണ് ചോദിച്ചത്; 2004-ലെ തെരഞ്ഞെടുപ്പിന്റെ അന്തരീക്ഷമല്ല ഇപ്പോൾ. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. പണ്ടുള്ള സ്ഥാനം കോൺഗ്രസ്സിനില്ല എന്നുള്ളത് നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടാൽ നല്ലത്. തെരഞ്ഞെടുപ്പിനുശേഷം എന്താണ് വരാൻ പോകുന്നതെന്ന് ഇപ്പോൾ പ്രെഡിക്ട് ചെയ്യാൻ ഞങ്ങൾ തയ്യാറല്ല. ഒരു കാര്യം ഉറപ്പിക്കാം. 2004-ൽ നിങ്ങൾക്കെതിരായി നിന്ന് മത്സരിച്ച് ബദൽ ഉണ്ടാക്കുമെന്ന് ഞങ്ങൾ പറഞ്ഞിരുന്നു. നിങ്ങളില്ലാത്ത ബദൽ തന്നെയെന്ന്. എന്നിട്ടും ഒരു മന്ത്രിസ്ഥാനം, ഒരു പ്രത്യേക അവകാശം എന്നിവയൊന്നും ചോദിക്കാതെ നിരുപാധികം നിങ്ങൾക്ക് പിന്തുണ നൽകിയോ; അതാണ് ഞങ്ങളുടെ കമ്മിറ്റ്മെന്റ്. നിങ്ങളതിനെ എത്ര പ്രാവശ്യം ഈ നിയമസഭയിൽ കളിയാക്കിയിട്ടുണ്ട്. ഇവിടെ ഞങ്ങൾക്കെതിരായി മത്സരിച്ച് ജയിച്ചിട്ട് അവിടെ വന്ന് ഞങ്ങൾക്ക് പിന്തുണ നൽകേണ്ടിവന്നില്ലേ എന്ന് നിങ്ങൾ കളിയാക്കി ചോദിച്ചിട്ടുണ്ടെങ്കിലും ബി.ജെ.പി.-യെ അധികാരത്തിൽനിന്നും മാറ്റി നിർത്തുന്നതിന് ഏറ്റവും നല്ല ഗ്യാരണ്ടി കേരളത്തിൽ നിങ്ങളെക്കാളും ഞങ്ങളാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമുണ്ട്. അങ്ങനെ ബോദ്ധ്യമുണ്ടായി ഞങ്ങൾ അവിടെ വരുമ്പോൾ നിങ്ങളുടെയത്രയൊന്നും ഉണ്ടാകില്ല, സമ്മതിച്ചു. നേരത്തെ 51 അംഗങ്ങളുണ്ടായിരുന്നു. ഇപ്പോൾ അത്രയൊന്നും ഉണ്ടാകില്ല. പക്ഷേ, എത്രയായാലും അതിനൊരു നിലപാടുണ്ട്. ആ നിലപാടെന്താണ്; കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും സാമ്പത്തിക നിലപാടുകൾക്കും നയങ്ങൾക്കും കടകവിരുദ്ധമായ ഇടതുപക്ഷത്തിന്റെ നിലപാടാണത്. അങ്ങനെയൊരു നിലപാട് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉയർത്തിപ്പിടിക്കാനാണ് ഞങ്ങൾ നിൽക്കുന്നത്. കേരളത്തിൽനിന്നും എത്ര സീറ്റ്, ഇന്ത്യയിൽനിന്നും എത്ര സീറ്റ് എന്നുള്ളത് മാത്രമല്ല, ഇന്ത്യൻ രാഷ്ട്രീയത്തിൽ അത്തരം ഒരു ഇടതുപക്ഷ ബദലിന് സാംഗത്യം ഉണ്ടോ, ഇല്ലയോ; ഉണ്ട് എന്ന് ഞങ്ങൾ കരുതുന്നു. അങ്ങനെ വേണമെന്ന് മനസ്സിൽ നിങ്ങളും പറയും. ഇന്ന് ബി.ജെ.പി. ചെയ്യുന്ന മുഴുവൻ കാര്യങ്ങളും നിങ്ങൾ തുടങ്ങിവച്ചതല്ലേ; ശ്രീ. വി. ഡി. സതീശൻ ഒരിക്കൽ തർക്കിച്ചെങ്കിലും, ഭൂപരിഷ്കരണത്തിലും കുത്തകനിയന്ത്രണത്തിലും വിദേശ മൂലധനനിയന്ത്രണത്തിലും ബാങ്കിംഗ് സെക്ടറിനെ പ്രൊട്ടക്ട് ചെയ്യുന്ന കാര്യത്തിലും ബി.ജെ.പി.-യിൽനിന്നും എന്ത് വ്യത്യസ്തമായ നിലപാടാണ് നിങ്ങൾക്കുള്ളത്; സീറ്റ് എത്രയെങ്കിലും ആകട്ടെ. ബി.ജെ.പി.-യെ അധികാരത്തിൽനിന്നും മാറ്റിനിർത്തണമെന്നുള്ള നിലപാട് ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യൻരാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന്റെ കൊടിക്കൂറ ഉയർത്താൻ ഞങ്ങളുണ്ടാകും.

കേരളത്തിലെ ജനങ്ങളോട് പറയുകയാണ്, ഈ ചരിത്രനിമിഷത്തിൽ ഇത്തരത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോയ ഇടതുപക്ഷത്തിന്റെ നിലപാട് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉയർത്താൻ യു.ഡി.എഫ്.-നെ തോൽപ്പിക്കുക, എൽ.ഡി.എഫ്.-നെ വിജയിപ്പിക്കുക, ഈ രാഷ്ട്രീയത്തിനു പിന്നിൽ കേരളം അണിനിരക്കും. അതിന് സഹായകരമായുള്ള ഒരു രാഷ്ട്രീയമാണ് ബഡ്ജറ്റിലുള്ളതെന്ന് പറഞ്ഞുകൊണ്ട് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 22, 137 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 28, 180 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 47-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 67, 240 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 80, 247 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനിൽ അക്കര അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 109, 200 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 123, 214 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനുള്ള ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ..

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. എം. രാജഗോപാലൻ

44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. കെ. വി. വിജയദാസ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. അനിൽ അക്കര
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. കെ. സി. ജോസഫ്

11. ശ്രീ. കെ. എൻ. എ. ഖാദർ

12. ഡോ. എം. കെ. മുനീർ

13. ശ്രീ. കെ. മുരളീധരൻ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീ. രമേശ് ചെന്നിത്തല

16. ശ്രീ. വി. പി. സജീന്ദ്രൻ

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. വി. ഡി. സതീശൻ

19. ശ്രീ. ഷാഫി പറമ്പിൽ

20. ശ്രീ. വി. എസ്. ശിവകുമാർ

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. സി. എഫ്. തോമസ്

23. ശ്രീ. പി. ഉബൈദുള്ള

24. ശ്രീ. എം. ഉമ്മർ

25. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 25

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഫെബ്രുവരി മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.59-ന് പിരിഞ്ഞു.)

# അനുബന്ധം

6-2-2019-ന് നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 152-ന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നിയമസഭയിൽ മറുപടി നൽകുന്ന വേളയിൽ ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച അട്ടപ്പാടിയിലെ ശിശുമരണങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട

സംശയത്തിന് സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

അട്ടപ്പാടി മേഖലയിൽ ഗോത്രവർഗ്ഗ കുട്ടികൾ പോഷകാഹാര കുറവുമൂലം മരണപ്പെടുന്നത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ 2013-ൽ സമർപ്പിക്കപ്പെട്ട ഒരു പരാതി പരിഗണിച്ച കമ്മീഷൻ, അന്ന് കേരള സർക്കാർ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 38 കുട്ടികളുടെ കുടുംബങ്ങൾക്ക് Protection of Human Rights Act 1993, Section 18 പ്രകാരം 1 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറിക്ക് 24-7-2014-ൽ നിർദ്ദേശം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2013 വരെ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ട 38 കുട്ടികളുടെ കുടുംബത്തിന് ഒരാൾക്ക് 1 ലക്ഷം രൂപ വീതം മൊത്തം 38 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 26-4-2017-ലെ G. O. (Rt.) No. 1186/ 2017/H&FWD പ്രകാരം ഉത്തരവായി. ഈ ഉത്തരവനുസരിച്ച് 38 പേരുടെ കുടുംബങ്ങൾക്ക് തുക വിതരണം ചെയ്തതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യം ദേശീയ മനുഷ്യാവകാശ കമ്മീഷനെ അറിയിക്കുകയുമുണ്ടായി.

2014-നുശേഷം 2017 മേയ് വരെ മരണപ്പെട്ട 34 കുട്ടികളുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുന്നതിനായി അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ സമർപ്പിച്ച കുടുംബങ്ങളുടെ ലിസ്റ്റ് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് അയച്ചുതന്നു. ഈ ലിസ്റ്റ് അനുസരിച്ച് 2014 മുതൽ 2017 മേയ് വരെ മരണപ്പെട്ട കുട്ടികളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്:

| വർഷം | എണ്ണം |
|---|---|
| 2014 | 6 |
| 2015 | 12 |
| 2016 | 8 |
| 2017(upto May) | 8 |
| Total | 34 |

ഇതിന്റെ അടിസ്ഥാനത്തിൽ 4-11-2017-ലെ G. O. (Rt.) No. 3195/ 2017/H&FWD പ്രകാരം 34 ലക്ഷം രൂപ 2075-00-800-15-NC നമ്പർ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവായി. തുക അനുവദിക്കുന്നതിന് അഡീഷണൽ ആതറൈസേഷനുവേണ്ടി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടതനുസരിച്ച് 28-12-2018-ലെ G. O. (Rt.) No. 10628/2018/Fin. പ്രകാരം 27 ലക്ഷം രൂപയും 5-2-2019-ലെ G. O. (Rt.) No. 880/2019/Fin. പ്രകാരം 6 ലക്ഷം രൂപയും അനുവദിച്ചു.

മേൽപ്പറഞ്ഞ 27 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ ആയി ധനകാര്യ വകുപ്പ് അനുവദിച്ചത് 2018-19-ലെ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിൽ (ഡിസംബർ 2018) ഉൾപ്പെടുത്തി റെഗുലറൈസ് ചെയ്തു.

2018-19 വർഷത്തെ എസ്.ജി.ഡി.-യുടെ FINAL BATCH നിയമസഭാ അംഗീകരിച്ചശേഷം പ്രസിദ്ധപ്പെടുത്തിയ ഡോക്യുമെന്റിൽ (പേജ് നമ്പർ 28) മേൽ പരാമർശിക്കപ്പെട്ട 27 ലക്ഷം രൂപയുള്ള അഡീഷണൽ ആതറൈസേഷൻ റെഗുലറൈസ് ചെയ്തത് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിക്കുറിപ്പായി (പേജ് നമ്പർ 29), അട്ടപ്പാടി മേഖലയിൽ മരണപ്പെട്ട 34 ഗോത്രവർഗ്ഗ കുട്ടികളുടെ കുടുംബത്തിനുള്ള സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ തുക അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കപ്പെട്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 34 കുട്ടികളുടെ എണ്ണം എന്നത് 2014 മുതൽ 2017 മേയ് വരെ ഉള്ളതാണ്. നിയമസഭയിൽ '13 കുട്ടികളുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞത് 2018-ലെ ശിശുമരണങ്ങളുടെ എണ്ണം ആണ്'.